# അടിസ്ഥാനങ്ങൾ

# അടിസ്ഥാനങ്ങൾ

## സ്പഷ്ടമായ ബൈബിൾ പഠനം

CHRISTIAN
MISSION SOCIETY

Christian Mission Society

**Post Box No 230**
**Kottayam - 686 001**
**Kerala; India**
**Cell: 09447289458**
**E-mail: christianmissionsociety@yahoo.com**

*കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്ര മങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും – കൃപ യാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു – ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ട തിനു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ ഇരു ത്തുകയും ചെയ്തു. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസി ക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃ ത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോ രേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.*

**എഫെസ്യർ 2:4–10**

ദൈവവചനപഠനം ആരംഭിക്കുന്നതിനു മുമ്പ് പരിശുദ്ധാത്മാവിൽ നിറഞ്ഞ് ദൈവവുമായി കൂട്ടായ്മയിലാണെന്ന് ഉറപ്പു വരുത്തുവാൻ അല്പസമയം ചിലവഴിക്കുക. ജീവിതത്തിലെ മറ്റെല്ലാറ്റിനേയുംപോലെ വിശ്വാസത്താൽ പ്രായോഗികമാക്കുവാൻ കഴിയുന്ന ഒരു വരമാണ് വചനജ്ഞാനം. ദൈവവചനം പഠിക്കുവാൻ ആഗ്രഹിക്കുന്നതിനു മുമ്പ് പൂർത്തീകരിക്കേണ്ട മൂന്ന് വസ്തുതകൾ വിവരിക്കുന്നു. ഇവയെല്ലാം വിശ്വാസമല്ലാതെ മറ്റൊന്നും നമ്മിൽനിന്ന് ആവശ്യപ്പെടുന്നില്ല.

1. *നാം യേശുക്രിസ്തുവിൽ വിശ്വാസികളായിരിക്കണം.*
   (യോഹ.3:16) അവിശ്വാസികൾക്ക് ദൈവവചനം ഗ്രഹിക്കുക അസാദ്ധ്യമാണ്. ((1കൊരി.2:14) ആത്മീയജനനം പ്രാപിക്കാത്തവർ ദൈവീക കാര്യങ്ങളിൽ അന്ധരാണെന്ന് യേശു തന്റെ കാലഘട്ടത്തിലെ പ്രാധാന്യമുള്ള മതനേതാക്കന്മാരോട് പ്രസ്താവിക്കുകയുണ്ടായി. “ജഡത്താൽ ജനിച്ചത് ജഡം, ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു. നീ വീണ്ടും ജനിക്കണം.” (യോഹ.3:6).

2. *നാം ആത്മാവിനാൽ നിറയണം (1 കൊരി. 2:12)*
   ദൈവാത്മാവ് മാത്രമെ ദൈവത്തിന്റെ ചിന്തകൾ അറിയുന്നുള്ളു. വിശ്വാസികൾ എന്ന നിലയിൽ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു. എന്നാൽ നാം പാപം ചെയ്യുമ്പോൾ ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തുകയും ആത്മാവിന്റെ ശക്തിയാലുള്ള പ്രവർത്തനം ഇല്ലാതാക്കുകയും ചെയ്യുന്നു. നാം പാപം ഏറ്റുപറയുമ്പോൾ എല്ലാ അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം ദൈവം വിശ്വസ്തനും നീതിമാനും ആകുന്നു. (1യോഹ.1:9). നാം ഏറ്റുപറയുന്ന നിമിഷത്തിൽ തന്നെ നമ്മെ കൂട്ടായ്മ നിലവാരത്തിൽ എത്തിക്കുകയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുന്നതുകൊണ്ട് നമുക്ക് വചനം പഠിക്കുവാൻ സാധിക്കുന്നു.

3. *നാം വിശ്വാസത്തോടെ സമീപിക്കണം (എബ്രാ.11:6).*
   സൗമ്യതയോടും ശിശുസഹജമായ വിശ്വാസത്തോടും കൂടെ സമീപിച്ചാൽ മാത്രമെ ദൈവവചനം നമുക്ക് ഫലകരമാകുകയുള്ളൂ. (മത്താ.18:4; എബ്രാ.11:3) നമ്മുടെ ചിന്താഗതിയും ആഗ്രഹങ്ങളുമായി ദൈവവചനത്തിലെ പ്രത്യേകതകളെ കണ്ടുമുട്ടുമ്പോൾ, ദൈവവചനത്തിന്റെ ആധികാരികതക്ക് നാം വിധേയപ്പെടണം. ദൈവഹിതം ചെയ്യുവാൻ തയാറാകുന്നവർക്ക് സ്നേഹബന്ധവും പരിജ്ഞാനവും ശക്തിയും പ്രത്യേകമായി കരുതിയിട്ടുണ്ട്. (യോഹ.7:17)

# ഉള്ളടക്കം


ആമുഖം.......... 9
മുഖവുര.......... 11

**ഭാഗം 1 : വീണ്ടെടുപ്പിന്റെ പദ്ധതി**

പാഠം 1-1: പ്രശ്നം - *പാപം*.......... 13
പാഠം 1-2: പദ്ധതി - *വീണ്ടെടുപ്പ്*.......... 21
പാഠം 1-3: കരുതൽ - *ക്രൂശ്*.......... 27
പാഠം 1-4: ശക്തി - *പരിശുദ്ധാത്മാവ്*.......... 37
പാഠം 1-5: സാദ്ധ്യത - *വിശ്വാസം*.......... 45
പുനഃപരിശോധന.......... 52

**ഭാഗം 2 : ദൈവകൃപയുടെ കരുതൽ**

പാഠം 2-1: റഫറൻസ് ഗ്രന്ഥം - *ബൈബിൾ*.......... 55
പാഠം 2-2: അടിസ്ഥാനം - *സഭ*.......... 67
പാഠം 2-3: നിയോഗം - *സുവിശേഷീകരണം*.......... 77
പാഠം 2-4: ഒരുക്കം - *ആത്മീയവരങ്ങൾ*.......... 89
പാഠം 2-5: ലഭിക്കുന്ന പാത - *പ്രാർത്ഥന*.......... 99
പുനഃപരിശോധന.......... 109

**ഭാഗം 3 : ആത്മീയ വളർച്ച**

പാഠം 3-1: ഓട്ടം - *ക്രിസ്തീയ ജീവിതം*.......... 113
പാഠം 3-2: അപകടം - *പിന്മാറ്റം*.......... 121
പാഠം 3-3: വാഗ്ദത്തം - *ആത്മീയത*.......... 129
പാഠം 3-4: കയറ്റം - *ആത്മീയവളർച്ച*.......... 137
പാഠം 3-5: ലക്ഷ്യം - *ആത്മീയ പക്വത*.......... 145
പുനഃപരിശോധന.......... 152

**ഭാഗം 4: ജീവിതം ക്രിസ്തീയപാതയിൽ**

പാഠം 4-1: വീക്ഷണം - *കൃപ*.......... 155
പാഠം 4-2: പരിജ്ഞാനം - *വിവേകം*.......... 163
പാഠം 4-3: പരിശോധന - *പരീക്ഷ*.......... 171
പാഠം 4-4: സാക്ഷ്യപ്പെടുത്തുന്നു - *വിശ്വാസം, സ്വസ്ഥത*.......... 177
പാഠം 4-5: ശക്തീകരണം - *ആത്മാവ്*.......... 185
പുനഃപരിശോധന.......... 192

**ഭാഗം 5 : ആത്മീയ പോരാട്ടമേഖല**

പാഠം 5-1: ശത്രു - *സാത്താൻ*.......... 195
പാഠം 5-2: പ്രവർത്തനരംഗം - *മനുഷ്യാത്മാവ്*.......... 203
പാഠം 5-3: ആക്രമണം - *സാത്താന്റെ തന്ത്രം*.......... 207
പാഠം 5-4: വിജയം - *കൃപയും സത്യവും*.......... 219
പാഠം 5-5: പ്രത്യാശ - *ഉദ്പ്രാപണം*.......... 225
പുനഃപരിശോധന.......... 236

# ആമുഖം

ഏതൊരു പഠനമേഖലയ്ക്കും പിന്നിൽ സ്വാധീനിക്കുന്ന അടിസ്ഥാനപരമായ തത്വങ്ങൾക്കാണ് ലളിതമായി "അടിസ്ഥാനങ്ങൾ" എന്ന് വിളിക്കുന്നത്. ഈ അടിസ്ഥാനങ്ങളാണ് പഠനത്തിനാവശ്യമായ എല്ലാ കാര്യങ്ങളും ഒരുക്കുന്നത്. ഏതെങ്കിലും ഒരു മേഖലയിൽ പ്രാവീണ്യം നേടുന്നതിന് മുമ്പ് ഈ വിഷയത്തിൽ നാം അറിവ് നേടേണ്ടത് വളരെ അത്യാവശ്യമാണ്. നമ്മുടെ സ്വന്തകഴിവുകൾ പരിമിതപ്പെടുമ്പോൾ നാം മടങ്ങിവരേണ്ട സ്ഥാനമാണ് അടിസ്ഥാനങ്ങൾ. നമുക്ക് ഈ അടിസ്ഥാനശിലയല്ലാതെ, നില്ക്കുവാൻ മറ്റൊരു പ്രതീക്ഷയുമില്ല.

പുതിയ വിശ്വാസികൾ എന്ന നിലയിൽ ദൈവത്തിന്റെ സ്നേഹം, പാപത്തിന്റെ നശീകരണസ്വഭാവം, വിശ്വാസത്താലുള്ള രക്ഷ, വചനത്തിന്റെ ആധികാരികത, കൃപയുടെ തികവ് എന്നീ അടിസ്ഥാന തത്വങ്ങൾ എന്നിവ നാം പഠിക്കുന്നു. അടിസ്ഥാനപ്രവൃത്തികളായ ഏറ്റുപറച്ചിൽ, പ്രാർത്ഥന, പഠനം, ശുശ്രൂഷ എന്നീ കാര്യങ്ങൾ പ്രായോഗികമാക്കുവാൻ തുടങ്ങുന്നു.

നാം പക്വതയിലേക്കെത്തുമ്പോൾ, ക്രിസ്തീയജീവിതം നയിക്കുന്നതിനുള്ള പാടവം എന്നത് അടിസ്ഥാനങ്ങൾക്കപ്പുറത്തേയ്ക്ക് പോകുന്നതല്ല, പിന്നെയോ അതിലേക്ക് വളരെ ആഴത്തിൽ ഗവേഷണം നടത്തുന്നതാണെന്ന് മനസിലാക്കാം. ഏറ്റുപറച്ചിലും പ്രാർത്ഥനയും ശുശ്രൂഷയും അതിരുകടന്ന് പോകേണ്ട യാതൊരു ആവശ്യവും ഇല്ല. പിന്നെയോ ഈ കാര്യങ്ങളിൽ ആവശ്യമായ മാനസികസന്തോഷത്തിന്റെ പ്രാധാന്യം ഊന്നിയുറപ്പിക്കുന്നു. നാം എല്ലാദിവസവും കൂടുതൽ വാഗ്ദത്തങ്ങൾ, തത്വങ്ങൾ, ഉപദേശങ്ങൾ എന്നിവ മനസിലാക്കുന്നുണ്ടെങ്കിലും ദൈവവചനത്തിന്റെ അടിസ്ഥാന സത്യങ്ങളുടെ ആഴങ്ങളെ ശോധന ചെയ്യുന്നില്ല.

നാം കൃപയിലും ദൈവപരിജ്ഞാനത്തിലും കൂടുതലായി വളരുമ്പോൾ, നാം നമ്മിൽതന്നെ പ്രശംസിക്കാതിരിക്കുകയും കർത്താവായ യേശുക്രിസ്തുവിൽ കൂടുതൽ പ്രശംസിക്കുകയും ചെയ്യുന്നു. "അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങളൊക്കെയും ഗുപ്തമായിരിക്കുന്നു." (കൊലൊ.2:3)

ഒരു ഇടയ ഉപദേഷ്ടാവ് എന്ന നിലയിൽ ഈ പുസ്തകരൂപീകരണത്തിലെ അടിസ്ഥാനങ്ങൾ തുടർച്ചയായി പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം എന്റെ ആടുകളെ യേശുക്രിസ്തുവുമായി ഏറ്റവും അടുത്ത സ്നേഹബന്ധത്തിലേയ്ക്ക് നയിക്കുക എന്നതാണ്. പുതുക്കപ്പെട്ട അത്യുത്സാഹത്തോടും ശുഷ്കാന്തിയോടുംകൂടെ ദൈവവചനം പഠിപ്പിക്കുന്നതിന് മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാൻ ഈ പുസ്തകം മുഖാന്തരം ആകണം എന്നുള്ളതാണ് എന്റെ പ്രാർത്ഥന. ദൈവവചനത്തിൽകൂടെ മാത്രമാണ് കർത്താവായ യേശുക്രിസ്തുവിന്റെ ജീവനുള്ള വചനം മനസിലാക്കുവാൻ കഴിയുന്നത്.

# മുഖവുര

ദൈവമക്കൾ ഓരോരുത്തരും വലിയവരാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മെ ഉന്നതനിലവാരത്തിലെത്തിക്കുവാനുള്ള പദ്ധതി ദൈവം ഭൂതകാലനിത്യതയിൽ തന്നെ ഒരുക്കി. നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ ആവശ്യമായതെല്ലാം ദൈവം മുന്നമെ കണ്ടിരുന്നു. ആയതിലേക്ക് ഒരു ജീവിതകാലത്തിനാവശ്യമായതെല്ലാം ഒരുക്കി.

ഈ പുസ്തകത്തിന്റെ ലക്ഷ്യം ആ പദ്ധതി എന്താണെന്ന് വിവരിക്കുകയാണ്. നാം എത്തിച്ചേരേണ്ട ലക്ഷ്യവും നമുക്ക് അവിടെ ലഭിക്കേണ്ടത് എങ്ങനെ നേടിയെടുക്കാമെന്നത് വചനത്തിൽ കൂടെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

**ഭാഗം 1, വീണ്ടെടുപ്പിന്റെ പദ്ധതി**, മനുഷ്യൻ എന്തുകൊണ്ട് പാപത്തിന് അകപ്പെട്ടു എന്നും ലോകാരംഭത്തിനുമുമ്പ്തന്നെ ദൈവം ആ പ്രശ്നം എങ്ങനെ കണ്ടു എന്നും വിശദീകരിക്കുന്നു. ഈ പ്രശ്നപരിഹാരത്തിൽ പിതാവായ ദൈവം, പുത്രനായ ദൈവം പരിശുദ്ധാത്മാവായ ദൈവം ചെയ്ത പ്രവൃത്തികൾ വിശദീകരിക്കുന്നു.

**ഭാഗം 2, ദൈവകൃപയുടെ കരുതൽ,** ഓരോ വിശ്വാസിക്കും ദൈവം കൊടുത്തിരിക്കുന്ന അഞ്ച് വിധ കരുതലുകൾ വരച്ചു കാട്ടുന്നു. നാം ക്രിസ്തുവിൽ ധനികരാണെങ്കിലും അത് എന്താണെന്ന് അറിയുന്നതുവരെ അതുകൊണ്ട് യാതൊരു പ്രായോഗിക മൂല്യവുമില്ല. ഏതൊക്കെ ലഭ്യമാണെന്ന് അറിയുന്നതുവരെ നമുക്ക് ആത്മീയ വളർച്ച ആരംഭിക്കുന്നില്ല.

**ഭാഗം 3, ആത്മീയ വളർച്ച,** ആത്മീയമേഖലയിൽ ശിശുവിന്റെ അനുഭവത്തിൽനിന്ന് പക്വതയുടെ ഉയരങ്ങളിലേക്കുള്ള വളർച്ചയുടെ വഴി വിശദമാക്കുന്നു. ദൈവം എന്താണ് നമുക്ക് ഒരുക്കിയിരിക്കുന്നത് എന്ന് നാം ഒരിക്കലായി മനസിലാക്കുമ്പോൾ, അത് ബുദ്ധിപരമായി ദൈവം നമുക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്ന പ്രവൃത്തിക്കായി നമ്മെ പരിശീലിപ്പിക്കുക എന്നുള്ളതാണ്. വളർച്ചയ്ക്കും വളർച്ചയുടെ സന്തോഷത്തിനും വേണ്ടിയുള്ള പ്രതിവിധിയും വളർച്ചയുടെ ലക്ഷ്യവും - ആത്മീയ പക്വത ഈ ഭാഗത്ത് വിശദീകരിക്കുന്നു.

**ഭാഗം 4, ജീവിതത്തിലെ ക്രിസ്തീയ പാത**, ഉന്നതമായ ആത്മീയ അനുഗ്രഹങ്ങളും, പക്വതയിലേക്ക് നയിക്കുന്നു. ആത്മീയപരിശോധനകളും വിവരിക്കുന്നു. ആത്മീയ പക്വതയിലേക്ക് നയിക്കുന്നതിന് നമ്മുടെ ആത്മീയ കാഴ്ചപ്പാട് അടിസ്ഥാനമായിരിക്കുന്നു. ഈ സ്ഥാനത്താണ് നമ്മുടെ 'സാധാരണ' ക്രിസ്തീയജീവിതം യഥാർത്ഥത്തിൽ ആരംഭിക്കുന്നത്. തന്റെ മക്കൾക്കുവേണ്ടി ദൈവം ആഗ്രഹിക്കുന്ന ക്രിസ്തീയജീവിതനിലവാരം എന്താണെന്ന് യോശുവ, കാലേബ്, ദാനിയേൽ, ഗിദയോൻ, പൗലോസ് എന്നീ മനുഷ്യരിൽകൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം ഈ വക പ്രവൃത്തികൾ അവരെ ഭരമേല്പിക്കുവാൻ കാരണം അവർ അവനിൽ ആശ്രയിക്കുമെന്ന് അറിയാമായിരുന്നതുകൊണ്ടാണ്.

**ഭാഗം 5, ആത്മീയ പോരാട്ടമേഖല**, ഈ ഭൂമിയിലെ ആത്മീയ പോരാട്ടത്തിന്റെ തിരശ്ശീല ഉയർത്തിക്കൊണ്ട് ഈ ഭാഗം ആരംഭിക്കുന്നു. ശത്രുവിന്റെ തന്ത്രങ്ങളും അതിന്റെ കാരണങ്ങളുടെ ആത്യന്തികപരാജയവും വിശദീക്കിക്കുന്നു. കഷ്ടതയുടെയും വേദനയുടെയും അനുഭവങ്ങളെ ഇയ്യോബിൽ കേന്ദ്രീകരിച്ചുകൊണ്ട് വിശ്വാസവീരന്മാരെ എടുത്തുകാണിക്കുന്നു.

ആത്മീയവളർച്ചയോടു ബന്ധപ്പെട്ടു പ്രത്യേക സാഹചര്യത്തിൽ നാം എടുക്കേണ്ട തീരുമാനത്തെക്കുറിച്ച് നാല് ഭാഗങ്ങളിലായി വിശദീകരിക്കുന്നു. തിരഞ്ഞെടുപ്പിനുള്ള നമ്മുടെ തീരുമാനം ദൈവത്തിന് വളരെ പ്രധാനപ്പെട്ടതാണ്. അവൻ മാന്യനായതുകൊണ്ട്, നാം ആഗ്രഹിക്കുന്നതിനപ്പുറത്തേക്ക് പോകുവാൻ നമ്മെ നിർബന്ധിക്കുന്നില്ല. ദൈവം നമ്മെ ഉയർച്ചയിലേക്ക് നയിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവൻ അത് പരിമിതപ്പെടുത്തുന്നു.

ഒന്നാമത്തെ ഭാഗത്ത് സുവിശേഷം പൂർണ്ണമായി വ്യക്തമാക്കുന്നു. ഏതൊരു വ്യക്തിയും ചെയ്യുന്നതുപോലെ ഏറ്റവും വലിയ തീരുമാനത്തെ നാമും അഭിമുഖീകരിക്കുന്നു. യേശുക്രിസ്തുവുമായി ഞാൻ എങ്ങനെ? ഈ

ചോദ്യത്തോടു നാം എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നിത്യതയുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. നാം അവനിൽ വിശ്വസിക്കുമെങ്കിൽ നാം നിത്യജീവനിലേക്ക് പ്രവേശിക്കുന്നു. നാം അവനെ നിഷേധിക്കുന്നുവെങ്കിൽ നാം മരണത്തിൽ തുടങ്ങുകയും നാം നിത്യമായ നരകത്തിനു വേണ്ടി ഒരുക്കപ്പെടുകയും ചെയ്യുന്നു. ദൈവം ആരേയും നരകത്തിലേക്ക് അയയ്ക്കുന്നില്ല. മനുഷ്യർ അവരുടെ സ്വതന്ത്ര്യതിരഞ്ഞെടുപ്പിനാൽ അവിടേക്ക് പോവുകയാണ് ചെയ്യുന്നത്.

യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ് നമ്മുടെ ജീവിതരീതിയേയും, സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കുമോ ഇല്ലയോ എന്നതും തീരുമാനിക്കുന്ന പ്രഥമവും പ്രധാനവുമായ തിരഞ്ഞെടുപ്പ്. രണ്ടാമത്തെ ഭാഗത്ത് “ഞാൻ വളരണമോ?” എന്ന് എന്നോടുതന്നെ ചോദിക്കുന്ന സ്ഥാനത്ത് എന്നെ എത്തിക്കുന്നു. അതെ എന്നാണ് മറുപടിയെങ്കിൽ ദൈവം നല്കിയിരിക്കുന്ന കൃപാവരങ്ങളെ സ്വീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുകയാണ് നമ്മുടെ കർത്തവ്യം.

മൂന്നാം ഭാഗത്തിന്റെ അവസാനത്തിൽ നാം കൈക്കൊള്ളേണ്ട പ്രാധാന്യമുള്ള അടുത്ത തീരുമാനം എന്താണെന്ന് മനസിലാക്കുവാൻ തുടങ്ങുന്നു. ആത്മീയപക്വതയുടെ ഉന്നതമേഖലയിൽ എത്തുന്നതിന് ജീവിതത്തിലെ ദൈവീകപദ്ധതിയനുസരിച്ച് ആവശ്യമായതെല്ലാം നേടുവാനായി നമ്മെ ദൈവത്തിന് ജീവനുള്ള യാഗമായി സമർപ്പിക്കുന്ന തീരുമാനത്തിലേക്ക് കടന്നുവരേണ്ടതാണ്.

ആത്മീയപക്വതയിലേക്ക് കുറച്ചുപേർ മാത്രമേ ആയുന്നുള്ളൂ. എന്നാൽ ഞാൻ വിശ്വാസവീരനാകുവാൻ ആഗ്രഹിക്കുന്നുവോ എന്നതിന് മുമ്പിൽ ഒരു വ്യക്തമായ തീരുമാനത്തിലെത്തിച്ചേരുവാൻ തയ്യാറാകുന്നവർ വളരെ വിരളമാണ്. ഇതാണ് നാലാംഭാഗത്ത് പരാമർശിച്ചിരിക്കുന്നത്. ഈ സ്ഥാനത്ത് എത്തിച്ചേരുവാൻ, ഭൗതിക മേഖലയേക്കാൾ ആത്മീയമേഖല ഒരു യാഥാർത്ഥ്യമാകുന്ന നിലവാരത്തിൽ എത്തിച്ചേരേണ്ടതാണ്.

അഞ്ചാംഭാഗത്തിന്റെ അവസാനഭാഗത്ത് എത്തിച്ചേരുമ്പോൾ അവിടെ നാം ഒരു തീരുമാനം എടുക്കേണ്ട ആവശ്യം വരുന്നില്ല. മുമ്പ് നാം എടുത്ത തീരുമാനത്തിന്റെ പരിണിതഫലം അഭിമുഖീകരിക്കേണ്ട ഒരു ദിവസം വരും. അന്ന് നാം തനിയെ കർത്താവായ യേശുക്രിസ്തുവിന്റെ മുമ്പാകെ നില്ക്കേണ്ടിവരും. ദൈവിക പദ്ധതി തിരഞ്ഞെടുക്കുകയും അവൻ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം പൂർത്തീകരിക്കുകയും ചെയ്തുവെങ്കിൽ ഒരു യഥാർത്ഥശിഷ്യൻ അവന്റെ യജമാനനിൽ നിന്ന് കേൾക്കുവാനാഗ്രഹിക്കുന്ന അനുഗ്രഹീതവാക്കുകൾ കേൾക്കുവാൻ ഇടയാകും. “നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ നന്നായി ചെയ്തു” എന്നായിരിക്കും നാം കേൾക്കുക.



# പാഠം : 1-1

## പ്രശ്നം - *പാപം*

ഉല്പത്തി 2:16-17
ഉല്പത്തി 3:1-7, 12-16, 21

ഉല്പത്തി പുസ്തകം നമ്മെ മനുഷ്യചരിത്രത്തിന്റെ ആരംഭത്തിലേക്കാണ് മടക്കിവരുത്തുന്നത്. ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ സർവ്വസമ്പൂർണ്ണനായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന പൂർണ്ണതയുള്ള അന്തരീക്ഷം അഥവാ പരിസ്ഥിതിയാണ് നാം കാണുന്നത്. വീണ്ടും വീണ്ടും ദൈവം താൻ സൃഷ്ടിച്ചവയെ നോക്കുകയും 'അതു നല്ലത്' എന്നു പറയുകയും ചെയ്തു. ഈ സമ്പൂർണ്ണതയുള്ള പരിതസ്ഥിതിയിൽ ദൈവം പൂർണ്ണതയുള്ള മനുഷ്യനെയും സ്ത്രീയേയും സർവ്വസ്വാതന്ത്ര്യത്തോടെ പാർപ്പിച്ചു. അവരുടെ സ്വാതന്ത്ര്യം യാഥാർത്ഥ്യമാകുവാൻ ദൈവം പുരുഷനും സ്ത്രീക്കും തിരഞ്ഞെടുപ്പിനുള്ള അവകാശം കൊടുത്തു. അതുകൊണ്ട് മനുഷ്യന്റെ ഇച്ഛാശക്തിയെ ഏദൻതോട്ടത്തിൽവെച്ച് പരീക്ഷിച്ചു.

> *"യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു എന്തെന്നാൽ "തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം, എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും." ഉല്പത്തി 2:16-17.*

പുരുഷനും സ്ത്രീക്കും സ്വാതന്ത്ര്യം കൊടുത്ത നിമിഷത്തിൽ തന്നെ അവരുടെ പൂർണ്ണതയുള്ള പരിതസ്ഥിതിയിൽ അപകടം കടന്നുവരുമെന്ന് ദൈവം അറിഞ്ഞിരുന്നു. മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുകയും ദൈവത്തെയും ദൈവം നൽകിയിരിക്കുന്ന സകല നന്മകളെയും ത്യജിക്കുന്ന വ്യക്തിപരമായ തീരുമാനത്തിൽ എത്തുമെന്നും ദൈവത്തിന് അറിയാമായിരുന്നു. അവർക്കു ലഭിച്ച സ്വാതന്ത്ര്യത്തിൽകൂടെ പറുദീസായെ ഭൂമിയിലെ നരകം ആക്കി മാറ്റുമെന്നും ദൈവത്തിനറിയാമായിരുന്നു. വാസ്തവത്തിൽ ഇങ്ങനെ സംഭവിക്കുന്ന അപകടത്തിൽനിന്നും അവനെ വീണ്ടെടുക്കുവാനുള്ള മഹത്തരമായ ഒരു പദ്ധതികൂടി സമ്മാനമായി മനുഷ്യവർഗ്ഗത്തിനുകൊടുക്കുവാൻ തയ്യാറായിരുന്നു. ഇത് ദൈവം മനുഷ്യന് കൊടുത്ത മാനുഷികസ്വാതന്ത്ര്യത്തിന്റെ മൂല്യത്തെ ചൂണ്ടിക്കാണിക്കുന്നു.

> *ഉല്പത്തി മൂന്നാം അദ്ധ്യായത്തിലെ സംഭവങ്ങൾക്കു മുമ്പ് എത്രകാലം മനുഷ്യൻ (ആദാമും ഹവ്വായും) ഏദൻതോട്ടത്തിൽ പാർത്തിരുന്നു എന്നു ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. അത് ഒരാഴ്ചയോ ആയിരംവർഷമോ ആകാം. യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അതു സ്ത്രീയോടു, "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്നു ചോദിച്ചു (ഉല്പ. 3:1)*

എബ്രായഭാഷയിൽ പാമ്പിന് 'നക്കാഷ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം 'പ്രകാശിക്കുന്നവൻ' എന്നാണ്. ഈ ജീവി എന്തുതന്നെയായിരുന്നാലും ഇത് ഒരു പാമ്പിനെപ്പോലെ ആയിരുന്നില്ല. എന്നാൽ മനുഷ്യന്റെ വീഴ്ചയ്ക്കുശേഷം ദൈവം പാമ്പിനെ ശപിക്കുകയും അത് പാപത്തിന്റെ സാദൃശ്യം ആയിത്തീരുകയും ചെയ്തു (വെളിപ്പാട് 12:9). പാമ്പിനെ, ഭൂമിയെ തെറ്റിച്ചുകളയുന്ന പിശാചും സാത്താനുമായി വിശേഷിപ്പിച്ചിരിക്കുന്നു.

ഏദൻതോട്ടത്തിൽ സാത്താൻ ഈ ജീവിയിൽ കൂടെയാണ് പ്രവൃത്തിച്ചത്. അവൻ സ്ത്രീയെ സമീപിക്കുകയും ദൈവം അവരിൽനിന്ന് ചിലത് മറച്ചുവെക്കുന്നതിനാൽ അങ്ങനെയുള്ള ദൈവം നല്ലവനല്ല എന്ന് ഉപദേശിക്കുകയും ചെയ്തു.

> *"സ്ത്രീ പാമ്പിനോട് "തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം. എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട്" എന്ന് പറഞ്ഞു. (ഉല്പത്തി 3:2,3)*

ഇവിടെ ഏറ്റവും ശ്രദ്ധേയമായ കാര്യം, ഈ ജീവിയുടെ സംസാരങ്ങളിൽ സ്ത്രീക്ക് യാതൊരു അത്ഭുതവും തോന്നിയിട്ടില്ലെന്നു മാത്രമല്ല, ദൈവിക കല്പന വെളിപ്പെടുത്തിയപ്പോൾ അവൾ അതിനെ തെറ്റായവിധത്തിലാണ് അവതരിപ്പിച്ചതും. ദൈവം അവരോടു പറഞ്ഞതു വൃക്ഷഫലം തിന്നരുതെന്നായിരുന്നു, അതിനെ തൊടരുത് എന്നു പറഞ്ഞിരുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നം ദൈവവചനത്തിന്റെ അജ്ഞതയാണ്. ആദാമിന്റെയും ഹവ്വായുടെയും പക്കൽ ദൈവത്തിന്റെ വാമൊഴിയായ വചനം ആയിരുന്നുവെങ്കിൽ ഇന്നു നമ്മുടെ പക്കലുള്ളത് എഴുതപ്പെട്ട വചനം ആകുന്നു. ദൈവവചനത്തെക്കുറിച്ചുള്ള നമ്മുടെ അജ്ഞത പലപ്പോഴും നമ്മെ പരാജയത്തിലേക്കാണ് എത്തിക്കുന്നത്. ബൈബിളിലെ വചനങ്ങളെക്കുറിച്ചു ഇന്നും അനേകർക്കും പരിജ്ഞാനമില്ലത്തതിനാൽ അതിനോടു ചേർക്കുകയോ അതിൽനിന്നു നീക്കിക്കളയുകയോ ചെയ്യുമ്പോൾ നമ്മൾ പരാജയപ്പെടുകയാണ്.

> *'പാമ്പ് സ്ത്രീയോട് : "നിങ്ങൾ മരിക്കയില്ല നിശ്ചയം: അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു" എന്നു പറഞ്ഞു (ഉല്പത്തി 3:4-5).*

സാത്താൻ സ്ത്രീയുടെ മനസ്സിൽ ദൈവത്തിന്റെ നന്മയെക്കുറിച്ചും അവന്റെ പദ്ധതിയെക്കുറിച്ചുമുള്ള സംശയത്തിന്റെ വിത്തുപാകുകയും ചെയ്തു. അവളുടെ ദൈവവചനത്തിന്റെ അജ്ഞതയെ മുതലാക്കി ഭാഗികസത്യത്തെ ഉൾക്കൊള്ളുവാനായിരുന്നു അവളിൽ പ്രേരണ നൽകിയത്. അതായത് തിന്നാലുള്ള ശിക്ഷ അവൾ ചിന്തിച്ചത് ശാരീരികമരണത്തെക്കുറിച്ചായിരുന്നു എന്ന് സാത്താന് മനസിലായി. അത് തിന്നുന്ന നാളിൽ അവൾ ശാരീരികമായി മരിച്ചു വീഴുകയില്ലെന്നും അവനറിയാമായിരുന്നു. അവന്റെ വാക്കുകൾ അർദ്ധസത്യം മാത്രമായിരുന്നു. ഉല്പത്തി 2:13-ൽ ദൈവം പറഞ്ഞിരിക്കുന്ന മുന്നറിയിപ്പിൽ മരണം എന്നതിനുള്ള എബ്രായവാക്ക് രണ്ടുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. "നീ തിന്നുന്ന നാളിൽ മരിക്കും. നിശ്ചയമായും മരിക്കും" അവർ ആത്മീയമായി മരിക്കും. അതിന്റെ അനന്തരഫലമായി ശാരീരികമായും മരിക്കും എന്ന് ദൈവം അവരോട് പറഞ്ഞു. ആദാമും ഹവ്വായും ഈ വസ്തുത ആദ്യംതന്നെ മനസിലാക്കേണ്ടിയിരുന്നു.

വൃക്ഷഫലം തിന്നാൽ മരിക്കയില്ലെന്നു സാത്താൻ പറഞ്ഞു. നിങ്ങളുടെ കണ്ണുകൾ പ്രകാശിക്കപ്പെടുകയും നിങ്ങൾ ദൈവത്തെപ്പോലെ ആയി തീരുകയും ചെയ്യും. യെശയ്യാ 14:13-14-ൽ സാത്താന്റെ യഥാർത്ഥ താല്പര്യം എന്തായിരുന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. സാത്താന്റെ യുക്തിയോ "ദൈവത്തെ നിഷേധിക്കുന്നതിലൂടെ നിങ്ങൾ ദൈവത്തെപ്പോലെയാകും" എന്നായിരുന്നു. ഈ ഭോഷ്ക് അംഗീകരിക്കുവാൻ സ്ത്രീ തയ്യാറായി.

> *'ആ വൃക്ഷഫലം തിന്നാൻ നല്ലതും കാണാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു. ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു. അവനും തിന്നു. (ഉല്പത്തി 3:6)*

ആദാമിനോടു സംവാദത്തിൽ ഏർപ്പെടാതെ സ്ത്രീയിൽ കൂടെ അവനെ കീഴ്പ്പെടുത്തുവാൻ സാത്താനു സാധിച്ചു എന്നത് ശ്രദ്ധേയമാണ്. സ്ത്രീ നേരിട്ട പരീക്ഷ ദൈവത്തെപ്പോലെ ആയിത്തീരുവാനായിരുന്നെങ്കിൽ ആദാം നേരിട്ട പരീക്ഷ വളരെ വ്യത്യസ്തമായിരുന്നു. പഴം തിന്നശേഷം അവനെ സമീപിച്ച സ്ത്രീ അവൾ മുമ്പ്

## മരണം

മരണത്തെക്കുറിച്ച് വെബ്സ്റ്റേഴ്സ് ഡിക്ഷനറി നല്കുന്ന വിവരം കാണുക. "ജീവിതത്തിന്റെ സകലപ്രവർത്തനത്തിൽനിന്നും പൂർണമായ വിരമിക്കലാണത്. മറ്റൊരു തരത്തിൽ – "ജീവന്റെ അവസാനം." എന്നാൽ ബൈബിൾ ഇങ്ങനെ അർത്ഥമാക്കുന്നില്ല. അസ്ഥിത്വം ഇല്ലാതാകുന്നില്ല. പിന്നെയോ, വർത്തമാനകാലജീവിതമേഖലയിൽ നിലനിന്ന് പ്രവർത്തിക്കുവാൻ കഴിവില്ലാത്തതിനാൽ അതിൽനിന്നുള്ള ഒരു വേർപാടുമാത്രം. ദൈവവചനത്തിൽ ഏഴ് മരണത്തെക്കുറിച്ച് വിവരിക്കുന്നു.

1. **ആത്മീയമരണം** – ഇത് ദൈവത്തിൽനിന്നുള്ള വേർപാടാണ്. എല്ലാം മനുഷ്യനും ആത്മീയമായി മരിച്ചവനായിട്ടാണ് ജനിക്കുന്നത്. അതായത് അന്ധകാരത്തിന്റെ അധികാരത്തിന് കീഴ്പെട്ടവരായി ജനിക്കുന്നു. (ഉല്പ. 2:17; കൊലൊ.1:13; റോമ.6:23)
2. **സ്ഥാനീയമരണം** – അതായത് പാപത്തിൽനിന്നും പാപപ്രകൃതത്തിൽ നിന്നുമുള്ള വേർപാട്. എല്ലാ വിശ്വാസികളും രക്ഷിക്കപ്പെട്ട സമയത്ത് ക്രിസ്തുവിൽ ആത്മീയമായി ജീവിപ്പിക്കപ്പെട്ടിരിക്കയാണ്. ശാരീരികമരണം സംഭവിക്കുന്നതുവരെ നമ്മിൽ സ്ഥിതിചെയ്യുന്ന പഴയസ്വഭാവത്തെയോ നമ്മുടെ പുതിയ സ്വഭാവത്തെയോ ഏതുനിമിഷവും തിരഞ്ഞെടുക്കുന്നതിനുള്ള കഴിവ് ഇപ്പോൾ നമുക്കുണ്ട്.(റോമ. 6:1–4;10–11; ഗലാ.2:20; കൊലോ. 2:12, 20; 3:3)
3. **താല്ക്കാലികമരണം** – ഇത് ജഡികമായ അനുഭവമാണ്. ദൈവവുമായുള്ള കൂട്ടായ്മയിൽ നിന്നുള്ള വേർപാടാണിത്. ക്രിസ്ത്യാനി എന്ന നിലയിൽ ഏതൊരു സന്ദർഭത്തിലും പരീക്ഷയിലകപ്പെട്ട് പാപം ചെയ്യുമ്പോൾ നാം താല്കാലിക മരണത്തിൽ അകപ്പെടുന്നു. (യാക്കോ. 1;15; റോമ. 8:2, 6, 13; 1തിമൊ.5:6)
4. **പ്രായോഗികമരണം** – നാം ഏറ്റുപറഞ്ഞ വിശ്വാസത്തെ പ്രയോഗികമാക്കുവാൻ കഴിയാത്ത അനുഭവം. (യാക്കോ. 2:26; എഫെ. 5:14; 1യോഹ. 1:5–6)
5. **ലൈംഗീകമരണം,** അതായത് പുത്രോല്പാദനത്തിനുള്ള ലൈംഗീകശേഷികുറവ് (റോമ. 4:19, 20; എബ്രാ.11:11–12)
6. **ശാരീരികമരണം –** ശരീരത്തിൽനിന്ന് പ്രാണൻ (ജീവൻ) വേർപെടുന്ന അവസ്ഥ അഥവാ ഭൗതിക ബലത്തിൽനിന്നു പ്രവർത്തിക്കുവാനുള്ള കഴിവില്ലായ്മ (എബ്രാ.9:27; ഉല്പ.5:5)
7. **രണ്ടാം മരണം** – ന്യായവിധിയാണിത്. അതായത് ദൈവത്തിൽനിന്നും ന്യായമായി വേർപെടുന്ന അവസ്ഥ (വെളിപാട് 19–20).

ആയിരുന്ന അവസ്ഥയിലല്ലെന്നു ആദാം പെട്ടെന്നു മനസിലാക്കി. അവൾക്കു വീഴ്ച സംഭവിച്ചിരിക്കുന്നു. ദൈവത്തിനും സ്ത്രീക്കും ഇടയിൽ താൻ എന്തു തീരുമാനം എടുക്കണമെന്നു പരീക്ഷയായിരുന്നു ആദാം നേരിട്ടത്.

1 തിമോത്തിയോസ് 2:14-ൽ ഇത് കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്. 'ആദാം അല്ല, ഹവ്വാ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്.' എന്താണ് അവൾ വിശ്വസിച്ചത്? വൃക്ഷഫലം തിന്നാൽ അവൾ ദൈവത്തെ പോലെയാകും. എന്നാൽ ആദാം ഇതു വിശ്വസിച്ചില്ല. ഒരു സെക്കന്റുപോലും അവൻ വിശ്വസിച്ചില്ല. നന്മയ്ക്കായിട്ടുള്ള യാതൊന്നും ദൈവം അവനിൽനിന്ന് ഒളിച്ചുവയ്ക്കുമെന്നു അവൻ വിശ്വസിച്ചില്ല. അല്പംപോലും നന്മ നൽകുവാൻ ഈ വൃക്ഷഫലത്തിന് കഴിയുമെന്ന് അവൻ വിശ്വസിച്ചില്ല.

എന്നാൽ അവൻ എടുക്കേണ്ടിയിരുന്ന തീരുമാനം വീഴ്ചയിലായ ഹവ്വായെ സ്വീകരിക്കണമോ അതോ എല്ലാം നല്കിയ ദൈവത്തെ വേണമോ എന്നായിരുന്നു. ആദാം തിരഞ്ഞെടുത്തത് ഹവ്വായെ ആയിരുന്നു. അതുകൊണ്ടാണ് വീഴ്ചയെ ആദാമിന്റെ പാപം എന്നു വിളിച്ചത്.

> *"ഉടനെ ഇരുവരുടെയും കണ്ണ് തുറന്ന് തങ്ങൾ നഗ്നരെന്നു അറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി തങ്ങൾക്കു അരയാട ഉണ്ടാക്കി." (ഉല്പത്തി 3:7)*

അവരുടെ കണ്ണുകൾ തുറക്കുമെന്ന് സാത്താൻ ഹവ്വായോടു പറഞ്ഞിരുന്നോ? പറഞ്ഞിരുന്നു എന്നാൽ അവളുടെ പാപത്താൽ കണ്ണുകൾ തുറക്കും എന്നുള്ള കാര്യം മറച്ചുവച്ചുകൊണ്ടാണ് സാത്താൻ അവളുടെ വിശ്വാസം തന്റെ വാക്കുകളിലേക്ക് ആകർഷിച്ചത്. സാത്താൻ വാഗ്ദത്തം ചെയ്യുന്ന പാപകാര്യങ്ങൾ എല്ലാം തന്നെ ഇങ്ങനെ സംഭവിക്കുമെന്നുള്ള ബോദ്ധ്യം നല്കാതെ ചെയ്യുന്നതാണ്.

ആദാമും ഹവ്വായും അവരുടെ വീഴ്ചയ്ക്കു മുമ്പും നഗ്നരായിരുന്നു. എന്നാൽ ഇപ്പോൾ പാപം മൂലമാണ് കുടിലത അവരിലേക്കു പ്രവേശിച്ചത്. അവർക്ക് ബോദ്ധ്യമായ നഗ്നത മറയ്ക്കുവാനായി അവർതന്നെ ഒരു മാർഗ്ഗം കണ്ടെത്തുകയായിരുന്നു. ഇതു ആയിരുന്നു മനുഷ്യമതത്തിന്റെ പ്രാഥമിക ശ്രമം. പുരുഷനും സ്ത്രീയും ശ്രമിച്ചതു അവരുടെ പ്രശ്നത്തിനു അവർതന്നെ പരിഹാരം കണ്ടെത്തുക എന്നായിരുന്നു. അതായത് അവരുടെ പാപങ്ങളെ പരസ്പരം മൂടിവച്ചുകൊണ്ട് ദൈവീക അംഗീകാരം പ്രാപിക്കുക എന്നുതന്നെ.

തങ്ങൾ തന്നെ ഉണ്ടാക്കിയിരിക്കുന്ന വസ്ത്രം അവർക്ക് അനുയോജ്യമല്ലെന്നു നന്നായി മനസ്സിലാക്കിയതിനാലാണ് ഭയപ്പെട്ട് ദൈവം കാണാതെ ഒളിച്ചിരിക്കാൻ തീരുമാനിച്ചത്. എന്നാൽ ഉല്പത്തി 3:9 ൽ ദൈവം അവരെ വിളിക്കുന്നതായി വായിക്കുന്നു. അവർ എവിടെയെന്ന് ദൈവത്തിനറിയാമായിരുന്നു. അവൻ അവരിൽനിന്ന് പ്രതീക്ഷിച്ചത് അവരുടെ ഏറ്റുപറച്ചിൽ മാത്രമായിരുന്നു. നമ്മൾ പാപം ചെയ്യുമ്പോഴും ദൈവം ആഗ്രഹിക്കുന്നത് നമ്മുടെ യഥാർത്ഥ അവസ്ഥ നാം എവിടെ, എന്തു സംഭവിച്ചു എന്നു അവനോട് ഏറ്റുപറയണമെന്നാണ്. സത്യസന്ധവും തുറന്നമനസ്സോടും കൂടിയ ലളിതമായ ഒരു ഏറ്റുപറച്ചിൽ തന്നെ. 1യോഹന്നാൻ 1:9 ശ്രദ്ധിക്കുക. “നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുമെങ്കിൽ” ഇതിന്റെ അർത്ഥം നാം നമ്മുടെ പാപങ്ങളെ അംഗീകരിക്കുമെങ്കിൽ (സമ്മതിക്കുക) അവൻ നമ്മുടെ പാപങ്ങളെ ക്ഷമിക്കുകയും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. എന്നാൽ ആദാമും ഹവ്വായും അവരുടെ പാപങ്ങളെ ഏറ്റുപറയുന്നതിനുപകരം എല്ലാവരും ചെയ്യുന്നതുപോലെ അവരുടെ പാപങ്ങളെ മറ്റുള്ളവരുടെമേൽ ഇടുകയാണ് ചെയ്യുന്നത്.

> *അതിനു മനുഷ്യൻ “എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു” എന്നു പറഞ്ഞു. യഹോവയായ ദൈവം സ്ത്രീയോടും നീ ഈ ചെയ്തതു എന്തു എന്നു ചോദിച്ചതിനു “പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി” എന്നു സ്ത്രീ പറഞ്ഞു (ഉല്പത്തി 3:12, 13).*

## പാപം

എന്താണു പാപം? ലോവീസ് സ്പെറിചാഫേർ തന്റെ സിസ്റ്റമാറ്റിക് തിയോളജി എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് : “അതു സർവ്വപ്രധാനമായും സർവ്വജ്ഞാനിയായ ദൈവം ആക്കിവച്ചിരിക്കുന്ന സ്ഥാനത്ത് കഴിയുവാൻ ആഗ്രഹിക്കാതെ സൃഷ്ടിജാലങ്ങൾ സ്രഷ്ടാവിനോടു കാട്ടുന്ന വിശ്രമമില്ലാത്ത വിമുഖതയാണ്. സാധാരണഗതിയിൽ ദൈവസ്വഭാവത്തോട് പൊരുത്തപ്പെടാൻ കഴിയാത്ത അവസ്ഥയാണ് പാപം.” (Systematic Theological by John F.Walvoord ( 2Vols.wheator:victor Books :1988), 1,368.)

പാപത്തിന്റെ ഏക അളവുകോൽ ദൈവസ്വഭാവമാകുന്ന വിശുദ്ധി മാത്രമാണ്. ദൈവത്തോടു അനുരൂപപ്പെടാൻ കഴിയാത്തതുകൊണ്ടാണ് പാപം പാപമായി തീരുന്നത്. നമുക്കു ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് വ്യക്തമായ അറിവില്ലെങ്കിൽ പാപമെന്തെന്നു മനസ്സിലാക്കുവാനും കഴിയില്ല. ദൈവത്തെ മനസ്സിലാക്കുവാനുള്ള ഏകവഴി അവൻ തന്നെക്കുറിച്ചു തന്നെ പറയുന്നതു കേൾക്കുക, അവന്റെ വചനങ്ങളെ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുകയാണ്. പാപം എത്ര ഭയങ്കരമാണ്? വീണ്ടും പറയട്ടെ പാപത്തിന്റെ ഭയങ്കരത മനസ്സിലാക്കണമെങ്കിൽ ദൈവം അതിനു കണക്കാക്കിയിരിക്കുന്ന മൂല്യനിർണ്ണയം എന്തെന്ന് കേൾക്കണം. പാപം ചെയ്ത ദൂതന്മാർക്ക് തീപ്പൊയ്കയിൽനിന്നും രക്ഷപ്പെടാൻ കഴിയുകയില്ല എന്നതുതന്നെ പാപത്തിന്റെ ഭയങ്കരത എന്തെന്നു കാണിക്കുന്നു. ആദാം ഹവ്വാ എന്നിവരുടെ ഒരു പ്രവൃത്തി മനുഷ്യവർഗ്ഗത്തിനു വരുത്തിയ അധഃപതനവും വീഴ്ചയും എത്ര ഗൗരവതരമാണ്. എല്ലാറ്റിലും ഉപരിയായി പൂർണ്ണനായ ദൈവപുത്രൻ നമ്മെ വീണ്ടെടുക്കുന്നതിനായി ക്രൂശിൽ സഹിച്ച കഷ്ടതയും വെളിപ്പെടുത്തുന്നതു പാപത്തിന്റെ ഘോരത്വത്തെയാണ്.

വീഴ്ചയുടെ ഫലമായി ഉണ്ടായ നാലു അനന്തരഫലങ്ങൾ ഇവിടെ കാണാം. കുടിലത, മനഃസാക്ഷികുത്ത്, ഭയം, ശത്രുത എന്നിവയാണ്. നാമും ഓരോദിവസവും ഈ അനുഭവങ്ങൾ അഭിമുഖീകരിക്കുന്നു.

ദൈവം തരുന്ന നല്ല കാര്യങ്ങളോടു നാം കൂട്ടിച്ചേർക്കുന്ന ദുഷ്ടതയാണ് കുടിലത. നാം ചെയ്ത തെറ്റുകൾക്ക് ദൈവത്തോടു കണക്കു ബോധിപ്പിക്കണമല്ലോ എന്ന ചിന്തയാണ് മനസാക്ഷിക്കുത്ത്. ഭയം - സാത്താന്റെ വലിയ സ്വാധീനശക്തി - നമ്മുടെ പാപബോധം ഉൾക്കൊണ്ട് പാപക്ഷമ സ്വീകരിക്കുന്നതിനുള്ള വിമുഖതയുടെ അനന്തരഫലമാണ്. നമുക്കുള്ളിലുള്ള അനിയന്ത്രിതമായ ഭയത്തിന്റെ ബാഹ്യപ്രവർത്തനമാണ് ദൈവത്തോടും മറ്റുള്ളവരോടും നമുക്കുണ്ടാകുന്ന വൈരം അഥവാ ശത്രുത.

തുടർന്ന് നാം ഇങ്ങനെ പറയാൻ തുടങ്ങും. "വാസ്തവമായി ദൈവം നല്ലവനായിരുന്നെങ്കിൽ എനിക്കു ആവശ്യമായിരുന്നത് എന്നിൽ നിന്ന് ഒരിക്കലും എടുത്തു മാറ്റുകയില്ലായിരുന്നു." അങ്ങനെ നാം നമ്മുടെതായ മാർഗ്ഗത്തിൽ അവയെ പ്രാപിക്കുന്നതിന് ശ്രമിക്കും. പലവിധ കുഴപ്പങ്ങളിൽ അകപ്പെടുകയും ചെയ്യും. അപ്പോൾ നാം ദൈവത്തിൽ സകല കുറ്റവും ആരോപിക്കുകയും നമ്മുടെ വേദനയും കോപവും നിമിത്തം അവനെ ചാട്ടവാറിന് അടിക്കുകയും ചെയ്തിട്ട് "എന്തിനാണ് ദൈവമേ ഇങ്ങനെയെല്ലാം എനിക്ക് സംഭവിച്ചത്?" എന്നു ചോദിക്കുകയും ചെയ്യുന്നു. എല്ലാത്തിന്റെയും ആരംഭം ഒരു ചോദ്യത്തോടുകൂടെ ആയിരിക്കും. എന്തുകൊണ്ട് ദൈവം ഇത് എനിക്ക് തന്നില്ല? ഒരു ചോദ്യത്തോടെ അവസാനിക്കുന്നു. "എന്തുകൊണ്ട് എനിക്ക് അങ്ങനെ സംഭവിക്കാൻ ദൈവം അനുവദിച്ചു." വീഴ്ചയിലകപ്പെട്ട മനുഷ്യരുടെ അവസ്ഥയാണിത്.

മനുഷ്യൻ നഷ്ടപ്പെട്ടവനും ആശയറ്റവനുമായി കഴിയുവാൻ ദൈവം ആഗ്രഹിച്ചില്ല. അവനെ രക്ഷിപ്പാൻ ദൈവീക പദ്ധതി ആരംഭത്തിൽതന്നെ തയ്യാറാക്കിയിരുന്നു. ഈ പദ്ധതിയുടെ പ്രാരംഭ വെളിപ്പാടാണ് ഉല്പത്തി 3:15ൽ വായിക്കുന്നത്

"യഹോവയായ ദൈവം പാമ്പിനോടു കല്പിച്ചതു

*നീ ഇതു ചെയ്തതുകൊണ്ട്, എല്ലാ കന്നുകാലികളിലും, എല്ലാ കാട്ടുമൃഗങ്ങളിലുംവെച്ച് നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ ഉരസ്സുകൊണ്ടും ഗമിച്ചും നിന്റെ ആയുഷ്കാലമൊക്കെയും പൊടി തിന്നും; ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത ഉണ്ടാക്കും അവൻ നിന്റെ തല തകർക്കും നീ അവന്റെ കുതികാൽ തകർക്കും (ഉല്പത്തി 3:14, 15)*

---

സകല മനുഷ്യരും മൂന്നു തരത്തിലുള്ള പാപങ്ങളെ അഭിമുഖീകരിക്കുന്നു.

**1. ആരോപിക്കപ്പെട്ടിരിക്കുന്ന പാപം** അതായത് ആദാമിൽനിന്ന് തലമുറകളിലേക്കു കടന്ന പാപം
(റോമ. 5:12) ഇതിന്റെ ഫലമായി മനുഷ്യസമൂഹത്തിലെ ഓരോ വ്യക്തിയും ആത്മീകമായി മരിച്ചവരും ശിക്ഷാവിധിക്ക് വിധേയപ്പെട്ടവരും ആണ്.

**2. ജന്മപാപം** - അതായത് ഓരോ മനുഷ്യനും അവരുടെ മാതാപിതാക്കളിൽ നിന്ന് ലഭ്യമായിരിക്കുന്ന പാപപ്രകൃതം. (യോഹ. 3:6; ഗലാ.5:14)നമ്മുടെ സ്വാഭാവിക ബലഹീനതകളും സ്വാഭാവിക ശക്തിയും- ഭൗതികസ്വഭാവങ്ങൾപോലെ നമ്മുടെ മാതാപിതാക്കളുടെ താല്പര്യങ്ങളുടെ സംയോജനമാണ്. ആകയാൽ പാപപ്രകൃതം എന്നതു വിരലടയാളംപോലെ വ്യക്തിഗതം ആകുന്നു. ഒരിക്കലും രണ്ടുവ്യക്തികൾ പൂർണ്ണമായിട്ടും ഒരുപോലെ ആയിരിക്കില്ല.

**3. വ്യക്തിപരമായ പാപം** - ഇതു നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലവും നമ്മുടെ പാപപ്രകൃതത്തിന്റെ ബാഹ്യപ്രകടനവുമാണ്. (റോമ. 3:23) വ്യക്തിപരമായ പാപങ്ങളെ' കുറിച്ചാണ് ബൈബിളിൽ 'പാപം' എന്നു പറയുന്നത്. പാപം മൂന്നു തരത്തിലാണുള്ളത്. മാനസികം (ചിന്തകൾ), വാമൊഴി (വാക്കുകൾ), പുറമെയുള്ളത് (പ്രവൃത്തി).ആദാം ദൈവത്തെയാണ് കുറ്റപ്പെടുത്തിയത്, എന്തുകൊണ്ടെന്നാൽ അവന് സ്ത്രീയെ നൽകിയത് ദൈവമാണ്. സ്ത്രീയാകട്ടെ പാമ്പിനെയാണ് കുറ്റപ്പെടുത്തിയത്. അവരുടെ അനുസരണക്കേടിന്റെ ഉത്തരവാദിത്വം രണ്ടുപേരും ഏറ്റെടുക്കുവാൻ തയ്യാറായില്ല.

ഇതാണ് രക്ഷകനായ മശിഹായുടെ ഒന്നാമത്തെ വാഗ്ദത്തം. ഇവിടെ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്, ക്രൂശിലെ പ്രവൃത്തിയാണ്. അവിടെവച്ച് സാത്താൻ യേശുക്രിസ്തുവിന്റെ കുതികാൽ തകർക്കുവാൻ ശ്രമിച്ചു. എന്നാൽ യേശു ക്രിസ്തു പാമ്പിന്റെ തലയെ തകർത്ത് കളഞ്ഞു. ദൈവത്തിനും മനുഷ്യനും ഇടയിൽ തടസ്സമായി നിന്നിരുന്നത് പാപമാണ്. എന്നാൽ യേശുക്രിസ്തു ഈ തടസ്സത്തെ നീക്കം ചെയ്യുകയും വിശ്വസിക്കുന്ന എല്ലാവർക്കും സ്വാതന്ത്ര്യത്തോടെ ദൈവസന്നിധിയിലേക്ക് പ്രവേശിക്കാനുള്ള വാതിൽ തുറന്നുകൊടുക്കുകയും ചെയ്തു ഇവിടെ നൽകിയിരിക്കുന്ന വാഗ്ദത്തത്തിന്റെ തുടർച്ച വിവരണമാണ് ബൈബിളിൽ ഉടനീളം നാം കാണുന്നത്. പഴയനിയമം മുന്നോട്ടു ചൂണ്ടിക്കാണിക്കുന്നത്, സ്ത്രീയുടെ സന്തതിയെക്കുറിച്ചുള്ള വാഗ്ദത്ത നിവൃത്തി ആണ്. ഉല്പത്തി 12:1-3 വരെ ഭാഗത്ത് അബ്രഹാമിന്റെ സന്തതിവരെ ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണാം. ഉല്പത്തി 49;8-12 ഭാഗത്ത് അതു യഹൂദ ഗോത്രത്തിന്റെ സന്തതിയായി പറഞ്ഞിരിക്കുന്നു. യെശയ്യാവ് 7:14ൽ ഇത് കന്യകയുടെ സന്തതിയായി ചൂണ്ടിക്കാണിക്കുന്നു. ഒടുവിലായി മത്തായി 1:23ൽ മറിയയുടെ മകനായ യേശു എന്ന മശിഹായായി കാണാം.

> *"യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽകൊണ്ടു ഉടുപ്പു ഉണ്ടാക്കി. അവരെ ഉടുപ്പിച്ചു." (ഉല്പത്തി 3:21)*

ദൈവം ആദാമിനും ഹവ്വായ്ക്കും ഉണ്ടാക്കി കൊടുത്ത ഉടുപ്പ് ബൈബിളിലെ വീണ്ടെടുപ്പിന്റെ ഒന്നാമത്തെ ചിത്രം ആണ്. നിരപരാധിയായ ഒരു മൃഗം, പാപം ചെയ്ത മനുഷ്യന് ഒരു വസ്ത്രം ഒരുക്കുന്നതിനായി ബലി ചെയ്യപ്പെട്ടു. തങ്ങൾ സ്വീകരിച്ച വസ്ത്രത്തിൽ കൂടെ ആദാമും ഹവ്വായും മനസ്സിലാക്കിയ ഒരു കാര്യം, ആത്മീകമായി ദൈവത്തിന്റെ കൂട്ടായ്മയിൽനിന്നും അവരെ അകറ്റിയ പാപത്തിന് പരിഹാരം ഉണ്ടാക്കുന്നതിൽ അവർ നിസ്സാഹയരായിതീർന്നു എന്നതാണ്.

എന്നിരുന്നാലും അവരുടെ നിസ്സാഹയതയിലും അവർ സ്വതന്ത്ര്യരായിരുന്നു. അവരുടെ ഈ സ്വാതന്ത്ര്യം അവർക്ക് വാഗ്ദത്തം ചെയ്ത രക്ഷകന്റെ വരവിനെ വിശ്വാസക്കണ്ണുകളാൽ ഒരു തിരഞ്ഞെടുപ്പു നടത്താൻ അവരെ സഹായിച്ചു എന്നതാണ്.

---

എന്നാൽ ദൈവം ഇതിനൊരു പരിഹാരം ഉണ്ടാക്കി. അതു ക്രിസ്തുവിന്റെ ക്രൂശുമരണം ആയിരുന്നു. അവൻ എല്ലാവർക്കുംവേണ്ടി പാപം ആക്കപ്പെട്ടതു അവനിൽ വിശ്വസിക്കുന്നവർക്ക് അവൻമൂലം ദൈവത്തിന്റെ നീതി ആകേണ്ടതിനായിരുന്നു (2കൊരി.5:21). എന്തുകൊണ്ടെന്നാൽ നമ്മുടെ എല്ലാ ശിക്ഷാവിധികളും ക്രിസ്തു അനുഭവിച്ചുകൊണ്ട് പാപത്തിൽനിന്നും അതിന്റെ പരിണതഫലങ്ങളിൽനിന്നും സ്വതന്ത്ര്യമാകാനുള്ള അവസരം നൽകിയിരിക്കുന്നു. എന്നാൽ ഈ സ്വാതന്ത്ര്യം നമ്മുടെ തിരഞ്ഞെടുപ്പിലൂടെയാണ് സാദ്ധ്യമാക്കുന്നത്.

ഏദൻതോട്ടത്തിലെ വൃക്ഷത്തിലേക്കു നോക്കിയ ആദാമിനു അതിന്റെ ഫലം തിന്നാൽ ഉണ്ടാകുന്ന പരിണിതഫലം എന്തെന്നു മനസിലായെങ്കിലും അതു അവൻ തിരഞ്ഞെടുക്കുകയും ആത്മീകരണം അനുഭവിക്കുകയും ചെയ്തു. ആദാമിൽ മരിച്ചവരായ നാം മറ്റൊരു വൃക്ഷത്തിനരികിലാണ് വന്നിരിക്കുന്നത്. അതു ക്രൂശ് ആകുന്നു. അതിൽ പങ്കാളികളാകുകയും പരിണതഫലമായ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുവാനുള്ള തിരഞ്ഞെടുപ്പ് ആണ് നാം എടുക്കേണ്ടത്. നാം മനസ്സിലാക്കിയ ത്രിവിധ പാപങ്ങളുടെ പരിഹാരം ക്രൂശിൽ മാത്രമാണ്.

നമ്മിൽ ആരോപിക്കപ്പെട്ടിരിക്കുന്ന പാപം രക്ഷിക്കപ്പെടുന്ന സമയത്ത് അതു ക്രിസ്തുവിൽ ആകുന്നതിനാൽ നാം ഇപ്പോൾ ക്രിസ്തുവിൽ നിരപരാധികളായി തീരുന്നു. ആദാമിൽ ആയിരുന്നപ്പോൾ നാം പാപികളായിരുന്നു. "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും" (1കൊരി15:21, 22; 1:30; റോമ.4:22-24; ഫിലി.3:9)

ജന്മപാപം പരിഹരിക്കപ്പെടുന്നതു യേശുക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ നമുക്കു പുതിയസ്വഭാവവും പാപം ചെയ്യാൻ കഴിയാത്ത ആത്മാവിനെയും ലഭിക്കുമ്പോഴാണ്.

'ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു' (2കൊരി.5:17)

**വ്യക്തിഗതപാപം:** ഇതു എടുത്തു കാട്ടുന്നതു യേശുക്രിസ്തു നമ്മൾ ചെയ്തുപോയിട്ടുള്ള ഓരോ പാപങ്ങളുടെയും പിഴകൊടുത്തു വീട്ടിയെന്നാണ്. (2കൊരി.5:21; 1പത്രോസ് 2;24; യെശ.53:6) അതുകൊണ്ട് എപ്പോൾ നാം പാപത്തിൽ അകപ്പെട്ട് ദൈവീക കൂട്ടായ്മ നഷ്ടപ്പെടുന്നുവോ അപ്പോൾതന്നെ അനുതപിച്ച് ഏറ്റു പറഞ്ഞാൽ അതു ക്ഷമിക്കപ്പെടും. 1യോഹ.1;9; എഫേ. 5:18)

## സ്വതന്ത്രമനസ്സ്

സ്വതന്ത്രമനസ്സിൽ ദോഷത്തിനു സാദ്ധ്യതയുണ്ടെങ്കിലും ഇതിനാലാണ് സ്നേഹം, നന്മ, സന്തോഷം എന്നിവയെ സാദ്ധ്യമാക്കുന്നത്. ഈ യാന്ത്രികലോകത്തിൽ സർവ്വസൃഷ്ടികളും യാന്ത്രികമായി പ്രവർത്തിക്കുമ്പോൾ മേൽ പറയപ്പെട്ട ഗുണങ്ങൾ പ്രത്യക്ഷപ്പെടുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ദൈവസൃഷ്ടികളുടെ മകുടമായ മനുഷ്യനുവേണ്ടി ദൈവം തയ്യാറാക്കിയിരിക്കുന്ന സന്തോഷം, സ്വതന്ത്രമായി നിന്നു സ്വമനസ്സോടെ ദൈവത്തോടും തമ്മിൽ തമ്മിലും ഐക്യപ്പെട്ടുകൊണ്ട് അതിനാൽ ലഭിക്കുന്ന സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും അനുഭവമാണ്. കേവലം പാലും വെള്ളവും പോലുള്ള ഈ ലോകത്തിലെ താല്കാലികമായ സ്ത്രീപുരുഷ സ്നേഹത്തെക്കാളും അത്യുന്നതമായ സന്തോഷമാണിത്. ഇങ്ങനെ ഭവിക്കുന്നതിന് അവർ സ്വതന്ത്രരാകേണ്ടതുണ്ട്.

ഈ സ്വാതന്ത്ര്യം അവർ തെറ്റായി ഉപയോഗിച്ചാൽ വരാൻ പോകുന്ന ഭവിഷത്തു എന്തായിരിക്കും എന്നു ദൈവത്തിനറിയാമായിരുന്നു. പ്രത്യക്ഷത്തിൽ ആ ഉത്തരവാദിത്വം അവർക്ക് സ്വാതന്ത്ര്യമായിരുന്നു. ചിലപ്പോൾ അവനോടു സഹകരിക്കാൻ നമുക്കു മനസ്സില്ലായിരിക്കും. എന്നാൽ ദൈവത്തോടു നാം നിസഹരിക്കുന്നതു ബുദ്ധിമുട്ടായിരിക്കും. അവനാണ് നിങ്ങളുടെ സകല യുക്തിയുടെയും ശക്തിയുടെയും പ്രഭവകേന്ദ്രം. ഒരു നദിക്കും അതിന്റെ പ്രഭവസ്ഥാനത്തേക്കാൾ ഉയരാൻ കഴിയാത്തതുപോലെ ഒരിക്കലും നമ്മൾ ശരിയും ദൈവം തെറ്റും ആയിരിക്കയില്ല. എന്നാൽ ഈ ലോകത്തിലെ നിലവിലുള്ള പോരാട്ടത്തിനായി ദൈവം ഇതിനെ സ്വതന്ത്രമനസ്സായിട്ടാണ് ആക്കിയിരിക്കുന്നത്. അങ്ങനെ ഈ ലോകത്തെ സജീവമാകുന്നതിനായി അതിലെ സൃഷ്ടികൾ നല്ലതായോ ഉപദ്രവകരമായോ പ്രവർത്തിക്കുമ്പോഴാണ് ചില പ്രാധാന്യമുള്ള സംഭവങ്ങൾ ഉണ്ടാകുന്നത്. അതല്ലെങ്കിൽ ഈ ലോകം ചരടുകെട്ടി വലിക്കുന്ന പാവവണ്ടി പോലെയായിരിക്കും. സജീവമായിരിക്കുന്ന ദൈവത്തിന് മാത്രമേ നാം വില കല്പിക്കാറുള്ളു.

**എസ്. ലൂവീസ**



# പാഠം 1– 2:
# *വീണ്ടെടുപ്പിന്റെ പദ്ധതി*

**റോമർ 8:28–30**

ആദാമിന്റെയും ഹവ്വായുടെയും വീഴ്ചയോടെ സമ്പൂർണ്ണ മനുഷ്യവർഗ്ഗം ദൈവത്തിൽനിന്ന് അന്യപ്പെടുകയും ധാർമ്മികമായി അധഃപതിച്ചു, നാശത്തിന്റെ കുഴിയിൽ പതിക്കുവാനും ഇടയായി. എന്നിരുന്നാലും മാനവചരിത്രത്തിന്റെ അരുണോദയത്തിലുണ്ടായ ആ അത്യാപത്ത് ഒരു പ്രകാരത്തിലും ദൈവീകോദ്ദേശ്യത്തിന് തടസ്സം സൃഷ്ടിക്കുവാൻ ഇന്നത്തെ സംഭവവികാസങ്ങളാൽ ഉണ്ടാക്കുന്ന തടസ്സങ്ങളെക്കാൾ ഒട്ടും കൂടുതലല്ലായിരുന്നു. നിത്യതയുടെ പ്രാരംഭത്തിൽ തന്നെ ഈ പ്രപഞ്ചത്തിനുവേണ്ടി ദൈവം ഒരു പദ്ധതി തയ്യാർ ചെയ്തിരുന്നു. അനിവാര്യമായ പദ്ധതിയും മനുഷ്യന്റെ അനുദിനജീവിതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും റോമർ 8–ൽ അപ്പോസ്തലനായ പൗലോസ് വിവരിച്ചിരിക്കുന്നതു കാണുക.

> *"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."*
> *(റോമർ 8:28)*

"നാം അറിയുന്നു" എന്നതിന്റെ ഗ്രീക്കുപദമാണ് 'ഒസിഡാ' അതിനു അസന്ദിഗ്ദമായ അറിവ്, പൂർണ്ണവിവേകം എന്നാണ് ശരിയായ അർത്ഥം. എന്നാൽ അതിന്റെ പൂർണ്ണക്രിയ കാണിക്കുന്നത് ഇപ്പോഴത്തെ അറിവ് കഴിഞ്ഞ കാലത്തു മനസിലാക്കിയ അറിവാണ്. 'നാം തീർച്ചയായും അറിഞ്ഞിരിക്കുന്നു' എന്നു തർജ്ജിമ ചെയ്യാവുന്നതാണ്. പൗലോസ് എല്ലാവരെയും കുറിച്ചല്ല ഇവിടെ പറയുന്നത്. പിന്നെയോ അതിന്റെ കാരണങ്ങളെക്കുറിച്ചു പഠിച്ചവരും തങ്ങൾ എന്തിനായിട്ട് ജീവിക്കുന്നു എന്നു സമ്പൂർണ്ണമായി അറിയുകയും ചെയ്തവരോടാണ്.

"സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു," എന്നു പൗലോസ് പറയുമ്പോൾ ദൈവം എപ്പോഴും നന്മ മാത്രം സംഭവിപ്പിക്കുന്നു എന്നല്ല, മറിച്ച് നന്മയും തിന്മയും സംഭവിക്കുവാൻ അനുവദിക്കുകയു രണ്ടിന്റെയും പ്രവർത്തനത്താൽ ഉണ്ടാകുന്ന നന്മയെക്കുറിച്ചാണ്.

'നല്ലതു' എന്നതിനു ഉപയോഗിച്ചിരിക്കുന്ന 'അഗഥോസ്' എന്ന പദത്തിന് 'പൂർണ്ണ നന്മ' അഥവാ 'പരമോന്നതമായ നന്മ' എന്നാണ് അർത്ഥം. എന്നാൽ പരമോന്നത നന്മ എല്ലായ്പ്പോഴും പെട്ടെന്നുള്ള നന്മ ആയിരിക്കില്ല. നിത്യനായ ദൈവം ദീർഘവീക്ഷണം ഉള്ളവനുംകൂടെയാണ്. നാം ഇപ്പോൾ എവിടെ ആയിരിക്കുന്നു എന്നതിനേക്കാൾ നമ്മുടെ നിത്യഭാഗധേയം ഉറപ്പാക്കുവാനും സ്വഭാവ വൈശിഷ്ട്യത്തിന്റെ വികസനം നടത്തുവാനും ദൈവം ആഗ്രഹിക്കുന്നു. നിത്യതയെകുറിച്ചു ചിന്തിക്കാത്തവൻ ഈ ലോകത്തിലെ നേട്ടങ്ങൾക്കുവേണ്ടി ശ്രമിക്കുന്നവനും പ്രപഞ്ചത്തിന്റെ ചക്രഗതിയെ എതിർക്കുന്നവനും ആയിരിക്കും. അങ്ങനെയുള്ളവന് തന്റെ ജീവിതത്തിൽ ഈ വാഗ്ദത്തം പ്രായോഗികമാക്കുവാൻ കഴികയില്ല.

## സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു

'സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു' എന്ന് പൗലോസ് എഴുതിയത്, എപ്പോഴും നന്മ മാത്രം സംഭവിക്കണമെന്ന് ദൈവം കരുതിയല്ല, എന്തെന്നാൽ നല്ല കാര്യങ്ങളും ചീത്തകാര്യങ്ങളും ചേർത്ത് തുന്നുകയും അതിൽനിന്നുളവാകുന്ന നന്മയെക്കുറിച്ചുമാണ്.

എല്ലാംകൂടി വ്യാപരിക്കുന്നു. റോമർ 8:28-ൽ സകലവും നല്ലതാകുന്നു എന്നല്ല ദൈവത്തിൽ വിശ്വസിക്കുന്ന ആർക്കും സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവമക്കളിൽ സംഭവിക്കുന്നതു കാഴ്ചയ്ക്കു തിന്മയായിരുന്നാലും അതിനെ ദൈവം തന്റെ കരങ്ങളാൽ നന്മയ്ക്കായി രൂപാന്തരപ്പെടുത്തികൊള്ളുന്നു. ഉല്പത്തി 37-50 വരെ അദ്ധ്യായങ്ങളിൽ വിവരിക്കുന്ന വസ്തുതകൾ യഥാർത്ഥ ജീവിതത്തിൽ റോമർ 8:28 എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നാണ്.

യാക്കോബ് തന്റെ മകനായ യോസേഫിനോട് പക്ഷാഭേദം കാണിച്ചത് തെറ്റായിരുന്നു. യോസേഫിന്റെ സഹോദരങ്ങൾ അവനെ വെറുത്തതു തെറ്റായിരുന്നു. അവർ അവനെ കുഴിയിൽ ഇട്ടു കളഞ്ഞത് ശരിയായിരുന്നില്ല. യിസ്മായേല്യർക്ക് അവനെ അടിമയായി വിറ്റതും തെറ്റായിരുന്നു. കുറച്ചുകാലം ഉയർന്ന നിലവാരത്തിൽ ജോലിചെയ്തശേഷം താൻ ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ തടവിലടച്ചതും ശരിയായില്ല.

ഒന്നിന് പുറകേ മറ്റൊന്ന് എന്ന പ്രകാരത്തിൽ തെറ്റുകളും കുറ്റങ്ങളും യോസേഫിന്മേൽ വന്നു കയറി. എന്നാൽ ദൈവമോ അവയോരോന്നും യോസേഫിനു നന്മയ്ക്കാക്കി മാറ്റി. എന്തുകൊണ്ടെന്നാൽ യോസേഫ് ഒരു കാഴ്ചപ്പാടുള്ളവൻ ആയിരുന്നു. ഈ സകല വിപത്തുകളും എന്നിൽ ദീർഘകാല നന്മക്കായി കൂടി വ്യാപരിപ്പിക്കും എന്ന് അവൻ വിശ്വസിച്ചു. അതു അവനും അവന്റെ കുടുംബത്തിനും യിസ്രായേൽ ജനതയ്ക്കുംവേണ്ടി മാത്രം ആയിരുന്നില്ല. അവന്റെ ഈ ചരിത്രം കേൾക്കുന്ന ഓരോരുത്തർക്കുംവേണ്ടിയായിരുന്നു. മിസ്രയീമിൽ വച്ച് യാക്കോബ് മരിച്ചപ്പോൾ യോസേഫ് തങ്ങളോട് പകരം വീട്ടുമെന്നു അവന്റെ സഹോദരന്മാർ സന്ദേഹിച്ചു. (ഉല്പത്തി 50:15) എന്നാൽ അവരുടെ വിചാരങ്ങൾക്കപ്പുറം യൗസേഫ് ദൈവ പരിജ്ഞാനമുള്ളവൻ ആയിരുന്നതിനാൽ അവന്റെ സഹോദരന്മാർ അവനോടു ചെയ്ത ദോഷങ്ങളെയല്ല, അവനിൽ വ്യാപരിച്ചുകൊണ്ടിരുന്ന ദൈവകൃപയെക്കുറിച്ചായിരുന്നു അവൻ ചിന്തിച്ചത്. അതുകൊണ്ടാണ് അവരോട് 'നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കി തീർത്തു (ഉല്പത്തി 50:19-20) എന്ന് പറയുന്നത്.

ആർക്കാണ് ദൈവം ഈ വാഗ്ദത്തം നല്കിയിരിക്കുന്നത്? ദൈവത്തെ സ്നേഹിക്കുന്നവർക്ക് എന്ന പ്രയോഗം യേശുക്രിസ്തുവിൽകൂടെ ദൈവത്തിൽ ആശ്രയിക്കുന്നവരെയാണ് ചൂണ്ടിക്കാണിക്കുന്നത്. യോഹന്നാൻ 14:6ൽ യേശു അസന്നിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നതു 'താൻ മുഖാന്തരമല്ലാതെ ആർക്കും ദൈവത്തെ സമീപിക്കാൻ കഴിയുകയില്ലെന്നാണ്. "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" ആരെങ്കിലും ദൈവത്തെ കുറിച്ചുപറയുകയും യേശുക്രിസ്തുവിനെ നിന്ദിക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ പറയുന്നതു അവന്റെ സാങ്കല്പിക ദൈവത്തെക്കുറിച്ചുമാത്രമാണ്. അങ്ങനെയുള്ളവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്നും പ്രതീക്ഷിക്കുവാൻ കഴിയുന്നതല്ല.

"സ്നേഹം" എന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് അഗപ്പെ എന്ന സ്നേഹമാണ്. ഇതിൽ വർത്തമാനകാല കർത്തിരിപ്രയോഗത്തിൽ, സുദൃഢമായ അഥവാ സുസ്ഥിരമായ ഒന്ന് എന്നാണർത്ഥം. ഇതൊരു പതിവ് പ്രവൃത്തിയെ അഥവാ പരിചയിച്ച പ്രവൃത്തിയെ കാണിക്കുന്നു. ആകയാൽ ഈ വാഗ്ദത്തം ദൈവത്തെ സ്ഥിരമായി സ്നേഹിക്കുന്നവർക്കുള്ളതാണ്. അതിന്റെ അർത്ഥം എന്താണ്? യോഹന്നാൻ 13:17 ൽ യേശു ശിഷ്യന്മാരോടു ഇപ്രകാരം പറഞ്ഞു 'ഇതു നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ" യോഹന്നാൻ 14:15 ൽ യേശു പറഞ്ഞു 'നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും." 'കാത്തുകൊള്ളും'

എന്നതിന് ഗ്രീക്കിൽ 'ടെറിയോ' എന്നാണ്. അതിന്റെ അർത്ഥം, കാത്തുസൂക്ഷിക്കുക അഥവാ നിധിപോലെ സൂക്ഷിക്കുക' എന്നാണ്. ആ വാക്കിന് കൊടുക്കുന്ന മാന്യതയാണ് സ്നേഹപ്രകടനം. ആർക്കും സദാസമയം പൂർണ്ണമായി അനുസരിക്കാൻ കഴിയുകയില്ല. എന്നാൽ പരാജയപ്പെടുകയും പിന്നെയും പരാജയത്തിൽ നിന്നു കരകയറാൻ ശ്രമിക്കുകയും ദൈവത്തെ ഉറപ്പോടെ പിൻപറ്റുവാൻ പരിശ്രമിക്കുകയും ചെയ്യുന്ന വ്യക്തികളാണ് ഈ ജീവിതരീതിയിലുള്ളത്.

ദൈവത്തെ വെറുക്കുകയോ അറിയാതിരിക്കുകയോ ചെയ്യുന്ന യാതൊരാൾക്കും സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്നു പ്രതീക്ഷിക്കുവാൻ കഴിയുകയില്ല. ജീവിതത്തിന്റെ പിന്നിലുള്ള ശക്തിയും പ്രപഞ്ചത്തിന്റെ സൃഷ്ടാവും ചരിത്രത്തിന്റെ ആസൂത്രകനുമായവനെ നിന്ദിക്കുന്നവൻ തന്റെ ജീവിതത്തിൽ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്ന് വിചാരിക്കുന്നത് മൂഢത്തരമാണ്. ദൈവത്തെ സ്നേഹിക്കുന്നവർ "നിർണ്ണയപ്രപകാരം വിളിക്കപ്പെട്ടവർക്ക്" എന്ന പ്രയോഗത്തെ വിശേഷിപ്പിക്കുന്നു. 'ക്ലെറ്റോസ്' എന്ന ഗ്രീക്കുപദത്തിന്റെ യഥാർത്ഥ അർത്ഥം വിളിക്കപ്പെട്ടവൻ എന്നാണ്. അവർ അതിനെ അനുകൂലമായി പ്രയോജനപ്പെടുത്തുന്നു. പൗലോസ് ചൂണ്ടിക്കാണിക്കുന്നത് ഈ കൂട്ടർ ദൈവവിളിയ്ക്കു ചെവികൊടുക്കുകയും സ്വീകരിക്കുകയും ചെയ്തു എന്നാണ്. എന്തായിരുന്നു ആ വിളി? യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷപ്രാപിക്കാനായിരുന്നു അത്. ആരിലേക്കാണ് ഈ വിളി പോകുന്നത്? സർവ്വലോകത്തിലേക്കുമാണ്.

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് വിളിയോടു അനുകൂലമായി പ്രതികരിച്ച 'വിളിക്കപ്പെട്ടവർ'. ഗ്രീക്കിൽ ഇതിന് കാട്ടാപ്രോതെസ്സീസ് എന്നാണ്. കാട്ട എന്നാൽ 'മാതൃക അനുസരിച്ച്' എന്നാണ്. പ്രോ എന്നാൽ 'മുമ്പേ ഉണ്ടായിരുന്നത്' എന്നും 'തെസ്സീസ്' എന്നാൽ യഥാസ്ഥാനത്താക്കുക എന്നുമാണ്. ദൈവം എല്ലാറ്റിനും അളവും മാതൃകയും വച്ചിരിക്കുന്നു. അവന്റെ മാതൃകകൾ സമ്പൂർണ്ണവും നിത്യവും ആകുന്നു. അവയ്ക്ക് മാറ്റമുണ്ടാകയില്ല. എന്തെന്നാൽ അവൻ മാറ്റമില്ലാത്തവൻ ആണ്. കാലങ്ങൾ ആരംഭിക്കുന്നതിനു മുമ്പേ ദൈവം ഈ ഭൗതിക പ്രപഞ്ചത്തിന്റെ പ്രവർത്തനവും മനുഷ്യന്റെ ആത്മീകപ്രവർത്തനവും ക്രമീകരിച്ചിരുന്നു. നാം കളിപ്പാവകൾക്കു എന്തു ഭവിക്കുമെന്നറിയാതെ അതിനു കീ കൊടുക്കുന്നതുപോലെ ഈ പ്രപഞ്ചത്തെ ഒതുക്കിനിർത്തേണ്ട ആവശ്യം ദൈവത്തിനില്ല. സൃഷ്ടിക്കുന്നതിനു മുമ്പേ ദൈവത്തിനു ഒരു പ്രത്യേക പദ്ധതി ഉണ്ടായിരുന്നു. അത് അവൻ വിശദമായി തിരുവെഴുത്തുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കേണ്ടതിനുള്ള രണ്ടു വ്യവസ്ഥകളാണ് റോമർ 8:28 നൽകിയിരിക്കുന്നത്. അതിൻപ്രകാരം നാം ദൈവത്തെ സ്നേഹിക്കാനും അവന്റെ ഉദ്ദേശ്യപ്രകാരം നാം വിളിക്കപ്പെടണം. അതിന്റെ അർത്ഥം നാം ജീവിക്കേണ്ടതു അവന്റെ ഹിതപ്രകാരം ആയിരിക്കണം. അവന്റെ ഹിതത്തെ പിൻതുടരുവാനുള്ള മനസ്സുണ്ടാകണം. ഞാൻ ഒരു വാഹനം വാങ്ങുകയും അതിന്റെ നിർമ്മാണനിയമപ്രകാരം ഓടിക്കുകയും വേണമെങ്കിൽ ആ നിർമ്മാണകമ്പനി തന്നിരിക്കുന്ന ഉപദേശങ്ങളെ പൂർണ്ണമായും പാലിക്കണം. ഞാൻ ഒരു കെട്ടിടം പണികഴിപ്പിക്കണമെങ്കിൽ അത് നിലനില്പുള്ളതാകേണ്ടതിനു അതിന്റെ മാതൃക വരച്ചു നല്കിയ ആളിന്റെ നിർദേശങ്ങൾ പാലിച്ചിരിക്കണം. ഞാൻ ഒരു കളിക്കാരനും ഒളിംബിക്സ് സ്ഥാനം ആഗ്രഹിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ എന്റെ പരിശീലകൻ നല്കുന്ന പരിശീലനത്തിന്റെ ക്രമം അനുസരിച്ചേ പറ്റൂ. അതുപോലെ എന്റെ ജീവിതത്തിൽ എല്ലാം നന്മയ്ക്കായി ഭവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നെങ്കിൽ ഞാൻ ദൈവത്തിന്റെ പദ്ധതിയെ പിന്തുടരേണ്ടതായിട്ടുണ്ട്.

പദ്ധതിയെ പിൻപറ്റുകയെന്നാൽ നാം എല്ലായിപ്പോഴും നല്ലതുമാത്രം അനുഭവിക്കുക എന്നാണോ? അങ്ങനെയല്ല, നാം പ്രതികൂലങ്ങളെയും കഷ്ടപ്പാടുകളെയുംകൂടി നേരിടേണ്ടിവരും, അങ്ങനെതന്നെയാണ് അനുഗ്രഹങ്ങളുടെയും അഭിവൃദ്ധികളുടെയും കാര്യം. ഇതെല്ലാം എല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കുന്നുണ്ട്. എങ്കിലും നമ്മുടെ ജീവിതം അതിൻനിന്നും വ്യത്യസ്തമായിരിക്കും. എല്ലാ കാര്യങ്ങൾക്കും - നല്ലതിനും തീയതിനും - ഒരു ഉദ്ദേശമുണ്ടെന്ന് നമുക്ക് അറിയാം. എല്ലാ കാര്യങ്ങളും ഒരുപ്രത്യേക ലക്ഷ്യത്തിനുവേണ്ടി - അനന്തമായതും നന്മയുള്ളതും അവസാനത്തേതും പ്രവർത്തിക്കുന്നു. നമ്മുടെ ജീവിതത്തിൽ ദൈവം ആഗ്രഹിക്കുന്ന ആത്യന്തിക നന്മയെന്താണ്? അവന്റെ പുത്രനോടു അനുരൂപരാകുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

> *"അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിനു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു." (റോമർ 8:29-30)*

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാന ല്ല. ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ' (യോഹ. 3:16, 17)

സകലമനുഷ്യനും രക്ഷ പ്രാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (1തിമോ. 2:4; 2പത്രോ.3:9) എന്തുകൊണ്ടെന്നാൽ മനുഷ്യർക്കുവേണ്ടിയാണ് ദൈവം തന്നെത്താൻ സൃഷ്ടിയിലൂടെയും (സ ങ്കീ.19:12, റോമ.1:18-20) മനുഷ്യമനസാക്ഷിയിലൂടെയും (റോമ 2:14, 15) എഴുതപ്പെട്ട വചനത്തിലൂ ടെയും (മത്താ. 4:4; 2തിമോ. 3:16) ജീവിക്കുന്ന വചനത്തിലൂടെയും (യോഹ. 1:1-4; 14:18; എബ്രാ. 1:1,2) പ്രസ്താവിക്കപ്പെട്ട വചനത്തിലൂടെയും (1കൊരി. 2:16, 7:13) വെളിപ്പെടുത്തുകയും വെളിപ്പെടു ത്തികൊണ്ടിരിക്കുകയും ചെയ്യുന്നത്. കൂടാതെ ദൈവം നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെളിപ്പെടുത്തി. (സഭാ.പ്ര.3:11)

എന്നാൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ജീവിതത്തിൽ എന്താണ് തിരഞ്ഞെടുക്കേണ്ടത് എന്നു തീരുമാനിക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടെയാണ്. നമ്മിൽ ഓരോരുത്തർക്കും ഒരു പ്രാവശ്യമെങ്കിലും ദൈവം ജീവിക്കുന്നു എന്നു മനസ്സിലാക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ഇതി നെയാണ് അംഗീകരണത്തിന്റെ യുഗം അഥവാ ദൈവീക മനസാക്ഷിയുടെ യുഗം എന്നു വിളിക്കു ന്നത്. ഈ കാലത്ത് ദൈവത്തെ കൂടുതൽ മനസ്സിലാക്കാനും അവനോട് അടുക്കുവാനും ആഗ്ര ഹിക്കും. ഇതു സാദ്ധ്യമാക്കാനാണ് ദൈവം സുവിശേഷം നമുക്കു നല്കിയത്.

നാം ദൈവവുമായി ചേർന്ന് ഒന്നും ചെയ്യേണ്ടതില്ലെങ്കിലും അവനിൽനിന്നു അകലുവാനുള്ള നമ്മുടെ ആഗ്രഹങ്ങൾക്ക് ഇപ്പോഴും നിത്യതയിലും അവൻ നമുക്കു പകരം നല്കുന്നു. ദൈവം ആരെയും നരകത്തിലേക്കു അയയ്ക്കുന്നില്ല. പാപത്തിനു പരിഹാരം കാണാനുള്ള സ്ഥലവുമല്ല നരകം. നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരം ക്രൂശിൽ യേശുക്രിസ്തു നിർവഹിച്ചു കഴിഞ്ഞു. നരകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു മനുഷ്യർക്കായിട്ടല്ല, പാപം ചെയ്ത ദൂതന്മാർക്കായിട്ടാണ്. ദൈവവിളി നിരസിക്കുന്നവർക്ക് വ്യക്തിപരമായി ലഭിക്കുന്ന നിത്യമായ അവസ്ഥയാണ് നരകം.

"അനുരൂപരാകുക" എന്നതിനു ഗ്രീക്കിൽ 'സുമ്മോർഫു' എന്നാണ്. സുൻ എന്നാൽ 'ഒന്നിച്ച്', 'മോർഫു' എന്നാൽ പ്രത്യക്ഷത, സത്ത എന്നാണ്. അതായത് ദൈവത്തിന്റെ മക്കൾ പ്രത്യക്ഷത്തിലും ഭാവത്തിലും സത്ത യിലും തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ സാദൃശ്യത്തോട് അനുരൂപരാകണം എന്നാണ് ദൈവത്തിന്റെ ഇഷ്ടം. നമുക്ക് സാധ്യമാക്കാവുന്ന എറ്റവും നല്ല ലക്ഷ്യം സമ്പന്നതയോ ഉയർച്ചകളോ കീർത്തിയോ അല്ല, പിന്നെയോ അവന്റെ പുത്രനോട് അനുരൂപരാക്കുകയാണ്. ഇന്നുവരെ ജീവിച്ചിട്ടുള്ള ശ്രേഷ്ഠരായവരെപ്പോലെ നമ്മുടെ ജീവിതവും ആക്കിത്തീർക്കുകയാണ് ദൈവത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം.

**1. അവൻ മുന്നറിഞ്ഞു.** മനുഷ്യചരിത്രം ആരംഭിക്കുന്നതിനു മുമ്പേ സകലത്തിന്റെയും പരിമസമാപ്തി എങ്ങ നെയായിരിക്കുമെന്നു ദൈവം കണ്ടു. ആ ദൈവത്തിന്റെ മുന്നറിവിൽ അതിനുള്ള പരിഹാരവും കരുതൽ നടപ ടിയും തയ്യാറായിരുന്നു. ഈ കരുതൽ അഥവാ ദൈവികപരിപാലനത്തിന് ഇംഗ്ലീഷിൽ പ്രൊവിഡൻസ് എന്നാ ണ്, അതു ഒരു ലാറ്റിൻ വാക്കായ പ്രൊവിഡറേ എന്നതിൽ നിന്നുള്ളവയാണ്. വിഡേരെ എന്ന വാക്കിൽ നിന്നാണ് ഇന്നത്തെ വീഡിയോ (കാണുക എന്നർത്ഥം) ഉണ്ടായത്. പ്രൊ എന്നാൽ 'മുന്നമെ' എന്നർത്ഥം. അതായത് ദൈവം കാണുന്നതുകൊണ്ട് ദൈവം കരുതുവാനും കഴിവുള്ളവനാണ്.

ദൈവം നിത്യതയുടെ ആരംഭത്തിൽനിന്നും സകലത്തെയും നോക്കുമ്പോൾ എല്ലാം അതിന്റേതായ സമ യത്ത് സംഭവിക്കാൻ ഒരുങ്ങിയിരിക്കുന്നതായി കണ്ടു. അവൻ നമ്മെ ഓരോരുത്തരെയും നോക്കി ഏതു സമയ ത്താണ് നാം ജനിക്കുന്നത് എന്ന കണ്ടു. നാം ചിന്തിക്കാൻ പോകുന്ന ചിന്തകളെപോലും കണ്ടു. പാപംപോലും അവൻ അറിഞ്ഞിരുന്നു. അവയെല്ലാം ദൈവം ക്രൂശിൽവച്ച് യേശുക്രിസ്തുവിന്മേലാക്കി. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും പാപത്തിന്റെ പരിഹാരം യേശുക്രിസ്തു ക്രൂശിൽ നിർവഹിച്ചു കഴിഞ്ഞു. നാം ദൈവത്തിന്റെ ക്ഷണത്തെ നിരസിച്ചാൽ ഒരിക്കലും നമുക്കു അവന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെടേണ്ടവരിൽ ഒരുവൻ ആയി

രിക്കുവാൻ കഴിയുന്നതല്ല.

**2. അവൻ മുൻനിയമിച്ചു.** ഈ പ്രയോഗം പലരേയും അത്ഭുതപ്പെടുത്താറുണ്ട്. പ്രൗറിസ്സോ എന്ന ഗ്രീക്ക്വാക്കിൽ നിന്നുണ്ടായതാണിത. ഇതിന് മുമ്പേയുള്ളത് (മുമ്പേ) എന്നാണ് അർത്ഥം. ഹൊറിസ്സോ എന്നാൽ അതിരുകൾ വയ്ക്കുക, വിധി നിർണ്ണയിക്കുക എന്നൊക്കെയാണ് അർത്ഥം. യേശുക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്ന ഓരോരുത്തരുടെയും ഭാവി ദൈവത്താൽ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു എന്ന് സാരം. ആ വിധിനിർണ്ണയ പ്രകാരം ഈ ഭൂമിയിൽവച്ചു നാം ചെയ്തു തീർക്കേണ്ട കാര്യങ്ങൾ അവനുമായി സംയോജിച്ചു വേണം നടപ്പിലാക്കേണ്ടത് (എഫേ 2:10) എന്നാൽ നിത്യതയിൽ ഇതു നിത്യജീവനും നിത്യമായ അവകാശവും ലക്ഷ്യമാക്കിയുള്ള ജീവിതമാണ് (1പത്രോ 1:4,5).

നമ്മുടെ ഓരോരുത്തരുടെയും ജീവിതങ്ങളിൽ ദൈവം ചില അതിരുകൾ നിശ്ചയിച്ചിട്ടുണ്ട്. നമ്മെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ക്രിസ്തുവുമായി നമ്മെ ഏകീഭവിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം ചെയ്യേണ്ടിയിരിക്കുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. എത്ര മാത്രം പ്രതികൂലങ്ങൾ, എത്രമാത്രം നന്മകൾ നമുക്ക് കൈകാര്യം ചെയ്യുവാൻ കഴിയും എന്ന് മനസ്സിലാക്കി അതിനനുസരിച്ച് അവൻ അതിരുകൾ വച്ചു.

**3. അവൻ വിളിച്ചു.** വിളി എന്നതിൽ ഗ്രീക്കിൽ 'കാലിയോ' എന്നാണ്. ദൈവം നമ്മെ ക്ഷണിക്കുകയും നാം ക്ഷണം സ്വീകരിക്കുകയും ചെയ്തു. ക്രിസ്തുവിൽ നാം വിശ്വസിക്കുമ്പോൾ ദൈവം മുന്നമെ ഒരുക്കിയിരിക്കുന്ന രക്ഷയിലേക്കു നാം പ്രവേശിക്കുന്നു.

**4. അവൻ നീതീകരിച്ചു.** 'നീതീകരിക്കുക' എന്നതിനു ഗ്രീക്കിൽ 'ഡിക്കായിയ്യാ' എന്നാണ്. ഇതു റോമൻ നിയമാവലിയിലെ വാക്കാണ്. ഒരാളെ നിയമപരമായി നീതിമാൻ എന്നു പ്രസ്താവിക്കുക എന്നാണ് അർത്ഥം.

## ദൈവത്തിന്റെ പദ്ധതി

"ഞാൻ അല്ലാതെ വേറൊരു ദൈവം ഇല്ല, ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല. ആരംഭത്തിൽ തന്നെ അവസാനവും പൂർവ്വകാലത്തു തന്നെ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാക്കും" (യെശ.46:9,10)

'യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാരങ്ങൾ തലമുറതലമുറയായും നില്ക്കുന്നു." (സദൃ.19:21)

"സൈന്യങ്ങളുടെ യഹോവ ആണയിട്ടു അരുളിച്ചെയ്യുന്നതു; ഞാൻ വിചാരിച്ചതുപോലെ സംഭവിക്കും; ഞാൻ നിർണ്ണയിച്ചത് നിവൃത്തിയാകും." (യെശ. 14:24)

"പുല്ലുണങ്ങുന്നു, പൂവാടുന്നു; നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനില്ക്കും" (യെശ. 40:8)

"യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്തിലും മുന്നറിവിനാലും ഏല്പ്പിച്ചിട്ട് നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു." (അപ്പൊ. പ്ര.2:23)

ആകയാൽ ഈ മനുഷ്യരെ വിട്ടുകൊൾവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചുപോകും ദൈവികം എങ്കിലോ നിങ്ങൾക്ക് അത് നശിപ്പിക്കാൻ കഴിയുകയില്ല. നിങ്ങൾ ദൈവത്തോടു പോരാടുന്നു എന്നു വരരുതല്ലോ. (അപ്പോ.പ്ര.5:38-39)

"അവനിൽ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തിവും ഭൂമിയിലുമുള്ളത്, എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കു എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായി കൊണ്ടുതന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു. തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നറിയക്കപ്പെട്ടതു" (എഫേ. 1:9-11)

എന്നാൽ ദൈവം ഒരാളെ നീതിമാനായി പ്രസ്താവിക്കുന്നത് അയാളുടെ പ്രവർത്തിയുടെ അടിസ്ഥാനത്തിലല്ല. പിന്നെയോ യേശുക്രിസ്തുവിന്റെ നീതിയുടെ അടിസ്ഥാനത്തിലാണ്. അതു നാം വിശ്വാസത്താൽ പ്രാപിക്കണം. ദൈവം തന്റെ പുത്രനെ നമുക്കുവേണ്ടി പാപം ആക്കി, അതിന്റെ ഫലമായി യേശുക്രസ്തുവിലെ വിശ്വാസ ത്താൽ നമ്മെ ദൈവത്തിന്റെ നീതിയായി കണക്കിട്ടു (2കൊരി 5:21). നീതീകരണം ദൈവത്തിന്റെ ദാനമാണ്.

**5. അവൻ തേജസ്കരിച്ചു.** ഡോക്സാസോ എന്ന ഗ്രീക്കു പദത്തിന് 'തേജസ്കരിക്കുക', മഹത്വപൂർണ്ണമാക്കുക (തേജ്ജോപൂർണം) എന്നെല്ലാമാണ് അർത്ഥം. അപ്പോസ്തലനായ പൗലൂസ് തന്റെ എഴുത്തുകളിൽ ദൈവ സംബന്ധമായ സകലത്തിനും 'മഹത്വം' എന്ന വാക്ക് അത്യാവശ്യമായി ചേർത്തിരിക്കുന്നു. ദൈവികമായ ഗുണങ്ങളെ വെളിപ്പെടുത്തുന്ന ഏതൊരു പ്രവർത്തിയും 'മഹത്വം' എന്ന വാക്കിൽ ഉൾക്കൊണ്ടിരിക്കുന്നു. അപ്രകാരം ദൈവീക സ്വഭാവത്തിന്റെ പ്രതിഫലനവും മഹത്വമാണ്. ഈ പ്രത്യേക ഉദ്ദേശത്തിനായിട്ടു, ദൈവിക തേജസ്സിനെ പ്രതിഫലിപ്പിക്കേണ്ടതിനായിട്ടാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (യെശ.43:7; റോമ.9:23; എഫെ.1:6,12,14).

ഈ ഓരോ ക്രിയാപദങ്ങളും പ്രത്യേക നിലയിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു പ്രത്യേക കാലയളവിൽ (സമയത്ത്) സംഭവിക്കുന്ന കാര്യങ്ങൾ കാണിക്കുകയാണ്. സംഭവിക്കുന്ന പ്രവർത്തിയെ ദൈവം ഉളവാക്കുന്ന പ്രവർത്തിയായി കാണിക്കുന്നു. അവനാണ് മുന്നറിഞ്ഞതും മുൻനിയമിച്ചതും. അവൻ തന്നെ വിളിക്കയും, നീതികരിക്കുകയും തേജസ്ക്കരിക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യത്തിന്റെ സൈദ്ധാന്തികമായ പ്രസ്താവനയാണ് ഈ ക്രിയാരൂപം.

സമയത്തിനു മുമ്പേയുള്ള സമയം അഥവാ ആദിയിൽതന്നെ ദൈവം ഇതെല്ലാം ചെയ്തു. നമ്മൾ ഓരോരുത്തരും എപ്രകാരമാണ് യേശുക്രിസ്തുവിനെ അംഗീകരിക്കുകയെന്നു ദൈവത്തിനറിയാം. ഈ അറിവിലാണ് നമ്മുടെ ഭാവിഭാഗധേയം അവൻ തീരുമാനിച്ചത്.

മനുഷ്യ ചരിത്രത്തിനു ഒരു പ്രശ്നം നേരിടുന്നതിനുമുൻപേ ദൈവം അതിനുള്ള പരിഹാരവും കണ്ടിരുന്നു. നാം നേരിടുന്ന കാലാകാലങ്ങളിലെ പ്രശ്നങ്ങളെ മുൻകൂട്ടി അവൻ കണ്ടിട്ടുണ്ട്. അവയ്ക്കുള്ള പരിഹാരവും അവൻ തന്നെ നല്കി. അവൻ അറിഞ്ഞുകൊണ്ട് അതിന്റെ ഭാരവും ഏറ്റെടുത്തു പരിഹാരപദ്ധതിയുമായി നമ്മെ സമീപിക്കുകയും ചെയ്യുന്നു. ആ പദ്ധതി യേശുക്രിസ്തുവായിരുന്നു. അവനിൽ സകല പ്രശ്നങ്ങൾക്കും പരിഹാരം ദൈവം ഒരുക്കിയിരുന്നു. ആകയാൽ ദൈവപുത്രൻ മഹത്വത്തിന്റെ കർത്താവും, സമാധാനപ്രഭുവും ആയിത്തീർന്നു. എന്തു ചെയ്യാനാണ് ദൈവം അവനെ ലോകത്തിലേക്ക് അയച്ചത്? നമ്മുട പ്രശ്നങ്ങളെ എടുത്തു മാറ്റുന്നതിനായിട്ടായിരുന്നോ? അല്ല, നാം നമ്മുടെ പ്രശ്നങ്ങളെ നേരിടുന്നതിനാവശ്യമായ ശക്തി നമ്മളിൽ നിക്ഷിപ്തമാക്കുകയായിരുന്നു ഉദ്ദേശ്യം. അതുകൊണ്ട് നാം നമ്മുടെ രക്ഷകനെ സ്വീകരിക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരവും ലഭ്യമാകും.



# പാഠം 1– 3:
# കരുതൽ നടപടി - *ക്രൂശ്*

**യോഹന്നാൻ 1:1–5, 14, 18;**

**1 കൊരിന്ത്യർ 15:1–4**

നിത്യതയിൽ തന്നെ, മനുഷ്യസൃഷ്ടിയോ, വീഴ്ചയോ ഒന്നും യാഥാർത്ഥ്യമാകും മുമ്പുതന്നെ അവരുടെ രക്ഷയ്ക്കുവേണ്ടിയുള്ള പദ്ധതിയും ദൈവം ഒരുക്കിയിരുന്നു. അവരുടെ സൃഷ്ടിയും വീഴ്ചയും യാഥാർത്ഥ്യമായ ശേഷം സംപൂർണ്ണതയിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി യേശുക്രിസ്തു ലോകത്തിൽ വന്നു.

പ്രപഞ്ചത്തിലുള്ള സകലതും വിരൽ ചൂണ്ടുന്നതു രക്ഷകനിലേക്കാണ്. എല്ലാ പ്രമാണങ്ങളും എല്ലാ വാഗ്ദത്തങ്ങളും ദൈവവചനങ്ങളിലെ സകല സത്യങ്ങളും വിലയുള്ളതുമായിരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിനോടും അവന്റെ പ്രവർത്തിയോടും അത് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഈ കാരണത്താലാണ് കൊലോസ്യർ 1:18 ൽ ദൈവത്തിന്റെ സകല പദ്ധതികളുടെയും സാരാംശമായി "സകലത്തിനും താൻ മുമ്പനാകേണ്ടതിന് ..." എന്ന് എഴുതിയിരിക്കുന്നത്.

ക്രിസ്തുവിന്റെ ശ്രേഷ്ടത (പ്രഥമസ്ഥാനം) നിലനില്ക്കുന്നത് രണ്ടു കാര്യങ്ങളിൻമേലാണ്. അവന്റെ വ്യക്തിത്വം, പ്രവർത്തി എന്നിവയാണ്. ആരാണ് യേശുക്രിസ്തു? അവൻ - എപ്പോഴും ദൈവം ആകുന്നു. ഒരു പ്രത്യേക കാലത്തികവിൽ അവൻ - എപ്പോഴും അങ്ങനെ ആയിരിക്കും - മനുഷ്യൻ ആയിത്തീർന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ യേശുക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം എന്നിവകളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളും ഉയർന്നപ്പോൾ അപ്പോസ്തലനായ യോഹന്നാൻ ആ കുഴപ്പങ്ങൾക്കു സമാപ്തി വരുത്തേണ്ടതിനായി ഇപ്രകാരം എഴുതി.

> *"ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു" (യോഹന്നാൻ 1:1,2). യോഹന്നാൻ പറയുന്നതു, സൃഷ്ടികർമ്മത്തിനും മുൻപു ലക്ഷോപലക്ഷമോ കോടാനുകോടിയോ വർഷങ്ങൾ തിരിച്ചുപോയി നിങ്ങൾ ഏതൊരു പ്രത്യേക സ്ഥാനത്ത് എത്തിച്ചേരുമോ അവിടെ നിന്നുകൊണ്ട് ഈ വേദഭാഗം പരിശോധിച്ചാലും അതിനെല്ലാം മുൻപേ വചനം ഉണ്ടായിരുന്നു എന്നു കാണാം. "ഉണ്ടായിരുന്നു" എന്നതിനു ഗ്രീക്കിൽ "എയിമി" എന്നാണ്. അതിന് "ഉണ്ടായിരിക്കുക" എന്നാണ് അർത്ഥം. അതിനു ഭൂതകാലത്തിൽ തുടർച്ചയായി ഉണ്ടായിരുന്നത് എന്നുകൂടി അർത്ഥമുണ്ട്.*

ആദിയിൽ വചനം ഉണ്ടായിരുന്നു എന്നുമാത്രമല്ല, ആ വചനം "ദൈവത്തോടുകൂടെ ആയിരുന്നു" പ്രോസ് എന്ന വാക്കിന് "മുഖാമുഖം" എന്നാണർത്ഥം. ദൈവവചനത്തിന്റെ അതുല്യതയെക്കുറിച്ചാണ് യോഹന്നാൻ

പ്രസ്താവിക്കുന്നത്. വാസ്തവത്തിൽ പിതാവായ ദൈവത്തിൽ നിന്നു അവൻ വേർതിരിക്കപ്പെട്ടിരുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനത്തിനു ആദിയിൽ നിത്യാസ്തിത്വവും ദൈവവുമായി മുഖാമുഖ അനുഭവവും ഉണ്ടായിരുന്നു. ആയതിനാൽ ദൈവത്തിൽനിന്നു അതുല്യമായ നിലനില്പുണ്ടായിരുന്നു. "വചനം ദൈവമായിരുന്നു". വചനത്തിന്റെ ദൈവത്വത്തെക്കുറിച്ചു ഇതിൽകൂടുതലായി തെളിവും ഉറപ്പും നല്കുവാൻ യോഹന്നാന് കഴിയുമായിരുന്നില്ല.

യോഹന്നാൻ വചനത്തിന്റെ അതുല്യതയെ ആവർത്തിച്ചു പ്രസ്താവിച്ചിരിക്കുന്നു. അവൻ ദൈവത്തോടുകൂടെ ആയിരുന്നു. ഇവിടെ യോഹന്നാൻ 'ഹൌട്ടോസ്' എന്ന വ്യക്തിഗത സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം "അതുല്യനായ വ്യക്തി" എന്നാണ്. വചനം വെറുമൊരു ശക്തിയോ, അധികാരമോ, ഒരു ബഹിർഗമനമോ അല്ല പിന്നെയോ, ഒരു വ്യക്തിയാണ്. ഈ വ്യക്തി എന്നും ഉള്ളവനും ദൈവത്തിൽനിന്ന് അദ്വിതീയനും ദൈവവുമാകുന്നു.

> *"സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല" (യോഹന്നാൻ 1:3-5)*

"സകലവും" എന്നതിൽ സൃഷ്ടിക്കപ്പെട്ടതെല്ലാം ഉൾപ്പെടുന്നു. "ഉളവാക്കി" എന്നത് ഗ്രീക്കുപദമായ "ഗിനോമായി" എന്ന ക്രിയാപദത്തിൽനിന്നു വന്നതാണ്. അതിന്റെ അർത്ഥം മുമ്പു ഇല്ലാതിരുന്ന ചിലത് പ്രാബല്യത്തിൽ വരിക എന്നാണ്. "അവനാൽ" എന്ന പ്രയോഗത്തിനു യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത് 'ഡിയാ' എന്ന വാക്കാണ്. ഇത് പ്രവർത്തനോന്മുഖമായ മാദ്ധ്യമം എന്നാണ്. ഇതു നമ്മോടു പറയുന്നത് യേശുക്രിസ്തു സകലത്തിന്റെയും സൃഷ്ടിതാവ് ആകുന്നു എന്നാണ്. ചില വാക്യങ്ങൾക്കുശേഷം യോഹ. 1:10ൽ "ലോകം അവൻ മുഖാന്തരം ഉളവായി" എന്നു നാം വായിക്കുന്നു. അതായത് യേശുക്രിസ്തുവിനെ കൂടാതെ യാതൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നാണ്.

ഇതിനു തുല്യമായ മറ്റൊരു വാക്യം യോഹന്നാൻ തന്റെ എഴുത്തുകളിൽ ഉപയോഗിച്ചിരിക്കുന്നതു യേശു തന്റെ അവസാന രാത്രിയിൽ ശിഷ്യന്മാരോടു പറഞ്ഞതാണ്. "എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയില്ല". യേശുവിനെകൂടാതെ യാതൊന്നും ഈ ലോകത്തിലേക്കു വന്നിട്ടില്ല എന്നതുപോലെ തന്നെ യേശുവിനെ കൂടാതെ ആത്മീയ ലോകത്തിലേക്കും ഒന്നും വന്നിട്ടില്ല. അതേ, യേശുവുമായുള്ള ബന്ധംകൊണ്ടു മാത്രമാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്.

ഈ ആശ്രയത്തിലാണ് "അവനിൽ ജീവൻ ഉണ്ടായിരുന്നു" എന്നു യോഹന്നാൻ എഴുതിയത്. ജീവൻ എന്നതിന് ഗ്രീക്കിൽ രണ്ടു വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ഭൗതിക ജീവിതത്തെക്കുറിക്കുന്നതിന് "ബിയോസ്" എന്നും, ദൈവത്തിന്റെ ജീവൻ എന്നർത്ഥം വരുന്ന സംപൂർണ്ണ ആശയത്തിനു "ബോയേ" എന്നും ഉപയോഗിച്ചിരിക്കുന്നു. അർത്ഥപൂർണ്ണവും വിലയുമുള്ളതായ ഒരു ഉയർന്ന ജീവിതനിലവാരത്തെ കാണിക്കാനാണ് ഇതു ഉപയോഗിക്കുന്നത്. ജീവന്റെ വചനത്തിൽ ജീവന്റെ സത്തയും ഗുണവും എല്ലായിപ്പോഴും ഉണ്ടായിരുന്നു എന്നാണർത്ഥം. അവൻ "മനുഷ്യരുടെ വെളിച്ചമായിരുന്നു".

മനുഷ്യന്റെ വീഴ്ച മുതൽ അവൻ ഈ ജീവനിൽനിന്നു വേർപെട്ടുപോയി (എഫേ. 4:18). എന്നാൽ ഇപ്പോഴുള്ള പ്രകാരത്തിൽ ത്രിത്വത്തിൽ രണ്ടാമനും നിത്യത മുഴുവനും നിത്യജീവൻ ഉള്ളവനുമായവൻ വചനം ജഡമായതോടെ മനുഷ്യരുടെ പ്രകാശമായിത്തീർന്നു. അവന്റെ വരവിന്റെ ഉദ്ദേശ്യം അവനിൽ വിശ്വസിക്കുന്നവരെ ഈ ജീവന്റെ പങ്കാളികളാക്കുക എന്നതായിരുന്നു (യോഹ. 3:15).

ഈ ജീവൻ ലോകത്തിലെ ഇരുളിൽ പ്രകാശമായിരുന്നു. ഇരുൾ അതിനെ പിടിച്ചടക്കിയില്ല. പാപത്തിൽ വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നപരിഹാരത്തിനുള്ള ദൈവിക പദ്ധതിയായിരുന്നു ഈ വെളിപ്പെടുത്തപ്പെട്ട ദൈവിക സത്ത. ഇത് യേശുക്രിസ്തുവാകുന്ന സത്യവെളിച്ചം തന്നെയായിരുന്നു.

> *"വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു". (യോഹ. 1:14)*

"ആയിത്തീർന്നു" എന്നതു മുമ്പുണ്ടായിരുന്ന നിത്യാവസ്ഥയിൽനിന്നു ഇപ്പോഴത്തെ അവസ്ഥയിലേക്കുള്ള രൂപാന്തരത്തെയാണു ചൂണ്ടി കാണിക്കുന്നത്. വചനം തനിക്കുണ്ടായിരുന്ന സ്വർഗ്ഗീയ മഹിമയെ മാറ്റിവച്ചു. പൗലൂസ്

2കൊരി. 8:9ൽ പറഞ്ഞിരിക്കുന്നതുപോലെ “അവൻ സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്രത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ?” “ദരിദ്രനായിത്തീർന്നു” എന്ന ഇവിടുത്തെ പ്രയോഗം വെളിപ്പെടുത്തുന്നത് സമ്പൂർണ്ണ ദാരിദ്രത്തെയാണ്. എന്തിനാണ് അവൻ ദരിദ്രനായിത്തീർന്നത്? നമ്മൾ മഹാ സമ്പന്നർ ആകുന്നതിനുവേണ്ടിയായിരുന്നു.

“പാർത്തു” എന്നുപയോഗിച്ചിരിക്കുന്ന “സ്കെനു” എന്ന പദത്തിന് സമാഗമന കൂടാരത്തിൽ എന്നർത്ഥം. ഇതു പഴയനിയമത്തിലെ സമാഗമനകൂടാരത്തിൽ ഇറങ്ങിവസിച്ച ‘ഷെക്കീന തേജസ്സിനെ’ ഓർമ്മപ്പെടുത്തുന്നു. ഇവിടെ അതു ശരീരവും, രക്തവും ഉള്ളതായിത്തീർന്നു. ദൈവം കൂടാരങ്ങളിലും, ദൈവാലയങ്ങളിലും വാസം അവസാനിപ്പിച്ചു മനുഷ്യ ജീവിതങ്ങളിൽ തന്റെ മഹത്വത്തോടെ വസിക്കുവാൻ ആരംഭിച്ചു.

ദൈവത്തിന്റെ പുത്രൻ തന്റെ ദൈവത്വവും, സിംഹാസനവും വിട്ട് കോടാനുകോടി പ്രകാശവർഷങ്ങളെ കടന്നു ശൂന്യാകാശത്തിലൂടെ ഒരു ശിശുവിന്റെ രൂപത്തിൽ ഈ ലോകത്തിലേക്കു പ്രവേശിച്ചു. സർവ്വശക്തനായവൻ മനുഷ്യശരീരത്തിന്റെ പരിമിതിയിൽ പ്രത്യക്ഷനായി. സർവ്വജ്ഞാനിയായവൻ മനുഷ്യചിന്തയുടെ പരിമിതിക്കുള്ളിൽ ഒതുങ്ങുവാൻ തക്കവണ്ണം താണു. സർവ്വജ്ഞാനിയായവൻ മനുഷ്യന്റെ പരിമിതിക്കുള്ളിൽ ചിന്തകൾക്കു അധീനനായി. സർവ്വവ്യാപിയായവൻ സ്ഥലകാല സമയങ്ങളുടെ പരിധിയുള്ള ശരീരത്തിൽ വാസം ആരംഭിച്ചു.

## ദൈവം വെളിപ്പെടുത്തി

“ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു”(യോഹ. 1:18)

ത്രിത്വത്തിലെ പ്രത്യക്ഷമായി വെളിപ്പെടുത്തപ്പെട്ട ഏക വ്യക്തി യേശുക്രിസ്തു മാത്രമാണ്. “വിശദീകരിച്ചു” എന്ന അർത്ഥം വരുന്ന ഗ്രീക്ക്വാക്ക് ന്യൂ അമേരിക്കൻ സ്റ്റാൻഡാർഡ് വേർഷനിൽ ഉപയോഗിച്ചപ്പോൾ “വെളിപ്പെടുത്തി” എന്ന അർത്ഥം വരുന്ന എക്സേ ജീയോമായി ആണ് കിംങ് ജയിംസ് ൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിന് “സംഭവകഥയെ പുറത്തുകൊണ്ടുവരിക, പറഞ്ഞിട്ടില്ലാത്തവയെ പഠിപ്പിക്കുക, വീണ്ടും എണ്ണുക, പ്രസ്താവിക്കുക, വെളിപ്പെടുത്തുക എന്നൊക്കെയാണ് അർത്ഥം”.

സകല പഴയനിയമ പ്രത്യക്ഷതകളും ചൂണ്ടിക്കാട്ടുന്നത് മനുഷ്യാവതാരം ചെയ്യുന്നതിനു മുമ്പുള്ള ക്രിസ്തുവിനെയാണ്. ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിന്റെ ഈ പ്രത്യക്ഷതയെ “കർത്താവിന്റെ ദൂതൻ” എന്ന പേരിലാണ് പ്രസ്താവിച്ചിരിക്കുന്നത് (ഉല്പ. 16:7-13; 22:11-18; 31:11-13; 48:15,16; പുറ.3:2-14; ന്യായ. 6:11-23; 13:2-22). ചില ഭാഗത്ത് “ഒരു പുരുഷൻ” എന്ന പ്രയോഗവും കാണാം (ഉല്പ.18:1-33; 32:24-32; യോശു. 5:13-15; ദാനി. 3:24-25). മറ്റു ചില ഭാഗങ്ങളിൽ “യിസ്രായേലിന്റെ ദൈവം”, “കർത്താവ്” എന്നും കാണുന്നു (പുറ. 24:9-11).

ചില സമയങ്ങളിൽ അവന്റെ പ്രത്യക്ഷതയെ “ദൈവ തേജസ്സായും” “അഗ്നിയിൽ നിന്നുള്ള” മേഘവും തൂണും ആയിട്ടായിരുന്നു വെളിപ്പെടുത്തിയത്. യിസ്രായേലിന്റെ മരുഭൂമിയാത്രാ കാലത്തായിരുന്നു ഇത് (പുറ. 13:21,22; 14:19; 16:7,10; 24:16,17; 33:18-23). നിയമപെട്ടകത്തിൻമേൽ അത് തേജസ്സിന്റെ മേഘമായിരുന്നു.കെരുബുകൾക്കിടയിലാണ് അതു പ്രകാശിച്ചത്. സമാഗമന കൂടാരത്തിലെ അതിപരിശുദ്ധ സ്ഥലത്തു പ്രകാശിച്ച മേഘം പിന്നീട് ദൈവാലയത്തിലും പ്രകാശിച്ചു (പുറ. 25:22; 33:9,10; 40:34-38 ലേവി. 9:23; 26:11,12 സംഖ്യാ. 16:42 1രാജാ. 8:11 2ദിന. 5:13,14).

“ഷെക്കീന”, “ഷെക്കയിന തേജസ്സ്” എന്നത് എബ്രായ ഭാഷയിലെ “ഷെയിക്കൻ” എന്ന വാക്കിൽനന്നു വന്നതാണ്. ഇതിനു “വസിക്കുക” എന്നാണർത്ഥം. ദൈവീക പ്രത്യക്ഷതയെ വെളിപ്പെടുത്തുവാൻ യഹൂദന്മാർ സാധാരണ ഈ പദം ഉപയോഗിച്ചിരുന്നു. യേശുവാണ് യഥാർത്ഥ “ഷെക്കീന തേജസ്സ്”. അവന്റെ മനുഷ്യാവതാരത്തോടെ ഈ തേജസ്സ് മനുഷ്യനിലേക്കു പ്രവേശിച്ചു. “വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. നിങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നും ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹ. 1:14).

അവന്റെ ദൈവത്വത്തിന്റെതായ ഒരു അധികാരവും അവൻ ഉപേക്ഷിച്ചില്ല. എന്നാൽ മനുഷ്യൻ എന്ന നിലയിൽ മാനുഷിക നിയമങ്ങൾക്കു അധീനനായിരുന്നു, സ്വയം പിതാവിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടു (യോഹ. 6:38). അവൻ പഠിപ്പിച്ചതു പിതാവിനെക്കുറിച്ചായിരുന്നു (യോഹ. 7:16). പിതാവിനു പ്രസാദമായതു മാത്രമെ അവൻ ചെയ്തുള്ളു (യോഹ. 8:29). അവന്റെ അന്വേഷണവും പിതാവിന്റെ മഹത്വം ആയിരുന്നു (യോഹ. 8:50).

“ഞങ്ങൾ അവന്റെ തേജസ്സ് കണ്ടു” എന്നു യോഹന്നാൻ പറയുന്നു. തേജസ്സിന്റെ അർത്ഥം ദൈവത്തിന്റെ സ്വഭാവത്തിന്റെ സത്ത പ്രതിഫലിച്ചു എന്നാണ്. സമ്പത്തിന്റെയോ, ധനത്തിന്റെയോ, വ്യക്തിത്വത്തിന്റെ ആകർഷണത്താലുള്ള തേജസ്സോ അല്ലായിരുന്നു.പഴയനിയമത്തിൽ വായിക്കുന്നതുപോലെ “വിശുദ്ധിയുടെ മനോഹാരിത’തയായിരുന്നു; പിന്നയോ പ്രപഞ്ചത്തിലെ അതിമനോഹരമായ സമ്പൂർണ്ണതയുടെയും പരിശുദധിയുടെയും തേജസ്സായിരുന്നു. ഒരു മനുഷ്യനിൽ വെളിപ്പെട്ട ദൈവസ്വഭാവമായിരുന്നു, അതാണ് “കൃപയും സത്യവും നിറഞ്ഞ മനുഷ്യൻ”.

> *“ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു” (യോഹ.1:18).*

ദൈവം ആത്മാവാകുന്നു; അവൻ അദൃശ്യനാകുന്നു. എന്നാൽ പുത്രൻ അവനെ “വെളിപ്പെടുത്തി”. യേശുക്രിസ്തു ദൈവമാകുന്നു. എന്നാൽ ഈ ലോകത്തിലേക്കു പ്രവേശിച്ചത് സ്ത്രീയുടെ സന്തതിയായിട്ടാണ് (ഉല്പ. 3:15). “കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നും ജനിച്ചവനായി ന്യായപ്രമാണത്തിൽ കീഴിൽ ജനിച്ചവനായി നിയോഗിച്ചയച്ചു” (ഗലാ.4:4). ഇപ്പോൾ മനുഷ്യശരീരത്തിലുള്ള ദൈവം വെളിപ്പെടുത്തുന്നതു നിത്യനായ ദൈവത്തിന്റെ ആത്മീയ സത്തയാണ്. “വിശദമാക്കുക” (വെളിപ്പെടുത്തുക) എന്നതിന് ഗ്രീക്കിൽ “എക്സേ ജീയോമായി” എന്നാണ്. ഇതിന്റെ ഇംഗ്ലീഷാണ് ‘എക്സേജെസീസ്’ (exegesis). ഇതിന്റെ അർത്ഥം ശരിയായ അർത്ഥം വെളിപ്പെടുത്തുക, പ്രകാശത്തിലേക്കു കൊണ്ടുവരിക എന്നതാണ്. ക്രിസ്തു ചെയ്തതും ഇതു തന്നെയാണ്. ദൈവത്തെയും ദൈവസ്വഭാവത്തെയും സമ്പൂർണ്ണ അർത്ഥത്തിൽ മനുഷ്യവർഗ്ഗത്തിനു വെളിപ്പെടുത്തി കൊടുത്തു.

യേശു വന്നത് മനുഷ്യൻ എങ്ങനെ നന്നായി ജീവിക്കണം എന്ന മാതൃക കാണിച്ചു കൊടുക്കുവാനല്ല. അവർക്കു വേണ്ടി മരിക്കുവാനായിട്ടാണ് ജനിച്ചത്. അവന്റെ പൂർണ്ണതയുള്ള ജീവിതം മനുഷ്യർക്കു പ്രയോജനപ്പെടണമെങ്കിൽ അവൻ മരിക്കണമായിരുന്നു. മനുഷ്യന്റെ പ്രശ്നം അവന് ഉന്നതമായ ശ്രേണിയിൽ എത്താൻ കഴിയുന്നില്ല എന്നതല്ല. മറിച്ച് ജീവിതത്തിന്റെ ഒരു സ്ഥാനത്തും എത്തിച്ചേരുവാൻ കഴിയാതിരുന്നു എന്നതാണ്. ന്യായപ്രമാണത്തിന്റെ പ്രവർത്തിയാൽ ദൈവസന്നിധിയിൽ എത്താൻ കഴിയുകയില്ല എന്ന് തെളിയിക്കപ്പെട്ടിരുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഒരു നടുച്ചുവർ സൃഷ്ടിക്കപ്പെട്ടിരുന്നു. ഭാവിയിൽ നന്നായി ജീവിക്കാനായി, ആശയറ്റ കഴിഞ്ഞകാലത്തിൽ നിന്നു വിടുവിക്കപ്പെടുവാനുള്ള പിഴ കൊടുക്കുവാൻ അവനു കഴിവില്ലായിരുന്നു. അവൻ നിസ്സഹായനും, ആശയറ്റവനും ആയിരുന്നു. ഈ അവസ്ഥ യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങൾവരെ തുടർന്നു.

> *“എന്നാൽ സഹോദരന്മാരെ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യർത്ഥമാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു.”(1കൊരി. 15:1,2)*

1കൊരിന്ത്യ 15ൽ അപ്പോസ്തലനായ പൗലൂസ് സുവിശേഷത്തിന്റെ ശക്തിയും തുടർന്ന് സുവിശേഷത്തിന്റെ ഉള്ളടക്കവുമാണ് വിവരിക്കുന്നത്. പൗലൂസ് പ്രസംഗിച്ച സുവിശേഷമാണ് എല്ലാവരും അറിയണമെന്ന് പറഞ്ഞത്. “ഈയുജുലിസ്സോ” എന്ന വാക്കിൽ നിന്നാണ് “ഇവാൻജലൈസ്” എന്ന വാക്കുണ്ടായത്. ഇതിന്റെ അർത്ഥമാകട്ടെ “നല്ല വാർത്തയെ പ്രസിദ്ധമാക്കുക” എന്നാണ്. സുവിശേഷത്തിന്റെ ലക്ഷ്യം പൂർത്തികരിക്കപ്പെടണമെങ്കിൽ ആരെങ്കിലും അതിനെ പ്രഘോഷിക്കണം.

പൗലൂസ് സുവിശേഷം പ്രസിദ്ധമാക്കിയപ്പോൾ ജനം അതിനെ സ്വീകരിച്ചു. “പരനലാർബാനോ” എന്നതിന് “ഒരാളുടെ സ്വന്തമായി എടുക്കുക” എന്നാണ്. ഈ ആളുകൾക്ക് സുവിശേഷം കൊടുക്കുകയും അവരത് കൃപയാൽ വിശ്വാസംമൂലം സ്വീകരിക്കുകയും ചെയ്തു. അതായതു അവർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. “ഹിസ്റ്റേമി”

എന്ന വാക്കിൽ നിന്നാണ് "നില്ക്കുക" എന്ന ക്രിയ ഉണ്ടായത്. പൂർണ്ണകാല ക്രിയയിൽ ഇതിനർത്ഥം കഴിഞ്ഞ കാലത്തു ഏതോ പ്രത്യേക സമയത്ത് യേശുക്രിസ്തുവിനോട് ചേർന്നുനില്പാൻ തീരുമാനിച്ചത് ഫലത്തിൽ നിത്യമായ ഒരു നില്പായി തീർന്നു. ഇതിനെയാണ് പൗലൂസ് നിത്യഭദ്രത എന്നു തറപ്പിച്ചു പറഞ്ഞത്. റോമർ. 5:2ൽ ഒരു വിശ്വാസിയുടെ കൃപയിലുള്ള നില്പിനെക്കുറിച്ചു പറയുന്നു.

"രക്ഷിക്കപ്പെട്ടു" എന്നതു വർത്തമാനകാലത്താണ്. പൗലൂസ് പറയുന്നു; "നിങ്ങൾ ഇപ്പോൾ രക്ഷിക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ നാളെയും അടുത്ത ആഴ്ചയിലും, അടുത്ത മാസത്തിലും, അടുത്ത വർഷത്തിലും രക്ഷിക്കപ്പെടാൻ പോകുന്നു." എങ്ങനെയാണ് അവർ രക്ഷിക്കപ്പെട്ടത്? അവർ സുവിശേഷത്തിൽ വിശ്വസിച്ചു.

ഈ ജനം ക്രിസ്തുവിൽ നിത്യമായ ഉറപ്പു (ഭദ്രത) കണ്ടെത്തിയവർ ആകുന്നു. എന്നാൽ അവർ വിശ്വസിച്ചത്, "വ്യർത്ഥമാകുമായിരുന്നു" എന്ന് 1കൊരി. 15:2ൽ പൗലൂസ് പറഞ്ഞത് എന്തകൊണ്ടായിരുന്നു? അദ്ദേഹത്തിന്റെ പ്രസ്താവന തെറ്റല്ലായിരുന്നു എന്നു ഗ്രഹിക്കണമെങ്കിൽ അതിന്റെ 12-17 വരെയുള്ള ഭാഗം ചേർത്തു വായിക്കണം.

വാക്യം 12 മുതൽ വായിക്കുമ്പോൾ മനസ്സിലാകുന്നത് കൊരിന്ത്യസഭയിലെ വിശ്വാസികളിൽ പലരും ശാരീരിക പുനരുത്ഥാനം സംഭവിക്കും എന്ന് വിശ്വസിച്ചിരുന്നില്ല. കൊരിന്തിലെ വിശ്വാസികൾ കേട്ടും പഠിച്ചും വളർന്ന തത്വജ്ഞാനത്തിനു ഒട്ടും അംഗീകരിപ്പാൻ കഴിയാത്ത ഒന്നായിരുന്നു ശാരീരിക പുനരുത്ഥാനം. ശരീരം ഒരു തടവറയായിട്ടാണ് യഹൂദർ കണ്ടിരുന്നത്. ശാരീരിക പുനരുത്ഥാനത്തെക്കുറിച്ചു പൗലൂസ് പഠിപ്പിച്ചപ്പോൾ നിത്യമായ തടവറ വാസമെന്നാണ് അവർക്കു മനസ്സിലായത്.

യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ് ഇവർ രക്ഷിക്കപ്പെട്ടതെങ്കിലും ശാരീരിക പുനരുത്ഥാനത്തിൽ വിശ്വസിപ്പാൻ അവർക്കു കഴിഞ്ഞിരുന്നില്ല. ഇവരെ ഈ വിഷയം പഠിപ്പിച്ച് അതിൽ വളർത്തിയയെടുക്കാനാണ് പൗലൂസ് ശ്രമിക്കുന്നത്. 12-14 വരെയുള്ള വാക്യങ്ങളിൽ അവൻ പറയുന്നതു ശ്രദ്ധേയമാണ്. ശാരീരിക പുനരുത്ഥാനം ഇല്ലെങ്കിൽ യേശുക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ പൗലൂസിന്റെ പ്രസംഗവും അവരുടെ വിശ്വാസവും വ്യർത്ഥമാണ്.അർത്ഥമില്ലാത്തതും, ഉപയോഗശൂന്യവുമാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ പാപത്തിനു പരിഹാരവുമില്ല. അവരുടെ പ്രത്യാശ താല്ക്കാലികമല്ലാതെ നിത്യതയിലേക്കുള്ളതല്ല. അങ്ങനെയെങ്കിൽ യേശുക്രിസ്തുവിൽ വിശ്വസിച്ചത് വെറുതെ സമയനഷ്ടം മാത്രമാണ്.

ഒരുവൻ വിശ്വസിച്ച ദൂത് തെറ്റാണെങ്കിൽ അവൻ വിശ്വസിച്ചത് വൃഥാവാണ്. വാക്യം 2 ൽ പറയുന്നത് ഈ ദൂത് നിങ്ങൾ വിശ്വസിക്കുകയും യേശുക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുകയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെടുകയും കൃപയിൽ നില്ക്കുകയും ചെയ്യുന്നു. മറ്റെന്തെങ്കിലും വിശ്വസിച്ചാൽ ദൂത് വ്യർത്ഥമാണ്.

## ഗ്രീക്കു ഭാഷ

"പുതിയ നിയമം എഴുതിയത് ബി. സി. 300 മുതൽ എ.ഡി. 500 വരെയുള്ള കാലത്തു യവനായ ലോകം സംസാരിച്ചിരുന്നത് ഗ്രീക്കുഭാഷയിലാണ്. ഈ ഭാഷ അറിയപ്പെട്ടിരുന്നതു കോയിനേ അഥവാ സാധാരണക്കാരായ ജനങ്ങളുടെതായ സാധാരണ ഗ്രീക്കു എന്നാണ്, എന്തുകൊണ്ടെന്നാൽ ഇതു ശ്രേഷ്ഠമായ ഗ്രീക്കു സാഹിത്യഭാഷയ്ക്കു എതിരായ ദൈവഭാഷയായിരുന്നു."

അലക്സാണ്ടർ ചക്രവർത്തി കോയിനേ ഗ്രീക്കിനെ വ്യാപിപ്പിക്കാൻ പദ്ധതിയിട്ടത് ലോകത്തെ കീഴടക്കുന്നതിനു വേണ്ടിയായിരുന്നു. ഒരു വലിയ സമ്മിശ്ര സേനയുമായി അലക്സാണ്ടർ ഗ്രീക്ക് പട്ടണത്തിന്മേൽ തന്റെ വിജയം നേടി മടങ്ങുമ്പോൾ അദ്ദേഹം ഒരുവലിയ പ്രശ്നം കണ്ടെത്തി. "ഇടതുവശം നോക്കി മുന്നോട്ട് മാർച്ച് ചെയ്യൂ" എന്ന തന്റെ പട്ടാള ഓഫീസർ അലറിപറഞ്ഞപ്പോൾ പട്ടാളക്കാരുടെ പ്രതികരണം നേരെ വിപരീതമായിരുന്നു. എന്തെന്നാൽ അവർക്കു ഗ്രീക്കു ഭാഷ അറിഞ്ഞുകൂടായിരുന്നു. ഏഥൻസിലുള്ളവർ പരിശുദ്ധമായ ഗ്രീക്കു സാഹിത്യഭാഷ ഉപയോഗിക്കുകയും വാഗ്വൈഭവത്തോടെ സംസാരിക്കുകയും ചെയ്തിരുന്നു; സ്പാർഥിയർ ഏകാക്ഷര പ്രയോഗമായ ഗ്രീക്കു പരുക്കൻ ശബ്ദത്തിൽ ശക്തിയോടെ സംസാരിച്ചിരുന്നു.

ലോകത്തെ കീഴടക്കുവാനുള്ള ആശയ്ക്കു മുമ്പായി അലക്സാണ്ടറിന് ഭാഷയെ കീഴടക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ ഗ്രീക്കു വ്യക്തവും ജനങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നതുമായിരുന്നു. ദൈവം തന്റെ പുതിയ നിയമ ഉപദേശങ്ങൾ ജനങ്ങളുമായി പങ്കുവച്ചപ്പോൾ വ്യക്തവും കൃത്യവും ഏതൊരു സാഹചര്യത്തെയും നേരിടാൻ മതിയായതും യുദ്ധമേഖലയിലുള്ള ഏതൊരാൾക്കും നേതൃനിരയിലുള്ളവരുടെ നിർദ്ദേശങ്ങൾ പെട്ടെന്നു മനസ്സിലാക്കാൻ കഴിയുന്നതുമായ ഭാഷയായിരുന്നു.

ഇത്ര കൃത്യമായി ചിന്തിച്ചു പ്രവർത്തിക്കാൻ അലക്സാണ്ടറെ പഠിപ്പിച്ചതു അദ്ദേഹത്തിന്റെ ഗുരുവായ അരിസ്റ്റോട്ടിൽ ആയിരുന്നു. അലക്സാണ്ടറുടെ കണക്കു ശാസ്ത്രത്തിലെ അറിവാണ് ഏതുകാര്യവും വിശേഷിച്ചു ഭാഷാപ്രശ്നവും വ്യക്തമായും കൃത്യതയോടെയും ചെയ്യുവാൻ സഹായിച്ചത്. അതിന്റെ ഫലമാണ് കോയിനേ ഗ്രീക്കു. ഏതൊരു സത്യാവസ്ഥയും പരസ്പരം ആശയവിനിമയം ചെയ്യാൻതക്കവണ്ണം പൂർണ്ണതയുള്ള ഒരു ഭാഷയായിരുന്നു ഗ്രീക്കുഭാഷ. ഇതിലെ ക്രിയയേക്കാൾ കൃത്യതയും തെളിവും നല്കുന്ന മറ്റൊരു മേഖലയും ഉണ്ടായിരുന്നില്ല. ഏതു ഗ്രീക്കു ക്രിയയ്ക്കും മൂന്നുനിലയിലുള്ള പ്രത്യേകതകൾ ഉണ്ട്. അതു വായനക്കാർക്ക് ക്രിയയുടെ അർത്ഥം വ്യക്തമായി മനസ്സിലാക്കാൻ സഹായകമാണ്. കാലം, ശബ്ദം, അവസ്ഥ എന്നിവയാണ് ആ മൂന്നു പ്രത്യേകതകൾ.

ഗ്രീക്കുഭാഷയിൽ അഞ്ച് കാലങ്ങൾ ഉണ്ട്. ഓരോ കാലവും വായനക്കാർക്ക് ക്രിയ പ്രസ്താവിക്കുന്ന പ്രവർത്തിയുടെ രണ്ട് പ്രത്യേകത ഓർപ്പിക്കുന്നു. അതായത് പ്രവർത്തിയുടെ സമയം, പ്രവർത്തി എങ്ങനെയുള്ളത്. സമയത്തെ ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. തുടർമാനമായ പ്രവൃത്തി എന്നും ഒരു പ്രത്യേക സമയത്ത് സംഭവിക്കുന്ന പ്രവൃത്തി എന്നും വേർതിരിച്ച് മനസിലാക്കാം. ഒരു രേഖ (-) തുടർമാനമായ പ്രവൃത്തിയേയും ഒരു ബിന്ദു (.) പ്രത്യേകസമയത്ത് സംഭവിക്കുന്ന പ്രവൃത്തിയേയും കാണിക്കുന്നു.

വർത്തമാനകാലം, ഈ കാലത്തു നടന്നുകൊണ്ടിരിക്കുന്ന തുടർമാന പ്രവൃത്തിയെ കാണിക്കുന്നു. മത്തായി 7:7 യേശു യാചിക്കുക, അന്വേഷിക്കുക, മുട്ടുക എന്നു പറഞ്ഞ വർത്തമാനകാല പ്രയോഗത്തിൽ. അതിന്റെ അർത്ഥം ഒരു പ്രാവശ്യം ചോദിച്ചിട്ട് ഉപേക്ഷിക്കുകയല്ല "നിരന്തരം ചോദിക്കുകയും അന്വേഷിക്കുകയും, മുട്ടിക്കൊണ്ടിരിക്കുകയും വേണമെന്നാണ്."

എന്നാൽ ഒരു പ്രത്യേകസമയത്ത് സംഭവിക്കുന്ന പ്രവൃത്തി - ഭൂത, വർത്തമാന, ഭാവികാലം (.) വിശദീകരിക്കുന്നു. അപ്പോ പ്രവർത്തികൾ 16:31-ൽ പൗലൂസ് ഫിലിപ്യ കാരാഗ്രഹപ്രമാണിക്ക് നിർദേശം നൽകുന്നത് ആ നിലയിലാണ്. എന്നേക്കുമായുള്ള തീരുമാനം എടുക്കാനായിരുന്നു ആ നിർദേശം; "കർത്താവായ യേശുവിൽ വിശ്വസിക്കുക, എന്നാൽ നീ രക്ഷിക്കപ്പെടും."

'പൂർണ്ണകാല'ത്തിൽ ഭൂതകാലത്തിൽ പൂർണ്ണമാക്കപ്പെട്ട പ്രവർത്തിയെ വർത്തമാനകാലത്തിലെ ഫലമായിട്ടാണ് കാണിക്കുന്നത്. എന്നാൽ ഇംഗ്ലീഷിൽ ഇതു അപര്യാപ്തമായിട്ടാണ് വെളിപ്പെടുത്തുന്നത്. (-) യോഹ. 19:30 "നിവൃത്തിയായി" എന്നതു ഒരു പ്രത്യേക സമയത്തിലെ പ്രത്യേക പ്രവൃത്തിയാണെങ്കിലും അതിന്റെ ഫലം എന്നേക്കുമുള്ളതാണ്.

'അപൂർണകാലം കാണിക്കുന്നതു തുടർച്ചയായ ഭൂതകാല പ്രവൃത്തിയെ ആകുന്നു.' (-). അപ്പോ. പ്രവൃത്തി 1:6-ൽ ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനോടു ചോദിക്കുന്നതു "കർത്താവേ നീ യിസ്രായേലിനു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നതു" എന്നായിരുന്നു. അപൂർണ്ണകാലത്തിൽ അവർ ചോദിക്കുന്നതു സമയത്തിന്റെ ഒരു പ്രത്യേക പോയിന്റിൽ അല്ല, അവർ ഈ ചോദ്യം വീണ്ടും വീണ്ടും ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നു എന്നു കാണാം.

ഭാവികാലത്തിന് തുടർന്നുകൊണ്ടിരിക്കുന്നതോ പൂർണ്ണമാക്കപ്പെട്ടതോ ആയ ഒരു പ്രവൃത്തിയെ കാണിക്കുവാൻ കഴിയും.

“ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൽ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൽ പ്രകാരം മൂന്നാംനാൾ ഉയർത്തെഴുന്നേറ്റു എന്നിങ്ങനെ ഞാൻ ഗ്രഹിച്ചത് തന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചുതന്നുവല്ലോ” (1കൊരി.15:3-5).

ഇപ്പോൾ പൗലൂസ് അതിപ്രാധാന്യമുള്ളതും ഒന്നാമത്തേതുമായ അടിസ്ഥാനത്തിലേക്കു മടങ്ങുകയാണ്. ബൈബിൾ എന്താണെന്നു മനസ്സിലാക്കുന്നതിനുവേണ്ട പ്രധാനകാര്യം എന്താണ്? അതു ഇവിടെ പറഞ്ഞിരിക്കുന്നതു തന്നെയാണ്. ഇതിനാണ് ഒന്നാം സ്ഥാനം എന്നു പൗലൂസു പറയുന്നു. നമ്മുടെ മനസ്സുകളിൽ ഏറ്റവും ശ്രേഷ്ഠമായി തെളിയേണ്ട ഉപദേശം ഇതായിരിക്കണം. എന്തുകൊണ്ടെന്നാൽ പൗലൂസ്സിനു കിട്ടിയ അതിപ്രധാനമായ വെളിപ്പാട് ആണിത്.

1. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു. ഇതു അവന്റെ പ്രായശ്ചിത്ത മരണം ആയിരുന്നു. നാം മരിക്കേണ്ട സ്ഥാനത്താണ് അവൻ മരിച്ചത്, എന്തുകൊണ്ടെന്നാൽ “പാപത്തിന്റെ ശമ്പളം മരണം ആകുന്നു (റോമ. 6:23)” ഓരോരുത്തരും ചെയതുപോയ സകലപാപങ്ങൾക്കും കാലഭേദം കൂടാതെ അവൻ ശിക്ഷ അനുഭവിച്ചു. ഭൂതകാല പാപങ്ങൾ, വർത്തമാനകാല പാപങ്ങൾ എന്നിവയ്ക്കെല്ലാം തന്നെ. നമ്മുടെ സകല പാപങ്ങളും യേശുക്രിസ്തുവിന്മേൽ ചുമത്തി.

2. തിരുവെഴുത്തുകളിൻ പ്രകാരം ക്രിസ്തു മരിച്ചു. ക്രിസ്തുവിന്റെ മരണം ദൈവത്തിന്റെ പദ്ധതി പ്രകാരം ആയിരുന്നു. ആ പദ്ധതിയാണ് പഴയനിയമത്തിൽ നാം കാണുന്നത്. പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നവയെല്ലാം ചൂണ്ടിക്കാട്ടുന്നത് ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന വാഗ്ദത്തമശിഹയെ ആണ്. (ചുരുക്കം ചില ഉദാഹരണങ്ങൾ കാണുക. ഉല്പ. 3:15, 22; ലേവ്യ. 1-5, 16; ഇയ്യോ. 19:25-27; സങ്കീ.16, 22; യെശ.53)

3. ക്രിസ്തു അടക്കപ്പെട്ടു. അവൻ അടക്കപ്പെട്ടു എന്നതിൽ എന്താണു പ്രത്യേകത? അവൻ വാസ്തവമായി മരിച്ചു കഴിഞ്ഞിരുന്നു. ആദ്യനൂറ്റാണ്ടിലെ യഹൂദന്മാർ വിശ്വസിച്ചിരുന്നതു മരിച്ചു മൂന്നാം ദിവസം പൂർത്തിയാകാതെ പ്രാണനും ആത്മാവും ശരീരത്തിൽ നിന്നു പൂർണ്ണമായി വിട്ടുമാറുകയില്ലെന്നാണ്. അതുകൊണ്ട് യേശു അടക്കപ്പെടുകയും മൂന്ന് ദിവസം കല്ലറയിൽ ആയിരുന്നു എന്നുമുള്ള സന്ദേശം പ്രധാന്യതയുള്ളതായിരുന്നു.

4. ക്രിസ്തു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനമാണ് ഉയിർത്തെഴുന്നേൽപ്പ്. ഇവിടെ ക്രിയ പൂർണ്ണകാലത്തിലാണ്. അതിന്റെ അർത്ഥം ഭൂതകാല പ്രവർത്തിയുടെ ഫലം വർത്തമാനകാലത്തിലാകുന്നു എന്നാണ്. ഉയർത്തെഴുന്നേല്പിന്റെ ഫലം ഓരോ ദിവസവുമുള്ളതാണ്. എന്തുകൊണ്ടെന്നാൽ മരണത്തിന്മേലുള്ള യേശുവിന്റെ വിജയം വിശ്വാസികളുടെ പുനരുത്ഥാന ജീവനും (യോഹ. 10:10, 11; 11:25, 26; എഫേ. 2:6; കൊലോ. 3:1-4; 1യോഹ. 5:11; 12) പുനരുത്ഥാന ശക്തിക്കും ഹേതുവാണ്. (റോമ. 6:4; മത്താ. 28:18; എഫേ. 1:19; ഫിലി. 4:13).

സുവിശേഷം - സദ്വർത്തമാനം - എന്നാൽ യേശുക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നതാണ്. നമ്മളെല്ലാവരും ശാരീരികമായി ജീവിക്കുന്നവരെങ്കിലും ആത്മീകമായി മരിച്ചവരാണ്
(ഉല്പ. 2:17; റോമ. 5:12; 6:23). സുവിശേഷം വിശ്വസിക്കുമ്പോൾ നാം നേരേ തിരിയുകയാണ്. അതായത് നമ്മളും ക്രിസ്തുവിനോടുകൂടെ അവന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളികളാകയാണ്. പാപത്തിന് നാം മരിക്കുന്നു, ദൈവത്തിനായി ജീവിക്കുന്നു (റോമ. 5:8; 2കൊരി. 5:21). നമ്മൾ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു.

1കൊരിന്ത്യർ 15:12ൽ കോയിനേ ഗ്രീക്കിൽ എപ്രകാരം വ്യക്തമായി ആശയവിനിമയം നടത്താൻ കഴിയുമെന്നതിനുള്ള ദൃഷ്ടാന്തമാണ് തന്നിരിക്കുന്നത്. ആശയം പ്രകടമാക്കുന്നതിൽ ഇംഗ്ലീഷിനുള്ള അപര്യാപ്തതയും കാണാം. ആ രണ്ടു വാക്യങ്ങളിൽ ഏതാണ്ട് ഏഴു വ്യത്യസ്ഥ ക്രി

യകളും, അഞ്ചു വിവിധ പ്രയോഗങ്ങളും അടങ്ങിയിരിക്കുന്നു.

എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വ്യർഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു .

ഞാൻ നിങ്ങളെ അറിയിച്ചതു - കർത്തരിപ്രയോഗം ( - )

ഞാൻ സുവിശേഷിച്ചതും പ്രസംഗിച്ചതും - കർത്തരിപ്രയോഗം ( . )

നിങ്ങൾക്കു ലഭിച്ചതു - കർത്തരിപ്രയോഗം ( . )

നിങ്ങൾ നിൽക്കുന്നതു - കർത്തരിപ്രയോഗം ( . )

നിങ്ങൾ രക്ഷിക്കപ്പെടുന്നതു - കർമ്മണിപ്രയോഗം ( - )

നിങ്ങൾ പിടിച്ചുകൊണ്ടാൽ - കർത്തരിപ്രയോഗം ( - )

നിങ്ങൾ വിശ്വസിച്ചതു - കർത്തരിപ്രയോഗം ( . )

“അറിയിച്ചതു” എന്ന വർത്തമാനകാലവും ക്രിയയുടെ കർത്തരിപ്രയോഗവും നമ്മോടു പറയുന്നതു, പൗലോസു ഈ ലേഖനം എഴുതുമ്പോൾ തുടർച്ചയായി സുവിശേഷ പ്രസംഗം നടത്താൻ തീരുമാനിക്കുകയായിരുന്നു. അവൻ സുവിശേഷിച്ചതു, സമയത്തിന്റെ ഏതോ ഒരു പോയിന്റിൽ എങ്ങനെ രക്ഷിക്കപ്പടണമെന്നു അവൻ കൊരിന്ത്യരോടു പറഞ്ഞു. അതിൻ പ്രകാരം അവർ ഒരു പ്രത്യേക നിമിഷത്തിൽ വചനത്തെ “സ്വീകരിപ്പാൻ” തീരുമാനിക്കുകയും ചെയ്തു. അങ്ങനെ അവർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. “നില്ക്കുന്നത്” ഒരു സമയത്തു അവൻ നിന്നതിനാൽ എപ്പോഴും നിൽക്കുന്ന അവസ്ഥ ഫലത്തിൽ എങ്ങിനെയെന്നാണ് പൗലോസു പറയുന്നത്. (അവൻ നിന്നത് യേശുക്രിസ്തുവാകുന്ന വിശ്വാസത്തിന്റെ ഉറപ്പുള്ള പാറമേൽ ആയിരുന്നു). “രക്ഷിക്കപ്പെടുന്നതു” നമ്മോടു പറയുന്നതു അവർ സ്വയം രക്ഷിക്കപ്പെടുകയല്ലായിരുന്നു. പിന്നെയോ എല്ലായിപ്പോഴും ഉള്ളതും എന്നേക്കും നിലനിൽക്കുന്നതുമായ രക്ഷയെ ആണ് സ്വീകരിച്ചത്.

“പിടിച്ചുകൊണ്ടാൽ” “നിങ്ങൾ വിശ്വസിച്ചതു വ്യർത്ഥമല്ലെങ്കിൽ” എന്നീ പ്രയോഗങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന ഈ വാക്യത്തെ ഉദ്ധരിച്ചുകൊണ്ട് വിശ്വാസികളുടെ നിത്യരക്ഷയെ നിഷേധിക്കുന്നവരുണ്ട്. ഇംഗ്ലീഷ് പരിഭാഷയിൽ രക്ഷ നമ്മുടെ സ്വന്തം കഴിവിൽ പിടിച്ചുകൊള്ളേണ്ടതാണെന്ന ധ്വനി ഉണ്ടെങ്കിലും അങ്ങിനെയുള്ള ഒരു സംശയത്തിനു ഗ്രീക്ക് പരിഭാഷ അവസരം നൽകുന്നില്ല. “എങ്കിൽ” പറയുന്നതിനു ഗ്രീക്കിൽ നാലുവഴികളുണ്ട്, ഒന്നാമതു “എങ്കിൽ” ഇതിനർത്ഥം“ശരിയെങ്കിൽ” എന്നാണ്. മത്തായി 4:3-ൽ സാത്താൻ യോശുവിനോട്, “നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലു അപ്പമായി തീരുവാൻ കല്പ്പിക്ക” ഇവിടെ ഒന്നാമത്തെ അവസ്ഥ വെളിപ്പെടുന്നു. അതായത് യേശു ദൈവപുത്രൻ ആകുന്നു എന്നു യാതൊരു സംശയവും സാത്താന് ഇല്ലായിരുന്നു.

രണ്ടാമതു “എങ്കിൽ” എന്നതു അസത്യത്തെ കാണിക്കുന്നു. ലൂക്കോസ് 7:39-ൽ പരീശനായ ശീമോൻ തന്നോടുതന്നെ പറയുന്നു: “ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ തന്നെ തൊടുന്ന സ്തീ ആരെന്നു അറിയുമായിരുന്നു” ഇവിടെ രണ്ടാമത്തെ വ്യവസ്ഥപ്രകാരം ശീമോൻ പറഞ്ഞതു യേശു പ്രവാചകൻ അല്ല എന്നാണ്, അത് അവന്റെ വിശ്വാസത്തെയാണു വെളിപ്പെടുത്തുന്നത്.

മൂന്നാമതു ഇംഗ്ലീഷുമായി വളരെ അടുത്തു നില്ക്കുന്ന അർത്ഥമാണ്. ഇവിടെ “എങ്കിൽ” എന്നതിൽ “ഒരു പക്ഷേ ശരിയാകാനും, ശരിയാകാതിരിക്കാനും” എന്നാണ് അർത്ഥം. യോഹന്നാൻ 14:15-ൽ

യേശു പറഞ്ഞു “നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.”
അതായത് നിങ്ങൾക്കു തിരഞ്ഞെടുക്കാം വേണമെങ്കിൽ സ്നേഹിക്കാം സ്നേഹിക്കാതിരിക്കുകയും ചെയ്യാം. എന്നാൽ നാം അവനെ സ്നേഹിക്കുന്നെങ്കിൽ കല്പനകളെ കാത്തുകൊള്ളും.

നാലാമത്തെ വ്യവസ്ഥ വളരെ വിരളമായി വരുന്നതാണ്. “എങ്കിൽ” എന്നാൽ അതു സത്യമായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു എന്നാൽ മിക്കവാറും അങ്ങനെ ആയിരിക്കയില്ല. 1പത്രോസ്4:16-ൽ പത്രോസ് ഉപയോഗിക്കുന്നതു നാലാമത്തെ വ്യവസ്ഥയാണ്. “ക്രിസ്ത്യാനി ആയിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്” ഈ ലേഖനം ആർക്കായിട്ടു എഴുതിയോ അവർ കഷ്ടം സഹിക്കുകയായിരുന്നു. വിശ്വാസം നിമിത്തം അവർ കഷ്ടം സഹിക്കണം എന്നായിരുന്നു പത്രോസിന്റെ ആഗ്രഹം എന്നാൽ അവരിൽ പലരും കഷ്ടം സഹിച്ചതു അവിശ്വാസം മൂലമായിരുന്നു എന്ന് അവന് അറിയാമായിരുന്നു.

1കൊരിന്ത്യർ 15:2 - ൽ പൗലുസ് ഉപയോഗിക്കുന്നത് ഒന്നാമത്തെ വ്യവസ്ഥയാണ്. അതിന്റെ ശരിയായ തർജ്ജിമ “സുവിശേഷത്തിന്റെ വചനം നിങ്ങൾ പിടിച്ചുകൊണ്ടതിനാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു”
എന്നാണ്. 1കൊരിന്ത്യർ 15:2 - ൽ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ ചോദ്യരൂപത്തിലുള്ള പ്രയോഗത്തിന്റെ അർത്ഥം നോക്കുക. “വിശ്വസിച്ചതു വൃഥാവല്ലെന്നു വരികിൽ” എന്നതു വളരെ വ്യക്തമാണെങ്കിലും അതു മനസ്സിലാക്കണമെങ്കിൽ മുഴുവൻ അദ്ധ്യായത്തിന്റേയും പശ്ചാത്തലം (1കൊരിന്ത്യർ 15:12-19 ഭാഗം) പഠിക്കണം.

മനുഷ്യർ മനസ്സിലാക്കിയിരിക്കുന്ന ഭാഷകളിൽവച്ചു ഏറ്റവും കൃത്യമായ ഭാഷ കോയിനേ ഗ്രീക്കു ആകുന്നു. എന്നാൽ അതു ഒരു മാനുഷിക ഭാഷ മാത്രമാണ്. വാക്കുകളെ വ്യാഖ്യാനിക്കുമ്പോൾ ഗ്രീക്കു ഭാഷയുടെ നിയമങ്ങൾ അറിയാമെങ്കിലും ബൈബിൾ പഠിക്കുന്നതിനുള്ള വ്യവസ്ഥ അറിഞ്ഞുകൂടെങ്കിൽ നമ്മുടെ വേദപഠനത്തിന്റെ ഗതി മാറുന്നതായിരിക്കും. നമുക്കു ഗ്രീക്കു ഭാഷയും വ്യാഖ്യാനശാസ്ത്രവും അറിയാമെങ്കിലും പരിശുദ്ധാത്മ നിറവിൽ വചനം പഠിക്കുന്നില്ലെങ്കിൽ ദൈവം നമ്മോടു പറയുന്ന കാര്യങ്ങളിൽ ഒന്നുപോലും മനസ്സിലാകുകയില്ല (1കൊരിന്ത്യർ 2:14).

## കുരിശ്

കുരിശിന്മേൽ ക്രിസ്തുവിന്റെ പ്രവൃത്തി

1. **ശിക്ഷ.** അതൊരു കൊടുത്തുതീർക്കൽ ആയിരുന്നു. ഒരു ന്യായവിധി, യേശു തന്റെമേൽ ആക്കിയതു എല്ലാവിധ പാപങ്ങൾക്കുമുള്ള ന്യായവിധി ആയിരുന്നു. (ഗലാ. 3:13; 2കൊരിന്ത്യർ 5:21)
2. **പകരം വയ്ക്കൽ.** യേശുക്രിസ്തു മരിച്ചത് നമ്മുടെ സ്ഥാനത്താണ്. പ്രവാചകനായ യെശയ്യാവു പ്രവചിച്ചതു, “അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു” എന്നാണ് (യെശയ്യാവു 53:5,6; ലേവ്യ. 1:4; 2കൊരിന്ത്യർ 5:21; 1പത്രോസ് 2:24)
3. **സ്വമേധയാൽ.** യേശുവിന് തന്റെ പിതാവിന്റെ പദ്ധതിയെ കുറിച്ചു അറിയാമായിരുന്നതു കൊണ്ടാണ് സ്വമനസ്സാൽ ക്രൂശിലേക്കു പോയത് (യോഹ. 10:18) “അതുകൊണ്ട് ഞാൻ എന്റെ മുഖം തീക്കല്ലുപോലെ ആക്കിയിരിക്കുന്നു” എന്നാണ് യെശയ്യാവു പറയുന്നത് (യെശ. 50:7).
4. **വീണ്ടെടുപ്പിന്റേത്.** “വീണ്ടെടുക്കുക” എന്നതിന് ‘എക്സാഗോറാസ്സോ’ എന്നാണ് ഗ്രീക്കു വാക്ക്. ‘അഗാറാസ്സോ’യ്ക്കു അടിമ ചന്തയിൽ നിന്നു വിലയ്ക്കുവാങ്ങുക എന്നർത്ഥം. എക് എന്ന ഗ്രീക്കു വാക്കിന് “പുറത്ത്” എന്നർത്ഥം. യേശുക്രിസ്തു ഈ ലോകത്തിൽ വന്നപ്പോൾ നമ്മൾ അടിമ ചന്തയിലായിരുന്നു. അവൻ അവിടേക്കു പ്രവേശിച്ചു. നമ്മുടെ എല്ലാവരുടെയും വിലകൊടുക്കയും വാതിൽ തുറന്ന് നമ്മെ പുറത്താക്കി സ്വതന്ത്രരായി വിടുകയും ചെയ്തു (ഗലാ. 3:13; 4:5)
5. **പ്രായശ്ചിത്തം.** ഇതു പാപപരിഹാരത്തിനുള്ള ദൈവനീതിയെ തൃപ്തിപ്പെടുത്തുകയായിരുന്നു. ആ പൂർണ്ണതയുള്ള പ്രായശ്ചിത്തബലി ക്രിസ്തുവായിരുന്നു (റോമ. 3:25; 1യോഹ. 3:2).
6. **നിരപ്പിക്കുന്നത്.** ഇതിനാൽ നാം പുനരുദ്ധീകരിക്കപ്പെടുകയും ദൈവത്തോടു സമാധാനം ഉള്ളവരായിത്തീരുകയും ചെയ്തു (റോമ. 5:1).
7. **ഫലവത്തായത്.** അതു ഫലകരമായിരുന്നു. ആരെങ്കിലും യേശുക്രിസ്തുവിന്റെ ക്രൂശിലെ പ്രവർത്തിയിൽ വിശ്വസിക്കുമ്പോൾ അതു അവനിൽ രക്ഷയെ ഉളവാക്കുന്നു (റോമ. 5:9; 2കൊരി. 5:21; എഫേ. 2:13; എബ്രാ. 9:11,12).
8. **വെളിപ്പെടുത്തൽ.** അതു കൂടുതലായി ദൈവത്തെക്കുറിച്ച് വെളിപ്പെടുത്തുന്നു. അവന്റെ സ്നേഹം,
അവന്റെ മനസ്സലിവ്, അവന്റെ കരുണയും കൃപയും, ചെയ്യേണ്ടതിനപ്പുറവും ആയിരുന്നു യോഹ. 3:15; റോമ. 5:8; 1യോഹ. 4:9, 10).

# പാഠം 1– 4:
# ശക്തി – *പരിശുദ്ധാത്മാവ്*

യോഹന്നാൻ 7:37–39, 14:15–17
യോഹന്നാൻ 15:26–27, 16:7–14

തന്റെ ശുശ്രൂഷയുടെ മദ്ധ്യഭാഗമായപ്പോൾ യേശുക്രിസ്തു ജനങ്ങൾ തിങ്ങിനിറഞ്ഞ യെരുശലേമിലെ ദൈവാലയത്തിൽവെച്ച് കൂടാരപെരുന്നാളിന്റെ സമാപനദിവസത്തിൽ ഒരു അസാധാരണ പ്രസ്താവന നടത്തി.

> *"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു." (യോഹ. 7:37–39)*

**യേശുക്രിസ്തു**

പ്രവാചകന്മാരായ യെശയ്യാവിൽനിന്നും യിരെമ്യാവിൽനിന്നും യേശു ഉദ്ധരിക്കുന്നു (യിരെ. 2:13; യെശയ്യ. 44:3; 55:1; 58:11) യേശു സംസാരിച്ച വിഷയം അവിടെ കൂടിയവരിൽ എത്രപേർക്ക് മനസിലായി എന്ന് നമുക്ക് അറിഞ്ഞുകൂടാ. ലഭിച്ചിട്ടുള്ള വിവേകത്തിന്റെ വെളിച്ചത്തിൽ വളരെ നാളുകൾ കഴിഞ്ഞശേഷം നടന്ന സംഭവത്തെക്കുറിച്ച് കർത്താവ് എന്താണ് അർത്ഥമാക്കിയതെന്ന് വിവരിക്കുന്നു.

> *'അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു: യേശു അന്നു തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു. (യോഹ. 7:39)*

തന്നിൽ വിശ്വസിച്ചവർക്ക് പരിശുദ്ധാത്മാവ് ഭാവിയിൽ ലഭിക്കുന്നതിനെക്കുറിച്ച് യേശു തന്റെ ക്രൂശീകരണത്തിനു മുമ്പുള്ള പ്രഭാഷണങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ യേശു ക്രൂശിലൂടെ വിജയം നേടുന്നതുവരെ പരിശുദ്ധാത്മാവ് ലഭിക്കുന്നില്ല എന്നുള്ളത് യോഹന്നാൻ വിശദീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരവിനെപ്പറ്റി കർത്താവ് ശിഷ്യന്മാരുമായി അവസാനരാത്രിയിൽ സംസാരിക്കുന്നതു ശ്രദ്ധിക്കുക. യോഹന്നാൻ 13 മുതൽ 17 വരെ അദ്ധ്യായങ്ങൾ "മാളികമുറി പ്രഭാഷണം" എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ അദ്ധ്യായങ്ങൾ യേശു തന്റെ ശിഷ്യന്മാരെ തന്റെ മരണപുനരുത്ഥാനത്തിനുശേഷമുള്ള ജീവിതത്തിനായി ഒരുക്കുന്നു. കർത്താവ് ഏതു ശക്തിയിലാണ് ആശ്രയിച്ചതെന്നു തന്റെ ശിഷ്യന്മാർ അറിയുവാൻ അവൻ ആഗ്രഹിക്കുന്നു, മാത്രമല്ല തന്റെ ജീവിതവിജയത്തിനു ആധാരമായ ഈ ശക്തി അവർക്കും ലഭ്യമാണ്. അവൻ അവർക്ക് ഒരു പുതിയ യുഗം അവതരിപ്പിക്കുന്നു. സഭായുഗം. ഈ സഭായുഗത്തെ നിസ്തുലമാക്കുന്ന രണ്ട് ഘടകങ്ങളുണ്ട്. അത് പൂർത്തിയാക്കപ്പെട്ട ദൈവവചനവും ദൈവാത്മാവിന്റെ അധിവാസവുമാണ്.

തന്റെ സന്ദേശത്തിന്റെ പ്രധാന ഭാഗമെന്നുള്ളത് തന്റെ ഹൃദയത്തിൽ നിറയപ്പെട്ട പരിശുദ്ധാത്മാവിന്റെയും വചനത്തിന്റെയും സ്വാധീനമാണ്. തന്റെ ജീവിതത്തിലുടനീളം യേശു ദൈവവചനത്തിലും പരിശുദ്ധാത്മാവിലു മാണ് ആശ്രയിച്ചത്. ഇവ മൂലം മാത്രമാണ് യേശു എല്ലാ പ്രലോഭനത്തെയും തടസങ്ങളെയും പരീക്ഷകളെയും അതിജീവിച്ചത്. കർത്താവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് മരുഭൂമി യിലേക്ക് പോകുകയും അവിടെ സാത്താന്റെ ഓരോ ചോദ്യങ്ങളെയും നേരിട്ടത് യുക്തികൊണ്ടോ ഭൗതികമായ ശക്തികൊണ്ടോ അല്ല പിന്നെയോ ദൈവവചനത്താലാണ്.

ഇപ്പോൾ, ക്രിസ്ത്യാനിത്വം ലോകം മുഴുവൻ എത്തിക്കേണ്ട ഇവർ പരിശുദ്ധാത്മാവും ദൈവവചനവും ഒത്തു ചേർന്നാൽ ലഭിക്കുന്ന ശക്തി എന്താണെന്ന് അറിയുവാൻ കർത്താവ് ആഗ്രഹിക്കുന്നു. അവ ദൈവശക്തിയെ ഉൽപ്പാദിപ്പിക്കുകയും ക്രിസ്തുവിന്റെ ജീവനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

> *നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. (യോഹ. 14:15)*

ഇവിടെ 'സ്നേഹം' അഗാപ്പേ എന്ന ക്രിയാപദത്തിന്റെ വർത്തമാനകാലത്തിലുള്ള സജീവമായ അനുബന്ധ മാണ്. കർത്തിരിപ്രയോഗം അർത്ഥമാക്കുന്നത് അവർ ക്രിയയുടെ പ്രവൃത്തി ഉണ്ടാക്കണമെന്നാണ്, കർത്താ വിനെ സ്നേഹിക്കുമോ ഇല്ലയോ എന്നു അവർ തിരഞ്ഞെടുക്കണമെന്നാണ്. വർത്തമാനകാലം എന്നു പറ ഞ്ഞാൽ തുടർമാനപ്രവൃത്തിയെന്നാണ്. അനുബന്ധ അനുഭവം ചൂണ്ടിക്കാണിക്കുന്നത് സാദ്ധ്യതയെയാണ്: യേശു പറയുന്നു നിങ്ങൾക്ക് എന്നെ തുടർമാനമായി സ്നേഹിക്കണം എന്നുള്ള തീരുമാനമെടുക്കാം അല്ലെങ്കിൽ സ്നേഹി ക്കുന്നില്ല എന്നും തീരുമാനിക്കാം. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എന്നുള്ള തീരുമാനമെടുക്കുന്നു എങ്കിൽ എന്റെ കല്പന പ്രമാണിക്കണം.

'പ്രമാണിക്കണം' എന്നുള്ളതിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് 'റ്ററിയോ' (tereo) അർത്ഥമാക്കുന്നത് 'സംരക്ഷിക്കുക', കാവൽ നിൽക്കുക, കാത്ത് സൂക്ഷിക്കുക, നിക്ഷേപിക്കുക തുടങ്ങിയവയാണ്. നാം നമ്മുടെ ജീവിതത്തിൽ വിലമതിക്കുന്ന കാര്യങ്ങളെയാണ് കാത്ത് സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത്. ഇവിടെ യേശുവിന്റെ വാക്കുകളിൽ അനുസരണം അടങ്ങിയിട്ടുണ്ട്. എങ്കിലും ഈ ക്രിയയിൽ ഏറ്റവും പ്രാധാന്യം നൽകി യിരിക്കുന്നത് അനുസരണത്തിനല്ല. ലളിതമായ അനുസരണത്തിന് കർത്താവിനു വേറെ പല വാക്കുകളും ഉപ യോഗിക്കാമായിരുന്നു. തന്റെ വചനവും കല്പനകളും കാത്തു സൂക്ഷിക്കുകയും അവയെ സംരക്ഷിക്കുകയും ഉന്നതമായി വിലമതിക്കുകയും ചെയ്യുന്ന ഒരു മനോഭാവത്തിനു പ്രാധാന്യം നൽകുന്ന വാക്കാണ് കർത്താവ് ഉപ യോഗിച്ചിരിക്കുന്നത്.

നാം കർത്താവിനെ ശരിയായി സ്നേഹിക്കുന്നുവെങ്കിൽ കർത്താവിന്റെ വചനത്തെ നാം സംരക്ഷിക്കുകയും നിലനിർത്തുകയും നിക്ഷേപമായി കാണുകയും ചെയ്യും. നാം ദൈവവചനത്തിനു മൂല്യം കല്പിക്കുന്നത് അത്

## ക്രിസ്തുവും പരിശുദ്ധാത്മാവും

പരിശുദ്ധാത്മാവ് പിതാവും പുത്രനുംപോലെ സ്വതന്ത്രനായ വ്യക്തിയാണ്. ത്രിത്വത്തിലെ മൂന്ന് അംഗങ്ങളും തുല്യരും ഒരേ ദൈവികസാരാംശം ഉള്ളവരും ആണെങ്കിലും (യെശയ്യ. 6:8–9; യിരെ 31:31–34; 1കൊരി.12:11; 2കൊരി.13:14). അവരുടെ ഓരോരുത്തരുടെയും പ്രവൃത്തി വ്യത്യസ്തമാണ്. ഭൂമിയിൽ യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിൽ പരിശുദ്ധാത്മാവ് ഏറ്റവും അടുത്തു ബന്ധപ്പെട്ടി രിക്കുന്നു.

1. മറിയ യേശുവിനെ ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിനാൽ (മത്തായി 1:18) ആണ്.
2. ജഡം ധരിച്ച ക്രിസ്തുവിനോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ സംരക്ഷണശുശ്രൂഷ പഴ യനിയമത്തിൽ പ്രവചിച്ചിരിക്കുന്നു. (യെശ.11:2–3; 42:1–4; മത്തായി 12:18–21)
3. ക്രിസ്തുവിനു പരിശുദ്ധാത്മാവിനെ അളവുകൂടാതെ നൽകിയിരിക്കുന്നു (യോഹ.3:34)
4. ക്രിസ്തുവിന്റെ ഭൂമിയിലെ പരസ്യശുശ്രൂഷവേളയിൽ പരിശുദ്ധാത്മാവിനു ക്രിസ്തുവിനോടു ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു (മത്തായി 3:16–17; 4:1; മർക്കൊ.1:12)

കർത്താവിന്റെ വചനമായതുകൊണ്ടാണ്. മാത്രമല്ല നാം യേശുക്രിസ്തുവിനെ സ്നേഹിക്കുകയും ചെയ്യുന്നു. വ്യക്തിപരമായ ബന്ധമില്ലെങ്കിൽ നമുക്കുള്ളത് യഥാർത്ഥ്യമല്ലാത്ത മതം മാത്രമാണ്. ആ നിലയിലുള്ള ഹൃദ്യത ഉണ്ടാകുകയും, തന്റെ വചനത്തെ നാം നിക്ഷേപമായി കാണുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതം പൂർണ്ണമായി രൂപാന്തരപ്പെടും. ജീവിതം സാഹസികമായി മാറും. കാരണം നാം ആരാണെന്നും എന്തിനാണ് നാം ഇവിടെ ആയിരിക്കുന്നതെന്നും മാത്രമല്ല നമ്മെ സ്നേഹിക്കുന്നത് ആരാണെന്നും നാം മനസിലാക്കും. നാം ദൈവവചനം നിധിപോലെ കാത്തുസൂക്ഷിച്ചാൽ യേശു ജീവിച്ച സമൃദ്ധമായ ജീവിതം നാമും ജീവിക്കുവാൻ ആരംഭിക്കും.

> *എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാകയാൽ അതിനെ അവനു ലഭിപ്പാൻ കഴികയില്ല. നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കുകയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു (യോഹ.14:16-17)*

## പരിശുദ്ധാത്മാവ് പഴയനിയമത്തിൽ

പരിശുദ്ധാത്മാവ് എല്ലാ ജീവിതങ്ങളെയും നിലനിർത്തുമ്പോൾ (ഇയ്യോബ് 27:3; 31:4; 33:4) പരിശുദ്ധാത്മാവ് വിവിധ യുഗങ്ങളിൽ സ്ത്രീപുരുഷന്മാരുടെ ജീവിതങ്ങളിൽ പ്രവർത്തിച്ചു.

അബ്രഹാമിനു മുമ്പുള്ള കാലഘട്ടങ്ങളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു നേരിട്ട് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത് 5 പ്രാവശ്യമാണ്. എന്നാൽ ഈയ്യോബ്, നോഹ തുടങ്ങിയ വ്യക്തികൾ ദൈവിക സത്യങ്ങൾ മനസിലാക്കിയതിൽ നിന്ന് പരിശുദ്ധാത്മാവ്, ദൈവത്തെ മനുഷ്യനു വെളിപ്പെടുത്തിക്കൊണ്ടിരുന്നുയെന്ന് വ്യക്തമാണ്.

അബ്രഹാമിനും ക്രിസ്തുവിനും ഇടയിലുള്ള കാലത്ത് പ്രത്യേകിച്ച് യിസ്രായേൽ കാലഘട്ടത്തിൽ ചില വ്യക്തികളെ ഒരുക്കുന്നതിനും ശക്തീകരിക്കുന്നതിനും ചില സത്യങ്ങളെ വെളിപ്പെടുത്തുവാനും അവരുടെമേൽ പരിശുദ്ധാത്മാവു ഇറങ്ങിവന്നിരുന്നു. (ഉൽപ്പത്തി 41:38; പുറ:28:3; 31:3; 35:31; സഖ്യ 11:18-25; 27:18; ന്യായ 3:10; 6:34; 11:29; 13:25; 14:6; 15:14; 1ശമു.10:9-10; 16:13; ദാനിയേൽ 4:8; 5:11-14; 6:3; സെഖ്യ 4:3; 12-14)

വിശ്വാസിക്ക് പരിശുദ്ധാത്മാവിനെ ചോദിച്ചു വാങ്ങുവാൻ കഴിഞ്ഞിരുന്നു (2രാജ.2:9-10, ലൂക്കോസ് 11:13) അതുപോലെ പരിശുദ്ധാത്മാവ് അവരിൽനിന്നു എടുക്കപ്പെടുകയും ചെയ്തിരുന്നു. (സങ്കീ, 51:11)

സഭാകാലഘട്ടത്തിൽ വിശ്വാസിയിൽ പരിശുദ്ധാത്മാവ് എന്നേക്കും വസിക്കുന്നു (യോഹ.7:37-39; 14:16-17; 1കൊരി. 3:16; 6:19-20; റോമർ 8:9; ഗലാത്യർ 3:2; 4:6)

5. ക്രിസ്തുവിന്റെ ലോകത്തിലെ ശുശ്രൂഷയുടെ ശക്തി പരിശുദ്ധാത്മാവ് നൽകി (മത്തായി 12:28; ലൂക്കോസ് 4:14-15)
6. ക്രൂശിൽവെച്ച് ക്രിസ്തുവിൽനിന്നു പരിശുദ്ധാത്മാവ് പിൻവാങ്ങി. അവസാന മൂന്ന് മണിക്കൂറുകളിൽ യേശുവിനെ പരിശുദ്ധാത്മാവ് നിലനിർത്തുന്നില്ല, കാരണം ക്രിസ്തു ആ സമയത്ത് ആത്മികമരണം അനുഭവിക്കുകയായിരുന്നു. (മത്താ. 27:46; മർക്കൊസ് 15:34; സങ്കീ.22:1)
7. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ പരിശുദ്ധാത്മാവ് സജീവമായി പങ്കെടുത്തു. (റോമർ 1;41; 8:11; 1പത്രോ.3:18)
8. ക്രിസ്തുവിന്റെ പുനരുത്ഥാനശുശ്രൂഷയിൽ പരിശുദ്ധാത്മാവ് ശക്തി പകർന്നു (അപ്പൊ 1:2)
9. ക്രിസ്തുവിനെ തന്റെ ഭൂമിയിലെ ശുശ്രൂഷക്കാലത്ത് ശക്തിപ്പെടുത്തിയപോലെ പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഓരോ വിശ്വാസിയേയും ആത്മാവിൽ നിറച്ചുകൊണ്ട് ശക്തിപ്പെടുത്തുന്നു. (1കൊരി.12:7-13; എഫെ.5:17-18)

“മറ്റൊരു” എന്നതിനുപയോഗിച്ചിരിക്കുന്ന വാക്ക് ‘അല്ലോസ്’ (allos) അർത്ഥമാക്കുന്നത് അതേ തരത്തിലുള്ള മറ്റൊന്ന് എന്നാണ്. യേശുക്രിസ്തുവിനെപ്പോലെയുള്ള മറ്റൊരാൾ. ‘കാര്യസ്ഥൻ’ എന്നതിനുപയോഗിച്ചിരിക്കുന്നത് പാരക്ലിറ്റോസ് (parakletos) ഇതിൽ പാര (Para) അർത്ഥമാക്കുന്നത് ‘അരികിൽ’ എന്നാണ്. അതുപോലെ ക്ലിറ്റോസ് (Kletos) അർത്ഥമാക്കുന്നത് ‘വിളിക്കുക’ എന്നാണ്. പാരക്ലിറ്റോസ് എന്നു (ആശ്വാസപ്രദൻ) പറഞ്ഞാൽ ഒരാളുടെ അരികിലെത്തി ആ വ്യക്തിക്കു പ്രോത്സാഹനം, സഹായം, തുണ തുടങ്ങിയവ നൽകുന്ന വ്യക്തിയെയാണ്. പരിശുദ്ധാത്മാവിനെ “ആശ്വാസദായകൻ”, “സഹായകൻ”, “ഉപദേശകൻ” തുടങ്ങിയ നിലകളിൽ വിശേഷിപ്പിച്ചിരിക്കുന്നു. “പ്രോത്സാഹനം നൽകുന്നവൻ” എന്ന പേരിലും പരിഭാഷപ്പെടുത്തിയിരിക്കുന്നു. “യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ (എബ്രായർ 13:8)

അതെ ക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നു “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയില്ല” എന്ന് (എബ്രായർ 13:5-6) യേശുക്രിസ്തു നമ്മോടൊപ്പം എന്നും ഇരിക്കുവാൻ തന്റെ പരിശുദ്ധാത്മാവിനെ തരുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. ഇത് നമുക്ക് മുഖവിലക്കെടുക്കുവാൻ കഴിയും. കാരണം ഒരിക്കലും മാറ്റമില്ലാത്ത ദൈവം തന്റെ വചനം നൽകിയിരിക്കുന്നു. കർത്താവ് നമ്മോടൊപ്പം എന്നേക്കും ഉള്ളത് അർത്ഥമാക്കുന്നത്, ഒരിക്കലും ഒരു വിശ്വാസിയും ഏകനല്ലെന്നുള്ള വസ്തുതയാണ്.

“സത്യത്തിന്റെ ആത്മാവെന്നുള്ളതാണ് പരിശുദ്ധാത്മാവിനു ദൈവവചനത്തിൽ നൽകിയിരിക്കുന്ന പല നാമങ്ങളിൽ ഒന്ന്. പരിശുദ്ധാത്മാവിനു നൽകിയിരിക്കുന്ന പേരുകൾ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്. ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്. (യെശയ്യ 11:2), നിത്യാത്മാവ് (എബ്രായർ 9:14) മഹത്വത്തിന്റെ ആത്മാവ് (1പത്രോ.4:14) ജീവന്റെ ആത്മാവ് (റോമർ 8:2) വിശുദ്ധിയുടെ ആത്മാവ് (റോമർ 1:4) ജ്ഞാനത്തിന്റെ ആത്മാവ് (എഫെ. 1:17) കൃപയുടെ ആത്മാവ് (എബ്രായർ 10:29)

ഈ പ്രഭാഷണത്തിൽ മൂന്ന് പ്രാവശ്യം യേശുക്രിസ്തു പരിശുദ്ധാത്മാവിനെ സത്യത്തിന്റെ ആത്മാവെന്നു വിളിച്ചിരിക്കുന്നു. (യോഹ. 14:17; 15:26; 16:13). 1 യോഹന്നാൻ 5:7ൽ വായിക്കുന്നത് “പരിശുദ്ധാത്മാവ് സത്യ”മെന്നാണ്. ശിഷ്യന്മാർക്കുവേണ്ടിയും അവരിലൂടെ കർത്താവിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയുമുള്ള കർത്താവിന്റെ അവസാനപ്രാർത്ഥനയിൽ യേശു പിതാവിനോടു പ്രാർത്ഥിക്കുന്നത് സത്യത്താൽ അവരെ വിശുദ്ധീകരിക്ക എന്നാണ്. തുടർന്ന് കർത്താവ് ഒരു വിശദീകരണം നൽകുന്നു. “നിന്റെ വചനം സത്യമാണ്” (യോഹ. 17:17)

സത്യത്തിന്റെ ആത്മാവ് എന്നുള്ള പേര് നമ്മെ ഓർപ്പിക്കുന്നത് നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തിയെയാണ്. പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നത് സത്യത്തിലൂടെയാണ്. ആ സത്യം ദൈവവചനമാണ്.

അവരോടൊപ്പം ഇരുന്ന കർത്താവ് അവരിൽ ഇരിക്കാമെന്നു വാഗ്ദത്തം ചെയ്യുമ്പോൾ സംഭവിക്കുവാൻ പോകുന്ന ഒരു അത്ഭുതകരമായ മാറ്റത്തെക്കുറിച്ചാണ് കർത്താവ് പറയുന്നത്. പരിശുദ്ധാത്മാവ് അവരോടൊപ്പം ഇരുന്നത്, കർത്താവ് മുപ്പത്തിമൂന്നര വയസുവരെ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവനിൽ വസിക്കുകയും ശക്തീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. അവർ കർത്താവിന്റെ അടുക്കൽ നിന്നപ്പോൾ അവർ പരിശുദ്ധാത്മാവിന്റെ അരികിൽ നിൽക്കുകയായിരുന്നു. യേശുവിന്റെ ശക്തി അവർ കണ്ടപ്പോൾ അവർ പരിശുദ്ധാത്മാവിന്റെ ശക്തിയും കൂടെ കാണുകയായിരുന്നു. എന്നാൽ യേശു ഇപ്പോൾ പറയുന്നത് അടുത്തുവരുന്ന ദിവസത്തിൽ പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ ഉള്ളിൽ വസിക്കുവാൻ വരികയും അവരിൽ ഓരോരുത്തനെയും ശക്തീകരിക്കുകയും ചെയ്യുമെന്നാണ്. ആ ദിവസമാണ് അപ്പൊ.2:ൽ പറഞ്ഞിരിക്കുന്ന പെന്തെക്കോസ്തു ദിവസം.

> *ഞാൻ പിതാവിന്റെ അടുക്കൽനിന്നു നിങ്ങൾക്ക് അയയ്പ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും; നിങ്ങളും ആദി മുതൽ എന്നോടുകൂടെ ഇരിക്കകൊണ്ടു സാക്ഷ്യം പറവീൻ (യോഹ. 15:26, 27)*

പുതുതായി ഉദയം ചെയ്യുന്ന ആത്മീയ യുഗത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് ഇപ്പോൾ കർത്താവ് പറയുവാൻ ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവു വരുമ്പോൾ ക്രിസ്തുവിനെ സാക്ഷിക്കുമെന്നു യേശു പറയുന്നു.

ഒന്നാമതായി പരിശുദ്ധാത്മാവ് വിശ്വാസിക്കു സാക്ഷ്യം വഹിക്കും. റോമർ 8:16 പറയുന്നു, “നാം ദൈവമക്ക

## പാരകാലിയോ (സമീപസ്ഥൻ)

ഗ്രീക്ക്ഭാഷയിലെ ഏറ്റവും പുരാതനവും സമ്പന്നവുമായ വാക്കുകളിലൊന്നാണ് പാരകാലിയോ. ഈ സംയുക്തവാക്കിൽ - 'പാര' അർത്ഥം അരികിൽ, 'കാലിയോ' അർത്ഥം "വിളിക്കുക" എന്നാണ്. ഇതിൽ നിന്നു ഗ്രീക്ക്ഭാഷയിൽ വ്യക്തമായ 5 ചിത്രങ്ങൾ ലഭിക്കുന്നു.

1. **അണയുന്ന തീജ്വാലയെ വീണ്ടും കത്തിക്കുക.** ജീവനാവശ്യമായ തീ വീണ്ടും നൽകുവാൻ ആരെങ്കിലും അണഞ്ഞുകൊണ്ടിരിക്കുന്ന തീജ്വാലയെ വീണ്ടും ഊതിക്കത്തിക്കുന്നതിനു ഈ വാക്കു ഉപയോഗിച്ചിരിക്കുന്നു.
2. **ആശ്വാസത്തിനുവേണ്ടിയുള്ള വിളി**. രാത്രിയിൽ ഭയപ്പെടുന്ന കുട്ടി തന്റെ പിതാവിനെ ആശ്വാസത്തിനും ധൈര്യത്തിനുമായി വിളിക്കുന്നതിനു പാരകാലിയോ ഉപയോഗിച്ചിരിക്കുന്നു.
3. **ഡോക്ടറെ വിളിക്കുന്നു**. മുറിവേറ്റ വ്യക്തി തന്റെ ഒടിഞ്ഞ അസ്ഥി നേരെയാക്കുന്നതിനൊ അല്ലെങ്കിൽ തന്റെ മുറിവു കെട്ടുന്നതിനൊ ഒരു ഡോക്ടറെ വിളിക്കുന്നതിനു പാരകാലിയോ എന്ന വാക്ക് ഉപയോഗിക്കുന്നു.
4. **സൈന്യത്തെ ഉറപ്പിച്ചു നിർത്തുക.** തന്റെ കീഴിലുള്ള സൈന്യത്തെ യുദ്ധത്തിന്റെ ചൂടിൽ ഒരു സൈനീകമേധാവി ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ഉറപ്പിച്ചുനിർത്തുകയും ചെയ്യുന്നതിനു ഈ വാക്ക് ഉപയോഗിക്കുന്നു.
5. **ഒരു വ്യക്തിയുടെ വ്യവഹാരം വാദിക്കുന്നതിനു ഉപയോഗിക്കുന്നു.** ന്യായാധിപന്റെ മുമ്പിൽ തന്റെ കക്ഷിയെ പ്രതിരോധിച്ചുകൊണ്ട് ഒരു വ്യക്തി നടത്തുന്ന അഭ്യർത്ഥനയ്ക്ക് പാരകാലിയോ എന്ന വാക്ക് ഉപയോഗിക്കുന്നു.

യേശു തന്റെ ശിഷ്യന്മാരോടു പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞത് പാരക്ലിറ്റോസ് എന്നാണ്. ഇതിന്റെ അർത്ഥം പ്രോത്സാഹനം നൽകുന്നവൻ, സഹായകൻ, ആശ്വാസദായകൻ, ഉപദേശകൻ തുടങ്ങിയവയാണ്. യേശുക്രിസ്തു ശിഷ്യന്മാർക്ക് എന്തൊക്കെ ആയിരുന്നുവോ, യേശു പോയതിനുശേഷം പരിശുദ്ധാത്മാവ് അതുപോലെതന്നെ ശിഷ്യന്മാർക്ക് ആയിരുന്നു. യേശു തന്റെ ജഡശരീരത്തിൽ ആയിരുന്നപ്പോൾ ശിഷ്യന്മാർക്കുവേണ്ടി ചെയ്തത് പരിശുദ്ധാത്മാവ് ശിഷ്യന്മാരിൽ ചെയ്യുന്നു.

ളാണെന്നു പരിശുദ്ധാത്മാവു നമ്മുടെ ആത്മാവോടു സാക്ഷ്യം പറയുന്നു." നമുക്ക് ദൈവത്തോടുള്ള ബന്ധത്തെക്കുറിച്ച് പരിശുദ്ധാത്മാവ് നമ്മോടു സാക്ഷ്യം പറയുന്നു. ക്രിസ്തുവിൽ നമുക്ക് ലഭിക്കുന്ന കരുതലുകളെക്കുറിച്ച് പരിശുദ്ധാത്മാവ് നമ്മോടു ഉറപ്പിച്ചു പറയുന്നു. സർവ്വശക്തനായ ദൈവത്തെ 'അബ്ബാപിതാവെ' എന്നു വിളിക്കുവാൻ നമുക്ക് കഴിയുന്നത് പരിശുദ്ധാത്മാവുമൂലമാണ്.

പരിശുദ്ധാത്മാവ് നമ്മിലൂടെ സാക്ഷ്യം പറയുന്നു. ഇതിനെ സുവിശേഷീകരണമെന്നോ അല്ലെങ്കിൽ 2 കൊരി.5:14-21-ൽ പൗലോസ് വിളിക്കുന്നപ്രകാരം നിരപ്പിന്റെ ശുശ്രൂഷയെന്നോ വിളിക്കാം. പൗലോസ് പറയുന്നത് നാം ക്രിസ്തുവിന്റെ സ്ഥാനപതികൾ ആണെന്നാണ്.

ഇവിടെ പുരോഗതി വളരെ പ്രധാനപ്പെട്ടതാണ്. പാപത്തിൽവീണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തോടു നാം എന്തെങ്കിലും പറയുന്നതിനുമുമ്പ് നമ്മോടുള്ള പരിശുദ്ധാത്മാവിന്റെ സാക്ഷ്യം നാം ശ്രദ്ധിക്കേണ്ടതാണ്. യേശുക്രിസ്തുവിൽ നമുക്കെന്തൊക്കെയുണ്ടെന്നുള്ളത് സംസാരിക്കുന്ന പരിശുദ്ധാത്മാവാം ദൈവത്തിന്റെ നേരിയ സ്വരം നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ, നമ്മുടെ ഉള്ളിലുള്ള ഉറപ്പും അനുതാപവും ആന്തരിക ശക്തിയും എടുത്തുമാറ്റുവാൻ നാം നമ്മുടെ ശത്രുവിനെ അനുവദിച്ചിട്ടുണ്ടെങ്കിൽ കർത്താവിന്റെ വചനത്തിൽ നാം ആശ്രയിച്ചിട്ടില്ലെങ്കിൽ, നമ്മോടുള്ള ആത്മാവിന്റെ ശുശ്രൂഷ നാം നിരസിച്ചിട്ടുണ്ടെങ്കിൽ യേശുവിനു നമ്മിലൂടെ മറ്റു

ള്ളവരോടു സംസാരിക്കുവാൻ കഴിയുമെന്നു നമുക്ക് എങ്ങനെ പ്രതീക്ഷിക്കാം? നാം നമ്മിൽ തന്നെ ആശയകുഴപ്പത്തിലാണെങ്കിൽ യേശു മാത്രമാണ് ഉത്തരമെന്ന് മറ്റുള്ളവരോടു എങ്ങനെ പറയുവാൻ കഴിയും? നാം നിരാശപ്പെട്ടിരിക്കുമ്പോൾ മറ്റുള്ളവർക്ക് പ്രത്യാശ നൽകുവാൻ നമുക്ക് എങ്ങനെ കഴിയും? നമ്മുടെ ജീവിതത്തിൽ ആദ്യമായി പരിശുദ്ധാത്മാവാം ദൈവത്തെ പ്രവർത്തിക്കുവാൻ നാം അനുവദിക്കണം.

"എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും." (യോഹ.16:7)

പ്രയോജനം എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം "എല്ലാം ഒരുമിച്ച് നിർത്തുന്നു" എന്നാണ്. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം എന്നു കർത്താവു പറയുമ്പോൾ ശിഷ്യന്മാരുടെ മുഖം വാടിയിരിക്കാം. കർത്താവു പോകുവാൻ ശിഷ്യന്മാർ ആഗ്രഹിക്കുന്നില്ല. നാമും അത് ആഗ്രഹിക്കുന്നില്ല. നിങ്ങൾക്ക് പ്രയോജനം എന്നു കർത്താവു പറയുമ്പോൾ അവൻ പറയുന്നത് "ഞാൻ പോകുന്നതുകൊണ്ട് നിങ്ങൾക്ക് എല്ലാം ഒരുമിച്ച് പിടിക്കുവാൻ കഴിയുമെന്നാണ്.

യേശു വാഗ്ദത്തം ചെയ്യുന്നത്, പരിശുദ്ധാത്മാവ് വരുമ്പോൾ നമുക്ക് കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിയുമെന്നും ജീവിതത്തിലെ പിരിമുറുക്കങ്ങൾക്കിടയിൽ പ്രവർത്തിക്കുവാൻ കഴിവു നൽകുമെന്നും. ഓരോ ദിവസവുമുണ്ടാകുന്ന നിരാശകൾ, ആക്രമണങ്ങൾ, പ്രലോഭനങ്ങൾ തുടങ്ങിയവയെ കൈകാര്യം ചെയ്യുവാൻ സഹായിക്കുമെന്നുമാണ്. നമ്മെ മുമ്പോട്ടു നയിക്കുന്ന പ്രകൃത്യാതീത ശക്തിയുടെ ഉറവിടം പരിശുദ്ധാത്മാവാണ്. അതുകൊണ്ട് മാത്രമാണ് നമ്മിലാർക്കെങ്കിലും ക്രിസ്ത്യാനിയുടെ ജീവിതവഴിയിലൂടെ മുമ്പോട്ടുപോകുവാൻ കഴിയുന്നത്. തന്റെ മരണപുനരുത്ഥാനം കൂടാതെ ആർക്കും ജീവൻ പ്രാപിക്കുവാൻ കഴികയില്ല എന്നു കർത്താവു ശിഷ്യന്മാരെ ഓർപ്പിക്കുന്നു.

> *"അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും, അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ." (യോഹ.16:8-11)*

"ബോധം വരുത്തുക" എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് elegcho ആണ് ഇത് പുരാതനകാലത്തെ കോടതിമുറിയിൽ വിചാരണചെയ്യുന്നതിനു ഉപയോഗിച്ചിരുന്നു. ഇതിന്റെ അർത്ഥം "എതിരെ നിൽക്കുന്നവരെ ചോദ്യം ചെയ്ത് മുഴുവനായും സമ്പൂർണ്ണമായും ഖണ്ഡിക്കുക" എന്നാണ്. ഇവിടെ എതിരാളി ആരാണ്? സാത്താൻ. അവൻ പ്രതിയോഗി, കുറ്റാരോപകൻ, പരദൂഷണം നടത്തുന്നവൻ, നുണയൻ, കുലപാതകൻ (1പത്രോ. 5:8; വെളി.12:10; യോഹ.8:44) പരിശുദ്ധാത്മാവു മനുഷ്യരിൽ നടത്തുന്ന ആദ്യത്തെ പ്രവൃത്തി ബോധം വരുത്തലാണ്. ബോധം വരുത്തുന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുവിശേഷസത്യം അവിശ്വാസിക്ക് വ്യക്തമാക്കി കൊടുക്കുക എന്നാണ്. തൻമൂലം തന്റെ മുമ്പിൽ തിരഞ്ഞെടുക്കുവാനുള്ള സാധ്യതകൾ മനുഷ്യനു ബോധ്യമാകും. അവിശ്വാസികൾക്ക് പരിശുദ്ധാത്മാവ് 3 കാര്യങ്ങളെക്കുറിച്ച് ബോധം വരുത്തുന്നു.

**1. പാപം –** ഇവിടെ അവിശ്വാസമാണ് പാപം. യേശു പറഞ്ഞു മനുഷ്യൻ പാപം ചെയ്യുന്നത് "അവൻ എന്നിൽ വിശ്വസിക്കായ്ക" കൊണ്ടാണ്. ക്രിസ്തുവിനെ നിരസിക്കുന്നതു പാപമാണെന്നു ഒരു അവിശ്വാസി അറിയണമെന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.

**2. നീതി –** ക്രിസ്തുവിന്റെ ക്രൂശിലുള്ള ജയമാണ് നീതി. യേശുക്രിസ്തു സാത്താന്റെ മേൽ ക്രൂശിൽ വിജയം നേടി എന്നുള്ളത് അവിശ്വാസി അറിയണമെന്നാണ് പരിശുദ്ധാത്മാവിന്റെ രണ്ടാമത്തെ ആഗ്രഹം. മനുഷ്യന്റെ നീതീകരണത്തിന്റെ ഏക അടിസ്ഥാനം യേശുവിന്റെ ക്രൂശുമരണമാണെന്നും അവിശ്വാസി അറിയുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.

**3. ന്യായവിധി –** ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ ന്യായം വിധിക്കപ്പെട്ടതുകൊണ്ട് വരുവാൻപോകുന്ന ദൈവത്തിൽനിന്ന് എന്നേക്കുമായുള്ള വേർപാടാണ് ന്യായവിധി. അവിശ്വാസി അറിയണമെന്നു പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്ന മൂന്നാമത്തെ കാര്യം ക്രിസ്തുവിന്റെ നിത്യതേജസോ സാത്താന്റെ നിത്യനാശമോ

അനുഭവിക്കുവാനുള്ള തീരുമാനം നാം ഓരോരുത്തരും സ്വയമായി തിരഞ്ഞെടുക്കുന്നു എന്നുള്ളതാണ്.

നിങ്ങൾ ഒരു അവിശ്വാസി ആണെങ്കിൽ പരിശുദ്ധാത്മാവിനു നിങ്ങളോടു മൂന്നുകാര്യങ്ങൾ പറയുവാനുണ്ട്. കയീൻ എവിടെനിന്നാണ് ഭാര്യയെ എടുത്തതെന്നു പരിശുദ്ധാത്മാവ് നിങ്ങളോടു പറയുകയില്ല. ദാനിയേൽ പ്രവചനം എഴുതിയ സമയം നിങ്ങളോടു പരിശുദ്ധാത്മാവ് വിശദീകരിക്കുകയില്ല. അതുപോലെ യെശയ്യാവ് രണ്ടുണ്ടോ മൂന്നുണ്ടോ തുടങ്ങി ദൈവശാസ്ത്രപരമായ തർക്കങ്ങളൊന്നും നിങ്ങളോടു വിശദീകരിക്കുകയില്ല. പരിശുദ്ധാത്മാവ് നിങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്ന ഒന്നാമത്തെ കാര്യം ക്രിസ്തുവിനെ നിരസിക്കുന്നത് പാപമാണ്. രണ്ടാമത്തെ കാര്യം ക്രിസ്തു ക്രൂശിൽ നേടിയ നീതി മാത്രമാണ് ദൈവം കണക്കിടുന്നത്. മൂന്നാമത്തെ കാര്യം സാത്താൻ ന്യായം വിധിക്കപ്പെട്ടിരിക്കുന്നുയെന്നും, നിങ്ങൾ ക്രിസ്തുവിനെ നിരസിച്ചാൽ നിങ്ങളും അവന്റെ വിധി അനുഭവിക്കേണ്ടിവരും എന്നുമാണ്.

> *“ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു, എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വന്തമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും.” (യോഹ. 16:12-14)*

പരിശുദ്ധാത്മാവ് നമ്മെ രക്ഷയ്ക്കായി ബോധ്യം വരുത്തിയശേഷം നാം വിശ്വസിക്കുന്നു, തുടർന്നു പരിശുദ്ധാത്മാവു നമ്മുടെ വഴികാട്ടിയും സഹായിയുമാകുന്നു. പരിശുദ്ധാത്മാവ് നിഗൂഢമായി സത്യം നമ്മിൽ പകരുന്നില്ല, അതുപോലെ ഹർഷോന്മാദം ഉളവാക്കുന്ന വികാരങ്ങളുടെ തലത്തിലേക്കു ഉയർത്തുകയോ ചെയ്യുന്നില്ല. ആത്മാവിന്റെ ദൗത്യം നമ്മെ സത്യത്തിലേക്കു നടത്തുക എന്നതാണ്. എന്നാൽ നാം നമ്മെത്തന്നെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായി എൽപ്പിച്ചുകൊടുക്കണം. നാം ദൈവവചനം പഠിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നാം പഠിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയദൃഷ്ടികളെ പ്രകാശിപ്പിക്കും. (എഫെ. 1:8) തന്മൂലം ദൈവവചനം നമുക്ക് അർത്ഥമുള്ളതായി തീരും. നാം പഠിക്കുന്ന കാര്യങ്ങളിലൂടെ ദൈവാത്മാവ് നമ്മെ പഠിപ്പിക്കുന്നു.

യേശുക്രിസ്തു കൂടാരപ്പെരുന്നാളിൽ ആയിരുന്നപ്പോഴാണ് ആദ്യമായി പരിശുദ്ധാത്മാവിന്റെ വരവിനെപ്പറ്റിയുള്ള സൂചന നൽകുന്നത്. ദാഹിക്കുന്ന എല്ലാവരോടുമാണ് ഇവിടെ കർത്താവിന്റെ ആഹ്വാനം. തന്നിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ആത്മീയ ദാഹം പരിശുദ്ധാത്മാവ് ശമിപ്പിക്കുന്നുയെന്നുള്ള വാഗ്ദത്തമാണ് താൻ നൽകിയത്. ഈ വാഗ്ദത്തം നിറവേറ്റുവാനുള്ള വ്യവസ്ഥ തന്നിൽ വിശ്വസിക്കണമെന്നതാണ്.

നിങ്ങൾ ഒരു അവിശ്വാസിയാണെങ്കിൽ യഥാർത്ഥജീവിതസംതൃപ്തി ഒരിക്കലും അറിയുവാൻ നിങ്ങൾക്ക് കഴിയുകയില്ല. പരിശുദ്ധാത്മാവു ദാഹം ശമിപ്പിച്ച ദേഹിയിൽനിന്നു വരുന്ന അനുനിമിഷസ്ഥിരത നിങ്ങൾക്ക് ഒരു കാരണവശാലും അനുഭവിക്കുവാൻ കഴിയുകയില്ല.

താങ്കൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, ഇന്നും നിങ്ങൾ ഭയത്തിലും പരാജയത്തിലും ജീവിക്കുന്നു എങ്കിൽ താങ്കൾ യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ചിട്ടില്ല. നിങ്ങൾ ആത്മാവിനെ സംശയിക്കുന്നു. ആത്മാവിനെ സംശയിക്കുന്നുവെങ്കിൽ നിങ്ങളുടെ ആത്മീയദാഹത്തെ ശമിപ്പിച്ചിട്ടില്ല.

നമ്മെ സംതൃപ്തിപ്പെടുത്തുവാൻ നാം പരിശുദ്ധാത്മാവിനെ അനുഭവിക്കുമ്പോൾ മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനുള്ള അവസരം ആത്മാവ് നമുക്ക് തരും. നമ്മുടെ ആത്മീയദാഹം ശമിപ്പിച്ചു. അതേ ജലം നമ്മുടെ ചുറ്റുമുള്ളവരുടെ ആത്മീയ ദാഹവും ശമിപ്പിക്കും. വെള്ളം ഉറവയിൽ നിന്നു അരുവിയായും അരുവിയിൽനിന്നു നദിയായും വ്യാപിക്കും. നദി അനേകരെ ഉന്മേഷഭരിതമാക്കും. വെള്ളം ഒഴുകുന്നതുപോലെ ആത്മാവിന്റെ ദൗത്യം പൂർത്തീകരിക്കപ്പെടും. അങ്ങനെ യേശുക്രിസ്തു മഹത്വപ്പെടുന്നു.



# പാഠം 1 – 5:
# സാദ്ധ്യത – *വിശ്വാസം*

ലൂക്കോസ് 19:1–10
ലൂക്കോസ് 17:5–6

പരിപൂർണ്ണമായ കരുതലോടും പദ്ധതിയോടും കൂടെയാണ് ദൈവം നമ്മിലേക്കു വന്നത്. നമുക്ക് രണ്ടു തരത്തിലുള്ള തിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയും. ഒന്നുകിൽ ദൈവം പറയുന്നത് വിശ്വസിക്കുകയും അവിടുന്ന് നൽകുന്നതിനെ സ്വീകരിക്കുകയും അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക, അവിടുത്തെ ദാനം സ്വീകരിക്കാതിരിക്കുക. ലൂക്കോ.10-ാം അദ്ധ്യായത്തിൽ നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ വിളിയോടുള്ള ഒരു മനുഷ്യന്റെ പ്രതികരണമാണ്.

> *"അവൻ യെരിഹോവിൽ എത്തി കടന്നുപോകുമ്പോൾ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി എന്നു പേരുള്ളൊരു പുരുഷൻ യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു. വളർച്ചയിൽ കുറുകിയവൻ ആകകൊണ്ട് പുരുഷാരം നിമിത്തം കഴിഞ്ഞില്ല, എന്നാറെ അവൻ മുമ്പോട്ടു ഓടി അവനെ കാണേണ്ടതിനു ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു. അവൻ ആ സ്ഥലത്തെത്തിയപ്പോൾ മേലോട്ടുനോക്കി, സക്കായിയെ വേഗം ഇറങ്ങി വാ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവരെല്ലാം അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു. സക്കായിയോ നിന്നു കർത്താവിനോടു: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദിദ്രർക്കു കൊടുക്കുന്നുണ്ട്, വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങ് മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു. യേശു അവനോടു: ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീട്ടിനു രക്ഷ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു പറഞ്ഞു" (ലൂക്കോ.19:1-10).*

യേശുക്രിസ്തുവിന്റെ കാലഘട്ടത്തിൽ യഹൂദന്മാർക്കിടയിൽ ചുങ്കക്കാരെക്കാൾ വെറുക്കപ്പെട്ടവരായി വളരെ കുറച്ച് ആളുകളെ ഉണ്ടായിരിന്നുള്ളു. ചുങ്കക്കാരായ യഹൂദന്മാർ റോമൻ സാമ്രാജ്യത്തിനു വേണ്ടി കരം പിരിച്ചിരുന്നു. "നിർമ്മലമായത്" എന്ന അർത്ഥമുള്ള സഖായി യഹൂദന്മാരിൽനിന്ന് പുറംതള്ളപ്പെട്ടത് മതപരമായി അശുദ്ധനായതുകൊണ്ടു മാത്രമല്ല രാഷ്ട്രിയമായി ഒറ്റുകൊടുക്കുന്നവൻ ആയതുകൊണ്ടുമാണ്.

മറ്റൊരു ചുങ്കക്കാരനായ അപ്പൊസ്തലനായ മത്തായിയെപ്പോലെ, "നല്ലവരായ" യഹൂദന്മാരുടെ സാമൂഹിക

മായ പരിപാടികളിലും ഭവനങ്ങളിലും സക്കായിക്കും സ്വീകരണമുണ്ടായിരുന്നില്ല. യഹൂദ മതനേതാക്കന്മാർ "പാപികൾ" എന്നു കരുതുന്നവരിൽ നിന്നാണ് അവനു സ്നേഹിതന്മാരെ ലഭിച്ചിരുന്നത്.

സക്കായി എന്തിനോവേണ്ടി അലഞ്ഞിരുന്നു. പക്ഷേ അതെന്താണ് എന്നു അവൻ അറിഞ്ഞില്ല. എങ്കിലും യേശുവെന്ന ഈ മനുഷ്യനെ കാണുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന് അവനു മനസിലായി. സഖായിക്കു അറിയാത്ത ഒരു കാര്യമുണ്ടായിരുന്നു. അവൻ യേശുവിൽ ശ്രദ്ധ പതിപ്പിക്കുന്നതിനു മുമ്പ് യേശു അവനെ ശ്രദ്ധിച്ചിരുന്നു. സഖായിയെ ദൈവകൃപ തേടിവന്നു.

യേശു മരത്തിനു സമീപം വന്നു നിന്ന് മുകളിലേക്കു നോക്കുന്നതിനു മുമ്പ് സഖായി ആത്മീകമായും ശാരീരികമായും എവിടെയാണെന്നു യേശു അറിഞ്ഞു. ഇവൻ ജീവിതത്തിലുടനീളം ഒരു സാധാരണ മനുഷ്യനാണെന്ന നിലയിലും മറ്റുള്ള യഹൂദന്മാരാൽ അധിക്ഷേപിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നവനാണെന്നും യേശു അറിഞ്ഞു. താൻ അനുഭവിച്ചിരുന്ന എല്ലാ അപമാനങ്ങളും യേശു അറിഞ്ഞു.

സഖായിയുടെ ജീവിതത്തിന്റെ മറുവശവും യേശുവിനറിയാം. സഖായി നടത്തിയ എല്ലാ വഞ്ചനയും യേശു അറിയുന്നു. യെരിഹോവിലെ ഓരോ കച്ചവടക്കാരനിൽ നിന്നും തൊഴിൽദായകനിൽ നിന്നും സഖായി ഞെക്കിപ്പിഴിഞ്ഞെടുത്ത ഓരോ പണത്തെക്കുറിച്ചും കർത്താവിനറിയാം . എല്ലാവരും തരം താഴ്ന്നവനായി കണ്ട സഖായിയെ, പാപരഹിതനും ദൈവപുത്രനുമായ യേശു കണ്ടപ്പോൾ അവൻ നിന്നു അവനെ നോക്കി. പലസ്തിനിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി, പ്രബഞ്ചത്തിലെ ഏറ്റവും പ്രധാന വ്യക്തി സഖായിയൊടൊപ്പം സമയം ചിലവഴിക്കുവാൻ വളരെ ആഗ്രഹിക്കകൊണ്ട് യേശു സ്വയം ക്ഷണിക്കുന്നു - "ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു".

സഖായി കർത്താവിനെ കണ്ടുമുട്ടുന്നതിനുമുമ്പ്, സഖായിയെ കർത്താവ് അന്വേഷിച്ചിരുന്നു. ഇവനെ കണ്ടുമുട്ടുന്നതിനു യേശുവിനു കഴിഞ്ഞ നിത്യതയിൽതന്നെ ആഗ്രഹമുണ്ടായിരുന്നു. സഖായിയെ ദൈവം സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ യേശു അവനെ കണ്ടിരുന്നു, മാത്രമല്ല ഈ മനുഷ്യനുവേണ്ടി ക്രൂശിൽ മരിക്കുവാനും തീരുമാനിച്ചിരുന്നു.

യേശുവിന്റെ ക്ഷണത്തിനു സഖായി എങ്ങനെയാണ് പ്രതികരിച്ചത്? അവൻ സന്തോഷത്തോടെ യേശുവിനെ കൈകൊണ്ടു. സഖായി കർത്താവിനായി തന്റെ ഹൃദയം തുറന്നുകൊടുത്ത അതേ നിമിഷം സഖായിയുടെ ഭവനത്തിനു രക്ഷ വന്നു. (ലൂക്കോ. 19:8) സഖായി പറയുന്ന ദാനധർമ്മങ്ങളും പരിഹാരക്രിയകളും രക്ഷക്കുവേണ്ടിയായിരുന്നില്ല. രക്ഷയോടുള്ള അവന്റെ പ്രതികരണഫലമായി വന്ന ദാനങ്ങളായിരുന്നു അവയെല്ലാം. സഖായിൽനിന്നു യേശു ആവശ്യപ്പെട്ടത് വിശ്വാസം മാത്രമായിരുന്നു. തന്റെ മക്കൾ നിർബന്ധത്താലല്ലാതെ ഔദാര്യമായി കൊടുക്കുന്നത് കാണുമ്പോൾ ദൈവം സന്തോഷിക്കുന്നു (2കൊരി.9:7). എന്നാൽ രക്ഷക്ക് ആവശ്യം വിശ്വാസം മാത്രമാണ്.

യേശുക്രിസ്തു ഒരു "പാപിയായ" മനുഷ്യന്റെ ഭവനത്തിൽ പ്രവേശിച്ചതിനെതിരെ ഭീഷണിയുമായി വന്നവരുടെ പിറുപിറുപ്പുകൾക്ക് കർത്താവിനു നൽകുവാൻ ഒരു സന്ദേശമുണ്ട്. അത് വാക്യം 10-ൽ കാണുന്നു. നഷ്ടപ്പെട്ട പാപികളെ തേടുകയും രക്ഷിക്കുകയുമാണ് തന്റെ ജീവിതത്തിന്റെ ദൗത്യം.

അന്വേഷിക്കുക എന്നതിനു ഉപയോഗിച്ചിരിക്കുന്നത് "സീറ്റോ (zeteo) എന്ന ഗ്രീക്ക് വാക്കാണ്. ഇതിന്റെ അർത്ഥം "തേടുക" എന്നാണ് നിങ്ങൾ തേടുന്നതിനെ കണ്ടെത്തും വരെ അന്വേഷിക്കുക എന്ന ആശയമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. "നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും" എന്നു ദാവീദ് സങ്കീർത്തനം 23 ൽ പറയുമ്പോൾ ഈ വാക്കിന്റെ പഴയ നിയമത്തിലെ തുല്യ അർത്ഥമുള്ള വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. "പിന്തുടരും" എന്ന വാക്ക് നൽകുന്നതിലും ആഴമേറിയ അർത്ഥത്തിലാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്. ചില വസ്തുക്കളെയൊ വ്യക്തികളെയൊ വേട്ടയാടി വീഴ്ത്തുക, അഭിനിവേശത്തോടെ പിന്തുടരുക എന്നീ ആശയങ്ങളാണ് ഉൾക്കൊണ്ടിരിക്കുന്നത്.

സഖായിയെ കർത്താവ് അന്വേഷിച്ചത് ആഴമേറിയ ആഗ്രഹത്തോടെയാണ്. ഇപ്പോഴും കർത്താവു നഷ്ടപ്പെട്ടവരെ അന്വേഷിക്കുന്നത് ഈ ആഴമേറിയ അഭിനിവേശത്തോടെയാണ്. കർത്താവ് ആണ് മുൻകൈയെടുത്തത്, അവൻ തന്നെയാണ് അന്വേഷകൻ. കർത്താവിനു കണ്ടെത്തുവാനും സുരക്ഷിതത്വത്തിലേക്കു നയിക്കുവാനും നമ്മെത്തന്നേ അനുവദിക്കുവാൻ മാത്രമാണ് കർത്താവ് ആവശ്യപ്പെടുന്നത്. തന്മൂലം കർത്താവിനുമാത്രം നൽകുവാൻ കഴിയുന്ന ജീവൻ നാം വിശ്വാസത്താൽ പ്രാപിക്കുന്നു.

ഒരിക്കൽ നാം വിശ്വാസത്താൽ ജീവൻ പ്രാപിക്കുന്നു, വിശ്വാസത്താൽ ജീവിക്കുക എന്നുള്ള ഏകവഴി മാത്രമെ നമ്മുടെ മുമ്പിലുള്ളൂ. എബ്രായർ 11:6 ൽ നാം വായിക്കുന്നത് "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല." വിശ്വാസം മാത്രമാണ് ദൈവത്തിനു പ്രസാദമെങ്കിൽ അപ്പൊസ്തലന്മാർ ലൂക്കോസ് 17 ൽ പറഞ്ഞതാണ് നമുക്കും എപ്പോഴും പറയുവാനുള്ള ഏറ്റവും വലിയ കാര്യങ്ങളിലൊന്ന്. അപ്പൊസ്തലന്മാർ കർത്താവിനോടു

*"ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ചു തരേണമേ" എന്നു പറഞ്ഞു (ലൂക്കോസ് 17:5)*

സാധാരണയായി സ്വയം ചീർത്തിരുന്ന ശിഷ്യന്മാർക്ക് പ്രത്യേക നിമിഷത്തിൽ വിശ്വാസത്തിന്റെ വലിയ ആവശ്യത്തെക്കുറിച്ച് ബോധമുണ്ടാകുവാനുള്ള കാരണമെന്താണ്? ലോക ജീവിതത്തിന്റെ വെറും സാധാരണ മായ സാഹചര്യങ്ങളിലൊന്നായിരിക്കാം. അന്യോന്യം ക്ഷമിക്കുവാൻ യേശു അപ്പോൾ പറഞ്ഞുകഴിഞ്ഞതേയുള്ളൂ. ഒരു സഹോദരൻ ഏഴു പ്രാവശ്യം പാപം ചെയ്യുകയും ഏഴു പ്രാവശ്യം ക്ഷമ ചോദിക്കുകയും ചെയ്താൽ അവനോടു ക്ഷമിക്കണമെന്ന് യേശു അവരെ പഠിപ്പിച്ചു.

മത്തായി 18 ൽ കാണുന്ന ഇതിന് സമാനമായ ഭാഗത്ത് ഒരു ചോദ്യവുമായി പത്രോസ് കർത്താവിനെ സമീപിച്ചു. "കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴെച്ചാൽ ഞാൻ ക്ഷമിക്കണം. ഏഴുവട്ടം മതിയോ" എന്നു ചോദിച്ചു. ഒരു പക്ഷെ തന്റെ സഹോദരൻ അന്ത്രെയോസ് പിഴക്കുവാൻ അനുവദിച്ചിട്ടുള്ള പരിധിയിൽ എത്തിയെന്നു പത്രോസിനു തോന്നിയിരിക്കാം. തന്റെ സഹോദരനോടു ഏഴുവട്ടം ക്ഷമിക്കുവാൻ തയ്യാറായതിന്റെ അഭിമാനത്തോടെ പത്രോസ് നിൽക്കുകയായിരുന്നിരിക്കാം. എന്നാൽ കർത്താവ് പത്രോസിനെ നോക്കി ഇപ്രകാരം പറഞ്ഞു "ഏഴ് എഴുപത് വട്ടം"

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞത് ആവശ്യമെങ്കിൽ ഒരു ദിവസം ക്ഷമിക്കുക, ക്ഷമിക്കുക 490 പ്രാവശ്യം ക്ഷമിക്കുക എന്നാണ്. അവരുടെ പ്രതികരണം "ഇതിനു വിശ്വാസം ആവശ്യമാണ്, കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമെ" വർദ്ധിപ്പിക്കുക എന്നതിനു ഉപയോഗിച്ചിരിക്കുന്നത് പ്രോസ്റ്റിത്തിമി (prostithemi) എന്നാണ്. റ്റോത്തിമി (tothemi) അർത്ഥമാക്കുന്നത് "യഥാസ്ഥാനത്ത് വയ്ക്കുക" എന്നതാണ്. പ്രോസ് (pros)

## വിശ്വാസം

1. **വിശ്വാസം ദൈവത്തിന്റെ സർവ്വശക്തിയെ വെളിപ്പെടുത്തുന്നു.** സർവ്വശക്തിയെന്നു പറഞ്ഞാൽ ദൈവീകശക്തിയാണ്. റോമർ 1:16ൽ പൗലോസ് എഴുതുന്നു. "സുവിശേഷത്തേക്കുറിച്ച് എനിക്കു ലജ്ജയില്ല വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ. ദൈവശക്തി നമ്മുടെ സ്വാധീനത്തിലുണ്ട്. എന്നാൽ അത് പ്രായോഗികമാക്കുവാൻ വിശ്വാസം ആവശ്യമാണ്.

2. **ക്രിസ്തീയ ജീവിതത്തിന്റെ ഒരു വാക്കിലുള്ള ചുരുക്കെഴുത്താണ് വിശ്വാസം**. ഹബക്കൂക്ക് 2:4; റോമർ 1:17; ഗലാത്യർ 3:11; എബ്രായർ 10:38 എന്നീ വേദഭാഗങ്ങളിലെല്ലാം നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന് എഴുതിയിരിക്കുന്നു. ക്രിസ്തു വാഗ്ദത്തം ചെയ്യുന്ന സമൃദ്ധിയായ ജീവൻ അനുഭ വമാക്കുവാനുള്ള ഏക വഴി വിശ്വാസമാണ്. (യോഹന്നാൻ 10:10). വിശ്വാസത്തിൽ നിന്നു നമ്മെ അകറ്റുന്നതെന്തും നമ്മുടെ ആത്മീയ ജീവിതത്തെ ചൂഷണം ചെയ്യുന്നു.

   മത്തായി 13:31-32 ഭാഗത്ത് പറയുന്നു കടുകുമണി മനുഷ്യൻ നട്ടുവളർത്തുന്ന ചെടികളുടെ വിത്തിൽ വച്ച് ഏറ്റവും ചെറുതാണ്. എന്നാൽ ഇതിൽ നിന്നുണ്ടാകുന്ന ചെടി കുറ്റിച്ചെടികളിൽ വച്ച് ഏറ്റവും വലുതായിത്തീരുന്നു. കർത്താവ് താൻ പറയുന്ന കാര്യം വ്യക്തമാക്കുന്നതിനായി കടുകുമണിയെ ഉപയോഗിക്കുന്നു. കാരണം ഇത് ഏറ്റവും ചെറുതിൽ നിന്നു ഏറ്റവും വലുതിലേക്കുള്ള വളർച്ചയാണ്. നമുക്ക് എത്രത്തോളം വിശ്വാസമുണ്ടെന്നുള്ളതല്ല, നാം ആരിൽ വിശ്വസിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ടത്. വിശ്വസിക്കുന്ന വ്യക്തിയിലല്ല ശക്തി, വിശ്വാസത്തിൽ തന്നേയും ശക്തിയില്ല, വിശ്വാസത്തിന്റെ വിഷയത്തിലാണ് ശക്തി. ഈ പ്രപഞ്ചത്തിൽ വിശ്വാസത്തിന്റെ കേന്ദ്രവിഷയം യേശുക്രിസ്തു മാത്രമാണ്. യേശുക്രിസ്തുവിന്റെ മനസ്സിനെ നമുക്ക് ദൈവവചനത്തിൽ കാണാം. നമ്മുടെ വിശ്വാസം വളരെ ചെറു

അർത്ഥമാക്കുന്നത് “മുഖാമുഖം” അല്ലെങ്കിൽ മുമ്പിൽ എന്ന അർത്ഥത്തിലാണ്. പ്രോസ്റ്റിത്തിമി (prostithemi) എന്നത് ബാങ്കുമായി ബന്ധപ്പെട്ട ഒരു പ്രയോഗമാണ്. ഇതിന്റെ അർത്ഥം നിക്ഷേപം നടത്തുക എന്നാണ്. അവർ പറയുന്നത് ‘ഇത് കൈകാര്യം ചെയ്യുന്നതിനു ഞങ്ങളുടെ കൈയിൽ ആവശ്യമായത് ഇല്ല. അതുകൊണ്ട് ഞങ്ങളുടെ കണക്കിലേയ്ക്ക് കൂടുതൽ വിശ്വാസം നൽകണം. എന്തുകൊണ്ട്? കർത്താവ് അവരിൽ നിന്നു ഏറ്റവും പ്രായോഗികമായ വസ്തുത ആവശ്യപ്പെടുന്നു “ക്ഷമ”.

വിശ്വാസം പ്രായോഗികമാണ്. അത് നമ്മുടെ ജീവിതത്തിലെ ഓരോ തീരുമാനത്തിലും ആവശ്യമാണ്. പ്രത്യേകിച്ച് നമ്മുടെ വ്യക്തി ബന്ധങ്ങളുടെ മേഖലയിലാണ് ഇത് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഓരോ ദിവസവും നമ്മെ ഭ്രാന്ത് പിടിപ്പിക്കുകയും, നമ്മുടെ ക്ഷമയെ പരീക്ഷിക്കുകയും, നമ്മുടെ പരിധിയുടെ അറ്റം വരെ എത്തിക്കുകയും ചെയ്യുന്നതായ ജനങ്ങളെ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. ഇവിടെ കർത്താവിന്റെ പരിഹാരം മറ്റുള്ളവരെ നന്നാക്കുകയല്ല, പിന്നെയോ നാം കൃപ പ്രാപിക്കുവാൻ പഠിക്കുകയാണ്. ക്രിസ്തുവിലൂടെ ദൈവം നമ്മോടു ക്ഷമിച്ചതുപോലെ നാം ക്ഷമിക്കുവാൻ പഠിക്കണമെങ്കിൽ (എഫെ. 4:32) നമുക്ക് വിശ്വാസം ആവശ്യമാണ്.

> *അതിനു കർത്താവ് പറഞ്ഞത് നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ കാട്ടത്തിയോടു വേരോടു പറിഞ്ഞു കടലിൽ നട്ടു പോക എന്നു പറഞ്ഞാൽ അത് അനുസരിക്കും (ലൂക്കോസ് 17:6).*

അവർ തങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ കർത്താവിനോടാവശ്യപ്പെട്ടപ്പോൾ വിശ്വാസം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നു യേശു വിശദീകരിക്കുന്നു. കർത്താവ് പറയുന്നത് വിശ്വാസത്തിന്റെ വലിപ്പമോ അളവോ അല്ല പ്രധാനപ്പെട്ടത്. പിന്നെയോ, കടുകുമണിയേപ്പോലെയുള്ള വിശ്വാസമുണ്ടെങ്കിൽ അവർക്ക് എന്തും ചെയ്യാം.

---

തായിരിക്കാം. എന്നാൽ അത് വെച്ചിരിക്കുന്നത് സർവ്വ ശക്തനായ ദൈവത്തിൽ ആണെങ്കിൽ അതിനു അസാധ്യമായതിനെ സാധ്യമാക്കുവാൻ കഴിയും.

ഈ വേദഭാഗത്ത് യേശുക്രിസ്തു പറയുന്നത് വിശ്വാസം എങ്ങനെ പ്രവർത്തിക്കുന്നുവെന്നു മാത്രമാണ്. എന്നാൽ റോമർ 10:17 ൽ, വിശ്വാസം എവിടെനിന്നാണ് വരുന്നതെന്നു പൗലോസ് പറഞ്ഞിരിക്കുന്നു. വിശ്വാസം കേഴ്വിയിലും കേഴ്വി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.

നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കണമെങ്കിൽ നാം ദൈവവചന പഠനം വർദ്ധിപ്പിക്കണം. ദൈവത്തെക്കുറിച്ച് കൂടുതൽ അറിഞ്ഞെങ്കിൽ മാത്രമെ അവനിൽ കൂടുതൽ ആശ്രയിക്കുവാൻ കഴിയുകയുള്ളൂ. നാം കർത്താവായ യേശുവിനെയും ദൈവവചനത്തെയും ശരിയായി മനസ്സിലാക്കുമ്പോൾ നമ്മുടെ വിശ്വാസത്തിനു ശക്തി ലഭിക്കും. കാരണം വിശ്വാസം അർപ്പിച്ചിരിക്കുന്ന വ്യക്തിയിലാണ് ശക്തി അധിഷ്ഠിതമായിരിക്കുന്നത്.

3. **കർത്താവായ യേശുക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം വിശ്വാസമാണ്.** എബ്രായർ 11:1 ൽ കാണുന്നത്, വിശ്വാസം ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണെന്നാണ്. വിശ്വാസം തെളിവാണ്. വിശ്വാസം എന്ന നാമത്തിനു രണ്ട് അർത്ഥങ്ങളുണ്ട്. ഒന്നാമത്തേത് വിശ്വസിക്കുക എന്ന പ്രവർത്തിയാണ്. രണ്ടാമത്തേത് നാം എന്തു വിശ്വസിക്കുന്നു എന്നതിന്റെ ഉള്ളടക്കമാണ്. നമ്മുടെ വിശ്വാസം നമ്മുടെ വിശ്വാസത്തിന്റെ വിഷയമായ കർത്താവായ യേശുവിനേക്കാൾ വലുതല്ല.

4. **ദൈവവചന പഠനത്തിലൂടെയാണ് വിശ്വാസം വരുന്നത്.**

   റോമർ 10:17 പറയുന്നു. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. പഠിപ്പിക്കുന്ന വചനം ഓരോ വിശ്വാസിയും കേൾക്കണം 1തെസ്സ 2:13ൽ പറയുന്നു, വിശ്വസിക്കുന്ന നമ്മിൽ ദൈവവചനം അതിന്റെ പ്രവർത്തി ചെയ്യുന്നു. പഠനത്തിനുശേഷം

അത് പ്രവൃത്തിയിലേയ്ക്ക് വരണം. നാം ദൈവവചനം കേൾക്കുന്നവരായി മാത്രമിരിക്കാതെ അത് ചെയ്യുന്നവരായി ഇരിക്കണം (യാക്കോബ് 1:21-22).

5. **വിശ്വാസം മാത്രമാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്.** എബ്രായർ 11:2; 11:6 വാക്യങ്ങൾ പ്രകാരം വിശ്വാസം മാത്രമാണ് ദൈവപ്രസാദകരമായത്. ദൈവം നമ്മിൽ പ്രസാദിച്ചാൽ ഒരു അത്ഭുതകാര്യം സംഭവിക്കും. നാം സന്തോഷമുള്ളവരായിരിക്കും. സൃഷ്ടാവായ ദൈവം നമ്മുടെയുള്ളിൽ വരുത്തിയിരിക്കുന്ന ക്രമീകരണത്തിൽ ദൈവ ഹിതമനുസരിച്ച് നാം ജീവിക്കുമ്പോൾ മാത്രമാണ് നമുക്ക് പൂർണ്ണമായ സംതൃപ്തിയുണ്ടാകുന്നത്. ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ട് ദൈവത്തിന് ഏറ്റവും പ്രസാദകരമായതാണ് നമുക്ക് ഏറ്റവും നല്ലതായിട്ടുള്ളത്. അതുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുന്നത് നമുക്ക് ഏറ്റവും സംതൃപ്തി നൽകുന്ന വിഷയമാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാനും സന്തോഷകരമായ ജീവിതം നയിക്കുവാനും സാദ്ധ്യമല്ല.

6. **ക്രിസ്തീയ ജീവിതത്തിലെ വിശിഷ്ടമായ കാര്യങ്ങളുടെ അടിസ്ഥാനം വിശ്വാസമാണ്.**

   ക്രിസ്തീയ ജീവിതത്തിലെ വിശിഷ്ടമായ കാര്യങ്ങൾ ഒരു ത്രിത്വത്തിലാണ് പണിതിരിക്കുന്നത്. വിശ്വാസം, പ്രത്യാശ, സ്നേഹം (1കൊരി 3:13; 1പത്രോസ് 1:21-22).

   നമ്മുടെ വിശ്വാസം വർദ്ധിക്കുന്നത് അനുസരിച്ച് നമുക്ക് പ്രത്യാശ ഉണ്ടാകുന്നു. ദൈവവചനത്തിലുള്ള പ്രത്യാശ നമുക്ക് പൂർണ്ണമായ ഉറപ്പ് നൽകുന്നു. അത് നമുക്ക് മറ്റുള്ളവരോട് സന്തോഷകരമായ ഒരു മനോഭാവം പുലർത്തുവാൻ കഴിയുന്നു. ശാന്തമായ ഒരു മാനസിക നിലയിൽ മാത്രമെ നമുക്ക് മറ്റുള്ളവരോട് സ്നേഹത്തോടെ ഇടപെടുവാൻ കഴിയുകയുള്ളൂ. ലളിതമായ ചിന്തയാലും ദയയാലും നമുക്ക് മറ്റുള്ളവരോടുള്ള സ്നേഹം വെളിപ്പെടുത്തുവാൻ കഴിയുന്നു. ഇവ നമുക്ക് നഷ്ടമാകുമ്പോൾ നമ്മുടെ സ്നേഹം നഷ്ടമാകുന്നു. ഇതിന്റെ കാരണം നമ്മുടെ ജീവിതയാത്രയിലെവിടെയോ വിശ്വാസം നഷ്ടമായി എന്നുള്ളതാണ്.

7. **വിശ്വാസം പ്രവർത്തിക്കുന്നു.**

   വിശ്വാസം ബലമേറിയതാണ്. അത് ശക്തിയുള്ളതാണ്. പ്രവർത്തിക്കാതിരിക്കുവാൻ വിശ്വാസത്തിനു കഴിയുന്നതല്ല. അതിന്റെ സ്വഭാവം തന്നെ പ്രവർത്തിയാണ്. (യാക്കോബ് 2:14, 17, 26) വിശ്വാസം നിസഹായതയിലും നിരാശയിലും അസാധ്യമായവയിലും പ്രവർത്തിക്കുന്നു. ക്രിസ്തു നമ്മെ സൽപ്രവർത്തികൾക്കാണ് സൃഷ്ടിച്ചിരിക്കുന്നത് (എഫെ. 2:8-10). വിശ്വാസമില്ലാത്ത പ്രവർത്തി വിലയില്ലാത്തതാണ്. പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ്.

8. **വിശ്വാസം മാത്രമാണ് ലോകത്തെ ജയിക്കുന്നത്.** "ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ" (1യോഹ. 5:4-5) എന്നു അപ്പൊസ്തലൻ പറയുന്നു. കർത്താവായ യേശു നമ്മോടു കൂടെ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ നമ്മൾക്ക് ആകുലപ്പെടുവാൻ എന്താണുള്ളത്?

## പഠിക്കുവാനുള്ള വഴികൾ

വിശ്വാസത്തിലാണ് മനുഷ്യന്റെ പഠനം ആരംഭിക്കുന്നത്. ഒരു ശിശു ആനയുടെ ചിത്രം ആദ്യ മായി കാണുമ്പോൾ ഇത് എന്താണ്? എന്ന അർത്ഥത്തിൽ മാതാവിനെ ഉറ്റു നോക്കുന്നു. അത് ആനയാണെന്നു മാതാവു പറയുമ്പോൾ ആ വാക്ക് അവൻ മനസ്സിലാക്കുന്നു. ഇവിടെ പഠനം സംഭവിക്കുന്നു അടുത്ത തവണ ആ ചിത്രം കാണുമ്പോൾ ആ ചിത്രത്തെ ചൂണ്ടി അവൻ പറ യും. "ആന".

ഒരു ചെറിയ കുട്ടി തന്റെ അദ്ധ്യാപകന്റെ മുഖത്തു നോക്കി ചോദിക്കുന്നു 1 + 1 = 2 ആണെന്നു തെളിയിക്കുക അല്ലെങ്കിൽ ഞാൻ വിശ്വസിക്കുകയില്ല. ആ പഠനം അവന്റെ ജീവിത ത്തിൽ തുടരുവാൻ കഴിയാതെ വരുന്നു. അവൻ ആ സൂത്രവാക്യത്തിൽ വിശ്വാസം അർപ്പിച്ചില്ലെ ങ്കിൽ ആ കുട്ടി വളരുമ്പോൾ തന്റെ പണം കൈകാര്യം ചെയ്യുവാൻ ബുദ്ധിമുട്ടും. എന്നാൽ അതൊരു പ്രശ്നമാകുന്നില്ല കാരണം കണക്കിന്റെ അടിസ്ഥാന സൂത്രവാക്യത്തിൽ അവൻ വിശ്വാസമർപ്പിച്ചില്ലെങ്കിൽ പ്രായമാകുമ്പോൾ കൈകാര്യം ചെയ്യുവാനുള്ള പണം അവന് ഒരി ക്കലും നേടിയെടുക്കുവാൻ കഴികയില്ല.

പഠനത്തിനു മൂന്ന് അടിസ്ഥാന പദ്ധതികളുണ്ട്. പരിചയമാർഗ്ഗം, യുക്തിമാർഗ്ഗം, വിശ്വാസം.

പരിചയമാർഗ്ഗത്തിൽ സത്യം കണ്ടുപിടിക്കുന്നതിനു അനുഭവജ്ഞാനം ഉപയോഗിക്കുന്നു. ശാസ്ത്രീയമായ ഗവേഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ഇരിക്കുന്നത്. പരിചയമാർഗ്ഗ വാദി പറയുന്നു. "എനിക്ക് കാണുകയോ സ്പർശിക്കുകയോ ചെയ്താൽ മാത്രമേ വിശ്വസിക്കു വാൻ കഴിയുകയുള്ളൂ". പരിചയമാർഗ്ഗം അപൂർണ്ണമാണ്. കാരണം, കാണുകയോ അളക്കുകയോ കണക്കാക്കുകയോ ചെയ്യാൻ കഴിയാത്ത അനേകം കാര്യങ്ങളുണ്ട്.

യുക്തിമാർഗ്ഗം അടിസ്ഥാനപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ യുക്തി ഉപയോഗിച്ച് പുതിയ സത്യം കണ്ടെത്തുക എന്നതിലാണ്. മനുഷ്യന്റെ ബുദ്ധിശക്തിയാണ് ഇതിന്റെ അളവും മാനദണ്ഡവും. യുക്തിവാദി പറയുന്നു "എന്റെ മാനുഷിക യുക്തിയിൽ കാരണം കണ്ടെത്തിയെങ്കിൽ മാത്രമെ ഞാൻ വിശ്വസിക്കുകയുള്ളു." യുക്തിവാദം ദുർബലമാണ് കാരണം അത് മനുഷ്യന്റെ ബുദ്ധി യുടെ ചെറിയ പരിധിക്കപ്പുറത്തേക്കു പോകുന്നില്ല.

'വിശ്വാസം' നിങ്ങൾ ആശ്രയിക്കുന്ന വ്യക്തിയുടെ വാക്കിൽ വിശ്വസിക്കുന്നതാണ്. സത്യം കണ്ടെത്തുന്നതിനു നിങ്ങളെക്കാൾ കൂടുതൽ അനുഭവസ്ഥരായ ഒരാളെ ആശ്രയിക്കുന്നു. ദൈവ നിശ്വാസതിരുവെഴുത്തിലുള്ള ഉറപ്പാണ് വിശ്വാസം എന്ന് തിരുവചനം പറയുന്നു. വിശ്വാസമുള്ള പുരുഷനോ സ്ത്രീയോ പറയുന്നു "ദൈവവചനം പറഞ്ഞിരിക്കുന്നതുകൊണ്ടു ഞാൻ വിശ്വസി ച്ചു. അവന്റെ സമയത്ത് ഞാൻ അത് കാണുകയും മനസിലാക്കുകയും ചെയ്യും".

പരിചയമാർഗ്ഗത്തിനും യുക്തിവാദത്തിനും വിദ്യാഭ്യാസത്തിലും കണ്ടുപിടുത്തത്തിലും വലിയ പങ്ക് വഹിക്കുവാനുണ്ട്. എന്നാൽ ദൈവത്തെ അന്വേഷിക്കുന്നതിനും അറിയുന്നതിലും യാതൊരു പങ്കുമില്ല. അപ്പൊസ്തലനായ പൗലോസ് 1കൊരി.1ൽ വളരെ വ്യക്തമായി പറയുന്നു മനുഷ്യന്റെ പരിചയമാർഗ്ഗത്തിലും ബുദ്ധിയുടെ കഴിവിലും ദൈവത്തെ കണ്ടെത്തുവാൻ കഴിയു ന്നതല്ല. എന്നാൽ വിശ്വാസത്താൽ സാധിക്കും.

യെശയ്യാവ് 58:8-11 വരെയുള്ള വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, മനുഷ്യന്റെ ചിന്തകളെ ക്കാളും വഴികളെക്കാളും ദൈവത്തിന്റെ ചിന്തകളും വഴികളും ഉന്നതമെന്നാണ്. ദൈവം സർവ്വ ജ്ഞാനിയും സർവ്വവ്യാപിയുമാണ്. അതുകൊണ്ട് ദൈവം എല്ലാകാര്യങ്ങളും അറിയുന്നു. എല്ലാ സ്ഥലത്തും തന്റെ സാന്നിദ്ധ്യമുണ്ട്.

മനുഷ്യചരിത്രത്തിന്റെ ആരംഭത്തിനുമുമ്പുതന്നെ അതിന്റെ അവസാനം ദൈവം അറിയുന്നു. ദൈവം എപ്പോഴും തന്റെ വാക്കു പാലിക്കുന്നു. ദൈവം പൂർണ്ണമായും നല്ലവനും നീതിമാനുമാ ണ്. അവൻ ഒരിക്കലും ഭോഷ്ക്കു പറയുന്നില്ല. ദൈവം വിശ്വാസയോഗ്യനാണ്. ദൈവത്തിൽ ആശ്രയിക്കുന്നത് എപ്പോഴും സുരക്ഷിതമാണ്. മാത്രമല്ല വിശ്വാസത്താൽ മാത്രമാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത് (എബ്രാ. 11:6).

## വിശ്വാസത്തിന്റെ എബ്രായ പദങ്ങൾ

എബ്രായചിന്തയിൽ അമൂർത്തമായ ഭാവത്തെക്കാൾ അധികമായി മൂർത്തഭാവത്തിനാണ് പ്രധാന്യം. മാനസീകമായ ചിത്രങ്ങൾ വിഭാവനം ചെയ്യുന്ന നിലയിലാണ് എബ്രായപദങ്ങൾ രൂപീകരിച്ചിരിക്കുന്നത്. പഴയനിയമത്തിലെ 5 എബ്രായപദചിത്രങ്ങൾ വിശ്വാസം എന്ന പ്രയോഗ ത്തിനുണ്ട്. അവയെല്ലാം പുരോഗമനോന്മുഖമായവയാണ്. അവ ആത്മീയ ജീവിതത്തിന്റെ വളർച്ച യുടെ പടികളെ ചൂണ്ടിക്കാണിക്കുന്നു.

1. **ആമേൻ** (Amen) അർത്ഥമാക്കുന്നത് "സഹായത്തിനുവേണ്ടി ചാരുക" എന്ന ആശയമാണ്. അത് സാധാരണയായി പരിഭാഷപ്പെടുത്തിയിരിക്കുന്നത് "വിശ്വസിക്കുക" എന്ന നിലയിലാണ്. അത് രക്ഷയ്ക്കുവേണ്ടിയുള്ള വിശ്വാസമാണു കാണിക്കുന്നത്. ആരെങ്കിലും രക്ഷയ്ക്കായി ദൈവത്തിൽ ആശ്രയിക്കുന്നതിനെ അത് കാണിക്കുന്നു. ഉല്പത്തി 15:6ൽ നാം കാണുന്നത് "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു അത് അവനു നീതിയായി കണക്കിട്ടു". ഈ "ചാരുന്ന വിശ്വാസം" ആത്മീയ ശൈശവാവസ്ഥയെ കാണിക്കുന്നു.
2. **ബാറ്റാച്ച്** (Batach) ഇത് ഗുസ്തി പിടിക്കുന്നതിന് ഉപയോഗിക്കുന്ന പ്രയോഗമാണ്. ഒരാൾ തന്റെ എതിരാളിയെ ഗുസ്തിപിടിച്ച് താഴെ വീഴ്ത്തുന്നു. ഇത് സാധാരണയായി ആശ്രയം എന്ന നിലയിലാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ബാറ്റാച്ച് എന്ന വാക്ക് സങ്കീർത്തനം 55:22ൽ ഉപയോഗിച്ചിരിക്കുന്നു. "നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക, അവൻ നിന്നെ പുലർത്തും". "മുഷ്ടിയുദ്ധവിശ്വാസം" എന്നതിന് ആത്മീയമായ ഇളംപ്രായത്തിലെ അനുഭവങ്ങളോടു സാമ്യമുണ്ട്. ഈ സമയത്ത് വിശ്വാസികൾ അല്പം ദൈവവചന പരിജ്ഞാനം നേടുകയും ആത്മീയ പോരാട്ടത്തിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു.
3. **ചാസാഹ്** (Chasah) അർത്ഥമാക്കുന്നത് അഭയത്തിനായി ഓടുക. തന്നെ പിന്തുടരുന്ന ചെന്നായ്ക്കളിൽ നിന്നു രക്ഷ നേടുവാൻ ഒരു മുയൽ പാറയുടെ വിള്ളലിനുള്ളിൽ അഭയം തേടുന്നതുപോലെയത്രെ. കർത്താവു തന്റെ കോട്ടയും ഗോപുരവും പരിചയും രക്ഷകനും (സങ്കീ.144:2) ആണ് എന്ന് മനസിലാക്കി ആത്മീയപാതയിലെത്തിച്ച വിശ്വാസിക്കു ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുവാൻ കഴിയും. ശൗൽരാജാവിൽനിന്നും രക്ഷനേടുവാൻ അദുല്ലാംഗുഹയിൽ ആയിരുന്നപ്പോൾ ഈ രീതിയിലുള്ള വിശ്വാസം മനസിലാക്കി ദാവീദ് പറയുന്നു "എന്റെ ആത്മാവ് നിന്നെ ശരണം പ്രാപിക്കുന്നു"(സങ്കീ.57:1).
4. **യാകാൽ** (yaqual) "കഠിനമായ വേദനയിലുള്ള ആശ്രയം. സമ്മർദ്ദം നേരിടുമ്പോഴുള്ള ആശ്രയം". ഇത് സാധാരണയായി പ്രത്യാശ എന്ന നിലയിലാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഒരു മുറിവിലേക്ക് സൗഖ്യമാക്കുന്ന മരുന്ന് പുരട്ടുന്ന ചിത്രമാണ് ഈ വിശ്വാസം നൽകുന്നത്. ആത്മീയ ജീവിതത്തിൽ മുന്നേറിയ വിശ്വാസ വീരന്മാരുടെ മുറിവുകളെ സുഖപ്പെടുത്തിയ വിശ്വാസമാണിത്. തന്റെ കഷ്ടതയുടെ മദ്ധ്യത്തിൽ ഈയ്യോബ് ഒരു വിശ്വാസവീരന്റെ മനസോടെ ഇപ്രകാരം എഴുതുന്നു "അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും" (ഇയ്യോ.13:15). ബാബേൽ വന്നു യെരുശലേമിനെ നശിപ്പിക്കുന്നതിലും അതിലെ ജനങ്ങളെ അടിമയാക്കുന്നതിലും മനംനൊന്ത യിരെമ്യാവു ഈ നിലയിലുള്ള വിശ്വാസം മൂലം മറ്റൊരു ദിവസത്തെ അഭിമുഖികരിക്കുവാൻ ഇടയായി (വിലാപ. 3:21).
5. **ക്യൂവാഹ്** (qawah) എബ്രായഭാഷയിൽ വിശ്വാസത്തിനുള്ള ഏറ്റവും ശക്തിയായ വാക്ക്. ഇതിന്റെ പരിഭാഷ "കാത്തിരിക്കുക" എന്നാണ്. ഈ വാക്ക് തുടക്കത്തിൽ ഉപയോഗിച്ചിരുന്നത് വേഗത്തിൽ പൊട്ടിപോകുന്ന ചരടുകൾ ഉപയോഗിച്ച് വളരെ ബലമുള്ള പൊട്ടിപോകാത്ത കയറുണ്ടാക്കുന്ന പ്രക്രിയക്കാണ്. ക്യൂവാഹ് എന്നു പറഞ്ഞാൽ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന വാഗ്ദത്തങ്ങൾ, പ്രമാണങ്ങൾ, ഉപദേശങ്ങൾ ഇവയെ ഒരുമിച്ച് കൂട്ടിച്ചേർത്ത് വിശ്വാസത്തിന്റെ ശക്തമായ കയറുണ്ടാക്കുവാനാവശ്യമായ ക്ഷമയോടെയുള്ള സഹിഷ്ണതയാണ്. ദൈവത്തിന്റെ സ്നേഹിതന്റെ വിശ്വാസമാണ്. യെശയ്യാ 40:31 ൽ വായിക്കുന്നത് "എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെ പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും".

# യൂണിറ്റ് 5 പുനഃപരിശോധന

## പാഠം 1-1

1. എന്താണ് മനുഷ്യന്റെ പ്രശ്നം?
2. ദൈവം എന്തുകൊണ്ടാണ് വീഴ്ച അനുവദിക്കുന്നത്?
3. ഹൗവ്വയയ്ക്കു നേരിട്ട പരീക്ഷ എന്താണ്?
4. എന്താണ് മരണം?
5. എന്താണ് പാപം?
6. പാപം എത്ര ഭയാനകമെന്ന് നാം എങ്ങനെ അറിയുന്നു?
7. മൂന്നു നിലയിലുള്ള പാപങ്ങൾ ഏതൊക്കെയാണ്?
8. മൂന്നു വിഭാഗങ്ങളിൽ പെട്ട പാപങ്ങൾ ഏതൊക്കെയാണ്?
9. പാപത്തിനുള്ള ദൈവത്തിന്റെ പരിഹാരമെന്താണ്?
10. ബൈബിളിൽ രക്ഷിതാവിനെക്കുറിച്ചുള്ള ആദ്യ വാഗ്ദത്തം എവിടെയാണ്?
11. ബൈബിളിലെ ഏതു പ്രവർത്തിയാണ് വീണ്ടെടുപ്പിന്റെ ആദ്യ ചിത്രം?
12. എങ്ങനെയാണ് ആദാമും ഹൗവ്വയും രക്ഷിക്കപ്പെട്ടത്?
13. ലോകത്തിലേക്കു പാപം പ്രവേശിച്ചതിനെപ്പറ്റിയും അതിന്റെ കാരണത്തെപ്പറ്റിയും അവിശ്വാസിയായ ഒരു സ്നേഹിതന് എങ്ങനെ വിവരിച്ചു കൊടുക്കും? നിങ്ങളുടെ അവകാശവാദങ്ങൾക്ക് അടിസ്ഥാനമായി ഏതൊക്കെ വാക്യങ്ങൾ ഉപയോഗിക്കും?

### മനപാഠ വാക്യങ്ങൾ

ഉല്പത്തി 2:16-17
ഉല്പത്തി 3:4-5
ഉല്പത്തി 3:21

## പാഠം 1-2

1. ഒരു പദ്ധതി ദൈവം നടപ്പിൽ വരുത്തുന്നുയെന്ന് എങ്ങനെ അറിയാം?
2. ദൈവം "നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നു" എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?
3. ആർക്കാണ് ദൈവം സർവ്വവും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നത്?
4. റോമർ 8:28 പ്രവർത്തിക്കുന്നതെങ്ങനെയെന്നു പഴയനിയമത്തിലെ ഒരാളുടെ ജീവിതമുപയോഗിച്ചുകൊണ്ട് വിവരിക്കുക.
5. "മുൻ നിയമനം" എന്താണ് അർത്ഥമാക്കുന്നത്?
6. വിളിക്കപ്പെട്ടവർ ആരാണ്?
7. ദൈവം എങ്ങനെയാണ് ആളുകളെ വിളിക്കുന്നതെന്നു വിശദമാക്കുക.
8. തന്റെ മക്കളിൽ ഒരോരുത്തരെക്കുറിച്ചും ദൈവത്തിന്റെ ലക്ഷ്യമെന്താണ്?
9. മനുഷ്യനു ഒരു പ്രശ്നമുണ്ടാകുന്നതിനു മുമ്പുതന്നേ മനുഷ്യനെക്കറിച്ച് ദൈവത്തിനു ഒരു പദ്ധതിയുണ്ട് എന്നു അവിശ്വാസിയായ ഒരു സ്നേഹിതനോട് നിങ്ങൾ എങ്ങനെ വിശദീകരിക്കും? നിങ്ങളുടെ അവകാ

ശവാദങ്ങൾ സ്ഥാപിക്കുന്നതിനു നിങ്ങൾ ഏതൊക്കെ വേദഭാഗങ്ങൾ ഉപയോഗിക്കും?

## മനപാഠ വാക്യങ്ങൾ

റോമർ 8:28-30
ഉല്പത്തി 50:20

## പാഠം 1-3

1. യേശു ക്രിസ്തു ആരാണ്
2 ഉല്പത്തി 16:7-13; പുറപ്പാട് 3:2-14; ന്യായധിപന്മാർ 6:11-24 തുടങ്ങിയ വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന യഹോവയുടെ ദൂതൻ ആരാണ്?
3. യേശു ദൈവമാണെന്നു നമുക്ക് എങ്ങനെ അറിയാം?
4. യേശു ജഡം ധരിച്ചതെന്തിനാണ്?
5. യേശുവിനു ക്രൂശിൽ എന്തു സംഭവിച്ചു?
6. സുവിശേഷത്തിൽ കാണുന്ന ഏറ്റവും പ്രധാനപ്പെട്ട നാലു സത്യങ്ങൾ ഏതൊക്കെയാണ്?
7. ഒരു ക്രിസ്ത്യാനിയുടെ രക്ഷ നഷ്ടപ്പെടുമോ? നമുക്ക് എങ്ങനെ അറിയുവാൻ കഴിയും?
8. പുതിയ നിയമ സത്യം വിശദീകരിക്കുന്നതിനു ഗ്രീക്ക് ഭാഷ എന്തുകൊണ്ട് പൂർണ്ണതയുള്ളതായിരിക്കുന്നു?
9. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ അർത്ഥം ഒരു അവിശ്വാസിയായ സ്നേഹിതനോട് എങ്ങനെ വിശദീകരിക്കും? നിങ്ങളുടെ അവകാശങ്ങൾക്ക് അടിസ്ഥാനമായി ഏതൊക്കെ വാക്യങ്ങൾ ഉദ്ധരിക്കും?

## മനപാഠ വാക്യങ്ങൾ

യോഹന്നാൻ 1:1-5
യോഹന്നാൻ 1:14
യോഹന്നാൻ 1:18
1 കൊരിന്ത്യർ 15:3-4

## പാഠം 1-4

1. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യേശുവിന്റെ ആദ്യ വാഗ്ദത്തമെന്താണ്?
2. നാം യേശുവിനെ സ്നേഹിക്കുന്നുയെങ്കിൽ തന്റെ വചനത്തോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കും
3. ഈ പാഠത്തിലെ വേദഭാഗങ്ങളിൽ നിന്നു പരിശുദ്ധാത്മാവ് എങ്ങനെയായിരിക്കുമെന്നും പരിശുദ്ധാത്മാവ് എന്തു ചെയ്യുന്നു എന്നും വിവരിക്കുക.
4. ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവിനെ "സത്യത്തിന്റെ ആത്മാവെന്നു" വിളിക്കുന്നതെന്തുകൊണ്ടാണ്?
5. എന്താണ് സത്യം?
6. വിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് എന്തു ചെയ്യുമെന്നാണു കർത്താവു പറഞ്ഞത്?
7. ഈ വേലകളിൽ പരിശുദ്ധാത്മാവിന്റെ ലക്ഷ്യംഎന്താണ്?
8. പാരക്ലിറ്റോസ് (Parakletos) എന്നു പരിശുദ്ധാത്മാവിനു കർത്താവു പേരു പറഞ്ഞപ്പോൾ അർത്ഥമാക്കിയതെന്താണ്? ഗ്രീക്കിൽ ഈ വാക്ക് മനസ്സിലേക്ക് കൊണ്ടുവരുന്ന അഞ്ച് ചിത്രങ്ങൾ ഏവ?
9. പഴയ നിയമ വിശുദ്ധന്മാർക്ക് പരിശുദ്ധാത്മാവ് ചെയ്ത ശുശ്രൂഷയും പുതിയ നിയമ സഭായുഗത്തിൽ ജീവിക്കുന്ന വിശ്വാസികൾക്കുള്ള ശുശ്രൂഷയും തമ്മിലുള്ള വ്യത്യാസമെന്താണ്?
10. അവിശ്വാസികളോട് പരിശുദ്ധാത്മാവ് പറയുന്ന മൂന്നു കാര്യങ്ങൾ ഏതൊക്കെയാണ്?
11. ഒരു അവിശ്വാസിയായ സ്നേഹിതനോടു പരിശുദ്ധാത്മാവ് എന്തായിരിക്കുന്നുയെന്നും പരിശുദ്ധാത്മാവ്

ആ വ്യക്തിയോടു എന്തു ചെയ്യുന്നു എന്നും എങ്ങനെ വിശദീകരിക്കും? നിങ്ങളുടെ അവകാശവാദങ്ങൾക്ക് അടിസ്ഥാനമായി ഏതൊക്കെ വേദഭാഗങ്ങൾ ഉദ്ധരിക്കും?

## മനപാഠ വാക്യങ്ങൾ

യോഹന്നാൻ 7:37-39
യോഹന്നാൻ 14:15 -17
യോഹന്നാൻ 16:8-11
യോഹന്നാൻ 16:13-14

## പാഠം 1-5

1. ദൈവത്തിന്റെ പരിപൂർണ്ണമായ കരുതൽ അനുഭവിക്കന്നതിനു നാം എന്തു ചെയ്യണം?
2. സഖായിയുടെ കഥയിലെ സംഭാഷണം യേശുവുമായി ബന്ധിപ്പിക്കുക.
3. യേശു ക്രിസ്തു ഭൂമിയിൽ എന്തു ചെയ്യുവാനാണ് വന്നത്?
4. "നഷ്ടപ്പെട്ടതിനെ" അന്വേഷിക്കുക എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്?
5. രക്ഷക്കുവേണ്ടി നാം എന്തു ചെയ്യണം?
6. വളർച്ചക്കുവേണ്ടി, രക്ഷക്കുശേഷം നാം എന്തു ചെയ്യണം?
7. നമ്മുടെ വിശ്വാസം വർദ്ധിക്കുവാൻ എന്തു ചെയ്യണം?
8. വിശ്വാസത്തെക്കുറിച്ച് ബൈബിൾ പറഞ്ഞിരിക്കുന്ന 7 കാര്യങ്ങൾ വിശദികരിക്കുക.
9. 5 എബ്രായ വാക്കുകൾ ഉപയോഗിച്ച് വിശ്വാസത്തിന്റെ പുരോഗതി വിശദികരിക്കുക.
10. പഠനത്തിന്റെ മൂന്ന് അടിസ്ഥാന മാർഗ്ഗങ്ങളെപ്പറ്റി വിവരിക്കുക.
11. രക്ഷിക്കപ്പെടുന്നത് എങ്ങനെയാണെന്നു നിങ്ങളുടെ അവിശ്വാസിയായ സ്നേഹിതനോട് എങ്ങനെ വിശദീകരിക്കും? ഏതൊക്കെ വേദഭാഗങ്ങൾ നിങ്ങളുടെ അവകാശവാദങ്ങൾക്ക് അടിസ്ഥാനമായി ഉപയോഗിക്കാം.

## മനപാഠ വാക്യങ്ങൾ

ലൂക്കൊസ് 19:10
ലൂക്കൊസ് 17:5-6




# പാഠം 2-1:
# റഫൻസ് ഗ്രന്ഥം - *ബൈബിൾ*

2 തിമൊത്തി. 3:16-17
2:1-2; 15:1
1 പത്രോ.1:22-23

വിശ്വാസികളുടെ ജീവിതം എങ്ങനെ നയിക്കണം എന്നുള്ളതിനു നമ്മെ സഹായിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ. ദൈവവചനം (എബ്രാ.4:12). ക്രിസ്തുവിന്റെ മനസ് (1കൊരി.2:16) ആത്മാവിന്റെ ശബ്ദം (എബ്രാ.3:7). വിശ്വാസ ജീവിത്തിലെ ആത്മീയ പോരാട്ടത്തിൽ വിജയം നേടുവാനുള്ള എല്ലാ നിർദ്ദേശങ്ങളും പരിശീലനങ്ങളും പ്രവർത്തന പദ്ധതികളും തന്ത്രങ്ങളും ദൈവവചനത്തിൽ നിന്നു മാത്രമാണ് ലഭിക്കുന്നത്.

യോഹന്നാൻ 17 ൽ യേശു പിതാവിനോടു പ്രാർത്ഥിക്കുന്നത് ദൈവജനത്തെ സത്യത്താൽ ശുദ്ധീകരിക്കണമെന്നാണ്. നാം ക്രിസ്തുവിനെപ്പോലെ ആയിത്തീരുന്ന പ്രക്രിയക്കാണ് ശുദ്ധീകരണം എന്നു പറയുന്നത്. എന്നാൽ എവിടെയാണ് നാം സത്യം കാണുന്നത്. യേശു തന്നെ പറയുന്നു "നിന്റെ വചനം സത്യമാകുന്നു" (യോഹ.17:17)

> *"എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണികരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാണ്" (2തിമൊ.13:16-17)*

"ദൈവശ്വാസീയം" എന്നതിനു ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് തിയോപ്നിസ്റ്റോസ് (Theopneustos)ആണ്. 'തിയോ' അർത്ഥമാക്കുന്നത് ദൈവമെന്നാണ്, 'ന്യൂമ' അർത്ഥമാക്കുന്നത് ശ്വാസം എന്നാണ്. എല്ലാ "തിരുവെഴുത്തും ദൈവം ശ്വസിച്ചതാണ്".

പഴയനിയമ പ്രവാചകന്മാരിൽ പരിശുദ്ധാത്മാവ് വസിച്ചിരുന്നുയെന്നും അവരിലൂടെ സംസാരിച്ചിരുന്നുയെന്നുമാണ് പുരാതന റബ്ബിമാർ പഠിപ്പിച്ചിരുന്നത്. അവരെ ദൈവത്തിന്റെ സ്ഥാനത്തുനിന്നു സംസാരിക്കുന്ന മനുഷ്യനാവുകളായിട്ടാണ് കരുതിയിരുന്നത്. ദൈവനിശ്വാസിയതെപ്പറ്റി നാം പറയുമ്പോൾ ദൈവവചന എഴുത്തു

കാരെ ദൈവാത്മാവ് നിയന്ത്രിക്കുകയും മേൽനോട്ടം നടത്തുകയും തന്മൂലം അവരിലൂടെ ദൈവം എന്താണോ സംസാരിക്കുവാൻ ആഗ്രഹിച്ചത് അത് അവർ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തി. ഓരോ വാക്കുകളിലും ദൈവനിശ്വാസിയതയുണ്ട് എന്നും വിശ്വസിക്കുന്നു. അതുപോലെ എല്ലാ വാക്കുകളിലും ദൈവനിശ്വാസീയതയുണ്ട്. ഇത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാൽ എഴുതപ്പെട്ട ആദ്യ കൈയെഴുത്ത് പ്രതിയോടുള്ള ബന്ധത്തിലാണ്.

തന്റെ വചനം ലോകത്തോടു സംസാരിക്കുന്നതിനു ദൈവം ഒരാളെ തിരഞ്ഞെടുക്കുമ്പോൾ ആ വ്യക്തിയുടെ കാഴ്ചപ്പാട്, പദസഞ്ചയം, അനുഭവം എന്നിവയെ ദൈവം തന്റെ വഴിയെ ഉപയോഗിക്കുന്നു. ഇങ്ങനെയാണ് 66 പുസ്തകങ്ങൾ 40 ൽ അധികം എഴുത്തുകാരാൽ 1500 ൽ അധികം വർഷങ്ങൾകൊണ്ട് എഴുതിയത്. അവരുടെ എഴുത്തിന്റെ ശൈലി വിഭിന്നമായിരുന്നെങ്കിലും അവയൊന്നും പരസ്പരവിരുദ്ധമായിരുന്നില്ല എന്നു മാത്രമല്ല അവയുടെ സന്ദേശങ്ങൾ പരസ്പര പൂരകങ്ങളായിരുന്നു.

ബൈബിൾ അതിൽതന്നെ പൂർണ്ണതയുള്ളതും അവസാനത്തേതും കൃത്യതയുള്ളതും ആധീകാരികതയുള്ളതുമാണ് എന്ന് ബൈബിൾ തന്നെ സമർത്ഥിക്കുന്നു. ഇത് ദൈവം മനുഷ്യന്റെ പ്രയോജനത്തിനായി നൽകിയിരിക്കുന്നു. ദൈവവചനം പ്രയോജനകരമാണ് എന്നു പൗലോസ് പറയുമ്പോൾ അർത്ഥമാക്കുന്നത് ഇത് മനുഷ്യനു ആനുകൂല്യം നൽകുന്നത്, ഗുണപ്രദം എന്നീ നിലയിലാണ്. അതിനുശേഷം ദൈവവചനം മനുഷ്യനു പ്രയോജനം വരുത്തുന്ന 4 ലക്ഷ്യങ്ങളെക്കുറിച്ച് പൗലോസ് പറഞ്ഞിരിക്കുന്നു.

1. ഉപദേശത്തിനും

ഡിഡാസ്ക്കാലിയ അർത്ഥമാക്കുന്നത് “പഠിപ്പിക്കപ്പെട്ടത്, ഉപദേശം” എന്നാണ്. ദൈവവചനം നമുക്കു സത്യ

## ദൈവവചനത്തോടു ബന്ധപ്പെട്ടുള്ള പരിശുദ്ധാത്മാവിന്റെ 5 പ്രവർത്തനങ്ങൾ

1. **വെളിപ്പാട്** (2തിമൊ.3:16) പരിശുദ്ധാത്മാവാം ദൈവം തന്റെ സന്ദേശം പ്രവാചകന്മാർക്കും അപ്പൊസ്തലന്മാർക്കും വെളിപ്പെടുത്തിയ വിധത്തിനാണ് വെളിപ്പാട് എന്നു പറയുന്നത്. മനുഷ്യനു മറ്റൊരു നിലയിലും അറിയാൻ കഴിയാത്ത കാര്യങ്ങൾ, ബുദ്ധികൊണ്ടും നീരിക്ഷണം കൊണ്ടും മനുഷ്യനു കണ്ടുപിടിക്കുവാൻ കഴിയാത്ത കാര്യങ്ങൾ ദൈവം മനുഷ്യനു വെളിപ്പെടുത്തികൊടുക്കുന്നു. ഭൗതികലോകത്തിന്റെ നിലനിൽപുതന്നെ ഒരു സൃഷ്ടാവിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. എന്നാൽ ഭൗതിക ലോകത്തിനു സൃഷ്ടാവിന്റെ നീതി, സ്നേഹം, ദൈവം മനുഷ്യനു നൽകുന്ന രക്ഷ ഇവയൊന്നും വെളിപ്പെടുത്തുവാൻ കഴിയുന്നില്ല. ഇതിനു ദൈവം മനുഷ്യനോടു സംസാരിക്കേണ്ടത് ആവശ്യമായി വന്നു.
2. **ദൈവനിശ്വാസിയത** (2പത്രോ.1:21). ദൈവനിശ്വാസിയത എന്ന പ്രവർത്തിയിൽ ദൈവം ആഗ്രഹിക്കുന്ന സന്ദേശം കൃത്യമായി എഴുതതക്കവിധത്തിൽ എഴുത്തുകാരെ ദൈവാത്മാവ് നിയന്ത്രിക്കുകയും മേൽനോട്ടം നടത്തുകയും ചെയ്തു. ദൈവവചനത്തിലെ എഴുത്തുകാർ അവർക്ക് അനുഭവപ്പെട്ട കാര്യങ്ങൾ എഴുതുകയായിരുന്നില്ല അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്തു. ഓരോ വ്യക്തിയും ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും അവരുടെ വ്യക്തിപരമായ പ്രത്യേകതയും ശൈലിയും നിലനിർത്തുകയും ചെയ്തു. ദൈവാത്മാവിന്റെ നിയന്ത്രണമുണ്ടായിരുന്നതുകൊണ്ട് ആദ്യകൈയെഴുത്തു പ്രതിയിൽ ഒരു തെറ്റും കടന്നുകൂടിയിട്ടില്ല, മാത്രമല്ല അതുനിമിത്തം പരിശുദ്ധാത്മാവ് എഴുതുവാൻ ആഗ്രഹിച്ച കൃത്യമായ വാക്കുകൾ തന്നെ അവർ എഴുതി.
3. **ഭദ്രത** (1പത്രോ.1;25) ദൈവവചനം ഇന്നും നിലനിൽക്കുന്നതിന്റെ കാരണം ആത്മനിശ്വസ്തത, ഭദ്രത എന്നീ ഉപദേശങ്ങളിൽകൂടെ നൽകുവാൻ കഴിയും. ബൈബിൾ ഒരു സന്ദേശം അടങ്ങിയിരിക്കുന്ന ഏക പുസ്തകമാണ്, എന്നാൽ ഈ പുസ്തകം ഒരുക്കുന്നതിനു 40 ൽ അധികം എഴുത്തുകാരെ മൂന്നു ഭാഷകളിൽ 66 പുസ്തകങ്ങൾ എഴുതുവാൻ പരിശുദ്ധാത്മാവു ഉപയോഗിച്ചു. ഇതിനു 1500 ൽ അധികം വർഷങ്ങൾ ആവശ്യമായി വന്നു. ഇന്ന് 2000 വർഷ

ത്തിന്റെ പൂർണ്ണരൂപം - ഉപദേശം - നൽകുന്നു. ഇതിലാണ് നമ്മുടെ കാഴ്ചപ്പാടിനെ രൂപപ്പെടുത്തേണ്ടതും നമ്മുടെ ജീവിതതീരുമാനങ്ങൾ എടുക്കേണ്ടതും.

2. ശാസനത്തിനും (എലിഗ്ച്ചോസ് Elechos) അർത്ഥമാക്കുന്നത് “തെറ്റിനെക്കുറിച്ച് ബോധം വരുത്തുകയും ശാസിക്കുകയും ചെയ്യുക”. നാം എവിടെയാണ് തെറ്റിപോയതെന്നു പരിശുദ്ധാത്മാവ് ദൈവവചനത്തിലൂടെ ബോധ്യം വരുത്തുന്നു.

3. ഗുണീകരണത്തിനും (ഇപ്പനോർത്തോസിസ് Epanorthosis ) അർത്ഥമാക്കുന്നത് “ശരിയായ അവസ്ഥയിലേക്കുള്ള യഥാസ്ഥാപനം” നാം തെറ്റായ പാതയിലൂടെയാണ് പോകുന്നതെന്നു ശാസിക്കുന്നതൊടൊപ്പം ദൈവവചനം ശരിയായ വഴിയുടെ വെളിച്ചം പകർന്നുതരുന്നു. നാം ദൈവമുമ്പാകെ താഴ്മയുള്ളവർ ആണെങ്കിൽ ശാസനത്തിലൂടെ നമ്മുടെ മനോഭാവത്തിനു മാറ്റം സംഭവിക്കും. അതിന്റെ ഫലമായി നമ്മുടെ വ്യക്തിപരമായ പ്രവർത്തിമൂലം ശരിയായ വഴിയിലൂടെ പോകുവാൻ കഴിയുന്നു.

**4. നീതിയിലെ അഭ്യസനത്തിനും.** (പൈതിയ Paideia)

“ഒരു ശിശുവിനെ പക്വതയിലേക്കു വരുത്തക്കവിധത്തിൽ നിർദ്ദേശങ്ങളും ശിക്ഷണവും നൽകുന്നു”. നമ്മെ ആത്മീയ ശൈശവാവസ്ഥയിൽനിന്നു ആത്മീയ പക്വതയിലേക്കു നയിക്കുന്ന വഴികാട്ടിയാണ് ദൈവവചനം.

> *“എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. നീ പല സാക്ഷികളുടെ മുമ്പാകെ  എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക.” (2തിമൊ.2:1-2).*

ങ്ങൾക്ക് ശേഷവും ബൈബിൾ എഴുതപ്പെട്ട പുസ്തകങ്ങളിൽവച്ച്  ഏറ്റവും അധികം വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ദൈവത്തിനു മാത്രമെ ദൈവവചനത്തെ സൂക്ഷിക്കുവാൻ കഴിയുകയുള്ളു, മാത്രമല്ല താൻ അതു ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. ദൈവവചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു
(സങ്കീ. 119:152).

4. **ആത്മപ്രകാശനം** (യോഹ.16:13) ആത്മപ്രകാശനം എന്നു പറഞ്ഞാൽ “പ്രകാശം നൽകുക” എന്നാണ്. പരിശുദ്ധാത്മാവിനു മാത്രമെ ദൈവവചനത്തിൽ പ്രകാശം നൽകി മനുഷ്യനു വ്യക്തമാക്കി കൊടുക്കുവാൻ കഴിയുകയുള്ളു. മനുഷ്യൻ സാത്താനാൽ ഹൃദയം കുരുടാക്കപ്പെട്ടവനാകയാൽ ദൈവവചനം സ്വയമായി മനസിലാക്കുവാൻ കഴിവുള്ളവനല്ല (1കൊരി2:14; 2കൊരി 4:4) ആത്മാവിന്റെ പ്രകാശനം സംഭവിക്കുമ്പോൾ പരിശുദ്ധാത്മാവ് ദൈവവചനം വിശ്വാസിയുടെ ആത്മീക ആവശ്യങ്ങൾ നിറവേറ്റുന്ന നിലയിൽ വ്യക്തമാക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്നു. നാം ദൈവവചനത്തെ സമീപിക്കുമ്പോഴുള്ള മനോഭാവത്തെ ആശ്രയിച്ചായിരിക്കും നമ്മുടെ പഠനസമയത്ത് ആത്മാവ് നമ്മുടെ ഹൃദയദൃഷ്ടികളെ പ്രകാശിപ്പിക്കുന്നത് (യോഹ.7:17).

   അതിനാൽ നാം ദൈവവചനം പഠിക്കുമ്പോൾ ആത്മാവിനാൽ നിറയപ്പെടേണ്ടത് അത്യാവശ്യമാണ്.

5. **വ്യാഖ്യാനം** (2പത്രോ.1;20) വ്യാഖ്യാനം എന്നാൽ അർത്ഥം വിശദീകരിക്കുക അല്ലെങ്കിൽ പറയുക എന്നാണ്. അപ്പൊസ്തലനായ പത്രോസ് പറയുന്നത് ബൈബിളിനു ഒരു വ്യാഖ്യാനം മാത്രമെയുള്ളു, അത് ബൈബിളിന്റെ തന്നെ വ്യാഖ്യാനമാണ്. വ്യാഖ്യാന ശാസ്ത്രത്തിന്റെ നിയമങ്ങൾ പാലിക്കുമ്പോൾ - ക്രമീകൃതമായ പഠന നിയമങ്ങൾ- ഏതൊരു പഠിതാവിനും ഏതൊരു വേദഭാഗത്തിന്റെയും കൃത്യമായ വ്യാഖ്യാനം കണ്ടെത്തുവാൻ കഴിയും. ഒരു വ്യാഖ്യാനം മാത്രം ഉണ്ടായിരിക്കുമ്പോൾ തന്നെ അനേകം പ്രായോഗിക പാഠങ്ങൾ ഉണ്ടാകാം - ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവവചന സത്യങ്ങൾ ഉപയോഗിക്കുന്ന വിധങ്ങൾ വിവധ നിലയിലാകാം.

## ദൈവവചനത്തിന്റെ പ്രാധാന്യം

1. ദൈവവചനം ക്രിസ്തുവിന്റെ മനസ്സാണ്. ഓരോ വിഷയത്തിലുമുള്ള ക്രിസ്തുവിന്റെ ചിന്തകൾ (1കൊരി2:16)
2. ദൈവം തന്റെ വചനത്തിനു വലിയ പ്രാധാന്യം നൽകിയിരിക്കുന്നു, തന്മൂലം തന്റെ നാമത്തിനു മീതെയൊക്കെയും ദൈവം തന്റെ വചനത്തെ മഹത്വപ്പെടുത്തിയിരിക്കുന്നു (സങ്കീ.138:2)
3. മനുഷ്യചരിത്രത്തിനു മുമ്പുതന്നെ ജ്ഞാനരൂപത്തിൽ ദൈവം തന്റെ വചനത്തെ നിലനിർത്തിയിരുന്നു (സദൃശ്യ. 8:22 -30).
4. മനുഷ്യന്റെ എല്ലാ ബുദ്ധിയേയും കവിയുന്നതാണ് ദൈവവചനം (2കൊരി1:17-31; 2പത്രോ.1:19-21).
5. അനുദിന ജീവിതത്തിനുള്ള ദൈവത്തിന്റെ ഏറ്റവും വലിയ കരുതലാണ് ദൈവവചനം (മത്താ.4:4; ലൂക്കോ.10: 41-42).
6. ജീവിതകാലത്തിൽ നാം ദൈവീകമായ അനുഗ്രഹമോ ശാപമോ പ്രാപിക്കുന്നത് നമ്മുടെ ദൈവവചനത്തോടുള്ള പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ് (എഫേ.3:16-20, സദൃശ്യ.8:33-36, യെശ.53:10).
7. നമ്മുടെ നിത്യതയിലെ പ്രതിഫലങ്ങളുടെ അടിസ്ഥാനം ദൈവവചനത്തോടുള്ള നമ്മുടെ പ്രതികരണമാണ് (എബ്രാ.11:9-13; യാക്കോ.1:25; 2:12-13, 2യോഹ.8; എബ്രാ.10:35-36).
8. ദൈവവചനത്തോടുള്ള മനോഭാവത്തിന്റെ വെളിച്ചത്തിലാണ് രാജ്യങ്ങൾ നിലനിൽക്കുകയോ വീഴുകയോ ചെയ്യുന്നത് (ഹോശ.4:1-6).

തന്റെ അവസാന ലേഖനത്തിലുടനീളം അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിനു എഴുതുന്നത് ദൈവവചനത്തിൽ വേരൂന്നി അതിൽ നിലനിൽക്കേണ്ടതിന്റെ പ്രാധാന്യതയെപ്പറ്റിയാണ്.

തന്റെ ആത്മീക പുത്രനോടു പൗലോസ് പറയുന്നത് ആത്മീക ബലത്തിൽ നിലനിൽക്കണമെങ്കിൽ ദൈവവചനം പഠിക്കണമെന്നാണ്. പൗലോസ് തിമൊഥെയോസിനെ പഠിപ്പിച്ചു. കാര്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുവാൻ പൗലോസ് തിമൊഥെയോസിനോടു ആവശ്യപ്പെടുന്നു. തിമൊഥെയോസ് പഠിപ്പിക്കുന്നവരും മറ്റുള്ളവരെ പഠിപ്പിക്കുന്നതിനു കാരണമാകും."ഭരമേൽപ്പിക്കുക" എന്ന വാക്കിന്റെ അർത്ഥം "വളരെ വിലയുള്ളത് നിക്ഷേപിക്കുക എന്നാണ്".

> *"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നില്പാൻ ശ്രമിക്ക" (2തിമൊ. 2:15).*

പഠിപ്പിക്കൽ ആവശ്യമെങ്കിൽ ഏറ്റവും ശരിയായ പഠിപ്പിക്കൽ വളരെ ആവശ്യമാണ്. പൗലോസ് തിമൊഥെയോസിനോടു ശുഷ്കാന്തിയുള്ളവൻ ആയിരിക്കണമെന്നു പറയുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് സ്പാഡാസോ (spaudazo) അർത്ഥമാക്കുന്നത് "ഒരു കാര്യം തിടുക്കത്തോടെ ചെയ്യുക, സ്വയം അദ്ധ്വാനിക്കുക, ശ്രദ്ധ നൽകുക" തുടങ്ങിയവയാണ്. കർത്തരി പ്രയോഗത്തിലൂടെ പൗലോസ് പറയുന്നത് തിമൊഥെയോസിനു ദൈവമുമ്പാകെ ലജ്ജിക്കാതിരിക്കേണ്ടതിന് തനിക്ക് മാത്രമെ ആത്മീയ വിശപ്പും ആത്മീക പ്രോത്സാഹനവും നൽകുവാൻ കഴിയുകയുള്ളു എന്നാണ്. ദൈവിക പദ്ധതിയോടു നാം കൂട്ടേണ്ടതായ ഒന്നാണ് ശുഷ്കാന്തി. നമ്മുടെ ജീവിതത്തിൽ ആത്മീയവിശപ്പ് നൽകുവാൻ മറ്റാർക്കും കഴിയുന്നതല്ല. നാം സ്വയമായി ദൈവവചനം പഠിക്കുവാൻ വിശപ്പുള്ളവരും പ്രേരണയുള്ളവരും സ്ഥിരതയുള്ളവരും ആയിരിക്കണം.

"യഥാർത്ഥമായി" എന്നതിനു ഉപയോഗിച്ചിരിക്കുന്ന വാക്ക് "ഓർത്തോറ്റോമിയോ (orthotomeo)'' എന്നാണ്.

ഒർത്തോസ് (orthos) അർത്ഥമാക്കുക “നേരെയാക്കുക” എന്നതാണ് “റ്റിമെനൊ (temno)” അർത്ഥമാക്കുക “മുറിക്കുക അല്ലെങ്കിൽ വിഭജിക്കുക” എന്നതാണ്. ഇതിന്റെ അർത്ഥം “നേരെ മുറിക്കുക, ശരിയായി വിഭജിക്കുക, ശരിയായി ഒന്നിച്ചു ചേർക്കുക” എന്നതാണ്.

ദൈവവചനം ശരിയായി കൈകാര്യം ചെയ്യുവാൻ ആവശ്യമായ പൊതുവായ ചില തത്വങ്ങൾ തിമൊഥെയൊസ് അറിയുകയും പങ്കുവെക്കുകകയും ചെയ്യണമെന്നാണ് ഈ നിർദ്ദേശത്തിൽ അടങ്ങിയിരിക്കുന്നത്. 2പത്രോ1:20 ൽ പത്രോസ് പ്രഖ്യാപിക്കുന്നത് ദൈവവചനത്തിലെ ഏതു വേദഭാഗത്തിനുമുള്ള ശരിയായ വ്യാഖ്യാനം ദൈവവചനത്തിന്റെ വ്യാഖ്യാനമെന്നാണ്. ദൈവവചനം ശരിയായി വ്യാഖ്യാനിക്കുന്നത് എങ്ങനെയെന്ന് തന്റെ വായനക്കാർ അറിയണമെന്ന് പത്രോസ് ആഗ്രഹിക്കന്നു. ഈ രണ്ട് അപ്പൊസ്തലന്മാരും ഈ കല്പന നൽകുന്നതിന്റെ കാരണം ആ സമയത്തും ഇപ്പോഴും ബൈബിൾ വ്യാഖ്യാന ശാസ്ത്രത്തിനുള്ള പൊതുവായി അംഗീകരിക്കപ്പെട്ട നിയമങ്ങൾ ഉണ്ടെന്നുള്ളതാണ്.

> *“എന്നാൽ സത്യം അനുസരിക്കുകയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലികരിച്ചുകൊണ്ട് ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ, കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽതന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു”. (1പത്രോ.1:22-23).*

നിത്യമായതും നശിച്ചുപോകാത്തതുമായ ദൈവവചനത്താൽ നാം വീണ്ടും ജനിച്ചിരിക്കുന്നു എന്നു പത്രോസ് പറയുമ്പോൾ നമ്മുടെ രക്ഷയും ദൈവവചനത്തെപോലെ നിത്യമാണ് എന്നാണ് താൻ പറയുന്നത്. ഇവ രണ്ടും മാറിപോകാത്തതും പൂർണ്ണമായി ഉറപ്പുള്ളതുമാണ്.

നമ്മുടെ രക്ഷയുടെയും ഭദ്രതയുടെയും വളർച്ചയുടെയും അടിസ്ഥാനം ദൈവവചനമാണ്. 1പത്രോ.12:2 ൽ പത്രോസ് പ്രബോധിപ്പിക്കുന്നത് “ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ” എന്നാണ്.

വളരുക എന്നതിന് “അക്സാനോ” (auxano) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം ഫലം കായിക്കുന്ന നിലയിലേക്കുള്ള ഒരു വൃക്ഷത്തിന്റെ വളർച്ചയാണ്. സാധാരണ നിലയിലുള്ള ഒരു ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യേകത. അത് വളർച്ചയുള്ള ജീവിതമാണ്. വിശ്വാസികൾ വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്ക് വളരണമെന്നാണ് ദൈവത്തിന്റെ പദ്ധതി (റോമ.1:17). അത് ആത്മീയ ശൈശവത്തിൽനിന്നു പക്വതയില്ക്കും നിസഹായാവസ്ഥയിൽ നിന്നു “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു” എന്നുള്ള അവസ്ഥയിലേക്കുമുള്ള വളർച്ചയാണ് (ഫിലി.4:13).

നമ്മുടെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റാൻ ഒരു വഴി മാത്രമെയുള്ളു. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുക (2പത്രോ. 3:18). ആദ്യമായി കർത്താവ് ജനക്കൂട്ടത്തെ പഠിപ്പിച്ചത് - “നീതിക്കു വിശന്നു ദാഹിക്കുന്നവൻ ഭാഗ്യവാന്മാർ അവർക്കു തൃപ്തി വരും”. (മത്താ. 5:6). കർത്താവ് അനുഗ്രഹങ്ങളും സംതൃപ്തിയും വാഗ്ദത്തം ചെയ്യുന്നു, എന്നാൽ തന്റെ വാഗ്ദത്തിനു ഒരുവ്യവസ്ഥയുണ്ട്. ആത്മീക വിശപ്പുണ്ടാകുവാൻ തക്കവണ്ണം നാം ശ്രമിക്കേണ്ടതാണ്, ഉൾപ്രേരണ നാം ഉണ്ടാക്കേണ്ടതാണ്. നാം ഈ ലോകത്തിന്റെ തടസങ്ങളിൽ നിന്നു മനപൂർവുമായി ശ്രദ്ധതിരിച്ചു വചനത്തിലേക്കു തിരിയേണ്ടതാണ്.

## ദൈവവചന വ്യാഖ്യാനശാസ്ത്രം

ഉയർത്തെഴുന്നേറ്റ കർത്താവിന്റെ എമ്മവുസ്സിലേക്കുള്ള യാത്രയുടെ വിവരണത്തിൽ പ്രവാചകന്മാർ പറഞ്ഞത് വിശ്വസിക്കാത്ത ബുദ്ധിഹീനരായ ശിഷ്യന്മാരെ കർത്താവ് ശാസിക്കുന്നതിനെക്കുറിച്ച് ലൂക്കോസ് പറഞ്ഞിരിക്കുന്നു “മൊശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു (ലൂക്കോ.24:27).

“വ്യാഖ്യാനിക്കുക” എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് ഡെയർമെനിയു (diermeneuo) എന്നാണ്. ഇതിന്റെ അർത്ഥം “എന്താണ് പറഞ്ഞിരിക്കുന്നത് അതിന്റെ ആശയം

വെളിപ്പെടുത്തുക, വിശദീകരിക്കുക, വ്യാഖ്യാനിക്കുക, ഒരുവന്റെ സ്വന്തം ഭാഷയിലേക്കു പരിഭാഷപ്പെടുത്തുക" തുടങ്ങിയവയാണ്. ഇതിന്റെ മൂലപദം "ഹെർമ്മസ്" (Hermes) ആണ്. ഇത് ഒരു ഗ്രീക്ക് ദൈവമാണ്. ഇതിന്റെ റോമൻ നാമം "മെർക്കുറി" എന്നാണ്. ഇത് ശാസ്ത്രം, കണ്ടുപിടുത്തം, വാഗ്മിത്വം, സംഭാഷണം, എഴുത്ത് തുടങ്ങിയവയുടെ ദേവനാണ്. മനുഷ്യർക്ക് ദേവന്മാരുടെ സന്ദേശം നൽകുന്നത് ഹെർമസ് ആണ്. ഇതിൽനിന്നാണ് വ്യാഖ്യാനശാസ്ത്രം (Hermeneutics) ഉണ്ടായത്. ഇത് വ്യാഖ്യാനത്തിന്റെ ശാസ്ത്രീയ രൂപമാണ്.

2 പത്രോസ് 1:20 പറയുന്നത് ദൈവവചനത്തിനു ഒരു വ്യാഖ്യാനം മാത്രമെയുള്ളൂ എന്നാണ്, അത് ബൈബിളിന്റെ തന്നെ വ്യാഖ്യാനമാണ്. വേദപുസ്തക വ്യാഖ്യാനത്തെപ്പറ്റി ക്രിസ്തീയ വിശ്വാസികൾ ഇന്ന് ആശയകുഴപ്പത്തിലാണ്. കാരണം 'വ്യാഖ്യാനം' എന്നു പറഞ്ഞാൽ എന്താണ് എന്ന് പൂർണമായും അവർക്ക് അറിയില്ല.

ഇംഗ്ലീഷ് ഭാഷയിൽ വ്യാഖ്യാനത്തെ രണ്ടുവിധത്തിൽ നിർവചിക്കാം. അതിന്റെ ഏറ്റവും പഴയ അർത്ഥത്തിൽ 'വ്യാഖ്യാനം' 'അർത്ഥം വിശദീകരിക്കുക പറയുക' എന്നാണ്. രണ്ടാമത്തെ അർത്ഥം വ്യക്തിപരമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഗ്രഹിക്കുക, നിഗമനത്തിലെത്തുക അല്ലെങ്കിൽ സാഹചര്യം വ്യാഖ്യാനിക്കുക തുടങ്ങിയവയാണ്.

ദൈവവചനപഠനത്തിലും ജീവിതത്തിൽ ഏറ്റവും അധികമായി ഉപയോഗിക്കുന്നത്പോലെ ഈ വാക്കിന്റെ ആദ്യത്തെ അർത്ഥമാണ് പ്രയോഗിക്കുന്നത്. സംസാരിച്ചതോ എഴുതപ്പെട്ടതോ ആയ ഏതിലും ആക്ഷരിക വ്യാഖ്യാനത്തിൽ എഴുതിയാൾ, പ്രസംഗിച്ചയാൾ എന്താണോ അർത്ഥമാക്കിയത്, അതിനാണ് ശ്രോതാവോ വായനക്കാരനോ സന്ദേശത്തെക്കുറിച്ച് മനസിലാക്കിയതിനെക്കാൾ പ്രാധാന്യം. ഉദാഹരണത്തിന് വിമാനത്താവളത്തോടു സമീപിച്ചുകൊണ്ടിരിക്കുന്ന ഒരു വിമാനത്തിലെ പൈലറ്റിനു വ്യോമയാന നിയന്ത്രണം നടത്തുന്നയാൾ വിമാനം ഇറങ്ങേണ്ടതിനാവശ്യമായ നിർദേശങ്ങൾ നനൽകുന്നു. ആ കാര്യത്തിൽ അയാൾ നൽകുന്ന നിർദേശങ്ങൾക്ക് ഒരു 'വ്യാഖ്യാനം' മാത്രമെയുള്ളൂ. നിയന്ത്രണം നടത്തുന്ന വ്യക്തി നൽകുന്ന നിർദേശങ്ങളുടെ അർത്ഥം മനസിലാക്കിയെന്നു ഉറപ്പു വരുത്തുക മാത്രമാണ് പൈലറ്റ് ചെയ്യേണ്ടത്.

'ഇത് വ്യാഖ്യാനിക്കുന്നതിനു പല വഴികളുണ്ട് 'എന്നുള്ള പ്രസ്താവന ഒരു ദൈവവചന പഠിതാവിനു വിമാനത്തിന്റെ പൈലറ്റിനെന്നപോലെ തന്നെ അർത്ഥരഹിതവും അപകടകരവുമാണ്. വിമാനം നിയന്ത്രിക്കുന്ന വ്യക്തിയിൽനിന്നു ലഭിക്കുന്ന നിർദേശത്തിനു ഒരു വ്യാഖ്യാനം മാത്രമുള്ളതുപോലെ വേദപഠിതാവിനു ദൈവവചനത്തിന്റെ വ്യാഖ്യാനത്തോടുള്ള ബന്ധത്തിൽ ഒരു വ്യാഖ്യാനം മാത്രമെയുള്ളൂ. അതു ദൈവത്തിന്റേതാണ്. ദൈവം തന്റെ വചനത്തിലൂടെ സംസാരിക്കുമ്പോൾ ദൈവം എന്താണ് അർത്ഥമാക്കുന്നത് എന്ന് മനസിലാക്കുന്നതാണ് ദൈവവചന പഠനത്തിന്റെ ആദ്യ ലക്ഷ്യം. ഇതാണ് ദൈവവചന വ്യാഖ്യാനം.

ജോൺ കാൽവിൻ പറയുന്നു. 'ഒരു വ്യാഖ്യാതാവിന്റെ ആദ്യ ജോലി' എഴുത്തുകാരൻ എന്താണോ പറയുവാൻ ആഗ്രഹിക്കുന്നത് അത് പറയുവാൻ അനുവദിക്കുക "അല്ലാതെ നാം ആഗ്രഹിക്കുന്നത് അദ്ദേഹം പറയുവാൻ പ്രേരിപ്പിക്കാതിരിക്കുക." അനേകർ ചിന്തിക്കുന്നതുപോലെ ഇതൊരു ബുദ്ധിമുട്ടുള്ള ജോലിയല്ല.

ബൈബിൾ വ്യാഖ്യാനം കണക്കുപോലെ ഒരു കൃത്യമായ ശാസ്ത്രമാണ്. ലോകത്തിലുള്ള എല്ലാ രാജ്യത്തും 1+1 = 2 ആണെന്നു നമുക്ക് അറിയാം. ഏതു ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയാലും 1+1 = 2 ആണ്. 35 നൂറ്റാണ്ടുകൾക്ക് മുമ്പും ഒന്നും ഒന്നും രണ്ടാണ്. ഫറവോന്റെ കൊട്ടാരത്തിൽ മോശ 40 വർഷങ്ങൾ ജീവിച്ചിരുന്നതായി ബൈബിളിൽ വായിക്കുന്നു. 40 വർഷക്കാലം മരുഭൂമിയിലും തുടർന്നുള്ള 40 വർഷക്കാലം ജനത്തോടു കൂടെ മരുഭൂമിയിലും ആകെ 120 വർഷങ്ങൾ. മോശെയുടെ കാലത്തുപോലും 40+40+40 = 120 ആണെന്നു കണക്കുകൂട്ടി കണ്ടുപിടിക്കുവാൻ കഴിയുന്നവർ ജീവിച്ചിരുന്നു എന്നുള്ളത് അത്ഭുതകരമായ കാര്യമാണോ? തീർച്ചയായും അല്ല, കാരണം അത് കണക്കാണ്. 40+40+40 = 120 ആണെന്നുള്ള നിഗമനത്തെ. അത് നിങ്ങളുടെ

വ്യാഖ്യാനം മാത്രമാണ് എന്ന് ആരും പറയുകയില്ല. കാരണം തെറ്റു സംഭവിക്കാത്ത കൃത്യമായ കണക്കാണ്.

നാം വ്യാഖ്യാനശാസ്ത്രം പഠിക്കുമ്പോൾ നാം ഗണിത ശാസ്ത്രത്തെക്കാൾ കൂടുതൽ പൂർണ തയുള്ള ഒരു ശാസ്ത്രശാഖയോടു ബന്ധപ്പെടുന്നു. അത് ദൈവവചനമാണ്. ഗണിതശാസ്ത്രം ഉണ്ടാകുന്നതിനുമുമ്പേ ദൈവവചനം ഉണ്ടായിരുന്നു. ഗണിതശാസ്ത്രം മാറിപോകുമ്പോഴും ദൈവവചനം നിലനിൽക്കുന്നു. വ്യാഖ്യാനി ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ അമേരിക്കയിൽ ജീവിക്കുന്ന ആളായാലും നാലാം നൂറ്റാണ്ടിൽ എത്യോപ്യയിൽ ജീവിച്ച ആളായാലും ദൈവ വചന വ്യാഖ്യാനത്തിന്റെ ശരിയായ പ്രമാണം പിന്തുടർന്നാൽ ഏതു വേദഭാഗത്തിന്റെയും വ്യാഖ്യാനം നൽകുന്ന ആശയം ഒന്നുതന്നെയായിരിക്കും.

## സമീപനങ്ങൾ

വേദവ്യാഖ്യാനശാസ്ത്രം ആവശ്യപ്പെടുന്നത് ഏത് ദൈവവചന പഠനവും സമീപിക്കുന്നത് മൂന്നു കാഴ്ചപ്പാടുകൾക്ക് അനുസരിച്ചാണ് അവ ചരിത്രപരം (Isagogics), ഉപദേശപരം (Categories), വ്യാകരണപരം (exegetics)

1. **ചരിത്രപരം** (Isagogics)

ഇംഗ്ലീഷ് ഭാഷ നിഘണ്ടുകളിൽ നിന്നു അപ്രത്യക്ഷമായ ഒരു വാക്കാണ് Isaogics ഇത് ഗ്രീക്ക് ഭാഷയിൽ നിന്ന് eis (into), ago (to lead) നയിക്കുക) വന്നതാണ്. ഇഗ്ലീഷ് ഭാഷയിൽ ഒരു ഇസാഗോഗേ' (Isagoge) എന്നത് അർത്ഥമാക്കുന്നത് ഒരു ആമുഖം എന്നാണ്. ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു (1955) 'Isogogic' നെ നിർവചിച്ചിരിക്കുന്നത് 'ആമുഖപഠനങ്ങളെ'ന്നാണ് പ്രത്യേകിച്ച് ദൈവശാസ്ത്രത്തിന്റെ ആ ഭാഗം ദൈവവചനം വിശദമാക്കുന്നതിനുള്ള ആമുഖം ആണ്.

ദൈവവചനഭാഗങ്ങളുടെ ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം പഠിക്കുന്നതിനെയാണ് ഇസഗോഗിക്സ് (Isagogics) എന്നു പറയുന്നത്. ദൈവവചനം എഴുതപ്പെട്ട കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ വേണം അത് വ്യാഖ്യാനിക്കുവാൻ. ഓരോ വിശ്വാസിക്കും വേണ്ടിയാണ് എല്ലാ തിരുവെഴുത്തും എഴുതപ്പെട്ടിരിക്കുന്നത്. (2തിമൊ. 3:16) എന്നാൽ എല്ലാ തിരുവെഴുത്തും എഴുതപ്പെട്ടിരിക്കുന്നത് ഓരോ വിശ്വാസിയോടുമല്ല. തന്റെ വായനക്കാർ എന്താണ് മനസിലാക്കണമെന്ന് എഴുത്തുകാരൻ ആഗ്രഹിച്ചുവോ അത് മനസിലാക്കുകയാണ് നമ്മുടെ ലക്ഷ്യം. അപ്പോൾ നാം അതിന്റെ ചരിത്രത്തെക്കുറിച്ച് അറിയേണ്ടതാവശ്യമാണ്.

ഉദാഹരണത്തിന് നാല് സുവിശേഷങ്ങളും ഒരുപോലെയുള്ളതെങ്കിലും ഓരോന്നും ഓരോ പ്രത്യേക ജനവിഭാഗത്തിനു പ്രത്യേക ലക്ഷ്യത്തോടെ എഴുതിയതാണ്. മത്തായി പ്രധാനമായും യഹൂദന്മാരെ ലക്ഷ്യമാക്കിയാണ് എഴുതിയത്. അതിൽ യേശുക്രിസ്തുവിനെ രാജാവായി ചിത്രീകരിച്ചിരിക്കുന്നു. മർക്കോസ് റോമൻ ജനതയ്ക്ക് യേശുവിനെ ദാസനായി ചിത്രീകരിച്ചുകൊണ്ട് എഴുതി. ലൂക്കോസ് യവനന്മാർക്ക് യേശുവിനെ പൂർണ്ണ മനുഷ്യനായി കാണിച്ചുകൊണ്ട് എഴുതി. യോഹന്നാൻ ലോകത്തിനു യേശുക്രിസ്തുവിന്റെ ദൈവത്വം തെളിയിച്ചുകൊണ്ട് എഴുതി. ചില വാക്കുകളും വാചകങ്ങളും സുവിശേഷങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് ഈ വിഷയത്തിന് ഊന്നൽ നൽകിയാണ്. അതുപോലെ ഓരോ പുസ്തകവും പഠിക്കുന്നതിനു വിഭിന്നമായ ചരിത്ര പശ്ചാത്തലങ്ങളും അനുയോജ്യമാണ്.

1കൊരി.8-10 മറ്റൊരു നല്ല ഉദാഹരണമാണ്. കൊരിന്തിലെ വിഗ്രഹാരാധനയെക്കുറിച്ച് മനസിലായാലേ ഈ വേദഭാഗം ശരിയായി ഗ്രഹിക്കുവാൻ കഴിയുകയുള്ളു. കൊരിന്തിൽ പ്രധാനമായും അഫ്രോഡൈറ്റ് ക്ഷേത്രം ഉണ്ടായിരുന്നു. അവിടെ അമിതഭക്ഷണം, മദ്യപാനം, വ്യഭിചാരം തുടങ്ങിയവ നിലനിന്നിരുന്നു. ഈ പശ്ചാത്തലത്തിലാണ് കൊരിന്തിലെ അനേകം വിശ്വാസികളും വളർന്നുവന്നത്. കൂടാതെ ഇവയിൽനിന്നു മാറി നിൽക്കുവാൻ അവരിൽ പലർക്കും ബുദ്ധിമുട്ടാ

യിരുന്നു. ഇവിടെ പൗലോസ് സാധാരണ മാംസാഹാരത്തെക്കുറിച്ചല്ല പറഞ്ഞിരിക്കുന്നത് പിന്നെയൊ വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസാഹാരത്തെ ഒഴിവാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

## 2. ഉപദേശം (Categories)

ഇവിടെ ദൈവവചനത്തിലെ ഒരു പ്രത്യേക ഉപദേശത്തെയാണ് അർത്ഥമാക്കുന്നത്. ഒരേ ആത്മാവിനാൽ നിശ്വസിക്കപ്പെട്ട ഒരു പുസ്തകമാണ് ബൈബിൾ. ഇതിൽ ക്രമാനുഗതമായി വെളിപ്പെടുത്തിയിട്ടുള്ള ഒരു സന്ദേശമാണുള്ളത്. ഒരു വിഷയത്തെക്കുറിച്ചുള്ള ബൈബിളിന്റെ പഠിപ്പിക്കൽ പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ ബൈബിളിലുടനീളം ഈ വിഷയത്തെക്കുറിച്ച് എന്താണ് പറയുന്നതെന്ന് നാം പരിഗണിക്കണം. ഉദാഹരണത്തിനു വിവാഹമോചനത്തെക്കുറിച്ച് ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്? മത്തായി 5:31–32 വേദഭാഗങ്ങൾ പരിഗണിച്ചുകൊണ്ട് മാത്രം വിവാഹമോചനത്തെക്കുറിച്ചുള്ള ദൈവവചനത്തിന്റെ കൃത്യമായ ഉപദേശം പഠിക്കുവാൻ ശ്രമിച്ചാൽ സാധിക്കുകയില്ല. ഈ വിഷയം സന്തുലിതമായ നിലയിൽ ലഭിക്കുവാൻ മറ്റു വേദഭാഗങ്ങളായ ആവർത്തനം 24:1–4; മത്തായി 19:3–12; 1കൊരി.7:26–28 തുല്യപ്രാധാന്യത്തോടെ പരിഗണിക്കണം (ഈ വിഷയം പഠിക്കുമ്പോൾ ഇതിന്റെ ചരിത്രപരമായ പശ്ചാത്തലവും മനസിലാക്കേണ്ടത് ആവശ്യമാണ്). മത്തായി 19 പരിഗണിക്കുമ്പോൾ ആ കാലത്ത് റബ്ബിമാരുടെ പഠിപ്പിക്കലിനെക്കുറിച്ചും അല്പം അറിവുണ്ടായിരിക്കണം.

ഒരു വിഷയത്തെക്കുറിച്ചുള്ള എല്ലാ വേദഭാഗങ്ങളും മനസിലാക്കുകയും അവയെ ഒരുമിച്ച് ചേർത്ത് വെക്കുകയും ചെയ്യാതെ നമുക്ക് ആ വിഷയത്തെ ശരിയായി വ്യാഖ്യാനിക്കുവാൻ കഴിയുന്നതല്ല. അത് പശ്ചാത്തലം മനസിലാക്കി പ്രത്യേകമായി വേർതിരിച്ചുള്ള പഠനമാണ്. ഇത് സമയം വളരെ ആവശ്യമായിട്ടുള്ള ജോലിയാണ്. എന്നാൽ ഉപദേശത്തിൽ കൃത്യത വരുത്തുവാൻ ഇത് വളരെ അത്യാവശ്യമാണ്.

ദൈവവചനത്തോടുള്ള സമീപനം യുഗപരവും ആയിരിക്കണം. ദൈവം ചരിത്രത്തെ വിവിധ യുഗങ്ങളായും കാലഘട്ടങ്ങളായും വിഭജിച്ചിരിക്കുന്നു. ഉദാഹരണത്തിനു പഴയ പുതിയ നിയമങ്ങളിൽ വിശ്വാസത്തിന്റെ പ്രായോഗികമായ ഉപയോഗിക്കൽ വിഭിന്നമാണ്. വിശ്വാസം ഒന്നുതന്നെയാണ്, മ്ശിഹായിലുള്ള ശ്രദ്ധ കേന്ദ്രീകരിക്കലും ഒരുപോലെ. എന്നാൽ പുതിയനിയമത്തിൽ നാം യാഗം അർപ്പിക്കുന്നില്ല. എന്തുകൊണ്ട്? ദൈവവചനത്തോടുള്ള യുഗാപരമായ സമീപനം കൊണ്ട് ഇന്ന് നാം മൃഗങ്ങളെ യാഗം അർപ്പിക്കേണ്ടതില്ല എന്നു മനസിലാക്കുന്നു. ദൈവവചനത്തിലെ അനേകം വാഗ്ദത്തങ്ങളും യുഗപരമായ സ്വഭാവത്തോടു കൂടെയുള്ളതാണ്. നമ്മോടു ബന്ധപ്പെട്ട് ഏതൊക്കെ ആയിരിക്കുന്നുയെന്നു നമുക്ക് മനസിലാക്കുവാനും അറിയുവാനും തീരുമാനത്തിലെത്തുവാനും കഴിയുന്നില്ലെങ്കിൽ ദൈവശക്തിയുടെ പ്രവാഹം അനുഭവിക്കാൻ കഴിയുകയില്ല.

## 3. വ്യാകരണപരം (Exegesis)

എക്സിജിറ്റേ (Exegete) ഗ്രീക്കുഭാഷയിലാണ് ഉണ്ടായത്. ഏക്ക് (Ek) അർത്ഥമാക്കുന്നത് പുറത്തേയ്ക്ക് (out) ഹെഗൈയോമായി അർത്ഥം മുമ്പിൽ പോകുക പുറത്തേയ്ക്കു നയിക്കുക തുടങ്ങിയവയാണ്. ഒരു വേദഭാഗത്തിലടങ്ങിയിരിക്കുന്നതെന്താണോ അതിനെ പുറത്തേക്കു കൊണ്ടുവരിക. എക്സ്സജസീസ് എന്നുള്ളത് ദൈവവചനത്തിന്റെ വ്യാകരണപരമായ പഠനമാണ്. ഇത് ഓരോ വാക്കിന്റേയും പ്രത്യേകിച്ചും അതുപോലെ ആ വാക്കുകൾ എങ്ങനെ ഒരുമിച്ച് ഒരു വാക്യത്തിലൊ ഖണ്ഡികയിലൊ വന്നു എന്നുമുള്ള പഠനമാണ്.

ദൈവവചനം ദൈവനിശ്വാസ തിരുവെഴുത്തായതുകൊണ്ട് ഇതിലെ ഓരോ വാക്കും പ്രധാനപ്പെട്ടതാണ്. ഒരു വേദഭാഗത്തിലെ ഒരു വാക്കിൽ പൗലോസ് ഗലാത്യലേഖനത്തിൽ കൃപയുടെ മുഴുവൻ ഉപദേശവും പറയുന്നു. ഉല്പത്തി പുസ്തകത്തിൽ സന്തതി എന്ന് മൂലഭാഷയിൽ ബഹു

വചനമല്ല ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന കാര്യത്തിൽ കൃത്യമായി ഈ വാക്ക് ഉപയോഗിച്ചിരിക്കുന്ന മറ്റൊരു സ്ഥാനമാണ് പുറപ്പാട് 20:13 Ratsach 'കൊല്ലുക' എന്നതിനു ഉപയോഗിച്ചിരിക്കുന്ന 10 എബ്രായ വാക്കുകളിലൊന്നാണ്. "മുൻകൂട്ടി തീരുമാനിച്ച് കൊല ചെയ്യുകയെന്നാണ് ഇവിടെ അർത്ഥം. കല്പനയോ, മുൻകൂട്ടി തീരുമാനമെടുത്ത് നരഹത്യ നടത്തരുതെന്നാണ്. യുദ്ധമുഖങ്ങളിൽ ദൈവം യിസ്രായേൽ നേതൃത്വത്തോടു അവരുടെ ശത്രുക്കളെ കൊല്ലണമെന്ന് ആവശ്യപ്പെടുമ്പോൾ ദൈവം താൻ മുൻപു പറഞ്ഞതിനു വിഭിന്നമായി പ്രവർത്തിക്കയില്ല എന്നാണ് ഇവിടെനിന്ന് മനസിലാക്കേണ്ടത്. ബൈബിൾ പഠനത്തിനു മൂലഭാഷയായ ഗ്രീക്കിലെക്കും ഹീബ്രുവിലേക്കും പോകേണ്ടത് ആവശ്യമാണ്. അതിനു സഹായകരമായ പുസ്തകങ്ങൾ ഇന്ന് ലഭ്യമാണ്. എന്നാൽ അധികം സന്ദർഭങ്ങളിലും മനസിലാക്കാൻ ബുദ്ധിമുട്ടുള്ള പദങ്ങൾ അതിന്റെ തൊട്ടടുത്ത പശ്ചാത്തലപഠനത്തിൽ നിന്നു മനസിലാക്കുവാൻ കഴിയും. വാക്യങ്ങൾ പഠിക്കുന്നതിനു ചുറ്റുമുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക. തുടർന്ന് ആ വാക്യം വന്നിരിക്കുന്ന അദ്ധ്യായത്തിന്റെ പശ്ചാത്തലം മനസിലാക്കുവാൻ ശ്രമിക്കുക. പിന്നീടു പുസ്തകത്തിന്റെ മുഴുവൻ ലക്ഷ്യത്തോടു ചേർത്തു ചിന്തിക്കുക. അവസാനമായി അത് പഴയ നിയമത്തിലാണോ പുതിയ നിയമത്തിലാണോ എന്നു പരിഗണിക്കുക.

ഇവിടെ സംഭവിക്കാവുന്ന ഒരു അപകടസാദ്ധ്യത മത്തായി 16:28 ൽ കാണാം. അവിടെ കാണുന്ന വാഗ്ദത്തത്തെ തുടർന്നുവരുന്ന അദ്ധ്യായം 17ന്റെ പശ്ചാത്തലത്തിൽനിന്നു വേർപെടുത്തി ചിന്തിക്കുന്നു. എന്നാൽ അവിടെ അത് പൂർത്തീകരിക്കുന്നത് കർത്താവിന്റെ തേജസ്ക്കരണത്തിലാണ്. അനേകർ 1കൊരിന്ത്യർ 2:9 നെ 2:10 ൽ നിന്നു വേർപെടുത്തി പഠിപ്പിക്കുന്നു. അങ്ങനെ ഇന്ന് നമുക്ക് ദൈവം നൽകിയിരിക്കുന്ന ഒരു വാഗ്ദത്തത്തെ അനിശ്ചിതമായ ഭാവിയിലേക്കു മാറ്റുന്നു.

## അനുമാനങ്ങൾ

നവീകരണ കർത്താക്കൾ "വിശ്വാസത്തിന്റെ സാമ്യം" പഠിപ്പിച്ചപ്പോൾ വ്യക്തമാക്കിയത് ബൈബിൾ സ്വയം വെളിപ്പെടുത്തുന്ന കാര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ദൈവവചന പഠനതത്വങ്ങളാണ്. ആ തത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മൂന്നു പ്രമാണങ്ങൾ താഴെ പറയുന്നവയാണ്.

**1. ദൈവവചനം മനസിലാക്കുവാൻ കഴിയും.**

ഒരു സ്നേഹവാനായ ദൈവം എങ്ങനെയാണ് ആശയ വിനിമയം നടത്തുന്നത്? നമുക്ക് മനസിലാക്കാവുന്ന വിധത്തിൽ. ദൈവം നമ്മെ സ്നേഹിക്കുകയും നമ്മുടെ അനുസരണം ആവശ്യപ്പെടുകയും ചെയ്യുന്നു. ദൈവം വ്യക്തമായി സംസാരിക്കുമെന്നു നാം വിശ്വസിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും ആശയകുഴപ്പങ്ങൾ ഉണ്ടെങ്കിൽ അത് നമ്മിലാണ്, വേദഭാഗത്തിലല്ല. അതുകൊണ്ടു ദൈവവചനപഠനത്തിൽ നാം സാമാന്യ ജ്ഞാനവും സ്ഥിരോത്സാഹവും ഉപയോഗിക്കുന്നു. ഇതിന്റെ അർത്ഥം നാം പഠനം ആ ഭാഗത്തുനിന്ന് മറുഭാഗത്തേക്ക് നീക്കുന്നു. ബുദ്ധിമുട്ടുള്ള വേദഭാഗങ്ങൾ വ്യക്തമായ വേദഭാഗങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നു. ഇതിന്റെ അർത്ഥം ഒരു വേദഭാഗത്തിന്റെ ഏറ്റവും ലളിതവും വ്യക്തവുമായ വിശദീകരണവും വ്യാഖ്യാനവുമാണ് നാം അന്വേഷിക്കുന്നത്. ഇതാണ് ഏറ്റവും യുക്തിപൂർവമായ കൃത്യമായ വ്യാഖ്യാനം. ഒരു വേദഭാഗത്തെ നാം വ്യാഖ്യാനിക്കുമ്പോൾ നമുക്ക് അതിനെ ആലങ്കാരികമായിട്ടോ ആക്ഷരികമായിട്ടോ വ്യാഖ്യാനിക്കണമെന്ന് സംശയമുണ്ടായാൽ നാം അനുയോജ്യമെങ്കിൽ ആക്ഷരീക വ്യാഖ്യാനത്തിനാണ് ആദ്യപ്രാധാന്യം കൊടുക്കുന്നത്. അതിന്റെ അർത്ഥം നാം വാക്കുകളുടെ ആശയങ്ങളുടെ ആവർത്തനം ശ്രദ്ധിക്കുന്നു. ഒരു കാര്യം ദൈവം ഒന്നിലധികം പ്രാവശ്യം പറയുന്നെങ്കിൽ നാം ശ്രദ്ധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന കാര്യമാണ്.

**2. ബൈബിൾ പടിപടിയായ വെളിപ്പാടുകളുടെ പുസ്തകമാണ്.**

ഒരു സന്ദേശം ബൈബിളിൽ പടിപടിയായി വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു

അതിന്റെ അവസാനമാണ് ആദ്യത്തെക്കാൾ അധികം വ്യക്തമായി നമുക്ക് മനസിലാക്കുവാൻ കഴിയുന്നത്. യേശുക്രിസ്തുവിനെക്കുറിച്ചും രക്ഷയെക്കുറിച്ചും പഴയനിയമത്തെക്കാൾ കൂടുതൽ വെളിപ്പെടുത്തിയിരിക്കുന്നത് പുതിയ നിയമത്തിലാണ്. സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സുവിശേഷത്തിലേതിനെക്കാൾ കൂടുതൽ കാര്യങ്ങൾ ലേഖനങ്ങളിലാണ് കാണുന്നത്. ഭാവിയെക്കുറിച്ചുള്ള കാര്യങ്ങൾ മറ്റേതു പുസ്തകത്തെക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നത് വെളിപ്പാടിലാണ്. അതുകൊണ്ട് നാം പഴയനിയമപ്രവചനങ്ങൾ അതിന്റെ പുതിയ നിയമ പൂർത്തീകരണത്തെക്കുറിച്ച് പറഞ്ഞ വേദഭാഗത്തിന്റെ വെളിച്ചത്തിലും പഴയനിയമ കഥാപാത്രങ്ങളെ പുതിയ നിയമ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിലും മനസിലാക്കുവാൻ ശ്രമിക്കുന്നു.

**3. ബൈബിളിൽ പരസ്പര വിരുദ്ധമായിട്ട് ഒന്നുമില്ല.**

ദൈവത്തിനു സ്വാഭാവികമായി തന്നെത്താൻ വിരുദ്ധമാകാൻ കഴിയുന്നതല്ല. മനുഷ്യനോടുള്ള ദൈവത്തിന്റെ വചനത്തിലും ഈ തത്വം അംഗീകരിക്കുമ്പോൾ നാം എവിടെയെങ്കിലും പരസ്പരവിരുദ്ധമെന്നു തോന്നുന്ന ഉത്തരത്തിനുവേണ്ടി അന്വേഷിച്ചാൽ, ഉറപ്പായും ദൈവവചനത്തിൽ പൂർണ്ണമായ യോജിപ്പിലേക്ക് എത്തുവാൻ കഴിയും. ശ്രദ്ധയോടുള്ള പഠനം അത് വെളിപ്പെടുത്തുന്നു.

ദൈവവചനം മനസിലാക്കുവാൻ നാം ആഗ്രഹിക്കുന്നതിനുമുമ്പ് ബൈബിൾ വ്യക്തമായി പറഞ്ഞിരിക്കുന്ന മൂന്ന് ആത്മീയ യോഗ്യതകൾ നേടേണ്ടതുണ്ട്.

**1. നാം വീണ്ടും ജനനം പ്രാപിച്ചിരിക്കണം** (യോഹ. 3:16)
ജഡത്താൽ ജനിച്ചത് ജഡമാകുന്നു (യോഹ.3:6) അവിശ്വാസികൾക്ക് ദൈവികകാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നതല്ല.
(1കൊരി.2:14)

**2. നാം പരിശുദ്ധാത്മാവിൽ ആശ്രയിക്കണം.** (1കൊരി.2:12)

ആത്മാവു കൂടാതെ നാം ദൈവവചനത്തെ സമീപിച്ചാൽ നമുക്ക് അറിവ് ലഭിക്കും. എന്നാൽ വിവേകവും ശക്തിയും നമുക്ക് ലഭിക്കുവാൻ കഴിയുന്നതല്ല. അത് അവിശ്വാസികൾക്ക് മാത്രമല്ല, ആത്മാവിനെ അനുസരിക്കാതെ ജഡത്തെ അനുസരിച്ചു ജീവിക്കുന്ന വിശ്വാസിക്കും ബാധകമാണ്. അതുകൊണ്ട് ദൈവവചനം വായിക്കുന്ന ഏതു സന്ദർഭത്തിലും നാം പാപങ്ങളെ ഏറ്റുപറയുകയും ശുദ്ധീകരണം പ്രാപിക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

**3. നാം വിശ്വാസത്തോടെ സമീപിക്കണം.** (യോഹ.1:17)

ദൈവം തന്റെ ആഴമേറിയ രഹസ്യങ്ങൾ പങ്കുവെക്കുന്നത് തന്റെ വചനത്തോടും വിശ്വാസത്തോടും താഴ്മയോടും കൂടെ അടുത്തു വരുന്നവർക്കാണ്. ദൈവത്തെ അനുസരിക്കാത്തവർക്കാണ് യഥാർത്ഥ പരിജ്ഞാനവും ശക്തിയും ദൈവം കരുതിയിരിക്കുന്നത്. നമ്മുടെ ആശയങ്ങളോടും ആഗ്രഹങ്ങളോടും ദൈവവചനം യോജിക്കാതെ വരുമ്പോൾ നാം ദൈവവചനത്തിന്റെ അധികാരത്തിനു കീഴ്പ്പെടണം. എപ്പോൾ എങ്കിലും ദൈവം നമ്മുടെ ആഗ്രഹങ്ങൾക്ക് എതിരായാൽ നമ്മുടെ ആഗ്രഹങ്ങൾ തെറ്റാണെന്ന് മനസിലാക്കാം.

## ചില പ്രമാണങ്ങൾ

**ലൂയിസ് സ്പെറി ചെയ്ഫർ**

1. ബൈബിളിന്റെ ലക്ഷ്യം മൊത്തമായി പരിഗണിക്കുക.
2. ഓരോപുസ്തകത്തിന്റെയും പ്രത്യേകമായ സ്വഭാവം, സന്ദേശം ശ്രദ്ധിക്കുക.
3. ആർക്കാണ് ഒരു പ്രത്യേക വേദഭാഗം എഴുതിയിരിക്കുന്നത് എന്ന് ചോദിക്കുക.
4. തൊട്ടടുത്ത പശ്ചാത്തലം പരിഗണിക്കുക

5. നൽകിയിരിക്കുന്ന വിഷയത്തിന്റെയോ ഉപദേശത്തിന്റെയോ അടിസ്ഥാനത്തിൽ എല്ലാ വേദഭാഗങ്ങളും താരതമ്യം ചെയ്യുക.
6. നിർണ്ണായകമായ വാക്കുകളിൽ യഥാർത്ഥമായ അർത്ഥം തീരുമാനിക്കുക.
7. വ്യക്തിപരമായ മുൻവിധികളും മുൻധാരണകളും ഒഴിവാക്കുക.

**ഡോ.ഹാരി അയൺസൈഡ്**

ഒരു അദ്ധ്യായത്തിനു 10 ചോദ്യങ്ങൾ

1. എന്താണ് പ്രധാന വിഷയം (ഉപദേശം ചിന്താവിഷയം)
2. എന്താണ് പ്രധാനം പാഠം (പ്രായോഗിക വിഷയം)
3. എന്താണ് താക്കോൽ വാക്യം
4. ഇതിൽ ഉൾപ്പെട്ട പ്രധാന വ്യക്തികൾ ആരൊക്കെയാണ്
5. യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രധാന പഠിപ്പിക്കൽ എന്താണ്
6. അനുകരിക്കുവാൻ കഴിയുന്ന പ്രധാന മാതൃക
7. നാം ഒഴിവാക്കേണ്ട തെറ്റിനെപ്പറ്റിയുള്ള മുന്നറിയിപ്പ്
8. അനുസരിക്കേണ്ട ഒരു കല്പനയുണ്ടോ?
9. നാം സ്വന്തമാക്കേണ്ട എന്തെങ്കിലും വാഗ്ദത്തമുണ്ടോ?
10. നാം പ്രാർത്ഥിക്കേണ്ട ഏതെങ്കിലും പ്രാർത്ഥനയുണ്ടോ?

ദൈവവചന പഠനം ജീവിതത്തിൽ മറ്റെല്ലാത്തിനെക്കാളുമുപരിയായി നാം എന്താണോ അറിയേണ്ടത് അത് നമുക്ക് നൽകുന്നു. ശ്രദ്ധയില്ലാത്ത പഠനം നമ്മുടെ ആത്മിക ദാഹത്തെ ശമിപ്പിക്കുന്നില്ല. എന്നാൽ അതിസൂക്ഷ്മവും അക്ഷീണവുമായ പഠനം നമ്മെ കൂടുതൽ പ്രതിഫലമുള്ളവരാക്കുന്നു. സമയം കണ്ടെത്തി അദ്ധ്വാനിക്കുകയും പഠനത്തിൽ ബുദ്ധിമുട്ടു നേരിടുമ്പോൾ അത് ഉപേക്ഷിക്കാതെ അത് തുടർന്നവരാണ് വചനത്തിലെ വ്യക്തികളിലും വചനത്തിലും വലിയ ഉൾക്കാഴ്ചകൾ നേടിയിട്ടുള്ളത്. ദൈവവചന പഠനത്തിന്റെ നിയമങ്ങൾ സ്ഥിരമായി നാം ശ്രദ്ധയോടെ പിൻതുടർന്നാൽ നാം ക്രമമായി ദൈവവചന വ്യാഖ്യാനത്തിനുള്ള കഴിവ് വളർത്തിയെടുക്കുകയും ഒടുവിൽ ദൈവിക സന്ദേശത്തിന്റെ പ്രധാനഭാഗം എന്താണെന്ന് മനസിലാക്കുകയും ചെയ്യുന്നു.

ദൈവവചന പഠനത്തിന്റെ ലക്ഷ്യം ഒരിക്കലും ബുദ്ധിപരമായ ഒരു നേട്ടമല്ല. ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപപ്പെടുക എന്ന ആഗ്രഹത്തോടുകൂടി നാം ദൈവവചനത്തെ സമീപിക്കണം. നാം ദൈവവചനം പഠിക്കുമ്പോൾ ഈ ദൈവവചനഭാഗം നമ്മുടെ ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുയെന്നും നാം പഠിച്ച കാര്യങ്ങൾകൊണ്ട് നാം എന്തു ചെയ്യുവാൻ പോകുന്നു എന്നുമുള്ള ചോദ്യങ്ങൾ നമ്മോടുതന്നെ ചോദിക്കാതെ നമ്മുടെ പഠനം അവസാനിപ്പിക്കുകയും ചെയ്യരുത്.

ഇത് അദ്ധ്യാപകർ ഓർത്തിരിക്കത്തക്കവിധം പ്രത്യേകം പ്രാധാന്യമുള്ളതാണ്. നാം പഠിക്കുന്നത് മറ്റുള്ളവരെ വെറുതെ പഠിപ്പിക്കാൻ വേണ്ടി മാത്രമല്ല. പഠിക്കുവാൻ വേണ്ടിമാത്രമാണ് പഠിക്കുന്നതെങ്കിൽ സത്യം നമ്മുടെ ഹൃദയത്തിലേക്ക് ആഴ്ന്ന് ഇറങ്ങുകയില്ല. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ തെറ്റുതിരുത്തൽ നടക്കുകയുമില്ല. മാത്രവുമല്ല നാം ആത്മികമായി വളർച്ച പ്രാപിക്കുകയില്ല. കാരണം നാം പഠിക്കുന്ന കാര്യങ്ങൾക്ക് നാം തന്നേ കീഴ്പ്പെട്ടിട്ടില്ല. നാം പഠിതാക്കൾ ആയിരുന്നപ്പോൾ നാം ശിഷ്യരെങ്കിൽ മറ്റുള്ളവരെ പഠിപ്പിക്കത്തക്കവിധത്തിൽ വിവരങ്ങൾ നേടുന്നതിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ഈ വിവരങ്ങൾ ഉപയോഗിച്ചു മറ്റുള്ളവരെ പഠിപ്പിക്കുമ്പോൾ അവർ ആ വസ്തുതകളാൽ ചലിക്കപ്പെടുന്നു. ദൈവം നമുക്ക് യഥാർത്ഥമായും അത്ഭുതകരമായും ഈ കാര്യങ്ങൾ നമ്മുടെ വളർച്ചയിൽ ഒരുക്കിയിരിക്കുന്നു.



# പാഠം 2-2:
# അടിസ്ഥാനം - *സഭ*

മത്തായി 16:15-18
അപ്പൊ. 2:42; 5:41-42; 6:1-4
എഫെസ്യർ 1:22-23; 2:4-7

സഭയുടെ ഗ്രീക്ക് പദം എക്ലീസിയ (Ekklesia) എക്ക് (Ek) "പുറത്ത്" (Out) എന്നാണ് അർത്ഥം. യേശുക്രിസ്തുവിന്റെ വിളിക്കപ്പെട്ട ശരീരമാണ് സഭ. പ്രാദേശികസഭയാണ് നമ്മുടെ അടിസ്ഥാനം. അവിടെയാണ് പരിശീലിപ്പിക്കപ്പെടുന്നത്. ഇവിടെനിന്നാണ് സാത്താനികമായ ലോകത്തിലേക്ക് സത്യങ്ങൾ അറിയിക്കുവാൻ അയയ്ക്കപ്പെടുന്നത്. ഈ യുദ്ധത്തിൽ സംഭവിക്കുന്ന മുറിവുണക്കുന്നതും വിശ്രമിച്ച് ശക്തി പുതുക്കുന്നതുമെല്ലാം ഈ സ്ഥലത്തു നിന്നാണ്.

കർത്താവായ യേശു തന്റെ ഭൂമിയിലെ ശുശ്രൂഷക്കിടയിൽ സഭയെക്കുറിച്ച് കുറച്ചുകാര്യങ്ങൾ പറഞ്ഞിരിക്കുന്നു. തന്റെ ജീവിതത്തിന്റെ അവസാന ആഴ്ചവരെ ഒരുപ്രാവശ്യംമാത്രം ശിഷ്യന്മാരോടു എന്തായിരിക്കണമെന്ന് ഓർപ്പിക്കുന്നു.

> *"നിങ്ങളോ എന്നെ ആരെന്നു പറയുന്നു എന്നു അവൻ ചോദിച്ചതിനു ശീമോൻ പത്രോസ് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവരോട് ബർയോനാ ശിമോനെ നീ ഭാഗ്യവാൻ ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയത് നീ പത്രോസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു." (മത്തായി. 16:15-18)*

കർത്താവ് പണിയുമെന്നു പറയുന്ന "പാറ" യേശുക്രിസ്തുവിന്റെ ദൈവത്വം മനുഷ്യത്വം ഇവയെക്കുറിച്ചുള്ള പത്രോസിന്റെ പ്രഖ്യാപനമാണ്. "ഞാൻ പണിയും" എന്നു ഭാവികാല രൂപത്തിൽ യേശു പറയുമ്പോൾ സഭ ആ സമയത്ത് ഇല്ല എന്നാണ് മനസിലാക്കുന്നത്. ഇത് കർത്താവ് ഭാവികാലത്തിൽ നിറവേറ്റുവാൻ ആഗ്രഹിക്കുന്ന കാര്യമാണ് "എന്റെ സഭ" എന്നുള്ള പ്രയോഗം സൂചിപ്പിക്കുന്നത് സഭ കർത്താവിന്റെതാണ് എന്നാണ്.

ഇത് രൂപപ്പെടുമ്പോൾ സഭ ഒരു ആക്രമണ മേഖലയിലായിരിക്കുമെന്നാണ് കർത്താവ് പറഞ്ഞത്. പാതാളത്തിന്റെ ഗോപുരങ്ങളെ തന്നെ തകർക്കുമെന്നാണ്. ഗോപുരവാതിലുകളാണ് പുരാതന ലോകത്തിലെ പ്രധാന

തീരുമാനമെടുക്കുന്ന സ്ഥലങ്ങൾ. ഇത് അധികാരത്തിന്റെയും ശക്തിയുടെയും സ്ഥാനങ്ങളാണ്. തന്റെ സഭയുടെ മേൽ നരകത്തിന്റെ ശക്തിയും അധികാരവും ജയിക്കുകയില്ല എന്നാണ് കർത്താവു പറയുന്നത്.

തന്റെ അവസാനരാത്രിയിൽ മാളികപ്രഭാഷണം നടത്തുന്നതുവരെ കർത്താവ് സഭയുടെ രൂപീകരണത്തെക്കുറിച്ചോ പ്രവർത്തനത്തെക്കുറിച്ചോ ഒരു വെളിച്ചവും നൽകിയില്ല. ആ രാത്രിയിൽ കർത്താവ് വ്യക്തമാക്കിയ രണ്ടു കാര്യങ്ങൾ വരുവാനുള്ള സഭാകാലഘട്ടത്തെ നിസ്തുലമാക്കി. അത് പൂർത്തീകരിക്കപ്പെട്ട ദൈവവചനവും ദൈവാത്മാവിന്റെ അധിവാസവുമാണ് പരിശുദ്ധാത്മാവ് സഭയെ രൂപീകരിക്കുകയും അതിന്റെ ദൗത്യത്തെ ശക്തീകരിക്കുകയും ചെയ്യുന്നു. (യോഹ.7:37-39; യോഹ.14-16; അപ്പൊപ്രവൃ.1:4-8; അപ്പൊ.2)

മത്തായി 28:19-20ൽ കർത്താവായ യേശുക്രിസ്തു സഭയുടെ ദൗത്യത്തിന്റെ രണ്ടു മേഖലകൾ സഭയെ ഭരമേല്പിക്കുന്നു. അവ സുവിശേഷീകരണവും ആത്മീയ വർദ്ധനവുമാണ്. ആദ്യം സുവിശേഷീകരണം - ആളുകളെ യേശുവിന്റെ രക്ഷാപരിജ്ഞാനത്തിലേക്ക് നയിക്കുക. അതിനുശേഷം ആത്മീയ വർദ്ധനയിലേക്കു നയിക്കുക. രക്ഷിക്കപ്പെട്ടവരെ ആത്മീയ പക്വതയിലേക്കു നയിക്കുക. തന്മൂലം അവർക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ കഴിയും. അങ്ങനെ അവർക്കും സുവിശേഷീകരണത്തിലും ആത്മീയവർദ്ധനയിലും ഒരു പങ്ക് വഹിക്കുവാൻ കഴിയും.

> *അതിന്റെ ദൗത്യം നിവർത്തിക്കുവാൻ ആദ്യനൂറ്റാണ്ടിലെ സഭ മുൻഗണനകൾ തീരുമാനിച്ചു. അവർ അപ്പൊ സ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. (അപ്പൊ.പ്രവൃത്തി. 2:42)*

"അവർ ....... കഴിച്ചും പോന്നു" എന്നുള്ള പ്രയോഗം സൂചിപ്പിക്കുന്നത് അവർ അതിനടിമപ്പെട്ടിരിക്കുന്നു എന്നാണ് തുടർന്നു പറയുവാൻ പോകുന്ന നാലു കാര്യങ്ങളോടുള്ള ബന്ധത്തിൽ ആഴമേറിയ ശ്രദ്ധയും സമർപ്പണവും അവർക്ക് ഉണ്ടായിരുന്നു എന്നുള്ളത് ഏറ്റവും ശക്തമായ നിലയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

1. **ഉപദേശം -** വിശ്വാസികൾ ദൈവവചനപഠനത്തിനായി ആദ്യമായി അവരെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു. പ്രാദേശികസഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം ദൈവവചനമാണ്. പ്രാദേശിക സഭയിൽനിന്ന് പുറത്തുവരുന്ന എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവവചനമാണ്. വചനപഠനത്തിന് ഏറ്റവും കൂടിയ പ്രാധാന്യം നല്കുന്നില്ലെങ്കിൽ തന്മൂലം സഭയെ ദൈവം എന്തിനാണോ വിളിച്ചിരിക്കുന്നത് അത് നിറവേറ്റുവാൻ കഴിയാതെ വരും.

**2.കൂട്ടായ്മ -** കൂട്ടായ്മ എന്നതിനു ഗ്രീക്കിൽ (കൊയ്നോണിയ) ഉപയോഗിച്ചിരിക്കുന്നത്, ഒന്നിച്ചുള്ള പങ്കാളിത്വപ്രവർത്തനമാണ് അർത്ഥമാക്കുന്നത്. ഒന്നാമതായി യെരുശലേമിലെ സഭ ചെയ്തത്, ദൈവവചന പഠനമായിരുന്നു. രണ്ടാമതായി അവർ പഠിച്ച കാര്യങ്ങൾ ലോകത്തിലും അവരുടെ ജീവിതത്തിലും പ്രായോഗികമാക്കി.

## യുഗങ്ങൾ

മനുഷ്യചരിത്രത്തിലുടനീളം രക്ഷിതാവായ യേശുക്രിസ്തു എന്ന വെളിപ്പെടുത്തപ്പെട്ട ദൈവപുത്രനിലുള്ള വിശ്വാസത്താൽ മാത്രമാണ് രക്ഷ. എന്നാൽ ക്രിസ്തുവിനെ വെളിപ്പെടുത്തി നൽകിയ വഴിയും അവനിലുള്ള വിശ്വാസത്തിന്റെ പ്രതികരണവും വിവിധ യുഗങ്ങളിൽ വിഭിന്നമായ രീതിയിലായിരുന്നു. Unger's Bible Dictionary യുഗത്തെ ഇപ്രകാരം നിർവചിക്കുന്നു. "ദൈവത്തിന്റെ ഹിതത്തിന്റെ വെളിപ്പാടിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ അനുസരണത്തെ പരിശോധിക്കുന്ന ഒരു കാലഘട്ടമാണ് യുഗം." (Meril Funger Ungers Bible dictionary Chicago Moody Press 1985, 269)

ഗ്രീക്ക്ഭാഷയിൽ ഒയ്ക്കോനോമിയ (Oikonomia) യുഗം എന്നതിന് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന 4 പദങ്ങളിൽ ഒന്നാണ്.

ക്രോണോസ് (Chronos) സാധാരണയായി പരിഭാഷപ്പെടുത്തിയിരിക്കുന്നത് "സമയം" "കാലം" "കാലഘട്ടം" എന്നിങ്ങനെയാണ്. സംഭവങ്ങളുടെ തുടർച്ച അല്ലെങ്കിൽ ഒരു കാലഘട്ടത്തിന്റെ ദൈർഘ്യം എന്നിവയാണ് അർത്ഥം (അപ്പൊ.പ്രവൃത്തി 13:18)

അവരുടെ ദൗത്യം പൂർത്തീകരിക്കുവാൻവേണ്ടി അവർ സ്ഥാനപതികൾ എന്ന നിലയിൽ പ്രവർത്തിച്ചു. ഇത് ഒരു സംഘമായിട്ടാണ് ചെയ്തത്.

**3. അപ്പം മുറിക്കൽ** - ഇത് കർത്തൃമേശ ആചരിക്കുന്നതിനെ കാണിക്കുന്നു. അവരുടെ ശ്രദ്ധ യേശുവിൽ കേന്ദ്രീകരിക്കത്തക്കവിധം ഒരു ഓർമ്മയുടെ ശുശ്രൂഷ. കർത്താവായ യേശുവിന്റെ പരിപൂർണതയുള്ള ജീവിതത്തെയും തന്റെ ക്രൂശിലെ പ്രായശ്ചിത്ത മരണത്തെയും അവർക്ക് ലഭ്യമായിരിക്കുന്ന പുനരുത്ഥാന ശക്തിയേയും ഓർക്കുന്നതിനായി കർത്താവ് ഈ ശുശ്രൂഷ അവർക്ക് നൽകി.

**4. പ്രാർത്ഥന** - അപ്പൊസ്തലന്മാർ പ്രത്യേകിച്ച് പത്രോസ് പ്രാർത്ഥനയിൽ ഉണർന്നിരിക്കാത്തതു നിമിത്തമുള്ള പരാജയത്തിന്റെ വില ഗത്സമനത്തോട്ടത്തിൽ നിന്നു പഠിച്ചു. അവരുടെ അനുഭവം ഒരുപക്ഷേ ഈ വിശ്വാസികളേയും സ്വീധീനിച്ചിരിക്കാം. തന്മൂലം അവർ പ്രാർത്ഥനയിൽ ആവശ്യമായ ശിക്ഷണത്തിന്റെയും സഹിഷ്ണതയുടെയും പ്രാധാന്യം മനസിലാക്കിയിരിക്കാം (അപ്പൊ.പ്രവൃത്തി 1:14; 12:5)

ഇവയെല്ലാം ആദിമസഭയുടെ മുൻഗണനകളായിരുന്നു. അവർ ഒരുമിച്ച് പ്രവർത്തിച്ചു, പഠിച്ചു. യേശുക്രിസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത അവർ അന്യോന്യം ഓർമ്മിപ്പിച്ചു. അവർ ഒരുമിച്ച് പ്രാർത്ഥനയിൽ സമയം ചിലവഴിച്ചു.

സഭ വളരാൻ തുടങ്ങിയപ്പോൾ എതിർപ്പും പീഢനവും ഉണ്ടായി വിശ്വാസികൾ കൂടിവന്ന് ദൈവവചനം വായിക്ക മാത്രമായിരുന്നു എങ്കിൽ ശത്രുവിനു പ്രശ്നമില്ലായിരുന്നു. എന്നാൽ അവർ അത് ജീവിതത്തിൽ പ്രായോഗികമാക്കുവാൻ തീരുമാനിക്കുമ്പോൾ ശത്രു ശക്തിയോടെ പ്രവർത്തിച്ചു. ആദിമ സഭയുടെ പ്രവർത്തനങ്ങളോടുള്ള ശത്രുവിന്റെ പ്രതികരണം, യെരുശലേമിലുള്ള മതനേതാക്കളുടെ ഉള്ളിൽ ഉഗ്രകോപം ഉണ്ടാക്കുക എന്നുള്ളത് ആയിരുന്നു.

> *"അപ്പൊസ്തലന്മാരെ വരുത്തി അടുപ്പിച്ചു. ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്നു കല്പിച്ചു അവരെ വിട്ടയച്ചു. തിരുനാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ട് ന്യായാധിപസംഘത്തിന്റെ മുമ്പിൽനിന്നു പുറപ്പെട്ടുപോയി പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. (അപ്പൊപ്രവൃ.5:40-42)*

ശക്തമായ സമ്മർദ്ദം അവരിൽനിരാശ ഉളവാക്കിയില്ല പകരം ശക്തമായ ധൈര്യവും വ്യക്തമായ ലക്ഷ്യവും ഉളവാക്കി. തങ്ങളുടെ കഷ്ടതയെ അവർ സന്തോഷത്തോടെ അഭിമുഖീകരിച്ചു. കഷ്ടതയോടു സന്തോഷം പൊരുത്തപ്പെട്ടുപോകുന്നതല്ല. നാം പരിശുദ്ധാമനിറവിൽ ജീവിക്കുന്നുയെങ്കിൽ നാം കഷ്ടതയെ സന്തോഷത്തോടെ അഭിമുഖീകരിക്കും. (1തെസ്സ.1:6)

---

കെയ്റോസ് (Kairos) എന്ന വാക്ക് 'സമയം' / 'കാലം' എന്ന് പരിഭാഷ ചെയ്തിട്ടുണ്ട്. ഇത് സമയം (ക്രോണോസ്) പല വിഭാഗങ്ങളായി തിരിച്ചിട്ടുള്ളതാണ്. (മത്താ.11:25; റോമ.3:26; 13:11; 2 തെസ്സ.2:6)

> വിശദമായി പറഞ്ഞാൽ 'ക്രോണോസ്' ഒരു കാലഘട്ടത്തിന്റെ ദൈർഘ്യം വിശദമാക്കുമ്പോൾ 'കെയ്റോസ്' അപ്പൊ. 1:7 ൽ പറഞ്ഞിരിക്കുന്നതുപോലെ 'പിതാവ്' തന്റെ അധികാരത്തിൽ വെച്ചിട്ടുള്ളത് കാലഘട്ടത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്നു. രണ്ട് പദങ്ങളും ക്രോണോസ് (സമയം) കാലഘട്ടത്തിന്റെ ദൈർഘ്യവും കെയ്റോസ് (കാലം) അന്നത്തെ സംഭവങ്ങളുടെ പ്രത്യേകതകളും ചൂണ്ടിക്കാണിക്കുന്നു. 1തെസ്സ. 5:1-ൽ 'സമയം' എന്നത് യേശുക്രിസ്തു തന്റെ വിശുദ്ധന്മാരെ ചേർക്കുവാനായി (ഉദ്പ്രാപണം) മദ്ധ്യാകാശത്തിൽ വരുന്ന മഹത്വപ്രത്യക്ഷതയുടെ ആരംഭം മുതൽ അത് സംഭവിക്കുന്നതുവരെയുള്ള സമയത്തിന്റെ ദൈർഘ്യവും, കാലം എന്നത് മഹത്വപ്രത്യക്ഷത കാലഘട്ടത്തിന്റെ മുമ്പും, ആ സമയത്തും അതിനുശേഷമുള്ള പ്രത്യേകതകളുടെ വിവരങ്ങളുമാണ്. 'ക്രോണോസ്' (സമയം) അളവും കെയ്റോസ് (കാലം) പ്രത്യേകതകളും ചൂണ്ടിക്കാണിക്കുന്നു.

അവർ തങ്ങളുടെ പഠനം വർദ്ധിപ്പിച്ചു. എപ്പോഴൊക്കെ പ്രതിസന്ധി ആദിമസഭയിലുണ്ടായോ, അപ്പോഴൊക്കെ അവർ പഠനം വർദ്ധിപ്പിച്ചു. ദൈവവചനം എല്ലാദിവസവും ദൈവാലയത്തിലും വിശ്വാസികളുടെ ഭവനങ്ങളിലും പഠിപ്പിച്ചിരുന്നു.

അവർ ദൈവവചനഘോഷണം ശക്തിപ്പെടുത്തി. അവർ പഠിപ്പിക്കുക മാത്രമല്ല പ്രസംഗിക്കുകയും ചെയ്തു "പഠിപ്പിക്കൽ" ഡിഡാസ്ക്കോ (didasko) വാക്കിൽനിന്നു വന്നതാണ് ഇതിന്റെ അർത്ഥം. ഉള്ളിൽ സംഭവിക്കുന്ന കാര്യം - വിശ്വാസികൾക്കുള്ള നിർദ്ദേശങ്ങൾ എന്നതാണ്. എന്നാൽ "പ്രസംഗം" (kerusso) പുറത്താണ് നടക്കുന്നത്. അവിശ്വാസികളോടു സുവിശേഷം പ്രസംഗിക്കുന്നു.

യെരുശലേമിലെ സഭ വർദ്ധിച്ചുവന്നപ്പോൾ നേതൃത്തിന്റെ ആവശ്യങ്ങൾ വർദ്ധിച്ചു. അപ്പൊസ്തലന്മാർ തങ്ങളുടെ സമയംകൊണ്ട് എന്താണ് ചെയ്യേണ്ടത് എന്നുള്ള തീരുമാനത്തിലെത്തിച്ചേരേണ്ട ഒരു ഘട്ടത്തിലെത്തി.

> *ആ കാലത്ത് ശിഷ്യന്മാർ പെരുകി വരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ എബ്രായഭാഷക്കാരുടെ നേരെ പിറുപിറുത്തു പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ ശുശ്രൂഷ ചെയ്യുന്നത് യോഗ്യമല്ല ആകയാൽ സഹോദരന്മാരേ ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽനിന്നുതന്നെ തിരഞ്ഞുകൊൾവിൻ; അവരെ ഈ വേലക്കു ആക്കാം; ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും. (അപ്പൊ.പ്രവൃ. 6:1-4)*




*ഡബ്ല്യൂ ഇ വൈൻ An expository Dictionary New Testament words.* [New Jersey Fleming H. Revell Co 1966 111] 332)

ഒയ്ക്കോനോമിയ എന്ന പദം പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'യുഗം, കാര്യവിചാരകത്വം' എന്നീ നിലകളിലാണ്. ഇത് ഒരു കാലഘട്ടത്തിലെയോ, യുഗത്തിലെയോ ഭരണക്രമീകരണത്തെയാണ് കാണിക്കുന്നത്. ദൈവത്തിന്റെ കാര്യപരിപാടി വിവിധയുഗങ്ങളിൽ നടത്തുന്ന മാറ്റങ്ങളെയാണ് കാണിക്കുന്നത്.

എയോൺ (aion) സാധാരണയായ 'കാലഘട്ടം' എന്ന നിലയിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു. കിംഗ് ജയിംസ് പരിഭാഷയിൽ "ലോകം" എന്ന നിലയിൽ തെറ്റായി പരിഭാഷപ്പെടുത്തിയിരിക്കുന്നു ഇത് ഒരു യുഗത്തിന്റെ ഭാഗത്തെ കാണിക്കുന്നു. മാത്രമല്ല മുഴുവൻ യുഗത്തിന്റെയും ഭാഗമായ ആ കാലഘട്ടത്തെ നിസ്തുലമാക്കുന്ന കാര്യങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

എന്നാൽ ചരിത്രത്തിലുടനീളം ദൈവികപദ്ധതി മാറ്റമില്ലാത്തതായി തുടരുന്നു. ആ ദൈവികപദ്ധതിയുടെ വെളിപ്പാട് കാലക്രമത്തിലും പടിപടിയായിട്ടുള്ളതാണ്. (എബ്രായർ 1:1, 2) എബ്രായർ 8-ലും ഗലാത്യർ 4-ലും പറഞ്ഞിരിക്കുന്ന യുഗങ്ങൾ തമ്മിലുള്ള ഏറ്റവും അടിസ്ഥാനപരമായ വ്യത്യാസം പഴയ പുതിയ നിയമങ്ങളും ന്യായപ്രമാണവും (യഹൂദയുഗവും), കൃപയും (സഭായുഗം) തമ്മിൽ വേർതിരിച്ചു കാണിച്ചിരിക്കുന്നു എന്നതാണ്.

അപ്പൊസ്തലന്മാരുടെ സ്വയപരിശോധനയക്കു കാരണമായ സംഭവം സഭയിലുണ്ടായി. യവനഭാഷ സംസാരിക്കുന്ന യവന സംസ്ക്കാരം സ്വീകരിച്ചിട്ടുള്ള യഹൂദന്മാരും സ്വദേശികളായ എബ്രായഭാഷ സംസാരിക്കുന്ന യഹൂദന്മാരും തമ്മിലുള്ള അഭിപ്രായവ്യത്യാസമായിരുന്നു അത്. മേശയിൽ ശുശ്രൂഷിക്കുന്ന കാര്യം ചിന്തിക്കുന്നില്ലായെന്നു അപ്പൊസ്തലന്മാർ പറഞ്ഞപ്പോൾ അവർ ധിക്കാരികളായി തീർന്നില്ല. മേശയിൽ ശുശ്രൂഷിക്കുന്നത് അവർ ചെറിയ കാര്യമായിട്ടു കണ്ടില്ല. എന്നാൽ അവരെക്കുറിച്ചുള്ള ദൈവഹിതം അതല്ലായെന്നു അവർ മനസിലാക്കി. അവർ ദൈവവചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാൻ വരം ലഭിച്ചവരാണ്. അതിനുള്ള നിയോഗമാണ് അവർക്ക് ലഭിച്ചത്. മേശയിൽ ശുശ്രൂഷിച്ചാൽ അത് അവരുടെ ജീവിതത്തിലുള്ള ദൈവികപദ്ധതികളെ ഉപേക്ഷിക്കലാണ്.

അതുകൊണ്ട് അവർ ശുശ്രൂഷകന്മാരെ നിയമിച്ചു. അന്നുള്ളതുപോലെ ഇന്നും ശുശ്രൂഷകന്മാരുടെ യോഗ്യത ഒന്നുതന്നെയാണ്. നല്ല സാക്ഷ്യമുള്ളവർ, ആത്മനിറവുള്ളവർ, വചന പരിജ്ഞാനത്തിന്റെ തെളിവുള്ളവർ, അധികാരത്തോടെ ആശ്രയിക്കുവാൻ തക്ക കഴിവുള്ളവർ.

അപ്പൊസ്തലന്മാരുടെ പ്രവർത്തനത്തിന്റെ ഫലം പെട്ടെന്നു തന്നെ വെളിപ്പെട്ടു. അപ്പൊ.പ്രവൃത്തി 6:7 ൽ നാം വായിക്കുന്നത് “ദൈവവചനം പരന്നു” എന്നാണ്. അത് പരക്കുവാൻ കാരണം അപ്പൊസ്തലന്മാർ ശരിയായ ദിശയിലേക്കു പോകുവാൻ തീരുമാനിച്ചതിനാലാണ്. അവർ മേശയിൽ ശുശ്രൂഷിക്കുന്ന ജോലി ഏറ്റെടുത്തിരുന്നെങ്കിൽ അത് അവരെ ദൈവവചനപഠനത്തിൽനിന്നും ശുശ്രൂഷയിൽനിന്നും മാറ്റുവാൻ ഇടയാക്കും. അങ്ങനെ സംഭവിച്ചാൽ ദൈവവചനം പരക്കുവാൻ ഇടയാകുമായിരുന്നില്ല. കാരണം അപ്പൊസ്തലന്മാർ ശരിയായ ദിശയിലായിരിക്കുന്നില്ല. യെരുശലേമിലുള്ള മറ്റു വിശ്വാസികളും പ്രശംസയ്ക്ക് യോഗ്യരാണ്. കാരണം അപ്പൊസ്തലന്മാർക്ക് പഠനത്തിനും പഠിപ്പിക്കലിനും സൗകര്യമൊരുക്കത്തക്കവിധം അവരെക്കൊണ്ട് കഴിയുന്ന എന്തും ചെയ്യുവാൻ തയ്യാറുള്ളവരായിരിക്കുന്നു.

ദൈവവചനം പരന്നു. കാരണം അപ്പൊസ്തലന്മാർ പഠിപ്പിക്കൽ തുടർന്നു. തന്മൂലം സഭ തുടർമാനമായി ആത്മീക വളർച്ച പ്രാപിച്ചു. “യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം വളരെ അധികം വർദ്ധിച്ചു. പുരോഹിതന്മാരിലും വലിയോരു കൂട്ടം വിശ്വാസികളായി തീർന്നു.” ഇതാണ് അതിന്റെ ചരിത്രപരമായ സ്വാധീനം.

ഒരു പ്രാദേശികസഭ ഒരിക്കലും അതിന്റെ ആത്മീക മുൻഗണനകളിൽനിന്നു വ്യതിചലിക്കരുത്. (യോഹ.21:15-18; 1പത്രോസ് 5:1-4; എഫെ.4:11-16) ദൈവവചനം പഠിപ്പിക്കുക എന്നതാണ് സഭയുടെ പ്രധാന മുൻഗണന. എന്നാൽ ഓരോ വിശ്വാസിയും സഭയിലെ ശുശ്രൂഷയുടെ സ്ഥാനം കണ്ടെത്തേണ്ടത് ആവശ്യമാണ്.

മത്തായി 25:15; മർക്കോസ് 13:34 തുടങ്ങിയ വേദഭാഗങ്ങളിൽനിന്നു നാം മനസിലാക്കുന്ന കാര്യം ദൈവം നമുക്ക് ഓരോരുത്തർക്കും ചെയ്തു തീർക്കുവാൻ പ്രത്യേകം ശുശ്രൂഷ നൽകിയിരിക്കുന്നു എന്നാണ്. അതിനാവശ്യമായ പ്രത്യേകമായ കരുതലും നൽകിയിരിക്കുന്നു. മാത്രമല്ല നാം ചെയ്തു തീർക്കേണ്ടവിധവും നൽകിയിരിക്കുന്നു. ദൈവത്തിനു ഓരോ ജീവിതത്തെക്കുറിച്ചും പദ്ധതിയുണ്ടെങ്കിൽ, അപ്പോൾ ഓരോ വിശ്വാസിയുടെയും വിളി അതിൽതന്നെ നിസ്തുലമാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ രണ്ട് അംഗങ്ങൾക്ക് ഒരേ സ്ഥാനമല്ല. അതുകൊണ്ട് സഭയിൽ കലഹമുണ്ടാകത്തക്കവിധം യാതൊരു അത്യാഗ്രഹത്തിനൊ മൽസരത്തിനൊ സ്ഥാനമില്ല.

ഓരോ വിശ്വാസിക്കും ഓരോ പ്രത്യേകസ്ഥാനമുള്ളതുകൊണ്ട് അതിൽ ഓരോ വിശ്വാസിയും ഉൾപ്പെട്ട് പ്രവർത്തിക്കണം. എന്നാൽ എല്ലാ വിശ്വാസികളും അതിൽ ഉൾപ്പെട്ട് പ്രവർത്തിക്കണമെന്നുണ്ടെങ്കിലും ചില ആളുകൾ പ്രവർത്തനം സ്വമേധയാ സ്വീകരിക്കുന്നില്ല. അവർക്ക് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. സഭയിൽ പ്രവർത്തിക്കുന്നതിനു തന്ത്രങ്ങളിലൂടെയൊ ബലാൽക്കാരത്തിലൊ സമ്മർദ്ദം ചെലുത്തിയോ ആരേയും പ്രേരിപ്പിക്കരുത്. ദൈവവചനം കേൾക്കുന്നതിലൂടെയും പ്രായോഗികമാക്കുന്നതിലൂടെയും വിശ്വാസികൾ ശുശ്രൂഷ ചെയ്യുവാൻ ഉത്തേജിക്കപ്പെടുന്നു. അവർ അവരുടെ സ്ഥാനം സഭയിൽ കണ്ടെത്തുന്നു.

ദൈവത്തിന്റെ അധികാരത്തിൽ നിന്നു വരുന്ന ദൗത്യമുള്ള ഒരു സംഘമാണ് പ്രാദേശികസഭ. രണ്ട് നിലയിലുള്ള ദൗത്യത്തിനാണ് പ്രാധാന്യം. അവ സുവിശേഷീകരണവും ആത്മിക വളർച്ചയുമാണ്. എപ്പോൾ സഭയ്ക്ക് ഈ കാഴ്ചപ്പാട് നഷ്ടപ്പെട്ടുന്നുവോ അപ്പോൾ അതിന്റേതായ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വരുന്നു. ഒരു സഭ തന്റെ ശ്രദ്ധ കൃത്യമായി കേന്ദ്രീകരിക്കുമ്പോൾ ഈ സമയത്തും നിത്യതയിലും ദൈവത്തിനു മഹത്വം കൊടുക്കുന്നതിൽ അസാമാന്യമായ ശക്തി പ്രകടിപ്പിക്കും.

സഭയുടെ ഭൂമിയിലെ പ്രവർത്തനം വിലയിരുത്തുന്നതിന് മുമ്പ് ദൈവത്താൽ സ്ഥാപിക്കപ്പെട്ട സഭയുടെ ലക്ഷ്യം മനസിലാക്കുവാൻ ആവശ്യമുണ്ട്. എഫെസ്യലേഖനം ഒന്നാം അദ്ധ്യായം പഠിക്കുമ്പോൾ ഓരോ വിശ്വാസയും കർത്താവിൽ വിശ്വസിക്കുമ്പോൾ ലഭിക്കുന്ന അവശ്വസനീയമായ അനുഗ്രഹങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുവാൻ കഴിയും. ആ അദ്ധ്യായത്തിന്റെ അവസാന രണ്ടു വാക്യങ്ങളിൽ സഭയെ കർത്താവിന്റെ ശരീരമായി പരിചയപ്പെടുത്തുന്നു.

*"സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു, അവനെ സർവ്വത്തിനും മീതെ തലയാക്കി, എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു (എഫെ.1:22-23)*

ദൈവം കർത്താവായ യേശുക്രിസ്തുവിന്റെ മാനുഷിക ശരീരത്തിൽ എന്തുചെയ്തു എന്നു പറഞ്ഞതിനു ശേഷം ഇപ്പോൾ കർത്താവിന്റെ ആത്മീകശരീരത്തിൽ ഭൂമിയിൽ എന്തുചെയ്യുവാൻ ആഗ്രഹിക്കുന്നു എന്ന് പൗലോസ് ഇവിടെ പറയുന്നു. ദൈവം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മാനുഷികശരീരത്തിൽ പൂർത്തീകരിച്ചത് തന്റെ ഏക ആത്മികശരീരമായ സഭ മുഖാന്തരം പൂർത്തീകരിച്ചുകൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്നു.

*'കരുണാസമ്പന്നനായ ദൈവമോ' നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളിൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. (എഫെ.2;4-7)*

'അതിനു' എന്ന പ്രയോഗം വാക്യം 7ൽ കാണുന്നത് എഫെസ്യർ 1-ാം അദ്ധ്യായത്തിൽ ഉടനീളം പൗലോസ് വളർത്തിക്കൊണ്ടുവന്ന ലക്ഷ്യമാണ്. പിതാവായ ദൈവം സ്വർഗ്ഗത്തിലെ സകലവിധ ആത്മിക അനുഗ്രഹത്താൽ ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. ദൈവത്തിന്റെ സകല അനുഗ്രഹങ്ങളും കൃപയാൽ നമുക്ക് ലഭ്യമായിരിക്കുന്നു. നമ്മുടെ ജീവിതങ്ങളിൽ ഈ അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നത് നമ്മുടെ സമയം പാഴാക്കാൻ വേണ്ടിയല്ല. അങ്ങനെ ചെയ്താൽ നാം ആശയകുഴപ്പത്തിലും നിരാശയിലും ജീവിച്ച് ലക്ഷ്യമില്ലാതെ ഭാവിയില്ലാതെ മൂല്യബോധമില്ലാതെ ജീവിതം തള്ളിനീക്കേണ്ടതായി വരും.

ക്രിസ്തുവിനോടൊപ്പം നമ്മെ ഉയർത്തുകയും ഇരുത്തുകയും ചെയ്തതിന്റെ കാരണം,. യേശുക്രിസ്തുവിന്റെ

---

ചരിത്രത്തിലെ വിഭജന സ്ഥാനമാണ് കുരിശ്. ചരിത്രത്തിലുടനീളം ജനങ്ങൾ ഒരേ നിലയിലാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ. പഴയനിയമത്തിലെ ഏറ്റവും പഴയപുസ്തകം. യേശുക്രിസ്തുവിനു 2000 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ടത്. അതിൽ ഇയ്യോബ് പറയുന്നു "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കും എന്നും ഞാൻ അറിയുന്നു എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. (ഇയ്യോബ് 19:25-26)

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ഇയ്യോബിനു രക്ഷ ലഭിച്ചിരുന്നു. ക്രൂശിനു 2000 വർഷങ്ങൾക്കുശേഷം ജീവിക്കുന്ന നമ്മൾ രക്ഷിക്കപ്പെടുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ്. എല്ലാ യുഗങ്ങളിലും ഒരേ വീണ്ടെടുപ്പുകാരനിലുള്ള വിശ്വാസത്താലാണ് രക്ഷ. ഒരേ ഒരു വ്യത്യാസം ക്രൂശിനു മുമ്പ് വരുവാനുള്ള രക്ഷിതാവിലായിരുന്നു വിശ്വാസം. ക്രൂശിനുശേഷം വന്ന രക്ഷിതാവിലാണ് വിശ്വാസം.

യുഗങ്ങളെക്കുറിച്ചുള്ള അറിവില്ലാതെ ദൈവവചനം ശരിയായി വിഭജിക്കുവാൻ കഴിയുന്നതല്ല (2തിമൊ.2:15) കൃപയിലും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിലും വളരാതെ (2പത്രോസ് 3:18) വിശ്വാസത്താൽ പക്വത പ്രാപിക്കുവാൻ കഴിയുന്നതല്ല. (എബ്രായർ 5:11-14)

അധികാരവും ആധിപത്യവും നമുക്കു ലഭ്യമാക്കുന്നതിനാണ്. ഇത് വരുംകാലത്തോടു ബന്ധപ്പെട്ടിരിക്കുന്നു. പൗലോസ് ഈ പ്രയോഗം നടത്തുമ്പോൾ അർത്ഥമാക്കുന്നത് ബാക്കിയുള്ള സമയവും നിത്യതയുമാണ്. ഭാവി യോടുള്ള ബന്ധത്തിൽ നാം നോക്കുമ്പോൾ ഒരു ദശലക്ഷം വർഷം, ഒരു നൂറുകോടി വർഷം, ഒരു ലക്ഷം കോടി വർഷം എന്നാണ് അർത്ഥമാക്കുന്നത്.

വരുംകാലങ്ങളിൽ നമ്മുടെ രക്ഷയുടെ സമയം മുതൽ ദൈവം ചിലത് നമ്മെ കാണിക്കുവാൻ ആഗ്രഹിക്കു ന്നു. എൻഡിയിക്നുമായി (endeikunumai) അർത്ഥമാക്കുന്നത് "കാണിക്കുക വെളിച്ചത്തിൽ കൊണ്ടുവരിക." ഇതിനു തെളിയിക്കുക എന്നൊരു അർത്ഥമുണ്ട്. ചോദ്യം ചെയ്യാത്ത നിലയിൽ കാണിക്കുക എന്ന ആശയമാണ്. എന്താണ് ദൈവത്തിനു കാണിക്കുവാനുള്ളത്? ക്രിസ്തുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ ആത്യന്ത ധനത്തെയാണ് കാണിക്കുവാനുള്ളത്.

വാത്സല്യത്തിന്റെ മൂലപദം കാരിസ് (charis) അഥവാ 'കൃപ' യിൽനിന്നു വന്നതാണ്. വരുവാനുള്ള യുഗങ്ങൾ മുഴുവൻ ദൈവം തന്റെ കൃപയുടെ ആത്യന്ത ധനത്തെ നമുക്ക് വെളിപ്പെടുത്തുന്നു. ക്രിസ്തുയേശുവിലുള്ള കൃപ യിൽ നമ്മെ നിർത്തിയിരിക്കുന്നു. എങ്ങനെയാണ് അവൻ കൃപ നൽകിയിരിക്കുന്നത്? എല്ലാ ആത്മീയ അനുഗ്ര ഹങ്ങളും നമുക്ക് നൽകിയിരിക്കുന്നതുമൂലം, നിത്യമായ ലക്ഷ്യം നൽകിയതു മൂലം. നിത്യജീവനും നമ്മുടെ ചിന്തകൾക്ക് അപ്പുറത്തുള്ളതുമായ നിത്യമായ ഉന്നതി അനുഭവിക്കത്തക്കവിധം അവസരവും നമുക്ക് നൽകിയ തുമൂലമാണ്.

നമുക്ക് നൽകിയിരിക്കുന്ന ദൈവകൃപയുടെ മുഴുവൻ നേട്ടങ്ങളും നാം നേടിയാൽ നിത്യത മുഴുവൻ ശ്രേഷ്ഠ ന്മാരായിരിക്കും. വരുവാനുള്ള യുഗങ്ങളിൽ സ്വർഗ്ഗത്തിലെ ദൂതഗണങ്ങൾ മുഴുവനും ദൈവസഭയോടുള്ള ബഹു മാനത്തോടെ നിൽക്കും.

ദൈവം ഈ യുഗത്തിൽ നൽകിയിരിക്കുന്ന ദൈവകൃപപോലെ ഇതിനു മുമ്പു നൽകിയിട്ടില്ല ഇനിയൊട്ടു നൽകുവാൻ പോകുന്നുമില്ല. ഈ യുഗത്തിൽ ദൈവം നമുക്കു വെളിപ്പെടുത്തിയിരിക്കുന്ന കൃപയുടെ ആത്യന്ത ധനത്തിന്റെ എല്ലാവശങ്ങളും കൈകാര്യം ചെയ്യുവാൻ നിത്യതയും മതിയാകുന്നില്ല. ഇത് നമുക്ക് വിശ്വാസ ത്താൽ മനസ്സിലാക്കുവാൻ സാധിക്കും.

എബ്രായർ 11:1-ൽ നാം വായിക്കുന്നത്, വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങ ളുടെ നിശ്ചയവുമെന്നാണ്. വിശ്വാസം അത് നമുക്ക് സാധ്യമാക്കി തരുന്നു. സമയത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മുന്നോട്ടു പോകുവാനും നിത്യതയുടെ സത്യങ്ങൾ ഗ്രഹിക്കുവാനും കഴിയുന്നു. എഫെസ്യർ 2ൽ പൗലോസ് നാം ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്ന വിഷയം സഭ നിത്യത മുഴുവനും ദൈവത്തെ വെളിപ്പെടുത്തുന്ന ഘടകമായിട്ടാണ്. സഭ ക്രിസ്തുവിനോടൊപ്പം വാഴുകയും (2തിമൊ. 2:12) ക്രിസ്തുവിന്റെ മഹത്വം പങ്കുവെ ക്കുയും ചെയ്യുന്നു. (റോമർ 8:17)

സഭയുടെ ഭാവി നാം മനസിലാക്കുകയും നാം വിശ്വാസത്താൽ സഭയുടെ ഭാഗമാണെന്നു മനസിലാക്കുകയും ചെയ്യുമ്പോൾ നാം മനസിലാക്കേണ്ട മറ്റൊരു കാര്യം നമുക്ക് ദൈവീക കരുതൽ, സംരക്ഷണം, ചിന്തിക്കുവാൻ കഴിയുന്നതിനും അപ്പുറത്തുള്ള സ്വാധീനം ശക്തി ഇവയുണ്ട് എന്നതാണ്.

## സഭ

1. **രൂപീകരണം**. മത്തായി 16:13-18 ൽ കർത്താവായ യേശുക്രിസ്തു മുൻപുകൂട്ടി സഭയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ സഭയുടെ രൂപീകരണം പരിശുദ്ധാത്മാവ് വരുന്നതുവരെ സംഭവിച്ചില്ല. പരിശുദ്ധാത്മാവാണ് സഭയെ രൂപീകരിക്കുവാൻ പ്രവർത്തിച്ച പ്രേരകശക്തി. (യോഹ.7:37-39; യോഹ.14-16; അപ്പൊ.പ്രവൃ.1:8; 19:1-7)

2. **സ്വഭാവം**. സഭ ഒരു ആത്മീയ ജീവൽഘടനയാണ്, ഒരു മാനുഷിക സംഘടനയല്ല. എഫെസ്യർ ഒന്നാം അദ്ധ്യായം ബൈബിളിൽ സഭയെക്കുറിച്ചുള്ള ഏറ്റവും വ്യക്തവും സംക്ഷിപ്തവും ഏറ്റവും കൃത്യവുമായ അദ്ധ്യായങ്ങളിലൊന്നാണ്. രക്ഷിക്കപ്പെടുന്ന അതേ സമയത്ത് ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ട് യേശുക്രിസ്തുവുമായുള്ള ഐക്യത്തിലേക്ക് വരുന്നു. ജലസ്നാനം ഈ ആത്മിക സംഭവത്തിന്റെ ഭൗതികചിത്രമാണ് നൽകുന്നത്.(1കൊരി.12:13) ഇതുകൊണ്ട് സഭ ഒരു ആത്മിയ ജീവൽഘടനയാണ്, അല്ലാതെ ഒരു മാനുഷിക സംഘടനയല്ല. യേശുക്രിസ്തുവിൽ വിശ്വസിക്കാത്തവരും സഭയുടെ ഭാഗമല്ല. ഒരു പക്ഷേ അവർ സഭാസംഘടനയുടെ ഭാഗമായിരിക്കാം. കർത്താവായ യേശുവിൽ വിശ്വസിച്ചവരെല്ലാം സഭയുടെ ഭാഗമാണ്. അവർ ഒരു പ്രാദേശിക സഭയിൽ ചേർന്നിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും.

   പ്രാദേശിക സഭ ഒരു പ്രദേശത്തുള്ള വിശുദ്ധന്മാരുടെ കൂട്ടമാണ്. എന്നാൽ ക്രിസ്തുവിന്റെ ശരീരമായ സഭ എല്ലാ വിശ്വാസികളും ചേർന്നതാണ്. എല്ലാ വിശ്വാസികൾക്കും ഒരേ സമയത്ത് ഒരേ സ്ഥലത്തായിരിക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ട് എബ്രായർ 10;25; 13:7-17; എഫെസ്യർ 4:11-16 വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റുവാൻ വിശ്വാസികൾ പ്രാദേശിക സഭകളായി കൂടിവരുന്നു.

3. **പ്രവർത്തനം**. സഭയുടെ ദൗത്യത്തിന്റെ രണ്ടുഭാഗങ്ങൾ സുവിശേഷീകരണവും ആത്മിക വർദ്ധനയുമാണ്. (മത്തായി.28:19-20) ദൈവത്തിന്റെ പദ്ധതി നിറവേറുവാൻ രക്ഷിക്കപ്പെടുന്ന സമയത്ത് ഓരോ വിശ്വാസിക്കും പരിശുദ്ധാത്മശക്തിയാൽ കൃപാവരം ലഭിക്കുന്നു. (1കൊരി.12:4-31). കൃപാവരങ്ങൾ വിഭിന്നങ്ങളാണെങ്കിലും സഭയിൽ ഇവയിൽ ഉയർന്നത്, താണത് എന്ന വ്യത്യാസമില്ല. ഓരോ വിശ്വാസിക്കും എല്ലാ ആത്മീയ അനുഗ്രഹങ്ങളും ലഭിച്ചിരിക്കുന്നു. അതോടപ്പം തുല്യമായ അവസരവും കരുതലും നൽകിയിരിക്കുന്നു. തന്മൂലം ആത്മിയ ഉയർച്ച പ്രാപിക്കുവാൻ കഴിയും.

4. **ആവശ്യകത**. പ്രാദേശികസഭയിൽ പങ്കാളിത്തമില്ലാതെ ഒരു വിശ്വാസിക്കും ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഉയർച്ച നേടുവാൻ കഴിയുന്നതല്ല, കാരണം അതിനായിട്ടാണ് വിശ്വാസിയെ ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്.. പ്രാദേശികസഭയാണ് പരിശീലന സ്ഥലം, ആത്മീയ പുരോഗതിക്കുള്ള പഠനശാല അതുകൊണ്ട് ഈ പഠനശാലയിലുള്ള ആത്മീയപുരോഗതി കൂടാതെ യാതൊരു ആത്മീയ ഉയർച്ചയും പ്രാപിക്കുവാൻ കഴിയുന്നതല്ല. പ്രാദേശികസഭയിലാണ് ദൈവവചനം പഠിപ്പിക്കുന്നത്. വചനപഠനം കൂടാതെ യാതൊരു ആത്മീയ ഉയർച്ചയും ഉണ്ടാകുന്നില്ല. പ്രാദേശികസഭയാണ് ആളുകളെ ശുശ്രൂഷയ്ക്കായി ഒരുക്കുന്നത്. ആത്മീയ ശുശ്രൂഷ കൂടാതെ ആത്മീയ ഉയർച്ച നേടുവാൻ കഴിയുന്നതല്ല. എബ്രായർ 10:25-31 ൽ പ്രാദേശിക സഭയോടു ചേർന്നു പോകാതിരിക്കുന്നത് ഒരു പാപമായിട്ടു പറഞ്ഞിരിക്കുന്നു, മാത്രമല്ല പ്രാദേശിക സഭയോടു ചേർന്നുപോകുവാൻ സമയമില്ലാത്തവരോടുള്ള ദൈവത്തിന്റെ മനോഭാവം എന്താണെന്നും അവിടെ കാണാം.

## ക്രിസ്തുവിനോടും സഭയോടും ബന്ധപ്പെട്ടിരിക്കുന്ന 7 സാദൃശ്യങ്ങൾ

ഏഴ് പുതിയനിയമ സാദൃശ്യങ്ങൾ അർത്ഥമാക്കുന്നത് സഭായുഗത്തിലുള്ള വിശ്വാസികളും ക്രിസ്തുവും തമ്മിലുള്ള ഹൃദ്യമായ ബന്ധത്തെയാണ് ഓരോ സാദൃശ്യവും ഊന്നൽ നൽകുന്ന സത്യം നമ്മുടെ ആത്മാക്കളെ സംതൃപ്തിപ്പെടുത്തുന്നത് ക്രിസ്തുവുമായിട്ടുള്ള കൂട്ടായ്മയാണ്. അതുപോലെ ഓരോ സാദൃശ്യവും സഭയുടെ ജീവശാസ്ത്രപരമായ ഐക്യവും വിശ്വാസികൾ തമ്മിൽ വേർപിരിക്കാനാവാത്ത നിലയിൽ യോജിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന സത്യവും ഓർപ്പിക്കുന്നു.

1. **ഇടയനും ആടുകളും**

   ഇത് കാണിക്കുന്നത് വിശ്വാസികളുടെ നിസഹായ അവസ്ഥയും കർത്താവിന്റെ സ്നേഹത്തിന്റെ വ്യാപ്തിയുമാണ്. (യോഹ.10:2-16, 21:15-17) ക്രിസ്തുവാകുന്ന ഇടയൻ ആടുകൾക്ക് ജീവനും സ്വാതന്ത്ര്യവും ഉപജീവനത്തിനാവശ്യമായതും നൽകുന്നു. നല്ല ഇടയൻ എന്ന നിലയിൽ ക്രൂശിക്കപ്പെട്ട കർത്താവ് തന്റെ ആടുകൾക്കുവേണ്ടി ജീവനെ നൽകി. (യോഹ.10:11) വലിയ ഇടയൻ എന്ന നിലയിൽ ദൈവത്തിന്റെ ഹിതപ്രകാരം ഉയിർത്തെഴുന്നേറ്റ കർത്താവ് എല്ലാ നല്ല കാര്യങ്ങളും നൽകി വിശ്വാസികളെ പുലർത്തുകയും ചെയ്യുന്നു (എബ്രായർ 13:20-21) ഇടയശ്രേഷ്ഠൻ, വരുവാൻ പോകുന്ന കർത്താവ്, നിത്യമായ അനുഗ്രഹങ്ങളുടെ ഉറവിടവും തന്നെ അനുഗമിക്കുന്നവർക്ക് നിത്യമായ പ്രതിഫലങ്ങൾ നൽകുന്നവനുമാണ്. (1പത്രോ.5:4)

2. **മുന്തിരിവള്ളിയും കൊമ്പുകളും.** ഇത് ക്രിസ്തു എല്ലാറ്റിനും മതിയാവാനാണെന്നുള്ള വസ്തുത വെളിപ്പെടുത്തുന്നു. മാത്രമല്ല ക്രിസ്തുവിനോടുള്ള കൂട്ടായ്മ നിമിത്തം നമ്മിൽ ഉളവാക്കുന്ന ഫലത്തെയും കാണിക്കുന്നു. (യോഹ.15:1-7) ക്രിസ്തുവിൽ നിന്നു ജീവൻ നേടുന്ന കൊമ്പുകളിലൂടെ അവൻ ഫലം കായ്ക്കുന്നു. മുന്തിരിവള്ളിയിൽ നിന്നാണ് മുഴുവൻ ജീവനും ലഭിക്കുന്നത്. കൊമ്പിന് തന്നിൽതന്നെ ഒന്നും ചെയ്യുവാൻ കഴികയില്ല. ക്രിസ്തീയ ജീവിതം വിശ്വാസത്തോടും സ്വീകരണത്തോടും കൂടെയുള്ള വസിക്കലാണ്. അല്ലാതെ മാനുഷികമായ ശക്തിയിലുള്ള പ്രവർത്തനമല്ല. ക്രിസ്തുവിൽ മാത്രമേ നമുക്ക് ഫലം കായിക്കുവാൻ കഴിയുകയുള്ളൂ.

3. **കെട്ടിടത്തിന്റെ മൂലകല്ലുകളും കല്ലുകളും.** യേശു പണിയുന്ന അദൃശ്യമായ ആത്മിക മന്ദിരത്തയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത് (1.പത്രോ.2:5-9) യിസ്രായേലിനു ഒരു ദൈവാലയുണ്ട്, സഭ ഒരു ദൈവാലയമാണ്. "ആത്മാവിനാൽ പണിയപ്പെടുന്ന ദൈവനിവാസമാണ് (എഫെ. 2:22) മൂലക്കല്ല് മറ്റ് കല്ലുകളെ ഒരുമിച്ച് നിർത്തുന്നു. കല്ലുകൾ എന്ന് നിലയിൽ വിശ്വാസികൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അടിസ്ഥാനം ഒന്നു മാത്രമാണ് (1 കൊരി. 3:11) ഒരു കെട്ടിടം പണിയുന്നതിനു അനേകം കല്ലുകൾ ഉപയോഗിക്കുന്നു. മാത്രമല്ല എല്ലാം പരസ്പരം സഹായിക്കുന്നു. ശില്പിയാൽ പണിയപ്പെടുവാൻ ഏൽപ്പിച്ചു കൊടുക്കുകയല്ലാതെ കല്ലുകൾക്ക് ഒന്നും ചെയ്യുവാനില്ല. (മത്തായി 16:18).

4. **ദൈവാലയത്തിലെ മഹാപുരോഹിതനും പുരോഹിതന്മാരും.** ഇത് ക്രിസ്തുവും വിശ്വാസികളും തമ്മിൽ പങ്കായി ചെയ്യുന്ന ശുശ്രൂഷകളുടെ ബന്ധത്തെ ചൂണ്ടിക്കാണിക്കുന്നു (1പത്രോ.2:9; വെളി.1:5-6). പഴയനിയമ പുരോഹിതന്മാരുടെ ജോലി ദൈവമുമ്പാകെ ജനത്തെ പ്രതിനിധാനം ചെയ്യുകയാണ്. യേശുക്രിസ്തു നമ്മുടെ മഹാപുരോഹിതനാണ് (എബ്രാ.5-8). അവൻ എന്നേക്കും പുരോഹിതനാണ് (സങ്കീ.110:4). അവൻ രാജാവും കൂടെയായതുകൊണ്ട് നാം രാജകീയ പുരോഹിതന്മാരാണ്. പുരോഹിതന്മാരെന്ന നിലയിൽ നാം ആരാധന കഴിക്കുകയും, സ്തോത്രം, മദ്ധ്യസ്ഥത തുടങ്ങിയ യാഗങ്ങൾ അർപ്പിക്കുകയും, നമ്മെതന്നെ ദൈവമുമ്പാകെ സമർപ്പിക്കുകയും ചെയ്യേണ്ടതാണ് (റോമ.12:1, എബ്രാ.13:15).

5. **തലയും ശരീരവും.** എന്നുള്ളത് സർവ്വ സാധാരണയായി ക്രിസ്തുവിനെയും സഭയെയും കാണിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു വിവരണമാണ്. ഇത് വിശ്വാസികളുടെ ഐക്യത്തെയും ക്രിസ്തു

വിന്റെ അധികാരത്തെയും കാണിക്കുന്നു. (റോമർ. 12:5) ഒരു മനുഷ്യശരീരത്തിൽ ഓരോ അവയവത്തിനും പ്രത്യേകവും വ്യക്തിപരവുമായ പ്രവർത്തനമുണ്ട്. ഓരോ അംഗങ്ങളും വിഭിന്നമാണെങ്കിലും ആവശ്യമുള്ളതാണ്. എല്ലാ അവയവങ്ങളും തലച്ചോറിൽ നിന്നു ആജ്ഞകൾ സ്വീകരിക്കുന്നു. എന്നാൽ എല്ലാം സ്വഭാവത്താൽ മറ്റുള്ള അവയവങ്ങളെ സേവിക്കുന്നു. ശരീരത്തിന്റെ പൂർണ്ണമായ പ്രവർത്തനത്തിനുവേണ്ടി നിലകൊള്ളുന്നു. സഭ ഒരു ശരീരമാണ്, അത് ക്രിസ്തുവിന്റെ ശരീരമാണ്. ഓരോ വിശ്വാസിയും രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ "ക്രിസ്തുവിൽ" ആയി തീരുന്നു. (1. കൊരി. 12:13) അതുകൊണ്ട് ഒന്നായി നിൽക്കുവിൻ പ്രബോധിക്കപ്പെടുന്നു. (എഫെ. 4)

6. **ഒടുക്കത്തെ ആദമും പുതിയ സൃഷ്ടിയും.** പുതിയ മനുഷ്യ സമൂഹത്തിന്റെ തലയായിരിക്കുന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയും ഒരു പുതിയ വംശത്തിന്റെ സൃഷ്ടിയെയും കാണിക്കുന്നു (1കൊരി. 15:45-50) ഒന്നാമത്തെ ആദം പാപവും അതിന്റെ ഫലമായി മരണത്തെയും കൊണ്ടുവന്നു. ഒടുക്കത്തെ ആദം നീതിയും ജീവനും സ്ഥാപിച്ചു. ആത്മികജനനം മൂലം വിശ്വാസികൾ പുതിയ സൃഷ്ടിയുടെ ഭാഗമായി തീരുന്നു (ഗലാ. 5:17; യോഹന്നാൻ 14:2-3, 1 കൊരി. 15:20-57; റോമർ 18:23.)

7. **മണവാളനും മണവാട്ടിയും.** സഭയും കർത്താവും തമ്മിലുള്ള ഏറ്റവും ഹൃദ്യമായ ബന്ധത്തെ ഇത് ചൂണ്ടിക്കാണിക്കുന്നു. (എഫെ. 5:22-25) സഭയുടെ മേലുള്ള ക്രിസ്തുവിന്റെ അധികാരത്തെയും സംരക്ഷണത്തെയും ചൂണ്ടിക്കാണിക്കുന്നു മാത്രമല്ല സഭയും കർത്താവും തമ്മിലുള്ള എന്നേക്കുമുള്ള ബന്ധവും സഭയോടുള്ള കർത്താവിന്റെ സ്നേഹം, ഹൃദ്യത, ഐക്യത, ദയ എന്നിവയും കാണിക്കുന്നു. ഇപ്പോൾ സഭ കർത്താവിന്റെ മണവാട്ടി ആയിട്ടില്ല എന്നാൽ ഭാവിയിൽ ആകും. ഉദ്പ്രാപണത്തിൽ സഭ ക്രിസ്തുവിന്റെ മണവാട്ടിയായി വെളിപ്പെടുകയും അവന്റെ മഹത്വം ധരിച്ചുകൊണ്ട് ക്രിസ്തുവിനോടു കൂടെ വാഴുകയും ചെയ്യും. (2. തിമൊ. 2:12; എഫെ. 1:20-21; റോമർ 8:17).



# പാഠം 2 – 3:
# നിയോഗം - *സുവിശേഷീകരണം*

2 കൊരിന്ത്യർ 5:14-21
1പത്രോ.3:15

മത്തായി 16-ൽ യേശുക്രിസ്തു പ്രഖ്യാപിക്കുന്നത് തന്റെ സഭ മുന്നേറുന്നവരുടെ കൂട്ടമെന്നാണ്. മർക്കോസ് 16 -ൽ കർത്താവ് ഈ ആശയത്തിന് പ്രാധാന്യം നൽകുന്നു. കർത്താവ് തന്റെ ശിഷ്യന്മാരോടു കല്പിക്കുന്നത് അവർ ലോകമെങ്ങും സുവിശേഷവുമായി പോകണമെന്നാണ്. കർത്താവിനെ അറിയാത്ത ജനങ്ങൾ നിറഞ്ഞ ലോകത്തിലേക്കു യേശുക്രിസ്തുവിന്റെ സാക്ഷിയായി പോകുവാൻ നിയോഗം ലഭിച്ച സ്ഥാനപതിയാണ് ഓരോ വിശ്വാസിയും.

നമ്മോടുള്ള ദൈവസ്നേഹം നമ്മൾ മനസ്സിലാക്കുന്നതുവരെ മറ്റുള്ളവരെ കർത്താവിന്റെ അടുത്തേക്കു ന ടക്കത്തക്കവിധം നാം പ്രചോദനം പ്രാപിക്കുന്നില്ല. റോമൻ 5-ൽ പൗലോസ് ഈ സ്നേഹത്തെ ക്കുറിച്ച് ഇപ്ര കാരം എഴുതുന്നു. നാം അഭക്തരും അശക്തരും ബലഹീനരും ദൈവത്തോടു ശത്രുക്കളും ആയിരിക്കുമ്പോൾ തന്നെ നമ്മെ സ്നേഹിച്ച ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. (റോമർ 5:8)

“നമ്മുടെ നിയോഗം നിറവേറ്റുവാൻ പ്രേരണ നൽകുന്ന ഏകശക്തി നമ്മോടുള്ള ദൈവസ്നേഹമാണ്.

*ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. (2കൊരി.5:14)*

“ക്രിസ്തുവിന്റെ സ്നേഹം” നാം ക്രിസ്തുവിനുവേണ്ടി നൽകുന്ന സ്നേഹമല്ല. അത് ദൈവത്തിന്റെ നമ്മോ ടുള്ള അവസാനിക്കാത്ത നിത്യമായ അളവില്ലാത്ത സ്നേഹമാണ്. ഇത് വെളിപ്പെട്ടത് ക്രിസ്തുവിലൂടെയാണ്. ഈ സനേഹം നമ്മുടെയുള്ളിൽ പരിശുദ്ധാത്മാവിനാൽ പകർന്നിരിക്കുന്നു. (റോമർ 5:5; ഗലാത്യർ 5:22).

ഈ സ്നേഹം നിർബന്ധിക്കുന്നു എന്നു പൗലോസ് പറയുമ്പോൾ പൗലോസ് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് സുൻഎക്കൊ (sunecho) എന്നാണ് “സുൻ” അർത്ഥമാക്കുന്നത് “ഒരുമിച്ച്” എന്നാണ് എക്കൊ അർത്ഥമാ ക്കുന്നത് സ്വന്തമാക്കി പിടിച്ചിരിക്കുക, സ്വന്തമാക്കി നിയന്ത്രിക്കുക തുടങ്ങിയവയാണ്. ഈ വാക്ക് പരിഭാഷപ്പെടു ത്താവുന്നത് ഒരുമിച്ച് നിർത്തുക “നിർബന്ധിക്കുക” “എല്ലാ ഭാഗത്തുനിന്നും ഉത്സാഹിപ്പിക്കുക”, “പ്രേരിപ്പിക്കുക” തുടങ്ങിയ നിലയിലാണ്. ചിലർ ചില കാര്യങ്ങൾ സ്വന്തമാക്കുകയും അത് സ്വന്ത നേട്ടത്തിനായി ഉപയോഗിക്കു കയും ചെയ്യുന്നു എന്ന ആശയത്തിനാണ് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്. ഇവിടെ ദൈവസ്നേഹമാണ് നമ്മെ സ്വന്തമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഇത് നമ്മെ നിരന്തരമായി ഉയരത്തിലേക്കു നയിക്കുന്നു, തന്മൂലം ആത്മിക വളർച്ചയുണ്ടാകുന്നു. ഇത് നമ്മുടെ നന്മക്കും ദൈവനാമ മഹത്വത്തിനുമാണ്.

നിയന്ത്രിക്കുന്ന ശക്തി നമുക്ക് ഓരോരുത്തർക്കും ലഭ്യമാണ്. നാം ദൈവവചനത്തിലൂടെ ഈ ശക്തിയെ മനസിലാക്കുന്നതുവരെ ഇത് നമ്മുടെ ജീവിതത്തിൽ സജീവമായി ലഭിക്കുന്നില്ല. നാം കൂടുതൽ പഠിക്കുമ്പോൾ, യേശുക്രിസ്തുവിനെ കൂടുതൽ വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. എന്തിനുവേണ്ടിയാണ് യേശു നിത്യതയുടെ മുഴുവൻ മഹത്വവും മാറ്റിവെച്ച് കാലസമ്പൂർണ്ണതയിൽ ജഡം ധരിച്ച് ഈ ഭൂമിയിൽ വന്നു എന്നുള്ളത് നാം തുടർമാനമായി നിലയിൽ കൂടുതൽ ആഴത്തിലും അടുപ്പത്തിലും അറിയുന്നു.

2 കൊരി. 8:9 ൽ അപ്പോസ്തലനായ പൗലോസ് ഇപ്രകാരം എഴുതുന്നു. "നമ്മുടെ കർത്താവായ യേശു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദരിദ്ര്യത്തിൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നവല്ലോ." നമുക്കുവേണ്ടി, സർവ്വശക്തനായ ദൈവം സ്വയം താണ് മനുഷ്യജഡത്തിൽ വന്നു ഒരു അടിമ ദാസന്റെ ജീവിതം നയിച്ചു. മുപ്പത്തിമൂന്ന് വർഷത്തേക്ക് അവൻ സ്വയം താണു, ഓരോ പടിയും താണ് മരണത്തോളം ക്രൂശിലെ മരണത്തോളം എത്തി. (ഫിലി2:5-8) നമുക്കു നിത്യജീവൻ നൽകുന്ന സനേഹം പകരുവനായിട്ടാണ് കർത്താവ് ഇതൊക്കെയും ചെയ്തത്.

ഈ സ്നേഹമാണ് നമ്മെ നിർബന്ധിക്കുന്നത്. ഈ സ്നേഹത്താൽ നാം കൂടുതൽ ആകർഷിക്കപ്പെടുമ്പോൾ ഇത് നമുക്ക് കൂടുതൽ ഹൃദയഹാരിയായി തീരുമ്പോൾ നാം ഒരിക്കൽ വളരെ ആകാംഷയോടെ അന്വേഷിച്ച പലകാര്യങ്ങളും നിരർത്ഥകമാണെന്ന് മനസ്സിലാകും. യോഹന്നാൻ 6-ൽ കാണുന്ന അപ്പോസ്തലനായ പത്രോസിന്റെ അവസ്ഥയിലാകും. ഇവിടെ പത്രോസിനു ഒന്നുമാത്രമേ തിരെഞ്ഞടുക്കുവാനുള്ളൂ. യേശുവിനെ അനുഗമിച്ചിരുന്ന അനേകം ശിഷ്യന്മാർ പിന്തിരിഞ്ഞുപോയപ്പോൾ കർത്താവ് പത്രോസിനോടു ചോദിച്ചു "നിനക്കും പോകുവാൻ മനസുണ്ടോ?".

എന്നാൽ പത്രോസ് എവിടേക്കു പോകും? അവനു യേശുവിനെയല്ലാതെ മറ്റാരേയും അറിയുമായിരുന്നില്ല, മാത്രമല്ല ദൈവത്തിന്റെ പദ്ധതിയല്ലാതെ മറ്റൊന്നും തന്റെ ആത്മാവിന്റെ ആഗ്രഹങ്ങളെ സഫലമാക്കുന്നില്ല. പത്രോസിനെ ക്രിസ്തുവിന്റെ സ്നേഹം പൂർണ്ണമായി നിയന്ത്രിച്ചിരുന്നു.

> *"ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കുവേണ്ടി മരിച്ചു ഉയർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കുംവേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു." (2കൊരി. 5:14-15).*

"എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ" എന്നു പൗലോസ് കൊരിന്ത്യരോടു പറയുമ്പോൾ "ഒരുവൻ"

## പരിശുദ്ധാത്മാവിന്റെ 5 പ്രവർത്തനങ്ങൾ

2 കൊരിന്ത്യർ 5:17ൽ നാം കാണുന്നത് ഒരുവൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ സൃഷ്ടിയാകണമെന്നോ പഴയതെല്ലാം കഴിഞ്ഞുപോകണമെന്നോ അല്ല. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയെപ്പോലെ തോന്നുന്നുവെന്നോ അല്ലെങ്കിൽ അവൻ ഒരു പുതിയ സൃഷ്ടിയെപ്പോലെ പ്രവർത്തിക്കുന്നുവെന്നോ ആ വേദഭാഗം ഒരിക്കലും പറയുന്നില്ല. ഒരുവൻ ക്രിസ്തുവിലായാൽ പഴയതെല്ലാം ക്രമേണ മാറി പോകുമെന്നും പുതിയതെല്ലാം ക്രമേണ വന്നുകൊള്ളുമെന്നും അവിടെ നാം വായിക്കുന്നില്ല. അവിടെ നാം വായിക്കുന്നത് ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി ഇതാ അത് പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ. ഈ പ്രസ്താവനകളൊക്കെ പൂർണ്ണവും സംഭവിച്ചതുമായ സത്യങ്ങളാണ്. ഇവ സ്ഥാനിയമായ യാഥാർത്ഥ്യമാണ്. നാം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ മാറ്റുവാൻ കഴിയാത്ത 5 പ്രവൃത്തികൾ ചെയ്യുന്നു.

**1. സ്നാനം : പുതിയ സ്നാനം**

പരിശുദ്ധ സ്നാനത്താൽ നാം ക്രിസ്തുവിലാകുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഭാഗമായി എന്നേക്കും തീരുന്നു. (1കൊരി. 12:13) ഇത് ആത്മികമായി നമുക്ക് ഒരു പുതിയ സ്ഥാനം

എന്നു പൗലോസ് പറയുന്നത് യേശുക്രിസ്തുവാണ്. ആദാമിന്റെ വീഴ്ചയോടെ സകലമനുഷ്യരും പാപത്തിൽ വീഴുവാൻ ഇടയായി. ആദാം പാപത്തിൽ വീണപ്പോൾ ആത്മികമായി ആദാം മരിച്ചു. ആദാമിന്റെയും ഹവ്വായുടെയും മക്കൾ അവരുടെ മാതാപിതാക്കളുടെ സ്വഭാവത്തോടെ ജനിക്കുന്നു. അവരും അവരുടെ മക്കളും ആത്മികമായി മരിച്ച നിലയിലാണ് ജനിക്കുന്നത്, അവർ ദൈവത്തിൽനിന്നു അകന്നുപോയി.

ദൈവം തന്റെ സ്നേഹം മൂലം ഏകജാതനായ പുത്രനെ അന്ധകാരവും മരണവും നിറഞ്ഞ ഈ ഭൂമിയിലേക്ക് അയച്ചു. (യോഹന്നാൻ 3:16) മനുഷ്യജാതിയിലെ ഓരോ വ്യക്തിക്കും വേണ്ടി മരിക്കുവാനാണ് യേശുക്രിസ്തു വന്നത്. തന്റെ മനസ്സിൽ ഒരു ലക്ഷ്യത്തോടെയാണ് ഇത് ചെയ്തത്. ഇനി ജീവിക്കുന്നവർ തങ്ങൾക്കായിട്ട് ജീവിക്കാൻ പാടില്ല. "ഇവിടെ ജീവിക്കുന്നവർ" എന്ന് അർത്ഥമാക്കുന്നത് യേശുക്രിസ്തുവിനെ വിശ്വസിച്ച് ആത്മിക മരണത്തിൽനിന്നും ജീവനിലേക്കു വന്നവരെയാണ്. ജീവൻ എന്നാൽ 'സോയി' (zoe) എന്നാണ്. ഇത് യോഹന്നാൻ 1:4-ൽ ജീവന്റെ സത്തയെക്കുറിച്ച് വിശദീകരിക്കുന്നു. ഇത് കർത്താവായ യേശുക്രിസ്തുവിൽ മാത്രമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

ക്രിസ്തു നമ്മുടെ സ്ഥാനം. എടുത്തു തന്മൂലം നാം അവന്റെ സ്ഥാനത്ത് ലോകത്തിൽ ജീവിക്കണം. ക്രിസ്തു നമ്മുടെ പാപങ്ങൾ ഏറ്റെടുത്തതുമൂലം തന്റെ നീതി നമ്മിൽ ലഭിക്കുവാൻ ഇടയായി. അവൻ നമുക്കുവേണ്ടി മരിച്ചതുമൂലം നമുക്ക് അവനുവേണ്ടി ജീവിക്കുവാൻ കഴിയും. നാം നമുക്കുവേണ്ടി മാത്രം ജീവിച്ചാൽ നമ്മുടെ പദ്ധതികൾ അനുസരിച്ച് ജീവിച്ചാൽ ക്രിസ്തു ഈ ലോകത്തിൽ വന്നതിന്റെ ലക്ഷ്യം പൂർത്തീകരിക്കുവാൻ നമുക്കു കഴിയുന്നതല്ല. ക്രിസ്തു മരിച്ചതുമൂലം നാം നമുക്കുവേണ്ടി ഇനി ജീവിക്കുവാൻ പാടില്ല, ക്രിസ്തുവിനുവേണ്ടി ജീവിക്കണം.

> *ആകയാൽ ഇന്നു മുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല. ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. (2 കൊരി 5:16-17).*

നാം നമുക്കുവേണ്ടി ജീവിക്കുന്നത് അവസാനിപ്പിച്ച് ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ ആരംഭിക്കുമ്പോൾ നാം മറ്റുള്ളവരെ കാണുന്നത് വിഭിന്നമായിരിക്കും നാം മുമ്പ് മറ്റുള്ളവരെ മാനുഷിക കാഴ്ചപ്പാടിൽ "ജഡപ്രകാരം" കണ്ടിരുന്നു. നമുക്ക് അവരിൽനിന്നും എന്തു ലഭിക്കുമെന്ന ചിന്തയിലോ അവർ നമ്മെ എങ്ങനെ കാണുന്നു എന്ന ചിന്തയിലോ നാം തല്പരരായിരുന്നു. ഇപ്പോൾ മറ്റുള്ളവരെ ദൈവികമായ കാഴ്ചപ്പാടിലൂടെ കാണണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം കാണുന്നതുപോലെ അവിശ്വാസിയെയും കാണുവാൻ കഴിയണം. ക്രിസ്തു

---

നൽകുന്നു. നാം വിശ്വസിക്കുന്നതിനു മുമ്പ് ആദാമിൽ മരിച്ചിരുന്നു. ഇപ്പോൾ ക്രിസ്തുവിൽ ജീവനുള്ളവരായി തീർന്നു. ക്രിസ്തുവിനോട് അവിടുത്തെ മരണത്തിൽ, അടക്കത്തിൽ, പുനരുത്ഥാനത്തിൽ നാം ഏകീഭവിക്കുന്നു. (റോമർ 6:3-4) ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടിരിക്കുന്നു (എഫെ. 2:4-7; കൊലൊ.3:1-4)

**2. പുനർജനനം : പുതിയ ജീവൻ**

പുനർജനനത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ ആത്മീകമായി ജീവനുള്ളവരായി നിർത്തുന്നു. (തിത്തോസ് 3;5; എഫെ.2:4-6) നാം ഈ സമയം വീണ്ടും ജനിക്കുന്നത് ദൈവമക്കളായിട്ടാണ് (1 പത്രോ.1:23, യോഹ.3:3-7, യോഹ.1:12,18) നാം ശാരീരികമായി മുൻപ് ജീവനുള്ളവരും ആത്മികമായി മരിച്ചവരും ആയിരുന്നു. എന്നാൽ ഇപ്പോൾ നാം ക്രിസ്തുവിൽ ആത്മികജീവനുള്ളവരായി തീർന്നിരിക്കുന്നു. സ്ഥാനീയമായി ജഡത്തിനു മരിച്ചവരുമാണ്. (യോഹ.5:21; റോമർ 6:13) നമുക്ക് നിത്യജീവൻ ലഭിച്ചു നാം ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വെളിച്ചത്തിന്റെ രാജ്യത്തിലേക്ക് മാറ്റപ്പെട്ടു. (1യോഹ.5:12; കൊലൊ.1:13)

**3. ആധിവാസം: പുതിയ ശക്തി**

രക്ഷയുടെ അതേസമയം നാം എന്നേക്കുമായി പിതാവിനാലും പുത്രനാലും പരിശുദ്ധാത്മാവി

വിലൂടെ ഏതൊരു അവിശ്വാസിക്കും പുതിയ സൃഷ്ടിയായി തീരുവാൻ കഴിയുമെന്നു മനസിലാക്കുന്നു.

നാം ക്രിസ്തുവിന്റെ സ്നേഹത്താൽ നിയന്ത്രിക്കപ്പെടുമ്പോൾ നമ്മുടെ ഇഷ്ടത്തിനും ഉദ്ദേശ്യത്തിനും വേണ്ടി നമുക്ക് ജീവിക്കുവാൻ കഴിയുന്നതല്ല, മാത്രമല്ല മറ്റുള്ളവരെ ഉപരിഭാവമായി മാത്രം കാണുവാൻ കഴിയുന്നതല്ല. നാം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് ദൈവമക്കളെന്ന നിലവാരത്തിൽ അവരെ കാണണം.

ദൈവം അവർക്ക് അമൂല്യമായ വില നൽകിയിരിക്കുന്നുയെന്നു നാം മനസിലാക്കണം. കാരണം അതിനുവേണ്ടിയാണ് ദൈവം തന്റെ പുത്രനെ യാഗമാക്കിയത്. അതുകൊണ്ട് മനുഷ്യ വർഗ്ഗത്തോടുള്ള നമ്മുടെ കാഴ്ചപ്പാട് മാനുഷികമായ നിലയിൽനിന്നു വളരെ ഉന്നതമായ അവസ്ഥയിലേക്കു മാറുന്നു. മാനുഷികമായ കാഴ്ചപ്പാട് ഉപരിതലത്തിൽ നിന്നുള്ളത് മാത്രമാണ്. എന്നാൽ ദൈവീക കാഴ്ചപ്പാടിലേക്ക് നാം മാറുമ്പോൾ എല്ലാ കഴിവും കാണുവാൻ കഴിയും.

നമ്മിൽ സംഭവിക്കുന്ന സമൂലമായ പരിവർത്തനം നിമിത്തം മറ്റുള്ളവരെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടും മാറ്റത്തിനു വിധേയപ്പെടാവുന്നതാണ്. “ക്രിസ്തുവിൽ” നാം പൂർണ്ണമായും പുതിയ സൃഷ്ടിയാണെന്നു പൗലോസ് പറയുന്നു. നാം രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ പരിശുദ്ധാത്മാവ് നമ്മെ ക്രിസ്തുവിലാക്കുന്നു. അങ്ങനെ നാം പുതിയ സൃഷ്ടിയാകുന്നു. കണ്ണിമയ്ക്കുന്നതിനിടയിൽ നമുക്ക് പുതിയ ശക്തി, പുതിയ ലക്ഷ്യം, പുതിയ ഭാവി, പുതിയ പദവി, പുതിയ ജീവൻ ഇതെല്ലാം അവൻ നൽകി. പഴയതെല്ലാം കഴിഞ്ഞുപോയി ഇതാ സകലവും പുതുതായി തീർന്നിരിക്കുന്നു.

> *അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ. അവൻ ക്രിസ്തുമൂലം നമ്മെ തന്നോട് നിരപ്പിച്ചു.നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു. ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പ്പിച്ചിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി. (2കൊരി 5:18-21).*

നാം യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സമയത്ത് ഈ മാറ്റങ്ങൾ എല്ലാം ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്നു. നമ്മുടെ പ്രവൃത്തിയുടെ ഫലമല്ല ഇവയൊന്നും. ദൈവത്തിന്റെ പദ്ധതി പൂർണ്ണമായും കൃപയുടെ പ്രവർത്തനമാണ്. നാം ദൈവകൃപ മനസിലാക്കുകയും ആ കൃപയുടെ കരങ്ങളിലേക്ക് നമ്മെ സമർപ്പിക്കുകയും ചെയ്യാതെ

---

നാലും അധിവാസം ചെയ്യപ്പെടുന്നു. (റോമർ 8:9-11) പരിശുദ്ധാത്മാവ് അധിവാസം നമ്മുടെ ഉള്ളിൽ ശക്തി നൽകുന്നു ഈ ശക്തി ആത്മനിറവിനാൽ നമ്മിൽ സജീവമാകുന്നു (എഫെ.5:18) രക്ഷിക്കപ്പെടുന്നതിനുമുമ്പ് നമ്മുടെ പ്രേരകഘടകവും ശക്തിയും നമ്മുടെ പാപപ്രകൃതിയുടെ ശക്തിമാത്രമായിരുന്നു. എന്നാൽ അത് തകർന്നുയെന്നു മാത്രമല്ല, ഇപ്പോൾ നമുക്ക് ദൈവത്തിന്റെ സർവ്വശക്തി പ്രാപിക്കുവാനും കഴിയും.

4. **ദാനം: പുതിയ ഉദ്ദേശ്യം** (യോഹ.7:37-39; 14:17-20; 17:26)

രക്ഷിക്കപ്പെടുന്ന സമയത്ത് പരിശുദ്ധാത്മാവ് നമുക്ക് ഓരോരുത്തർക്കും പ്രത്യേകമായ ആത്മീയവരം നൽകുന്നു. (2കൊരി.12:7, 11) പൂർത്തീകരിക്കുവാനുള്ള ഒരു നിസ്തുലമായ പ്രവർത്തിയും നൽകുന്നു. (മത്തായി. 25:15; മർക്കോസ് 13:34) ആത്മീയവരത്തിന്റെ ലക്ഷ്യം പരിശുദ്ധാത്മാവിന്റെ ശക്തി ഉപയോഗിച്ച് ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആത്മീയ വളർച്ചയ്ക്കായി പ്രവർത്തിക്കുക എന്നതാണ്. ദൈവം നമുക്ക് തന്നിരിക്കുന്ന വേല മറ്റാരിലും ഒരിക്കലും പൂർത്തീകരിക്കാനാവാത്തതാണ്. നാം അത് ചെയ്യുന്നില്ലെങ്കിൽ നിത്യത മുഴുവൻ അത് നിവർത്തീകരിക്കാത്ത നിലയിൽ തുടരും. നമ്മുടെ ആത്മീയവരങ്ങളെ നാം ഉപയോഗിക്കുമ്പോൾ മാത്രമേ നമുക്ക് ദൈവത്തിന്റെ വേല പൂർത്തീകരിക്കുവാൻ. ദൈവ

നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി നിറവേറ്റാൻ കഴിയുന്നതല്ല. ദൈവകൃപ നാം പ്രാപിക്കുന്നത് വിശ്വാസത്താലാണ്.

നമ്മുക്ക് ഓരോരുത്തർക്കും ദൈവം നൽകിയിരിക്കുന്നതെല്ലാം മറ്റുള്ളവർക്ക് വേണ്ടിയാണ് ദൈവം നല്കിയിരിക്കുന്നത്. "നിരപ്പിന്റെ ശുശ്രൂഷ" എന്നത് രണ്ട് പദങ്ങളിൽ നിന്നാണ്. ഒന്നാമത്തെ പദം ഡയ്കോനീയ (diakonia) ഇതിന്റെ അർത്ഥം 'സേവനം' എന്നാണ്. രണ്ടാമത്തെ വാക്ക് "കറ്റാല്ലാസോ" (katallasso) ഇതിന്റെ അർത്ഥം "ഒരു മാറ്റമുണ്ടാക്കുക, രൂപാന്തരം വരുത്തുക തുടങ്ങിയവയാണ്. 'നിരപ്പ്' എന്നുള്ളത് ഒരു മാറ്റം നടപ്പിൽ വരുത്തുവാനുള്ള ശക്തിയാണ്. ഈ മാറ്റം സംഭവിക്കുന്നത് പിണക്കത്തിലായിരിക്കുന്നവർ തമ്മിൽ ആണ്. അതായത് ഒരു വശത്ത് മനുഷ്യർ എപ്പോഴും ദൈവത്തോട് മത്സരിച്ചു, ദൈവത്തിന്റെ ശത്രുവായി തീർന്നവൻ. ദൈവമാണ് മറുവശത്ത് ദൈവം. എപ്പോഴും മനുഷ്യനോട് വിശ്വസ്തനായിരിക്കുന്നു. ഇവർക്കിടയിലുള്ള തടസ്സം മനുഷ്യന്റെ പാപമാണ്. എന്നാൽ നമ്മുടെ പാപങ്ങളെ നമ്മുടെമേൽ ചുമത്താതെ ദൈവം തന്റെ പുത്രന്റെ മേൽ കാൽവറി ക്രൂശിൽ ചുമത്താൻ ഇടയായി.

മനുഷ്യവർഗ്ഗത്തിലെ ഒരാളുടെ മേൽ പോലും ദൈവം ഒരിക്കലും പാപം കണക്കിടുകയില്ല. ക്രിസ്തുതന്റെ ക്രൂശിലെ വേലയിലൂടെ ശിക്ഷ അനുഭവിക്കാത്ത ഒരു പാപവും ആർക്കും ഒരിക്കലും ചെയ്യുവാൻ കഴിയുന്നതല്ല. ആ വേലയിൽ വിശ്വസിക്കമാത്രം ചെയ്താൽ നിരപ്പു പ്രാപിക്കുവാൻ കഴിയും.

ദൈവം നമ്മെ നിരപ്പിന്റെ വചനം ഭരമേല്പ്പിച്ചിരിക്കുന്നു. അവിശ്വാസം നിറഞ്ഞ ലോകത്തിൽ നാം ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. നമ്മുടെ സന്ദേശം ലളിതവും സുന്ദരവുമാണ് അതുപോലെ നിത്യമായ പരിണിതഫലമുള്ളതുമാണ്. നമുക്ക് പകരമായി ദൈവം തന്റെ പ്രിയപുത്രനെ പാപമാക്കി. നമ്മുടെ പാപം ഇനി ഒരിക്കലും നമ്മെയും ദൈവത്തേയും തമ്മിൽ വേർപിരിക്കുന്നില്ല. അതുപോലെ നന്മയിൽനിന്നും നമ്മെ വേർപിരിക്കുവാൻ കഴിയുന്നതല്ല. നാം ദൈവത്തിന്റെ നീതിയാകേണ്ടതിനു പിതാവ് തന്റെ പുത്രനെ പാപമാക്കി. ക്രിസ്തുവിൽ മാത്രമാണ് നമുക്ക് നിരപ്പും നീതികരണവും പ്രാപിക്കുവാൻ കഴിയുന്നത്. നമുക്ക് അവിടേക്കു വിശ്വാസത്താൽ പ്രവേശിക്കുവാൻ കഴിയും.

> *എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ, നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പകർന്നു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ (1. പത്രോസ് 3:15).*

നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ തന്നെ സംതൃപ്തിയാണ് ഫലകരമായ സുവിശേഷികരണത്തിന്റെ താക്കോൽ. ക്രിസ്തുവിനെ നിങ്ങളുടെ "ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ" എന്ന ഭാഗം ഗ്രീക്ക്

---

ത്തിന്റെ പദ്ധതി നമ്മുടെ ജീവിതത്തിൽ നിറവേറ്റുവാനും ദൈവം നമുക്കുവേണ്ടി വേർതിരിച്ചിട്ടുള്ള നിത്യമഹത്വം നേടുവാനും കഴിയുകയുള്ളൂ.

**5. മുദ്ര: പുതിയ ലക്ഷ്യം**

നമ്മുടെ നിത്യമായ ലക്ഷ്യത്തിന്റെ ഉറപ്പാണ് പരിശുദ്ധാത്മ മുദ്ര (എഫെ.1:13, 14; 4:30) പുരാതന ലോകത്തിൽ മുദ്ര മൂന്ന് കാര്യങ്ങളെ കാണിക്കുന്നു. (1) ഉടമസ്ഥവകാശം (2) സുരക്ഷിതത്വം (3) സുരക്ഷിതമായി എത്തിക്കുക. റോമർ 15:28ൽ പൗലോസ് ഈ മൂന്നു ആശയങ്ങളെയും ഒരുമിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. യെരുശലേമിലുള്ള വിശുദ്ധന്മാർക്കുവേണ്ടി ആസ്യയിൽനിന്നുള്ള ശേഖരണത്തിൽ പൗലോസ് തന്റെ മുദ്രവെക്കുന്നു. ഈ പണം പ്രത്യേകമായി വേർതിരിച്ച് സുരക്ഷിതമായി സൂക്ഷിക്കുന്നു. എത്തേണ്ട സ്താനത്ത് സുരക്ഷിതമായി എത്തിക്കുന്നു. ഇതുപോലെ ഓരോ വിശ്വാസിയും ദൈവത്തിന്റെ വ്യക്തിപരവും വിലയേറിയതുമായ സ്വത്താണ്. അതുകൊണ്ട് ദൈവം സുരക്ഷിതമായി സ്വർഗ്ഗത്തിൽ എത്തിക്കും.

ഭാഷയിൽ അർത്ഥമാക്കുന്നത് ക്രിസ്തുവിനു ജീവിതത്തിൻ നൽകേണ്ട സ്ഥാനം നൽകുക എന്നാണ്. അതായത് ഒന്നാം സ്ഥാനം. എല്ലാ കാര്യത്തിലും പ്രഥമസ്ഥാനം-അപ്പോൾ നിങ്ങൾ സംതൃപ്തിയുള്ളവരും പ്രത്യാശയുള്ള വരും ആയി തീരും.

ഒരുങ്ങിയിരിപ്പിൻ എന്ന വാക്ക് "ഹിറ്റോയ്മാസോ" (hetoimazo) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് വന്നത്. ഇതിന്റെ അർത്ഥം "മുൻപിലുള്ള വേലക്ക് യോഗ്യമായ നിലയിൽ ഒരുക്കുപ്പെട്ടവരും തയ്യാറുള്ളവരുമായിരിക്ക" എന്നാണ്. സുവിശേഷീകരണം ഫലകരമായിത്തീരണമെങ്കിൽ നാം ഒരുക്കപ്പെട്ടവരായിരിക്കണം. നമ്മുടെ ജീവിത മേഖലകളിൽ എല്ലാറ്റിനും ഉപരിയായി ക്രിസ്തുവിനെ വേർതിരിച്ച് ഉന്നതമായ സ്ഥാനം നല്കണം. നാം ഒരുക്ക പ്പെട്ടവരാകാൻ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെ സ്വായത്തമാക്കണം, തുടർന്ന് കർത്താവായിരിക്കുന്ന സ്ഥാന ത്തേക്കു നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണം. "പ്രതിവാദം പറയുക" എന്നതിനു ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചി രിക്കുന്നത്. അപോളോജിയ (Apologia) എന്നാണ്. ഇതിൽനിന്നാണ് "എപൊളെജെറ്റിക്ക" (Apologetic) എന്ന വാക്ക് ഉണ്ടായത്. അപ്പോലോഗിയ അർത്ഥമാക്കുന്നത് വാമൊഴിയായ പ്രതിവാദമാണ്. സത്യങ്ങൾ ലഭ്യമായവർ കോടതിയിൽ ന്യായുക്തമായ തെളിവുകൾ നൽകുക എന്നാണ്. കോടതിയിൽ വാദിക്കുന്ന വക്കീലിന്റെ ഭാഗത്ത് മതിയായ തെളിവുകൾ ഇല്ലെങ്കിൽ കോടതിയിൽനിന്നു അനുകൂലമായ വിധി നേടുവാൻ കഴിയുന്നതല്ല. ഈ വചനത്തിൽനിന്നു നാം മനസിലാക്കുന്ന കാര്യം യേശുക്രിസ്തുവിനു നമ്മുടെ ജീവിതത്തിൽ പ്രധാനസ്ഥാനം നൽകുന്നതുവരെ അവിശ്വാസലോകത്തിന്റെ മുമ്പാകെ നമ്മുടെ ഭാഗം അവതരിപ്പിച്ച് നേടുവാൻ കഴിയുന്നതല്ല.

സുവിശേഷീകരണത്തോടുചേർത്ത് ദൈവവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു കോടതിവാക്ക് മാർടൂ റിയോ (martureo) ആണ്. ഇതിൽനിന്നാണ് മാർട്ടിയർ (martiyar) വാക്ക് ലഭിച്ചത്. ഇതിന്റെ അർത്ഥം "കാണുക, സാക്ഷ്യം പറയുക, ചില കാര്യങ്ങൾ ഒരാൾ കേൾക്കുകയോ കാണുകയോ അനുഭവിക്കുകയോ ചെയ്തിട്ടു ണ്ടെന്നു ഉറപ്പാക്കുക എന്നാണ്. ഈ രണ്ടു കോടതി വാക്കുകൾ നമ്മോട് പറയുന്നത്, യേശുവിനെക്കുറിച്ചും രക്ഷയെക്കുറിച്ചും നമ്മുടെ ജീവിതാനുഭവത്തിൽ വളരെ ശക്തമായ വസ്തുതകൾ ഉണ്ട് എന്നുള്ളതാണ്. കോട

## സ്നാനങ്ങൾ

എബ്രായർ 5:11-6:3ൽ യെരുശലേമിലെ ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളെ അവർ ആത്മീയ പക്വത പ്രാപിക്കാത്തതിനെ കുറ്റപ്പെടുത്തിയിരിക്കുന്നു. ഈ വിശ്വാസികൾ ഉപദേഷ്ടകന്മാർ ആയിരിക്കേണ്ടവരാണ്. എന്നാൽ ഇപ്പോഴും ശിശുക്കളായിരിക്കുന്നു. ഇവരെ ആരെങ്കിലും ദൈവ വചനത്തിലെ അടിസ്ഥാനങ്ങൾ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ആദ്യപാഠങ്ങൾ വിട്ട് ആത്മീയ പക്വത പ്രാപിക്കുവാൻ എബ്രായലേഖനകാരൻ ഇവരെ പ്രബോധിപ്പിക്കുന്നു. വിശ്വാസികൾ ആത്മീയപക്വത പ്രാപിക്കുവാൻ അറിഞ്ഞിരിക്കേണ്ട ആത്മീയ അടിസ്ഥാനങ്ങൾ തുടർന്നു എബ്രായലേഖനകാരൻ നൽകുന്നു. അതിൽ ഒന്ന് ബാപ്റ്റ്സമോൻ ഡിഡാച്ചസ് "സ്നാനത്തിന്റെ ഉപദേശങ്ങൾ" ആണ്.

ബി. സി. 910 നൂറ്റാണ്ടു മുതൽ 'ബാപ്റ്റിസോ' എന്ന ഗ്രീക്കുവാക്ക് ഉപയോഗത്തിലിരിക്കുന്നു. ഈ വാക്കിന് രണ്ടു അടിസ്ഥാന അർത്ഥങ്ങളുണ്ട്. 'ചിലതിന്റെ സ്വഭാവത്തിനു മാറ്റം വരുത്തുക'. 'ചില കാര്യങ്ങളോടും അവയുടെ ലക്ഷ്യങ്ങളോടും ഏകീഭവിക്കുക.' ഒരു വാളിന്റെ മൂർച്ച കൂട്ടുന്ന തിനോടു ബന്ധപ്പെടുത്തി ഹോമർ തന്റെ പുസ്തകമായ ഒഡിസിയിൽ ആദ്യത്തെ അർത്ഥം ഉപ യോഗിച്ചിരിക്കുന്നു. ചൂടാക്കിയ ലോഹം വെള്ളത്തിൽ മുക്കുമ്പോൾ വാൾ 'സ്നാനപ്പെട്ടു' ഇളപ്പ മായിരുന്നത് കട്ടിയുള്ള ലോഹമായി മാറ്റപ്പെടുന്നു. രണ്ടാമത്തെ അർത്ഥം സ്പാർട്ടൻസ് യുദ്ധ ത്തിനു പോകുന്നതിനു മുമ്പ് അവരുടെ കുന്തങ്ങൾ രക്തത്തിൽ മുക്കി 'സ്നാനപ്പെടുത്താറുണ്ട്' ഈ പ്രിക്രിയമൂലം ആയുധത്തിന്റെ ഭൗതികമായ ആകൃതിക്കും സ്വഭാവത്തിനും യാതൊരു മാറ്റവും സംഭവിക്കുന്നില്ല. അതിനെ രക്തത്തിൽ മുക്കുന്നതിനാൽ ഒരു യുദ്ധായുധമായി മാറുന്നു എന്നു ചിത്രീകരിക്കുകയാണ് ചെയ്യുന്നത്.

ഏഴ് നിലയിലുള്ള സ്നാനങ്ങൾ പുതിയ നിയമത്തിൽ പഠിപ്പിക്കുന്നു. ഇവയിൽ നാല് എണ്ണം യഥാർത്ഥ സ്നാനങ്ങളാണ്. കാരണം ഇവമൂലം ഒരു ശരിയായ മാറ്റം സംഭവിക്കുന്നു. മൂന്നെണ്ണം

തിയിൽ നിലനിൽക്കുന്ന തെളിവു ജീവിതത്തിൽ നിന്നും നൽകുവാൻ കഴിഞ്ഞാൽ മാത്രമേ അവിശ്വാസികൾക്കു മേൽ നമുക്ക് സ്വാധീനം ചെലുത്തുവാൻ കഴിയുകയുള്ളു.

"ചോദിക്കുന്ന ഏവനോടും" എന്ന് പത്രോസ് ഉപയോഗിക്കുമ്പോൾ നാം സാധാരണയായി നമ്മെക്കുറിച്ച് ചിന്തിക്കുന്ന "സുവിശേഷീകരണത്തിനുള്ള ശരിയായ വഴി" എന്ന ആശയത്തിനു വ്യത്യസ്തമായ ഒരു കാഴ്ച പ്പാടാണ് നൽകുന്നത്. പ്രതികരണത്താലുള്ള സുവിശേഷീകരണം ആവശ്യപ്പെടുന്നത് അനുസരിച്ചുള്ള സുവി ശേഷീകരണം എന്ന് ഇതിനെ വിശദീകരിക്കാം. നമ്മൾ ഒരുക്കപ്പെട്ടവരും തയ്യാറുള്ളവരുമായാൽ ദൈവം ആളു കളെ നമ്മുടെ അടുത്തേക്ക് എത്തിക്കും. ജനങ്ങൾ നമ്മുടെ പ്രത്യാശ കണ്ട് അത്ഭുതപ്പെടും.

ജനങ്ങൾ "നമ്മിലുള്ള പ്രത്യാശയെ"ക്കുറിച്ച് 'ന്യായം പറയുവാൻ' ആവശ്യപ്പെടും. ഇവിടെ ഉപയോഗിച്ചിരി ക്കുന്ന ഗ്രീക്ക് വാക്ക് ലോഗോസ് (logos) ആണ്. അതിന്റെ അർത്ഥം ഒരു വാക്ക്, ഒരു സന്ദേശം എന്നാണ്. ഹോപ്പ് എന്ന വാക്ക് എൽപിസ് (Elpis) എന്ന ഗ്രീക്ക് വാക്കിൽനിന്നി വന്നതാണ്. ഇതിന്റെ അർത്ഥം പൂർണ്ണമായ ഉറപ്പ്, സുരക്ഷിതത്വം, സ്ഥിരത എന്നിവയാണ്.

ഇംഗ്ലീഷ്ഭാഷയിൽ പ്രത്യാശ എന്നതിനോട് ചേർന്ന് 'എങ്കിൽ' ചേർത്തിരിക്കുന്നു. നമുക്ക് പ്രത്യാശയുണ്ടെ ങ്കിൽ അത് നിറവേറുവാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ അത് സംഭവിക്കുമൊ ഇല്ലയോ എന്നു നമുക്ക് അറി യില്ല. എന്നാൽ എബ്രായ, ഗ്രീക്ക് ഭാഷയിൽ പ്രത്യാശ എന്നുള്ളത്, എപ്പോഴും പൂർണ്ണമായ ഉറപ്പാണ് അർത്ഥമാ ക്കുന്നത്. പത്രോസ് പറയുന്നത്, നമ്മുടെ ജീവിതത്തിൽ ആത്മീയ ധൈര്യത്തിന്റെ ഫലമായിട്ടുള്ള വിജയകര മായ ദൃഢവിശ്വാസം ഉണ്ടെങ്കിൽ ചുറ്റുപാടുമുള്ള ജനങ്ങൾ നമ്മുടെ വിശ്വാസത്തെ മനസിലാക്കുവാനും നമ്മെ ശ്രദ്ധിക്കുവാനും ഇടയാകും . നമ്മുടെ സ്ഥിരത എവിടെനിന്നു വരുന്നു എന്നുഅറിയുവാൻ അവർ ആഗ്രഹി ക്കും.

അവിശ്വാസികൾ അവരുടെ ലോകശക്തിയിലും സ്വയം പര്യാപ്തതയിലും മാനുഷികപിന്തുണയിലും ജീവി ക്കുമ്പോൾ അവർക്കില്ലാത്ത ചിലകാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ കാണുവാൻ കഴിയുന്നെങ്കിൽ മാത്രമേ

---

ആചാരപരമായ സ്നാനങ്ങളാണ്. ഇവയെക്കൊണ്ട് യാതൊരു മാറ്റവും സംഭവിക്കുന്നില്ല. എന്നാൽ അതിന്റെ ലക്ഷ്യത്തോട് ഏകീഭവിക്കുന്നു. യഥാർത്ഥ സ്നാനത്തിൽ യഥാർത്ഥ മാറ്റം സംഭവിക്കുന്നു എന്നാൽ ജലത്തിന്റെ ആവശ്യമില്ല. ഓരോ ആചാരപരമായ സ്നാനത്തിലും സ്വാഭാവത്തിനു യാതൊരു മാറ്റവും സംഭവിക്കുന്നില്ല. 'ജലം' ആത്മീകമായതിനെ കാണിക്കുന്നു.

**യഥാർത്ഥ സ്നാനങ്ങൾ**

1. **മോശെയുടെ സ്നാനം** (1കൊരി.10:12) മോശെയുടെ സ്നാനത്തിൽ മോശ ഒരു മേഘത്തോട് ഏകീഭവിച്ചു. യിസ്രായേൽ ജനം മോശെയോടു ഏകീഭവിച്ചു. ഈ മേഘം യേശുക്രിസ്തു വിനെ കാണിക്കുന്നു. പുറപ്പാടിന്റെ കാലത്തുള്ള തലമുറയിൽപ്പെട്ട ജനം ചെങ്കടൽ കടന്ന് അടിമത്വത്തിൽ നിന്നു സ്വാതന്ത്ര്യത്തിലേക്കു പ്രവേശിച്ചു. ഒരു വ്യക്തി പോലും നനഞ്ഞില്ല. എന്നാൽ ഒരു യഥാർത്ഥ മാറ്റം സംഭവിച്ചു. 25 ലക്ഷം അടിമകൾ ദൈവത്തിന്റെ വിമോചക നോടൊപ്പം ഏകീഭവിച്ചു സ്വതന്ത്രരായിത്തീർന്നു.
2. **ക്രൂശിന്റെ സ്നാനം** (ലൂക്കോ.12:50) ക്രൂശിന്റെ സ്നാനത്തിൽ ക്രിസ്തുവിന്റെമേൽ സകലമനു ഷ്യരുടെയും പാപങ്ങൾ ചുമത്തിയപ്പോൾ കർത്താവിനു മാറ്റം സംഭവിച്ചു. അവൻ പാപമാക്ക പ്പെട്ടു (2കൊരി.5:21). ക്രൂശിൽ കർത്താവ് നമ്മുടെ പാപത്തോട് ഏകീഭവിച്ചപ്പോൾ അവൻ ശിക്ഷാവിധിയിലായി പിതാവിൽനിന്നും പരിശുദ്ധാത്മാവിൽ നിന്നും വേർപെടുത്തപ്പെട്ടു (മ ത്താ.27:46).
3. **പരിശുദ്ധാത്മാവ് സ്നാനത്തിൽ (**1കൊരി.12:13). കർത്താവിൽ വിശ്വസിക്കുന്ന വ്യക്തി ക്രിസ്തുവിനോട് ഐക്യപ്പെടുകയും പുതിയ സൃഷ്ടിയായി തീരുകയും ചെയ്യുന്നു. ക്രിസ്തു വിനോട് വിശ്വാസി ക്രിസ്തുവിന്റെ നീതി പ്രാപിക്കുന്നു (എഫെ.4:5; 2കൊരി.5:21). പരിശു ദ്ധാത്മ സ്നാനം രക്ഷിക്കപ്പെടുമ്പോഴാണ് സംഭവിക്കുന്നത്. വിശ്വാസി പരിശുദ്ധാത്മാവിനാൽ എന്നേക്കും ക്രിസ്തുവിൽ മുദ്രയിടപ്പെടുന്നു.

യേശുക്രിസ്തുവിങ്കലേക്കു തിരിയുന്ന കാര്യം അവർ പരിഗണിക്കുകയുള്ളൂ. അവിശ്വാസികൾക്ക് സ്വയം ഉണ്ടാക്കുവാൻ കഴിയാത്ത ചിലത് നമ്മുടെ ജീവിതത്തിൽ കാണുമ്പോൾ മാത്രമെ നാം പറയുന്ന കാര്യത്തിൽ അവർ താല്പര്യമെടുക്കുകയുള്ളു.

നമ്മുടെ സ്നേഹിതരും അയൽക്കാരും നമ്മുടെ ജീവിതത്തിൽ പ്രത്യാശ കാണുന്നില്ലെങ്കിൽ, നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നതെന്താണെന്നു ഒരിക്കലും ചോദിക്കുകയില്ല. നമ്മുടെ ആത്മീയജീവിതത്തിൽ സംഭവിക്കുന്ന വീഴ്ച മറ്റുള്ളവരുടെ ആവശ്യത്തെ നിറവേറ്റുവാനുള്ള നമ്മുടെ കഴിവിനു തടസ്സം നിൽക്കും. യോഹ. 17-ൽ യേശു വാഗ്ദത്തം ചെയ്തിരിക്കുന്ന ജീവജലം നമ്മുടെ ജീവിതത്തിലൂടെ ഒഴുകി മറ്റുള്ളവരുടെ ദാഹം ശമിപ്പിക്കുന്നതിനുമുമ്പ് നമ്മുടെ ദാഹം ശമിപ്പിക്കണം.

കർത്താവായ യേശുക്രിസ്തുവിലുള്ള ഓരോ വിശ്വാസിയും തന്റെ ശക്തി കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവവചനത്തെ ശക്തി നമ്മുടെ ജീവിതത്തിൽ കാണുന്നില്ലെങ്കിൽ നമുക്ക് ലോകത്തിന്റെ മുമ്പിൽ ബൈബിൾ ഉയർത്തി നടക്കുവാനും അതിലെ ശക്തി അവർ കാണുമെന്ന് പ്രതീക്ഷിക്കുവാനും കഴികയില്ല. ശക്തി അവിടെയുണ്ട്, എന്നാൽ അത് നമ്മുടെ ആത്മീയജീവിതത്തെ രൂപാന്തരപ്പെടുത്തുമ്പോഴാണ് ലോകം അത് അറിയുവാൻ ഇടയാകുന്നത്. ദൈവവചനത്തിന്റെ യാഥാർത്ഥ്യങ്ങളുടെ വലിയ തെളിവുകൾ സ്ഥിരത, വചനാനുസരണ വ്യക്തിജീവിതം, വ്യക്തിപരമായ ക്രിസ്തീയജീവിതത്തിലെ ദൃഢത എന്നിവയാണ്.

ഈ ഉറപ്പ് എല്ലാ സമയത്തും നമ്മുടെ ജീവിതത്തിൽ കണ്ടാൽ എല്ലാ കാര്യങ്ങളും ഭംഗിയായി പോകുമ്പോൾ മാത്രമല്ല കാര്യങ്ങൾ അനുകൂലമല്ലാത്ത അവസ്ഥയിലും, നമ്മൾ സമ്മർദ്ദത്തിലായിരിക്കുമ്പോഴും നമ്മുടെ പ്രിയപ്പെട്ടവർ നഷ്ടമാകുമ്പോഴും നമ്മൾ സംശയിക്കുകയും വീഴുകയും ചെയ്യുകയും എന്നാൽ മടങ്ങിവരികയും ചെയ്യുമ്പോഴും നമ്മെ നിലനിർത്തുന്നതെന്താണ് എന്നു അറിയുവാൻ അവർ ആഗ്രഹിക്കും. ക്രിസ്തുവിൽ നമുക്കുള്ള പൂർണ്ണമായ നിത്യമായ ഉറപ്പുനിമിത്തം നമ്മിലുള്ള ആത്മീയ ധൈര്യം അവർ തുടർമാനമായി കണ്ടാൽ തമ്മിലുള്ള പ്രത്യാശ എന്താണെന്ന് അവർ ചോദിക്കുവാൻ തുടങ്ങും.

നമ്മുടെ പ്രത്യാശയെക്കുറിച്ച് ചോദ്യമുണ്ടാകുമ്പോൾ നാം എപ്പോഴും ഉത്തരം പറയേണ്ടത് സൗമ്യതയോടും ഭയഭക്തിയോടുകൂടെ ആയിരിക്കണം. സൗമ്യത എന്നതു സാധാരണയായി പരിഭാഷപ്പെടുത്തുന്ന ഗ്രീക്ക് വാക്ക് പ്രയൂട്ടസ് ഇതിന് ഗ്രീക്കിലേക്കാൾ വിഭിന്നമായ ലക്ഷ്യർത്ഥമാണ് ഇംഗ്ലീഷിലുള്ളത്. ഇംഗ്ലീഷ് ഭാഷയിൽ സൗമ്യത സാധാരണയായി ബലഹീനതയായി കാണുന്നു. എന്നാൽ ഗ്രീക്ക് ഭാഷയിൽ പ്രായൂറ്റിസ് അർത്ഥമാക്കുന്നത് നിയന്ത്രണത്തോടുകൂടിയ ശക്തിയാണ്.

4. **തീയാലുള്ള സ്നാനം** (മത്താ.3:11) അഗ്നി സ്നാനത്തിലേക്കു വരുമ്പോൾ എല്ലാ അവിശ്വാസികളും ന്യായവിധിയുടെ അഗ്നിയിലൂടെ കടന്നുപോകേണ്ടതായി വരും. അവിശ്വാസികൾ ഭൂമിയിൽനിന്നു നിത്യനാശത്തിലേക്കു അയക്കപ്പെടുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ഒരു സ്ഥിരമായ മാറ്റം സംഭവിക്കും (2തെസ്സ.1:7-8; വെളി.14:19).

**ആചാരപരമായ സ്നാനങ്ങൾ**

1. **യോഹന്നാന്റെ സ്നാനം** (മത്താ.3:11; അപ്പൊ.19:3) യഹൂദവിശ്വാസികൾക്ക് യോഹന്നാൻ നൽകിയ ജലസ്നാനം രാജ്യത്തോടു ഏകീഭവിക്കുന്നതിന്റെ ചിത്രമാണ് നൽകുന്നത്.
2. **ക്രിസ്തുവിന്റെ സ്നാനം** (മത്താ.3:13-17) യേശുക്രിസ്തുവിന്റെ സ്നാനം പിതാവിന്റെ ഹിതത്തിനും പുത്രൻ തന്റെ ജീവിതത്തിൽ ഏകീഭവിക്കുന്നതിന്റെ ചിത്രവുമാണു നൽകുന്നത്. ഈ പ്രക്രിയയിൽ യിസ്രായേൽ രാജ്യത്തോട് അവരുടെ വാഗ്ദത്ത മ്ശീഹ എന്ന നിലയിൽ ഏകീഭവിക്കുന്നു.
3. **വിശ്വാസികളുടെ സ്നാനം** (മത്താ.28:19-20; അപ്പൊ.16:33; 1കൊരി.1:17) സഭായുഗത്തിൽ ജീവിക്കുന്ന വിശ്വാസികൾ ജലസ്നാനത്തിലൂടെ ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയോടു ഏകീഭവിക്കുന്നു. വിശ്വാസിയുടെ ഉള്ളിൽ സംഭവിച്ച മാറ്റത്തിന്റെ പരസ്യമായ വെളിപ്പെടുത്തൽ ജലസ്നാനത്തിൽ സംഭവിക്കുന്നു.

സൗമ്യതയോടുകൂടെ പ്രതികരിക്കുക അർത്ഥമാക്കുന്നത് ലോകത്തിലെ എല്ലാ ശക്തിയും നമുക്ക് ലഭ്യമാണ്, എന്നാൽ നാം അത് ശരിയായ അളവിൽ പിടിച്ചിരിക്കുന്നു. മറ്റുള്ളവർക്ക് നൽകുവാൻ കഴിയുന്നതിലധികമായി നാം അവരിൽനിന്നു ആവശ്യപ്പെടുന്നില്ല. നാം മറ്റുള്ളവർക്ക് പരമാവധി സ്വാതന്ത്ര്യം അനുവദിക്കുന്നു. കാരണം നാം ഇത് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

ജനങ്ങളെ വളർത്തുന്നത് അവരെ നിരാശപ്പെടുത്തിയോ നിരുത്സാഹപ്പെടുത്തിയോ അല്ല, അവരെ താഴേക്കു തള്ളിയിട്ടുമല്ല. അല്പം അല്പമായി അവരെ അവരുടെ പരിധിയിലും അതിനപ്പുറത്തേയ്ക്കുമായി ഉയർത്തിക്കൊണ്ടുവരുന്നു. ശക്തന്മാരായ ആളുകൾ അവരുടെ ശക്തിയെ നിയന്ത്രിച്ചു നിർത്തണം. തന്മൂലം അവർക്ക് ചെറിയവരെ അല്ലെങ്കിൽ ബലഹീനരായ ആളുകളെ പക്വതയിലേക്കും മഹത്വത്തിലേക്കും വളർത്തിക്കൊണ്ടുവരുവാൻ സാധിക്കും.

നാം ഉത്തരം നൽകേണ്ടവരോടുള്ള ബന്ധത്തിൽ നമുക്കുണ്ടായിരിക്കേണ്ട സൗമ്യത നമ്മെ നിർബന്ധിക്കുന്ന സ്നേഹത്തിന് തുല്യമാണ്. ഇത് ഒരിക്കലും നമുക്ക് സ്വയം ഉണ്ടാക്കുവാൻ കഴിയുന്നതല്ല. പിന്നെയോ പരിശുദ്ധാത്മാവിന്റെ ഫലമാണ്. (ഗലാത്യർ 5:22-23) പരിശുദ്ധാത്മാവ് സഹായിയും ആശ്വാസകനും പ്രോത്സാഹകനും സുവിശേഷീകരണത്തിന്റെ ശക്തിയുമാണ്. ലോകത്തിൽ സുവിശേഷവുമായി പോകുമ്പോൾ പരിശുദ്ധാത്മാവിൽ മാത്രമാണ് സുവിശേഷം ലോകത്തിലെത്തിക്കുവാനുള്ള പ്രേരകശക്തി, പരിജ്ഞാനം, ബലം, സൗമ്യത തുടങ്ങിയവ നാം കണ്ടെത്തുന്നത്. പരിശുദ്ധാത്മാവിനാൽ മാത്രമാണ് ഒരു അവിശ്വാസിക്ക് ക്രിസ്തുവിനെ ആവശ്യമാണെന്നുള്ള ബോധം ഉണ്ടാകുന്നത്.

## വിശ്വാസിയുടെ മൂന്നു കർത്തവ്യങ്ങൾ

നമ്മെ രക്ഷിച്ചിട്ട് നാം ലക്ഷ്യബോധമില്ലാതെ കർത്താവിന്റെ വരവുവരെ ലോകത്തിൽ അലഞ്ഞു തിരിയുവാനായിട്ടില്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. നമ്മെ രക്ഷിച്ച അതേ നിമിഷം തന്നെ തുടർന്നുള്ള ജീവിതത്തിന്റെ ഉദ്ദേശ്യം നിർവ്വചിക്കുന്ന മൂന്നു കർത്തവ്യങ്ങൾ ദൈവം നമുക്കു തന്നിരിക്കുന്നു. ഇത് അനുസരിച്ച് നമ്മുടെ തുടർന്നുള്ള ജീവിതം നയിക്കുകയും നമ്മോട് അടുത്തുവരുന്ന എല്ലാവരോടും ഇടപെടുകയും ചെയ്യണം. "ഞാൻ എന്തിനുവേണ്ടി ഇവിടെയായിരിക്കുന്നു" എന്ന് അത്ഭുതപ്പെടേണ്ടതില്ല.

1. **പൗരോഹിത്യം: ദൈവത്തോടുള്ള ബന്ധം** (1പത്രോ.2:5-9)

   വിശ്വാസി ദൈവത്തിന്റെ പുരോഹിതനാണ്, അതുകൊണ്ട് കൃപാസനത്തിങ്കലേക്കു അടുത്തു വരുവാനുള്ള അവകാശമുണ്ട്. എബ്രാ.10:19-22 വരെ വാക്യത്തിൽ ദൈവത്തോട് നാം അടുത്തു ചെല്ലുവാനുള്ള ആഹ്വാനമുണ്ട്. ഇവിടെ ദൈവത്തോട് അടുത്തു ചെല്ലുക എന്നതിനു ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് പ്രോസേർച്ചോമായ (Porserchomai)എന്നാണ്. ഇതിന്റെ അർത്ഥം 'അഭിമുഖമായി അടുത്തുവരിക' എന്നാണ് ഏറ്റുപറച്ചിലിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സമീപനം. നമ്മുടെ എല്ലാ പാപങ്ങളും പരിഹരിക്കപ്പെട്ട് നാം വീണ്ടെടുക്കപ്പെട്ടതിനാൽ നമുക്ക് ധൈര്യത്തോടെ ദൈവകൃപാസനത്തിങ്കലേക്ക് അടുത്തു ചെല്ലാം. (എബ്രാ. 4:16) ദൈവത്തോടു അഭിമുഖമായി അവനോടുകൂടെ വസിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

   നമ്മുടെ പൗരോഹിത്യം നാമും ദൈവവുമായുള്ള വ്യക്തിപരമായ കാര്യമാണ്. ദൈവവും വിശ്വാസിയും തമ്മിൽ എന്താണ് സംഭവിക്കുന്നതെന്ന് മറ്റാരും കാണുന്നില്ല. നമ്മോടുള്ള ആശയവിനിമയമാകുന്ന വചനപഠനത്തിൽകൂടെയും നമുക്ക് ദൈവത്തോടുള്ള ആശയവിനിമയമാകുന്ന പ്രാർത്ഥനയിൽകൂടെയും നാം പുരോഹിതന്മാരെന്ന ഉത്തരവാദിത്വം നിർവഹിക്കുന്നു. നമ്മുടെ കടമ കർത്താവിനോടുള്ള കൂട്ടായ്മയിലായിരിക്കുക. (1കൊരി.11:28-32, 1യോഹ.1:7, 9) പ്രാർത്ഥിക്കുക (എബ്രായർ 13:15; 1തെസ്സ. 5:17-19) അതുപോലെ കൃപയിലും ദൈവിക പരിജ്ഞാനത്തിലും വളരുക തുടങ്ങിയവയാണ്. (2പത്രോ.3:18)

2. **സ്ഥാനപതി :** അവിശ്വാസികളോടുള്ള നമ്മുടെ ബന്ധം (2കൊരി.5:17-20)

ദൈവം നമുക്ക് നിരപ്പിന്റെ ശുശ്രൂഷ തന്നിരിക്കുന്നതുകൊണ്ട് നമുക്ക് ക്രിസ്തുവിന്റെ സ്ഥാന പതികളായി സേവനം നടത്താം. നമുക്ക് അവിശ്വാസികളോട് ഒരു ഉത്തരവാദിത്വം ഉണ്ട്. (അപ്പൊ.1:8) കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനാണ് യേശു ഭൂമിയിലേക്ക് വന്നത്. (ലൂക്കോസ്. 19:10) യേശു തന്റെ ശുശ്രൂഷ ജഡത്തിൽ ആരംഭിച്ചു. ഇപ്പോൾ നമ്മിലൂടെ തുടരുന്നു. (അപ്പൊ. 1:1) നമ്മുടെ കർത്തവ്യം. ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ജനത്തോട് പ്രബോധിപ്പിക്കുകയാണ്.

എബ്രായർ 10:23 അനുസരിച്ച് നാം നമ്മുടെ 'പ്രത്യാശയുടെ സ്വീകാരം മുറുകെപിടിച്ചു കൊൾക' എന്നു വായിക്കുന്നു. കറ്റേയിച്ചോ (Katecho) എന്നത് ഒരു നാവികനാമമാണ്. ഇതിന്റെ അർത്ഥം 'ഒരു ലക്ഷ്യത്തിലേക്കു നേരെ മുന്നോട്ടു തിരിച്ചുവിടുക' എന്നാണ്. ഇൽപിസ് (elpis) എന്നതിന്റെ അർത്ഥം പ്രത്യാശ എന്നാൽ പൂർണ്ണമായും ഉറപ്പായ പ്രത്യാശ യാണ്. മനുഷ്യന്റെ മുമ്പിൽ ധൈര്യം നൽകുന്നത് ദൈവത്തിലുള്ള ഉറപ്പാണ്. നമ്മുടെ പൗരോഹിത്യ ശുശ്രൂഷമൂലം ദൈവത്തോടുള്ള ഹൃദ്യത വർദ്ധിക്കുന്നതുപോലെ സ്ഥാനപതി കൾ എന്നുള്ള നിലയിൽ നമ്മുടെ ശുശ്രൂഷ ഫലകരമായിത്തീരുന്നു.

3. **ശുശ്രൂഷ:** വിശ്വാസികളോടുള്ള നമ്മുടെ ബന്ധം (1കൊരി.12:7,11; റോമർ 12:1-8) നാം ഓരോരുത്തരും മറ്റുള്ള ഓരോ വിശ്വാസിക്കും ദാസനാണ്. നമ്മുടെ കൃപാവരങ്ങളാണ് നമ്മുടെ ശുശ്രൂഷ കേന്ദ്രീകരിക്കേണ്ട മേഖല തീരുമാനിക്കുന്നത്. രക്ഷിക്കപ്പെടുന്ന സമയത്ത് ഓരോ വിശ്വാസിക്കും ക്രിസ്തുവിന്റെ ശരീരമായ സഭയെ ശുശ്രൂഷിക്കുവാൻ ഒരു ആത്മീയവരം നല്കുന്നു. ആ കൃപാവരം തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവ് നൽകുന്നു. ഇത് നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വെളിപ്പെടുത്തുന്നു. ആത്മീയവരത്തിൽകൂടെ സഭ പണിയപ്പെടുകയും ശക്തീകരിക്കപ്പെടുകയും ചെയ്യുന്നു.

എബ്രായർ 10:24-25 ൽ നാം വായിക്കുന്നത് 'തമ്മിൽ പ്രബോധിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തിക്കും ഉത്സാഹം വർദ്ധിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ' ഇവിടെ 'സൂക്ഷി ച്ചുകൊൾവിൻ' എന്നതിനു ഉപയോഗിച്ചിരിക്കുന്ന 'കറ്റാനോയിയോ (Katanoeo) അർത്ഥമാക്കുന്ന ത്, 'മനപൂർവമായ ശ്രദ്ധ, ശ്രദ്ധ കേന്ദ്രീകരിക്കുക' എന്നാണ്. നമ്മുടെ കൃപാവരം പ്രവൃത്തിയിൽ വരുത്തുന്നതുമൂലം മറ്റുള്ളവരുടെ ആവശ്യങ്ങളോടുള്ള ബന്ധത്തിൽ അതീവ ശ്രദ്ധ കേന്ദ്രീകരി ക്കുകയും നാം മദ്ധ്യസ്ഥത വഹിക്കുകയും മാനസികമായ ശക്തി ഉപോയഗിക്കുകയും വേണം. നാം തുടർമാനമായി നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യം, "എങ്ങനെയാണ് ചിലരെ ആത്മാവിന്റെ ശക്തിയിൽ ജീവിക്കുവാൻ എനിക്ക് പ്രേരിപ്പിക്കുവാൻ കഴിയുന്നത്? എങ്ങനെയാണ് ഇന്ന് എനിക്കു ചിലരെ എന്റെ കൃപാവരം ഉപയോഗിച്ച് പ്രോത്സാഹിപ്പിക്കുവാനും ബലപ്പെടുത്തുവാനും കഴിയുന്നത്?

## സ്ഥാനപതിത്വം

1. സ്ഥാനപതി ഒരിക്കലും സ്വയം നിയമിക്കപ്പെടുന്നവനല്ല. നാം ക്രിസ്തുവിനാൽ നിയമിക്കപ്പെട്ടവരാണ്. (2കൊരി.5:18-20)
2. ഒരു സ്ഥാനപതി ഒരിക്കലും സ്വയം ആവശ്യം നിറവേറ്റുകയില്ല. ദൈവം നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നു (എഫെ.1:3; ഫിലി.4:19)
3. ഒരു സ്ഥാനപതി അയക്കപ്പെടുന്ന രാജ്യത്തെ പൗരനല്ല, നാം സ്വർഗ്ഗീയ പൗരന്മാരാണ് (ഫിലി.3:20)
4. ഒരു സ്ഥാനപതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എഴുതപ്പെട്ട് ലഭിക്കുന്നു. നമുക്ക് ദൈവവചനമുണ്ട് (2തിമൊ.3:16)
5. ഒരു സ്ഥാനപതിയും വ്യക്തിപരമായി അധിക്ഷേപിക്കപ്പെടുന്നില്ല. സ്ഥാനപതി അംഗീകരിക്കപ്പെടുകയോ തിരസ്ക്കരിക്കപ്പെടുകയോ ചെയ്യുന്നത് തന്റെ ശ്രേഷ്ഠതയുടെ അടിസ്ഥാനത്തിലല്ല പിന്നെയോ താൻ അയയ്ക്കപ്പെടുന്ന രാജ്യത്തിന്റെ പ്രതിനിധി എന്ന നിലയിലാണ്. യേശുക്രിസ്തുവിനെ ഇഷ്ടപ്പെടാത്തവൻ നമ്മെ നിന്ദിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുമ്പോൾ നാം അത് വ്യക്തിപരമായി എടുക്കേണ്ട ആവശ്യമില്ല. (യോഹ.5:19-21)
6. തനിക്ക് ലാഭമുണ്ടാക്കുവാൻവേണ്ടി ഒരു സ്ഥാനപതിക്കും ഒരു രാജ്യത്തും പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. നാം ഭൂമിയിലായിരിക്കുന്നത് കർത്താവിനെ സേവിക്കുന്നതിനാണ്. (2കൊരി.5:15)
7. ഒരു സ്ഥാനപതി താനായിരിക്കുന്ന രാജ്യത്ത് മറ്റൊരു വ്യക്തിയുടെ പ്രതിനിധിയാണ്. അതുകൊണ്ട് തന്റെ വാക്കും പ്രവൃത്തിയും തന്നെ അയച്ചവനെ പ്രതിഫലിപ്പിക്കും. നാം കർത്താവായ യേശുക്രിസ്തുവിനെ നമ്മുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും പ്രതിനിധീകരിക്കുന്നു. (യോഹ.13:35; 17:23)
8. ഒരു സ്ഥാനപതിയുടെ കാഴ്ചപ്പാട് സേവനമാണ്, അവന്റെ ലക്ഷ്യം പ്രതിഫലമാണ്. ദൈവം നമ്മെ ശുശ്രൂഷയ്ക്കായി നിയോഗിച്ചിരിക്കുന്നു. നമുക്ക് പ്രതിഫലം ലഭിക്കും. (മത്തായി. 5:12; 2യോഹ.8, വെളി.22:12).
9. യുദ്ധം ഉണ്ടാകുമ്പോൾ സ്ഥാനപതിയെ തിരിച്ചുവിളിക്കുന്നു. സഭയുടെ ഉൽപ്രാപണത്തിലൂടെ വിശ്വാസികളെ സ്വർഗ്ഗത്തിലേക്കു തിരികെ വിളിക്കുമ്പോൾ സാത്താന്റെ അവസാനത്തിന്റെ ആരംഭം കുറിക്കുന്നു. (2തെസ്സ 2:1-12)

## സൗമ്യത

പൗറ്റോസ് (Pautes) അല്ലെങ്കിൽ പ്രവോറ്റ്സ് (Praotes) എന്നീ വാക്കുകളാണ് സൗമ്യതയെ കാണിക്കുവാൻ ദൈവവചനത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

ഇത് ഒരു വ്യക്തിയുടെ പുറമെയുള്ള സ്വഭാവം മാത്രമല്ല, മറ്റുള്ളവരുമായിട്ടുള്ള ബന്ധങ്ങളുമല്ല, അയാളുടെ സ്വാഭാവികമായ മനോഭാവം മാത്രമല്ല. ഇത് ആത്മാവിൽ അർപ്പിതമായിരിക്കുന്ന കൃപയാണ്. ഇത് പ്രഥമമായും പ്രധാനമായും ദൈവത്തോടുള്ള ബന്ധത്തിലാണ്. ദൈവത്തിന്റെ പ്രവർത്തികളെല്ലാം നന്മയ്ക്കാണെന്ന് അംഗീകരിക്കുന്ന ആത്മാവിന്റെ മനോഭാവമാണിത്. അതുകൊണ്ട് നാം വാദിക്കുകയോ എതിർത്തു നിൽക്കുകയോ ചെയ്യുന്നില്ല. ഇതിന് റ്റെപ്പിനൊഫ്രൊസുനെ (Tapeinophrosune). താഴ്മ എന്നാ വാക്കുമായി വളരെ അടുത്ത ബന്ധമുണ്ട്. അതിനെ നേരിട്ടു പിന്തുടരുകയും ചെയ്യുന്നു. (എഫെ.4:2; കൊലൊ. 3:12) താഴ്മ

യുള്ള ഹൃദയം മാത്രമാണ് സൗമ്യതയുള്ള ഹൃദയം. ഇത് ദൈവത്തോടു ഏറ്റുമുട്ടാതെ ദൈവഹിതത്തിനു കീഴ്പ്പെടുന്നു.

പ്രവോറ്റ്സ് എന്ന വാക്കിന്റെ അർത്ഥം "സൗമ്യത, മിതത്വം" എന്നാണ്. ഇത് ഇംഗ്ലീഷ്ഭാഷയിൽ വ്യക്തമായി വിവരിക്കുവാൻ കഴിയുന്നതല്ല. പിന്നെയോ സാധാരണയായി ബലഹീനത ഭീരുത്വം എന്നിവ വളരെ യോ ചെറിയതോ ആയ അളവിൽ വെളിപ്പെടുത്തുകയാണ്. എന്നാൽ പ്രവോറ്റസ് അങ്ങനെയും ചെയ്യുന്നില്ല. ഇത് വ്യക്തമായി മനസിലാക്കണം. സൗമ്യത, കർത്താവ് വെളിപ്പെടുത്തിയതും വിശ്വാസിക്ക് ശക്തിയുടെ ഫലമായിട്ടു കല്പിച്ചിട്ടുള്ളതുമാണ്. ഒരു വ്യക്തിക്കു സ്വയം സഹായിക്കുവാൻ കഴിയാത്തതുകൊണ്ട് അവൻ സൗമ്യനായിരിക്കുന്നു എന്നാണ് സാധാരണയായിട്ടുള്ള നിഗമനം. എന്നാൽ ദൈവത്തിന്റെ അനന്തമായ സമ്പത്ത് മുഴുവനും തന്റെ സ്വാധീനതയിൽ ഉണ്ടായിരുന്നിട്ടും നമ്മുടെ കർത്താവ് സൗമ്യനായിരുന്നു. നിഷേധാത്മകമായി പറഞ്ഞാൽ സൗമ്യത സ്വന്തം താല്പര്യസംരക്ഷണം, സ്വാഭിപ്രായം ഇവക്കെതിരാണ്. ഇത് ആത്മാവിലുള്ള സമചിത്തതയാണ്. അതുകൊണ്ട് അമിതമായ ആഹ്ലാദമോ വിഷാദമൊ ഇല്ല. കാരണം ഇത് സ്വയത്തോടു ചേർന്നു വരുന്ന ഒന്നല്ല. (ഗലാത്യ ലേഖനത്തിന്റെ പഠനക്കുറിപ്പുകളിൽ നിന്ന് (ഹോഗ് ആന്റ് വൈൻ പേജ് 294 – 295) വൈൻ പുതിയ നിയമവാക്കുകൾ 111 –55

സൗമ്യതയ്ക്ക് ഗ്രീക്ക്ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ പ്രാവൂസ് (Praus) ആണ്. 'നിയന്ത്രണത്തിലുള്ള ശക്തി' എന്നാണ് ഇതിന്റെ അർത്ഥം. യുദ്ധമെത്ര കുഴപ്പമേറിയതായാലും പെട്ടെന്നും പൂർണ്ണമായിട്ടും അനുസരിക്കത്തക്കവിധം പരിശീലനം ലഭിച്ച ഒരു കുതിരയെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്. പുരാതന യുദ്ധ കുതിരകൾക്ക് ഉപയോഗിച്ചിരിക്കുന്ന ആധുനിക വ്യാഖ്യാനമാണ് ലിപ്പിസിനർ വിത്തുകുതിരകൾ. ഈ കുതിരകൾ ചെയ്യുന്ന വിസ്മയകരമായ ചില പ്രവൃത്തികൾ കുതിരകൾ അന്തരീക്ഷത്തിലേക്കു നേരെ ചാടുകയും പിൻവശത്തുള്ള കാലുകൾ പുറകിലേക്ക് ചവിട്ടിത്തെറിപ്പിക്കുകയും ചെയ്യുന്നു. ഇത് യവനന്മാർ തന്റെ കുതിരകളെ യുദ്ധത്തിനുവേണ്ടി അഭ്യസിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

യവനന്മാർ ഒരു കുതിരയെ എടുക്കുമ്പോൾ ആയിരം റാത്തൽ തൂക്കമുള്ളതും ഒരു മണിക്കൂറിൽ 35 മൈൽ വേഗത്തിൽ ചലിക്കുവാൻ ശക്തിയുള്ളതുമായ കുതിരയെയാണ് എടുക്കുന്നത്. അതിനെ ഒരു സ്പർശനം കൊണ്ട് നിയന്ത്രിക്കത്തക്കവിധം പരിശീലിപ്പിക്കുന്നു. ഒരു കാൽപാദത്തിലൊ മുട്ടിലെ സമ്മർദ്ദം ചെലുത്തിയാൽ അവർ എന്താണോ ആഗ്രഹിക്കുന്നത് അത് ചെയ്തിരിക്കും. അപ്പോൾ ആ കുതിരയെ അവർ വിളിക്കും പ്രാവൂസ് (Praus)

യേശുക്രിസ്തുവിന്റെ സൗമ്യതയെക്കുറിച്ച് പറയുമ്പോൾ നാം എന്താണ് അർത്ഥമാക്കുന്നത്. പ്രപഞ്ചത്തിന്റെ സൃഷ്ടാവിനെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. ഈ സ്രഷ്ടാവ് തന്റെ ഉള്ളം കരംകൊണ്ട് പ്രപഞ്ചം അളക്കുവാൻ മനുഷ്യസമൂഹത്തിലൂടെ നടന്നു. തന്നെ പീഡിപ്പിക്കുവാൻ, കഷ്ടപ്പെടുത്തുവാൻ ക്രൂശിൽ തറയ്ക്കുവാൻ അനുവദിച്ചു ഇതാണ് പ്രാവൂസ് എന്ന വാക്ക് അർത്ഥമാക്കുന്നത്. തന്റെ വിരലുകൾകൊണ്ട് ഈ പ്രപഞ്ചത്തെ തട്ടിമാറ്റി കളയുവാൻ കഴിയുന്നവന് തന്റെ ശക്തി നിയന്ത്രണത്തിലാണ്.

കാണുക "കർത്താവായ യേശു ക്രിസ്തുവിനോടുള്ള ബന്ധത്തിൽ സൗമ്യത" (മത്തായി 11:29; 21:5; 2കൊരി.10:1) വിശ്വാസികളോടുള്ള ബന്ധത്തിൽ സൗമ്യത (മത്തായി 5:5; 1കൊരി.4:21; 2കൊരി.10:1; ഗലാത്യർ 5:2, 6:1; കൊലൊ.3:12; 1തിമൊ.6:11; 2തിമൊ.2:25; തീത്തോസ് 3:2; യാക്കോബ് 1:21; 3:13; 1പത്രോസ് 3:4,15)



# പാഠം 2 – 4:
# ഒരുക്കം - *ആത്മീയവരങ്ങൾ*

1 കൊരിന്ത്യർ12:4-7
മർക്കോസ് 9:33-37
2 തിമൊഥെയോസ് 2:20-21

നാം രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ നമ്മെ ഓരോരുത്തരേയും ഒരു പ്രത്യേക കൃപാവരത്താൽ പരിശുദ്ധാത്മാവ് ഒരുക്കുന്നു. ഈ കൃപാവരത്തിൽ സമയത്തിലും നിത്യതയിലും നൽകുവാനുള്ള ദൈവീകമായ നിക്ഷേപങ്ങൾ മറഞ്ഞിരിക്കുന്നു. നമ്മുടെ കൃപാവരത്തിലൂടെയാണ് നാം ദൈവത്തെ അടുത്തറിയുന്നത്. അതുപോലെ കൃപാവരത്തിലൂടെയാണ് നമ്മിലുള്ള ദൈവത്തെ ലോകം വ്യക്തമായി അറിയുന്നത്. നമ്മിലുള്ള കൃപാവരത്തെ നാം അറിയണമെന്നും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. കാരണം ഇതിലൂടെയാണ് ദൈവം നമുക്കുവേണ്ടി രൂപകല്പന ചെയ്ത മഹത്വം നമുക്ക് നേടിയെടുക്കുവാൻ കഴിയുന്നത്.

> *“എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്. ആത്മാവ് ഒന്നത്രെ, ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്. കർത്താവ് ഒരുവൻ വീര്യപ്രവർത്തികളിൽ വ്യത്യാസമുണ്ട്. എങ്കിലും എല്ലാവരിലും പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നേ. എന്നാൽ ഓരോരുത്തനു ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നല്കപ്പെടുന്നു. (1കൊരി.12:4-6)*

കൃപാവരത്തിനു ഗ്രീക്ക് വാക്ക് കാരിസ്മ (Charisma) ഇതിന്റെ മൂലപദം കാരിസ് Charis)) അർത്ഥമാക്കുന്നത് കൃപ എന്നാണ്. ആത്മീയ വരങ്ങൾ ദൈവം കൃപയാൽ നൽകുന്നതാണ്. ആത്മീയവരങ്ങൾ നൽകപ്പെടുന്ന വ്യക്തി നിസ്തുലനായിരിക്കുന്നതുപോലെ ആത്മീയവരങ്ങളും നിസ്തുലങ്ങളാണ്. എന്നാൽ എല്ലാ വരങ്ങളിലും പരിശുദ്ധാത്മാവിന്റെ മുദ്രയുണ്ട്. പരിശുദ്ധാത്മാവാണ് വരങ്ങൾ നൽകുന്നതും അത് പ്രവർത്തിക്കുവാനുള്ള ശക്തി നൽകുന്നതും. എന്നാൽ പരിശുദ്ധാത്മാവ് എപ്പോഴും പിന്നിൽ നിന്നു പ്രവർത്തിക്കുന്നു. ഒരിക്കലും തന്നിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്പോഴും ദൈവപുത്രനെ മഹത്വപ്പെടുത്തുകയാണ്. (യോഹ.16:14)

ഓരോ കൃപാവരവും നിസ്തുലമായിരിക്കുന്നതുപോലെ അതു ലഭിച്ച വ്യക്തികളും പ്രത്യേകതയുള്ളവരാണ്. ലഭിച്ചിരിക്കുന്ന വ്യക്തികളുടെ ജീവിതംപോലെ കൃപാവരങ്ങളുടെ പ്രവർത്തനവും നിസ്തുലമാണ്. ‘ശുശ്രൂഷ’ എന്ന പ്രയോഗം വന്നത് ‘ഡയ്ക്കോനോ’ എന്ന വാക്കിൽ നിന്നാണ്. ആശയം ഒരാൾ മറ്റൊരാളുടെ ഉത്തരവു

കൾ അനുസരിക്കുക എന്നതാണ്. ഈ വാക്ക് ഒരു ദാസനോ മേശയിൽ ശുശ്രൂഷിക്കുന്നവനോ വേണ്ടി ഉപയോഗിച്ചിരിക്കുന്നു. നമ്മുടെ കൃപാവരം നാം ഉപയോഗിക്കുമ്പോൾ ശുശ്രൂഷ ചെയ്യിപ്പാനല്ല. ശുശ്രൂഷിപ്പാൻ വന്ന ദൈവപുത്രന്റെ കരങ്ങളും കാലുകളുമായി തീരുന്നു. (മർക്കൊസ് 10:45) ഓരോ കൃപാവരത്തിന്റെയും പ്രവർത്തനം ശുശ്രൂഷയും സേവനവും ആണ്. ഇത് നിർബന്ധിച്ച് തൊഴിലെടുപ്പിക്കുകയല്ല, എന്നാൽ മനഃപൂർവ്വമായ സേവനം യേശുക്രിസ്തുവിനായും അവിടുത്തെ മഹത്വത്തിനായിട്ടുള്ളതുമാകുന്നു.

നാം പരിശുദ്ധാത്മ നിറവിൽ വേല ചെയ്യുമ്പോൾ ഫലം ഉണ്ടാകുന്നു. നമ്മൾ ആളുകളെ സ്വാധീനിക്കും. "വീര്യപ്രവൃത്തികൾ" എന്ന് ഇവിടെ വന്നിരിക്കുന്നത് ഗ്രീക്ക് ഭാഷയിൽ പ്രവർത്തനശക്തിക്കും ഉപയോഗിച്ചിരിക്കുന്ന വാക്കിൽ നിന്നാണ്. "എനർജിയ". ഇതിൽനിന്നുമാണ് (എനർജി) ഊർജ്ജം എന്ന വാക്ക് രൂപപ്പെട്ടത്. പുതിയനിയമത്തിൽ ഇത് ഉപയോഗിച്ചിരിക്കുന്നത് അമാനുഷികശക്തിക്കാണ്. ജീവിതത്തിൽ നമ്മെ ശക്തവും ഫലകരവും ആക്കുന്ന ശക്തിയാണിത്. നാം ഫലകരമായി ജീവിക്കുമ്പോൾ പിതാവായ ദൈവത്തിന്റെ നാമം മഹത്വപ്പെടുന്നു.

> *"എന്നാൽ ഓരോരുത്തനു ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു." (1കൊരി.12:7)*

'ഓരോരുത്തനു' എന്നതിന് ഉപയോഗിച്ചിരിക്കുന്നത് 'ഹെക്കാസ്റ്റോസ് (hekastos) ആണ്. ഇതിന്റെ അർത്ഥം പൂർണ്ണമായും ഓരോ വ്യക്തിയെന്നു മാത്രമാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തർക്കും ഓരോ കൃപാവരങ്ങൾ നൽകിയിരിക്കുന്നു. ആരേയും ഇതിൻനിന്നു ഒഴിവാക്കിയിട്ടില്ല. 'നൽകപ്പെട്ടിരിക്കുന്നു' എന്നത് ആത്മീയവരത്തെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തീയ ജീവിതത്തിലെ മറ്റെല്ലാംപോലെ ദാനമാണ്, കൃപയുടെ ഫലമായിട്ട് ലഭിച്ചതാണ്.

## ആത്മീയ വരങ്ങൾ

**"പരിശുദ്ധാത്മാവിന്റെ വരവും ആത്മീയവരങ്ങളും"**

1. പരിശുദ്ധാത്മാവിന്റെ വരം എന്നത് രക്ഷയെക്കുറിച്ചാണ് ചൂണ്ടിക്കാണിക്കുന്നത്. തന്മൂലം പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുകയും ദൈവവുമായി ബന്ധമുള്ളവനായി തീരുകയും ചെയ്യുന്നു. (അപ്പോസ്തലപ്രവൃത്തി. 2:38-39).
2. "പരിശുദ്ധാത്മാവിന്റെ വരങ്ങൾ" ശുശ്രൂഷയോട് ബന്ധപ്പെട്ടിരിക്കുന്നു. ഇത് പരിശുദ്ധാത്മാവിന്റെ പ്രേരണയും ഊർജ്ജവുമാണ്. തന്മൂലം ദൈവത്തോടുള്ള കൂട്ടായ്മയിൽ തുടരുവാൻ ഇടയാകുന്നു. (1കൊരി. 12:7,11)
3. പരിശുദ്ധാത്മാവിന്റെ ദാനമായ രക്ഷയും ആത്മാവിന്റെ അധിവാസവും കൂടാതെ ആത്മീയവരങ്ങൾ ലഭിക്കുന്നില്ല രക്ഷക്കു മുമ്പ് ആർക്കും ആത്മീയവരങ്ങൾ ലഭിക്കുന്നില്ല.

**ആത്മീയവരങ്ങളും ഐക്യവും**

1. എല്ലാ വരങ്ങളും നൽകുന്ന ഒരു ആത്മാവ് മാത്രമെ ഉള്ളു (1കൊരി. 12:4,7,10)
2. എല്ലാ ആത്മീയവരങ്ങൾക്കും മീതെ ഒരു കർത്താവുണ്ട്. (1 കൊരി. 12:5). ഒരോ വിശ്വസിക്കും ലഭിച്ച കൃപാവരത്തിൽ നിന്ന് സേവനം, ശുശ്രൂഷ എന്നിവ ഉണ്ടാകണം. കാരണം വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരമായതുകൊണ്ട് യേശുക്രിസ്തു ഈ ഭൂമിയിൽ ജഡത്തിലായിരുന്ന സമയത്ത് ചെയ്തും ഉപദേശിച്ചും തുടങ്ങിയതിന്റെ തുടർച്ചയാണ് വിശ്വാസികൾ ചെയ്യുന്ന എല്ലാ ശുശ്രൂഷയും (അപ്പസ്തല പ്രവൃത്തി 1:1).
3. ഈ വരങ്ങൾ പ്രായോഗിക്കമാക്കുവാൻ ആവിശ്യമായ ശക്തി നൽകുന്ന ഒരു ദൈവമുണ്ട് ( 1കൊരി. 12:6). ശുശ്രൂഷ, ഫലങ്ങളും പ്രയോജനങ്ങളും ഉണ്ടാക്കുന്നു 1കൊരി. 12:6ൽ "ഫലവും

'പ്രകാശനം' വന്നിരിക്കുന്നത് പനേറ (Phaneroo) എന്ന വാക്കിൽ നിന്നാണ്. ഇതിന്റെ അർത്ഥം വെളിപ്പെടുത്തുക, വ്യക്തമാക്കുക എന്നിവയാണ്. പാനിറോസിസ് (Phanerosis) പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ പ്രത്യക്ഷതയ്ക്കാണ് അല്ലെങ്കിൽ ദൈവത്തിന്റെ സാരാംശത്തിന്റെ വെളിപ്പാടുകൾക്കാണ് (മർക്കോസ് 16:12; യോഹ.2:11; 9:3; 1തിമൊ.3:16; 1പത്രോ. 5:4, 1യോഹ.3:5, 5:8). നമ്മുടെ കൃപാവരം ആദ്യം നമുക്കും തുടർന്ന് മറ്റുള്ളവർക്കും ദൈവീക പ്രകാശനത്തിനുള്ള വഴിയാണ്. നാം നമ്മുടെ കൃപാവരം ഉപയോഗിക്കുമ്പോൾ ദൈവം നമ്മുടെ ദാഹം ശമിപ്പിക്കുന്നു. മറ്റാർക്കും വെളിപ്പെടുത്തി കൊടുത്തിട്ടില്ലാത്ത വിധത്തിൽ തന്നെത്താൻ നമുക്ക് വെളിപ്പെടുത്തുന്നു. അതിനുശേഷം നമ്മുടെ ചുറ്റുപാടുമുള്ളവർക്ക് മറ്റാരിലും വെളിപ്പെടുത്തിയിട്ടില്ലാത്ത വിധം ദൈവം സ്വയം വെളിപ്പെടുത്തുന്നു.

ഓരോ വ്യക്തിയുടെ കൃപാവരവും മറഞ്ഞിരിക്കുന്ന ചിലതിന്റെ പ്രകാശനമാണ്. അത് പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. ഈ ശക്തി കാണുവാൻ കഴിയുന്നതല്ലെങ്കിലും ഈ ശക്തിയുടെ തെളിവുകൾ വ്യക്തമായി കാണുവാൻ കഴിയുന്നതല്ല. കാറ്റടിക്കുമ്പോൾ അതിന്റെ പ്രതിഫലനങ്ങൾ അനുഭവിക്കുവാൻ കഴിയും. ആത്മാവ് കാറ്റുപോലെയാണ്. ആത്മാവാകുന്ന കാറ്റിന്റെ പ്രതിഫലനങ്ങളാണ് നാമെല്ലാവരും.

ക്രിസ്തുവിനുവേണ്ടി ജീവിക്കുക ക്രിസ്തുവിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുക, മറ്റുള്ളവർക്ക് തന്റെ സ്നേഹം പകർന്നുകൊടുക്കുക, ഇതിനാണ് നമ്മെ വിളിച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ ചില പ്രത്യേകതകൾ വെളിപ്പെടുത്തുവാനുള്ള ശക്തി പരിശുദ്ധാത്മാവ് നമുക്ക് ഓരോരുത്തർക്കും തന്നിരിക്കുന്നു. ഒരാൾക്കുള്ള കൃപാവരം വേറൊരാൾക്കില്ല. നമ്മുടെ കൃപാവരം പ്രകടിപ്പിക്കുന്നതുപോലെ ലോകത്തെ സ്വാധീനിക്കുവാൻ നമ്മുടെ ജീവിതത്തിൽ വേറൊന്നില്ല.

പരിശുദ്ധാത്മാവിന്റെ പ്രകാശനം നമുക്ക് ഓരോരുത്തർക്കും തന്നിരിക്കുന്നത് ഒരു പ്രത്യേകലക്ഷ്യത്തോടെയാണ്. അതിനെ പൗലോസ് ഇവിടെ വിളിച്ചിരിക്കുന്നത് "പൊതുപ്രയോജനം" എന്നാണ്. ഇത് സുംബീറോ

പ്രവർത്തിയും" എന്നീ രണ്ട് വാക്കുകൾക്കും എനർജിയോ എന്നതാണ് ഗ്രീക്കിലെ മൂലവാക്ക്. ഈ രണ്ടിന്റെയും പിന്നിലെ ശക്തി ദൈവമാണ്.

4. എല്ലാ വരങ്ങൾക്കും ഒരു ലക്ഷ്യമാണ്; ക്രിസ്തുവിന്റെ ശരീരത്തെ പണിയുകയും ആത്മിക വർദ്ധന വരുത്തുകയുമാണ്. (1കൊരി. 12:7; എഫെ.4:12-13).
5. എല്ലാ കൃപാവരങ്ങളും ഒരു ശക്തിയിലാണ് പ്രവർത്തിക്കുന്നത്. ഒരു പ്രേരകഘടകമാണുള്ളത് സ്നേഹം (1കൊരി. 13:1-3)

**വരങ്ങളുടെ വിശദീകരണം**

1. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആത്മികവർദ്ധന ലക്ഷ്യമാക്കി ശുശ്രൂഷയുടെ മേഖലകൾ നിർവഹിക്കുന്നതിനായി ഓരോ വിശ്വാസിക്കും ലഭിക്കുന്ന ദൈവികമായ കഴിവ് അല്ലെങ്കിൽ പ്രാപ്തിയെ ആണ് ആത്മീയവരം എന്നു പറയുന്നത് (എഫെ.4:7-16)
2. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് സ്വന്തം ഇഷ്ടപ്രകാരം ആത്മീയവരങ്ങൾ നൽകുന്നു. ഈ നിലയിൽ പരിശുദ്ധാത്മാവിന്റെ ഓരോ വിശ്വാസിയോടുള്ള പ്രവർത്തനം വ്യക്തിപരമാണ് (1കൊരി. 12:7,11).
3. വിശ്വാസിക്ക് ആത്മീയവരം നഷ്ടമാകുകയോ വിശ്വാസിയിൽ നിന്നു അത് തിരികെ എടുക്കുകയോ ചെയ്യുന്നില്ല. (റോമർ 11:29)
4. ആത്മീയവരം ജന്മസിദ്ധമായ കഴിവുകളിൽ നിന്നും വിഭിന്നമാണ്. ഭൗതികമായ ജനനസമയത്ത് ലഭിക്കുന്നതാണ് ജന്മസിദ്ധമായ കഴിവുകൾ. എന്നാൽ ആത്മിക ജനനത്തോടു ബന്ധപ്പെട്ട് ലഭിക്കുന്നതാണ് ആത്മീയവരം. ആത്മീയവരം പ്രകൃത്യാതീതങ്ങളാണ് (1കൊരി 1:26-29; 2:12-14).
5. ആത്മവരങ്ങളും ആത്മഫലവും വിഭിന്നങ്ങളാണ് (ഗലാ. 5:22-23) ആത്മവരത്തിന്റെ

(Sum phero) എന്ന ഗ്രീക്ക് വാക്കിന്റെ പരിഭാഷയാണ് സും (Sum) അർത്ഥമാക്കുന്നത്. 'ഒരുമിച്ച്' എന്നാണ് പിറോ (Phero) അർത്ഥമാക്കുന്നത് 'ഒരു ഭാരം വഹിക്കുക' എന്നാണ്. ഇതിന്റെ അർത്ഥം. 'പ്രയോജനകരമായത്' എന്നാണ് എഫെ. 4ൽ പൗലൂസ് പറഞ്ഞിരിക്കുന്നത്. ആത്മീയവരങ്ങൾ നൽകപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരമായ സഭയുടെ പണിക്കും ആത്മീകവർദ്ധനവിനുമാണ്.

ദൈവം നമ്മെ വിളിച്ചിരിക്കുന്ന ലക്ഷ്യം നിറവേറ്റുവാൻ കൃപാവരങ്ങളുടെ ഉപയോഗം കൂടാതെ സാധ്യമല്ല. നമ്മുടെ കൃപാവരത്തെ കണ്ടുപിടിക്കുവാനും ഉന്നതമായ അവസ്ഥയിലെത്തുവാനും ഗൗരവപൂർണ്ണമായി നാം ശ്രമിക്കുന്നുവെങ്കിൽ കൃപാവരം കണ്ടെത്തുവാനല്ല, പിന്നെയോ കൃപാവരങ്ങൾ നൽകുന്നവനായി കാത്തിരിക്കുകയാണ് ചെയ്യേണ്ടത്. ദൈവവചനം പഠിക്കുക, ഒരു ദാസന്റെ മനോഭാവം വളർത്തിയെടുക്കുക, മറ്റാരും ചെയ്യുവാൻ ആഗ്രഹിക്കാത്ത ജോലികൾ ചെയ്യുവാൻ തയ്യാറാവുക, ഏറ്റവും ഒടുക്കത്തെ ആളും ഏറ്റവും നിസാരനും ആകുവാൻ ശ്രമിക്കുക. യേശു തന്റെ ശിഷ്യന്മാരെ തുടർമാനമായി പഠിപ്പിക്കുവാൻ ശ്രമിച്ച പാഠം പഠിക്കുക. ദൈവത്തിന്റെ സാമ്പത്തികശാസ്ത്രത്തിൽ സ്വയം താഴ്ത്തുന്നതാണ് ഉയർച്ചയിലേക്കുള്ള വഴി.

> *അവൻ കഫർന്നഹൂമിൽ വന്നു വീട്ടിലിരിക്കുമ്പോൾ, നിങ്ങൾ വഴിയിൽവച്ച് തമ്മിൽ വാദിച്ചതെന്ത് എന്ന് അവരോടു ചോദിച്ചു. അവരോ തങ്ങളുടെ ഇടയിൽ വലിയവൻ ആർ എന്നു വാദിച്ചതുകൊണ്ട് മിണ്ടാതെയിരുന്നു. (മർക്കോ.9:33-34)*

"അവരെ വലിയവരാക്കുക" എന്നുള്ള കർത്താവിന്റെ ആഗ്രഹത്തിൽ ഇടപെട്ട ശിഷ്യന്മാർ അംഗീകരിക്കപ്പെടുവാനും പുകഴ്ത്തപ്പെടുവാനുമുള്ള അവരുടെ സ്വയമായ പരിശ്രമം നടത്തുന്നു. ഇത് ആദ്യത്തെ അവസരമല്ല അവസാനത്തേതുമായിരിക്കില്ല.

മർക്കോ. 9:1-32 വായിച്ചാൽ ഈ സംഭാഷണത്തിലേക്ക് ശിഷ്യന്മാരെ എത്തിച്ച സംഭവങ്ങൾ നമുക്ക് കാണു

സാന്നിദ്ധ്യം ആത്മാധിവാസത്തെയാണ് കാണിക്കുന്നത്. എന്നാൽ ആത്മഫലം വെളിപ്പെടുന്നത് ആത്മനിറവിനെയാണ്. ആത്മവരങ്ങളെ അനുകരിക്കുവാൻ സാധിക്കും. എന്നാൽ ആത്മഫലങ്ങൾ അനുകരിക്കപ്പെടുന്നില്ല. ആത്മാവിന്റെ ഫലം വെളിപ്പെടുന്നില്ലെങ്കിൽ ആത്മാവിന്റെ വരത്തിന്റെ പ്രവർത്തി അംഗീകരിക്കപ്പെടുന്നില്ല (1കൊരി 13:1-4). കൊരിന്ത്യർ എല്ലാ കൃപാവരങ്ങളും ഉള്ളവരായിരുന്നു (1കൊരി 1:7) കൂടാതെ കൃപാവരങ്ങൾ ഉപയോഗിക്കുന്നതിൽ വളരെ പ്രാധാന്യം നൽകിയിരുന്നു. (1കൊരി 12:14) എന്നാലും അവർ ജഢികന്മാരായിരുന്നു. (1കൊരി 3:1) ആത്മവരത്തെക്കാൾ അധികം പ്രാധാന്യം നൽകേണ്ടത് ഫലത്തിനാണ്. എവിടെ ഫലമുണ്ടോ അവിടെ ആത്മീയവരം പ്രവർത്തിക്കും, പൗലോസ് ഇതിനെ വിളിക്കുന്നത് ആതിശ്രേഷ്ഠമായൊരു മാർഗ്ഗം എന്നാണ് (1കൊരി 12:31).

6. റോമർ 12, 1കൊരി 12, എഫെ 4, 1പത്രോസ് 4 എന്നി വേദഭാഗങ്ങളിലായി 20 കൃപാവരങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പത്രോസ് കൃപാവരങ്ങളെ രണ്ടായി തിരിച്ചിരിക്കുന്നു. സംസാരവരങ്ങളെന്നും ശുശ്രൂഷവരങ്ങളെന്നും. ദൈവവചനം വരങ്ങളെ താല്ക്കാലിക വരങ്ങളെന്നും നിലനിൽക്കുന്ന വരങ്ങളെന്നും വിഭജിച്ചിരിക്കുന്നു. (1കൊരി 13:8-10; എബ്രായർ 2:1-4) താല്ക്കാലികങ്ങളായ വരങ്ങളുടെ വിഭാഗത്തിൽപ്പെട്ടത് പ്രവചനം - ദൈവവചനം പൂർണ്ണമായി എഴുതിക്കിട്ടുവാൻ മുഖാന്തരമായ വരം, ജ്ഞാനം- ദൈവവചനത്തിൽ രേഖപ്പെടുത്തുന്നതിനു മുമ്പ് സത്യം അറിയുവാനുള്ള കഴിവ്, ഭാഷാവരം - സംസാരിക്കുന്ന വ്യക്തിക്ക് അറിയാൻ പാടില്ലാത്ത ഭാഷകളിൽ സംസാരിക്കുവാനുള്ള കഴിവ്. യിസ്രയേൽ ജനത്തിനു മുന്നറിയിപ്പായിട്ടാണ് ഭാഷകൾ പ്രത്യേകം നൽകപ്പെട്ടിരിക്കുന്നത് (യെശയ്യാ 28:11).
7. ആത്മികവരങ്ങൾ വളർത്തുകയൊ ജ്വലിപ്പിക്കുകയോ ചെയ്യണം (2തിമോ 1:6) ഇത് അർത്ഥമാക്കുന്നത് ഇതിനു വേണ്ടിയുള്ള ഒരുക്കവും പരിശീലനവും വേണമെന്നാണ്. റോമർ 12:6 അനുസരിച്ച് ഓരോ വിശ്വാസിയും തനിക്ക് ലഭിച്ചിരിക്കുന്ന കൃപാവരംകൊണ്ട് ശുശ്രൂഷിക്കണം മാത്രമല്ല തനിക്കില്ലാത്ത കൃപാവരം ജ്വലിപ്പിക്കുവാൻ ശ്രമിക്കരുത്. 'ഞാൻ നിനക്കു നല്കിയതുകൊണ്ട് എന്തുനേടി' എന്നു ദൈവം നമ്മോട് ചോദിക്കുന്ന ഒരു ദിവസം വരുന്നു (1കൊരി 12:7,11,18; എഫേ 4:7-16)

വാൻ കഴിയും. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവർ ഇപ്പോൾതന്നെ 'മറുരൂപമലയിലെ ഉന്നതമായ അനുഭവം' കഴിഞ്ഞതേയുള്ളൂ. യേശു അവരെ ഒരു വലിയ മലയിലേക്ക് കൊണ്ടുപോയി അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു.മോശയും ഏലിയാവും കർത്താവായ ക്രിസ്തുവിനോട് തന്റെ മഹത്വത്തിൽ സംസാരിക്കുന്നത് അവർ കണ്ടു. അവർ ദൈവശബ്ദം കേട്ടു.

ഈ അത്ഭുതകരമായ കാഴ്ച അവർ കണ്ടുകൊണ്ടിരുന്നപ്പോൾ മറ്റു ശിഷ്യന്മാർ താഴ്വരയിലായിരുന്നു. അവർ ഒരു ശിശുവിൽനിന്നു ഭൂതത്തെ പുറത്താക്കുവാനുള്ള വൃഥാപരിശ്രമത്തിലായിരുന്നു. അവർ പ്രതീക്ഷയോടെ നിന്ന ജനസമൂഹത്തിന്റെ മുമ്പിൽ പരാജയപ്പെടുകയായിരുന്നു.

യേശുവും മൂന്ന് ശിഷ്യന്മാരും മടങ്ങിവന്നപ്പോൾ ഈ ശിഷ്യന്മാരെക്കുറിച്ചുള്ള പരാതിയാണ് ആദ്യമായി കേട്ടത്. യേശു ജനത്തെ ഓർപ്പിക്കുന്നത്, "വിശ്വസിക്കുന്നവന് സകലവും കഴിയും" എന്നാണ്. (മർക്കോ. 9:23) യേശു തന്നെ ബാലനിൽനിന്നു ഭൂതത്തെ പുറത്താക്കി. മർക്കോ. 9:30ൽ പറയുന്നത് യേശുവും ശിഷ്യന്മാരും ഗലീലയിൽകൂടി സഞ്ചരിച്ചുയെന്നാണ്. വഴിയിൽവച്ച് തനിക്കു സംഭവിക്കുവാൻ പോകുന്ന തള്ളിപറച്ചിൽ, മരണം, പുനരുത്ഥാനം ഇവയെക്കുറിച്ചു സംസാരിക്കുവാൻ ആരംഭിച്ചു.

ഈ രംഗം ചിന്തിക്കുക, ചില ശിഷ്യന്മാർക്ക് വലിയ പദവി അനുഭവിക്കുവാൻ ഇടയാകുമ്പോൾ മറ്റൊരു കൂട്ടർ തങ്ങൾ പൂർത്തീകരിക്കേണ്ട ജോലി പൂർത്തിയാക്കാൻ കഴിവില്ലാത്തവരായി നിൽക്കുന്നു. ശിഷ്യന്മാർ പഠിക്കേണ്ട ഏറ്റവും വിഷമമേറിയ പാഠം പഠിപ്പിക്കുവാൻ ഒരുങ്ങുമ്പോൾ മൂന്ന് ശിഷ്യന്മാർ ആത്മികമായി ഉയർന്നതലത്തിലായിരിക്കുന്നു. മറ്റുള്ളവർ ആത്മികമായ വിഷാദത്തിലായിരിക്കുന്നു. പൗലോസ് പിന്നീട് സുവിശേഷത്തിന്റെ പ്രധാനവിഷയങ്ങളായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ (1കൊരി.15:3-5) കർത്താവ് അവർക്ക് വിശദമാക്കുന്നു. ഈ നിമിഷത്തിൽ ശിഷ്യന്മാരുടെ സാഹചര്യങ്ങൾ അവരുടെവിജയങ്ങളും പരാജയങ്ങളും ഗൗനിക്കുന്നില്ല.

അവരല്ല ഇവിടെ വിഷയം. യേശുക്രിസ്തുവായിരുന്നു പ്രധാന വിഷയം. യേശുക്രിസ്തു അവരെ പഠിപ്പിക്കാനാഗ്രഹിച്ച കാര്യങ്ങളായിരുന്നു പ്രധാനപ്പെട്ടത്.

എന്നാൽ ശിഷ്യന്മാർ ശ്രദ്ധിക്കുന്നില്ല. അവർ അസ്വസ്ഥരായിരുന്നു. എന്തുകൊണ്ട്? എന്തുകൊണ്ടാണവർ യേശുക്രിസ്തുവിന്റെ വലുപ്പത്തെക്കുറിച്ച് ബോധവാന്മാരാകാഞ്ഞത്? കാരണം അവർ സ്വന്ത വലുപ്പത്തെക്കുറിച്ച് ബോധവാന്മാരാകുന്നു. തങ്ങൾ കാണപ്പെടേണ്ടത് എങ്ങനെയെന്നുള്ളതായിരുന്നു പ്രധാനം. നാം നമ്മെക്കുറിച്ച് പ്രാധാന്യംകൊടുത്ത് ചിന്തിക്കുമ്പോൾ യേശുക്രിസ്തുവിന്റെ പ്രാധാന്യം ഗ്രഹിക്കുവാൻ കഴിയുന്നതല്ല. കൂടാതെ ദൈവവചനം കേൾക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നുമില്ല.

തന്നെ ശിഷ്യന്മാർ ശ്രദ്ധിക്കുന്നില്ലായെന്നു മനസ്സിലാക്കിയ യേശു അവരോട് ചോദിക്കുകയാണ് 'നിങ്ങൾ വഴിയിൽവച്ച് വാദിച്ചതെന്ത്?' ഡയാലോഗിസോമിയ (dialogzieomia) എന്ന വാക്കിൽനിന്നാണ് 'വാദിക്കുക' എന്ന വാക്കുണ്ടായത്. ഇതിന്റെ അർത്ഥം കക്ഷികൾ തമ്മിലുള്ള ലളിതമായ സംഭാഷണം അല്ലെങ്കിൽ വാദപ്രതിവാദം, തർക്കം തുടങ്ങിയവയാണ്. ഇവിടെ എല്ലാ ശിഷ്യന്മാരും ഒരു തർക്കത്തിലെ കക്ഷിയാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന അപൂർണ്ണകാലം വ്യക്തമാക്കുന്നത് അവർ തർക്കിച്ചുകൊണ്ടേയിരിക്കുന്നു എന്നാണ്. വീണ്ടും വീണ്ടും അവർ വാദിച്ചുകൊണ്ടിരുന്നു. കുട്ടികളുള്ള ആർക്കും ഈ യാത്ര എങ്ങനെയുള്ളതാണെന്നു മനസിലാകും. യേശു അവരോടൊപ്പം നടക്കുന്നു. യേശു അവരെ പഠിപ്പിക്കുവാൻ ആരംഭിക്കുന്നു. യേശു പറയുന്നു, 'ഇപ്പോൾ പുരുഷന്മാരെ നിങ്ങൾ മനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിക്കുന്ന കാര്യം ഞാൻ യെരുശലേമിലേക്കു പോകുന്നു, ഞാൻ തള്ളിക്കളയപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യും' തന്റെ പിറകിൽ പത്രോസ് യോഹന്നാനെ തന്റെ കൈമുട്ടുകൊണ്ട് കുത്തിക്കൊണ്ട് പറയുന്നു. 'നോക്കുക ഞാനാണ് ഏറ്റവും വലിയവൻ' കർത്താവ് പറയുന്നു 'ഞാൻ കല്ലറക്കുള്ളിൽ ഇരിക്കുവാൻ പോകുന്നു. മൂന്നു ദിവസങ്ങൾക്കുശേഷം ഞാൻ ഉയർത്തെഴുന്നേൽക്കുവാൻ പോകുന്നു" മാത്തായി പിന്നിൽ നിന്നു പത്രോസിനെ തള്ളിമാറ്റികൊണ്ട് ചോദിക്കുന്നു 'ആരു പറഞ്ഞു'?

യേശു അറിയില്ലെന്നു ചിന്തിച്ചുകൊണ്ട് ശിഷ്യന്മാർ നിരന്തരമായി തർക്കിച്ചത്. "ഞാൻ നിങ്ങളെക്കാൾ വലിയവനാണ്, ഞാൻ കൂടുതൽ അതിശയകരമായ കാര്യങ്ങൾ കണ്ടു, ഞാൻ ഇതു ചെയ്തു ഞാൻ അതു ചെയ്തു" എന്നിങ്ങനെയാണ്.

ഗ്രീക്കിൽ ഏറ്റവും വലിയവൻ എന്നതിനുപയോഗിച്ചിരിക്കുന്നത് മെയ്സോൺ (Meizon) മെഗാസ് (Megas) എന്ന വാക്കിന്റെ ഉന്നതമായ പദമാണ്, ഇതിന്റെ അർത്ഥം "വലിയവൻ" എന്നാണ്. മെയ്സോൺ എന്നത് ഏറ്റവും

ഉയർന്ന രൂപമാണ്. ഇതിന്റെ അർത്ഥം വലിയവരിൽ ഏറ്റവും വലിയവൻ എന്നാണ്.

കർത്താവ് ഗദ്സമനാ തോട്ടത്തിൽ പിടിക്കപ്പെട്ടപ്പോൾ എല്ലാവരും ഓടിപോയതിൽ എന്തെങ്കിവും അ ത്ഭുതമുണ്ടോ? സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾ അവർ മറന്നു പോയതിൽ അത്ഭുതമുണ്ടോ?

പുനരുത്ഥാനത്തിന്റെ ആദ്യ ഞായറാഴ്ച ശിഷ്യന്മാർ ഭയപ്പെട്ട് നിരാശരായി പ്രത്യാശയില്ലാതെ അടച്ചിട്ട മുറിക്കുള്ളിൽ ഇരിക്കുന്നതിൽ എന്തെങ്കിലും അത്ഭുതപ്പെടുവനുണ്ടോ? ഇതിലൊന്നും അത്ഭുതപ്പെടുവനായിട്ട് ഒന്നുമില്ല. കാരണം യേശു പഠിപ്പിച്ചപ്പോൾ അവർ യേശു ആരെന്നോ യേശു എന്താണ് ചെയ്യുന്നതെന്നോ ചിന്തിച്ചില്ല. അവരുടെ ശ്രദ്ധ മുഴുവൻ അവരുടെ സ്വന്ത വലിപ്പത്തെക്കുറിച്ചായിരുന്നു.

> *അവൻ ഇരുന്ന് പന്തിരുവരെയും വിളിച്ചു, "ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം" എന്നു പറഞ്ഞു. ഒരു ശിശുവിനെ എടുത്തു അവരുടെ നടുവിൽ നിറുത്തി അണച്ചുകൊണ്ടു അവരോട്, "ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈകൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവനോ എന്നയല്ല എന്നെ അയച്ചവനെ കൈകൊള്ളുന്നു" എന്നു പറഞ്ഞു. (മർക്കോസ് 9:35-37)*

ഒരു യഹൂദ റബ്ബി ഒരു പ്രധാനപ്പെട്ട പാഠം പഠിപ്പിക്കുമ്പോൾ അദ്ദേഹം ഇരിക്കും. ഇത് തന്റെ ശിഷ്യന്മാരും അവരുടെ സ്ഥാനത്ത് ഇരിക്കണം എന്നുള്ളതിന്റെ സൂചനയാണ്, ഗുരു പഠിപ്പിക്കുവാൻ ഒരുങ്ങുകയാണ്. യേശു ഇരുന്ന് പന്തിരുവരുവരെ തന്റെ അടുക്കലേക്ക് വിളിക്കുന്നു.

അവർ ഉപയോഗിച്ച അതേ വാക്കുകൾ തന്നെ യേശുവും ഉപയോഗിക്കുന്നു. 'വലിയവൻ' എന്നുള്ളത് 'മുമ്പൻ' എന്ന് മാറ്റം വരുത്തുന്നു. യേശു എന്തുകൊണ്ടാണ് അങ്ങനെ ചെയ്തത്? കാരണം അവർ എന്താണ് ആഗ്രഹിക്കുന്നതെന്ന് കർത്താവിനറിയാം. അതുപോലെ നമ്മുടെ ആവശ്യങ്ങളെന്തല്ലാമെന്ന് കർത്താവിനറിയാം. അവർ യഥാർത്ഥമായ മഹത്വമല്ല, പ്രാധാന്യം ആണ് ആവശ്യപ്പെടുന്നത്. അവർ അംഗീകാരം ലഭിക്കുവാൻ ആഗ്രഹിക്കുന്നു. ശിഷ്യന്മാരുടെ ന്യായമല്ലാത്ത ആഗ്രഹത്തിനെതിരെ ശക്തമായ പ്രഹരമാണ് യേശു നടത്തുന്നത്. അതേസമയം യഥാർത്ഥത്തിൽ വലിയവൻ ആകുവാനുള്ള മാർഗ്ഗം അവൻ കാണിച്ചു കൊടുക്കയും ചെയ്യുന്നു.

"ഒടുക്കത്തേവൻ" എന്നതിനു ഉപയോഗിച്ചിരിക്കുന്നത് എസ്ക്കാറ്റോസ് (eschatos) എന്നാണ്. ഇതിന്റെ അർത്ഥം 'ക്രമത്തിൽ അവസാനത്തേത്, സ്ഥാനത്തിൽ അവസാനത്തേക്ക് എന്നാണ്. 'ശുശ്രൂഷകൻ' എന്നതിനു ഉപയോഗിച്ചിരിക്കുന്നത്, ഡയാക്കാനോസ് (diakonos) എന്നാണ് 1കൊരിന്ത്യർ 12:5ൽ ശുശ്രൂഷകൾ എന്നതിനുള്ള അടിസ്ഥാനവാക്കാണിത്. പുരാതനലോകത്തിൽ ശുശ്രൂഷകൻ (diakonos) ഒരു മേശയിലെ ശുശ്രൂഷകൻ, ഒരു പൊതു സേവകൻ, മറ്റുള്ളവനെ ശുശ്രൂഷിക്കുക എന്നുള്ള ഏക ലക്ഷ്യത്തോടെ ജീവിക്കുന്നവൻ ആണ്. ഡയ്ക്കനോസ് ശുശ്രൂഷകൊണ്ട് തന്റെ ജീവിതത്തെ നിറച്ചിരിക്കുന്നു. അവൻ തന്റെ ജീവിതം ശുശ്രൂഷക്കായി മാറ്റി വെച്ചിരിക്കുന്നു. അവന്റെ ജീവിതത്തിന്റെ ഏകലക്ഷ്യം ശുശ്രൂഷയാണെന്ന് മറ്റുള്ളവർ തിരിച്ചറിഞ്ഞിരിക്കുന്നു.

യേശു ശിശുവിനെക്കൊണ്ട് രണ്ട് കാര്യങ്ങൾ ചെയ്യുന്നത് ശ്രദ്ധിക്കുക. ശിശുവിനെ എടുത്ത് ശിഷ്യന്മാരുടെ നടുവിൽ നിർത്തുന്നു. ആ ശിശുവിനെ ശ്രദ്ധിക്കുവാൻ ശിഷ്യന്മാരെ അനുവദിക്കുന്നു തുടർന്ന് ആ കുട്ടിയെ തന്റെ കരങ്ങൾ കൊണ്ട് അണക്കുന്നു. "അണക്കുക" എന്നതിനു ഗ്രീക്ക് വാക്ക് എനാഗ്ക്ലിസോമായ് (enagkalizomai) ആണ്. ഇതിന്റെ അർത്ഥം "ആലിംഗനം ചെയ്യുക" എന്നാണ്. ആ കുട്ടിയെ തന്റെ അരികിൽ ചേർത്തു നിർത്തികൊണ്ട് മഹാന്മാരിയിരിക്കുവാനുള്ള പാഠം പഠിപ്പിക്കുന്നു.

"കൈകൊള്ളുക" എന്നതിനുള്ള വാക്ക് 'ഡിച്ചോമായ്' ആണ്. ഇതിന്റെ അർത്ഥം സ്വാഗതം ചെയ്യുക എന്നാണ്. ഈ വാക്കിന്റെ അർത്ഥം സാധാരണയായി ആളുകളെ സ്വാഗതം ചെയ്യുക എന്നതല്ല. പിന്നെയോ ആളുകളെ ആലിംഗനം ചെയ്ത് സ്വീകരിക്കുക എന്നാണ്. യേശു തന്റെ വാക്കുകൾ കൊണ്ട് എന്താണ് പഠിപ്പിക്കുന്നതെന്നു ഇപ്പോൾ തന്നെ മാതൃകകാട്ടി തെളിയിച്ചിരിക്കുന്നു. വെറുതെ അംഗീകരിക്കുന്നതിനെ കുറിച്ചല്ല കർത്താവ് പറയുന്നത് പിന്നെയോ ഊഷ്മളമായ സ്വീകരണത്തെക്കുറിച്ചാണ്. ഇങ്ങനെ സ്വീകരിക്കേണ്ടത് ഏറ്റവും പ്രധാന്യം കുറഞ്ഞവരേയും ചെറിയവരേയും ആണ്.

ഇവിടെ ശ്രദ്ധിക്കേണ്ടത്, ശിശുവിനെ സ്വീകരിക്കുവാൻ മാത്രമല്ല കർത്താവ് പറഞ്ഞത്, പിന്നെയോ 'എന്റെ നാമത്തിൽ' അത് ചെയ്യുവാനാണ്. യേശുക്രിസ്തുവിനെ സേവിക്കുക എന്നുള്ളതായിരിക്കണം നമ്മുടെ പ്രചോ

## സൗമ്യത

1. സൗമ്യത അന്വേഷിക്കേണ്ടതാണ് (സെഫ 2:3)
2. സംയമനത്തിലൂടെ സൗമ്യത വെളിപ്പടുത്തേണ്ടതാണ് (ലൂക്കോസ് 6:28-29)
3. പരിശുദ്ധാത്മാവിന്റെ ഫലമാണ് സൗമ്യത (ഗലാ 5:22-23)
4. സൗമ്യതയോടെ ഉപദേശിക്കണം (2 തിമോ 2:25; 2കൊരി 10:1)
5. വചനം സൗമ്യതയോടെ കൈകൊള്ളണം (യാക്കോ 1:21)
6. ദൈവമുമ്പാകെ സൗമ്യത വില തിരാത്തതാണ് (യാക്കോബ് 4:6; 1പത്രോ 5:5)
7. ദൈവികമായ ഉയർച്ചക്കുള്ള വഴിയാണ് (1പത്രോസ് 5:6)
8. സൗമ്യതയാണ് ആത്മാഭിമാനത്തിന്റെ അടിസ്ഥാനം (റോമർ 12:3)
9. കർത്താവായ യേശുക്രിസ്തുവിൽ സൗമ്യത പൂർണ്ണമായി വെളിപ്പെടുത്തി (യെശയ്യ 53:7; മത്തായി 11:29; 21:5, ഫിലി 2:5)

ദനം. ജീവിതത്തിലെ എറ്റവും ചെറിയ പ്രവർത്തനത്തിൽ പോലും ഇത് എപ്രകാരം ഉൾപ്പെട്ടിരിക്കുന്നു എന്നു ചിന്തിക്കുക. കർത്താവിനോടുള്ള സ്നേഹം നിമിത്തം നാം കർത്താവിന്റെ നാമത്തിൽ ചെയ്യുന്നതെല്ലാം കർത്താവിനായി ചെയ്യുന്നതാണ്.

നമുക്ക് സേവന മനോഭാവമുണ്ടോയെന്നു നാം സ്വയം പരിശോധിക്കണം. അതിനുശേഷം നാം എത്രത്തോളം സേവനം നടത്തണമെന്ന് തീരുമാനിക്കണം. ഈ ഭൂമിയിലെ നമ്മുടെ സേവനത്തിനും വളർച്ചക്കും നിത്യതയിലെ നമ്മുടെ വലിപ്പത്തിനും അതിരുകൾ നിശ്ചയിക്കുവാൻ ദൈവം നമ്മെ അനുവദിച്ചിരിക്കുന്നു. ഇപ്പോൾ നാം എത്രത്തോളം താഴേക്കു പോകുവാൻ തയ്യാറാകുന്നുവോ അത്രത്തോളം ശ്രദ്ധിക്കപ്പെടാതെയും അംഗീകാരം ലഭിക്കാതെയും ശുശ്രൂഷിക്കുവാൻ ഒരുക്കമുള്ളവരായിരിക്കും, അപ്പോൾ നാം സ്വർഗ്ഗത്തിൽ നിത്യത മുഴുവൻ കൂടുതൽ വലിയവരായിരിക്കും.

> *"എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല മരവും മണ്ണും കൊണ്ടുള്ളവയും ഉണ്ട്. ചിലത് മാന്യകാര്യത്തിനും ചിലതു ഹീനകാര്യത്തിനും ഉപയോഗിക്കുന്നു ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും." (2തിമൊ 2:20-21).*

ഏതൊരു വലിയ യഹൂദ ഭവനത്തിലും അനേകം പാത്രങ്ങളുണ്ടായിരിക്കും. ചിലത് സ്വർണ്ണത്താലും ചിലത് വെള്ളിയാലും നിർമ്മിച്ചതാണ്. സ്വർണ്ണവും വെള്ളിയും വളരെ വിലയേറിയ വസ്തുക്കളാണ്. അവ കൊണ്ടുണ്ടാക്കിയ പാത്രങ്ങൾ പ്രത്യേക ആവശ്യത്തിനുള്ളതാണ്. അതുപോലെ മരം കൊണ്ടുള്ളതും കളിമണ്ണ് കൊണ്ടുള്ളതുമുണ്ട്. അവ പൊതു ആവശ്യത്തിനുള്ളതാണ്. അതുകൊണ്ട് അവയെ സാധാരണ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഇവിടെ പൗലോസ് സംസാരിക്കുന്നത് സ്വർഗ്ഗീയ ഭവനത്തെക്കുറിച്ചുമാണ്. ഇത് യേശുക്രിസ്തുവിലുള്ള വിശ്വാസം എന്ന ശക്തിയേറിയ അടിസ്ഥാനത്തിൽ നിർമ്മിച്ചതാണ് (1കൊരി3:11). ഓരോ വിശ്വാസിയും ഈ ഭവനത്തിലെ പാത്രങ്ങളാണ്.

നാം ഏത് തരത്തിലുള്ള പാത്രമായി തീരണമെന്നുള്ളത് തീരുമാനിക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു. നാം സാധാരണ പാത്രമായിരുന്നാൽ സാധാരണ ജോലികൾക്കായി ഉപയോഗിക്കപ്പെടും. നാം ആത്മീയമായി ഉന്നതനിലവാരമുള്ളവരായാൽ ദൈവം നമ്മെ ഉയർന്ന കാര്യത്തിനുവേണ്ടി ഉപയോഗിക്കും.

മാനപാത്രങ്ങൾ ആയി തീരുവാൻ നാം എന്താണ് ചെയ്യണ്ടേത്? ശുദ്ധീകരണത്തിലൂടെയാണ്. 1യോഹന്നാൻ

1:9-ൽ നാം കാണുന്നത്, നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞാൽ ദൈവം നമ്മോട് ക്ഷമിക്കുകയും സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു എന്നാണ്. ഇത് ദൈവത്തിന്റെ വാഗ്ദത്തമാണ്.

ഏതൊരു വ്യക്തി സ്വയം ശുദ്ധീകരിക്കുന്നുവോ "അവൻ ഉടമസ്ഥനു ഉപയോഗമായി നല്ല വേലേക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും." എന്നു പൗലോസ് പറയുന്നു ഈ ഉറപ്പ് ഭാവികാലത്തിലാണ് പറഞ്ഞിരിക്കുന്നത്. ഇത് ചൂണ്ടിക്കാണിക്കുന്നത് വിശ്വാസി രക്ഷിക്കപ്പെടുന്ന സമയം മുതൽ മുന്നോട്ടു നയിക്കുന്ന സാധാരണവും ക്രമാനുഗതവുമായി പ്രവർത്തനം മൂലമാണ് ഈ വാഗ്ദത്തം ലഭിക്കുന്നത്. ഇവിടെ വിശ്വാസി ഏറ്റുപറച്ചിൽ തുടരുന്നു.

കർത്താവായ യേശുവിൽ വിശ്വസിച്ച് ദൈവത്തിന്റെ രാജകീയ കുടുംബത്തിൽ അംഗമായി തീർന്നശേഷം ചില സന്ദർഭങ്ങളിൽ നമ്മൾ പാപം ചെയ്യുന്നു. എന്നാൽ നാം പാപം ഏറ്റുപറയുന്ന നിമിഷം നാം യഥാസ്ഥാനപ്പെടുകയും നമ്മുടെ സ്വർഗ്ഗീയ യാത്രയിൽ മുന്നോട്ടുപോകുകയും ചെയ്യുന്നു. നാം ദൈവവചനമാകുന്ന പാൽ കുടിക്കുന്നു. നാം വളരുന്നു. ക്രമേണ നാം ആഴമേറിയ ഉപദേശത്തിന്റെ കട്ടിയായ ആഹാരം കഴിക്കുന്നു. ഭൂമിയിലെ നമ്മുടെ ജീവിതകാലത്തിൽ നാം പാപംചെയ്യും. എന്നാൽ നാം വളരുമ്പോൾ വേഗത്തിൽ പാപം ഏറ്റുപറയുന്നു, മാത്രമല്ല ദീർഘമായ കാലയളവ് കർത്താവുമായി കൂട്ടായ്മയിലായിരിക്കുവാൻ നാം പഠിക്കുന്നു. നാം ഈ ഉയരത്തിലേക്കുള്ള പടികളിലൂടെ തുടർമാനമായി മുന്നേറുമ്പോൾ നാം ആത്മീയപക്വതയുടെ ഉയർന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. അപ്പോൾ ദൈവം അത്ഭുതകരമായി ഉപയോഗിക്കപ്പെടുന്ന പ്രത്യേക മാനപാത്രങ്ങളായി നാം തീരും.

നമ്മുടെ തുടർമാനമായ ശുദ്ധീകരണത്തിന്റെ മൂന്ന് ഫലങ്ങളാണ് വിശുദ്ധീകരണം, ഉപയോഗ്യം, ഒരുക്കപ്പെടൽ. ഓരോ ദിനവും തുടർമാനമായി ഈ ശുദ്ധീകരണം നടത്തുന്ന വ്യക്തി ക്രമേണ വിശുദ്ധീകരിക്കപ്പെട്ട് ഉപയോഗ യോഗ്യമായ ഒരുക്കപ്പെട്ട അവസ്ഥയിലാകുന്നു.

വിശുദ്ധീകരിക്കുക എന്നത് അർത്ഥമാക്കുന്നത് ദൈവത്തിനായി 'വേർതിരിക്കുക' എന്നാണ്. ഇവിടെ പൗലോസ് ഉപയോഗിക്കുന്നത് ഹാഗിയോസോ (Hagiazo) എന്നതിന്റെ പൂർണ്ണ കർമ്മിണിക്രിയ ബന്ധമാണ്. പൂർണക്രിയ മുമ്പ് സംഭവിച്ചതിന്റെ തുടർമാനമായ ഫലവുമാണ്. ഈ പ്രയോഗം ചൂണ്ടിക്കാണിക്കുന്നത് ഈ പ്രവർത്തി നാം രൂപപ്പെടുത്തിയതല്ലെന്നാണ്. പൗലോസ് പറയുന്നത് ഭൂതകാലത്തിലെങ്ങോ നാം ശുദ്ധീകരിക്കപ്പെട്ടു അതിന്റെ ഫലമായി ഇപ്പോൾ നാം തുടർമാനമായി ശുദ്ധീകരിക്കപ്പെട്ടു കൊണ്ടേ ഇരിക്കുന്നു. നാം അനുദിനം ക്രൂശിന്റെ വെളിച്ചത്തിൽ ജീവിക്കുന്നു. അത് നമ്മുടെ കർത്താവുമായി കൂട്ടായ്മയിലാണു ജീവിക്കുന്നത്. നാം ഇത് ചെയ്യുന്നതുകൊണ്ട് നാം ദൈവത്തിനായി വേർതിരിക്കപ്പെടുവാൻ പോകുന്നു.

'ഉപയോഗ യോഗ്യമായത് എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് യുച്ചരസ്ഫോസ് എന്നാണ്. ഇതിന്റെ അർത്ഥം പ്രവർത്തനത്തെ സംബന്ധിച്ചത്, ഉപയോഗത്തിനു പറ്റിയത് എന്നിങ്ങനെയാണ്. ജീവിതത്തിൽ നമ്മെ പ്രവർത്തനത്തിനു ഒരുക്കുന്നത് എന്താണ്? ശുദ്ധീകരണവും ഏറ്റുപറച്ചിലും തുടർന്നു വളർച്ചയും. ഉപയോഗ യോഗ്യമായി തീരുന്നതിനുള്ള സൂത്രവാക്യം ഏറ്റുപറച്ചിൽ, ദൈവവചന പഠനം, വചനം പ്രായോഗികമാക്കൽ എന്നിവയാണ്.

'ഒരുങ്ങിയിരിക്കുക' എന്നതിന് ഹറ്റോയ്മാസോ (hetoimazo) എന്ന വാക്കാണ്. ഇതിന്റെ പൂർണ്ണ അർത്ഥം 'ഒരു പ്രത്യേക ജോലിക്കുവേണ്ടി ശരിയായ നിലയിൽ പരിശീലിപ്പിക്കുകയും തയ്യാറാക്കുകയും ചെയ്യുക എന്നതാണ്. നമ്മുക്ക് നമ്മെ തന്നെ ശുദ്ധീകരിക്കുവാൻ കഴിയുന്നതല്ല, അതുപോലെ നമുക്ക് നമ്മെതന്നെ ഒരുക്കുവാനും കഴിയുന്നതല്ല. നമുക്ക് ചെയ്യാൻ കഴിയുന്നത് നമ്മെതന്നെ ദൈവസന്നിധിയിൽ ലഭ്യമാക്കുകയാണ്. നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് നമ്മെ തന്നെ ദൈവമുമ്പാകെ താഴ്ത്തുകയാണ് ചെയ്യേണ്ടത്. നാം ശുദ്ധീകരിക്കപ്പെട്ട് പ്രയോജനപ്പെടുവാനും ദൈവത്തിനുവേണ്ടി ഒരുക്കപ്പെടുവാനും ആഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തിന് നമ്മെ ലഭ്യമാക്കുകയാണ് ചെയ്യേണ്ടത്.

## ദൈവത്തിനു ലഭ്യമായ ആളുകൾ

1. **മോശ** (സഖ്യ 12:3; എബ്രായർ 11:25-26) മോശയെ സംബന്ധിച്ചിടത്തോളം ദൈവിക പദ്ധതി നിറവേറ്റുവാൻ തന്നെ ലഭ്യമാക്കിയപ്പോൾ സ്വയം ത്യജിക്കുവാനും കഷ്ടത സഹിക്കുവാനും ഇടയായി.
2. **ദാവീദ്** (2ശമു 16:11, 1ശമു 16:13,17:37) ഗോല്യാത്തുമായി യുദ്ധം ചെയ്യുവാൻ ലഭ്യമായ ഏക വ്യക്തി ദാവീദ് മാത്രമായിരുന്നു. ദാവീദിനെ ഉന്നതമാക്കിയത് എന്താണ്? അവൻ യോദ്ധാക്കളിൽ നിന്നു മുന്നോട്ടു വന്നുകൊണ്ട് പറഞ്ഞു 'ഞാൻ ഒരുക്കമാണ്.' ഏതൊരു വ്യക്തിക്കും മുന്നോട്ടു വന്ന് യുദ്ധം ചെയ്യുവാൻ കഴിയുമായിരുന്നു. എന്നാൽ ഉന്നതനായി തീരുവാൻ ദാവീദ് സ്വയമായി തീരുമാനിക്കുകയായിരുന്നു.
3. **ഏലിയാവ്** (1 രാജാ 17:2-3,8-9) യഹുദന്മാരിലെ ഏറ്റവും വലിയ പ്രവാചകനായി ഏലിയാവിനെ പലരും കാണുന്നു. എന്താണ് ഏലിയാവിനെ വലിയവനാക്കിയത്? അവൻ ദൈവം പറഞ്ഞത് അതു പോലെ അനുസരിച്ച് കെരീത്ത് തോട്ടിന്നരികെ പോകുവാൻ തയാറായി. ദൈവം കല്പിച്ചു. അതുപോലെ ചെയ്തു. തുടർന്ന് ദൈവം ഏലിയാവിനോടു പറഞ്ഞത് സാരെഫത്തിനു പോകുവാനാണ്. അവൻ സാരെഫാത്തിനു പോയി. ഒരു എതിരും പറഞ്ഞില്ല, ഒരു പരാതിയുമില്ല, അവൻ അനുസരിച്ചു. ഏലിയാവ് ദൈത്തിന് ലഭ്യമായിരുന്നു.
4. **യെശയ്യാവ്** (യെശ 6:8) യെശയ്യാവിന്റെ ലഭ്യതയെ സംബന്ധിച്ച പ്രസ്താവന വളരെ ലളിതമാണ്. "അടിയനിതാ അടിയനെ അയക്കേണമെ."
5. **എസ്ഥേർ** (എസ്ഥേർ 4:16) പഴയനിയമത്തിലെ ഉന്നതരായ വനിതകളിൽ ഒരാളാണ് എസ്ഥേർ. അവളുടെ മരണത്തിലവസാനിക്കാവുന്ന ചില കാര്യങ്ങൾ അവൾ അഭിമുഖീകരിക്കേണ്ടി വന്നു. അതുകൊണ്ട് അവൾ പറഞ്ഞു "ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ", തന്നെ ലഭ്യമാക്കുവാൻ അവൾ തീരുമാനിനു.
6. **മറിയ** (ലൂക്കോസ് 1:38) കന്യകയായ മറിയ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കുമെന്നു പറഞ്ഞപ്പോൾ അവൾ പറഞ്ഞത് 'ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ' എന്നാണ്. അവൾക്ക് ദൂഷണവും അപവാദവും അഭിമുഖീകരിക്കേണ്ടി വരും, എന്നാൽ അതിനുള്ള വില കൊടുക്കുവാൻ അവൾ തയ്യാറായിരുന്നു.
7. **പൗലോസ്** (2 തിമോ 4:16) തന്റെ അവസാന വിചാരണയിൽ പൗലോസിനെ എല്ലാവരും കൈവിട്ടു എങ്കിലും ദൈവത്തിനു തന്നെത്തന്നെ പൗലോസ് ലഭ്യമാക്കി. താൻ സുവിശേഷം അറിയിക്കുവാൻ ആഗ്രഹിച്ചു ജനത്തിനുവേണ്ടി തന്റെ ശുശ്രൂഷയിലുടനീളം പൗലോസ് തന്റെ ജീവനെ നൽകി. (1തെസ്സ 2:8) കൂടാതെ തന്റെ ജീവിതയാത്രയിലുടനീളം കർത്താവിന്റെ ശുശ്രൂഷക്കായുള്ള തീരുമാനങ്ങൾ എടുത്തിരുന്നതുകൊണ്ട് തനിക്കുവേണ്ടി അവസാനം പ്രതിഫലം കാത്തിരിക്കുന്നുവെന്ന് (2തിമോ.4:6-8) പൗലോസ് മനസിലാക്കി.

## അസംസ്കൃത വസ്തുക്കൾ

അഞ്ച് റാത്തൽ തൂക്കമുള്ള ഇരുമ്പുകൊണ്ട് കുതിരയുടെ കാലിൽ തറക്കുവാനുള്ള ആണി ഉണ്ടാക്കിയപ്പോൾ അതിന്റെ മൂല്യം 300 രൂപയായി. എന്നാൽ അത് സൂചിയായി രൂപപ്പെടുത്തിയപ്പോൾ മൂല്യം 1,50,000 രൂപയായി. എന്നാൽ അത് വാച്ചിന്റെ സ്പ്രിംഗ് ആയി രൂപപ്പെടുത്തിയപ്പോൾ 1,25,00000 രൂപയയായി വർദ്ധിച്ചു. നാം നമ്മുടെ ദൈവത്തിന്റെ കൈയിലുള്ള അസംസ്കൃത വസ്തുക്കളാണ്. സ്വർഗ്ഗത്തിലുള്ള നമ്മുടെ മൂല്യമെന്താണ്? ഈ ഭൂമിയിൽ നമ്മുടെ ജീവിതങ്ങളെ ശുദ്ധീകരിക്കുവാൻ നാം എത്രത്തോളം ദൈവത്തെ അനുവദിക്കുന്നു എന്നതിന്റെ വെളിച്ചത്തിലാണ് ഇതിന്റെ ഉത്തരം.



# പാഠം 2–5:
# ലഭ്യമാകുന്ന പാത – *പ്രാർത്ഥന*

1 തെസ്സലൊനിക്യർ 5:16–18
മത്തായി 7:7–11
മത്തായി 26:36–45

പ്രാർത്ഥന വിശ്വാസികൾക്ക് ആവശ്യമായത് പ്രദാനം ചെയ്യുന്നു. ബൈബിൾ ദൈവത്തിനു നമ്മോടുള്ള ആശയവിനിയമവും പ്രാർത്ഥന അവിടുത്തോടുള്ള നമ്മുടെ പ്രതികരണവുമാണ്. ദൈവവചനത്തിൽനിന്ന് നമുക്കു നിർദ്ദേശങ്ങളും ധൈര്യവും ലഭിക്കുമ്പോൾ പ്രാർത്ഥനകളിലൂടെ നമ്മുടെ ആരാധനയും അപേക്ഷകളും ദൈവം സ്വീകരിക്കുന്നു. ബൈബിളിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവത്തോടുള്ള ആശയവിനിമയം ആരംഭിക്കുന്നതുവരെ, ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധം നാം ആഗ്രഹിക്കുന്ന നിലയിലേക്ക് വരികയില്ല.

> *എപ്പോഴും സന്തോഷിപ്പിൻ ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവയിഷ്ടം. (1തെസ്സ. 5:16–18)*

"മടുത്തുപോകാതെ പ്രാർത്ഥിക്കുക" ഇരുപത്തിനാലു മണിക്കൂറും നാം നിർത്താതെ പ്രാർത്ഥിക്കണമെന്നല്ല അർത്ഥമാക്കുന്നത്. പ്രാർത്ഥന ഇടയ്ക്കിടയ്ക്ക് ചുമയ്ക്കുവാൻ വരുന്ന പ്രേരണപോലെ ആകണമെന്നാണ് ഈ ഭാഷാപ്രയോഗത്തിന്റെ ആക്ഷരീകാർത്ഥം.

നാം നമ്മുടെ ഏറ്റവും അടുത്ത സ്നേഹിതനോടു സംസാരിക്കുന്നതുപോലെ ദിവസം മുഴുവനും ദൈവത്തോടു പ്രാർത്ഥിക്കണം. പരസ്പരം അറിയുന്ന രണ്ടു വ്യക്തികൾ തമ്മിൽ ഒരുമിച്ചു പ്രവർത്തിക്കുന്നു. രാവിലെ അവർ ആരംഭിക്കുന്ന സംഭാഷണം ദിവസം മുഴുവൻ നീണ്ടുപോകുന്നു. അവർ പരസ്പരം മുഖത്തോടു മുഖം നോക്കി നിശബ്ദമായി ഇരിക്കുകയോ ആംഗ്യങ്ങൾ മാത്രം കാണിക്കുകയോ ചെയ്താൽ അവരുടെ സംഭാഷണം നീണ്ടുപോകയില്ല. സ്നേഹിതന്മാർ തമ്മിൽ തമ്മിൽ സംസാരിക്കുമ്പോൾ ഒരു നൂറു കാര്യങ്ങൾ സംഭാഷണമധ്യേ വരാം. ചിലപ്പോൾ രാഷ്ട്രീയം, ജീവിതത്തിന്റെ അർത്ഥം, ഉച്ചഭക്ഷണത്തിന് എന്താണ്, സൂര്യാസ്തമനത്തിന്റെ മനോഹരമായ വർണ്ണങ്ങൾ എന്നിങ്ങനെ പലതും.

നാം പ്രാർത്ഥിക്കുമ്പോൾ നമുക്കു വാക്കുകൾകൊണ്ടു പറയാൻ കഴിയാത്ത കാര്യങ്ങൾ പരിശുദ്ധാത്മാവ് നമുക്കു പകരമായ് പിതാവിനോട് മധ്യസ്ഥത ചെയ്യും. ദൈവവചനം നമ്മുടെ ഹൃദയത്തിൽ സംഗ്രഹിച്ചിട്ടുണ്ടെങ്കിൽ ആവശ്യമായ ഘട്ടങ്ങളിൽ അവ നമ്മുടെ സ്മൃതിപഥത്തിൽ വരുവാൻ പരിശുദ്ധാത്മാവ് നമ്മളെ സഹാ

യിക്കും. നല്ല നിലവാരത്തിലുള്ള ഒരു ക്രിസ്തീയജീവിത സംവിധാനമാണ് നമുക്കുള്ളത്. പരിശുദ്ധാത്മനിറവിൽ നാം എത്രത്തോളം ആശ്രയിക്കുന്നുവോ അത്രത്തോളം ആ സംവിധാനം പരാജയപ്പെടാതെയിരിക്കും.

പ്രാർത്ഥന ആത്മാവിന്റെ ഒരു ജിംനേഷ്യം (അഭ്യസന കളരി) ആണെന്നു പറയപ്പെടുന്നു. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാവായ അഗസ്റ്റിൽ പറഞ്ഞു "എല്ലാം ദൈവത്തിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന നിലയിൽ പ്രാർത്ഥിക്കുക, എല്ലാം നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന നിലയിൽ പ്രവർത്തിക്കുക" തന്റെ ഈ സൂക്തം, മത്തായി എഴുതിയ സുവിശേഷത്തിലെ ഏഴാം അദ്ധ്യായത്തിൽ യേശു ശിഷ്യന്മാർക്കു നല്കിയ നിർദ്ദേശങ്ങളുടെ രത്നചുരുക്കമാണ്.

> *"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവനു കല്ലുകൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു ചോദിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും" (മത്തായി. 7:7-11)*

ദൈവം എന്തു ചെയ്യുന്നു എന്നുള്ളതു നാം എപ്പോഴും അറിയണമെന്നില്ല. ഈ വസ്തുത നാം മനസ്സിലാക്കിയിരിക്കണം. ദൈവം എന്തു ചെയ്യുന്നു എന്നുള്ളതു അവിടുന്നു അറിയുന്നു. നാം അറിഞ്ഞിരിക്കേണ്ടതു അതു മാത്രമാണ്.

അവസാനമായി ദൈവമാണ് നമ്മുടെ ഏറ്റവും നല്ല സ്നേഹിതൻ എന്ന് തിരിച്ചറിയുമ്പോൾ പുതിയ അഭിരുചിയോടുകൂടിയ പ്രാർത്ഥനാജീവിതം ആരംഭിക്കുന്നു. പ്രാർത്ഥിക്കുവാൻ ആവശ്യമില്ലാത്ത ഒരുകാര്യംപോലും നമ്മുടെ ജീവിതത്തിലില്ലെന്ന് നാം മനസ്സിലാക്കുന്നു. ദൈവവചനപഠനത്തിലൂടെ ദൈവത്തെ കൂടുതലായി ശ്രദ്ധിക്കുമ്പോൾ നാം അവന്റെ സ്വഭാവം കൂടുതലായി മനസിലാക്കുന്നു. അവന്റെ സ്വഭാവം വ്യക്തമായി മനസിലാക്കു

## ദൈവത്തിന്റെ സാരാംശം

*യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്. ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ: യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ; ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളതു എന്നു യഹോവയുടെ അരുളപ്പാടു. (യിര.9:23-24)*

അപ്പൊസ്തലനായ പൗലോസ് തന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ഒരു ലക്ഷ്യത്തിലേക്ക് കേന്ദ്രീകരിച്ചു. "ഞാൻ അവനെ അറിയണം" (ഫിലി. 3:10) അപ്പൊസ്തലന്മാരിൽ ഏറ്റവും വലിയവനായ പൗലോസ് "യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തന്റെ ശ്രേഷ്ഠത നിമിത്തം" തന്റെ ജീവിതത്തിലുള്ളതെല്ലാം" "ചേതം" എന്ന് എണ്ണി (ഫിലി.3:8)

ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തേക്കാൾ വലിയ ജ്ഞാനം ജീവിതത്തിൽ വേറെയില്ല. എബ്രായർ. 11-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വിശ്വാസവീരന്മാർ അദൃശ്യദൈവത്തെ കണ്ടുകൊണ്ട് ശത്രുവിനെ കീഴടക്കിയതുപോലെ നാം അവനെ മനസിലാക്കുകയും അതിൽകൂടെ ശത്രുവിനെ കീഴടക്കുവാനുള്ള ധൈര്യം പ്രാപിക്കണമെന്നുള്ളത് ദൈവത്തിന്റെ ആഗ്രഹമാണ്. (എബ്രാ. 11:27) നമ്മിലും നമ്മുടെ സാഹചര്യങ്ങളിലും ഉപരിയായി ദൈവത്തിന്റെ സാരാംശത്തിലും അവന്റെ ഗുണവിശേഷങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുമെങ്കിൽ അവന് പരിഹരിക്കുവാൻ കഴിയാത്ത ഒരു പ്രശ്നവും നമ്മുടെ ജീവിതത്തിലിലിലെന്ന് നമുക്ക് ക്രമേണ ബോധ്യപ്പെടുവാൻ ഇടയാകും.

1. **പരമാധികാരം** (ദാനി. 4:34-35) ദൈവത്തിന്റെ ഇച്ഛാശക്തി മറ്റെന്തിനെക്കാളും ഉപരിയാണ്; എപ്പോഴും എല്ലാം അവിടുത്തെ നിയന്ത്രണത്തിലാണ്. സൃഷ്ടാവ്, രാജാവ് എന്നീ നിലകളിൽ

മ്പോൾ നമുക്ക് സന്തോഷിക്കാതിരിക്കുവാനും നന്ദിപറയാതിരിക്കുവാനും ഉള്ള ഒരു കാര്യംപോലും ഇല്ല എന്ന് നമുക്ക് ബോധ്യപ്പെടുന്നു.

ഈ ലോകജീവിതത്തിൽ ഒരു ആരോഗ്യപരമായ ബന്ധത്തിന് ആവശ്യമായ ഘടകം ആശയവിനിമയമാണ്. അങ്ങനെയാണെങ്കിലും മറ്റുള്ളവരോടുള്ള നമ്മുടെ വാക്കുകൾക്ക് നാം ആഗ്രഹിക്കുന്നവിധത്തിൽ പൂർണ്ണമായി ആശയം വെളിപ്പെടുത്തുവാൻ സാധിക്കുന്നില്ല. നാം ചിന്തിക്കുകയോ നമുക്ക് അനുഭവപ്പെടുകയോ ചെയ്യുന്നതു പോലെ അത് പൂർണ്ണമായി വെളിപ്പെടുത്തുവാൻ നമ്മിൽ ആർക്കും കഴികയില്ല. മറ്റുള്ളവർ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ചിന്തകളോ വികാരങ്ങളോ അതുപോലെതന്നെ മനസിലാക്കുവാനോ അംഗീകരിക്കുവാനോ നമ്മിൽ ആർക്കും സാധിക്കുകയില്ല. അതുകൊണ്ടു നമ്മുടെ ഭൗമികജീവിതത്തിൽ ആശയസംഘട്ടനങ്ങളും ബന്ധങ്ങളുടെ അപൂർണ്ണതയും ഒരു പരിധിവരെ സംഭവിക്കുന്നു.

ആത്മീയമേഖലയിൽ വ്യക്തവും പൂർണ്ണവുമായ ആശയവിനിമയത്തിനുള്ള എല്ലാ സാധ്യതകളുമുണ്ട്. അത് മനസിലാക്കുകയും മനസിലാക്കപ്പെടുകയും ചെയ്യുന്നു. നമ്മോടുള്ള ദൈവത്തിന്റെ വചനം പൂർണമാണ്. പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ കൃത്യമായി നമുക്ക് ആവശ്യമുള്ള നിലവാരത്തിൽ അത് നൽകപ്പെട്ടിരിക്കുന്നു. നാം പഠിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കുകയും വചനത്തിൽകൂടെ എന്താണ് ദൈവം നമ്മോടു പറയുന്നതെന്ന് മനസിലാക്കുവാൻ സാധിക്കുകയും ചെയ്യുന്നു.

കർത്താവ് മൂന്നു കല്പനകളും മൂന്നു വാഗ്ദത്തങ്ങളും നൽകിയിട്ടുണ്ട്. നാം ചോദിക്കുന്നുയെങ്കിൽ ദൈവം ഉത്തരമരുളും. നാം അന്വേഷിച്ചാൽ നാം കണ്ടെത്തും. നാം മുട്ടിയാൽ ദൈവം വാതിൽ തുറക്കും. പ്രാർത്ഥനയ്ക്കു മറുപടി നല്കാൻ ദൈവം ആഗ്രഹിക്കുന്നു. ആ വസ്തുതയെ ദൃഷ്ടാന്തീകരിക്കുന്നതിന്, വിശന്നിരിക്കുന്ന ഒരു കുട്ടി തന്റെ പിതാവിനോട് ആഹാരം ചോദിക്കുന്ന ഉദാഹരണം യേശു ഇവിടെ ഉപയോഗിക്കുന്നു. ആ കുട്ടി ഒരു അഭ്യർത്ഥന നടത്തി. പിതാവ് ദോഷിയാണ് എങ്കിലും ദോഷിയായ പിതാവ് നല്ല ഒരു സമ്മാനവുമായി വന്നു. എന്തുകൊണ്ട്? ആ പിതാവ് തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നതിനാൽ. സത്യത്തോടു അടുത്തു വരുമ്പോൾ ദോഷികളിൽ നിന്നും സ്നേഹം ബഹിർഗമിക്കും.

തന്റെ സകല സൃഷ്ടികളിന്മേലും അവിടുന്നു ഭരണാധികാരിയാണ്. എല്ലാ ജീവജാലങ്ങൾക്കും പ്രപഞ്ചത്തിൽ അതതിന്റെ സ്ഥാനവും, സ്വാതന്ത്ര്യവും, പ്രവർത്തനമണ്ഡലങ്ങളും അവിടുന്നു നിശ്ചയിച്ചിരിക്കുന്നു. ഇതു സത്യമാണെന്ന് നാം മനസ്സിലാക്കുന്നു എങ്കിൽ, ജീവിതത്തിലെ ഏറ്റവും പ്രയാസമേറിയ സാഹചര്യങ്ങളിലും, അന്ധകാരനിബിഡമായ സമയങ്ങളിലും ദൈവത്തിനു നന്ദിയർപ്പിക്കുവാൻ നാം പ്രാപ്തരായി തീരും. ദൈവത്തിന്റെ പരമാധികാരത്തെ നാം സമ്മതിക്കുകയും അതിനു നമ്മെത്തന്നെ വിധേയപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമേ നമുക്കു വിശ്രമമമുള്ളൂ. ദൈവഹിതത്തിന്റെ കേന്ദ്രമാണ് ഈ പ്രപഞ്ചത്തിൽ സുരക്ഷിതമായ് നമുക്കു വസിക്കുവാനുള്ള ഏക സ്ഥലം എന്നു നാം അറിയുക (സങ്കീ.46:10; 97:1; 1കൊരി.15:25; യൂദ 25)

2. **ധാർമ്മികത** (സങ്കീ. 145:17)

ദൈവം പരിപൂർണ്ണമായും നല്ലവനും നീതിമാനുമാണ്, തിന്മ പ്രവർത്തിക്കുന്നത് തനിക്കു അസാദ്ധ്യം. അവിടുന്നു വിശുദ്ധനും, പാപത്തിൽനിന്നും, അപരാധത്തിൽ നിന്നും സ്വതന്ത്രനുമാണ്. ദൈവം തന്റെ പ്രവർത്തികളിലും വ്യക്തിത്വത്തിലും പൂർണ്ണമായ് നീതിമാനാണ്. (യാക്കോബ് 1:17; 1യോഹ.1:5; റോമർ 3:25-26). അധാർമ്മികമായ ഒന്നിലേക്കും നോക്കുവാനോ, സഹവർത്തിത്വം പുലർത്തുവാനോ ദൈവത്തിനു കഴിയുകയില്ല, എന്തുകൊണ്ടെന്നാൽ അവിടുന്നു സമ്പൂർണ്ണനും, നേരുള്ളവനും, തന്റെ പദ്ധതികൾ കുറ്റമറ്റവയും ഭംഗിയായ് പ്രവർത്തിക്കുന്നവയുമാണ്. ഇതു നാം മനസ്സിലാക്കുന്നുവെങ്കിൽ, ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്തതും, അനുവദിച്ചതുമായ കാര്യങ്ങൾ എന്തുതന്നെയായാലും അവ ഉചിതമാണെന്ന് നാം തിരിച്ചറിയും. എന്തുകൊണ്ടെന്നാൽ അവ ദൈവത്തിന്റെ വിശിഷ്ടമായ പദ്ധതിയുടെയും വ്യക്തിത്വത്തിന്റെയും ഭാഗമാണ്. ദൈവം നമുക്കൊരു ദോഷവും ചെയ്കയില്ല എന്നു നാം അറിയുന്നുവെങ്കിൽ സകലത്തിനും നമുക്കു നന്ദിയുള്ളവരായിരിപ്പാൻ കഴിയും (ഉല്പത്തി 18:25; സങ്കീ.11:7; 71:24; 111:3; യിര.23:8)

നല്ലവനായ ദൈവത്തെക്കുറിച്ച് ഇനി ചിന്തിക്കാം. നമുക്കു ഏറ്റവും നല്ലതു പ്രദാനം ചെയ്യുന്നവനും, സമ്പൂർണ്ണ നും, നീതിയും ദയയുമുള്ളവനുമായ ദൈവത്തെക്കുറിച്ച് അവൻ നമുക്ക് ഏറ്റവും നല്ലതിനെക്കാൾ കുറഞ്ഞത് നല്കുമെന്ന് എന്തിന് ചിന്തിക്കണം? നാം നമ്മുടെ കുഞ്ഞുങ്ങളോടു കാണിക്കുന്നതിനെക്കാൾ കുറവു പരിഗണ നയും കൃപയുമെ ദൈവം നമ്മളോടു കാണിക്കുകയുള്ളൂ എന്ന് നമുക്കെങ്ങനെ നിരൂപിക്കുവാൻ കഴിയും? പ്രാർത്ഥ നയെക്കുറിച്ച് കർത്താവ് നല്കിയ മൂന്നു വാഗ്ദാനങ്ങളും വ്യവസ്ഥകൾക്ക് വിധേയമാണ്. നിർബന്ധമായും നമ്മുടെ അനുസരണത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. കർത്താവിൽനിന്നുതന്നെയുള്ള ഒരു കല്പനയാണ്.

**1. ചോദിക്കുക :** ചോദിക്കുന്നത് ആത്മാവിന്റെ ആഗ്രഹത്തിന്റെ പ്രദർശനമാണ്. “നാം ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്.” പൗലൂസ് ഫിലിപ്യയിലെ വിശ്വാസികൾക്ക് എഴുതി, “എല്ലാറ്റിലും പ്രാർത്ഥനയാലും അപേ ക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്ത്രോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രെ വേണ്ടത്. (ഫി ലി. 4:6–7)

ചിലപ്പോൾ നമ്മുടെ ആവശ്യങ്ങൾ പേരുചൊല്ലി പറയാൻ നമുക്കു കഴിയും. ചില സമയങ്ങളിൽ അതു സാദ്ധ്യ മാണ്. എന്തു പറയണമെന്ന് അറിയാതെ നാം വിഷമിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യും. (റോമ. 8:26). അവൻ നമ്മുടെ ആവശ്യം അറിയുന്നു. എങ്ങനെ അപേക്ഷിക്കണമെന്ന് അവി ടുന്നറിയുന്നു. ചോദിക്കുക എന്നത് ഇവിടെ വർത്തമാനകാലത്തിലാണ് ഉപയോഗിക്കുന്നത്. വർത്തമാനകാല ത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയായിട്ടാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ അർത്ഥം നാം എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കണം. എന്നാൽ ദൈവം ഉത്തരമരുളുമ്പോൾ നാം ശ്രദ്ധിക്കുന്നുണ്ടോ? നമുക്കു ഉത്തരം ലഭിക്കേണ്ടതിനാണ് നാം ചോദിക്കുന്നത്. ഉത്തരം ലഭിക്കുവാൻ നാം ശരിക്കും പഠിക്കണം. നാം പ്രാർത്ഥി ക്കുന്ന കാര്യങ്ങളും, ദൈവം തന്റെ വചനത്തിലൂടെ നമ്മോടു സംസാരിക്കുന്ന കാര്യങ്ങളും തമ്മിലുള്ള പരസ്പ രബന്ധം നാം ശ്രദ്ധിക്കണം. നാം പഠിക്കുമ്പോൾ നാം ബൈബിൾ ക്ലാസ്സിൽ ഇരിക്കുമ്പോൾ അവിടെനിന്നു ലഭി ക്കുന്ന കാര്യങ്ങളിൽ നാം പ്രാർത്ഥിച്ച നമ്മുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയുണ്ടാകും എന്ന വസ്തുത നാം പ്രത്യേകം ശ്രദ്ധിക്കണം.

3. **നീതി** (ആവ.32:4) ദൈവം പൂർണ്ണമായും നീതിമാനാണ്, നീതിക്കു നിരക്കാത്ത ഒരു പ്രവൃ ത്തിക്കും ദൈവം ചെയ്യുകയില്ല. സൃഷ്ടാവെന്ന ദൈവത്തിന്റെ ധർമ്മത്താൽ, തന്റെ സൃഷ്ടിക ളിന്മേൽ തനിക്കു പരമാധികാരമുണ്ട്. ദൈവം മനുഷ്യനു ഉചിതവും നീതിയായിട്ടുള്ളതുമായ നിയമങ്ങൾ നല്കി എന്നാൽ നാം ആ നിയമങ്ങളെല്ലാം ലംഘിച്ചു (റോമ.3:23) ദൈവത്തിന്റെ നിയമങ്ങളോടു അനുസരണക്കേടു കാണിക്കുന്നവർ ശിക്ഷിക്കപ്പെടണമെന്ന് ദൈവനീതി ആവശ്യപ്പെടുന്നു. സകല മനുഷ്യരുടെയും പാപത്തിന്റെയും അനുസരണക്കേടിന്റെയും ശിക്ഷ ദൈവപുത്രൻ ക്രൂശിൽ വഹിച്ചതിലൂടെ ദൈവത്തിന്റെ നീതി ആ ആവശ്യം നിവർത്തിച്ചു. ആയതിനാൽ കർത്താവിന്റെ വ്യവസ്ഥ അംഗീകരിക്കുന്ന ഏതൊരുവനോടും ക്ഷമിക്കുവാൻ അവിടുന്നു നീതിമാനാക്കുന്നു. (കളങ്കരഹിതനും, നീതി കാണിക്കുന്നവനും) തന്റെ വ്യവസ്ഥ തിരസ്ക്കരിക്കുന്നവരെ ശിക്ഷിക്കുന്നതിനുംകൂടി അവിടുന്നു നീതിമാനാകുന്നു.

4. **സ്നേഹം** (1യോഹ.4:8,16) ‘അഗപ്പെ’, ഇത് മനുഷ്യർ തമ്മിലുള്ള സ്നേഹമല്ല ദൈവസാരാംശ ത്തിന്റെ ഭാഗമായ സ്നേഹമാണ്. ദൈവത്തിന്റെ നിത്യത്വത്തിന്റെ ഭാഗമാണ് തന്റെ സ്നേഹം. അതിനാൽ അതു വർദ്ധിപ്പിക്കുന്നില്ല, കുറയുന്നില്ല, മാറുന്നില്ല. അനാദികാലത്ത് ദൈവം ഒന്നും സൃഷ്ടിച്ചിരുന്നില്ല. ത്രിത്വത്തിലെ മൂന്നു ആളത്വങ്ങൾ തമ്മിൽ പരസ്പര സ്നേഹത്തി ലായിരുന്നു. വ്യക്തിപരമായ പരിഗണനയില്ലാത്ത സ്നേഹമാണ് ദൈവം മനുഷ്യനിൽ ചൊരി ഞ്ഞത്. അതു സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ നന്മയുടെയോ, സത്യസന്ധതയുടെയോ അടിസ്ഥാനത്തിലല്ല പ്രത്യുത ദൈവത്തിന്റെ നന്മയുടെയും സത്യസന്ധതയുടെയും അടിസ്ഥാ നത്തിലാണ്. ദൈവം നമ്മളെ സ്നേഹിച്ചത് നാം ആരാണെന്നതിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് ദൈവം ആരാകുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ദൈവം മനുഷ്യനോടു കാണി ക്കുന്ന സ്നേഹം കേവലം ആവേശമോ ചേതോവികാരമോ അല്ല. അത് മനുഷ്യന്റെ നന്മ യ്ക്കായുള്ള ദൈവത്തിന്റെ അടങ്ങാത്ത ആഗ്രഹമാണ്. അതു നിഷ്ക്രിയമല്ല, പ്രത്യുത സജീവ മാണ്. അതു യാദൃച്ഛികമല്ല, മറിച്ച് ത്യാഗപരമാണ്. യോഹ.3:16; റോമ.5:8 എന്നീ ഭാഗങ്ങളിൽ

**2. അന്വേഷിക്കുക –** ചോദിക്കുന്നതിനെക്കാൾ ഉപരിയായ കാര്യമാണ് അന്വേഷിക്കുന്നത്. ഒരിക്കൽ നാം ചോദിച്ചാൽ ഉത്തരത്തിനായ് നാം കാത്തിരിക്കും. ശുഭാപ്തി വിശ്വാസം ഉള്ളവരായിരിക്കുക എന്തുകൊണ്ടെന്നാൽ ദൈവം ഉത്തരമരുളുമെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. അന്വേഷിച്ചാൽ കണ്ടെത്തും.

ദൈവത്തോടു ഒരു കാര്യം അപേക്ഷിക്കുമ്പോൾ ഉത്തരം ലഭിക്കേണ്ടതിന് ആത്മീകമായ ഒരു വാഞ്ച നമുക്കുണ്ടായിരിക്കണം. ചിലപ്പോൾ നാം പ്രാർത്ഥിച്ചു കഴിയുമ്പോൾ, കാര്യങ്ങൾ കൂടുതൽ പ്രയാസകരമാകാറുണ്ട്. അസാദ്ധ്യം എന്നു തോന്നാറുണ്ട്. നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നുണ്ടോ എന്നറിയാൻ ദൈവം തന്നെയാണ് അതങ്ങനെ ചെയ്യുന്നത്.

ദൈവഹിതപ്രകാരം ജീവിക്കുന്നവർക്ക് തന്റെ നീതിയാൽ അനുഗ്രഹവും അല്ലാത്തവർക്ക് ശാപവും ലഭിക്കുന്നു. ലോകം നമ്മളോടു മോശമായി പെരുമാറുമ്പോഴും ദൈവത്തിന്റെ നീതി തന്റെ മാറ്റമില്ലാത്ത ഉറപ്പ് നമുക്ക് നല്കുന്നു. മാത്രമല്ല അവിടുന്നു സകല വസ്തുതകളും അറിയുന്നു എന്ന് നമ്മളെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ദൈവം ഉചിതമായ സമയത്ത് തന്റെ മക്കളുടെ അവിശ്വാസത്തെ ശാസിക്കുകയും വിശ്വാസത്തിനു പ്രതിഫലം നല്കുകയും ചെയ്യുന്നു. (മത്താ. 5:45; 1പത്രോസ് 1:17; യാക്കോബ് 3:17)

നാം ആർക്കെങ്കിലുംവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം ചോദിക്കുന്ന കാര്യങ്ങൾ ആ വ്യക്തിക്കു ലഭിക്കണമെന്ന് വാസ്തവമായും ആഗ്രഹിക്കുന്നുവോ? അങ്ങനെയെങ്കിൽ ആ പ്രാർത്ഥനയ്ക്കുള്ള മറുപടി നമ്മളിലൂടെ നിവർത്തിക്കപ്പെടുവാൻ നാം തയ്യാറാണോ? ദൈവം പ്രാർത്ഥനയ്ക്കു ഉത്തരം നൽകുന്നു. മറ്റേതൊരു അത്ഭുത പ്രവൃത്തികളിലും താൻ ചെയ്തതുപോലെ, ഭൂമിയിൽ കർത്താവിന്റെ കരങ്ങളും പാദങ്ങളുമായ വിശ്വാസികളിലൂടെ പ്രവർത്തിക്കുവാൻ താൻ ആഗ്രഹിക്കുന്നു.

നാം മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ആ വ്യക്തിയെ ധൈര്യപ്പെടുത്തുകയാണ്. നാം ആ വ്യക്തിയെ ധൈര്യപ്പെടുത്തുന്നില്ലായെങ്കിൽ, ഒരു കത്തയയ്ക്കുന്നില്ലായെങ്കിൽ, ഫോൺ ചെയ്യുന്നില്ലായെങ്കിൽ, നാം ആ വ്യക്തിയെ അന്വേഷിക്കുന്നില്ല. നമ്മുടെ പ്രാർത്ഥന അലസമാണ്. നാം പ്രാർത്ഥിക്കുമ്പോൾ ആവശ്യത്തിലിരി

ദൈവത്തിന്റെ സ്നേഹം ദൃഷ്ടാന്തീകരിച്ചിട്ടുണ്ട്. അത്യന്തികമായ യാഗം അവിടുന്നു നിർവഹിച്ചത് തന്നെ അറിയുവാനും സേവിക്കുവാനും അത്യാകാംക്ഷയുള്ളവരും സന്നദ്ധരുമായവർക്കുവേണ്ടിയല്ല, പ്രത്യുത തന്നെ എതിർക്കുന്നവരും ശത്രുക്കളുമായവർക്കുവേണ്ടിയാണ്. ദൈവത്തിന്റെ ഈ സ്നേഹം മനസ്സിലാക്കുമ്പോൾ, നാം ഏകാന്തരും, തള്ളപ്പെട്ടവരും, ഉപേക്ഷിക്കപ്പെട്ടവരുമാണെന്ന ചിന്തയ്ക്കു സ്ഥാനമില്ല. കാരണം ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നു എങ്കിൽ നമ്മുടെ ജീവിതത്തിൽ വന്നു ഭവിക്കുന്നതെല്ലാം ദൈവസ്നേഹത്തിന്റെ പ്രദർശനമാണ്. (എഫെ.2:4; 1യോഹ.3:1; 4:9, 16)

5. **നിത്യജീവൻ** (1തിമൊ.1:17) ദൈവം എക്കാലത്തും വാണിരുന്നു. ഇനിയും വാഴും. ജീവന്റെ നിദാനം അവിടുന്നാണ്. അവിടുന്നു സമയത്തിനും കാലങ്ങൾക്കും വിധേയനല്ല, എന്തുകൊണ്ടെന്നാൽ കാലഗണനയ്ക്കുമുമ്പേ അവനുണ്ടായിരുന്നു. വ്യക്തമായി പറഞ്ഞാൽ സമയങ്ങളും കാലങ്ങളും അവിടുത്തെ സൃഷ്ടിയാണ്. ആയതിനാൽ ദൈവം എല്ലാറ്റിനേയും നിത്യതയുടെ കാഴ്ചപ്പാടിലാണ് കാണുന്നത്. നമ്മുടെ നന്മയെക്കുറിച്ച് ദൈവത്തിനെന്നും ഒരു കാഴ്ചപ്പാടുണ്ട്. അത് ഈ ഒരു സമയത്തേക്കു മാത്രമല്ല നിത്യതവരെ എത്തുന്നതാണ്. ദൈവം നമ്മുടെ നിത്യമായ നന്മയ്ക്കായ് പ്രവർത്തിക്കുന്നു എന്നു നാം മനസ്സിലാക്കിയാൽ ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും നമുക്കു ദൈവത്തോടു നന്ദിയുള്ളവരായിരിക്കുവാൻ കഴിയും. (സങ്കീ. 111:3, യെശ.9:6; 2പത്രോ.3:8)

6. **സർവ്വജ്ഞൻ** (സകലതും അറിയുന്നവൻ) (1യോഹ.3:20)

സർവ്വജ്ഞാനവും ദൈവത്തിന്റേതാണ്. അവിടുന്നു ഭൂതവർത്തമാന – ഭാവി കാര്യങ്ങളെയും യാഥാർത്ഥ്യമായതിനേയും സാദ്ധ്യമായതിനേയും അറിയുന്നു. അവിടുന്നു സകലതും അറിയുന്നു. ദൈവം സകലത്തേയും എന്നെന്നേയ്ക്കും അറിഞ്ഞും മനസ്സിലാക്കിയുമിരിക്കുന്നു.

ദൈവം ഒരിക്കലും സംഭ്രമിക്കുകയോ, അതിശയോക്തിപ്പെടുകയോ ചെയ്യുന്നില്ല. ദൈവ

ക്കുന്ന ഒരു കുടുംബത്തെ ദൈവം തരുന്നു. നാം സൂക്ഷിച്ചുവച്ചിരിക്കുന്ന പണമോ, ആഹാരമോ നാം ആ വ്യക്തിക്ക് കൊടുക്കിന്നില്ലായെങ്കിൽ നാം ആ വ്യക്തിയെ അന്വേഷിക്കുന്നില്ല. നമ്മുടെ പ്രാർത്ഥന അലസമാണ്. ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ചിലപ്പോൾ മറുപടി നൽകും. എന്നാൽ അതു മറ്റാരിലൂടെയെങ്കിലും ആയിരിക്കും. അതിനാൽ, ആ മറുപടിയുടെ ഭാഗമായി ലഭിക്കേണ്ട സന്തോഷത്തിലേക്കും പ്രതിഫലത്തിലേക്കും നമുക്ക് പ്രവേശിക്കുവാൻ സാധിക്കുകയില്ല.

പ്രാർത്ഥനയിൽ പോരാടുന്ന ഒരു വ്യക്തി ജീവിതത്തിൽ ഒരിക്കലും നിഷ്ക്രിയനായിരിക്കരുത്. താൻ ദൈവത്തിന്റെ ശക്തിയിലും പ്രാർത്ഥനയുടെ ശക്തിയിലും വിശ്വസിക്കുന്നതിനാൽ പരമാവധി കാര്യങ്ങളിൽ വ്യാപൃതനായിരിക്കണം. അവൻ എന്തെങ്കിലും അപേക്ഷിച്ചാൽ, തന്റെ പ്രാർത്ഥന നിവൃത്തിക്കുവാൻ ദൈവം തന്നെ ഒരു ഉപകരണമായി ഉപയോഗിക്കും എന്ന് അവൻ വിശ്വസിക്കുന്നു.

**3. മുട്ടുവിൻ** – നമ്മുടെ പ്രാർത്ഥന നിറവേറ്റപ്പെടുന്നു എന്നു കാണാൻ നാം പ്രയത്നം ചെയ്യണം എന്നതാണ് 'മുട്ടുക' എന്നതിന്റെ അർത്ഥം. പല നിലയിൽ നമുക്കു മുട്ടുവാൻ കഴിയും. ഉദാഹരണമായി നമ്മുടെ ഒരുക്കം ഒരു പ്രയത്നമാണ്. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയ്ക്കായ് മുട്ടിക്കൊണ്ടിരിക്കുവാൻ (പ്രയത്നം ചെയ്യുവാൻ) നാം ഒരുക്കമാണോ?

പിന്തുടരേണ്ടതിനുവേണ്ടിയാണ് നാം മുട്ടുന്നത്. നാം ആവശ്യപ്പെടുന്നതും, ആശ്വസിപ്പിക്കുന്നതുമായ കാര്യങ്ങളുടെ നിറവേറലിനുവേണ്ടിയാണോ നാം പിന്തുടരുന്നത്. യോജിച്ച പ്രായോഗികതലത്തിൽ നാം മുട്ടുക, ശക്തിയോടെ മുട്ടിക്കൊണ്ടിരിക്കുക. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ നാം എന്താണോ ചോദിക്കുന്നത് അതു നമുക്കാവശ്യമാണ്. ആവശ്യബോധത്തിലല്ലാതെ ജീവിതത്തിൽ ലഭിച്ച യാതൊന്നിനും അത്ര വിലയില്ല.

> *അനന്തരം യേശു അവരുമായി ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്നു ശിഷ്യന്മാരോടു ഞാൻ അവിടെ പോയി പ്രാർത്ഥിച്ചുവരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പത്രോസിനെയും സെബെദീപുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ടുചെന്നു ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. "എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിത*

ത്തിനു ഒന്നും ഒരു വാർത്തയല്ല. ദൈവം സർവ്വജ്ഞാനിയാണെന്ന് നാം മനസ്സിലാക്കണം. അവിടുത്തെ ജ്ഞാനം നമ്മുടെ ജ്ഞാനത്തെക്കാൾ ഉപരിയായിട്ടുള്ളതും അതു പരിതസ്ഥിതികളെയും, സാഹചര്യങ്ങളെയും നിയന്ത്രിക്കുന്നതുമാകുന്നു. നമ്മുടെ ചോദ്യങ്ങളും പ്രശ്നങ്ങളുമായ് എങ്ങോട്ടു പോകണമെന്ന് എപ്പോഴും നാം അറിയുന്നു. (ഇയ്യോബ് 42:2, സങ്കീ.139:3, റോമ.8:27, എബ്രായർ 4:13)

7. **സർവ്വശക്തി** (വെളി.19:6) അനന്തവും അപ്പോൾ തന്നെ ഭയഹേതുവുമായ സർവ്വശക്തിയാണ് ദൈവത്തിന്റേത്. തന്റെ ഇഷ്ടത്തോട് എന്തും കൂട്ടിചേർക്കുവാൻ ദൈവത്തിനു കഴിയും. എന്നാൽ ഒരിക്കലും അവിടുന്നു തന്റെ ശക്തി ദുരുപയോഗം ചെയ്തുകൊണ്ട് തന്റെ വിശുദ്ധമായ പ്രകൃതിയ്ക്കു അനുയോജ്യമല്ലാത്ത ഒന്നും ചെയ്യില്ല. ഇതു നാം മനസ്സിലാക്കുന്നു എങ്കിൽ തന്റെ വാഗ്ദാനങ്ങൾ നിവൃത്തിക്കുന്നതിലും നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി നല്കുന്നതിലും, തന്റെ പദ്ധതികൾ നിറവേറ്റുന്നതിലുമുള്ള ദൈവത്തിന്റെ കഴിവിനെ നാം സംശയിക്കരുത്. ദൈവത്തിന്റെ ശക്തി നാം അറിയുന്നതിനാൽ നമ്മുടെ ബലഹീനതയിലും നമുക്കു ദൈവത്തിനു നന്ദിപറയാം. (ഉല്പത്തി 18:14; ഇയ്യോബ് 26:14; സങ്കീ. 62:11; യെശ. 26:4; കൊലൊ.1:11)

8. **സർവ്വവ്യാപിത്വം** (യെര. 23:24) ദൈവം എല്ലായ്പ്പോഴും എല്ലാ സ്ഥലത്തുമുണ്ട്. മുഴുപ്രപഞ്ചത്തിലും താൻ നിറഞ്ഞിരിക്കുന്നു. തനിക്കു സകലവും എപ്പോഴും കാണുവാനും കേൾക്കുവാനും കഴിയും, മാത്രമല്ല നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവിടുത്തെ സാന്നിദ്ധ്യമുണ്ട്. എന്തുകൊണ്ടെന്നാൽ ദൈവം സർവ്വശക്തനും, സർവ്വവ്യാപിയും, സമയപരിമിതികൾ ഇല്ലാത്തവനുമാണ്. നമുക്കെല്ലാവർക്കും വേണ്ടിയുള്ള സമയം ദൈവത്തിനുണ്ട്. ലോകത്തിൽ നാം മാത്രമേയുള്ളൂ എന്ന നിലയിൽ നമുക്കു ഏറ്റവും വലിയ പരിഗണന നല്കുവാൻ ദൈവത്തിനു കഴിയും. ഇതു നാം മനസ്സിലാക്കുന്നു എങ്കിൽ നാം ഒരിക്കലും

*മായിരിക്കുന്നു. ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു." പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്നു കവിണ്ണുവീണു. പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കിൽ നിന്നു നീങ്ങിപ്പോകേണമേ, എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു."*

*പിന്നെ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നു, അവർ ഉറങ്ങുന്നതു കണ്ടു പത്രോസിനോടു ; എന്നോടു കൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ? പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവു ഒരുക്കമുള്ളതു, ജഡമോ ബലഹീനമത്രെ."*

*രണ്ടാമതുംപോയി: "പിതാവേ, ഞാൻ കുടിക്കാതെ അതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു."*

*അനന്തരം അവൻ വന്നു, അവർ കണ്ണിനു ഭാരം ഏറുകയാൽ പിന്നെയും ഉറങ്ങുന്നതു കണ്ടു.*

*അവരെ വിട്ടു മൂന്നാമതുംപോയി ആ വചനം തന്നേ ചൊല്ലി പ്രാർത്ഥിച്ചു. പിന്നെ ശിഷ്യന്മാരുടെ അടുക്കൽ വന്നു, "ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ; നാഴിക അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു." (മത്താ. 26:40-45)*

"എന്റെ വേദന വളരെ വലുതാണ്, ഞാൻ മരിച്ചുപോകും എന്നെനിക്കു തോന്നുന്നു" നാമെല്ലാവരും നമ്മുടെ ജീവിതത്തിന്റെ ഏതെങ്കിലുമൊരു സാഹചര്യത്തിൽ പറഞ്ഞിട്ടുള്ള കാര്യമാണിത്. ഗെത്ത്ശെമന തോട്ടത്തിൽ ഈ രാത്രിയിൽ കർത്താവിനുണ്ടായ അനുഭവവും അതു തന്നെയാണ്. വാക്കുകൾകൊണ്ടു പറയാനാകാത്ത നിരാശയും തീവ്രമായ ദുഃഖവും തനിക്കനുഭവപ്പെട്ടു. ഹൃദയസ്പൃക്കായ ഈ അനുഭവങ്ങളിൽ താൻ എന്തു ചെയ്തു?

ദൈവത്തിന്റെ കരുതലിന്റെ മേഖലകൾക്കപ്പുറമല്ലെന്നും, ഒരിക്കലും തനിച്ചല്ലെന്നും നാം അറിയുന്നു. (സങ്കീ.139 3; 7-10; സദൃ.15:3)

9. **മാറ്റമില്ലാത്ത അവസ്ഥ** (എബ്രാ.13:8)

ദൈവം ഒരിക്കലും മാറിയിട്ടില്ല, ഇനി മാറുകയില്ല. അവനു കുറയ്ക്കുവാനോ വർദ്ധിക്കുവാനോ കഴിയികയില്ല. എന്തുതന്നെ ആയാലും അവിടുത്തെ സാരാംശവും സ്വഭാവ സവിശേഷതകളും എന്നും അങ്ങനെതന്നെയാണ്. ഇതു നാം മനസ്സിലാക്കുന്നു. എങ്കിൽ, നാം എത്ര ചേർച്ചയില്ലാത്തവരും, പൊരുത്തമില്ലാത്തവരും, ആശ്രയിക്കാൻ കൊള്ളരുതാത്തവരുമായിരുന്നാലും, ദൈവം ചേർച്ചയുള്ളവനും, പൊരുത്തമുള്ളവനും, ആശ്രയിക്കാവുന്നവനുമാകയാൽ നമുക്കവനിൽ വിശ്രമം കണ്ടെത്താം. ദൈവം ഒരുനാളും എന്നെ സ്നേഹിക്കുന്നില്ല, മനസ്സിലാക്കുന്നില്ല, സഹായിക്കുന്നില്ല എന്നു നമുക്കു തോന്നുമ്പോൾ നമ്മുടെ തോന്നലുകളെ അവഗണിക്കുക, എന്തുകൊണ്ടെന്നാൽ നാം ദൈവത്തിന്റെ മാറ്റമില്ലാത്ത അവസ്ഥ അറിയുന്നു. (മലാ. 3:6; എബ്രാ.1:12; യാക്കോ.1:17)

10. **സത്യാവസ്ഥ** (സങ്കീ.33:4)

മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവം സത്യസന്ധനും വിശ്വസ്തനുമായി പ്രവർത്തിക്കുന്നു, എന്തുകൊണ്ടെന്നാൽ ദൈവം സത്യം തന്നെ. (സത്യത്തിലേക്കുള്ള ഉപാസന അഥവാ സത്യസന്ധ്യത) നമ്മോടുള്ള ദൈവത്തിന്റെ സകല വാക്കുകളും സത്യമാണ്. എന്തുകൊണ്ടെന്നാൽ വ്യാജം പറയുന്നതു ദൈവത്തിനു അസാദ്ധ്യം. മനുഷ്യനോടുള്ള ദൈവത്തിന്റെ സത്യത്തിന്റെ വെളിപ്പാടാണ് ബൈബിൾ. നമുക്കെപ്പോഴും ദൈവവചനത്തിൽ ആശ്രയിക്കാം. ദൈവം സത്യവാനും, അവിടുത്തെ വചനം സത്യവുമെന്ന് നമ്മൾ അറിയുന്നുവെങ്കിൽ അവിടുത്തെ വാഗ്ദാനങ്ങൾ അവകാശപ്പെടുന്നുവെങ്കിൽ ദൈവത്തിന്റെ സാരാംശം നമുക്കൊരു പ്രോത്സാഹനമായ് തീരും.

**പ്രാർത്ഥന**

1. നമുക്കു മാതൃകയാക്കാവുന്ന രണ്ടു കാര്യങ്ങൾ കർത്താവ് ചെയ്തു. തന്റെ തന്നെ സാഹചര്യത്തെ ഓർത്ത് താൻ പ്രാർത്ഥിച്ചു.

2. തന്റെ പക്ഷത്തുനിന്ന് പ്രാർത്ഥിപ്പാൻ മറ്റുള്ളവരോട് അപേക്ഷിച്ചു.

കർത്താവ് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടതിന്റെ വസ്തുത ചിന്തിക്കുക. തന്റെ സ്നേഹിതരുടെ മുമ്പാകെ ഹൃദയം തുറന്ന്, അല്പസമയം ശ്രദ്ധയോടെ പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടിട്ട്, ഒരല്പം ദൂരെമാറി പിതാവിനോട് സംസാരിച്ചു. അവിടുന്നു ശിഷ്യന്മാരുടെ അടുക്കൽ വന്നപ്പോൾ അവർ ഉത്സാഹത്തോടെ പ്രാർത്ഥിക്കുന്നതു കണ്ടു. ഇങ്ങനെയാണോ മത്തായി എഴുതിയിരിക്കുന്നത്? അല്ല, മൂന്നുപ്രാവശ്യം കർത്താവ് അല്പം മാറിയിരുന്നു പ്രാർത്ഥിച്ചു, മൂന്നുപ്രാവശ്യവും അവർ ഉറങ്ങുന്നതായി കണ്ടു.

അവർ ഉറങ്ങുന്നത് ആദ്യം കർത്താവ് കണ്ടപ്പോൾ, പരീക്ഷയിൽ ആകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവാനുള്ള മുന്നറിയിപ്പ് അവർക്കു കൊടുത്തു. എന്നാൽ അവർ അതു ശ്രദ്ധിച്ചില്ല. പത്രോസിനും, യാക്കോബിനും, യോഹന്നാനും പ്രാർത്ഥനയിൽ പോരാടുവാൻ കഴിയാത്തതിനാൽ അവരുടെ വിശ്രമം നഷ്ടപ്പെടുവാൻ പോകയാണ്. പോരാട്ടം നടത്തുന്നതിനു മുമ്പേ നാം വിശ്രമിക്കുന്നു. എങ്കിൽ, പിന്നെ ഒരിക്കലും വേണ്ടതുപോലെ വിശ്രമിക്കുവാൻ കഴിയുകയില്ല.

നമുക്ക് മറ്റൊന്നും പ്രാർത്ഥിക്കുവാൻ കഴിയാതെ വരുമ്പോൾ എപ്പോഴും ശരിയായ അനുയോജ്യമായ, ദൈവത്തിനു എപ്പോഴും ബഹുമാനം കൊടുക്കുന്ന രണ്ടു പ്രാർത്ഥനകളുണ്ട്. (1) 'നന്ദി' (സങ്കീ.50:23; 1തെസ്സ.5:18; എഫെ. 5:20) (2) 'അവിടുത്തെ ഇഷ്ടം നിറവേറട്ടെ' (മത്താ.6:10; 26:39)

നില്ക്കുക ചിന്തിക്കുക യേശു സ്നേഹിക്കുന്നു. അപ്പോൾ എല്ലാ പ്രതിസന്ധികളും ഒരു അവസരമായിതീർത്ത്, നിങ്ങൾക്ക് വിജയത്തിലേക്ക് മുന്നേറാൻ കഴിയും.

നമുക്കു വിശ്വാസത്തോടെ പ്രാർത്ഥിക്കാം. മടുത്തുപോകാതെ പ്രാർത്ഥിക്കാം, നന്ദിയോടെ പ്രാർത്ഥിക്കാം. (സംഖ്യ 23:19; സങ്കീ.57:3; 100:5; 119:160)

സമർപ്പിതരായ യുവജനങ്ങളെ സഹായിക്കാൻ മുൻപട്ടാള ഓഫീസറും, ഇപ്പോൾ യുവ മിഷണറിയുമായ ഗാരി ഹോർട്ടൺ ദൈവത്തിന്റെ സാരാംശത്തെ ഓർമ്മിക്കുവാൻ താഴെപറയുന്ന വാചകങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ പത്ത് സ്വഭാവഗുണസവിശേഷതകളെ കാണിക്കുന്നു.

| | |
|---|---|
| **S**top and | Sovereignty |
| **R**emember | Righteousness |
| **J**esus | Justice |
| **L**ove, then | Love |
| **E**very | Eternal Life |
| **O**bstacle will become an | Omniscience |
| **Opportunity** for you to drive | Omnipotence |
| **O**n | Omnipresence |
| **I**n | Immutability |
| **V**ictory | Veracity |

# ഊർജ്ജസ്വലതയോടുള്ള പ്രാർത്ഥന

പ്രാർത്ഥന ഒരു വിളക്കുപോലെയാണ്, നിങ്ങൾക്കതു പ്രകാശിപ്പിക്കുവാനോ അണയ്ക്കുവാനോ കഴിയും. എന്നാൽ അതിനു ഊർജ്ജം ലഭിക്കുന്നില്ലായെങ്കിൽ ഒന്നും സംഭവിക്കുകയില്ല. നാം പ്രാർത്ഥിക്കുന്ന എല്ലാ പ്രാർത്ഥനകളും ഒന്നുകിൽ ശക്തിയുള്ളതും അല്ലെങ്കിൽ ഇല്ലാത്തതും ആയിരിക്കും. പ്രാർത്ഥനയിലൂടെ ഭൂമിയെ ഇളക്കിമറിക്കുന്ന ഒരു ശക്തിയെ നാം അഴിച്ചുവിടുകയാണ്.

യാക്കോബ് 5:16 നമ്മോടു പറയുന്നു "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു." അതിന്റെ ഒരു നല്ല പരിഭാഷ ഇപ്രാകാരമാണ്. "ഏതൊരു വിശ്വാസിയുടെയും ഊർജ്ജസ്വലതയോടുള്ള പ്രാർത്ഥനയ്ക്കു വലിയ ശക്തിയുണ്ട്. 'ഫലിക്കുന്ന' എന്ന വാക്കിനു മൂലഭാഷയിൽ 'ഇസ്ക്കോവുസ് (ISCHVOS) എന്നവാക്കാണ് ഉപയോഗിക്കുന്നത്. ശക്തി എന്നതിന് ഗ്രീക്കുഭാഷയിൽ ഉപയോഗിക്കുന്ന അഞ്ചു വാക്കുകളിൽ ഏറ്റവും ശക്തമായ വാക്കാണത്. "പ്രായോഗികശക്തി, പ്രകടനാത്മക ശക്തി" എന്നൊക്കെയർത്ഥം. തന്റെ മക്കളുടെ ഊർജ്ജസ്വലതയോടുള്ള പ്രാർത്ഥനയിൽ ദൈവം തന്റെ ശക്തി പ്രകടമാക്കുന്നു.

'നീതിമാൻ' എന്നാൽ യേശുക്രിസ്തുവിന്റെ നീതി കണക്കിട്ടവൻ എന്നർത്ഥം. നാം യേശുക്രിസ്തുവിൽ ആയതിനാൽ, ഒരു ദിവസത്തിന്റെ 24 മണിക്കൂറും നമ്മുടെ ജീവിതത്തിന്റെ ശേഷിക്കുന്ന കാലമത്രെയും നമുക്കു ദൈവവുമായി നേരിട്ടു ബന്ധമുണ്ട് (എബ്രാ 4:16) യാക്കോബ് 5:17ൽ യേശുവിന്റെ സഹോദരനായ യാക്കോബ്, ഏതൊരു വ്യക്തിയുടെയും പ്രാർത്ഥനയ്ക്കു ശക്തിയുണ്ടെന്ന വസ്തുത ബലപ്പെടുത്തിക്കൊണ്ടു പറയുകയാണ്. "ഏലീയാവു നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ." അതു വളരെ ശ്രദ്ധയാകർഷിക്കുന്ന ഒരു പ്രസ്താവനയാണ്. അസാധാരണമായ പ്രാർത്ഥനയുടെയും ശക്തിയുടെയും ശുശ്രൂഷകനായിട്ടാണ് ഏലിയാവിനെ യെഹൂദന്മാർ സ്മരിക്കുന്നത്. അവനൊരു പാപപ്രകൃതിയുണ്ടായിരുന്നു. ചില ബലഹീനതകളുണ്ടായിരുന്നു. എന്താണ് പാപം, എന്താണ് വീഴ്ച ഇതൊക്കെ അറിഞ്ഞിരുന്നു. എന്നാൽ ഏലിയാവിന്റെ പ്രാർത്ഥനയുടെ ശക്തി അവനിലുള്ള ഒന്നുമായിരുന്നില്ല. അതു ദൈവത്തിൽനിന്നായിരുന്നു.

അതിനാൽ നമുക്കെങ്ങിനെ നമ്മുടെ പ്രാർത്ഥന ശക്തീകരിക്കാം? നാം പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ രണ്ടു ചോദ്യങ്ങൾ നമ്മോടുതന്നെ ചോദിക്കണം.

**1. ഞാൻ ദൈവത്തോടുള്ള കൂട്ടായ്മയിലാണോ?** (എഫെ 6:18)? ദൈവത്തിനും നമുക്കും മധ്യേ പാപം ഒരു തടസ്സം ഉയർത്തിയിരിക്കുകയാണ്. അത് പ്രാർത്ഥനയുടെ ശക്തിയുടെ പ്രവാഹത്തെ തടസ്സപ്പെടുത്തുന്നു. (യെശ. 59:2) സ്വയം പരിശോധിക്കുന്നതും തെറ്റുകൾ ഏറ്റുപറയുന്നതും ആ തടസ്സം മാറുവാനും കൂട്ടായ്മ പുനഃസ്ഥാപിക്കുവാനും സഹായിക്കുന്നു. (1യോഹ.1:9; 3:21, 22) നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നില്ലായെങ്കിൽ, നാം ആത്മാവിനാൽ നിറയപ്പെടുന്നില്ലായെങ്കിൽ, നമ്മുടെ പ്രാർത്ഥന ശക്തിയില്ലാത്തതും കേവലം ജഡീകവുമായിരിക്കും.

**2. ഞാൻ ദൈവഹിതപ്രകാരമാണോ പ്രാർത്ഥിക്കുന്നത്?** (യോഹ.15:7; 1യോഹ.5:14, 15) എങ്ങനെയാണ് ദൈവഹിതപ്രകാരം പ്രാർത്ഥിക്കുന്നത്? ദൈവവചനം നാം അറിയണം. ദൈവവചനം പഠിക്കാതിരിക്കുന്നത് ഫലകരമായ പ്രാർത്ഥനയ്ക്കു തടസ്സമാണ്. യേശു പറഞ്ഞു നിങ്ങൾ വിശ്വാസത്തോടെ എന്തു ചോദിച്ചാലും അതു നിങ്ങൾക്കു ലഭിക്കും. എന്നാൽ എന്താണ് വിശ്വാസം? ദൈവവചനത്തോടുള്ള പ്രതികരണമാണ്. നാം ചോദിക്കുന്നത് ദൈവയിഷ്ടപ്രകാരമാണോ അല്ലയോ എന്ന് ദൈവവചനം പറയാത്തിടത്തോളം വിശ്വാസത്തോടെ എന്തെങ്കിലും ചോദിക്കുവാൻ നമുക്കു കഴിയുകയില്ല. നമ്മുടെ താല്പര്യങ്ങൾ ദൈവവചനപ്രകാരമാണെന്നു നാം അറിയുമ്പോൾ നമ്മുടെ പ്രാർത്ഥന ശക്തിയുള്ളതാകും. കൊലൊസ്സ്യർ 4:2 -ൽ പൗലോസ് നമ്മളോടു പറയുന്നത് പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, സ്ത്രോത്രത്തോടെ അതിൽ ജാഗരിപ്പിൻ."

നാം ഉറ്റിരിക്കേണ്ട, ഏറ്റുപറഞ്ഞു ഉപേക്ഷിക്കേണ്ട അപകടകരമായ അഞ്ചു പരാജയങ്ങളുണ്ട്. ഏറ്റുപറയുന്നതിലുള്ള പരാജയം. (യെശ.59:2), പഠിക്കുന്നതിലുള്ള പരാജയം (യോഹ.15:7), അനുസരിക്കുന്നതിലുള്ള പരാജയം (1യോഹ.3:22; 1പത്രോസ് 3:7), ദൈവഹിതപ്രകാരം ചോദിക്കുന്നതിലുള്ള പരാജയം (1യോഹ.5:14, 15), അവയവങ്ങളിൽ പോരാടുന്ന ഭോഗഇച്ഛകൾ (യാക്കോ. 4:2, 3)

മേല്പറഞ്ഞ അപകടങ്ങളെക്കുറിച്ച് നാം ജാഗ്രതയുള്ളവരായിരിക്കുന്നുവെങ്കിൽ, ആ രണ്ടു ചോദ്യങ്ങൾക്ക് 'ശരി' എന്ന് ഉത്തരം പറയാൻ കഴിയുമെങ്കിൽ, നമുക്ക് വിശ്വാസത്തോടെ പ്രാർത്ഥിക്കുവാനും നാം ചോദിക്കുന്ന കാര്യങ്ങൾ ദൈവത്തിന്റെ ഉചിതമായ സമയത്ത് ലഭിക്കുമെന്ന് ഉറപ്പാക്കാനും കഴിയും. യോഹ.15:7-ൽ യേശു പറഞ്ഞു "നിങ്ങൾ എന്നിലും, എന്റെ വചനം, നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ അതു നിങ്ങൾക്കു കിട്ടും.

# യൂണിറ്റ് 2 പുനഃപരിശോധന

## പാഠം 2-1

1. വേദപുസ്തകാടിസ്ഥാനത്തിൽ “പ്രചോദനം” എന്നാൽ എന്താണർത്ഥം?
2. വേദപുസ്തകം വിവക്ഷിക്കുന്ന മൂന്നു ഉദ്ദേശങ്ങൾ ഏതെല്ലാം?
3. ദൈവവചനം പഠിക്കുവാനുള്ള പ്രചോദനം എവിടെനിന്നു ലഭിക്കുന്നു?
4. വേദപുസ്തകപഠനവും ആത്മീയവളർച്ചയും തമ്മിലുള്ള ബന്ധം എന്താണ്?
5. ദൈവവചനത്തോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ അഞ്ചുപ്രവൃത്തികൾ ഏതെല്ലാം?
6. വേദപുസ്തകം എന്തുകൊണ്ട് പ്രാധാന്യമുള്ളതായി? അഞ്ചു കാരണങ്ങൾ എഴുതുക.
7. എന്താണ് ദൈവവചന വ്യാഖ്യാനശാസ്ത്രം?
8. വേദപുസ്തക വ്യാഖ്യാനത്തിൽ വ്യാകരണപരം ഉപദേശപരം, ചരിത്രപരം ഇവ എന്താണെന്ന് നിർവചിക്കുക. പ്രാധാന്യവും വിവരിക്കുക?
9. വിശ്വാസത്തിന്റെ സാദൃശ്യത്തെക്കുറിക്കുന്ന മൂന്ന് തത്വങ്ങൾ ഏതെല്ലാം?
10. ദൈവവചനം പഠിക്കുന്നതു മനസ്സിലാക്കാൻ നമുക്കുണ്ടായിരിക്കേണ്ട മൂന്നു ആത്മീയ തത്വങ്ങൽ ഏതെല്ലാം?
11. വേദപുസ്തകത്തിന്റെ പ്രാധാന്യത്തെയും ഉദ്ദേശത്തെയുംക്കുറിച്ച് ഒരു സുഹൃത്തിനോട് എങ്ങനെ യാണ് വിവരിക്കുന്നത്? നിങ്ങളും അവകാശവാദങ്ങൾ തെളിയിക്കാൻ ഏതു വേദഭാഗമാണ് ഉപയോഗി ക്കുക?

### മനഃപാഠവാക്യങ്ങൾ

2 തിമൊ. 3:10–17

2 തിമൊ. 2:1–2

2 തിമൊ. 2:15

## പാഠം 2–2

1. സഭ എന്നതിന്റെ ഗ്രീക്ക് പദം ഏത്? എന്താണതിന്റെ അർത്ഥം?
2. ഏതു ‘പാറ’ യിലാണ് സഭ പണിതിരിക്കുന്നത്?
3. സഭ സ്ഥാപിച്ചതും, സഭയെ ശക്തീകരിക്കുന്നതും ആരാണ്?
4. സഭയുടെ രണ്ടുനിലയിലുള്ള ദൗത്യങ്ങൾ ഏതെല്ലാം?
5. ആദിമസഭയുടെ നാലു മുൻഗണനകൾ ഏതെല്ലാം?

6. യവനായ ക്രിസ്ത്യാനികളും, എബ്രായ ക്രിസ്ത്യാനികളും തമ്മിൽ ഒരു തർക്കമുണ്ടായപ്പോൾ തങ്ങൾ മേശമേൽ ശുശ്രൂഷിക്കുന്നതു ഉചിതമല്ല എന്നു പത്രോസ് അപ്പോസ്തലൻ പറഞ്ഞതെന്തിന്? (അ.പ്ര. 6-ാം അദ്ധ്യായം)
7. സഭകൾ സ്ഥാപിക്കുന്നതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം എന്താണ്? എന്താണ് സഭയുടെ ലക്ഷ്യം?
8. യുഗങ്ങൾ എന്നാൽ എന്ത്?
9. സാർവ്വത്രിക സഭയും പ്രാദേശികസഭയും തമ്മിലുള്ള വ്യത്യാസം എന്ത്?
10. ബൈബിളിൽ കർത്താവിനെയും സഭയേയുംക്കുറിച്ചു പറയുന്ന 7 രൂപകങ്ങൾ ഏതെല്ലാം?
11. സഭയുടെ ദൗത്യത്തെക്കുറിച്ചും, പ്രകൃതിയെക്കുറിച്ചും ഒരു സുഹൃത്തിനോടു എങ്ങനെ വിവരിക്കും.? നിങ്ങളുടെ അവകാശവാദങ്ങൾ തെളിയിക്കാൻ ഏതു വേദഭാഗങ്ങളാണ് നിങ്ങൾ ഉപയോഗിക്കുന്നത്?

### മനഃപാഠവാക്യങ്ങൾ

മത്തായി 16:15-18

എഫെസ്യർ 1:22, 23

എഫെസ്യർ 2:4-7

## പാഠം 2-3

1. എന്താണ് വിശ്വാസികളുടെ നിയോഗം?
2. നമ്മുടെ നിയോഗം നിവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതു എന്താണ്?
3. 2കൊരി. 5:15 പൗലൊസ് പറയുന്നപ്രകാരം ക്രിസ്തു മരിച്ചത് എന്തിനാണ്?
4. വിശ്വാസികൾ മറ്റുള്ളവരെ വീക്ഷിക്കേണ്ടത് എങ്ങനെയാണ്?
5. എന്താണ് അനുരഞ്ജനത്തിന്റെ ശുശ്രൂഷ? എന്താണ് അനുരഞ്ജനത്തിന്റെ സന്ദേശം?
6. 1 പത്രോസ് 3:15 ൽ പറഞ്ഞിരിക്കുന്ന സുവിശേഷീകരണ രീതി വിവരിക്കുക?
7. വേദപുസ്തകം കാഴ്ചപ്പാടിൽ 'താഴ്മയെ' നിർവചിക്കുക?
8. ഓരോ വിശ്വാസിയുടെയും മൂന്നു ദൗത്യങ്ങൾ ഏതെല്ലാം?
9. എന്താണ് സ്നാനം? ബൈബിളിൽ വിവരിക്കുന്ന രണ്ടുതരം സ്നാനങ്ങൾ ഏതെല്ലാം?
10. സ്നാനം രക്ഷയ്ക്കു ആവശ്യമാണോ? അങ്ങനെയെങ്കിൽ ഏതു സ്നാനം?
11. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് ഒരു വിശ്വാസിയിൽ ചെയ്യുന്ന അഞ്ചു കാര്യങ്ങൾ ഏതെല്ലാം?
12. ഒരു സ്നേഹിതനോട് സ്ഥാനാപതി എന്ന നിലയിൽ വിശ്വാസിയുടെ പദവിയെക്കുറിച്ചു എങ്ങനെയാണ് നിങ്ങൾ വിവരിക്കുന്നത്? നിങ്ങളുടെ വാദഗതികൾ സമർത്ഥിക്കാൻ ഏതുഭാഗമാണ് നിങ്ങൾ ഉപയോഗിക്കുന്നത്?

### മനഃപാഠവാക്യങ്ങൾ

2 കൊരി. 5:14-21

1 പത്രോ. 3:15

## പാഠം 2-4

1. ആത്മാവിന്റെ ദാനം എന്നു പറഞ്ഞാൽ എന്താണ്? എന്താണതിന്റെ ഉദ്ദേശ്യം?
2. വെളിപ്പെടുത്തൽ എന്നാൽ എന്താണ്?
3. ഒരു വിശ്വാസിക്കുള്ള ആത്മാവിന്റെ ദാനം ആരുടെ തിരഞ്ഞെടുപ്പാണ്?
4. ആത്മാവിന്റെ ദാനങ്ങൾ നല്കുന്നതാരാണ്?
5. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആത്മാവിന്റെ ദാനങ്ങൾക്കുള്ള പ്രാധാന്യം എന്താണ്?
6. നമ്മുടെ ആത്മാവിന്റെ ദാനത്തെ എങ്ങനെ കണ്ടെത്തുവാൻ കഴിയും?
7. ഉന്നതാവസ്ഥയിൽ എത്തിച്ചേരാൻ കർത്താവ് പറഞ്ഞ ഒന്നാമത്തെ ആവശ്യകത എന്താണ്?
8. നമുക്കെങ്ങനെ മാനപാത്രങ്ങളായി തീരാൻ കഴിയും? എന്താണ് ഇതിന്റെ അർത്ഥം?
9. എങ്ങനെയാണ് ഒരു വ്യക്തി സ്വയം ശുദ്ധീകരിക്കുന്നത്?
10. വിശുദ്ധീകരണം എന്നാൽ എന്താണ്?
11. താഴ്മ എന്തുകൊണ്ട് പ്രാധാന്യമുള്ളതായിരിക്കുന്നു എന്നതിന് കുറഞ്ഞത് അഞ്ചു കാരണങ്ങൾ എഴുതുക?
12. ആത്മാവിന്റെ ദാനങ്ങളെക്കുറിച്ചും, ഒരു വിശ്വാസിയുടെ ശുശ്രൂഷകളെക്കുറിച്ചും നിങ്ങളുടെ ഒരു സ്നേഹിതനോടു എങ്ങനെയാണ് നിങ്ങൾ വിവരിക്കുന്നത്? നിങ്ങളുടെ വാദമുഖങ്ങൾ സമർത്ഥിക്കാൻ തിരഞ്ഞെടുക്കുന്ന വേദഭാഗങ്ങൾ ഏതെല്ലാം?

### മനഃപാഠവാക്യങ്ങൾ

1 കൊരി. 12:4-7

## പാഠം 2-5

1. വേദപുസ്തകപഠനവും പ്രാർത്ഥനയും തമ്മിലുള്ള ബന്ധമെന്താണ്?
2. 'ഇടവിടാതെ പ്രാർത്ഥിക്കുക' എന്ന കല്പന വിവരിക്കുക?
3. മത്തായി 7:7-11 ൽ യേശു പ്രാർത്ഥനയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
4. മത്തായി 7:7, 8 -ൽ പറഞ്ഞിരിക്കുന്ന മൂന്നു വാഗ്ദാനങ്ങളും മൂന്നു വ്യവസ്ഥകളും ഏതെല്ലാം?
5. യാചിക്കുക, അന്വേഷിക്കുക, മുട്ടുക ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്?
6. ദൈവത്താൽ മാനിക്കപ്പെടുന്ന എപ്പോഴും ശരിയായിരിക്കുന്ന രണ്ടു പ്രാർത്ഥനകൾ ഏതെല്ലാം?
7. ദൈവത്തിന്റെ സാരാംശമായ പത്തുസ്വഭാവ സവിശേഷതകളുടെ പേരു പറയുക, അവ ഓരോന്നിന്റേയും അർത്ഥം വിവരിക്കുക?
8. 'ശക്തിയോടുള്ള പ്രാർത്ഥന' എന്നാൽ എന്ത്? നമ്മുടെ പ്രാർത്ഥനകൾ ശക്തിയുള്ളതാണെന്ന് എങ്ങനെ അറിയുവാൻ കഴിയും?
9. നിങ്ങളുടെ ഒരു സ്നേഹിതനോട് വിശ്വാസികളുടെ പ്രാർത്ഥന, പൗരോഹിത്യം എന്നിവ എങ്ങനെ വിവരിക്കും? നിങ്ങളുടെ ചിന്താഗതികൾ സമർത്ഥിക്കുവാൻ ഉപയോഗിക്കുന്ന വേദഭാഗങ്ങൾ ഏതെല്ലാം?

### മനഃപാഠവാക്യങ്ങൾ

1 തെസ്സ 5:10-18

മത്തായി 2:7, 8



# പാഠം 3 – 1:

# ഓട്ടം – *ക്രിസ്തീയ ജീവിതം*

എബ്രായർ 12:1–3
1 കൊരിന്ത്യർ: 9 24 – 27



റോമക്കരനായ തീത്തോസ് യെരുശലേം ദേവാലയം നശിപ്പിക്കുന്നതിനും മൂന്നു (3) വർഷങ്ങൾക്കു മുമ്പ്, പേരു പറഞ്ഞിട്ടില്ലാത്ത ഒരു എഴുത്തുകാരൻ, മുന്നറിയിപ്പിന്റെയും, പ്രോത്സാഹനത്തിന്റെയും ഒരു കത്ത് യെരുശലേമിലെ വിശ്വാസികൾക്കെഴുതി. ഒഴിവാക്കുവാൻ കഴിയാത്ത ദേശീയ പ്രതിസന്ധിയുടെ സമയത്ത്, ഈ എഴുത്തുകാരൻ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നത്, ദൈവത്തിന്റ പദ്ധതിയെ പിൻതുടരുന്നതാണ് സുരക്ഷിതമായ ഏകമാർഗ്ഗം.

എബ്രായർ 12- ൽ ക്രിസ്തീയ ജീവിതത്തെ ഓട്ടക്കാരനോടും, ഓട്ടത്തോടും താരതമ്യം ചെയ്തിരിക്കുന്നു. വിജയം ലഭിക്കണമെങ്കിൽ പരിശീലനത്തിന്റെ ബുദ്ധിമുട്ടുകൾ സഹിക്കുകയും ഓടുകയും വേണം. ഓരോ ക്രിസ്ത്യാനിയും ഓടിതികയ്ക്കേണ്ട ഓട്ടം കർത്താവ് നിശ്ചിയിച്ചിട്ടുണ്ട്, അതിനു ദൈവഹിതപ്രകാരമുള്ള വ്യക്തിപരമായ ലക്ഷ്യമുണ്ട്. ആരും തന്റെ ഓട്ടം പെട്ടെന്ന് തീർക്കേണ്ട, അതിനു അച്ചടക്കം, സഹിഷ്ണത, ലക്ഷ്യത്തിലേക്കുള്ള ദർശനം എന്നിവ ആവശ്യമാണ്.

> *ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്ക് ചുറ്റി നില്കുന്നതുകൊണ്ട് .....(എബ്രായർ 12.1).*

പുരാതന കായിക മത്സരവേദികളിൽ, ഓട്ടക്കളം കുതിരലാടത്തിന്റെ ആകൃതിയിലായിരുന്നു, (U ആകൃതി) ചുറ്റും നില്ക്കുന്ന കാണികൾക്ക് ഓട്ടം ആരംഭം മുതൽ അവസാനം വരെ കാണുവാൻ കഴിയുമായിരുന്നു.

"സമൂഹം" - ഇതിന് മൂഭാഷയിൽ നെഫോസ് (Nephes) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, അതിനർത്ഥം "അസംഖ്യം ആളുകൾ എന്നാണ്" അതായത് മേഘം പോലെ ഒരു കൂട്ടം കാണികൾ നില്ക്കുന്നു. "റോമിലെ സർക്കസ് മാക്സിമസ്" കൊളീസിയത്തിൽ രണ്ടു ലക്ഷം കാണികൾക്ക് ഇരിപ്പിടം ഉണ്ടായിരുന്നു. കളിക്കളത്തിൽ ഓട്ടക്കാരനു ഇത്രവലിയ ജനസമൂഹത്തെ മേഘംപോലെ മാത്രമേ കാണാൻ കഴിയൂ. ഓട്ടക്കാരനു കാണികളെ കാണാൻ കഴിഞ്ഞില്ലെങ്കിലും അവരുടെ ശബ്ദം തീർച്ചയായും കേൾക്കാം.

" ചുറ്റും" - മൂലഭാഷയനുസരിച്ച് ആ വാക്കിന് " കെട്ടുക, ചുറ്റുക, അഥവ വലയം സൃഷ്ടിക്കുക എന്നൊക്കെയാണർത്ഥം. അതായത് കാണികളായ ആളുകൾ താഴെ ഓടുന്ന ഓട്ടക്കാരനെ വലയം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയുമാണ്.

ഈ സന്ദർഭത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് എബ്രായർ 11 - ൽ പറഞ്ഞിരിക്കുന്ന വിശ്വാസ വീരന്മാരാണ് ഈ കാണികൾ. ആത്മീയ മണ്ഡലത്തിൽ നിന്നുകൊണ്ട് ഒരു വലിയ കൂട്ടം വിശ്വാസികൾ നമ്മുടെ ഓട്ടം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അവർ തനിച്ചല്ല, എക്കാലത്തും ജീവിച്ചിരുന്ന, സ്ത്രീകളും, പുരുഷന്മാരും കുട്ടികളുമായ വിശ്വാസികൾ, തങ്ങളുടെ ഓട്ടം തികച്ചവരും വിശ്വാസം ദൈവത്താൽ ആംഗീകരിക്കപ്പെട്ടവരുമായവർ. ഈ അസംഖ്യം ജനക്കൂട്ടം സന്തോഷത്തോടെ നാം ഓട്ടം തികയ്ക്കുന്നത് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഓട്ടക്കാരായ നാം അവരുടെ മുഖം കാണുന്നില്ല. എന്നാൽ അവരുടെ സന്തോഷത്തിന്റെ ആർപ്പുവിളികളുടെ പ്രതിധ്വനി തിരുവചനത്തിന്റെ താളുകളിൽ നിന്നും അവരുടെ ജീവിതാനുഭവങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാം. ദൈവവചനവും സഭാചരിത്രവും നാം പഠിക്കുമ്പോൾ, ജീവിതത്തിൽ നമ്മളെ പോലെതന്നെ പരീശോധനകളും, പരീക്ഷകളും അഭിമുഖീകരിച്ച, നമുക്കുള്ള ബലഹീതകൾ ഉള്ളവരുമായ ആളുകളെ കാണുവാൻ കഴിയും. നാം അവരുമായി താദാത്മ്യം പ്രാപിക്കുമ്പോൾ അവരുടെ ജീവിതം നമുക്ക് പ്രചോദനമായിരിക്കും.

നാം അവരുമായി താദാത്മ്യം പ്രാപിക്കുന്നതുപോലെ നമ്മുടെ കാര്യത്തിൽ അവർക്ക് ഏറെ താല്പര്യമുണ്ടെന്ന് വിശ്വസിക്കുവാൻ ധാരാളം വസ്തുതകളുണ്ട്. നാം നമ്മുടെ ഓട്ടം എങ്ങനെ ഓടുന്നു എന്നറിയാൻ അവർക്കു ആത്മാർത്ഥമായ താല്പര്യമുണ്ട്, കാരണം അവർക്കിപ്പോൾ വളരെനല്ല ഒരു കാഴ്ചപ്പാടുണ്ട്. മരിച്ച ഉടനെ അവർ യേശുവിന്റെ മുഖം കണ്ടു, എന്താണ് പ്രധാനപ്പെട്ടത്, അല്ലാത്തതെന്ന് പരിപൂർണ്ണമായ് മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞു. നമ്മുടെ ഓട്ടത്തിൽ നമ്മെ സംഭ്രമിപ്പിക്കുന്ന വിലകുറഞ്ഞ വസ്തുതകൾ എന്തൊക്കെയാണെന്ന് കാണുവാൻ അവർക്കു കഴിയുന്നുണ്ട്. നമ്മുടെ ജീവിതകാലത്തും നിത്യതയിലും യേശുക്രിസ്തു മഹത്വപ്പെടുക  എന്നുള്ളതാണ് പ്രധാനകാര്യമെന്ന് അവരിപ്പോൾ അറിയുന്നു.

*സകല ഭാരവും മുറുകെപറ്റുന്ന ഭാരവും വിട്ട് നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക ..... (എബ്രാ 12:1)*

“ വിടുക” എന്നതിനു മൂലഭാഷയിൽ “ഇസാപോറ്റിതെമി” (Isapotithemi) എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനർത്ഥം “ ഇട്ടുകളയുക പുറകിൽ എറിഞ്ഞു കളക” അതായത് വസ്ത്രം അഴിച്ചുമാറ്റുന്നതുപോലെ എന്നർത്ഥം. “ ഭാരം” എന്നതിന് “ ഓഗ്കോസ്” (Ogkos) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, അതിനർത്ഥം അധികമായ ഭാരം എന്നർത്ഥം. ശരീര ഭാരത്തെകുറിക്കാനും, ഈ വാക്കു ഉപയോഗിക്കാറുണ്ട്. യവന കായികാഭ്യാസികൾ പരിശീലനത്തിന്റെ ഭാഗമായി, ഭാരം വഹിച്ചുകൊണ്ട് ഓടാറുണ്ട്. നാം ഭാരരഹിതരായ് ഓടിയാലേ കിരീടം പ്രാപിക്കുവാൻ കഴിയൂ.

ലൂക്കോസ് 21:34 - ൽ കർത്താവുപറഞ്ഞു “ നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും , ഉപജീവനചിന്തകളാലും ഭാരപ്പെടരുത്.” കർത്താവ് തന്റെ ശിഷ്യന്മാർക്കു ആകുലചിന്തകളിൽ നിന്ന് ഹൃദയത്തെ സ്വയം സംരക്ഷിക്കുന്നതിനായി ഉപദേശം നല്കുന്നു. തങ്ങളുടെ ദൗത്യങ്ങളിൽ അശ്രദ്ധരായി ഈ ലോകത്തിന്റെ ചിന്തകളിൽ കുടുങ്ങി ദൗത്യം നഷ്ടപ്പെട്ടുപോകാതിരിക്കുവാൻ അവർക്കു മുന്നറിയിപ്പ് നല്കുന്നു.

എബ്രായലേഖന കർത്താവ് നമുക്കോരോരുത്തർക്കും പ്രബോധനം നല്കുന്നത്, മുറുകെപറ്റുന്ന സകലപാപങ്ങളും പുറകിൽ എറിഞ്ഞുകളയുക എന്നാണ്. ഭാഷാർത്ഥത്തിൽ പറഞ്ഞാൽ വളരെവേഗത്തിൽ നമ്മളെ കെണിയിലകപ്പെടുത്തുന്ന  പാപം.

പാപപ്രകൃതിയുടെ അടിസ്ഥാന തത്വം ഇവിടെ ലേഖന കർത്താവ് തിരിച്ചറിയുന്നു. എല്ലാവരും വ്യത്യസ്തരാണ്, ശാരീരിക യോഗ്യതകളും, വ്യക്തിത്വങ്ങളും ഒരുപോലെയല്ല, അതുപോലെ പാപപ്രകൃതികളും ഒരുപോലെയല്ല.

എല്ലാവിശ്വാസികൾക്കും ശത്രുക്കളുണ്ട്. എന്നെ കെണിയിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്ന, ദൈവത്തിൽ ആശ്രയിക്കുന്നതിൽ നിന്ന് എന്നെ അകറ്റുന്ന ബലഹീനതകളുടെയോ, ശക്തിയുടെയോ പാപ മേഖലകൾ നിങ്ങൾക്കൊരു പ്രശ്നമാകണമെന്നില്ല. നാം മറ്റുള്ളവരുമായിട്ട് നമ്മളെ താരതമ്യം ചെയ്യരുത്.

ഇവിടെ ലേഖന കർത്താവ് പറഞ്ഞ ഒരു കാര്യം പ്രത്യേക ശ്രദ്ധേയമാണ് അത് മറ്റാരുടെയെങ്കിലും  മുറുകെ പറ്റുന്ന പാപം പുറകിൽ എറിഞ്ഞുകളയുവാനല്ല, നമ്മുടെ ഓട്ടം തികയ്ക്കുവാനുള്ള ഉത്തരവാദിത്വമാണ് ഓർപ്പിക്കുന്നത്. മറ്റാരുടെയെങ്കിലും ഓട്ടത്തിൽ നാം ഇടപെട്ടാൽ, നമ്മുടെ മാർഗ്ഗത്തിൽ നിന്ന് നാം വ്യതിചലിക്കേണ്ടി

## പഴയപാപ പ്രകൃതി

നമ്മുടെ പാപപ്രകൃതികൾ, അടിസ്ഥാനപരമായ ഒരേ പ്രകൃതിയാണെങ്കിലും, നമ്മുടെ വിരലടയാളം പോലെ അതുല്യമാണ്. ബലഹീനമായ സാഹചര്യങ്ങൾ, ശക്തിയുടെ സാഹചര്യങ്ങൾ, ജഡീകാഭിലാഷങ്ങൾ, അടിസ്ഥാനപരമായ ചില പ്രവണതകൾ എന്നിവയിലൂടെയാണ് പാപപ്രകൃതികൾ രൂപപ്പെടുന്നത്.

ബലഹീനമായ മേഖലകൾ - ചില പ്രത്യേകതരം പാപങ്ങളാൽ നാം ഓരോരുത്തരും വലിച്ചിഴക്കപ്പെട്ടിരിക്കുകയാണ്. ചിലർക്ക് അതു നാവുകൊണ്ടുള്ള പാപമാണ്. ചിലർക്ക് മനോഭാവത്താലുള്ള പാപമാണ്. മറ്റുചിലർക്ക് പരസ്യമായ പാപമാണ്.

ശക്തിയുടെ മേഖല ചില മാനുഷിക നന്മകളാൽ പാപത്തിലേക്കു വലിച്ചിഴക്കപ്പെടുന്നു. നാം ദൈവവചനത്തിലും, പരിശുദ്ധാത്മാവിനന്റെ ശക്തിയിലും ആശ്രയിക്കാതെ നമ്മുടെ ചില സ്വഭാവ സവിശേഷതകളിൽ മാത്രം ആശ്രയിക്കുന്നുയെങ്കിൽ അതു നമ്മെ കെണിയിലകപ്പെടുത്തും. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയുടെ നിയന്ത്രണത്തിനപ്പുറം നമ്മുടെ ശക്തിയാൽ ദൈവത്തിനു പ്രസാദകരമായ ഒന്നും ചെയ്യുവാൻ നമുക്ക് കഴിയുകയില്ല, എന്തുകൊണ്ടെന്നാൽ ദൈവത്തെ കൂടാതെയുള്ള നന്മ, ദൈവമുമ്പാകെ തിന്മയാണ്.

വ്യക്തികൾ എന്നനിലയിൽ നമ്മുടെ ജഡീകാഭിലാഷങ്ങൾ നമ്മുടെ ബലഹീനതയും, ശക്തിയുമാണ് ചില വ്യക്തികൾക്ക് പണത്തോടുള്ള ആർത്തി, ചിലർക്ക് അധികാരം, ചിലർക്ക് പ്രശസ്തി, മറ്റു ചിലർക്ക് ലൈംഗീകാസക്തി.

പാപപ്രകൃതിയിൽ രണ്ടു അടിസ്ഥാന പ്രവണതകളാണുള്ളത്. അവയിൽ ഒന്ന് സുപ്രധാനമായതും രണ്ടാമത്തതു അപ്രധാനമായതുമാണ്. ഒന്ന് സന്യാസത്തിലേക്കും അതു ന്യായവാദത്തിലേക്കും നയിക്കുന്നു. മറ്റൊന്ന് ഭോഗാസ്തിയിലേക്കും, അതു നിയമരാഹിത്യത്തിലേക്കും നയിക്കുന്നു.

ഈ നാല് പാപ പ്രകൃതികളിൽ നിന്ന് വളരെ വലുതും പ്രത്യക്ഷവുമായ., വിവിധ പാപസ്വഭാവങ്ങൾ രൂപപ്പെട്ടുവരും. ഉദാഹരണമായി, മാനസികപാപങ്ങളുടെ ബലഹീനതയുള്ള ഒരു സന്ന്യാസി, നിയമരഹിതമായ്, പരസ്യമായി പാപം ചെയ്തവനെ വിധിക്കുവാൻ താല്പര്യപ്പെടും. നിയമരഹിതനായ വ്യക്തി സന്ന്യാസിയുടെ സ്വയനീതിയെയും കണ്ണിനു മുമ്പിൽ കാണുന്ന എന്തെങ്കിലും കപട ഭക്തിയേയും എതിർക്കും. അധികാരമോഹിയും, നാവുകൊണ്ടുപാപം ചെയ്യുന്ന ബലഹീനതയുള്ള വ്യക്തി സ്വയം പുകഴ്ത്തുന്നതിനായ് മറ്റുള്ളവരെ വിമർശിച്ചു തള്ളുകയും, പുച്ഛിക്കുകയും ചെയ്യും. ഭാവനസംബന്ധമായി പാപം ചെയ്യുന്നവൻ മറ്റാർക്കുമെതിരെ ഒരു തിന്മ പറയാതെ പുറമെ നല്ല മനുഷ്യനായ് കാണപ്പെടും. എന്നാൽ മനുഷ്യന്റെ ഹൃദയങ്ങളെ അറിയുന്ന ദൈവത്തിന്റെ മുമ്പാകെ എല്ലാവരും പാപികളാണ്.

വരും. നമുക്ക് മറ്റുള്ളവരെ സന്തോഷപ്പിക്കുവാനും ധൈര്യപ്പെടുത്തുവാനും കഴിയും. എന്നാൽ മറ്റുള്ളവരുടെ ഓട്ടത്തെക്കുറിച്ചു വിധിപറയാനോ, വിമർശിക്കുവാനോ, അതിന്റെ സങ്കേതികതയെകുറിച്ചു അഭിപ്രായം പറയാനോ തുടങ്ങിയാൽ നാം പ്രശ്നം വിളിച്ചുവരുത്തുകയാണ്.

മറ്റുള്ളവർ എങ്ങിനെ ഓടന്നു എന്നതിന്റെ കണക്കല്ല ദൈവം നമ്മോടു ചോദിക്കുന്നത്, നാം എങ്ങനെ ഓടുന്നു എന്നുള്ളതാണ്. നാം നമ്മെ മനസ്സിലാക്കുക, നമ്മുടെ മുറുകെപറ്റുന്ന പാപങ്ങളും, ഓട്ടത്തെ തടസ്സപ്പെടുത്തി, ലക്ഷ്യംപ്രാപിക്കുന്നതിനു വിഘാതമായി നിലയ്ക്കുന്ന പാപസ്വഭാവങ്ങളും പുറകിൽ എറിഞ്ഞുകളക (എഫെ 4.22,23) അനുപാതത്തിലൂടെയും, ആത്മീയ വളർച്ചയിലൂടെയും മാത്രമേ മുറുകെപറ്റുന്ന പാപങ്ങളിൽ നിന്ന് മോചനം ഉള്ളു.

*നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരി*

*ക്കുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ (എബ്രാ 12:1-3)*

“ സ്ഥിരത” - മൂലഭാഷയിൽ ‘ ഹുപ്പോമോനേ’ എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, അതിനർത്ഥം ‘ കീഴിൽപാർക്കുക’ എന്നാണ്. നമ്മുടെ വേദനയുടെ മധ്യത്തിലും നാം കർമ്മനിരതരാകുകയെന്നാണ് ലേഖന കർത്താവ് പറയുന്നത്. സ്ഥിരതയോടെ നാം ഓടണം. നമ്മിൽ ഓരോരുത്തരും വിവിധങ്ങളായ പ്രതിസന്ധി കളെ അഭിമുഖീകരിക്കുന്നവരാണ്. ചില സന്ദർഭങ്ങളിൽ ശാന്തരായിരിക്കുവാൻ നാം പരീക്ഷക്കപ്പെടാറുണ്ട്. ഒരു പരാജയം സംഭവിച്ചു കഴിഞ്ഞാൽ, വീണ്ടും ഓട്ടം തുടങ്ങാൻ കഴിയുന്നതിനേക്കാൾ എളുപ്പമാണ്, ഇനി ഒരി ക്കലും ഓടില്ല എന്നു തീരുമാനിക്കാൻ. എന്നാൽ പിൻവാങ്ങരുത്, സ്ഥിരതയോടെയിരിക്കുക, പിൻവാങ്ങുവാൻ ശ്രമിക്കരുത്.

ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ എബ്രായ വിശ്വാസികളോട് ഓട്ടം തുടരുവാൻ കല്പിക്കുകയല്ല, തന്നോടു കൂടെ ഓടുവാൻ പ്രോത്സാഹിപ്പിക്കുകയാണ്, അതൊരു സോപാധിക പിന്തുണയാണ്. “ നമുക്കു ഓടാം, ഞാൻ പോകുന്നു; നിങ്ങൾ എന്റെ കൂടെ വരിക, ഒരും ടീം ആയിട്ട് ഇതു നിർവ്വഹിക്കാം, നാം ഓരോരുത്തരും അവര വരുടെ ലൈനിൽ ഓടണം, എന്നാലും നമുക്കൊരുമിച്ച് ഓടാം നമെല്ലാവരും ഒരേ ലക്ഷ്യത്തിലേക്കാണ് ഓടു ന്നത്”.

“ നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന”. - ഇതിനു മൂലഭാഷയിൽ പ്രോക്കിമായ്” (Prokeimai) എന്ന വാക്കാണുപ യോഗിച്ചിരിക്കുന്നത് അധികാരപ്പെടുത്തിയത് അഥവാ മുമ്പേ ക്രമീകരിക്കപ്പെട്ടത് എന്നൊക്കെ അർത്ഥം. എല്ലാ ഓട്ടവും കണക്കു കൂട്ടി തയ്യാറാക്കിയതാണ്. ദൈവം അതു ചെയ്തിരിക്കയാൽ നമുക്ക് തിരെഞ്ഞെടുക്കേണ്ട ആവശ്യമില്ല. നമ്മുടെ ലക്ഷ്യവും ദൈവം ചൂണ്ടിക്കാട്ടുന്നതാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ്, നാം തിരഞ്ഞെ ടുക്കാമായിരുന്നത് ആകണമെന്നില്ല. എന്നാൽ എന്തിനാണോ ദൈവം വിളിച്ചത് അതു മാത്രമേ ശരിയായി, ഫല കരമായ് പൂർത്തിയാക്കാൻ കഴിയൂ. അതു മാത്രമേ നമുക്കു സമൃദ്ധമായജീവൻ പ്രദാനം ചെയ്യൂ.

നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം മുമ്പേ തീരുമാനിക്കപ്പെട്ടതാണെങ്കിലും, നമുക്കു തിരഞ്ഞെടുക്കുവാനുള്ള അവസരമുണ്ട്. ഓടണമോ വേണ്ടയോ എന്ന് തീരുമാനിക്കാം, എങ്ങനെ ഓടണമെന്നു തീരുമാനിക്കാം. ന്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം അറിയേണ്ടതിന് കഷ്ടതസഹിക്കണമോ, മുമ്പോട്ടുപോകണമോഎന്നും തീരുമാനിക്കാം.

എല്ലാ ഓട്ടത്തിനും മൂന്നു ഭാഗങ്ങളുണ്ട്, തുടക്കം, മധ്യഭാഗം അഥവാ തുടർച്ച, ഒടുവിൽ അവസാനം. ഒരു ദീർഘദൂര ഓട്ടത്തിൽ ആരംഭവും അവസാനവും ആയാസകരമാണ് ആരംഭത്തിൽ വലിയ ആകാംഷയായിരി ക്കും, എല്ലാവരുടെയും ഊർജ്ജസ്വലത വർദ്ധിക്കും, ഒരു നല്ല തുടക്കത്തിന് വെടിയൊച്ച സഹായകരമാകും. അവസാനത്തിങ്കൽ, കാണികൾ ആർത്തുവിളിക്കുമ്പോൾ, ഓട്ടക്കാർ ക്ഷീണിതരെങ്കിലും, തങ്ങൾ ലക്ഷ്യം പൂർത്തി യാക്കി എന്ന സന്തോഷത്താൽ ശക്തരായിരിക്കും.

ഓട്ടത്തിന്റെ മധ്യത്തിലാണ് ഏറെ പ്രയാസം പ്രത്യേകിച്ചു കൂടുതൽ സഹിക്കേണ്ടതായ ഒരു ഓട്ടത്തിൽ. ഒരുപക്ഷെങ്കിൽ ഓട്ടക്കാരുടെ മനസ്സ് ഈ ഘട്ടത്തിൽ പതറാൻ സാധ്യതയുണ്ട്. ചിലപ്പോൾ ലക്ഷ്യം മറ്റണമെന്ന് വരാം. ഓട്ടത്തിൽ ആ പ്രത്യേക ഭാഗത്തിന്റെ പ്രാധാന്യം മറന്നുപോകാൻ എളുപ്പമാണ്. സ്ഥിരതയോടെയുള്ള ഓട്ടം ക്രിസ്തീയ ജീവിതത്തിനു തുല്യമാണ്. ഓട്ടത്തിന്റെ ഒന്നാം ഘട്ടം, തുടക്കം രക്ഷയാണ്.ഒരു നിമിഷം, വിശ്വാസത്തിന്റെ ലളിതമായ പ്രവൃത്തിയാൽ, നാം ദൈവകുടുംബത്തിൽ ജനിച്ചു (2കൊരി. 5:21). യേശുവിന്റെ കണ്ണുകളിലേക്കു നോക്കി നാം യാത്രതുടരുന്നത് നമ്മുടെ ഓട്ടത്തിന്റെ തുടക്കമാണ്.

ഓട്ടത്തിന്റെ മൂന്നാംഘട്ടം, മരണം അല്ലെങ്കിൽ എടുക്കപ്പെടലാണ്. അതു ചില നിമിഷം കൊണ്ടു സംഭവിക്കും അവസാനം റിബൺ പൊട്ടിച്ച് നാം കർത്താവിന്റെ കരങ്ങളിലേക്ക് വീഴും. ഓട്ടത്തിന്റെ രണ്ടാം ഭാഗം, ദൂരം, ആത്മീയ വളർച്ചയെ കാണിക്കുന്നു. അതാണ് ഏറ്റവും ബുദ്ധിമുട്ടേറിയ ഭാഗം. അതൊരു പ്രക്രിയയാണ്, ഓരോ പ്രകിയയ്ക്കും സമയം വേണ്ടിവരും.

ക്രിസ്തീയ ജീവിതത്തിലേക്കു നാം വന്നപ്പോൾ, മറ്റുള്ളവരോട് നിങ്ങൾക്ക് എങ്ങനെ നിത്യജീവൻ ലഭിക്കും എന്നു പറയാൻ വളരെ ഉത്സാഹമായിരുന്നു. എല്ലാവരും യേശുവിനെക്കുറിച്ച് കേൾക്കണമെന്ന് ഇപ്പോഴും

## ദൈവേഷ്ടം

നമ്മുടെ ജീവിത്തിൽ ദൈവഹിതം എങ്ങനെ അറിയാം? ദൈവഹിതത്തിൽ എന്താണടങ്ങിയിക്കുന്നതെന്ന് ആദ്യം നാം മനസ്സിലാക്കണം എല്ലാവിശ്വാസികളുടെയും ജീവതത്തെ സംബന്ധിച്ചുള്ള ദൈവഹിതത്തിന് മൂന്ന് ദിശകളുണ്ട്. 1. എന്ത് 2. എവിടെ 3. എങ്ങനെ?

**1. ദൈവഹിതത്തിന്റെ പ്രവർത്തന രീതി - എന്ത് ?** എല്ലാ വിശ്വാസികളെക്കുറിച്ചും ദൈവത്തിനു ഒരു പദ്ധതിയുണ്ട് (മർക്കോസ് 13:33-37). നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മ വരത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ശുശ്രൂഷ ദൈവം പ്രതീക്ഷിക്കുന്നു (1 കൊരി. 12:4-7) നമ്മുടെ മണിക്കൂറുകളും ദിവസങ്ങളും ദൈവത്തിനു വേണ്ടിയുള്ള സേവനം കൊണ്ടു നിറയ്ക്കണം. കാനാവിലെ കല്യാണവീട്ടിൽ മറിയ ബാല്യക്കാരോടു പറഞ്ഞത്, " അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ" (യോഹ 2:50) കർത്താവു പറഞ്ഞത് അവർ ചെയ്യാതിരുന്നുവോ ? അവർ അങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ ഒരുത്ഭുതം നടക്കിലായിരുന്നു. ഇന്ന് എന്താണോ കർത്താവു നമ്മോടു ചെയ്യുവാൻ പറഞ്ഞിരിക്കുന്നത്, അതു ചെയ്യുന്നതാണ് നമ്മുടെ ദൗത്യം.

**2. ഭൂമിശാസ്ത്രപരമായ ദൈവഹിതം എവിടെ.** നാം എവിടെ ആയിരക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു അവിടെയാണ് നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നത്. നാം ശരിയായ സ്ഥലത്ത്ല്ലായെങ്കിൽ, ദൈവത്തിന്റെ അനുഗ്രഹങ്ങൾ, നമുക്ക് നഷ്ടമാകും. ദൈവം ഏലിയാവിനോടു കെരീത്ത് തോട്ടിലേക്കു പോകുവാൻ കല്പിച്ചു " നിന്നെ അവിടെ പോറ്റേണ്ടതിന് ഞാൻ കാക്കളോട് കല്പിക്കും" (1 രാജ 17:4) കാക്കകൾ എല്ലാ ദിവസം രാവിലെയും, വൈകിട്ടും ഭക്ഷണം കൊണ്ടു കൊടുക്കും. ഏലിയാവ് മറ്റെവിടെയെങ്കിലും ആയിരുന്നെങ്കിൽ ദൈവത്തിന്റെ ദാനം ലഭിക്കുമായിരുന്നില്ല.

**3. ദൈവഹിതത്തിന്റെ ഉദ്ദേശ്യം ' എങ്ങിനെ'** ?. നാം എന്ത് എവിടെ ചെയ്യുന്നു എന്നതിനേക്കാൾ എങ്ങനെ, ആരുടെ ശക്തിയാൽ ചെയ്യുന്നു എന്നതിന് ഏറെ പ്രാധാന്യമുണ്ട്. മത്തായി 6 - ൽ പ്രാർത്ഥിക്കുന്നവരെക്കുറിച്ച് ചില കഠിനമായ വാക്കുകൾ കർത്താവു ഉപയോഗിച്ചിട്ടുണ്ട്. അവരുടെ പ്രവൃത്തികൾക്കെതിരെയല്ല, അവരുടെ ഉദ്ദേശ ശുദ്ധിക്കെതിരെയാണ് കർത്താവു പ്രതികരിക്കുന്നത്. എബ്രായർ 11 :6 - ൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല എന്നു കാണുന്നു. കർത്താവിനു സ്വീകാര്യമായ വിശ്വാസത്താലല്ലാതെ ദൈവഹിത എന്തെന്ന് മനസ്സിലാക്കാൻ കഴിയുകയില്ല.

നാം ദൈവഹിതത്തിനുള്ളിലാകുവാൻ, ശരിയായ കാര്യങ്ങൾ ശരിയായ സ്ഥലത്ത്, ശരിയായ കാരണത്താൽ നിർവ്വഹിക്കണം. വ്യക്തി എന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ, ദൈവത്തിന്റെ അപ്രഖ്യാപിതവും, രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ഹിതം എന്താണെന്ന് കണ്ടെത്തുവാൻ, ദൈവത്തിന്റെ പ്രഖ്യാപിതവും, രേഖപ്പെടുത്തിയിട്ടുള്ളതുമായ ഹിതം നാം അംഗീകരിക്കണം. ദൈവത്തിന്റെ പ്രഖ്യാപിതമായ ഹിതം അനുസരിക്കുവാൻ നാം ആരംഭിക്കുന്നതിലൂടെ മാത്രമേ അപ്രഖ്യാപിതമായ ഹിതം കണ്ടെത്തുവാൻ കഴിയൂ. എന്താണ് ദൈവത്തിന്റെ പ്രഖ്യാപിതമായഹിതം ? ദൈവം നമ്മോടു ആവശ്യപ്പെടുന്ന ഏഴുകാര്യങ്ങൾ നാം ചെയ്യണം.

നാം രക്ഷിക്കപ്പെടണം (2 പത്രോസ് 3:9)

നാം വിശുദ്ധികരിക്കപ്പെടണം (1 തെസ്സ. 4:3)

നാം ആത്മാവിൽ നിറയപ്പെടണം (എഫെ. 5:18)

നാം നന്ദിയുള്ളവരായിരിക്കണം (1 തെസ്സ. 5:18)

നാം കൃതാർത്ഥരായിരിക്കണം (ഫിലി. 4:11-13)

സഹിക്കണം (1 പത്രോസ് 3:17)

സേവനം ചെയ്യണം (റോമ. 12:1-2, 2കൊരി.5:15)

ആത്മാർത്ഥമായ് നാം വിശ്വസിക്കുന്നു. എന്നാൽ ഓട്ടത്തിന്റെ മധ്യഭാഗത്ത്, നാം വേദനിക്കുവാനും, സമ്മർദ്ദ ങ്ങൾക്കു അടിമപ്പെടാനും തുടങ്ങി ഓട്ടം ദുഷ്കരമായി. വെല്ലുവിളി, ആകാംഷ, അതിശയോക്തി ഇവയൊന്നും അവിടെയില്ല.ഓട്ടത്തിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നതിൽ ഉള്ള ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുവാൻ തുടങ്ങു ന്നു.

കുതിര ലാടൻ പോലെയുള്ള ഓട്ടക്കളത്തിൽ, ഓടുന്നയാൾക്ക് കളിക്കളത്തിന്റെ മധ്യഭാഗത്തെത്തുമ്പോൾ ഫിനീഷിങ്ങ് ലൈൻ അങ്ങകലെ എന്നു തോന്നും. നമ്മുടെ ജീവിതത്തിലും ഇങ്ങനെ സംഭവിക്കാം, ഓട്ടത്തിന്റെ മധ്യത്തിൽ കർത്താവ് നമ്മിൽ നിന്ന് വളരെ അകലെയെന്ന് നമുക്കുതോന്നാം. ആരംഭത്തിലും അവസാനത്തിലും എന്നപോലെ കർത്താവു നമ്മിൽ നിന്ന് അകലെയല്ല. വിശ്വാസത്താൽ ഓടേണ്ടതു എങ്ങനെയെന്ന് പഠിപ്പിക്കു വാൻ ദർശനത്തിൽ ചില മങ്ങലുകൾ കർത്താവു അനുവദിക്കാറുണ്ട്.

" യേശുവിനെ ശ്രദ്ധിച്ചു നോക്കുക"- നിലനിൽക്കുവാൻ നമ്മെ സഹായിക്കുന്ന ഏകമാർഗ്ഗമാണിത്. യേശു വിനെ ശ്രദ്ധിച്ചുനോക്കാതെ നമുക്കു ലക്ഷ്യംപൂർത്തിയാക്കാനാകില്ല. യേശുവിനെ പോലെ ആകുക അതാണു നമ്മുടെ പരമമായ ലക്ഷ്യം.

" ശ്രദ്ധിച്ചു നോക്കുക" മൂലഭാഷയിൽ ഈ വാക്ക് രണ്ടു വാക്കുകൾ ചേർന്നാണ് ഉണ്ടായിരിക്കുന്നത്. 1. അപ്പോ (appo) " അകലെ നിന്ന്" എന്നർത്ഥം 2. ഹോറായോ (horao) തടസ്സമില്ലാത്ത വിശാലമായ കാഴ്ചയ്ക്കുവേണ്ടി എടുക്കുക എന്നർത്ഥം. മറ്റെല്ലാറ്റിൽ നിന്നും മാറി ലക്ഷ്യത്തിലേക്കു മാത്രം നോക്കുക എന്നർത്ഥം.

യവന കായിക മത്സരങ്ങളിൽ പല മത്സരങ്ങളും ഒരേ സമയത്ത് നടക്കും. ഓട്ടക്കാർ ഓടിക്കൊണ്ടിരിക്കു മ്പോൾ, കളത്തിനു നടുവിൽ ഇതര മത്സരങ്ങൾ നടക്കും. ഒരു ഓട്ടക്കാരൻ ജാവലിൽ എറിയുന്നവനെ നോക്കി വിമർശിച്ചുകൊണ്ടിരുന്നാൽ തന്റെ ഓട്ടത്തിൽ വിജയിക്കാനാകില്ല. ഷോട്ട് പുട്ട് എറിയുന്നവൻ ഓട്ടക്കാരനെ ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ, ദിശതെറ്റിയുള്ള തന്റെ ഏറുകൊണ്ട് ചിലർ മരിക്കാനിടയാകും. ഒരു യവന കായിക താരത്തിന് വിജയിക്കണമെങ്കിൽ, മറ്റെല്ലാറ്റിൽ നിന്നും നോട്ടം മാറ്റി ലക്ഷ്യത്തിലേക്കു മാത്രം നോക്കണം.

'യേശുവിനെപോലെയാകുക' അതാണ് നമ്മുടെ ലക്ഷ്യം. നാം യേശുവിനെ ശ്രദ്ധിച്ചു നോക്കണം. നാം ഓടുമ്പോൾ യേശുവിന്റെ ഓട്ടം ഓർക്കണമെന്ന് അതിനർത്ഥം. നാം യേശുവിന്റെ ധൈര്യം, പരിശീലനം, അച്ച ടക്കം എന്നിവ ഓർക്കണം. കന്യകാജനനം മുതൽ ക്രൂശീകരണം വരെയുള്ള തന്റെ ഓട്ടം ഒരേ ഒരു ലക്ഷ്യത്തി നുവേണ്ടിയായിരുന്നു. എതിർപ്പുകളെ അതിജീവിക്കാനും സഹനത്തോടെ സമീപിക്കാനും തനിക്കു കഴിഞ്ഞു.

എങ്ങനെ ഓടി എന്നതിന്റെ അടിസ്ഥാനത്തിലല്ല ഒരു വലിയ സന്തോഷം മുന്നിൽ കണ്ടുകൊണ്ടു ഓടിയതി നാലാണ് തനിക്കു തന്റെ ഓട്ടം തികയ്ക്കാൻ കഴിഞ്ഞത്. സംഭാവിക്കാൻ പോകുന്ന വിജയത്തിന്റെ കാഹളം,ആഘോഷങ്ങൾ എന്നിവയിലേക്ക് അവിടുന്നും കണ്ണുംനട്ടിരിക്കുന്നു.

സ്വർണ്ണ മെഡൽ നേടി വിജയം വരിച്ച കർത്താവ് മടങ്ങി വന്നു, നമ്മെ ഉപദേശിച്ചു, മുമ്പോട്ടുപോകുവാൻ പ്രാപ്തരാക്കി. അവിടുന്നു സകലത്തിന്റേയും കാരണഭൂതനും പൂർത്തിവരുത്തുന്നവനുമാണ്. ആദ്യം ഓട്ടം ഓടി ജയിച്ചത് കർത്താവാണ്, ഇപ്പോൾ താൻ നമ്മുടെ ജീവിതത്തിന്റെ വഴികളിൽ നമ്മോടുകൂടി ഓടുന്നു (എബ്രാ 13:5-6) കഷ്ടത സഹിക്കുവാനുള്ള ശക്തിയും ധൈര്യവും, തന്റെ ലക്ഷ്യത്തിലേക്കുള്ള നോട്ടത്തിലൂടെ തനിക്കു ലഭിച്ചു,. ആ കർത്താവിനെ നാം നോക്കുമ്പോൾ സഹിഷ്ണതയോടെ ഓടി നമ്മുടെ ഓട്ടം തികയ്ക്കുവാൻ നമുക്ക് കഴിയും.

കർത്താവിൽ നിന്നു നമ്മുടെ നോട്ടം തെറ്റിയാൽ നാം ക്ഷീണിതരും ഹൃദയ തകർച്ചയുള്ളവരുമായ് തീരും, ഇതാണ് നാം അഭിമുഖീകരിക്കുന്ന ഒരു വലിയ അപകടം. നാം നിശ്ചിലരായിരുന്നാൽ നമ്മുടെ ഓട്ടം തിക യ്ക്കാനോ നമ്മെ കുറിച്ചുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കാനോ കഴിയുകയില്ല. ഇതിലധികം ഇനി ഞാനെ ന്താണ് ചെയ്യേണ്ടത് ? എന്നും ചോദിക്കുന്നുവെങ്കിൽ അതു ഭയാനകമാണ്. നാം ഇന്നു ആകുന്നത് വിശ്വാസ ത്താലാണെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും. നമ്മുടെ ഓട്ടം തികയ്ക്കാൻ നമുക്കാവശ്യം വിശ്വാസംതന്നെ യാണ്.

ചില സന്ദർഭങ്ങളിൽ നാം ഓരോരുത്തരും ക്ഷീണിതരും ധൈര്യഹീനരും ആകാറുണ്ട്. അതുപാപമല്ല. എന്നാൽ നാം നിശ്ചിലരായിരിക്കുന്നതാണ് പാപം നമുക്ക് തനിയെ മുമ്പോട്ടു പോകാൻ സാദ്ധ്യമല്ല എന്നു തോന്നു മ്പോൾ, യേശുവിലാശ്രയിച്ച് ഒരുപടി മുമ്പോട്ടുവയ്ക്കുക, തുടർന്ന് മുന്നേറുക.

> *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപി ക്കുന്നുള്ളു എന്നു അറിയുന്നില്ലയോ. നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനും തന്നേ. ആകയാൽ ഞാൻ നിശ്ചിയില്ലാത്തവണ്ണമല്ല ഓടുന്നതു. ആകാശത്തെ കുത്തുന്ന പോലെയല്ല ഞാൻ മുഷ്ടി യുദ്ധം ചെയ്യുന്നതു. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്ത വനായി പോകാതിരിക്കേണ്ടതിനു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമ യാക്ക യത്രേചെയ്യുന്നത് (1 കൊരി. 9:24-27)*

" ഓടുക" ഇതൊരു കല്പനയാണ്, ആകുലചിത്തരായ കൊരിന്ത്യ സഭയക്കാണ് ഈ കത്ത് പൌലൊസ് അപ്പോസ്തലൻ എഴുതിയത്, അവർ ഇപ്പോഴും മാറ്റമില്ലാതെ നില്ക്കുകയാണ്. എങ്കിലും അദ്ദേഹം ദൈവവചന ത്തിന്റെ താളുകളിലൂടെ നമ്മോടു നിലവിളിച്ചുപറയുന്നത്, " ഓടുക" " വിജയം ലഭിക്കുവാൻ തക്കവണ്ണം ഓടുക"!

1 കൊരി 9:19 - ൽ പൌലൊസ് പറഞ്ഞു, എല്ലാവരേയും നേടേണ്ടതിന് താൻ തന്നെതന്നെ ഒരടിമ ആക്കി യിരിക്കുന്നു. വിജയം എപ്പോഴും തന്റെ മനസ്സിലുണ്ടായിരുന്നു. താൻ സ്വതന്ത്രനെങ്കിലും യേശുക്രിസ്തുവിന്റെ അടിമ ആകുവാൻ സ്വയം തീരുമാനിച്ചു. തന്റെ ബന്ധനത്തിൽ താൻ സന്തോഷിച്ചു, എന്തുകൊണ്ടെന്നാൽ, തന്റെ സേവനത്തിലൂടെ, ആളുകൾ കർത്താവിങ്കലേക്കു വരികയും അതിലൂടെ ഓട്ടത്തിൽ വിജയിക്കുകയും തന്റെ ദൗത്യം പൂർണ്ണമാക്കുകും ചെയ്യുന്നു

" പൊരുതുക" - മൂലഭാഷയിൽ ' അഗോണിയ്സോമായ്' (Agonizomai) എന്ന വാക്കാണിതിനു ഉപയോഗിച്ചി രിക്കുന്നത് ഇംഗ്ലീഷിലെ ' ആഗനി' എന്നവാക്ക് ഇതിൽ നിന്നാണ് ലഭിക്കുന്നത് അർഥം വ്യഥ അഥവ യാതന നമുക്ക് വിജയിക്കണമെങ്കിൽ നാം വ്യഥ അനുഭവിക്കണം. ഏതു തരത്തിലുള്ള വ്യഥയെക്കുറിച്ചാണ് പൌലോസ് പറയുന്നത് ? സ്വയം നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ നമുക്കുണ്ടാകുന്ന ആന്തരീകമായ ദു:ഖമാണ്. ' സ്വയം നിയന്ത്രിക്കുക' എന്ന പദപ്രയോഗം കാറാറ്റോസ (Kratos) എന്ന ഗ്രീക്ക് വാക്കിൽ നിന്നുണ്ടായ എഗ്ക്റാ റ്റേയു ഒമായ് (egkrateumai) എന്ന ഒരു ഗ്രീക്കുവാക്കിന്റെ പരിഭാഷയാണ്. ' ഭരിക്കുക'

അഥവാ ' അധികാരം' എന്നർത്ഥം. ഒരു പരിശീലകന്റെ കീഴിൽ അച്ചടക്കത്തോട് പരിശീലിപ്പിക്കപ്പെടുന്ന വനേ നല്ലൊരു കായികതാരമാകാൻ കഴിയൂ. ഒരു വലിയകായികതാരം സ്വയം അച്ചടക്കം പാലിക്കുന്നവനാണ്. പരിശീലകൻ തനിക്കു ചുറ്റും ഉണ്ടായാലും ഇല്ലെങ്കിലും താൻ തന്റെ പരിശീലനത്തിൽ കുറുവുവരുത്തുകയില്ല. താൻ തന്നിൽ നിന്ന് വലിയത് പ്രതീക്ഷിക്കുന്നു. കാരണം താനൊരു ലക്ഷ്യത്തിലേക്കാണ് യാത്രചെയ്യുന്നത്. അങ്ങനെയുള്ള പരിശീലനത്തിലൂടെ മാത്രമെ അവസാനം വരെ ഓടാൻ കഴിയൂ

വാടിപോകുന്ന കിരീടത്തിനായ്, ഒരു കായികതാരം ഇത്രയും പരിശ്രമിക്കുന്നു എങ്കിൽ, വാടാത്ത നിത്യ കിരീടത്തിനായ് നാം എത്ര വ്യയം ചെയ്യണം ? യേശുവിനെ ലക്ഷ്യമാക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ മനസ്സായ ദൈവവചനം നാം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോഴാണ് നാം നമ്മുടെ ലക്ഷ്യത്തിലേയ്ക്ക് നയിക്കപ്പെടുന്നത്.

ഈ ലോകത്തലുള്ളതെല്ലാം നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വിഘാതമായി നില്കുന്നവയാണ്. ലോകത്തിന്റെ നാശോന്മുഖമായ കാര്യങ്ങളും മുറുകെപറ്റുന്ന കാര്യങ്ങളും നാം തിരിഞ്ഞെടുക്കുമോ, അതോ മാന്യമായ് ഓട്ടം തികയ്ക്കുമോ.

## ജീവിത ഓട്ടം

1. പരിശീലനം ലഭിച്ചവർക്കും, ശക്തിയാർജ്ജിച്ചവർക്കും ജീവിത ഓട്ടം സന്തോഷത്തിന്റെ ഒരു മുഖാന്തിരമാണ്. ശക്തനായവൻ ഒട്ടത്തിലെ വെല്ലുവിളികൾ ഏറ്റെടുക്കുന്നു (സങ്കീ 19:5) നാം പരിശീലനത്തി ലൂടെ പോകുമ്പോൾ ക്രിസ്തീയ ജീവിതം സന്തോഷ പ്രദമാകും.
2. ദൈവവചനം ആധികാരികമായ് പഠിക്കുന്നതിലൂടെ ജീവിത ഓട്ടത്തിനുള്ള സഹിഷ്ണത നമുക്ക് ലഭിക്കും. വചന പഠനത്തിലെ വിശ്വസ്തത നമ്മുടെ ഹൃദയങ്ങളെ വിശാലമാക്കും. (സങ്കീ 119:32) വചനപഠനത്തേക്കാൾ മറ്റൊരു പ്രവൃത്തിക്കും നാം ഊന്നൽകൊടുക്കുകയുമില്ല.
3. പ്രതിബന്ധങ്ങളിൽ നിന്ന് അകലം പാലിക്കുക. നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.
4. വിശ്വാസത്തിലൂടെ മാത്രമേ സഹിഷ്ണത ലഭിക്കൂ. (യെശ 40.31) “ കാത്തിരിക്കുക” ഇതിന് എബ്രാ. ഭാഷയിൽ ‘ ക്വാവാ’ (qawah) എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നതു. വിശ്വാസ ത്തെ കാണിക്കുന്ന ശക്തമായ പദമാണിത്. ദൈവത്തിൽ ചാരുന്ന, മല്ലുപിടിക്കുന്ന ആശ്രയി ക്കുന്ന, സൗഖ്യമാക്കുന്ന വിശ്വാസം നമുക്കുണ്ടങ്കിലേ നമ്മുടെ ജീവിത ഓട്ടത്തിൽ വിജയിക്കാ നാകൂ.
5. ചെറിയ കാര്യങ്ങളിലെ പരാജയം നമ്മളോടു വിളിച്ചു പറയുന്നത്, ശക്തിപ്പെടേണ്ടതിന്റെ ആവശ്യക തയാണ്, അല്ലായെങ്കിൽ വലിയ കാര്യങ്ങളിൽ നാം പരാജയപ്പെടും (യിരെ. 12.:5)
6. അനുസരണക്കേട് നമ്മുടെ ഓടുത്തിനു വിഘാതമാണ്. (ഗലാ 5:.7)
7. ഓട്ടത്തിന്റെ ലക്ഷ്യം വിജയമാണ്. (1കൊരി 9:24) നാം മാറ്റാരോടുമല്ല മത്സരിക്കുന്നത് നമ്മോടു തന്നെയാണ്. സർവ്വജ്ഞാനിയായ ദൈവത്താൽ നല്കപ്പെട്ട, ഒരു ഓട്ടമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്, അതു പൂർത്തിയാക്കുവാനുള്ള ഉത്തരവാദിത്വം നമ്മുടേതു മാത്രമാണ്. വിജ യത്തിനാവശ്യമായവയെല്ലാം ദൈവം നല്കും



# പാഠം 3 – 2:
# അപകടം - *പിന്മാറ്റം*

എഫെസ്യർ 4:17–19
2 ശമുവേൽ 15.30–37, 17:23

ക്രിസ്തീയ ജീവിതം ഉത്തമമായ ജീവിതമാണ്. ചില സന്ദർഭങ്ങളിൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട്, ലക്ഷ്യത്തിലേക്കു ഓടുന്ന ആത്മീയരും, മറ്റു ചില സന്ദർഭങ്ങളിൽ ലക്ഷ്യം തെറ്റി ജഡാഭിലാഷങ്ങളാൽ നിയന്ത്രിക്കപ്പെട്ട് ഓടുന്ന ജഡീകന്മാരും ആകാം.

നാം പാപം ചെയ്യുമ്പോൾ, അനുതാപത്തിലൂടെയും, ക്രമീകരണത്തിലൂടെയും നേരായപാതയിലേക്കു നമുക്കു തിരിച്ചുവരാം. അനുതപിക്കുവാൻ നാം കൂടുതൽ വിമുഖത കാട്ടുകയും, ദിശാബോധമില്ലാതെ അകന്നുപോകയും ചെയ്യുമ്പോൾ, പ്രാകൃതമനുഷ്യനു ആകർഷകവും എന്നാൽ വിശ്വാസിയുടെ ശ്രദ്ധതിരിക്കുന്നതും കുരുക്കിലകപ്പെടുന്നതുമായ കാര്യങ്ങളിൽ നിന്ന് തിരിച്ചു വരുവാൻ ഏറെ പ്രയാസമാണ്. നമ്മുടെ ആത്മീയ മാർഗ്ഗ ഭ്രംശത്തെ - ജഡീകതയെ - അനുതാപത്തിലൂടെയും ഏറ്റുപറച്ചിലിലൂടെയും പരിശോധിക്കുന്നില്ലായെങ്കിൽ അഹു നമ്മളെ കൂടുതൽ അപകടകരവും നശീകരണവുമായ പിന്മാറ്റത്തിന്റെ അവസ്ഥയിലെത്തിക്കും.

എഫെസോസിലെ വിശ്വാസികൾക്കെഴുതിയ ലേഖനത്തിൽ പൌലോസ് പിന്മാറ്റാവസ്ഥയിലേക്കുനയി ക്കുന്ന ഏഴുപടികളെക്കുറിച്ചു പറയുന്നുണ്ട്.

> *ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചുപറയുന്നതു എന്തെന്നാൽ : ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാം നിമിത്തം, ഹൃദയകഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്നകന്നു മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിനു തങ്ങളെതന്നെഎല്പിച്ചിരിക്കുന്നു. (എഫെ. 4:17,19)*

ഒന്നാമത്തെ പടി ദൈവവചനത്തിന്റെ പ്രമാണങ്ങളോടുള്ള എതിർപ്പ് (2 പത്രോ 3:18, 2തിമൊ 2:15, 3:16 - 17) ജാതികൾ നടക്കുന്നതുപോലെ എന്നു പറഞ്ഞാൽ അവിശ്വാസത്താൽ നടക്കുക എന്നർത്ഥം. പ്രായോഗികമായി നിരീശ്വരവാദികളായ് ജീവിക്കാൻ വിശ്വാസികൾക്ക് കഴിയും.

നാം കൈപ്പുള്ളവരും അസൂയ നിറഞ്ഞവരും, ഭയത്തിനടിമപ്പെട്ടവരും, ദൈവം സകലവും നിയന്ത്രിക്കുന്നു എന്നു വിശ്വാസിക്കാതിരിക്കുകയും ചെയ്യുന്ന മാനസികാവസ്ഥയിൽ ദൈവവചനത്തോടും നഷേധാത്മകമായ

സമീപനം പുലർത്തുന്നവരുമാണ്. ഇങ്ങനെയുള്ള മാനസികാവസ്ഥയിലേക്ക് വരുമ്പോൾ നാം തിരഞ്ഞെടുക്കുന്നത് പരിശുദ്ധാത്മാവിന്റെ ശക്തിയല്ല മറിച്ച് പാപപ്രകൃതിയാലുള്ള ശക്തിയാണ്. നാം നമ്മുടെ ജീവിത വഴികളിൽ അധ:പതിക്കുകയും പഴയജീവിത പ്രകൃതിയലേക്കും, വീണ്ടും ജനനാനുഭവമില്ലാത്ത സ്വയത്തിലേക്ക് പിന്മാറുകയും ചെയ്യും.

രണ്ടാമത്തെ പടി – ആത്മാവിൽ സൃഷ്ടിക്കപ്പെടുന്ന ശൂന്യത. അന്ധബുദ്ധികൾ എന്നു പറയുമ്പോൾ മൂലഭാഷയിലെ ' മാറ്റായോറ്റസ്' (Mataiotes) എന്ന വാക്കാണ് പൌലൊസ് ഉപയോഗിച്ചുവരുന്നത് ഇതിനെ " വ്യർത്ഥത അഥവ ശുന്യത എന്ന് മൊഴിമാറ്റം ചെയ്യാം. വ്യർത്ഥമായതിനെ അഥവ അസത്യത്തെ കാണിക്കുന്നു. നാം ദൈവ വചനത്തോടു നിഷേധാത്മകമായ നിലപാടു സ്വീകരിക്കുമ്പോൾ ആത്മാവിൽ ഒരു ശൂന്യത സൃഷ്ടിക്കപ്പെടുന്നു. എന്നാൽ ആത്മാവ് ശുന്യമാണെന്ന അർത്ഥത്തിലല്ല, പ്രത്യുത നാം സത്യത്തെ നിഷേധിക്കുമ്പോൾ, ഒഴിവാക്കാനാവത്ത വിധം അസത്യത്തെ സ്വീകരിക്കുകയാണ്. നമ്മുടെ ആത്മാവ് ഒരു വാക്വം ക്ലീനർപോലെയാണ്. ചുറ്റുപാടുള്ള പൊടിപടലങ്ങളെ, അഴുക്കുകളെ വലിച്ചെടുക്കുന്നു. തെറ്റായ ഉപദേശങ്ങൾ വിശ്വസിക്കുവാനും വിശ്വാസത്താൽ അല്ലാതെ യുക്തിയിൽ ജീവിക്കാനും തുടങ്ങും. ദൈവവുമായിട്ടുള്ള കൂട്ടായ്മയിൽ നിന്ന് ദീർഘകാലം നാം അകന്നു നില്ക്കുമ്പോൾ, ദൈവവചനത്തിൽ നിന്ന് അകലുവാനും നമ്മുടെ ആഹാരവും പാനീയവുമായി രൂപപ്പെടുത്തിയിരിക്കുന്ന ദൈവ വചനപഠനത്തെ അവഗണി ക്കുവാനുംകാരണമാകും.

മൂന്നാമത്തെപടി – 'ആത്മാവിന്റെ അന്ധത' പൌലോസ് പറയുന്നു " അവരുടെ ബുദ്ധി ഇരുണ്ടുപോയി" ദൈവവചനാടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആത്മാവിന്റെ പ്രവർത്തനം നിലച്ചു. ഒരിക്കൽ നാം അറിയുകയും മനസ്സിലാക്കുകയും ചെയ്തു ഉപദേശങ്ങളെ തിരിച്ചെടുക്കാൻ സാധിക്കുകയില്ല. ദൈവവചനത്തിന്റെ പ്രകാശനം ഇല്ലാതാകത്തകവിധം നമ്മുടെ മന:സാക്ഷീയിൽ നിന്ന് തുടർച്ചുമാറ്റുകയും, പുറകിൽ എറിയുകയും ചെയ്തു. അതിനാൽ ഇപ്പോൾ അന്ധകാരം മാത്രം.

നാലാമത്തെപടി – കൃപയിൽ നിന്ന് അകന്നുപോവുക. " കൃപയിൽ നിന്ന് അകന്നുപോവുക. " ദൈവത്തിന്റെ ജീവനിൽ നിന്ന് നാം പുറത്തൊക്കെപ്പെട്ടു" സൃഷ്ടിയുടെ അസത്യങ്ങൾക്കായി സൃഷ്ടിതാവിന്റെ സത്യങ്ങളെ കൈമാറ്റം ചെയ്തു, ലോകത്തിന്റെ തിന്മയ്ക്കായി ദൈവവചനത്തിന്റെ പ്രകാശത്തെ മറന്നു നാം ക്രിസ്തുവിന്റെ ശക്തിയിൽനിന്നും മുറിച്ചു മാറ്റപ്പെട്ടു. ദൈവത്തിന്റെ സമൃദ്ധമായ ജീവനിൽ നിന്ന് നാം അകന്നു. യവന പദമായ appallotrioomai - " കൂട്ടായ്മയിൽ നിന്നും സൗഹൃദത്തിൽ നിന്നും അകന്നു, ദൂരെപോയ്" എന്നാണ്. ദൈവത്തിൽ നിന്നല്ലാതെ കൃപയ്ക്കുയാതൊരു അവസരവുമില്ല. ദൈവീക കൂട്ടായ്മയ്ക്കു വെളിയിലുള്ളതെല്ലാം കൃപയ്ക്കു എതിരായിട്ടുള്ളതാണ്.

അഞ്ചാമത്തെപടി – മനം തഴമ്പിക്കുക.നാം തുടർച്ചയായി ഹൃദയം ദൈവത്തിനെതിരായി തിരിക്കുമ്പോൾ, നമ്മുടെ ആത്മാവ് കഠിനപ്പെടുകയാണ്. ഗ്രീക്കുഭാഷയിലെ ' അപ്പാൽഗിയോ'(apalgeo) എന്ന വാക്കിന് " അനുഭവങ്ങൾ ഇല്ലാത്ത, ചേതനയറ്റ, ഉദാസീനമായ കഴിഞ്ഞകാല അനുഭവങ്ങൾ" എന്നാണ് അർത്ഥം.

വ്യാകരണനിയമപ്രകാരം പൂർണ്ണകാല ക്രിയിൽ കർത്തരിപ്രയോഗത്തിൽ " ഉപേക്ഷിച്ചുകളഞ്ഞ അനുഭം"എന്ന മൊഴിമാറ്റം ചെയ്യാം. നാം കഠോരമായ് തീർന്നത് പുറമേ നിന്നുള്ള ഏതെങ്കിലും സ്വാധീനത്താലല്ല, അതു നമ്മിൽ തന്നെ സംഭവിച്ചതാണ്. നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പ് നിമിത്തം, ദൈവത്തിന്റെ പരിശുദ്ധാത്മാവുമായിട്ടുള്ള സ്പർശനം നഷ്ടപ്പെട്ടു, തൃപ്തിനല്കാത്ത ഒരു ആത്മീയ വിശപ്പ് ബാക്കിയായി.

ആറാമത്തെ പടി. " സന്തോഷത്തിനുവേണ്ടിയുള്ള ഭ്രാന്ത് പിടിച്ച അന്വേഷണം". ദുഷ്കാമത്തിന് തങ്ങളെ തന്നെ ഏല്പിച്ചു" എന്ന് പൌലോസ് ജാതികളോടു പറഞ്ഞ അതേ വാക്കു തന്നെയാണ് യൂദ യേശുവിനെ ഒറ്റിക്കൊടുത്തു എന്നു പറയുന്ന ഭാഗത്തും ഉപയോഗിച്ചിരിക്കുന്നത്. ' പരാഡിഡോമി' (Paradidomi) എന്നാൽ " മറ്റൊരാളുടെ ശക്തിക്കോ, ഉപയോഗത്തിനോ കൊടുക്കുക" എന്നാണ്. ഈ ഒരു വസ്തുതയിലേക്കു വരുമ്പോൾ ദുഷ്കാമത്തിനായ് നാം നമ്മെതന്നെ ഒറ്റിക്കൊടുത്തു, വിറ്റു എന്നു മനസ്സിലാക്കാം. നമ്മുടെ ആത്മീയ ദാരിദ്രത്തിന് തൃപ്തി നല്കാൻ നാം ഇപ്പോൾ ഒരു ഭ്രാന്ത് പിടിച്ച അന്വേഷണത്തിലാണ്. സംതൃപ്തിക്കായ് കർത്താവിങ്കലേക്കു നോക്കാതെ ലോകത്തിലേക്കു നോക്കുന്നതിനാൽ നാം കൂടുതൽ പ്രശ്നത്തിലാവുകയും ആത്മീയ ദാരിദ്ര്യം അനുഭവിക്കുകയും ചെയ്യുന്നു. പെട്ടെന്ന് കാര്യം സാധിക്കേണ്ടതിന് അങ്ങിനെയുള്ള കാര്യങ്ങളുടെ പിന്നാലെ പോകുമ്പോൾ നാം നമ്മുടെ ആത്മാവിനെ ശരീരത്തിന് കൈമാറ്റം ചെയ്യുകയാണ്. എന്നാൽ ശരീരത്തിന് ഒരിക്കലും തൃപ്തിലഭിക്കാത്തതിനാൽ നമ്മുടെ അന്വേഷണം കൂടുതൽ, കൂടുതൽ ബുദ്ധിശൂന്യമായ് തീരും.

ഏഴാമത്തെ പടി- പരിഹരിക്കാനാകത്ത അവസ്ഥയിൽ എത്തിച്ചേരുക. പൌലോസ് " ദുഷ്കാമ" ത്തെ ക്കുറിച്ചു പറയുമ്പോൾ " പ്ളിയോനിക്സിയ" എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന് ' സ്ഥിരതയില്ലായ്മ' എന്നർത്ഥം ഈ വസ്തുത നാം മനസ്സിലാക്കുമ്പോൾ ഒന്നിനും നമ്മെ സന്തോഷവനാമാരാക്കുവാനോ തൃപ്ത രാക്കുവാനോ കഴിയുകയില്ല. ശക്തിക്കോ, പണത്തിനോ, സൗഹൃദത്തിനോ, ശാരീരികസുഖങ്ങൾക്കോ, നമ്മളെ തൃപ്തരാക്കാൻ കഴിയുകയില്ല. തീവ്രതയോടും ഭയത്തോടുമുള്ള നമ്മുടെ ക്രിയകൾ അംഗീകരിക്കാനും, അനു മോദിക്കാനുമുള്ള നമ്മുടെ കഴിവിനെ ഇല്ലാതാക്കി.യിരെമ്യാ പ്രവാചകൻ നഷ്ടപ്പെട്ട, ആത്മാസ്ഥത ബാധിച്ച വ്യക്തിയെ, പൊട്ടിയ പാത്രത്തോടും, പൊട്ടക്കിണറിനോടുമാണ് താരതമ്യം ചെയ്തിരിക്കുന്നത്. " അവർ ജീവ ജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത കിണറുകളെ പൊട്ടിക്കിണറുകളെ തന്നെ കുഴിച്ചിരി ക്കുന്നു". (യിരെ.2:13) നമ്മുടെ ആത്മാവ് ഒരു പൊട്ടിയ പാത്രമാകുമ്പോൾ, ജീവിതത്തിലെ സാധാരണ പ്രവർത്ത നങ്ങളിൽ നിന്നും ലഭിക്കുന്ന ആനന്ദം അനുഭവിക്കാനുള്ള കഴിവ് നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. തെന്നിവീ ഴുന്ന താഴേക്കുള്ള ഓരോപടികളിലും, നമ്മെ ചുറ്റിലേക്ക് തിരിക്കുവാൻ ദൈവത്തിന്റെ ശിക്ഷണ കാര്യനിർവ്വഹ ണം രൂപപ്പെടുത്തുന്നു. ദൈവത്തിന്റെ മുന്നറിയിപ്പുകളെ ആദരിക്കാതെ, അവിടുത്തെ തിരുത്തലിന് വിധേയമാ കാതെയിരുന്നാൽ നാം കൂടുതൽ കഠിനരായി തീരും. അവിടുന്നു നമ്മെ കഠിനമായ് ശിക്ഷിക്കും. ശിക്ഷിക്കു ന്നതിൽ ദൈവത്തിനു സന്തോഷമില്ല, എന്നാൽ സ്നേഹിക്കുന്ന പിതാവെന്ന നിലയിൽ തന്റെ മക്കൾ ജീവിതം നഷടമാക്കിക്കളയുന്നതിൽ താനൊരിക്കലും സന്തോഷിക്കുന്നില്ല.

നാം തിരികെവരുന്നതുവരെ ദൈവം ശിക്ഷിക്കും അഥവാ തിരികെ വരാൻ സാധിക്കാത്തവിധം നാം അക ലെയെങ്കിൽ ഈ അവസ്ഥയിൽ നമ്മെ വീട്ടിലേക്കു മടക്കി വിളിച്ചുകൊണ്ട്, മരണത്തിനു ഏല്പിക്കും, ഇതിനെ " മരണത്തിനുള്ള പാപമെന്നാണ്" ബൈബിൾ വിളിക്കുന്നത് (1 യോഹ. 5:16) മരണത്തിനുള്ള പാപത്തോടെ ഓട്ടം അവസാനിപ്പിച്ചു മരിക്കുന്നത് ഒരു ക്രസിത്യാനിക്ക് ദു:ഖകരവും അപമാനവുമാണ്.

2.ശമുവേൽ 15 -17 ഭാഗങ്ങളിൽ ' മരണത്തിനുള്ള പാപ' ശിക്ഷ ലഭിച്ച ' അഹിഥോഫേൽ' എന്നൊരാളുടെ കഥയുണ്ട്. അയാൾ ദാവീദിന്റെ അടുത്ത സ്നേഹിതനായിരുന്നു, പക്വതയുള്ള വിശ്വാസിയായ ഇദ്ദേഹം അക്കാ ലത്തെ ഏറ്റവംവലിയ വിശ്വാസവീരന്റെ പദവിയിലേക്ക് വളരുകയായിരുന്നു. അയാളുടെ പിന്മാറ്റം അസാധാര ണമായ ഒന്നായിരുന്നു. അധാർമ്മികതയിലും അസൻമാർഗ്ഗികതയിലും വീണുപോയ ദാവീദിനെ പോലെ ആയി രുന്നില്ലെങ്കിലും. തന്റെ പരീക്ഷണങ്ങളിൽ താൻ ദു:ശാഠ്യത്തിനും, സ്വയനീതിയ്ക്കും വിധേയനായി,മറ്റൊരുവി ശ്വാസിയെ ന്യയം വിധിച്ചു.

ആരാണ് അഹീഥോഫേൽ ? ദാവീദിന്റെ ഉപദേഷ്ടവും യെഹുദയിലെ മലനിരപ്രദേശമായ ഗീലോന്യ നിവാ സിയും ആയിരുന്നു ഇയാൾ. ദൈവ വചനം അയാൾ അറിഞ്ഞിരുന്നു. ജ്ഞാനവും വിവേകവും ഉണ്ടായിരുന്നു. എല്ലാറ്റിന്റെയും പ്രായോഗികത വചനത്തിന്റെ അടിസ്ഥാനത്തിലാണെന്നും അറിഞ്ഞിരുന്നു. 2 ശമുവേൽ 16:23 - ൽ പറഞ്ഞത് അക്കാലത്ത് അഹീഥോഫേലിന്റെ ആലോചന ദൈവത്തിന്റെ അരുളപ്പാടുപോലെ ആയിരുന്നു എന്നാണ്. ഈ മനുഷ്യൻ വചനത്തിന്റെ ഒരു വിജ്ഞാനകോശം തന്നെയായിരുന്നു. അയാളുടെ ഉപദേശങ്ങൾ ദാവീദും, അബ്ശാലോമും ഒരുപോലെ വിശ്വസിച്ചു.

2 ശമുവേൽ 15:12 - ൽ ദാവീദിനെതിരായ അബ്ശാലോമിന്റെ ഗുഢാലോചനയിൽ ഇയാൾ പങ്കാളിയായി. ശാരീരികയോഗ്യതയുള്ള സുന്ദരനായ വ്യക്തിയായിരുന്നു. തന്റെ പിതാവിന്റെ തെറ്റുകളെ വിപുലീകരിച്ചു പറഞ്ഞു താൻ യിസ്രായേല്യരുടെ മനസ്സ് കവർന്നു, പിതാവിനെതിരെ അവരെ വശീകരിച്ചു (2 ശമുവേൽ 15:1-6)

അബ്ശാലോം അഹീഥോഫേലിനെ ഗീലോനിൽ നിന്നുവിളിക്കുമ്പോൾ, താൻ യാഗം അർപ്പിക്കുകയായിരു ന്നു, അതിനാൽ നാം മനസ്സിലാക്കുന്നത് താൻ അപ്പോഴും മത കാര്യങ്ങളിൽ താൽപര്യമുള്ള വ്യക്തിയായിരുന്നു എന്നാണ്. പുറമേ നിന്നു നോക്കുമ്പോൾ അഹീഥോഫേൽ എല്ലാമായിരുന്നു, എന്നാൽ ഒരുപിന്മാറ്റക്കാരനായി രുന്നു. അങ്ങനെ താൻ, ദൈവം തന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യൻ എന്നു വിളിച്ച മറ്റൊരു വിശ്വാസിക്കെതി രെയുള്ള ഗൂഢാലോചനയിൽ പങ്കാളിയായി. (അ.പ്രവൃത്തി. 13:22)

2. ശമു. 23:24; 2 ശമു. 11:3 ഇവ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ അഹീഥോഫേലിനു സംഭവിച്ചതു വ്യക്തമാ കും, ഇങ്ങനെയൊരു കൂട്ടുകെട്ടിൽ താനെങ്ങിനെ ചെന്നു വീണു. തനിക്ക് എലിയാം എന്നൊരു മകനുണ്ടായിരു ന്നു, അവന്റെ മകളാണ് ബത്ശ്ശേബ. അഹീഥോഫേൽ അവളുടെ വല്യപ്പനുമായിരുന്നു. തന്റെ ഹൃദയത്തിൽ എന്തു സംഭവിച്ചു എന്നു നാം അറിയുന്നു. ദാവീദ് രാജാവ് അവന്റെ കൊച്ചുമകളായ ബതേശബയെ പ്രലോഭി പ്പിച്ചു അവൾ ഗർഭിണിയായി. അഹിഥോഫേലിന്റെ മരുമകനും അവളുടെ ഭർത്താവും ദാവീദിന്റെ ഒരു യോദ്ധാ

## അച്ചടക്കം (ശിക്ഷണം)

ദൈവം തന്റെ കുഞ്ഞുങ്ങൾക്ക് ബാലശിക്ഷ നല്കുന്നു, എന്നാൽ അതൊരിക്കലും ശിക്ഷയല്ല. നമ്മുടെ എല്ലാപാപങ്ങളുടെയും ശിക്ഷ യേശു ക്രൂശിൽ വഹിച്ചു. നാം വഴി വിട്ടുപോകുമ്പോൾ ശാപത്തിൽ നിന്നും നമ്മെരക്ഷിക്കുവാൻ ദൈവം ശിക്ഷണം നല്കുന്നു.

ദൈവം പാപത്തെ വെറുക്കുന്നു. നമ്മുടെ ജീവിതത്തെ പിരിച്ചു മുറുക്കുന്ന ആ ശ്കതിയിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, (എബ്രാ. 12:1 – 4). അതിനാൽ നാം പാപം ചെയ്യുമ്പോൾ മൂന്നു തലങ്ങളിലായ് ശിക്ഷണനടപടികൾ താൻ സ്വീകരിക്കുന്നു.

**1. ശിക്ഷണത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്.** ആന്തരിക സന്തോഷവും, ഉന്മേഷവും നഷ്ടപ്പെടുന്നതാണ് സാധാരണ കണ്ടുവരുന്ന ആദ്യലക്ഷണം. അപ്പോൾ നമുക്കു ചുറ്റും കാര്യങ്ങൾ തെറ്റായ ദിശയിലേക്കു നീങ്ങും. മുന്നറിയിപ്പും പരീക്ഷയും തമ്മിൽ തിരിച്ചറിയുവാൻ വിവേചനം ആവശ്യമാണ്. നമ്മളിൽ ഏറ്റുപറയാത്ത പാപം കുടികൊള്ളുന്നുവോ എന്ന് സ്വയ – പരിശോധനയിലൂടെ മാത്രമേ കണ്ടെത്താനാകു (1കൊ. 11:31) അങ്ങിനെ എന്തെങ്കിലും ഉണ്ടെങ്കിൽ, ശിക്ഷണത്തിലൂടെ ഉദ്ദേശിക്കുന്ന ഫലം – അനുതാപം – ലഭിക്കും. (എബ്രാ.12:11)

ശിക്ഷണത്തിന്റെ മുന്നറിയിപ്പ് കഠിനമാണ്. എബ്രായലേഖന കർത്താവു നമ്മളോടു പറയുന്നു “ കർത്താ വിന്റെ ശിക്ഷയിൽ മുഷിയരുത്” (എബ്രാ. 12:5). “ ശിക്ഷ” ഇതിനു മൂലഭാഷയിൽ ‘ എലിഗ്കോ’(elogcho) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത് അതിനർത്ഥം “ ശാസിക്കുക, തുപ്പിക്കളയുക, ശകാരിക്കുക” എന്നൊക്കെയാണ്. ഒരു പിതാവ് ജീവിതനിലവാരത്തെ കുറിച്ച് കുഞ്ഞുങ്ങളോടുപറയും, അവരത് അനുസരിച്ചില്ലായെങ്കിൽ താൻ വാക്കാൽ അവരെ തിരുത്തി നിലവാരം വീണ്ടെടുക്കും. എന്നാൽ ആ പിതാവ് കുട്ടിയെ ഒരു മൂലയിൽ തള്ളി, അവനോടു പരുഷമായി സംസാരിച്ചു വേദനപ്പെടുത്തിയാൽ ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ല. നമ്മുടെ പിതാവായ ദൈവം ഒരിക്കലും അങ്ങിനെ ചെയ്യുകയില്ല.

**2. കാര്യക്ഷമമായ ശിക്ഷണം**. നാം ദൈവത്തിന്റെ മുന്നറിയിപ്പനോട് പ്രതികരിക്കുന്നില്ലായെങ്കിൽ അവിടുന്നു ശിക്ഷയിലേക്കു തിരിയും. ഇത് എബ്രായർ 12:.6 പറയുന്ന ശിക്ഷണത്തിന്റെ തലമാണ്.മൂലഭാഷയിലെ “ മാസിറ്റിഗു” (Mastigoo) എന്നവാക്കിന് അടിക്കുക, മർദ്ദിക്കുക, തോലുരിക്കുക എന്നൊക്കെ അർത്ഥം. ചാട്ടവാർകൊണ്ടുള്ള അടി കഠിനമായ മർദ്ദനമാണ്. ഈ തലത്തിൽ ആരോഗ്യ നഷ്ടം, വസ്തുവകകളുടെ നഷ്ടം ഉണ്ടാകാം മിത്രങ്ങളുടെ നഷ്ടം ഉണ്ടാകാം. എന്നിട്ടും നാം അനുതപിക്കുന്നില്ലയെങ്കിൽ, നമ്മെ നേർപാതയിലാക്കുന്നതിനായ് ചിലപ്പോൾ വർഷങ്ങളോളം തുടരാം. നാം അറിയേണ്ട പ്രധാനപ്പെട്ട ഒരു വസ്തുത, ചാട്ടവാറടി കഠിനമായ ശിക്ഷയാണെങ്കിലും, അതു സ്നേഹത്തോടെയാണ് നല്കുന്നത് (വെളി. 3:19). ദൈവത്തിന്റെ താല്പര്യം നമ്മെ ശിക്ഷിക്കുകയല്ല, മറിച്ച് കൂട്ടായ്മയിലേക്കും, അനുഗ്രഹത്തിലേക്കും നമ്മളെ തിരിച്ചു കൊണ്ടുവരുക യാണ്.

**3. അന്ത്യമായ ശിക്ഷണം**. പിന്മാറ്റത്തിൽ നിന്ന് പൂർണ്ണമായ് തിരിച്ചുവരുവാൻ നാം വിമുഖത കാട്ടിയാൽ ദൈവം ചിലപ്പോൾ മരണത്തിനു വിധേയരാക്കും (1 യോഹ 5:16) ഓട്ടം തികയ്ക്കുന്നതിനു മുമ്പായ് ഭൂമിയിൽ നിന്നും മാറ്റപ്പെടുന്നതാണ് പരമാവധിശിക്ഷ.

ദൈവത്തിന്റെ മക്കളായ നാം ശിക്ഷണത്തിനു വിധേയരാണ്. ദൈവം നമ്മെ സ്നേഹിക്കുന്നതിനാലും, നമ്മെ വലിയവരാക്കി തീർക്കുന്നതിനും വേണ്ടിയാണ് അങ്ങിനെ ചെയ്യുന്നത് (എബ്രം. 12:1–13)

വുമായ ഊരിയാവിനെ കൊന്നു. തന്റെ കൊച്ചുമകളെക്കുറിച്ചുള്ള വർത്തമാനം പട്ടണത്തിലെങ്ങും പരന്നു. ദാവീദ് തന്റെ തെറ്റിനെ കുറിച്ച് ദു:ഖിച്ചുമില്ല.

അഹീഥോഫേലിന്റെ പിന്മാറ്റം ആരംഭിച്ചത് ഈ വഴികളിലൂടെയാണ്. താൻ ദാവീദിന്റെ പാപത്തിനെതിരെ ഒരു നില്പാട് എടുത്തു, അവൻ വ്യക്തിപരമായ സ്വയം നീതിയിലേക്കും, ന്യായവിധിയിലേക്കും വന്നു. ദാവീദ് ശിക്ഷയൊന്നും കൂടാതെ ഇരിക്കുന്നതു കണ്ടപ്പോൾ, അവനെ ശിക്ഷിക്കുവാൻ അഹിലോഫേൽ ദൈവത്തെ സഹായിക്കുകയായിരുന്നുവോ ?

ദാവീദ് ഒരു പാപിയായിരുന്നു. അവന് തന്റെ പാപപ്രകൃതിയിൽ ഭോഗാസ്ക്തി എന്ന പാപമുണ്ടായിരുന്നു. അഹിഥോഫേലും പാപിയായിരുന്നു. ഒരു ന്യായവാദ രീതി തന്റെ പാപ സ്വഭാവത്തിലുണ്ടായിരുന്നു. ഇവർ തമ്മിലുള്ള വ്യത്യാസം ദാവീദോ ദൈവകൃപ മനസ്സിലാക്കി. താൻ പിന്മാറ്റത്തിലായിരുന്നു എങ്കിലും അനുതപ ത്തോടെ മടങ്ങിവരികയും തെറ്റുതിരുത്തുകയും ചെയ്തു. എങ്ങിനെ ദൈവ കൃപ പ്രാപിക്കാം എന്നും, അതെങ്ങനെ മറ്റുള്ളവരിലേക്ക് പകരാമെന്നും താനറിഞ്ഞിരുന്നു.ദാവീദിന്റെ പാപവും, അബ്ശാലോ മമിന്റെ എതിർപ്പും ഏതാണ്ട് 10 വർഷം കടന്നുപോയി. അഹിഥോഫേൽ തന്റെ കൈപ്പ് രഹസ്യമായി സംരക്ഷിച്ചുപോന്നു.

അബ്ശാലോം ജനങ്ങളുടെ ഹൃദയം കവർന്നു എന്നറിഞ്ഞപ്പോൾ ദാവീദ് യെരുശലേം വിട്ടു മടങ്ങിപോയി. പട്ടണം വളഞ്ഞ് നിരപരാധികൾ കൊല്ലപ്പെടുവാൻ ദാവീദ് ആഗ്രഹിച്ചില്ല. തന്റെ മകന്റെ ചതിയിൽ ഹൃദയം തകർന്നെങ്കിലും, തന്നെ രാജാവാക്കിയ ദൈവം അതു തിരികെ എടുക്കുന്നുവെങ്കിൽ ഒരു വലിയ നന്മയ്ക്കാ ണെന്ന് താൻ മനസ്സിലാക്കി. ഒന്നുമില്ലാത്തവനെപ്പോലെ ദാവീദ് പട്ടണം വിട്ടു, ദൈവകൃപയിൽ ആശ്രയിച്ചു.

> *ദാവീദ് തല മൂടിയും ചെരിപ്പിടാതെയും നടന്നു കരഞ്ഞുംകൊണ്ടു ഒലിവുമലയുടെ കയറ്റം കയറി; കൂടെയുള്ള ജനമെക്കെയും തല മൂടി കരഞ്ഞുംകൊണ്ടു കയറിച്ചെന്നു. അബ്ശലോമിനോടു കൂടെയുള്ള കൂട്ടുകെട്ടുകാരിൽ അഹീഥോഫെലും ഉണ്ടെന്നു ദാവീദിനു അറിവുകിട്ടിയപ്പോൾ ; യഹോവേ, അഹീഥോഫെലിന്റെ ആലോചനയെ അബദ്ധമാക്കേണമെ എന്നു പറഞ്ഞു. പിന്നെ ദാവീദ് മലമുകളിൽ ദൈവത്തെ ആരാധിച്ചു വന്ന സ്ഥലത്തു എത്തിയപ്പോൾ അർഖ്യനായ ഹുശായി അങ്കികീറിയും തലയിൽ മണ്ണുവാരിയിട്ടും കൊണ്ട് അവനെതിരെ വരുന്നതു കണ്ടു. അവനോടു ദാവീദ് പറഞ്ഞതു നീ*

## ആത്മാവിന്റെ ശക്തിയും ആത്മാവിന്റെ കുടുക്കുകളും

> നന്മയും തിന്മയും കൂട്ടുപലിശപോലെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അനുദിനം നാം എടുക്കുന്ന തീരുമാനങ്ങൾക്ക് അതിനാൽ വലിയ പ്രാധാന്യമുണ്ട്. നിങ്ങൾ ഇന്നു ചെയ്യുന്ന ഒരു ചെറിയ നന്മപ്രവൃത്തി ചില മാസങ്ങൾക്കുശേഷം, നിങ്ങൾ ഇതുവരെ സ്വപ്നം കണ്ടിട്ടില്ലാത്ത വിജയത്തിലേക്ക് നയിക്കും. അതുപോലെ നിസ്സാരമെന്നു കരുതുന്ന പാപങ്ങൾ വലിയ നഷ്ടത്തിലേക്കും നയിക്കും (സി.എസ് ലേഹസ്, Mere Christianity, 117)

നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും ആയിരക്കണക്കിനു തീരുമാനങ്ങൾ നാം എടുക്കുന്നു. ഓരോ ദിവസത്തെ തീരുമാനത്തിലും ഇന്നും തുടർന്നുള്ള ദിവസങ്ങളും നാം എന്തായിരിക്കും എന്ന വസ്തുത പ്രത്യേകം പരിഗണിക്കുന്നു. തീരുമാനങ്ങളാലും തിരഞ്ഞെടുപ്പിനാലും നാം നമ്മുടെ ആത്മാവിനെ ശക്തീകരിക്കുകയോ ക്ഷയിപ്പിക്കുകയോ ചെയ്യുന്നു.

**ആത്മാവിന്റെ ശക്തികൾ -**

1. **തീരുമാനമെടുക്കൽ.** ദൈവം നമ്മെ സ്വതന്ത്രരായ് സൃഷ്ടിച്ചു. തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം നമമുക്ക് നല്കി. ദൈവവചനത്തോടു അനുകൂലമായും വചനത്തെ സ്വീകരിക്കുന്നതുമായ ഒരു തീരുമാനം

2. **മനോഭാവം.** നാം പ്രായോഗികമായ് ചിന്തിക്കുമെങ്കിൽ, മനസ്സുകൊണ്ടു നമുക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളെ അണിനിരത്തുക, ആ മാനസീകമായ കഴിവുകൾ ദൈവവചന പഠനത്തിനായ് ഉപയോഗിക്കുക.

*എന്നോടുകൂടെ വന്നാൽ എനിക്കു ഭാരമായിരിക്കും. എന്നാൽ നീ പട്ടണത്തിലേക്കു ചെന്നു അബ്ശാലോമിനോടു : രാജാവേ, ഞാൻ നിന്റെ ദാസനായിരുന്നുകൊള്ളാം; ഞാൻ ഇതുവരെ നിന്റെ ദാസനായിരുന്നുവല്ലോ എന്നു പറഞ്ഞാൽ നിനക്കു അഹീഥോഫെലിന്റെ ആലോചന വ്യർത്ഥമാക്കുവാൻ കഴിയും ...... (2 ശമു 15:30-37)*

താൻ ഒലിവുമലയുടെ കയറ്റം കയറുമ്പോൾ തന്റെ സ്നേഹിതൻ അഹീഥോഫേലും ഗൂഢാലോചനക്കാരുടെ കൂടെ ഉണ്ടെന്നു ദാവീദിന് അറിവു കിട്ടി. ഒരു ആയിരം വർഷത്തിനുശേഷം ഏതാണ്ട് ഇതേ സ്ഥലത്ത് ഗത്ശെമന തോട്ടത്തിൽ യേശുകർത്താവ് തന്റെ സ്നേഹിതനായ യൂദയാൽ ഒറ്റികൊടുക്കപ്പെട്ടു.

ഹൃദയം തകർക്കുന്ന ഈ വാർത്തയോട് ദാവീദ് പ്രതികരിച്ചത് പ്രാർത്ഥനയോടെയാണ്. ദൈവം ഉടനെ തന്നെ തന്റെ പ്രാർത്ഥനയ്ക്കു മറുപടി നല്കി, തന്നോടു കൂറുപുലർത്തുന്ന ഹുശായി എന്നൊരാളെ ദാവീദിന്റെ അടുക്കലയച്ചു.

അഹീഥോഫെലും ഹുശായിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക. അഹീഥോഫെൽ ദൈവവചനത്തിൽ നിന്നും നോട്ടം തിരിച്ചു ദാവീദിനെ നോക്കാൻ തുടങ്ങി, അയാൾ മറ്റുള്ള എല്ലാവരെയും തന്റെ കാൽചുവട്ടിലെ മണ്ണെന്നപോലെ ചവിട്ടുവാൻ ആഗ്രഹിക്കുന്നവനായിരുന്നു. ദാവീദ് വീണപ്പോൾ, അഹീഥോഫേൽ വചനം മറന്നു, സ്വയ നീതിയിലേക്കും പിന്മാറ്റത്തിലേക്കും തിരിഞ്ഞു.

ഹുശായ് നേരെതിരിച്ചായിരുന്നു. തന്റെ നോട്ടം വചനചത്തിലായിരുന്നു. ജീവിതത്തിലെ പ്രതിസന്ധികളിൽ, ദൈവ വചനം എങ്ങിനെ പ്രായോഗികമാക്കാം എന്നാണയാൾ മനസ്സിലാക്കിയത്.ആളുകൾക്ക് അതു സ്വീകരിക്കുവാനും അഥവാ എതിർക്കുവാനുള്ള  അവസരം കൊടുക്കുക, ദൈവം ആ വ്യക്തികളോടും അവരുടെ തീരുമാനങ്ങളോടും ഇടപെട്ടുകൊള്ളും. മറ്റൊരുവിശ്വാസിയെ ന്യായംവിധിക്കുന്നതും ബോധ്യപ്പെടുത്തുന്നതും നമ്മുടെ ജോലിയല്ല. ദൈവം തന്റെ മക്കളെ ബോധ്യം വരുത്താനും, തെറ്റുകൾ മനസ്സിലാക്കികൊടുക്കുവാനുമായി, ചില പ്രത്യേക വ്യക്തികളെ തിരഞ്ഞെടുത്തിരിക്കുന്നു.

ദൈവം ദാവീദിനെ സംരക്ഷിക്കുന്നു എന്നു ഹുശായ് അറിഞ്ഞു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രാജാവിനോട് വിധേയത്വം പുലർത്തണമെന്നു കൂടി അവൻ അറിഞ്ഞിരുന്നു. അധികാരത്തിലിരിക്കുന്നവരോടുള്ള വിധേയത്വത്തെക്കുറിച്ച് താൻ എവിടെ നിന്നാണ് അറിഞ്ഞത്. പിന്മാറ്റത്തിലിരിക്കുന്ന രാജാവിനെ സേവിക്കുവാൻ, തന്നെ ദൈവകരങ്ങളിൽ ഏല്പിക്കുവാൻ, ദൈവം തന്റെ പൈതലിനോട് ഇടപെടട്ടെ എന്നൊക്കെയുള്ള കാര്യങ്ങൾ താൻ എവിടെ നിന്നാണ് പഠിച്ചത ?.

---

**3. മന:സാക്ഷി.** ദൈവവചനം ബഹുമാനത്തോടെ പഠിക്കുമ്പോൾ നമ്മുടെ മന:സാക്ഷി സത്യത്തിന്റെ ഒരു കലവറയായി തീരും. മനസാക്ഷിയിൽ നാം എന്താണോ നിക്ഷേപിക്കുന്നത് അതു നമ്മുടെ ജീവിത മാനദണ്ഡവും നിലവാരവുമായി തീരും എന്നും നാം അറിയുന്നു. നാം പ്രായോഗികമായ് ചിന്തിക്കുന്നവരും പാപങ്ങളെ ഏറ്റുപറയാൻ സന്നദ്ധരുമാണ് എങ്കിൽ നല്ല മന:സക്ഷിയിൽ ജീവിക്കുവാൻ നമുക്കു കഴിയും.

**4. ആവേശം.** ശാരീരകവും ആത്മീകവുമായ ജീവിതത്തിന്റെ സന്തോഷത്തിനും, ജീവിക്കുവാനുള്ള ശക്തിക്കും കേന്ദ്രമായിരിക്കുന്നത് നമ്മുടെ ആവേശമാണ്. ദൈവവചനത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ, ബാഹ്യമായ കാര്യങ്ങളുടെ സമ്മർദ്ദമില്ലാതെ നമുക്കു കൂടുതൽ ശക്തിയും അത്ഭുതകരമായ ജീവിതവും ലഭിക്കും.

**5. ആത്മബോധം.** ദൈവം യേശുക്രിസ്തുവിൻ നമ്മളെ എങ്ങിനെ കാണുന്ന എന്നത് വചനത്തിന്റെ അടിസ്ഥാനത്തിൽ താഴ്മയോടെ മനസ്സിലാക്കുമ്പോൾ നമുക്ക് നമ്മെത്തന്നെ അംഗീകരിപ്പാൻ കഴിയും. നാം ജീവനുള്ള ദൈവത്തെകാണുന്നത് എഴുതപ്പെട്ട ദൈവവചനത്തിലുടെയാണ്.

**ആത്മാവിന്റെ കുടുക്കുകൾ**

**1. തീരുമാനമെടുക്കൽ.** നമുക്കു ദൈവവചനത്തോടു വിരുദ്ധമായ നിലപാടു തിരഞ്ഞെടുക്കാം. ദൈവചനത്തിനു മുൻഗണന കൊടുക്കാതിരിക്കാനും, താല്പര്യം പ്രകടിപ്പിക്കാതിരി

മരുഭൂമിയിലും വനപ്രദേശത്തും, പിന്മാറ്റക്കാരനായ ശൗൽ രാജാവിനാൽ വേട്ടയാടപ്പെട്ട ദാവീദിനെ നിരീക്ഷിച്ചതിലൂടെ തനിക്കു അദ്ദേഹത്തെക്കുറിച്ചു പഠിക്കുവാനിടയായി. പ്രത്യേകിച്ച് ദാവീദിന്റെ ദൈവത്തിലുള്ള ആശ്രയം. ഹുശായി തന്റെ തലമുറയിലെ ഏറ്റവും കുലീനനും ആദരണീയനുമായ വ്യക്തിയായ് തീർന്നു. 2 ശമുവേൽ 17-ൽ അഹീഥോഫെൽ അബ്ശാലോമിനെ ഉപദേശിക്കുന്നതു കാണാം. ഈ രാത്രിയിൽ ദാവീദിനെ കൊല്ലേണ്ടതിന് പന്തീരായിരം ആളുകളെ എനിക്കു നല്കുക. ക്ഷീണിച്ചും അധൈര്യപ്പെട്ടും ഇരിക്കുന്ന അവനെ ഞാൻ ആക്രമിച്ചു ഭ്രമിപ്പിക്കും ;അപ്പോൾ അവനോടുകൂടെയുള്ള ജനമൊക്കെയും ഓടിപ്പോകും; ഞാൻ രാജാവിനെ മാത്രം വെട്ടിക്കളയും" (2ശമു 17:2)

അഹിഥോഫേലിന്റെ പദ്ധതി അബ്ശലോമിനു താല്പര്യമായി, അപ്പോൾ തന്നെ ഹൂശായിയുടെ അഭിപ്രായം അറിയുവാനും ആഗ്രഹം പ്രകടിപ്പിച്ചു. "നിന്റെ അപ്പൻ വീരനും അവനോടു കൂടെയുള്ളവർ ക്രൂരന്മാരും എന്നു എല്ലാ യിസ്രയേലും അറിയുന്നു. കൂടുതൽ ആളുകളെ സ്വരൂപിക്കുന്നതുവരെ നീ ആക്രമണത്തിൽ മുതിരരുത്." എന്ന് മറുപടി നല്കി

അഹീഥോഫെൽ നല്ലൊരു ഉപദേശമാണ് അബ്ശാലോമിനു നല്കിയത്. പിന്മാറ്റത്തിലാണെങ്കിലും തന്റെ കൃത്യത തനിക്കു നഷ്ടപ്പെട്ടിട്ടില്ല. അബ്ശാലോം ആ ഉപദേശം സ്വീകരിച്ചിരുന്നു എങ്കിൽ ദാവീദ് ഒരു പക്ഷേ തോല്കുമായിരുന്നു. എന്നാൽ ദൈവം കൊലപാതകിയും, വ്യഭിചാരകനും, അല്ല സ്വന്തം തെറ്റുകളെ ഏറ്റുപറഞ്ഞ " അഹീഥോഫെലിന്റെ നല്ല ആലോചനയെ വ്യർത്ഥമാക്കുവാൻ യഹോവ നിശ്ചയിച്ചിരുന്നു." (2 ശമു 17 :14) അഹീഥോഫെന്റെ ദൈവത്തിന്റെ ശത്രുവായ് തീർന്നു. താൻ ഇപ്പോൾ ദാവിദിനു എതിരെയല്ല ദൈവത്തിനെതിരെയാണ് നിലകൊള്ളുന്നത്.

ഹൂശായി ചാരന്മാരെ ആയച്ചു ദാവീദിനു അറിവുകൊടുത്തതു, "നദികടന്നു മരുഭൂമിയിലേക്കു പോകുക, ഒരു പ്രത്യാക്രമണത്തിനു ഒരുങ്ങുക. അഹീഥോഫെലിന്റെ ആലോചന അബ്ശാലോം ചെവികൊള്ളാഞ്ഞതിനാൽ ദാവീദും കൂടെയുള്ളവരും രക്ഷപ്പെട്ടു.

> *എന്നാൽ അഹീഫോഫേൽ തന്റെ ആലോചന നടന്നില്ല എന്നു കണ്ടപ്പോൾ കഴുതപ്പുറത്തു കോപ്പിട്ടു കയറി തന്റെ പട്ടണത്തിൽ വീട്ടിലേക്ക് ചെന്നു വീട്ടുകാര്യം ക്രമപ്പെടുത്തിയ ശേഷം കെട്ടിഞ്ഞാന്നു മരിച്ചു; അവന്റെ അപ്പന്റെകല്ലറയിൽ അവനെ അടക്കം ചെയ്തു, (2ശമു. 17.23).*

ക്കാനും നമുക്കു കഴിയും. ആ തിരിഞ്ഞെടുപ്പിലേക്കു നാം വരുമ്പോൾ, സ്വയമേ വേദനയും ബുദ്ധിമുട്ടുകളും നാം തിരഞ്ഞെടുക്കുകയാണ്.

**2. മനോഭാവം.** ഹൃദയത്തെ വചനത്താൽ നിറയ്ക്കുന്നില്ലെങ്കിൽ നാം അതിനെ ശൂന്യമാക്കുകയാണ് കഠിനമായ മനോദു:ഖത്തോടെ ലോത്തിനെപ്പോലെ നാം ജീവിക്കേണ്ടിവരും.

**3. മന:സാക്ഷി.** ദൈവവചനത്തോട് ശരിയായ മനോഭാവം പുലർത്താത്ത, വചനത്തിന്റെ മുമ്പാകെ സ്വയം താഴ്ത്താത്ത വ്യക്തിക്ക് ദൈവത്തോട് ഒരു നല്ല മന:സാക്ഷി ഉണ്ടായിരിക്കില്ല. നാം ഭയം, കാഠിന്യം, കുറ്റബോധം എന്നിവയാൽ നശിക്കപ്പെടും.

**4. ആവേശം (വികാരം).** നമ്മുടെ വികാരങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിൽ അല്ലാതെ വരുമ്പോൾ അതു മറ്റുള്ളവർക്കു ഉപദ്രവമായ് തീരും. ജീവിതത്തെ നിയന്ത്രിക്കുന്ന തിന്മ ചെയ്യുവാൻ ഹൃദയ ശൂന്യനായ ഒരു സേഛാധിപതിയുണ്ട്, അവൻ നമ്മെ ഉയരങ്ങളിൽ എത്തിക്കുന്നത്, താഴേക്കു തള്ളിയിടുവാനാണ്, വട്ടംകറക്കി വൈകാരിക സർമ്മദ്ദത്തിലാക്കും.

**5. ആത്മ ബോധം.** ഈ ലോകത്ത് വചനത്തിൽ നിന്നകന്ന് നമ്മുടെ മുൽകരുതലിനുമാത്രമായ് സ്വതന്ത്രമായ് നാം പ്രവർത്തിക്കുമ്പോൾ, നമ്മുടെ സ്വയത്തെ മുമ്പേ അധിവസിപ്പിച്ചിരിക്കുന്ന നഗരത്തിലാണ് ജീവിക്കുന്നത്. നാം എത്ര വലിയവരാണോ, എത്ര പ്രായോജനമില്ലാത്തവരാണോ എന്ന ചിന്താഗതി കാര്യമാക്കേണ്ട, എന്തുകൊണ്ടെന്നാൽ സ്വയത്തിന്റെ എല്ലാ അധിനിവേശങ്ങളും വിഷമയമാണ്.

തന്റെ ആലോചന നിരസിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ തന്നെ ദാവീദ് വിജയിക്കുമെന്ന് അഫിഥോഫെൽ അറിഞ്ഞിരുന്നു. തന്റെ തീരുമാനങ്ങളുടെ അനന്തരഫലത്തെ കൈകാര്യം ചെയ്യുവാൻ തനിക്കു കഴിഞ്ഞില്ല. രാജാവിന്റെ മുമ്പിൽ നില്കേണ്ടിവരുമെന്നറിഞ്ഞു അഹീഥോഫെൽ, യൂദായെപ്പോലെ, ഏന്താണ്ട് ഒരു ആയിരം വർഷം മുമ്പ് കെട്ടിഞാന്നു ചത്തു.

അഹീഥോഫേലിന്റെ വിശ്വാസവഞ്ചന പെട്ടെന്നുണ്ടായ ഒരു സംഭവമല്ല. ദാവീദിന്റെ പാരജയം അവനൊരു ഇടർച്ചയാകുവാൻ, അഹീഫോഫേൽ തീരുമാനങ്ങളുടെ മേൽ, തീരുമാനമെടുത്തു. ദാവീദിന്മേൽ തന്റെ ദൃഷ്ടി പതിപ്പിച്ചിരുന്നു. ദാവീദിന്റെ ഭോഗാസ്ക്തിയും, പിന്മാറ്റവും മരണത്തിലേക്കു നയിക്കുമായിരുന്നെങ്കിലും, താൻ തെറ്റ് ഏറ്റുപറഞ്ഞു ദൈവത്തിങ്കലേക്കു തിരിഞ്ഞു. തെറ്റു ചെയ്യുന്നവരോടു ക്ഷമിക്കുന്ന ദൈവത്തിന്റെ വിശ്വസതതയെ താൻ ഗൗരവമാക്കാഞ്ഞതിനാൽ അഹീഥോഫെലിനു തന്റെ പാപത്തിൻ മരിക്കേണ്ടിവരുന്നു.

## പിന്മാറ്റവും മടങ്ങിവരവും

**വീഴ്ചക്കുള്ള ഏഴു പടികൾ**

1. പാപത്തെ നിസ്സാരവല്ക്കരിക്കുക, (റോമ 13:14)
2. പാപത്തിൽ വീഴുക (അടിമപ്പെടുക) (റോമർ 6:13)
3. പാപത്തിൽ ജീവിക്കുക, (2 പത്രോ. 2:8)
4. പാപത്തിനു ഏല്പിച്ചുകൊടുക്കുക, (എഫെ 4 :19)
5. പാപത്തിനു ദൈവത്താൽ ഏല്പിക്കപ്പെടുക (റോമ. 1:24,26,28)
6. പാപം ചെയ്യുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക (റോമ 1:32)
7. ഭൂമിയിൽ നരകം അനുഭവസ്ഥമാക്കുക, (യാക്കോ 3.6; 1 തിമ 5.:6)

**എഴുന്നേല്ക്കുവാനുള്ള ഏഴു പടികൾ**

1. പാപത്തോടു എതിർത്തു നില്ക്കുക, (യാക്കോ. 5.16)
2. യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപത്തെ അതിജീവിക്കുക, (ഗലാ. 5.16)
3. പാപത്തിന്മേൽ വിജയം നേടുക (റോമ. 6.14, 1 യോഹ. 5.4,5)
4. വിജയകരമായ ജീവിതത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കുക. "ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുക" (റോമർ 8:37, 2 കൊരി. 2:14, കൊല 3:1-3)
5. ദൈവവുമായ് ആഴമായ ബന്ധത്തിലേക്കു വരിക (നാം ദൈവത്തിൽ ആശ്രയിച്ചതുപോലെ ഇപ്പോൾ നമ്മെ ഭരേല്പിക്കുകയാണ്) 1 തിമൊ. 1:12, 1 കൊരി. 4:2)
6. മറ്റുള്ളവരെ പാപത്തിൽ നിന്നും രക്ഷിക്കുക. (യൂദ. 22-23)
7. ഭൂമിയിൽ സ്വർഗ്ഗം അനുഭവസ്ഥമാക്കുക. (യൂദ 24,25: ഫിലി 4:6-7)



# പാഠം 3 – 3:
# വാഗ്ദത്തം - *ആത്മീയത*

യിരെമ്യാവ് 17:5–10
യോഹന്നാൻ 7:37–39

ശക്തി നല്കുന്ന ദൈവത്താൽ - പരിശുദ്ധാത്മാവ് - മാത്രമേ, ഏതൊരു ക്രിസ്ത്യാനിക്കും ഓട്ടം തികയ്ക്കുവാനും വിജയം നേടാനും കഴിയൂ. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ നാം ശക്തീകരിക്കപ്പെടുകയാണ്. പാപപ്രകൃതിക്കു മാറ്റം വന്നതിനാൽ ലക്ഷ്യത്തിലേക്കു ഓടുവാൻ നാം പ്രാപ്തരായി. ആത്മാവിനാൽ നാം നിറയപ്പെടാതിരിക്കുമ്പോൾ, ജഡം നമ്മിൽ വ്യാപാരം നടത്തും, ദൈവനിയോഗത്തിൽ നിന്ന് നൂറു ശതമാനം നാം മാറിപ്പോകും. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടാതെ വളർച്ചയില്ല, സേവനമില്ല, പ്രതിഫലമില്ല. പിശാചിന്റെ ലോക സംവിധാനത്തിൽ ആത്മീയതയും, ആത്മാവിനാൽ നിറയപ്പെടുന്നതും എല്ലായിപ്പോഴും എതിരായ കാര്യമാണ്. ദൈവത്തിന്റെ വാഗ്ദാനമായ ശക്തിയുടെ ലാളിത്യം നാം മനസ്സിലാക്കണമെന്ന് ശത്രു ഒരിക്കലും ആഗ്രഹിക്കുന്നില്ല.

*യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു;*
*മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി*
*ഹൃദയം കൊണ്ടു യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ*
*ശപിക്കപ്പെട്ടവൻ അവൻ മരുഭൂമിയിലെ*
*ചൂരച്ചെടിപോലെയാകും. നന്മ വരുമ്പോൾ അതിനെ*
*കാണതെ മരുഭൂമിയിലെ വരണ്ട പ്രദേശങ്ങളിലും*
*നിവാസികൾ ഇല്ലാത്ത ഉവർ നിലത്തിലും പാർക്കും.*
*(യിരെ. 17:5,6)*

മനുഷ്യരിലാശ്രയിക്കുന്നവർക്കു ലഭിക്കുന്ന ശാപത്തെക്കുറിച്ച് യിരെമ്യാ പ്രവാചകൻ വ്യക്തമായ് വിവരിക്കുന്നു. ജീവിത പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ശ്രമത്തിൽ മാനുഷിക നന്മകളിലും മനുഷിക ബുദ്ധിയിലും, മനുഷ്യന്റെ സാങ്കേതികജ്ഞാനത്തിലും, മനുഷിക ശക്തിയിലും, ആശ്രയിക്കുമ്പോൾ, ദൈവശക്തിയുടെ മേഖലയിൽ നിന്ന് നാം വെളിയിലാവുകയാണ്. മാനുഷിക ശക്തിയാൽ ആത്മീക പോരാട്ടം നടത്താം എന്നു ചിന്തിക്കുന്നത് തെറ്റാണ്.

എല്ലാ നന്മയുടെയും എല്ലാ സത്യത്തിന്റെയും, എല്ലാ ജ്ഞാനത്തിന്റേയും എല്ലാ സമാധാനത്തിന്റെയും ഉറവി

ടമായ ദൈവത്തെ അവഗണിച്ച്, നാം നമ്മിലേക്കു തന്നെ തിരിഞ്ഞാൽ, നാം നുക്കു തന്നെ കഷ്ടപ്പാടുകൾ വിളിച്ചുവരുത്തുകയാണ്. ഏതൊരു വ്യകതിയും ഏതൊരു രാഷ്ട്രവും ദൈവത്തിലശ്രയിക്കാതെ മനുഷ്യനിൽ ആശ്രയിക്കുന്നെങ്കിൽ ആ വ്യക്തി, ആരാഷട്രം ശപിക്കപ്പെടും. ആരും ദൈവത്ത ദൈവത്തെ കുറ്റപ്പെടുത്തരുത്, കാരണം ആ ശാപം സ്വയം വരുത്തിവച്ചതാണ്.

മാനുഷിക ശക്തിയിലാശ്രയിക്കരുത്, ആത്മീക വരൾച്ചക്കും, അകൽച്ചയ്ക്കും, കാരണമാകും, ജീവിതം നിഷ്ഫലവും പരുഷവുമാകും. ഈ പാതതിരഞ്ഞെടുക്കുന്നവർ ജീവിതത്തിൽ അഭിവൃദ്ധിയും ദൈവാനുഗ്രഹങ്ങളും പ്രാപിക്കയില്ല. ദൈവം ആഗ്രഹിക്കുന്ന സ്ഥലത്ത് നാം ആയിരിക്കുമ്പോൾ, പരമാവധി അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കും, എന്തുകൊണ്ടെന്നാൽ ലോക സൃഷ്ടിക്കു മുമ്പേ അതുദൈവത്താൽ നിശ്ചയിക്കപ്പെട്ടതാണ്. ദൈവത്തിന്റെ കൃപയാൽ അവിടുന്നു അനുഗ്രഹങ്ങളെ വർഷിപ്പിക്കുന്നു. നാം മറ്റെവിടെയോ ആയതിനാൽ നമുക്കതു ലഭിച്ചുകാണില്ല. നാം തെറ്റായ സമയത്ത് തെറ്റായ സ്ഥലത്ത് ലക്ഷ്യം തെറ്റി ആയിരുന്നു. തന്റെ പദ്ധതിപ്രകാരം നമ്മെ വലിയവരാക്കാൻ, ആവശ്യമായതെല്ലാം ദൈവം വാഗ്ദാനം ചെയ്തിരിന്നു. നാം നമ്മുടെ നിലയിൽ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു എങ്കിൽ, ദൈവത്തിന്റെ അനുഗ്രഹങ്ങളെ കാണുകയില്ല.

*യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കുയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇലച്ചയായിരിക്കും, വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും (യിര. 17:7-8)*

മറ്റൊരു വശം, നാം ശക്തിയില്ലാത്തവരെന്നും, ദൈവീകശക്തിയാൽ മാത്രമേ നില്ക്കുവാൻ കഴിയൂ എന്നും നമുക്ക് ബോധ്യമായാൽ, ദൈവം നമ്മളെ അനുഗ്രഹിതർ എന്നും പ്രഖ്യാപിക്കും. ' ആശ്രയം' എന്നതിന് എബ്രായ ഭാഷയിൽ ' ബാറ്റാക്' (batach) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് അതിന് മല്ലുപിടിക്കുന്ന വിശ്വാസം എന്നർത്ഥം. ദൈവത്തിൽ ആശ്രയിക്കുക എന്നാൽ ദൈവീക ശക്തിയിൽ ചാരുന്നതിനുവേണ്ടിയുള്ള പോരാട്ടം എന്നർത്ഥം.ദൈവത്തിന്റെ ശക്തിയുള്ള കരങ്ങളിൽ നമ്മളെത്തന്നെ താഴ്ത്തി നമ്മുടെ ഭാരങ്ങളെ അവന്റെമേൽ ഇടുക, എന്തുകൊണ്ടെന്നാൽ ദൈവം നമുക്കായ് കരുതുന്നു. (1 പത്രോസ് 5:7) നാം നമ്മുടെ പ്രശ്നങ്ങളെ, സമ്മർദ്ദങ്ങളെ, ദൗർഭാഗ്യങ്ങളെ ശാരീരിക വേദനകളെ ദൈവത്തിങ്കലേക്ക് കൊണ്ടുവരിക യുദ്ധം യഹോവയ്ക്കുള്ളതാണ് (1 ശമു. 17:47).

ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ നന്മ ചിത്രീകരിക്കുന്നതിന് ഒരു മരുഭൂമിയുടെ ഉദാഹരണം യിരെമ്യാ പ്രവാചകൻ നല്കുന്നു. അതായത് മരുഭൂമിയിൽ ജീവൻ നില നിർത്താനുള്ള ഏകഘടകം നദിയാണ്. നദി പരിശുദ്ധാത്മാവിന്റെ ഒരു ചിത്രമാണ്. നദി തീരത്തിന് വെളിയിലുള്ളതൊന്നും ഫലംകായ്ക്കുന്നതല്ല. എന്നാൽ ഇവിടെ ആറ്ററികത്ത് ഫലം കായ്ക്കുന്ന ഒരു വൃക്ഷം, ആ വൃക്ഷം വിശ്വാസത്തിൽ ജീവിക്കുന്ന വിശ്വാസിയെ കാണിക്കുന്നു. അതിന്റെ വേരുകൾ വെള്ളത്തിലേക്ക് ആഴ്ന്നിറങ്ങിയിരിക്കുന്നു, ഇത്, ആവശ്യമുള്ളത് എത്തിച്ചുകൊടുക്കുന്ന സംവിധാനത്തെ, ആത്മീയ വളർച്ചയെ കാണിക്കുന്നു. വൃക്ഷത്തിന്റെ അടിയിൽ നമുക്കു കാണുവാനാകാത്ത ധാരാളം വേരുകളുണ്ട്, ആത്മപകർച്ച അദൃശ്യമാണ്, എന്നാൽ അതിന്റെ ഫലം ദൃശ്യമാണ്. ഒരു ക്രിസ്ത്യാനിക്കും ആന്തരിക സ്വഭാവ സവിശേഷതകൾ, ബാഹ്യ പ്രകടനങ്ങളെക്കാൾപ്രധാനപ്പെട്ടതാണ്.

യിരെമ്യാവ് 17:8 പറയുന്ന ഉഷ്ണം എന്നത് പരീക്ഷണം, ബുദ്ധിമുട്ട്, പരിശോധന എന്നിവയുടെ ഒരു ചിത്രമാണ്. വരൾച്ചയുടെ വർഷം ദിർഘമാക്കപ്പെട്ട ഞെരുക്കത്തിന്റെ സമയത്തെ കാണിക്കുന്നു. പച്ച ഇലകൾ വൃക്ഷത്തിന്റെ ശക്തിയേയും ആരോഗ്യത്തെയും കാണിക്കുന്നു. പക്വതപ്രാപിച്ച വിശ്വാസി, ആത്മീയമായി ശക്തനും, ആരോഗ്യമുള്ളവനും, പരിശോധനയിൽ ഉറച്ചുനില്ക്കുന്നവനുമാണ്. അവൻ ഒരിക്കലും ആകുലചിത്തനോ, ഭാരമുള്ളവനോ, ഫലം പുറപ്പെടുവിക്കാത്തവനോ, ആയിരിക്കുകയില്ല.

ആകുലത - - ദു:ഖം - ദൈവത്തിന്റെ പ്രവൃത്തി ഇവ ഒരുമിച്ചു വസിക്കുകയില്ല. പരിശുദ്ധാത്മാവിന്റെ നിറവ് ദൈവ പ്രവൃത്തിയ്ക്ക് ആവശ്യമാണ്. കാലത്തിന്റെ ഏതെങ്കിലുമൊരു അവസ്ഥയിൽ, ഒന്നുകിൽനാം ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് - ആത്മീയനും അല്ലെങ്കിൽ ജഡത്താൽ നിയന്ത്രിക്കപ്പെട്ട് ജഡീകനും ആയിരിക്കും. ആകുലത മനസ്സിന്റെ ഒരു പാപമാണ്. പാപം നമ്മളെ ദൈവാത്മ ശക്തിയുടെ മേഖലയിൽ നിന്ന് ദൂരെ എടുത്തു മാറ്റുന്നു. അതുകൊണ്ട് ആകുലപ്പെടരുത്, അപ്പോൾ തന്നെ ദൈവ പ്രവൃത്തിയുടെ ഒരു മുഖാന്തിരമായ് തീരുക.

## പര്യായപദങ്ങൾ

യേശു നിക്കോദെമോസിനോടുപറഞ്ഞത് “ ജഡത്താൽ ജനിച്ചതു ജഡമാകുന്നു ആത്മാവിനാൽ ജനിച്ചതു ആത്മാവാകുന്നു.” (യോഹ. 3:6) യേശു ഒരു വര വരയ്ക്കുകയായിരുന്നു. എന്നിട്ടുപറഞ്ഞു, എല്ലാറ്റിന്റെയും ഒരുവശം മരണവും മറുവശം ജീവനുമാണ്. ദൈവ വചനത്തിന്റെ എല്ലാ പേജിലും, രണ്ടു ശക്തികൾ തമ്മിലുള്ള സംഘട്ടനം കാണാം. ഇരുളും - വെളിച്ചവും, വെറുപ്പും - സ്നേഹവും, ലൗകീകവും - ആത്മീകവും, ദൃശ്യമായതും - അദൃശ്യമായതും, താഴുന്നമണലും - ഉറപ്പുള്ള പാറയും തമ്മിലുള്ളസംഘട്ടനം. ചില വേദപുസ്തക വാക്കുകളും അവയുടെ പര്യായ പദങ്ങളും അവയുടെ ആത്മീയതയും, ഭൗതികതയും, സ്വാധീനവുമാണ് താഴെപറയുന്നത്.

1. ആത്മാവിൽ നിറയപ്പെടുക - വിപരീതം - പഴയ പാപ പ്രകൃതിയിൽ നിയന്ത്രിക്കപ്പെടുക (എഫെ. 5.18)
2. ആത്മാവിൽ - വിപരീതം - ജഡത്തിൽ (ഗലാ. 5:16,17)
3. ആത്മാവിന്റെ പ്രവൃത്തി - വിപരീതം - ജഡത്തിന്റെ പ്രവൃത്തി (എഫെ. 3.20)
4. കൂട്ടായ്മയിൽ ആകുക - വിപരീതം - കൂട്ടായ്മ വിടുക (1 യോഹ. 1:3 - 7)
5. ദൈവീകത - വിപരീതം - ദൈവമില്ലായ്മ (1 കൊരി. 3:16)
6. ആത്മീയത - വിപരീതം - ജഡീകം (1 കൊരി. 3:1)
7. ആത്മീയ മനുഷ്യൻ - പ്രാകൃതമനുഷ്യൻ (1 കൊരി. 2:14)
8. പ്രകാശത്തിൽ നടക്കുക - വീപരീതം - ഇരുളിൽ നടക്കുക (1 യോഹ. 1:6,7)
9. വിശ്വാസത്താൽ നടക്കുക - വിപരീതം - കാഴ്ചയാൽ നടക്കുക (2 കൊരി. 5:7)
10. ദൈവിക നന്മ, ദൈവം ഉല്പാദിപ്പിച്ചത് - വിപരീതം - മനുഷ്യന്റെ പ്രവർത്തനഫലം (എഫെ. 2:10)

ഗലാത്യർ 5:22,23 ൽ പറഞ്ഞിരിക്കുന്ന ആത്മാവിന്റെ ഫലങ്ങളാണ്, ദൈവ ശക്തിപ്രാപിച്ച ഒരു വിശ്വാസിയിൽ കാണേണ്ടത്, അതായത് സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകരാം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ തന്നെ. “ ആത്മാവിന്റെ ഫലം” എന്ന് ഏകവചനത്തിലാണ് പറഞ്ഞിരിക്കുന്നതു. അത് ഒരു കുലയിലെ മുന്തിരിപോലെയാണ്.

ഭൗമിക നേഖലയിൽ ശ്രദ്ധിച്ചാൽ ഫലം കായ്ക്കുന്നതിന്റെ രീതി മനസ്സിലാകും, ചെറിയ വൃക്ഷങ്ങളിൽ ഫലം കായ്ക്കുന്നതിന്റെ ചില ലക്ഷണങ്ങൾ കണ്ടേക്കാം, എന്നാൽ വളർന്ന് മൂപ്പെത്തിയ വൃക്ഷത്തിൽ മാത്രമേ ഫലം കായ്ക്കുകയുള്ളു. ആത്മീയ മണ്ഡലത്തിൽ ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ട പുതിയ വിശ്വസികൾ എന്നനിലയിൽ നാം ദൈവത്തിനുവേണ്ടി ഫലം കായ്ക്കണം. തുടർച്ചയായ് ആത്മാവിൽ നടക്കുന്നുവെങ്കിൽ നാം വളരും, പാകമായ ഫലങ്ങൾനമ്മുടെ ആത്മീക വളർച്ചയുടെ ലക്ഷണമാണ്. ഒരിയ്ക്കലും നമ്മുടെ ശക്തിയാൽ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. നമുക്കെന്തന്തുകൊണ്ട്ആത്മ ശക്തി അത്യന്താപേക്ഷിതമാണെന്ന് യിരെമ്യാ പ്രവാചകൻ വിവരിക്കുന്നു.

> *ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തനും അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു. (യിരെ. 17:9,10)*

ഇവിടെ ‘ ഹൃദയം’ എന്നു പറഞ്ഞിരിക്കുന്നത് “ അകത്തെ മനുഷ്യനെ” കാണിക്കുന്നു, ചിന്തയുടെ സിരാകേന്ദ്രമായ സ്ഥലം” - എന്നർത്ഥം. ഇതിന് മൂല ഭാഷയിൽ അക്കോമ്പ് (aqob) എന്നവാക്കാണ് ഉപയോഗിച്ചിരിക്കുന്നത് - അതിനു വഞ്ചന, ചതി, തരങ്കം വയ്ക്കൽ എന്നൊക്കെ അർത്ഥം. വിശ്വാസിമില്ലാത്ത ഹൃദയം പാപത്തിന്റെ മാർഗ്ഗ ദർശനത്തിലാണ്, ഒരിക്കലും ആശ്രയിക്കാൻ കഴിയുകയുമില്ല

## ആത്മീയത

ഒരു വ്യക്തിയെ ആത്മീയനാക്കുന്നത് എന്താണ് ? ഇതിനുത്തരം കണ്ടെത്താൻ ചില ആളുകൾ പുറമെയുള്ള കാര്യങ്ങളിലേക്കു നോക്കുന്നു. അവർ ഒരു പക്ഷേ പറയുന്നത് അയാളുടെ മാന്യമായ വസ്ത്രധാരണം അല്ലെങ്കിൽ സംസാരം, ചെയ്യുന്ന കാര്യങ്ങൾ അല്ലെങ്കിൽ ചെയ്യാത്തകാര്യങ്ങൾ, പോകുന്ന സ്ഥലങ്ങൾ അല്ലെങ്കിൽ പോകാത്തസ്ഥലങ്ങൾ, എന്നീ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്. മറ്റു ചിലർ പറഞ്ഞത്, ഒരു വ്യക്തി ആത്മീയനെന്ന് തീരുമാനിക്കുന്നത് അയാൾ ചെയ്യുന്ന അത്ഭുത പ്രവൃത്തികളിലൂടെയാണ് വെബ്സ്റ്റേഴ്സ് ഡിക്ഷണറിയിൽ (Dictionary) യിൽ തെറ്റായ ഒരു നിർവ്വചനമാണ് നല്കിയിരിക്കുന്നത്. ആത്മീയത എന്നാൽ "സംവേദനക്ഷമത അഥവ മതപരമായ കാര്യങ്ങളോടുള്ള അടുപ്പം" എന്നാണ്.

ദൈവത്തിന്റെ നിർവ്വചനം ഒരിക്കലും അവ്യക്തമല്ല. വേദപുസ്തകാടിസ്ഥാനത്തിൽ ഒരു വ്യക്തി ആത്മാവിൽ നിറയപ്പെടുമ്പോഴാണ് ആത്മീയനാകുന്നത്. ആത്മാവിൽ നിറയപ്പെടാത്തവൻ ജഡീകനാണ് (1കൊരി.2:14,15;ഗലാ1-5:16,17;6:1.

രക്ഷിക്കപ്പെടുന്ന സമയത്ത് ഓരോ വിശ്വാസികളും പരിശുദ്ധാത്മാവിനാൽ ദൈവത്തിൽ വസിക്കുകയാണ്. അധിവസിക്കുന്നത് സ്ഥിരമായ ഒരു അവസ്ഥയാണ്. അതു നഷ്ടപ്പെടുന്നില്ല, മാറുന്നില്ല. ആത്മാവ് എല്ലാവിശ്വാസികളിലും എല്ലായിപ്പോഴും അധിവസിക്കുന്നു. (റോമ 8:9; 1കൊരി 6:19,20; ഗലാ 3:4, 4:6).പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുമ്പോൾ നമ്മുടെ പഴയ പാപപ്രകൃതികളുമായി ഒരു പോരാട്ടം ആരംഭിക്കും. ആപോരാട്ടത്തിൽ നമ്മുടെ നിശ്ചയദാർഢ്യമാണ് പ്രശ്നപരിഹാരമായ് പ്രവർത്തിക്കേണ്ടത്. ഒരോ നിമിഷംതോറും നമ്മുടെ ആത്മാവിന്റെ നിയന്ത്രിതാവ് ആരായിരിക്കണമെന്ന് നാം തീരുമാനിക്കണം.

ആത്മാവിൽ നിറയപ്പെടണമോ, വേണ്ടയോ എന്നത് ഒരു തിരഞ്ഞെടുപ്പാണ്. ആത്മാവിൽ നിറയപ്പെടാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു, (എഫെ 5:18), ആ കല്പന അനുസരിക്കണമോ വേണ്ടയോ എന്ന് അനുദിനം തീരുമാനിക്കണം. എഫെസ്യർ 5-ൽ പറഞ്ഞിരിക്കുന്ന കല്പന കർമ്മണി പ്രയോഗത്തിലാണ്. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നത് ഒരു ദാനമാണ്. അതു നമുക്കു സ്വീകരിക്കാനോ ഉപേക്ഷിക്കാനോ കഴിയും. എന്നാൽ സ്വന്തമാക്കാൻ കഴിയില്ല. ക്രിസ്തീയ ജീവിതത്തിലെ മറ്റെന്തിനെക്കാളുമുപരി, യേശു ക്രിസ്തുവിലുള്ള വിശ്വാസത്താലും ദൈവ കൃപയാലും മാത്രമേ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുവാൻ കഴിയൂ. നമ്മുടെ ഉദാസീനതയാലും പാപത്താലും, ആത്മാവിനെ കെടുത്തുകവഴി ആത്മാവിൽ നിറയപ്പെടാൻ കഴിയാതെ പോകുന്നു (എഫെ. 4:30; 1 തെസ്സ 5.19) അനുതാപത്താൽ നമുക്കതു തിരികെ നേടിയെടുക്കാൻ കഴിയും. (1യോഹ. 1:9; സദൃ. 1:23).

ആത്മാവിൽ നിറയപ്പെടുന്നത് ക്രിസ്തീയ ജീവിതത്തിലെ അവസാന അനുഭവം അല്ല. ജീവിതത്തിൽആവശ്യമായ ശക്തിക്കാണ് ആത്മശക്തി പകരപ്പെടുന്നത്, അത് മറ്റൊന്നിനുമല്ല. ഫലം കായ്ക്കുകയാണ് നമ്മുടെ ലക്ഷ്യം (യോഹ 15:4,5), ആതായത്, ഗലാത്യർ 5:22,23 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന യേശുക്രിസ്തുവിന്റെ സ്വഭാവ സവിശേഷതകളായ ആത്മാവിന്റെ ഫലങ്ങൾ. നമ്മിലുള്ള ക്രിസ്തുവിന്റെ ജീവനാൽ, സ്ഥിരമായ ആത്മ നിറവിനാൽ നമുക്കു ലഭിക്കുന്ന ജീവിതമാണ് ആത്മീയത.

ഹൃദയം എല്ലാറ്റിനേക്കാളും കപടമായതു മാത്രമല്ല, മൂലഭാഷയിൽ അതു ' അനാഷ്' ആണ് (anash) സൗഖ്യ മാകാത്തത്, മാരകമായത് എന്നൊക്കെ അർത്ഥം. മനുഷ്യന്റെ ഹൃദയത്തെ ആർക്കു മനസ്സിലാക്കാം ? മറ്റാർക്കു മല്ല ദൈവത്തിന് ദൈവം മാത്രമാണ് നമ്മുടെ ആന്തരീക വ്യാപാരങ്ങളെ അറിയുന്നത്. ദൈവത്തെകൂടാതെ നമുക്കു സ്വയം മനസ്സിലാക്കാൻ കഴിയുകയില്ല. പരിശുദ്ധാത്മാവിന്റെ, ബോധ്യം വരുത്തുന്ന, ഉപദേശിക്കുന്ന, പ്രകാശിതമാകുന്ന ശുശ്രൂഷകളിലൂടെ അല്ലാതെ നമുക്കൊരിക്കലും നമ്മെ മനസ്സിലാക്കുവാനോ, നാം ചെയ്യുന്ന പ്രവൃത്തി എന്തിനാണെന്നറിയാനോ കഴിയുകയില്ല.

' അന്വേഷിക്കുക' എന്നാൽ ' അടങ്ങിയിരിക്കുന്നതു കണ്ടെത്തുക' എന്നർത്ഥം. ശോധന എന്നാൽ പ്രവർത്തനം എന്താണെന്ന് കണ്ടെത്താൻ സൂക്ഷമതയോടെ പരിശോധിക്കുക എന്നർത്ഥം. നമ്മുടെ ഹൃദയത്തെ നിശ്ചയമാ യും, എല്ലായിപ്പോഴും ദൈവം അറിയുന്നുണ്ട്, എന്നാൽ നാമും നമ്മളെ അറിയണമെന്നാണ് ദൈവം ആഗ്രഹി ക്കുന്നതു. ദൈവം വെളിപ്പെടുത്താതെ നമുക്കതൊരിക്കലും അതറിയുവാൻ കഴിയുമില്ല. നാം ആരാണെന്ന് സ്വയം മനസ്സിലാക്കാൻ വ്യത്യസ്തമായ പരിശോധനകൾ ദൈവം അനുവദിക്കാറുണ്ട്. ചിലപ്പോൾ ബുദ്ധിമുട്ടേ റിയ സാഹചര്യങ്ങളിലൂടെയും മറ്റുചിലപ്പോൾ സമൃദ്ധിയുടെ സാഹചര്യങ്ങളിലൂടെയും ആകാം. (എബ്രാ. 4:13)

ദൈവത്തിന്റെ അന്വേഷണത്തിന്റെയും, പരിശോധനയുടെയും അത്യന്തികമായ ലക്ഷ്യം എന്നുപറയുന്നത് നമ്മുടെ വഴികൾക്കും പ്രവർത്തന ഫലങ്ങൾക്കും പ്രതിഫലം നല്കുന്നതാണ്. ' വഴികൾ' എന്നു പറയുന്നത്.സംതൃപ്തിയെ കാണിക്കുന്നു ' പ്രവൃത്തികൾ' എന്നു പറഞ്ഞത് ഏതെങ്കിലും ധർമ്മം നിറവേറ്റുന്നതിനെ കാണിക്കുന്നു. നാം എന്തു ചെയ്യുന്നു എന്നു മാത്രമല്ല. നാം എങ്ങിനെ ചെയ്യുന്നു എന്ന് ദൈവം പ്രത്യേകാൽ പരിഗണിക്കുന്നു. കർത്താ വായ യേശുക്രിസ്തു നിക്കോദിമോസിനോടു പറഞ്ഞു, രണ്ടുതരത്തിലുള്ള ജീവിനമുണ്ട് ഒന്ന് ജഡീകം, മറ്റൊന്ന് ആത്മീകം. കർത്താവു പറഞ്ഞു ജഡത്താൽ ജനിച്ചത് ജഡീകമാകുന്നു, ആത്മാവിൽ ജനിച്ചത് ആത്മാവാകുന്നു." (യോഹ. 3:6) ജഡത്തിന്റെ ശക്തിയാൽ നാം ചെയ്യുന്നതൊന്നും ദൈവത്തിനു സ്വീകാര്യമല്ല (യെശ. 64:6) നമ്മി ലൂടെ ദൈവത്തിന്റെ ആത്മാവിനാൽ നിർമ്മിക്കപ്പെ ടുന്നതിന് മാത്രമേ എന്തെങ്കിലും പ്രയോജനമുള്ളു.

> *ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ടു, ദാഹിക്കുന്ന വർ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുന്നതുപോലെ ജീവിജലത്തിന്റെ നദികൾ ഒഴുകും എന്നും വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാ വിനെക്കുറിച്ചാകുന്നു പറഞ്ഞതു. യേശു അന്നുവരെ തേജസ്കരിക്കപ്പെട്ടിട്ടില്ലായ്ക യാൽ ആത്മാവു വന്നിട്ടില്ലായിരുന്നു. (യോഹ. 7:37-39)*

## ജലവും ആത്മാവും

തിരുവചനത്തിൽ വെള്ളം ചിലപ്പോൾ പരിശുദ്ധത്മാവിനെ കാണിക്കുന്നു, (അപ്ര. 2:17; യോവേൽ 2:28-32)

1. ഭൗതികലോകത്തെ ജീവിതത്തിന് വെള്ളം ആവശ്യമുള്ളതുപോലെ, ആത്മീകജീവിതത്തിന് വിശ്വാസം ആവശ്യമാണ്. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിന് പകരമായ് മറ്റൊന്നുമില്ല.
2. വെള്ളം ശാരീരിക ദാഹത്തെ തീർക്കുന്നതുപോലെ ആത്മാവിന്റെ ദാഹത്തെ പരിശുദ്ധാ ത്മാവ് തീർക്കുന്നു.
3. വെള്ളം കഴുകിക്കളയുന്നു, ആത്മാവ് ശുദ്ധീകരിക്കുന്നു. അനുദിനം സോപ്പും വെള്ളവും ശാരീ രിക ശുദ്ധീകരണത്തിന് ആവശ്യമുള്ളതുപോലെ, പരിശദ്ധാത്മാവിനാൽ നിരന്തരമുള്ള അനു താപവും ശുദ്ധീകരണവും നമുക്കാവശ്യമാണ്.
4. വെള്ളം ശരീരത്തിന് ഉന്മേഷം നല്കുന്നു. പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിന് പുതുക്കം നല്കുന്നു. പരിശുദ്ധാത്മാവ് എന്തിനുവേണ്ടി അയയക്കപ്പെട്ടുവോ ആ പ്രവർത്തി നമ്മളിൽ ചെയ്യുവാൻ നാം അനുവദിക്കുമ്പോൾ, വേദനപ്പെടുന്ന നമ്മുടെ ആത്മാവ് പുതുക്കപ്പെടും.
5. വെള്ളം ശക്തിയുടെ ഒരു ഉറവിടമാണ് ആത്മാവും ശക്തിയുടെ ഉറവിടമാണ്. വെള്ളം തടഞ്ഞു നിർത്തി വൈദ്യുതി ഉല്പാദിപ്പിച്ച് വിളക്കുകൾ കത്തിക്കുന്നതുപോലെ പരിശുദ്ധാ ത്മാവിന്റെ പ്രവൃത്തികളാൽ നമുക്കു ചുറ്റുമുള്ള ലോകത്തെ പ്രകാശിപ്പിക്കുവാൻ കഴിയും.

ദാഹം എന്നു പറയുന്നത് ആത്മീയ ദാഹമാണെന്ന് കർത്താവു പറയുന്നു. ഒരു വ്യവസ്ഥയിലാണ് കർത്താവ് ക്ഷണിക്കുന്നത്. " ദാഹിക്കുന്നവൻ എല്ലാം". ഇതൊരു മൂന്നാം തരം വ്യവസ്ഥയാണ്, അതിനർഥം ചിലപ്പോൾ നിങ്ങൾക്കു ദാഹിക്കും ചിലപ്പോൾ ദാഹിക്കില്ല. ' ദാഹം' എന്നതിന് മൂലഭാഷയിൽ ഡിപ്സാവോ (dipsao) എന്നവാക്കാണുപയോഗിച്ചിരിക്കുന്നത് വ്യാപകരണ ശാസ്ത്രമനുസരിച്ച്, വ്യക്തിപരമായ തിരഞ്ഞെടുപ്പിനെയാണ് കാണിക്കുന്നത്. ആത്മീയദാഹം വേണമോ വേണ്ടയോ എന്ന് നാമാണ് തീരുമാനിക്കേണ്ടത്.

നമുക്കു ദാഹമുണ്ടെന്ന് നാം തീരുമാനിക്കുന്നു എങ്കിൽ, നമ്മുടെ ദാഹം ശമിപിക്കണമെന്നോ, വേണ്ടെന്നോ, നാം തന്നെ തീരുമാനിക്കണം. ദാഹത്തിനുള്ളപരിഹാരം ജലം കുടിക്കുന്നതാണ്. " അവൻ എന്റെ അടുക്കൽ വരട്ടെ" ഈ പദപ്രയോഗം നമ്മളെ ഓർമ്മിപ്പിക്കുന്നത്, ദാഹം മാറ്റുവാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു. അതു യേശു ക്രിസ്തുവാണ്. ഇത് കർത്താവിന്റെ നമ്മോടുള്ള കല്പനയാണ്. കുടിക്കണമോ, വേണ്ടയോ എന്നത് നമ്മുടെ തിരഞ്ഞെടുപ്പാണ്. 38-ാം വാക്യത്തിൽ കർത്താവ് വ്യക്തമാക്കുന്നത് കുടിക്കുക എന്നാൽ വിശ്വസിക്കുക എന്നാണ്. നമ്മുടെ ദാഹത്തെ ശമിപ്പിക്കുന്ന ജലപാനം വിശ്വാസത്തിന്റെ സാദൃശ്യമാണ്.

" ദാഹം", "വരിക", "കുടിക്കുക", "വിശ്വസിക്കുക" - ഈ ക്രിയാപദങ്ങൾ എല്ലാം വർത്തമാനകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് അതു തുടർച്ചയായിട്ടുള്ള പ്രവർത്തിയെ കാണിക്കുന്നു. നാം ദാഹമുള്ളവരായിരിക്കണമോ, കർത്താവിന്റെ അടുക്കൽ വന്നു കുടിക്കണമോ, വിശ്വസിക്കണമോ, എന്നെല്ലാം നാമാണ് തിരഞ്ഞെടുക്കേണ്ടത്. ആത്മാവിന്റെ ദാഹത്തെ ഓരോ നിമിഷവും ശമിപ്പിക്കുവാൻ, ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമേ കഴിയൂ. യേശു ക്രിസ്തുവിന്റെ ക്രൂശീകരണത്തിനും, ഉയിർത്തെഴുന്നേല്പിനും, സ്വർഗ്ഗാരോഹണത്തിനും ശേഷം വിശ്വാസികളിൽ വസിക്കേണ്ടതിന് കാര്യസ്ഥനായ പരിശുദ്ധമാവിനെ അയച്ചു. പരിശുദ്ധാത്മാവ് ജീവജലത്തിന്റെ ഉറവാണ്. വിശ്വാസത്തോടെ മാത്രമേ ജീവജല നദിയുടെ വാതിലുകൾ തുറക്കുവാനും, പരിശുദ്ധാത്മാവിന്റെ ഒഴുക്ക് നമ്മിലൂടെ അനുഭവിക്കാനും കഴിയൂ.

## പരിശുദ്ധാത്മ ശക്തിയിൽ വ്യാപരൃതരായിരിക്കുക

1. **നാം ആത്മാവിനാൽ നിറയപ്പെടുക** (എഫെ. 15:18) " നിറയുക" - ഈ വാക്കിന്റെ വ്യാകരണാർത്ഥം വിശകലനം ചെയ്താൽ മൂലഭാഷയിലെ " പയ്റോ"(Piero) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനർത്ഥം ഒരു ന്യൂനതയുള്ളതിനെ നിറയ്ക്കുക, നന്മയായതു നിറയ്ക്കുക, പൂർണ്ണമായ സ്വാധീനം എന്നൊക്കെയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലായിരിക്കുവാൻ ആജ്ഞാപിച്ചിരിക്കുന്നു.
2. **ആത്മാവിനെ ദു:ഖിപ്പിക്കരുത്** (എഫെ.4:30) " ദു:ഖിക്കുക" - മൂലഭാഷയിൽ ലുപിഒാ (lupeo) എന്നവാ ക്കിന് ഏറ്റവും സ്നേഹിക്കുന്ന ഒരാളെ നഷ്ടപ്പെടുമ്പോഴുള്ള ദു:ഖം എന്നർത്ഥം. നാം ജഡീകന്മാരായി തീരുമ്പോൾ ദൈവാത്മാവിന്റെ ദു:ഖം ഇതുപോലെയാണ്. പൗലോസ് എഫെസോസിലെ വിശ്വാസികളോടു ആജ്ഞാപിക്കുന്നത്, " ആത്മാവിനെ ദു:ഖിപ്പിക്കരുത്" അവർ ചെയ്യുന്ന പ്രവൃത്തി അവസാനിപ്പിക്കുക. ഈ പശ്ചാത്തലത്തിൽ പാപം ചെയ്യുന്നതാണ് ആത്മാവിനെ ദു:ഖിപ്പിക്കുന്നത് എന്ന് മനസ്സിലാക്കാം.
3. **ആത്മാവിനെ കെടുക്കരുത്** (1 തെസ്സ. 5:19) മൂലാകൃതിയിൽ ' സ്ബെന്നുമി' (Sabennumi) എന്ന വാക്കാണ് കൊടുത്തിരിക്കുന്നത്, തീയണയ്ക്കുക എന്നർത്ഥം, അതായത് ഒരാൾ വെള്ളമൊഴിച്ച് തീകെടുത്തുന്നതുപോലെ. ദൈവത്തിന്റെ അഗ്നിയായ പരിശുദ്ധാത്മാവിനെ കെടുത്തരുത്. വ്യാകരണ നിയമനുസരിച്ച് വിശകലനം ചെയ്യുമ്പോൾ " ഒരു കാര്യം ചെയ്യാതിരിക്കുവാനുള്ള ആജ്ഞയെ കാണിക്കുന്നു. തെസ്സലൊനിക്യ സഭയിലെ ചില വിശ്വാസികൾ ആത്മാവിനെ കെടുക്കുന്ന സ്വഭാവരീതികൾ ഉള്ളവരായിരുന്നു. ഈ വാക്യത്തിന്റെ പശ്ചാത്തലമനുസരിച്ച് വ്യാഖ്യാനിക്കുമ്പോൾ ആത്മാവിനെ കെടുക്കുക എന്നാൽ, ദൈവ വചനത്തോട് തെറ്റായ സമീപനം പുലർത്തുന്നതാണെന്ന് മനസിലാക്കം. ദൈവവചനത്തോടുള്ള നമ്മുടെ സമർപ്പണം ലാഘവത്തോടെ ആകരുത്, എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മനിറവിന്റെ ആവിയെ നമ്മിൽ നിലനിർത്തുന്നത് ദൈവവചനമാണ്.

4. **ആത്മാവിൽ നടക്കുക** (ഗലാ. 5:16) “ നടക്കുക” എന്നതിനു മൂലഭാഷയിൽ “ പെരീപാറ്റിയോ” (Peripateo) എന്നി വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യകരണ നിയമനുസരിച്ച് അർത്ഥം വ്യാഖ്യാനിക്കുമ്പോൾ “ ഇത് ഇച്ഛാശക്തിയോടെ വ്യക്തി പരമായ തീരുമാനം” എന്നു മനസ്സി ലാക്കാം. ഇതിന്റെ വർത്തമാനകാലക്രിയ നമ്മോടു പറയുന്നത്. ഒഴിച്ചുകൂടാനാവാത്ത ഈ കാര്യം ദൈവത്തിൽ നിന്നുള്ള കല്പനയാണ്. ആത്മാവിൽ നടക്കുക എന്നാൽ അനുദിനം പരിശുദ്ധാത്മ ശക്തിയിൽ ജീവിക്കുക എന്നർത്ഥം.

നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ആത്മാവിനെ നാം ദു:ഖിപ്പിക്കുമ്പോൾ, ദൈവ ശക്തിയെ കെടുത്തിക്കളയുമ്പോൾ നാം ആത്മാവിനാൽ നിറയപ്പെടാതെ, കർത്താവിന്റെ കൂട്ടാ യ്മക്കു വെളിയിലാകും. കൂട്ടായ്മയിലേക്കു മടങ്ങി വരുവാനുള്ള പരിഹാരം വളരെ ലളിതമാണ്. അനുതപിക്കുക, അനുതാപം എപ്പോഴും പുതുക്കത്തെ കൊണ്ടുവരുന്നു, (1 യോഹ. 1:9) നാം കൂട്ടായ്മയിൽ ജീവിക്കുമ്പോദൈവാത്മാവിനാൽ നിറയപ്പെടുമ്പോൾ, ദൈവവചനം അനുസരിക്കു മ്പോൾ, (1യോഹ. 2:3), (റോമർ 6:6) നമ്മുടെ പാപപ്രകൃതി പ്രവർത്ത നക്ഷമമല്ലാതായിതീരും, (റോമർ 6:6: ഗലാ 5:16; 1 യോഹ. 3:6).

‘ ദു:ഖിപ്പിക്കരുത്’, “ കെടുക്കരുത്”, ആത്മാവിൽ നടക്കുക ഇതെല്ലാം വ്യാകരണ നിയമത്തിൽ കർത്തരി പ്രയോഗമാണ്. അതു, ആത്മാവനിറവിൽ നിലനില്ക്കുവനാനുള്ള നമ്മുടെ വ്യക്തിപര മായ സമർപ്പണത്തെ കാണിക്കുന്നു, ആ പ്രവൃത്തി പരിശുദ്ധാത്മാവിനാലാണ് സാധ്യമാകുന്ന തെന്ന് അതിന്റെ കർമ്മണി പ്രയോഗം വ്യക്തമാക്കുന്നു.



# പാഠം 3 – 4:
# കയറ്റം – *ആത്മീയവളർച്ച*

സങ്കീർത്തനം 27:1–14
2 പത്രോസ് 1:2–7

ആത്മീയ ശൈശവത്തിൽ നിന്ന് ആത്മീയ പക്വതയിലേക്കുള്ള വളർച്ചക്കാണ് ക്രിസ്തീയ ജീവിതത്തിലെ കയറ്റം എന്നു പറയുന്നത്. ആത്മീയ വളർച്ച ശാരിരീക വളർച്ച പോലെ ഒരു പ്രക്രിയയാണ്. എന്നാൽ ആത്മീയ വളർച്ച വേണമോ, വേണ്ടയോ എന്ന് നാം തീരുമാനിക്കണം. 27 -ാം സങ്കീർത്തനത്തിൽ, വിശ്വാസത്തിന്റെ ഏഴു മേഖലയിലൂടെ ആത്മീയ വളർച്ചയുടെ പുരോഗതി ദാവീദ് ചിത്രീകരിക്കുന്നുണ്ട്.

> *യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയുമാകുന്നു ഞാൻ ആരെ ഭയപ്പെടും ? യോഹവ എന്റെ ജീവിന്റെ ബലം; ഞാൻ ആരെ പേടിക്കും. (സങ്കീ. 27:1)*

**മേഖല 1 : രക്ഷ**. എല്ലാ ആത്മീയ വളർച്ചയുടെയും അടിസ്ഥാനമാണ് രക്ഷ (1 കൊരി 3:11). " കർത്താവ്" എന്നതിന്റെ എബ്രായ പദം " യഹോവ"എന്നാണ്. " യോശുവ" എന്നാൽ " രക്ഷ" എന്നർത്ഥം, " യേശു" എന്ന പേരിന്റെ എബ്രായ രൂപമാണ് " യോശുവ" ദാവീദ് ഈ സങ്കീർത്തനമെഴുതി ഏതാണ്ട് ആയിരം വർഷത്തിനുശേഷം, ദൈവത്തിന്റെ ദൂതൻ ജോസഫിനോടുപറഞ്ഞു. " അവൻ തന്റെ ജനത്തെ അവരുടെപാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേരിടേണം," (മത്തായി 1:21). രക്ഷയ്ക്കായ് യേശുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തി, ദൈവത്തിന്റെ പദ്ധതിയിലും, വ്യക്തിത്വത്തിലും അടിസ്ഥാനപ്പെട്ട, ഭയത്തെ കീഴ്ടക്കുവാൻ കഴിയുന്ന ആ വിശ്വാസത്തെ കാണുവാനാരംഭിക്കുകയാണ്.

> *ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു: അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും, അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും, എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ (സങ്കി 27:4)*

**മേഖല 2: പഠനം.** രക്ഷയ്ക്കുശേഷം പഠനത്തിലൂടെ മാത്രമേ വളർച്ച സാധ്യമാകുകയുള്ളൂ. ദൈവവചനത്തോട് അനുകൂലമായ സമീപനം നമുക്കുണ്ടായിരിക്കണം. മൂലഭാഷയിൽ " ആഗ്രഹിക്കുക" എന്നതിന് " ബാക്വാഷ്" എന്നവാക്കാണ് ഉപയോഗിക്കുന്നത്, ആത്മാർത്ഥമായ് പഠിക്കുക എന്നർത്ഥം. 2 തിമൊ 2:15 ൽ കാണുന്ന, നില്പാൻ ശ്രമിക്കുക എന്നത് "സ്പോവുഡാസോ" (Spoudazo) എന്ന ഗ്രീക്കുവാക്കിനു തുല്യമാണിത്, ശക്തമായ ആന്തരികതാല്പര്യത്തെയാണ് കാണിക്കുന്നത്. ആത്മീയ പ്രചോദനത്തിനായ്, വ്യക്തിപരമായ തീരുമാനം നാം എടുക്കുന്നില്ലായെങ്കിൽ വചനത്തിലൂടെയുള്ള ആത്മീക വളർച്ച സാധ്യമാകുകയില്ല. " യഹോവയുടെ ആലയത്തിൽ

വസിക്കുവാൻ" ഇതൊരു രൂപകമാണ്. ദൈവവചനത്തിൽ ജീവിക്കുക, വചനത്തിനു പ്രാധാന്യം കൊടുക്കേണ്ട തിനായ് പഠിക്കുക, ജീവിതത്തിൽ മറ്റെന്തിനെക്കാളും അധികം പ്രാധാന്യം വചനത്തിനു കൊടുക്കുക. " യഹോ വയുടെ ആലയം" എന്ന പറയുന്നത് ദാവീദിന്റെ കാലത്ത് സമാഗമനകൂടാരമാണ്, പഠിപ്പിക്കുന്നസ്ഥലം അതായി രുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ പ്രാദേശിക സഭ ഇതിനു തുല്യമാണ്. ദൈവവചനം പഠിപ്പിക്കു വാൻ എപ്പോഴും തുറന്നിട്ടിരിക്കുന്ന സ്ഥലം.

*അനർത്ഥദിവസത്തിൽ അവൻ തന്റെ കുടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസ ത്തന്റെ മറവിൽ എന്നെ മറെക്കും; പാറമേൽ എന്നെ ഉയർത്തും. (സങ്കീ 27.5)*

**മേഖല 3: വിശ്വാസം - സ്വസ്ഥത.** ദാവീദ് പറയുന്നു, ഞാൻ യഹോവയുടെ ആലയത്തിൽ വസിക്കുവാനും, ധ്യാനിക്കുവാനും, പഠിക്കുവാനും , വളരുവാനും ശക്തമായി ആഗ്രഹിക്കുമ്പോൾ പ്രതിസന്ധികളിൽ, എന്തെല്ലാം ഭീഷണികളുണ്ടായാലും ദൈവം തന്റെ കൂടാരത്തെ വിരിച്ച് തനിക്ക് സംരക്ഷണം നല്കും. ഈ പ്രപഞ്ചത്തിലെ ഏറ്റവും സുരക്ഷിതമായ സ്ഥലം വിശ്വാസത്തിന്റെ സ്ഥലമാണ്. അവിടെ നാം ദൈവവചനത്തിന്റെ ശക്തിയിൽ വിശ്രമിക്കും ഈ രഹസ്യ സ്ഥലത്ത് വേർത്തിരിക്കപ്പെട്ട ഒരു സാഹചര്യമായിരിക്കും. വചനത്തിൽ ജീവിക്കു വാൻ നാം നമ്മെതന്നെ സമർപ്പിക്കുമ്പോൾ നാം എവിടെ പോയാലും ദൈവ വചനം നമ്മെ ചുറ്റികൊള്ളുകയും ജീവിതത്തിൽ നമുക്കു ഉറച്ച ഒരനുഭവം ലഭിക്കുയും ചെയ്യും.

*ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെ മേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവക്കു പാടി കീർത്തനം ചെയ്യും (സങ്കീ. 27:6)*

**മേഖല 4: ആത്മീയത.** എബ്രായർ 13:15 - ൽ നമ്മെ പ്രബോധിപ്പിക്കുന്നത് " നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്ക". ദൈവത്തിന്റെ വിശ്വസ്ത തയെ വർണ്ണിക്കുന്ന, പാട്ടുകളും, സ്തോത്രങ്ങളും, നാം ദൈവത്തിനർപ്പിക്കുന്ന സന്തോഷത്തിന്റെ യാഗങ്ങളും നന്ദിയർപ്പണമാണ്. മാത്രമല്ല പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടനമ്മുടെ പൗരോഹിത്യശുശ്രൂഷയുടെ പ്രകടന വുമാണത്.

*യഹോവേ, ഞാൻ ഉറക്കെ വിളിക്കുമ്പോൾ കേൾക്കേണമേ; എന്നോടു കൃപ ചെയ്തു എനിക്കു ഉത്തരമരുളേണമേ. (സങ്കീ. 27.7)*

**മേഖല 5: കഷ്ടത.** എബ്രായ ഭാഷയിലെ ' ക്വാറാ' (qara) എന്ന വാക്കിനു ഉറക്കെ വിളിക്കുക" എന്നർത്ഥം. പിടിച്ചുവലിയുടെ ശക്തമായ സമ്മർദ്ദത്തിൽ, വിടുതലിനുവേണ്ടിയുള്ള ആത്മാവിന്റെ നിലവിളിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആത്മീയ വളർച്ചക്ക് കഷ്ടത ആവശ്യമാണ്. നാം ശക്തമായ പ്രാർത്ഥനയോടെ കഷ്ടതയെ അഭിമുഖീകരിക്കുമെങ്കിൽ നമ്മുടെ വളർച്ചയുടെ പ്രക്രീയ അതിവേഗത്തിലായിരിക്കും.

*എന്റെ മുഖം അന്വേഷിപ്പിൻ എന്നു നിങ്കൽ നിന്നു കല്പനവന്നു എന്നു എന്റെ ഹൃദയം പറയുന്നു. (സങ്കീ. 27:8)*

**മേഖല 6: കർത്താവിനോടുകൂടെ വസിക്കുക.** ഈ സങ്കീർത്തനത്തിലെ ഏറ്റവും വിപുലീകരക്കപ്പെട്ട ഭാഗ മാണ് 6- മത്തെ മേഖല, എന്തുകൊണ്ടെന്നാൽ ആത്മീയ പക്വതക്കു നേടുവാൻ അത്യാവശ്യം വേണ്ട കാര്യമാ ണിത്. ഇതു കഷ്ടതയിലൂടെ സംരക്ഷിക്കപ്പെട്ട്, കർത്താവിനോടുകൂടെ വസിക്കുന്ന അവസ്ഥയാണ്. ദാവീദിനു അതു സംരക്ഷിക്കുവാനായ് കഴിഞ്ഞു, കാരണം,എന്നെ അന്വേഷിപ്പിൻ എന്ന് ദൈവം പറഞ്ഞപ്പോൾ " ഞാൻ അന്വേഷിക്കും" എന്നും ദാവീദ് മറുപടി പറഞ്ഞു. ദൈവ വചനം അറിയുവാനും ദൈവഹിതം അറിയുവാനും ദാവീദ് താല്പര്യപ്പെട്ട് കർത്താവിനോടുകൂടെ വസിക്കാതെ നമുക്കൊരിക്കലും ആത്മീയ പക്വത പ്രാപിക്കുവാൻ കഴിയുകയില്ല. ക്രിസ്ത്യാനിത്വം ഒരു മതമല്ല, ഒരു ബന്ധമാണ്. എഴുതപ്പെട്ട വചനത്തിൽ നിന്ന് ജീവിക്കുന്ന വച നമായ യേശുവിങ്കലേക്ക് വരിക എന്നതാണ് നമ്മുടെ എല്ലാ പഠനത്തിന്റെയും ലക്ഷ്യം.

*ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെ ങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശവെയ്ക്കുക, ധൈര്യപ്പെട്ടിരിക്ക, നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ, യഹോവയിങ്കൽ പ്രത്യാശവയ്ക്കുക (സങ്കീ. 27.13,14)*

**മേഖല 7: കാത്തിരിക്കുക**. ദാവീദ് നിരാശ, തിരുത്സാഹം, വിഷാദം എന്നിവ അറിഞ്ഞു. ആത്മീയമായി മുന്നേറിക്കൊണ്ടിരുന്നാൽ ദൈവം അനുഗ്രഹങ്ങൾ നല്കുന്നവനാണെന്ന് മനസിലാക്കിയതിനാൽ താൻ ഇതെല്ലാം അഭിമുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്തു. വിശ്വാസം എന്നതിന് എബ്രായ ഭാഷയിലെ ഏറ്റവും ശക്തമായ വാക്കാണ് ' ക്വാവാ'(Qwah), കുരിശുമൂതൽ കിരീടം വരെ മുന്നേറുവാൻ നാം ഓരോരുത്തരും വിശ്വാസത്തിന്റെ യോഗ്യതകളിൽ പ്രാവീണ്യം നേടിയിരിക്കണം. ' ആമേൻ' (Amen) -ആശ്രയിക്കുന്ന വിശ്വാസം, ബാറ്റാക് (batach) പോരാടുന്ന വിശ്വാസം, കാസാഹ് (chasah)- സംരക്ഷണം നല്കുക വിശ്വാസം, ' യാകാൽ' (Yachal) - സൗഖ്യമാക്കുന്ന വിശ്വാസം, ' ക്വാവാഹ്' (Qawah) കാത്തിരിക്കുന്ന വിശ്വാസം. യെശയ്യാവ് പറയുന്ന യഹോവയ്ക്കായ് കാത്തിരിക്കുന്നവരുടെ മാനുഷിക ശക്തി ദൈവിക ശക്തിയിലേക്കു മാറ്റപ്പെടും. കാത്തിരിക്കുന്ന അവസ്ഥയിലേക്ക് നാം വരുന്നതുവരെ ദൈവത്തിൽ നിന്നുള്ള ആത്യന്തികമായ ശക്തി നമുക്കു ലഭിക്കുകയില്ല, മാത്രമല്ല ആത്മീയാവസ്ഥയിലെ ശരിയായ ധൈര്യവും നമുക്കു ലഭിക്കുകയില്ല.

നമ്മുടെ സ്വന്തശക്തയാൽ , ആത്മീയ പക്വതയിലേക്കുവരുവാനോ അനുകരിക്കുവാനോ ഒരു മാർഗ്ഗവുമില്ല. അതു ദൈവത്തിൽ നിന്നുള്ള ദാനമാണ്, പ്രത്യേകാനുകുല്യമായി നല്കപ്പെടുന്ന ആദാനം വിശ്വാസത്താൻ മാത്രമേ പ്രാപിക്കുാവൻ കഴിയൂ. പക്വതയിലെത്തുവാൻ വിശ്വാസത്തിന്റെ ഏഴുപടികളിലൂടെ നാം കടന്നുപോകുണം. ഇതിന് വലിയ ആത്മീയ പ്രചോദനം ആവശ്യമാണ്. ആത്മീയ പക്വതയിലെത്തുവാൻ, ഭൂമിയിലുള്ള മറ്റെന്തിനെക്കാളും ഉത്സാഹം നമുക്കാവശ്യമാണ്, അല്ലായെങ്കിൽ നാം ലക്ഷ്യത്തിലെത്തുകയില്ല. ദൈവത്തിന്റെ പദ്ധതികൾ അവന്റെ മാർഗ്ഗത്തിൽ ചെയ്യുവാനും അല്ലെങ്കിൽ ഒന്നും തന്നെ ചെയ്യാതിരിക്കന്നത്തക്കവിധത്തിലാണ് ദൈവം ക്രമീകരിച്ചിട്ടുള്ളത്. ദൈവത്തിന്റെ വഴികൾ സഭയിലധിഷ്ഠിതമാണ്, ഒരു - പ്രാദേശിക സഭയുമായിട്ടുള്ള ബന്ധത്തിലും, ആത്മാവിന്റെ വരങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെയും മാത്രമേ നമുക്കു പക്വതയിലേക്കു എത്തുവാൻ കഴിയൂ.

> *അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു...വിശുദ്ധന്മാരുടെ യഥാസ്ഥാപനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെശരീരത്തിന്റെ ആത്മീക വർദ്ധനെക്കും ആകുന്നു. (എഫെ. 4:11,12)*

അപ്പൊസ്തോലികത്വവും പ്രവചനവും താല്കാലിക വരങ്ങളാണ്. അപ്പൊസ്തലനായ യോഹന്നാൻ ബൈബിളിലെ അവാസനപുസ്തകം എഴുതി കഴിഞ്ഞു താൻ മരിച്ചതിലൂടെ അപ്പൊസ്തല ശുശ്രൂഷയും, പ്രവചനവും മാറിപ്പോയി. ഇതരവരങ്ങൾ വിശ്വാസികളുടെ ആത്മീക വർദ്ധനയ്ക്കും, ആവരെ കർത്താവിന്റെ സേവനത്തിനായ് ഒരുക്കുന്നതിനുമാണ്.

യഥാസ്ഥാനത്താക്കുക എന്നതിന് ' കറ്റാർറ്റിസോ'(Katartizu) എന്ന ഗ്രീക്കു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പുരാതനകാലത്തു ഈ വാക്കു മൂന്നു തരത്തിൽ ഉപയോഗിച്ചിരുന്നു. വൈദ്യശാസ്ത്രപ്രകാരം - ഒരു തകർന്ന അസ്ഥി സജ്ജമാക്കുക എന്ന അർത്ഥത്തിൽ. സൈനീക സംവിധാനത്തിൽ - മുൻനിരയിലെ യോദ്ധാക്കൾക്ക് ആവശ്യമുള്ളവ എത്തിച്ചു കൊടുക്കുക എന്ന അർത്ഥത്തിൽ സാമ്പത്തിക ശാസ്ത്രപ്രകാരം - ആവശ്യമായ പണം അനുവദിക്കുക എന്ന അർത്ഥത്തിൽ. ആവശ്യപ്രകാരം കാര്യങ്ങളെ സജ്ജീകരിക്കുക എന്നാണ് വാക്കിന്റെ അർത്ഥം.

ബൈബിൾ ക്ലാസ്സിൽ സംബന്ധിച്ച് ദൈവവചനം പഠിച്ചതിനുശേഷമുള്ള നമ്മുടെ അടുത്തപടി, നാം ലോകത്തിലേക്കു ഇറങ്ങി വചന പ്രകാരം പ്രവർത്തിക്കുകയെന്നതാണ്. നാം സേവനം ചെയ്യുന്നില്ലായെങ്കിൽ, പ്രവർത്തിക്കുന്നില്ലായെങ്കിൽ, ആത്മീകാഭ്യസനമില്ലായെങ്കിൽ നമുക്ക് ആത്മീക പക്വത ലഭിച്ചിട്ടില്ല.

കർത്താവിന്റെ ശരീരമാകുന്ന സഭയുടെ നിർമ്മിതിക്കാണ് സേവനം ചെയ്യുന്നത്. ' പണിയുക' എന്നതിന് " ഓയ്ക്കോഡോമിയോ" (Oikodomeo) എന്ന ഗ്രീക്കുവാക്കാണ് ഉപയോഗിക്കുന്നത്, " ഓയ്ക്കോസ്" എന്നതിന് വീട് എന്നർത്ഥം. ഡോമിയോ എന്നാൽ പണിയുക എന്നർത്ഥം. ആത്മീകവർദ്ധന എന്നാണ് ആ വാക്കിന്റെ അർത്ഥം സഭാ ശുശ്രൂഷകൻ തന്റെ കൂട്ടായ്മയിലുള്ളവരെ പഠിപ്പിക്കുന്നു. അവർ ആത്മീക വർദ്ധന പ്രാപിക്കുന്നതും അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെയാണ്. വിശ്വാസികൾ തങ്ങളുടെ കൃപാവരങ്ങൾ ജ്വലിപ്പിക്കുന്നതു കൂട്ടായ്മയിലാണ്, അതിലൂടെ അവർ പരസ്പരം ആത്മീക വർദ്ധന വരുത്തുന്നു, ധൈര്യപ്പെടുത്തുന്നു. അതിനാൽ സഭ നിർവ്വഹിക്കേണ്ട കാര്യങ്ങൾ നിർവ്വഹിക്കാനായ് അവർക്കു കഴിയുന്നു. സുവിശേഷീകരണം യേശുവിനെക്കുറിച്ചു മറ്റുള്ളവരോടു പറയുന്നതാണ് സഭയുടെ ഏറ്റവും വലിയ ദൗത്യം. ഇങ്ങനെയാണ് ശക്തമായ ഒരു പ്രാദേശീക സഭയായി രൂപപ്പെടുന്നത്.

*അതു നാം എല്ലാവരും വിശ്വാസത്താലും ദൈവ പുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തി ലുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായ ത്തിന്റെ അളവും പ്രാപിക്കുവോളം.....(എഫെ. 4:13)*

നാം പ്രാപിക്കേണ്ട അത്യന്തികമായ ലക്ഷ്യം നാലു ചിത്രങ്ങളിലൂടെ പ്രദർശിപ്പിച്ചിരിക്കുന്നു.

**1. വിശ്വാസത്തിന്റെ ഐക്യം.** “ വിശ്വാസം” ഇവിടെ ഭാവനാപരമല്ല മറിച്ച് വസ്തുനിഷ്ഠമാണ്, അതായത്, നാം വിശ്വസിക്കേണ്ട ഒന്നായിട്ടാണ് പറഞ്ഞരിക്കുന്നത്. ദൈവത്തിന്റെ വചനം അതിന്റെ പൂർണ്ണതയിൽ നമ്മളെ പഠിപ്പിച്ചു. ദൈവവചനത്തിന്റെ പരിജ്ഞാനത്തിൽ നമുക്കു ക്രമീകൃതായ പുരോഗതിയുണ്ടാകുന്നതാണ് വിശ്വാസ ത്തിന്റെ ഐക്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**2. ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനം.** ഇതു പ്രയോഗികമാണ്, അനുഭവകരമായ അറിവാണ്. നാം യേശുവിനെ അറിയുന്നത് അദ്ദേഹത്തെക്കുറിച്ച് കേട്ടിട്ടോ, പഠിച്ചിട്ടോ അല്ല, അനുഭവച്ചറിഞ്ഞിട്ടാണ്. നാം നമ്മുടെ ജീവിതത്തിൽ കർത്താവിന്റെ ശക്തി, ശുഭാപ്തിവിശ്വാസം, ഉറപ്പ്, ധൈര്യം, സൗമ്യത എന്നിവ കാണുന്നു. മാത്ര മല്ല പ്രാദേശിക സഭയിലെ മറ്റുള്ളവരിലും ഈ കാര്യങ്ങൾ നാം കാണുന്നു. അതിലൂടെ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെകുറിച്ചുള്ള പ്രയോഗവും അനുഭവജ്ഞാനപരവുമായ അറിവ് നമുക്ക് ലഭിക്കുന്നു.

ദൈവ പുത്രനെക്കുറിച്ചുള്ള അനുഭവജ്ഞാനത്തിലേക്ക് നാം എങ്ങനെയാണ് കടന്നു വരുന്നത് ? അതിനു ഒരേ ഒരു വഴിമാത്രമേ ഉള്ളു, വേദപുസ്തക ഉപദേശങ്ങൾ ക്രമീകൃതമായ നിലയിൽ മനസ്സിലാക്കുക. ദൈവ ത്തിന്റെ ആലോചന മുഴുവനായ് നാം അംഗീകരിക്കുന്നില്ലായെങ്കിൽ, കർത്താവിന്റെ പൂർണ്ണ മഹത്വം നമുക്കൊ രിക്കലും കാണുവാൻ കഴിയുകയില്ല.

## ആത്മീയ ഉന്നതിയുടെ ഏഴുപടികൾ

ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും പരിജ്ഞാനത്തിൽ നിങ്ങൾക്കു കൃപയും സമാധാനയും വർദ്ധിക്കുമാറാകട്ടെ. തന്റെ മഹത്വത്താലും വീര്യത്താലും, നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യ ശക്തി ജീവന്നും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ.

അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരി ക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യ സ്വഭാവ ത്തിനു കൂട്ടാളികളായ് തീരുവാൻ ഇടവരുന്നു.

അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രീയ ജയവും. ഇന്ദ്രീയ ജയ ത്തോടു സ്ഥിരതയും, സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും, സഹോദര പ്രീതിയോടു സ്നേഹവും കൂട്ടികൊൾവിൻ. (2 പത്രോസ് 1:2-7)

യേശു സന്നിഹിതനല്ലാത്തവനല്ല - സന്നിഹിതനാണ്. ക്ഷീണിച്ചവനല്ല - ശക്തനാണ്, വ്യക്തികളിലും, പ്രാദേശിക സഭയിലും ജീവിക്കുകയും നിശ്വസിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിനോടു അനുരൂപരാകുക എന്ന ലക്ഷ്യമാണ് കർത്താവ് തന്റെ മക്കളുടെ മുമ്പാകെ വെച്ചിരിക്കുന്നത്. 2 പത്രോസ് 1:3 - ൽ പത്രോസ് അപ്പോസ്തലൻ പരാമർശിച്ചിരിക്കുന്ന ഭക്തി ആത്മീയതയുടെ പ്രവർത്തനമാണ്, അതു ക്രിസ്തു നമ്മിലും, നമ്മിലുടെയും ജീവിക്കുന്നതാണ് (കൊല. 1:27). ഇത് പ്രപഞ്ചത്തിലെ ഏറ്റവും മനോഹരവും സുന്ദരവുമായ. അനുഭവമാണ്, എന്നി രുന്നാലും ഈ അനുഭവത്തിനുവേണ്ടി വാഞ്ചിക്കുകയോ, അതിനോടു ഉദാസിനവും വ്യത്യസ്ത വുമായ സമീപനം പുലർത്തുകയോ ചെയ്യാവുന്നതാണ്.

ആത്മീയ വളർച്ച ഒരു യഥാർത്ഥ്യമായ് തീരുന്നതിനു മുമ്പേ, അതിനു വേണ്ട ആന്തരീകമായ ഒരാഗ്രഹം ഓരോരുത്തരിലും ഉണ്ടായിരിക്കണം. വളരണം എന്ന തീരുമാനം ഒരിക്കൽ നാം

**3. പക്വതയുള്ളയാൾ പക്വത.** ടെലി ഓസ് (feleteies) എന്ന ഗ്രീക്കുവാക്കാണ് ഇതിനു ഉപയോഗിച്ചിരിക്കുന്നത്, പൂർണ്ണമായും എന്നും പരിഭാഷപ്പെടുത്താം. നമ്മളെ കുഴയ്ക്കുന്ന സകല പ്രശ്നങ്ങളും മുഴുവനായ് ഒരുമിച്ചിടുക എന്നർത്ഥം. വേദപുസ്തക ഉപദേശങ്ങളെക്കുറിച്ച് നമുക്കു ലഭിച്ച വ്യക്തമായ അറിവ്,അതു ജീവിതത്തിൽ പ്രവർത്തികമാക്കുന്നു. നമുക്കു ലഭിച്ച ഉപദേശ പ്രകാരമുള്ള വിശ്വാസത്തിലെ ഐക്യം, യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം എന്നിവ നിമിത്തം നാം പക്വതയുള്ളവരാണ്.

**4. ക്രിസ്തുവിന്റെ പൂർണ്ണത.** ഈയൊരു അവസ്ഥയിലെത്തിച്ചേരുക എന്നു പറഞ്ഞാൽ, നമ്മുടെ സകല പ്രയ്തനങ്ങളിലും കർത്താവിനാൽ നിയന്ത്രിക്കപ്പെട്ട്, നാം ചെയ്യുന്ന സകല കാര്യങ്ങളിലും കർത്താവിനാൽ സ്വാധീനിക്കപ്പെട്ടു എന്നർത്ഥം. ക്രിസ്തീയ ജീവിതം ആരംഭിച്ചപ്പോൾ, നാം കർത്താവിങ്കലേക്കു എത്തുവാനായ് പരിശ്രമിക്കുകയായിരുന്നു, എന്നാൽ ഇപ്പോൾ നാം അവനോടുകൂടെ വസിക്കുകയാണ്. പിന്നെ എന്തു സംഭവിച്ചു, എഴുതപ്പെട്ട വചനം ക്രമീകൃതമായ് നാം മനസ്സിലാക്കിയപ്പോൾ, ജീവിക്കുന്ന വചനമായ ക്രിസ്തു നമ്മിൽ യഥാർത്ഥ്യമായി. മറ്റെന്തിനെക്കാളുമപരി കർത്താവ് കൂടുതൽ അനുഭവമായി അവിടുന്നു നമുക്കു കൂടുതൽ പ്രാധാന്യമുള്ളവനായിതീർന്നു.

> *അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപയാത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റാനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെ. 4:14,15).*

ദൈവത്തിന്റെ ഉപദേശത്തിലും, പ്രായോഗികതയിലും നാം നിലനില്ക്കുന്നു എങ്കിൽ, നമ്മുടെ ജീവിതകാലത്തൊരിക്കലും നാം ദൈവമക്കൾ അല്ലാതെ വരികയില്ല. എബ്രായ ലേഖനത്തിന്റെ എഴുത്തുകാരൻ പറയുന്നത്,

---

എടുത്തു, നാം അതിൽ തന്നെ പറ്റി നില്കക്ണം, പത്രോസ് അപ്പോസ്തോലൻ പറയുന്നതു പോലെ നിങ്ങൾ സകല ഉത്സാഹവും കഴിക്കേണം.

പാരെസ്ഫെറോ (Pareisphero) " പ്രയോഗിക്കുക" ഈ വാക്കിന്റെ അർത്ഥം " അരികെ കൊണ്ടുവരിക" സംഭാവന ചെയ്യുക, സ്വന്തമായിട്ട് ചിലതു കൊണ്ടുവരിക എന്നൊക്കെയാണ്. സപൗഡേ (Spoude) "ഉത്സാഹം" എന്നു പരിഭാഷക്ക് ' ഉത്സുകനായ്', എരിവുള്ള എന്നൊക്കെ അർത്ഥം. പത്രോസ് ഇവിടെ പറയുന്നത് നമ്മുടെ ലക്ഷ്യത്തിലേക്കു വരുവാനും ദൈവത്തിന്റെ പദ്ധതിയനുസരിച്ചു വളരുവാനും നാം തീരുമാനമെടുക്കുന്നതുവരെ, നമുക്കുവളരുവാൻ കഴിയുകയില്ല. നാം ആത്മീയ പക്വതയിലേക്കു വരികയും കർത്താവു നമ്മുടെ ജീവിതത്തെ നിറയ്ക്കുകയും, ചിന്തകളെ നിയന്ത്രിക്കുകയും, പ്രവർത്തികളെ സ്വാധീനിക്കുകയും, ചെയ്യണം മാത്രമല്ല അവിടുന്നു ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിപരമായ് തീരുകയും ചെയ്യുന്നു.

**1. വീര്യം.** ന്യൂ അമേരിക്കൽ സ്റ്റാൻഡേർഡു തർജ്ജിമയിൽ പറഞ്ഞിരിക്കുന്ന ' ധാർമ്മികത' എന്നവാക്ക് ഗ്രീക്കു മൂലത്തിൽ ഇല്ല ആത്മ നിറവിനെക്കുറിച്ചും ആത്മ ശക്തിയുടെ പ്രദർശനത്തെക്കുറിച്ചും പറയുന്ന ' അരേറ്റി' (arete) എന്ന വാക്കാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്, അതിനെ ' ഭക്തി' എന്ന വിവർത്തനം ചെയ്യാം. 2പത്രോസ് 1:3 - ൽ ദിവ്യശക്തിയുടെ പ്രവർത്തനത്തെക്കുറിച്ചു പറയുന്ന ഭാഗത്ത് ഇതേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തീയ ജീവിതം ആരംഭിച്ചപ്പോഴുള്ള വിശ്വാസത്തോട് ദൈവംശക്തി കൂടെ ചേരുമ്പോൾ പരിശുദ്ധാത്മ നിറവിൽ എങ്ങനെ നില നിലക്കണം എന്ന് നാം മനസിലാക്കേണ്ടതാണ്.

**2. പരിജ്ഞാനം.** എങ്ങനെ ആത്മാവിൽ നിറയപ്പെടാം എന്ന് നാം ഒരിക്കൽ മനസ്സിലാക്കി. ഇനി നാം പഠിക്കണം, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും നാം വളരണം (2 പത്രോസ് 3:18) അതു ഉത്സാഹം തരുന്നു. ആത്മീയ ദാഹം തരുന്നു. അറിയേണ്ട പലതും നുക്കറിയില്ലെന്ന് സമ്മതിക്കാനുള്ള താഴ്മയും. ദൈവവചനം ശരിയായ രീതിയിൽ ഗ്രഹിക്കാൻ പരിശുദ്ധാത്മ നിറവ് ആവശ്യമാണ്. (1 കൊരി. 2:12 – 14)

കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആകേണ്ട നിങ്ങൾ, കൃപാവരങ്ങൾ ജ്വലിപ്പിക്കേണ്ട നിങ്ങൾ ഇപ്പോഴും ശിശുക്കളെപ്പോലെയത്രെ. എന്തുകൊണ്ടെന്നാൽ നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായ് തീർന്നു, (എബ്രായർ 5:11–14). ശുശുക്കൾ എന്നതിന് പൌലോസ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്കായ നിപ്പോയ്സ് - (nepios) ന്റെ അർത്ഥം ശിശുതുല്യമായ സ്വഭാവമുള്ള മുതിർന്ന ആൾ എന്നാണ്.

ക്രിസ്തീയ കൂട്ടായ്മയിൽപ്പെട്ട ചിലർ ദീർഘനാളുകളായ് അവർ വിശ്വാസികളാണെങ്കിലും, ക്രിസ്തീയാനുഭവത്തെ, ആന്തരീകം എന്നതിനേക്കാൾ ബാഹ്യാനുഭവമാക്കി മാറ്റുവാൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആത്മീക വളർച്ച നേടുവാനായ് നാം തീരുമാനമെടുത്തു, ആതീരുമാനത്തിൽ ഉറച്ചു നില്ക്കാമെങ്കിൽ, ആത്മീക വളച്ചയുടെ ഏഴുപടികളിലൂടെ മുമ്പോട്ടുപോകുവാൻ കഴിയും. ക്രിസ്തീയ വിശ്വാസം പ്രകൃത്യാതീതവും, അദൃശ്യവുമാണെന്ന് ഇപ്പോഴും അവർക്ക് മനസ്സിലായിട്ടില്ല. ദൈവത്തിന്റെ അദൃശ്യമായ പ്രവർത്തനങ്ങളെക്കാൾ മാനുഷീക പ്രയത്നങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നു.

“ കൂസാതെയിരിക്കുക”, “ബലമായി പിടിച്ചെടുക്കുക” ഈ വാക്കുകൾ വർത്തമാന കാല ക്രിയയിലാണ് ഉപയോഗിക്കുന്നത്, അവ നിർബ്ബന്ധ ബുദ്ധിയെ കാണിക്കുന്നു. സാഹചര്യങ്ങൾക്ക് അനുസൃതമായി, കാറ്റിനാൽ ഉലയുന്ന സ്ഥിരതയില്ലാത്ത ജീവിത രീതിയാണ് വേണ്ടത്ര വളർച്ചപ്രാപിച്ചിട്ടില്ലാത്ത വിശ്വാസികളുടേത്. തന്റെ ചുറ്റുമുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവിക്കുന്ന ഒരു വിശ്വാസിക്കും ആത്മീയ പക്വത പ്രാപിക്കുവാൻ കഴിയുകയില്ല.

ശിശു തുല്യമായ അവസ്ഥയിൽ നിന്ന് നാം വളരണം. “ സ്നേഹത്തിൽ സത്യം സംസാരിക്കണം” എന്നു പയുന്നതിന്റെ അർത്ഥം, പരിശുദ്ധാത്മ ശക്തിയിൽ വേദപുസ്തക ഉപദേശങ്ങൾ പങ്കുവയ്ക്കണം എന്നാണ്. കൃപ ലഭിച്ച ഉപദേഷ്ടക്കന്മാരാലുള്ള ദൈവവചന പ്രഘോഷണത്തക്കുറിച്ച്, എബ്ര 5:11 – ന്റെ ആദ്യം പൌലോസ് പറയുന്ന ഭാഗത്തേയ്ക്കാണ് ഈ പദപ്രയോഗം നമ്മളെ തിരികെ കൊണ്ടുപോകുന്നത്. വേദപുസ്തക ഉപദേശങ്ങൾ ഈ നിലയിൽ പഠിപ്പിക്കുമ്പോഴാണ് നാം എല്ലാ നിലയിലും വളർച്ച പ്രാപിക്കുക. ആവുക്സാനോ (Auxano) എന്ന മൂലവാക്ക് സാധാരണ, പ്രകൃതിദത്തമായ വളർച്ചയെ കാണിക്കുന്നു. ഇതാണ് സാധാരണ ക്രിസ്തീയ ജീവിതം, ക്രൂശിൽ നിന്ന് കിരീടത്തിലേക്കുള്ള ആത്മീയ വളർച്ച.

---

**3. ഇന്ദ്രിയ ജയം (സ്വയ – നിയന്ത്രണം).** എൻക്രാറ്റോസ് (enteratos) എന്ന വാക്കിന് “ അന്തരികനിയന്ത്രണം” എന്നർത്ഥം പരിശുദ്ധാത്മ നിറവിനോടൊപ്പം ദൈവ വചനം തുടർച്ചയായ് ഗ്രഹിക്കുകയും ചെയ്യുമ്പോൾ, ആത്മാവിൽ ആന്തരീക അധികാരം നാം അനുഭവിക്കയാണ്. ചിലർ നമ്മളെ ശ്രദ്ധിക്കുന്നതുകൊണ്ടല്ല, നാം ദൈവത്തിന്റെ ദാസന്മാരായിരിക്കുന്നതുകൊണ്ട്, നമ്മെതന്നെ നിയന്ത്രിക്കേണ്ടതാണ്. ദൈവ വചനത്തിന്റെ ആധികാരികത നമ്മുടെ ആത്മാവിൽ നാം അറിയുന്നു. അതിനാൽ ജീവിതത്തിൽ നമുക്കു ശുഭാപ്തിവിശ്വാസം ലഭിക്കും.

**4. സ്ഥിരത.** ‘ ഹുപ്പോമെനോ’ എന്ന ഗ്രീക്കുവാക്കാണ് മൂല ഭാഷയിൽ കൊടുത്തരിക്കുന്നത് (hupomeno) “ ഹുപ്പോ” എന്നാൽ “അടിയിൽ” അഥവാ “ കീഴെ” എന്നും “ മെനോ” എന്നാൽ ‘ വസിക്കുക’ എന്നു അർത്ഥം. വിശ്വാസത്തിൽ അധിഷ്ഠിതമായ സ്വസ്ഥതയുള്ള ജീവിതത്തെ ഇതു മനോഹരമായി ചിത്രീകരിക്കുന്നു. ഇത് സമ്മർദ്ദങ്ങളെ അതിജീവിക്കുവാനുള്ള കഴിവാണ്, അതായത് എത്ര പ്രയാസമേറിയ സാഹചര്യമാണെങ്കിലും അതു വകവയ്ക്കാതെ നിലനില്ക്കുന്ന അവസ്ഥ. നാം ആത്മാവിൽ നിറയപ്പെട്ടു ദൈവവചനം പഠിക്കുവാൻ സമർപ്പിക്കുമ്പോൾ, വിശ്വാസത്തലധിഷ്ഠിതമായ ജീവിതത്തിനാവശ്യമായ ശക്തി നമുക്കു ലഭിക്കും. നമ്മുടെ പരിജ്ഞാനം, സ്വയ നിയന്ത്രണം, എന്നിവയുടെ പരിശുദ്ധി പരീശോധിക്കപ്പെടേണ്ടതുണ്ട്, അതിന് സഹിഷ്ണത നമുക്കാവശ്യമാണ് (യാക്കോബ് 1:2,3,12; 1 പത്രോ 1:6–8)

**5. ഭക്തി.** ക്രിസ്തുവിനോടു അനുരൂപപ്പെടുന്നത് ദിവ്യാനുഭവമാണ്. 1 തിമൊ. 3:16, പൌലോസ് ദിവ്യാനുഭവത്തിന്റെ വലിയ മർമ്മത്തെക്കുറിച്ചു സംസാരിക്കുന്നുണ്ട്. “ ദൈവം ജഡത്തിൽ വെളിപ്പെട്ടു.” ദൈവം ജഡത്തിൽ വെളിപ്പെട്ടെങ്കിൽ,അതു ദൈവീകതയുടെ മർമ്മാണ്, ക്രിസ്തീയ ജീവിതത്തിലെ ദിവ്യാനുഭവം എന്നു പറയുന്നത്, ക്രിസ്തുവിനോടു അനുരൂപപ്പെടുന്നതാണ്.ആത്മീക വളർച്ച

**6. സഹോദരപ്രീതി.** ഇത് ‘ ഫിലാഡെൽഫിയ’ - ആണ് (Philadelphia), സഹോദര സ്നേഹം എന്നർത്ഥം. ഇതൊരു രാജകീയ കുടുംബ സ്നേഹമാണ്. കർത്താവുമായ് അനുരൂപപ്പെടാതെ ദൈവത്തിന്റെ രാജകീയ കുടുംബ സ്നേഹത്തിലേക്കു വരുവാൻ കഴിയുകയില്ല - ഈ ഒരനുഭവം നമുക്കുണ്ടാകുമ്പോൾ, ആ വ്യക്തിയുടെ ജീവിതവും ശുശ്രൂഷയും എനിക്കു വളരെ പ്രധാനപ്പെട്ട താണെന്ന്, ഏതൊരു വിശ്വാസിയേയും നോക്കികൊണ്ടു പറയുവാൻ കഴിയും. മറ്റുള്ളവരുടെ ജീവിതത്തിന്റെ നിത്യമായ പ്രാധാന്യം നാം മനസ്സിലാക്കുമ്പോൾ, അവർക്കുവേണ്ടി നാം ഇറങ്ങി പുറപ്പെടും.

**7. സ്നേഹം.** ഇത് ‘ അഗാപ്പെ’ - സ്നേഹമാണ്. ദൈവത്തിനു മാത്രം നല്കുവാൻ കഴിയുന്ന സ്നേഹം. ഇതൊരു വൈകാരികതയോ അനുഭവമോ അല്ല, മനുഷ്യന്റെ അത്യന്തികമായ നന്മയ്ക്കു വേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹമാണ്. ഇതു സാധാരണമല്ല, എപ്പോഴും ത്യാഗപര മാണ്, (യോഹ 3:16; റോമർ 5:8). ദൈവ സ്നേഹം(അഗാപ്പെ സ്നേഹം) തിരിച്ചു ഒന്നും പ്രതീ ക്ഷിക്കുന്നില്ല. ആരായാലും എങ്ങനെ ആയാലും സ്നേഹിക്കുന്നു. 1 തിമൊഥി 1:5 - ൽ പൌലൊസ് തിമൊഥിയോസിനോടു പറയുന്നത് “ആജ്ഞയുടെ ഉദ്ദേശമോ, ശുദ്ധ ഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജ വിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നെ. എന്തെങ്കിലും നേടുവാനല്ല, നഷ്ടപ്പെട്ടു നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനു വേണ്ടി ദൈവസ്നേഹം വെളി പ്പെടുത്തുകയാണ് ചെയ്യുന്നത്. ഏറ്റവും വലിയ കല്പന സ്നേഹമാണ്. (മത്താ. 22:37 - 40, റോമ. 13:9-10), സ്നേഹം ഏറ്റവും വലിയ പ്രചോദനമാണ് (2 കൊരി. 5:14,15), പ്രാപഞ്ചത്തിൽ ഏറ്റവുമ ധികം സഹിക്കുന്നതും സ്നേഹിക്കുന്നതും സ്നേഹമാണ്. എല്ലാം പരാജയപ്പെടുമ്പോഴും, സ്നേഹം നിലനില്ക്കും (1 കൊരി 13:8).



# പാഠം 3-5:
# ലക്ഷ്യം - *ആത്മീയ പക്വത*

റോമർ 12:1-2
ഫിലിപ്പിയർ. 2:3-11

ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുവാൻ ആരംഭിക്കുന്ന സ്ഥാനമാണ് ആത്മീയ പക്വത. ആത്മീയപക്വതയിൽ എത്തുമ്പോൾ ദീർഘകാലയളവിലേക്ക് ആത്മനിറവ് നിലനിർത്തുവാൻ നമുക്ക് കഴിയുന്നതാണ്. ആയതുകൊണ്ട് ദൈവം നമുക്ക് നല്കിയിട്ടുള്ള കഴിവുകൾ പൂർണ്ണമായി വിനിയോഗിക്കുവാൻ നാം തയാറാകുന്നു. ആത്മീയ പക്വതയിൽ എത്തുമ്പോൾ ദൈവം നമുക്ക് നല്കിയിരിക്കുന്ന ഉത്തരവാദിത്വങ്ങളും അവസരങ്ങളും എത്രവലുതാണെന്ന് മനസ്സിലാകുന്നു. നാം അഭിമുഖീകരിക്കുന്ന ചോദ്യം, "ദൈവം എനിക്ക് തന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ ഞാൻ വിശ്വസ്തതയോടെ മുന്നേറുന്നുവോ?" എന്നതാണ്. അതു ശരിയായി നിർവ്വഹിക്കുന്നുവെങ്കിൽ ഏത് യാഗത്തെ കുറിച്ചാണ് ഇവിടെ ഓർപ്പിക്കുന്നതെന്ന് മനസ്സിലാക്കാം.

> *"അതുകൊണ്ട് സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത് നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ." (റോമ. 12:1)*

'അതുകൊണ്ട്' എന്ന വാക്ക് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നു. ഈ പ്രയോഗം കൊണ്ട് ഇതുവരെ ഈ ലേഖനത്തിൽ പഠിപ്പിച്ച എല്ലാ പ്രായോഗിക കാര്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. വേദശാസ്ത്രപരമായ എല്ലാ വിഷയങ്ങളും മനസ്സിലാക്കുവാൻ അവൻ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ഈ വേദശാസ്ത്രം നമ്മുടെ ജീവിതത്തോടു ബന്ധപ്പെടുത്തി മുമ്പോട്ടു പോകണമെന്ന് ഓർപ്പിക്കുന്നു.

'മനസ്സലിവ്' (oiktirmos) എന്നതിന് 'കരുണ' എന്നതിനേക്കാൾ വലിയ അർത്ഥമാണുള്ളത്. ഒരു വ്യക്തിയുടെ ആവശ്യം ബോദ്ധ്യപ്പെടുമ്പോൾ ഉണ്ടാകുന്ന സഹതാപത്തേക്കാളുപരി ആവശ്യം നിർവ്വഹിച്ചു കൊടുക്കുവാനുള്ള മാർഗ്ഗങ്ങൾ കൂടെ ഇതിൽ ഉൾപ്പെടുന്നു. ദൈവം നമ്മുടെ ആവശ്യങ്ങൾ അറിയുന്നതു കൊണ്ട് നമ്മോട് മനസ്സലിവ് ഉള്ളവനാണ്. അത് നിർവ്വഹിക്കുവാനുള്ള സംവിധാനങ്ങൾ, വിഭവങ്ങൾ, സമ്പത്ത് - കൃപയുടെ അത്യന്തധനം - കൂടെ നമുക്ക് നല്കുന്നു.

'സമർപ്പിക്കുക' (paristemi/histemi) എന്നതിന് അടുത്തു നില്ക്കുക, വേർതിരിക്കുക എന്നർത്ഥം. അല്ലെങ്കിൽ

ലഭ്യമാക്കുക എന്ന് മനസ്സിലാക്കാം. ലൂക്കോ: 2:22 ലും ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. (ശിശുവായിരിക്കുന്ന യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നു) യോസേഫും മറിയയും അവനെ ദൈവത്തിന് സമർപ്പിക്കുകയായിരുന്നു. (ലഭ്യമാക്കുക). റോമ. 6:13ൽ നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായ ദൈവത്തിന് സമർപ്പിക്കുവാൻ ഓർപ്പിക്കുന്നു.

ക്രിസ്തീയ ജീവിതത്തിലെ പ്രധാന വിഷയം എന്നത് ഒരിക്കലും നമ്മുടെ കഴിവല്ല. ആയത് ലഭ്യമാക്കുവാൻ ദൈവത്തിന് വിഭവങ്ങൾ ധാരാളം ഉണ്ട്. പ്രധാന വിഷയം നമ്മുടെ സന്നദ്ധതയാണ്. നമുക്ക് സ്വന്തമായി തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം തന്നിട്ടുണ്ട്. ഒരു അവിശ്വാസിയെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തുവിൽ വിശ്വസിക്കുവാനും നിരസിക്കുവാനുമുള്ള സ്വാതന്ത്ര്യം തന്നിട്ടുണ്ട്. വിശ്വാസികൾക്ക് ദൈവകൃപയുടെ വിഭവങ്ങൾ വിനിയോഗിക്കുവാനും തള്ളിക്കളയുവാനുമുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്.

നാം നമ്മുടെ ഭൗതിക ശരീരങ്ങളെ ജീവനുള്ള യാഗമായി അർപ്പിക്കണം എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം എന്ന് പൗലോസ് അനുവാചകരെ ഓർപ്പിക്കുന്നു. A.D. 65-ൽ ഇത് ആർക്കെഴുതിയോ, അവർക്ക് ഇത് വളരെ ഭീതിപ്പെടുത്തുന്ന ആശയമായിരിക്കും. ഗ്രീക്ക് - റോമൻ ചിന്താഗതിയിൽ നമ്മുടെ ശരീരം ഒരു വിലയും ഇല്ലാത്തതാണ്, മനസ് മാത്രം പ്രാധാന്യമുള്ളതും. ഈ ശരീരവും വളരെ പ്രാധാന്യമുള്ളതാണെന്ന് നാം മനസ്സിലാക്കുവാൻ പൗലോസ് ആഗ്രഹിക്കുന്നു. കാരണം ഇത് പരിശുദ്ധാത്മാവിന്റെ മന്ദിരമാണ്. അതുകൊണ്ട് ദൈവത്തിന്റെ പദ്ധതി നിർവ്വഹിക്കുവാനുള്ള ഉപകരണമായി ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയണം എന്ന് അവൻ ആഗ്രഹിക്കുന്നു.

യേശുക്രിസ്തുവിന്റെ ജനനത്തിങ്കൽ പിതാവിനോട് പറയുന്ന വാക്കുകളാണ് എബ്രാ. 10:5-10 വരെ വാക്യങ്ങളിൽ പൗലോസ് ഓർപ്പിക്കുന്നത്. "ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല. എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു.... ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു." ത്രിത്വത്തിൽ രണ്ടാമനായ വ്യക്തി പാപത്തിനുവേണ്ടി തന്റെ ശരീരം യാഗമായി അർപ്പിക്കുവാനാണ് ഈ ഭൂമിയിൽ വന്നത്. യേശുക്രിസ്തു എന്ന വ്യക്തിയിൽ ക്ഷയിക്കാത്ത ദൈവത്വത്തിന്റെ പൂർണ്ണതയും പാപരഹിതമായ മനുഷ്യത്വവും വേർപിരിക്കുവാൻ കഴിയാതെവണ്ണം എന്നേക്കുമായി ഒന്നായി ചേർന്നിരിക്കയാണ്. മനുഷ്യാവതാരത്തിന്റെ കൂടെ ദൈവം ആരംഭിച്ച പ്രവർത്തി ക്രിസ്തുവിന്റെ ആത്മായി ശരീരത്തിൽ കൂടെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഭൂമിയിൽ ദൈവത്തിന്റെ ഇഷ്ടം നിവർത്തിക്കപ്പെടുവാനുള്ള ഉപകരണങ്ങളാണ് നാം ഓരോരുത്തരും.

പഴയനിയമത്തിൽ എല്ലാ യാഗമൃഗങ്ങളും കൊല്ലപ്പെടേണ്ടതാവശ്യമായിരുന്നു. എന്നാൽ പൗലോസ് ഓർപ്പിക്കുന്നത് നമ്മുടെ യാഗം "ജീവനും" "വിശുദ്ധിയും" ഉള്ളത് എന്നതാണ്. ഓരോ വിശ്വാസിയും ദിവസത്തിൽ 24 മണിക്കൂറും ക്രിസ്തീയ ശുശ്രൂഷയിൽ ആയിരിക്കേണം എന്നാണ് ദൈവിക പദ്ധതി. 'വിശുദ്ധി' എന്നതിന്, 'വേർതിരിക്കുക' 'വിശുദ്ധീകരിക്കുക' എന്നാണർത്ഥം. പരിശുദ്ധാത്മാവിനാൽ നിറയുക എന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നു. നമ്മിൽ ഏറ്റുപറയാത്ത പാപങ്ങളില്ലാതെ ആത്മാവിനാൽ നിറയപ്പെടുമ്പോൾ, നാം ദൈവമുമ്പാകെ സ്വീകരിക്കപ്പെടുന്നു. വിശ്വാസികൾ എന്ന നിലയിൽ, നാം സ്ഥാനീയമായി നീതികരിക്കപ്പെട്ടവരുമാണ്. ആത്മാവിൽ നാം നടക്കുമ്പോൾ മാത്രമാണ് പ്രായോഗികമായി നീതികരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നത്.

ഇതാണ് നമ്മുടെ "ആരാധനയുടെ ആത്മീയ ശുശ്രൂഷ." ഈ പദം രണ്ടു വാക്കുകളിൽ നിന്നാണ് ഉണ്ടായത്. Logikes എന്നാൽ "യുക്തിക്കനുസാരമായത്," "വിവേകപൂർവ്വം," "ബുദ്ധിപൂർവ്വം" എന്നർത്ഥം. Lotreia എന്ന വാക്ക് "പുരോഹിത ശുശ്രൂഷ" എന്നതിന് പകരമായിട്ടുള്ളതാണ്. പുരാതനഗ്രീക്കിൽ തൊഴിൽ ചെയ്യുന്ന ഒരു വ്യക്തിയുടെ ഒരു സാധാരണദിവസത്തെ ജോലി എന്നാണർത്ഥമാക്കുന്നത്. തന്റെ ദാസന്മാരിൽ നിന്നും ദൈവം ഒരു ദിവസത്തെ 24 മണിക്കൂറും അവരുടെ ശുശ്രൂഷ ആവശ്യപ്പെടുന്നു എന്നുള്ളത് യുക്തിപരവും ന്യായമായതുമായ കാര്യമാണ്. ക്രിസ്ത്യാനിത്വം എന്നത് മുഴുസമയ ജോലിയാണ്. മുഴുസമയവും ഈ ശുശ്രൂഷയിൽ ആയിരിക്കുന്നത് ആരാധനയാണ്.

എന്താണിത് അർത്ഥമാക്കുന്നതെന്ന് ചിന്തിക്കുക. പ്രഭാതത്തിൽ ജോലി ചെയ്യുവാൻ വേണ്ടി പണി ആയുധവുമായി പുറപ്പെടുമ്പോൾ, നീ ആരാധനയ്ക്കായി പോകുന്നവനായിരിക്കണം. ഒരു ഓഫീസിൽ ജോലിചെയ്യുമ്പോൾ "ഒൻപത് മണിമുതൽ അഞ്ചുമണി വരെ ആരാധനയ്ക്ക് ഓഫീസിൽ പോകണം" എന്ന പറയുവാൻ കഴിയണം. നീ ഒരു തടപണിക്കാരനാണെങ്കിൽ നീ യുക്തിപരമായി ആരാധിയ്ക്കുന്ന സ്ഥാനം

ജോലിചെയ്യുന്ന മേഖലയായിരിക്കും. ജീവിക്കുവാനായി പന്നിയെ മേയിക്കുന്നവനാണെങ്കിലും, "എന്റെ ശരീരത്തിൽ ദൈവാത്മാവിനെ വഹിക്കുന്നവനാണെന്നും ഇത് ദൈവാലയമായതുകൊണ്ട് ഞാൻ ചെയ്യുന്ന ഓരോ കാര്യവും ദൈവത്തിന് വളരെ പ്രധാനപ്പെട്ടതാണെന്നും ആരാധനയ്ക്കു തുല്യമായ പ്രവൃത്തിയാണെന്നു"മുള്ള മനോഭാവത്തിൽ ചെയ്യേണ്ടതാണ്.

നാം എവിടെയായിരുന്നാലും ഓരോ ദിവസവും ദൈവത്തെ ആരാധിക്കുന്നതാണ്, ആത്മീയപക്വതയിൽ എത്തുന്നു എന്നതിന്റെ ഒന്നാമത്തെ സൂചന. ആ മനോഭാവം എങ്ങനെയാണ് കൈവരിക്കുക. ഒരു ലക്ഷ്യം ആവശ്യമാണ്. അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മനസ് ആ വസ്തുതയിൽ ഉറപ്പിക്കുകയും നമ്മുടെ ചുറ്റുപാടുമുള്ള അസത്യങ്ങളിലേയ്ക്ക് വലിച്ചിഴക്കപ്പെടാതിരിക്കയും വേണം.

> *"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമ. 12:2).*

'അനുരൂപമാകുക' എന്ന വാക്ക് (Suschematizo) 'Schema' എന്ന വാക്കിൽനിന്ന് രൂപപ്പെട്ടതാണ്. പുറമെയുള്ള പ്രത്യക്ഷത എന്നാണർത്ഥം. ഇവിടെ വർത്തമാന കാല പ്രസ്താവനയാണ് പൗലോസ് ഉപയോഗിക്കുന്നത്. പ്രസ്താവന എന്നത് ഒരു കല്പനയാണ്. വർത്തമാനകാലപ്രയോഗത്തിൽ അനുരൂപരാകാതെ നില്ക്കണം എന്ന് ഓർപ്പിക്കുന്നു. ഈ ലോകത്തിൽ ജീവിക്കുന്നതുകൊണ്ട് നാം ഈ അനുഭവത്തിൽ തുടരണം. ഈ ലോകം നമ്മുടെ മേൽ സമ്മർദ്ദം തുടർന്നുകൊണ്ടിരിക്കും. പ്രസ്തുതസമ്മർദ്ദം അനുരൂപമാകുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. അങ്ങനെ രൂപപ്പെടുവാൻ ഒരിക്കലും നമ്മെ ഏല്പിച്ചുകൊടുക്കുവാൻ സമ്മതിക്കരുതെന്ന് പൗലോസ് പറയുന്നു. പുറമെയുള്ള രൂപാന്തരമാണ് ഇവിടുത്തെ വിഷയം.

'ലോകം' എന്ന വാക്ക് ഇവിടെ പരാമർശിച്ചിരിക്കുന്നത് നമുക്ക് ചുറ്റുംകാണുന്ന വെറും "ലോകത്തെ"ക്കുറിച്ചല്ല. ഗ്രീക്കിൽ (aion) "കാലഘട്ടം" എന്നർത്ഥം. മനുഷ്യചരിത്രത്തിന്റെ ഗതിയെക്കുറിച്ചാണ് ഇവിടെ ഓർപ്പിക്കുന്നത്. "സമൂഹത്തിന്റെ കാലഗതിയിൽ സമ്മർദ്ദത്തിന് വഴങ്ങി പ്രത്യേകമായി നാം രൂപപ്പെടുവാൻ അനുവദിക്കരുത്" എന്നാണ് പൗലോസ് പറയുന്നത്. നാം ജീവിക്കുന്ന കാലഘട്ടത്തിൽ ലോകത്തിന്റെ നിലവാരത്തിനനുസരിച്ച് നാം പുറമെ രൂപാന്തരപ്പെടുവാൻ ഒരിക്കലും അനുവദിക്കരുത്.

അതിനുപകരമായി നാം രൂപാന്തരപ്പെടണം. (metamophoo). 'meta' എന്നുവെച്ചാൽ മാറ്റം സംഭവിക്കുക. 'morphoo' എന്നാൽ "രൂപപ്പെടുക." ഇതിന്റെ അർത്ഥം രൂപാന്തരം സംഭവിക്കുക അല്ലെങ്കിൽ ആന്തരിക മാറ്റം സംഭവിക്കുക എന്നാണ്. അകമെയുള്ള മാറ്റം സംഭവിക്കണമെന്ന് പൗലോസ് ഓർപ്പിക്കുന്നു. നാം രൂപാന്തരപ്പെടുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ പുറത്തേക്ക് സ്വാധീനിക്കയും പുറമെയുള്ള നമ്മുടെ രീതികൾക്ക് മാറ്റം ഉണ്ടാകയും ചെയ്യുന്നു. ആത്മീയമായി ലോകത്തിന് അനുരൂപമാകാതിരിക്കുവാൻ ഓർപ്പിക്കുന്നു. ഓളത്തിന് എതിരായി നീങ്ങുക എന്നത് വിശ്വാസികളായ നമുക്ക് ഒരു വെല്ലുവിളിയാണ്. ദൈവവചനത്തിന്റെ അറിവിലും പരിജ്ഞാനത്തിലും നില്ക്കുവാൻ നമുക്ക് ഇടയാകേണ്ടതാണ്.

ഫിലിപ്പിയർ 2:12ൽ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ എന്ന് പൗലോസ് ഓർപ്പിക്കുമ്പോൾ അർത്ഥമാക്കുന്നത് ഇതാണ്. ഈ ലോകത്തിന്റെ ഭൗമിക അന്തരീക്ഷം എപ്പോഴും പുറമെയുള്ള മനുഷ്യനോട് ചില "അംഗീകാര"മാർഗ്ഗത്തിൽക്കൂടെ സംസാരിച്ചും പ്രവർത്തിച്ചും അകമെയുള്ള മനുഷ്യന് മാറ്റം വരുത്തുവാൻ ശ്രമിക്കുന്നു എന്നതാണ് ഇവിടെ വെളിപ്പെടുത്തുന്ന തത്വം. എന്നാൽ ദൈവത്തിന്റെ പദ്ധതി വളരെ വ്യത്യസ്തമാണ്. അത് കേന്ദ്രത്തിൽ നിന്ന് പുറത്തേക്ക് പ്രവർത്തിക്കുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുമ്പോൾ നമ്മുടെ ഉള്ളിലെ മനോഭാവത്തിലും നമ്മുടെ ചിന്തയിലും ആരംഭിച്ച് പുറത്തേക്ക് വ്യാപിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന മാറ്റങ്ങൾ ഒന്നാമതായി അന്തർലീനമായിരിക്കുന്ന ചില സത്തയുടെ മടങ്ങിവരവിലും ദേഹിയിലും ആത്മാവിലുമാണ് സംഭവിക്കുന്നത്. തുടർന്ന് പുറമെയുള്ള കാര്യങ്ങളിൽ രൂപാന്തരം സംഭവിക്കുന്നു. അങ്ങനെ നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ക്രിസ്തീയ വളർച്ച പ്രകടമാകുന്നു.

എങ്ങനെയാണ് ഈ വെറും രൂപാന്തരം സംഭവിക്കുന്നത്? "മനസ്സിനെ പുതുക്കിക്കൊണ്ട്" "പുതുക്കുക" (anakainoo). ana എന്നുവെച്ചാൽ വീണ്ടും വീണ്ടും. kainoos എന്നാൽ "പുതിയ ഗുണത്തിൽ". മനസിനെ പുതുക്കുക എന്നുവെച്ചാൽ ദൈവത്തിന്റെ വചനം തുടർച്ചയായി പഠിച്ച് നമ്മുടെ മനസ്സിന്റെ നിലവാരത്തിന് തുടർച്ചയായ പുരോഗതി കൈവരിക്കുക എന്നാണ്. യെശയ്യ. 28:10ൽ ചട്ടത്തിന്മേൽചട്ടം. ചട്ടത്തിന്മേൽ ചട്ടം. സൂത്രത്തിന്മേൽ

സൂത്രം. സൂത്രത്തിന്മേൽ സൂത്രം ഇവിടെ അല്പം, അവിടെ അല്പം എന്ന് വായിക്കുന്നു. ഇതാണ് ദൈവിക പദ്ധതി. നാം വാഗ്ദത്തിന്മേൽ വാഗ്ദത്തം, ഉപദേശത്തിന്മേൽ ഉപദേശം ഉപയോഗിച്ച് മനസുപുതുക്കി പടിപടിയായി മുന്നേറുവാൻ ഇടയാകുന്നു.

ചില പ്രത്യേക നിലയിൽ വസ്ത്ര ധാരണം നടത്തിയും സംസാരിച്ചും മനുഷ്യരെ രൂപാന്തരപ്പെടുത്തുവാനല്ല ദൈവത്തിന്റെ പദ്ധതി. എവിടെയെല്ലാം വചനം ലഭ്യമാണോ അവിടെയെല്ലാം വചനം പഠിപ്പിച്ച് അവരെ അകമെനിന്നും പുറത്തേക്ക് രൂപാന്തരപ്പെടുത്തുന്നതാണ് പദ്ധതി. വചനത്തോടുള്ള പ്രതികരണത്തിൽ ഒരുവൻ സ്വന്ത ഇഷ്ടപ്രകാരം തന്റെ പ്രവർത്തനരീതി മാറ്റുമ്പോൾ അവിടെ സ്വാഭാവിക വളർച്ച ഉണ്ടാകുന്നു. അതാണ് പരിഗണിക്കുന്ന ഒരു വളർച്ച. കർത്താവായ യേശുക്രിസ്തുവിനെ അംഗീകരിച്ച് വീണ്ടും ജനനം പ്രാപിച്ച് പുതിയ സൃഷ്ടികളായിത്തീർന്ന് രക്ഷിക്കപ്പെടുമ്പോൾ ദൈവത്തിന്റെ കാര്യപരിപാടി ആരംഭിക്കുകയാണ്. (2കൊരി. 5:17). തുടർന്ന് നാം റോമർ 12:2 ലേക്കു തിരിയുന്നു. മനസ്സു പുതുക്കി രൂപാന്തരപ്പെടുന്നു. അനന്തരഫലം എന്നത് ജീവന്റെ പുതുക്കത്തിൽ നടന്ന് (റോമ. 6:4) നിവർത്തിക്കുന്നു. ദൈവവചനത്തിന്റെ തുടർമാനമായ പഠനത്തിലൂടെ നാം മനസ്സുപുതുക്കുമെങ്കിൽ നമുക്ക് പുതുക്കപ്പെട്ട ജീവിതാനുഭവം കൈവരിക്കുവാൻ സാധിക്കും. നമ്മുടെ ചിന്തകൾക്ക് നിലവാരമുള്ളതുകൊണ്ട് നമ്മുടെ ജീവിതത്തിനും നിലവാരം ഉണ്ടായിരിക്കും.

റോമർ 12:2ൽ പൗലോസ് പറയുന്നത്, ഈ വളർച്ചയുടെ ഉദ്ദേശ്യം എന്നത് ചിലത് "തെളിയിക്കുവാൻ" വേണ്ടിയാണ്. Dokimazo എന്നത് കായികാഭ്യാസവുമായി ബന്ധപ്പെട്ടവാക്കാണ് "പരീക്ഷണത്തിലൂടെ തെളിയിക്കുക" എന്നർത്ഥം. ദൈവത്തിന് പരീക്ഷകളുണ്ട്. പരിശോധനകൾ സമ്മർദ്ദങ്ങൾ, പ്രതികൂലങ്ങൾ, സമൃദ്ധി, ഓരോജീവിതത്തിനും പ്രത്യേകമായി രൂപപ്പെടുത്തിയിട്ടുണ്ട്. എപ്പോഴാണ് നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി സമർപ്പിക്കുന്നത്? നാം പരീക്ഷയെ അഭിമുഖീകരിക്കുന്ന ഓരോ സന്ദർഭവും നാം എന്താണ് തെളിയിക്കുവാൻ പോകുന്നത്? "നന്മയും പ്രസാദവും പൂർണ്ണതയുമുള്ള" ദൈവഹിതം എന്താണെന്ന്. "പൂർണ്ണത" (teleios) എന്ന വാക്ക് ബൈബിളിൽ പക്വതയ്ക്ക് ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ അർത്ഥം പൂർണ്ണമാകുക, കുറവില്ലാതിരിക്കുക, ഓരോപ്രാവശ്യവും നാം പരീക്ഷിക്കപ്പെടുമ്പോൾ, സമ്മർദ്ദങ്ങളെ അതിജീവിച്ച് വിജയിക്കുമ്പോൾ, ജീവിതത്തിൽ ദൈവഹിതം നിറവേറ്റപ്പെടുന്നു എന്ന് തെളിയിക്കുവാനുള്ള അവസരങ്ങൾ ലഭിക്കുന്നു.

*ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.... (ഫിലി. 2:5).*

"ഈ ഭാവം ഉണ്ടായിരിക്കട്ടെ" എന്നത് കർത്തരിപ്രയോഗത്തിലുള്ള ഒരു വർത്തമാന കാലപ്രസ്താവനയാണ്. ക്രിയാപദം "phroneo" എന്നാൽ "ചിന്തിക്കുക" എന്നാണ്. യേശുക്രിസ്തുചിന്തിച്ചതുപോലെ ചിന്തിച്ചുകൊണ്ടിരിക്കുവാനുള്ള ഒരു കല്പനയാണിത്. ഇത് ചെയ്യേണമോ വേണ്ടയോ എന്ന് നാം തന്നെ തീരുമാനിക്കേണ്ടതാണ്. 1കൊരി. 2:16ൽ നാം ക്രിസ്തുവിന്റെ മനസ്സുള്ളവർ എന്ന് കാണുന്നു. നാം ക്രിസ്തുവിനെപ്പോലെ ചിന്തിക്കുവാൻ ആഗ്രഹിക്കുമ്പോൾ അവൻ എങ്ങനെ ചിന്തിച്ചു എന്ന് നാം അറിയുകയും മനസ്സിലാക്കുകയും ചെയ്യണം. പരിശുദ്ധാത്മാനിറവിൽ വചനം തുടർച്ചയായി പഠിപ്പിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഇത് സാധിക്കുന്നത്. നമ്മുടെ ചിന്തയിൽ കൂടെയാണ് ക്രിസ്തുവനോട് അനുരൂപമാകുവാൻ തുടങ്ങുന്നത്.

വചനപഠനം കൂടാതെ, എങ്ങനെ, എന്തു ചിന്തിക്കേണം എന്ന് മനസ്സിലാക്കുവാൻ കഴികയില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ മനസ്സ് മനുഷ്യന്റെ യുക്തിക്കും കാഴ്ചപ്പാടിനും ഘടകവിരുദ്ധമാണ്. ക്രിസ്തുവിന്റെ മനസ്സുള്ളവരായിരിക്കണം എന്ന കല്പനയ്ക്ക് മുമ്പും പിമ്പും ഉള്ള വാക്യങ്ങളിൽ ഇത് പൗലോസ് വിശദീകരിക്കുന്നു.

*"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നുംചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിന്. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം" (ഫിലി. 2:3-4).*

മനുഷ്യസമൂഹത്തിലെ ഓരോ വ്യക്തിയെയും കർത്താവായ യേശുക്രിസ്തു തന്നെക്കാൾ പ്രാധാന്യമുള്ളവനായി കണക്കാക്കി. അവൻ ജഡത്തിൽ അവതരിച്ച ദൈവമായിരുന്നു. അവൻ അവനോട് ഏർപ്പെട്ട രീതിയിലൂടെ അവർ വളരെ മൂല്യമുള്ളവരാണെന്ന് അവർ മനസ്സിലാക്കുവാൻ ഇടയായി. മറ്റുള്ളവരുടെ ആവശ്യങ്ങൾ അന്വേഷിച്ച് തന്റെ ജീവിതം മുഴുവൻ ചിലവാക്കി. യേശുവിനെക്കുറിച്ച് മർക്കോസ് പറയുന്നത്.

അവൻ “ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിക്കുവാനും അനേകർക്കും വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രെ വന്നത്” (മർക്കൊ. 10:45) ഈ ഭൂമിയിൽ തന്റെ ജീവിതത്തിലെ ഓരോ ദിവസവും താൻ ശുശ്രൂഷിച്ചു എന്ന വാസ്തവം എല്ലാ സുവിശേഷപരാമർശങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

ഈ നിലയിൽ നാം ചിന്തിക്കുമ്പോൾ അടിസ്ഥാനപരമായി എത്ര വലിയ മാറ്റങ്ങളാണ് സമൂഹത്തിൽ ഉണ്ടാകുന്നത്. ഈ നിലയിൽ നമ്മുടെ ശരീരങ്ങളെ ഒരു ദിവസം 24 മണിക്കൂറും ജീവനുള്ള യാഗമായി നാം ദൈവത്തിന് സമർപ്പിക്കുക എന്നത് എന്താണർത്ഥമാക്കുന്നതെന്ന് ചിന്തിക്കുക. ഇന്ന് നമ്മെ സമീപിക്കുന്നവർക്ക് ക്രിസ്തുവിന്റെ പ്രോത്സാഹനവും ആശ്വാസവും പ്രീതിയും സഹതാപവും എത്രമാത്രം നല്കുവാൻ കഴിയുന്നു? മറ്റുള്ളവരും അവരുടെ ആവശ്യങ്ങളും നമ്മുടെ മുമ്പാകെ വരുമ്പോൾ എത്രമാത്രം പ്രതികരിക്കുവാൻ സാധിച്ചിട്ടുണ്ട്? മറ്റുള്ളവരുടെ ആശങ്കകൾ നമ്മുടെതുപോലെ പ്രാധാന്യമുള്ളതാണെന്ന അവസ്ഥയിൽ നമ്മുടെ മനോഭാവം എന്താണ്?

ഇങ്ങനെയുള്ള യഥാർത്ഥ മനോഭാവം ഓരോദിവസവും നമുക്കുണ്ടാകുമ്പോൾ അത് യഥാർത്ഥ ആരാധനയുടെ അനുഭവമായിരിക്കും. നാം ഓരോ നിമിഷവും ദൈവത്തിന് യാഗമായി സമർപ്പിക്കപ്പെട്ടു ജീവിതം നയിക്കുന്നവരാണ്. യേശുക്രിസ്തു എന്ന വ്യക്തിയുടെ ജീവൻ അനുഭവപ്പെടുന്നവരാണ് നാം. എന്നാൽ ഇത് ഒരു നിലയിൽ മാത്രമെ സംഭവിക്കുവാൻ കഴിയൂ. മനസ് ദൈവവചനം ആർത്തിയോടെ ഭക്ഷിക്കുകയും ആത്മാവ് വചനത്താൽ നിറയപ്പെടുകയും ചെയ്യണം. ദിനംപ്രതി നാം ദൈവവചനം ഭക്ഷിക്കുമ്പോൾ, രൂപാന്തരം ക്രമേണ സംഭവിക്കുകയും യേശുക്രിസ്തു ചിന്തിച്ചതുപോലെയും പ്രവർത്തിച്ചതുപോലെയും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കാരണമായിത്തീരുകയും ചെയ്യുന്നു.

> *“അവൻ ദൈവരൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ, ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സമകലനാമത്തിനും മേലായ നാമം നല്കി അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും” (ഫിലി. 2:6-11).*

# കിരീടത്തിലേക്കുള്ള ക്രൂശ്

മനുഷ്യനുവേണ്ടിയുള്ള ദൈവിക പദ്ധതിയുടെ ആരംഭമാണ് രക്ഷ. രക്ഷിക്കപ്പെട്ടശേഷം ക്രൂശിൽ നിന്നും കിരീടത്തിലേയ്ക്കുള്ള പാതയിലെ ആത്മീയവളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ മുന്നേറുകയെന്നതാണ് ഒരു വിശ്വാസിയുടെ ലക്ഷ്യം. ഓരോഘട്ടത്തിലും വിശ്വാസത്തിലൂടെ മാത്രം വിജയിക്കുവാൻ കഴിയുന്ന വർദ്ധിത നിലയിലുള്ള അനേക പരീക്ഷയെ അഭിമുഖീകരിക്കേണ്ടിവരും. റോമർ 1:17ൽ പൗലോസ് ഓർപ്പിക്കുന്നത്. "വിശ്വാസത്തിൽനിന്നും വിശ്വാസത്തിലേയ്ക്ക്," എന്നതാണ് വിശ്വാസിയുടെ വളർച്ചയെന്നാണ്. വിശ്വാസത്തിനായി ഉപയോഗിക്കുന്ന അഞ്ച് എബ്രായ പദങ്ങളെക്കുറിച്ച് മുൻപ് എടുത്ത് കാണിച്ചിട്ടുള്ളത് പുതിയനിയമത്തിൽ വളർച്ചയുടെ അഞ്ച് ഘട്ടങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.

1. **ശിശു** (1പത്രൊ. 2:2). എല്ലാ വിശ്വാസികളും കർത്താവായ യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ ശിശുക്കളായിട്ടാണ് ദൈവകുടുംബത്തിലേക്ക് പ്രവേശിക്കുന്നത്. കഠിന വേദനയോടെയുള്ള ജനനത്തിനുശേഷം അഥവാ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് വന്നശേഷം ഓരോ ശിശുവിന്റെയും പ്രാരംഭ ആവശ്യം പരിപാലനം ആണ്. ലക്ഷ്യം പോഷണം ലഭിക്കുക എന്നുള്ളതാണെങ്കിലും ശിശുവിന് ഭക്ഷണം ലഭിക്കുന്നതിലൂടെ സംരക്ഷണവും ലഭിക്കുന്നു. ആത്മീയ ശിശുവിനെ സംബന്ധിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം വളർച്ചയാണെങ്കിലും അതോടൊപ്പം സുരക്ഷിതത്വവും ലഭിക്കുന്നു. ആരംഭവർഷങ്ങളിൽ ശിശുവിൽനിന്ന് വളരെയൊന്നും പ്രതീക്ഷിക്കുന്നില്ല. ശിശുക്കൾ ഭക്ഷണം കഴിക്കുന്നു, ഉറങ്ങുന്നു, കരയുന്നു, കുഴപ്പങ്ങളുണ്ടാക്കുന്നു ഇത്രമാത്രം. അവരുടെ വസ്ത്രം മാറാത്തതിലോ, ആഹാരം ഉണ്ടാക്കാത്തതിലോ മാതാപിതാക്കന്മാർ വ്യാകുലപ്പെടുന്നില്ല. ആത്മീയ ശിശുക്കൾ എല്ലായ്പ്പോഴും നിസ്സഹായരാണ്. അവർക്ക് പരിപാലനവും പ്രോത്സാഹനവും ക്ഷമയോടെയുള്ള നിർദ്ദേശവും എപ്പോഴും ആവശ്യമാണ്. ആത്മീയ ശിശുത്വത്തെക്കുറിച്ച് (ഉല്പ. 15:6) ആശ്രയിക്കുന്നവിശ്വാസം എന്ന ഭാഗത്ത് വിശദീകരിച്ചിരിക്കുന്നു.

2. **കൗമാരം** (1 യോഹ. 2:13-14). അപ്പൊസ്തലനായ യോഹന്നാൻ കൗമാരപ്രായക്കാരായ വിശ്വാസികളെ യൗവ്വനക്കാർ, ശക്തന്മാർ, ബാല്യക്കാർ എന്നൊക്കെ പരാമർശിച്ചിട്ടുണ്ട്. സത്യത്തിന്റെ ചില ഉപദേശങ്ങൾ മനസ്സിലാക്കുകയും ജീവിതത്തിൽ അത് പ്രായോഗികമാക്കി തുടങ്ങുന്ന അവസ്ഥവരെ വളർന്ന വിശ്വാസികളാണ് ഇവർ. ഇവരിൽ ഭൂരിപക്ഷവും ധാർഷ്ട്യമുള്ളവരും അധികരാങ്ങളോട് മറുതലിപ്പ് ഉള്ളവരും ആയിരിക്കും. ചിലപ്പോൾ അവരുടെ സ്വന്തഇഷ്ടപ്രകാരം പ്രവർത്തിക്കുവാനുള്ള ആകംക്ഷയുള്ള വരായിരിക്കാം. പലപ്പോഴും അത് അവരെ കുഴപ്പങ്ങളിലെത്തിക്കും. അറിവ് ജ്ഞാനമാണെന്ന് തെറ്റിദ്ധരിക്കും. എന്നാൽ അനുഭവങ്ങൾ വളരെ കുറവായിരിക്കും. സത്യത്തിന്റെ അളവുകോൽ മറ്റുള്ളവരുടെ ജീവിതത്തിൽ പ്രയോഗിക്കുവാനുള്ള പ്രേരണ ഉണ്ടാക്കും. കൗമാരപ്രായക്കാർ പലപ്പോഴും കുഴപ്പക്കാരാണെങ്കിലും ഉദാസീനരായിരിക്കില്ല. അവരെ ക്ഷമയോടുകൂടെ പരിശീലിപ്പിക്കയും അവരുടെ കഴിവുകൾ വിനിയോഗിക്കത്തക്കവിധം പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമാണ്. കൗമാരപ്രായത്തിൽകൂടെ കടന്നുപോകാതെ ആരും പക്വതയിൽ എത്തുന്നില്ല. ആത്മീക കൗമാരം എന്ന വിഷയത്തെക്കുറിച്ച് (സങ്കീ. 37:3) പോരാടുന്നവിശ്വാസം എന്ന ഭാഗത്ത് ബാറ്റാക് വിശദീകരിച്ചിട്ടുണ്ട്.

3. **പക്വത** (എബ്രാ. 5:14; 6;1). പക്വതയുള്ള വിശ്വാസികൾ കട്ടിയായുള്ള ആഹാരം കഴിക്കുവാൻ കഴിവുള്ളവരാണ്. വചനത്തിലെ പ്രധാന ഉപദേശവിഷയങ്ങളാകുന്ന ആഹാരം - പക്വതപ്രാപിച്ച ഒരു ക്രിസ്ത്യാനി തന്റെ സ്വന്ത ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കത്തക്കനിലയിൽ ബൈബിളിനെക്കുറിച്ച് മനസ്സിലാക്കിയിരിക്കുന്നു. ദൈവവചനത്തെ തന്റെ ജീവിതത്തിൽ എങ്ങനെ പ്രയോഗിക്കണമെന്ന് മനസ്സിലാക്കുന്നു. തന്റെ പ്രശ്നങ്ങൾ

ഉയർത്തിക്കാട്ടുന്നതിനുപകരം അത് എങ്ങനെ പരിഹരിക്കാമെന്ന് അന്വേഷിക്കുന്നു. അവൻ മറ്റുള്ളവരുടെയെല്ലാം പ്രശ്നങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറല്ല, എന്നാൽ തന്റെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു. ദൈവത്തിനും തന്റെ ജീവിതത്തെക്കുറിച്ച് ഒരു ഉദ്ദേശ്യം ഉണ്ടെന്ന് മനസ്സിലാക്കി അത് നിർവ്വഹിക്കുവാൻ തയ്യാറാകുന്നു. അവൻ തന്നെത്താൻ പരിശീലനത്തിനും നിയന്ത്രണത്തിനും ഏല്പിച്ചുകൊ ടുക്കുകയും ആത്മീയ അഭ്യാസത്തിൽ തികഞ്ഞുവരികയും ചെയ്യുന്നു. ആത്മീയ പക്വതയെക്കുറിച്ച ചാസൻ വിശദീകരിച്ചിരിക്കുന്നു. (സങ്കീ. 57:1 കർത്താവിൽ സുരക്ഷിതത്വം ലഭിക്കുന്ന ഉറപ്പുള്ള വിശ്വാസം).

4. **വിശ്വാസത്തിന്റെ നായകൻ** (യെശ. 53:12, എബ്രാ. 11). വിശ്വാസത്തിൽ തികഞ്ഞവരായി നല്ല പോർ പൊരുതുവാൻ കഴിവുള്ള സ്ത്രീ പുരുഷന്മാരാണ് വിശ്വാസത്തിന്റെ നായകന്മാർ. അവർ സ്വന്തജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനപ്പുറത്ത് മറ്റുള്ളവരുടെ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുവാൻ തയ്യാറുള്ളവരാണ്. യുദ്ധമുഖത്ത് വീണുപോയവരെ എഴുന്നേല്പിക്കുവാനും മുറിവുകൾവെച്ചുകെട്ടുവാനും പ്രോത്സാഹിപ്പിക്കുവാനും അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാനും എപ്പോഴും തയ്യാറുള്ളവരായിരിക്കും. വിശ്വാസത്തിന്റെ നായകന്മാരും തെറ്റുകൾ വരുത്തുന്നവരും, വീഴാവുന്നവരും ആയിരിക്കും. എന്നാൽ അവർ എപ്പോഴും എഴുന്നേല്ക്കുന്നവരും യുദ്ധ മേഖലയിലേക്ക് മടങ്ങി പോകുന്നവരും ആണ്. നായകന്റെ വിശ്വാസനിലവാരം യച്ചാൽ വിശദീകരിക്കുന്നു (സുഖപ്പെടുത്തുന്ന ഇയ്യോബിന്റെ വിശ്വാസം 13:15).

5. **ദൈവത്തിന്റെ സ്നേഹിതൻ** (യാക്കോ. 2:23, 25). ഒരു ജീവിത്തിൽ നേടാവുന്നതിൽ ഏറ്റവും വലിയ നേട്ടമാണ് ദൈവത്തിന്റെ സ്നേഹിതനായിത്തീരുക എന്നത്. ഓരോ വിശ്വാസിയും ഈ അവസ്ഥയിൽ എത്തിച്ചേരുവാനുള്ള കഴിവുകളും മൂലധനവും കയ്യിലുള്ളവരാണ്. എന്നാൽ വളരെ കുറച്ചു പേർ മാത്രമെ ഈ നിലവാരത്തിൽ എത്തുന്നുള്ളു. അതിന് സ്ഥിരോത്സാഹവും മുറുകെപിടിക്കുന്ന അനുഭവവും ആവശ്യമാണ്. ദൈവത്തിന്റെ സ്നേഹിതന്റെ നിലവാരം ക്വാവാഹ് വിശദീകരിച്ചിരിക്കുന്നു. (യെശയ്യാവിന്റെ നിലനില്ക്കുന്ന വിശ്വാസം 40:31).

# യൂണിറ്റ് 3 പുനഃപരിശോധന

## പാഠം 3-1

1. എബ്രായ ലേഖന എഴുത്തുകാരൻ ക്രിസ്തീയ ജീവിതത്തെ എന്തിനോടാണ് താരതമ്യപ്പെടുത്തുന്നത്?
2. “നമുക്ക് മുമ്പിൽ വെച്ചിരിക്കുന്നഓട്ടം” എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
3. മരിച്ചുപോയ വിശ്വാസികൾക്ക് ലോകത്തിൽ എന്ത് സംഭവിക്കുന്നു എന്ന് ബോധമുണ്ടോ? നമുക്കെങ്ങനെയറിയാം?
4. വിശ്വാസികൾ ശ്രദ്ധിച്ചിരിക്കേണ്ട കുടുക്കുകളും കണികളും ഏവ?
5. സ്ഥിരമായ ഓട്ടത്തിന്റെ മൂന്ന് ഘട്ടങ്ങൾ ഏവ? ക്രിസ്തീയ ജീവിതവുമായി അത് താരതമ്യപ്പെടുത്തുക.
6. ഓട്ടം ഓടുമ്പോൾ നാം എന്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്? മറ്റെവിടെയെങ്കിലും ശ്രദ്ധ കേന്ദ്രീകരിച്ചാൽ എന്ത് സംഭവിക്കും?
7. ‘പഴയ പാപസ്വഭാവം’ എന്നാലെന്ത്? വിശദീകരിക്കുക.
8. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ മൂന്ന് വീക്ഷണങ്ങൾ ഏവ?
9. നിങ്ങളുടെ ജീവിതത്തിലെ ദൈവഹിത പ്രകാരമുള്ള അഞ്ച് കാര്യങ്ങൾ ഏവ? ഉത്തരത്തിന് അടിസ്ഥാനമായി ബൈബിൾ പരാമർശങ്ങളും.
10. ഒരു ഓട്ടത്തോട് ക്രിസ്തീയജീവിതം എങ്ങനെ സാമ്യപ്പെട്ടിരിക്കുന്നു എന്ന് സ്നേഹിതനോട് എങ്ങനെ വിശദീകരിക്കാം. തെളിവിനായി ഏത് വാക്യങ്ങൾ പറയും?

**മനഃപാഠം**

എബ്രായർ. 12:1-3

## പാഠം 3-2

1. എന്താണ് പിന്മാറ്റം?
2. പിന്മാറ്റത്തിന്റെ ഏഴ് പടികൾ ഏവ?
3. പിന്മാറ്റത്തിൽനിന്ന് മടങ്ങിവരവിനുള്ള ഏഴ് പടികൾ ഏവ?
4. അഹിതോഫെലിന്റെ പാപവും അനന്തരഫലവും എന്ത്?
5. ദാവീദ് ചെയ്ത വ്യഭിചാരവും കുലപാതകവും അഹിതോഫെൽ ചെയ്ത തെറ്റിനേക്കാൾ അല്പമെങ്കിലും കാഠിന്യം കുറവുള്ളതായിരുന്നുവോ? ദൈവത്തിന്റെ ശിക്ഷ അവരോടുള്ള ബന്ധത്തിൽ വ്യത്യസ്തമായതെന്തുകൊണ്ട്?
6. എങ്ങനെയാണ് ഹൂശായി ദാവീദിനോട് വിശ്വസ്തനായിരുന്നത്? ഈ നിലയിലുള്ള വിശ്വസ്തത അവൻ എവിടെനിന്നാണ് പഠിച്ചത്?
7. മനുഷ്യാത്മാവിന്റെ 5 മേഖലകൾ ഏവ?
8. ദൈവിക ശിക്ഷണത്തിന്റെ ഉദ്ദേശ്യം എന്ത്?

9. ശിക്ഷണവും ശിക്ഷയും തമ്മിലുള്ള വ്യത്യാസം എന്ത്?
10. ദൈവിക ശിക്ഷണത്തിന്റെ മൂന്ന് ഘട്ടങ്ങൾ ഏവ?
11. പിന്മാറ്റത്തെക്കുറിച്ച് ഒരു സ്നേഹിതനോട് എങ്ങനെ വിശദീകരിക്കും? വാദങ്ങൾ തെളിയക്കുവാൻ ഏത് വാക്യങ്ങൾ പരാമർശിക്കും?

**മനഃപാഠം**

എഫേസ്യർ. 4:17-19

## പാഠം 3-3

1. ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള ശക്തിയുടെ ഉറവിടം എന്താണ്?
2. യിരമ്യാവ് 17ന്റെ അടിസ്ഥാനത്തിൽ മാനുഷികശക്തിയിൽ ആശ്രയിച്ച വ്യക്തി ജീവിതത്തെ വിശദീകരിക്കുക. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുന്ന വ്യക്തിയുടെ ജീവിതം എങ്ങനെ വിശദീകരിക്കും?
3. യിരമ്യാവ് 17-ലെ നദി എന്താണ് വിശദീകരിക്കുന്നത്? പുതിയ നിയമത്തിൽ എവിടെയാണ് യേശു ഈ നദിയെക്കുറിച്ച പറയുന്നത്?
4. വിശ്വാസിയിൽ ജീവിക്കുന്ന നദി പുറപ്പെടുവിക്കുന്ന ഫലം ഏത്?
5. "ഹൃദയ"ത്തിന്റെ ബൈബിൾ നിർവ്വചനം എന്ത?
6. ഒരു വിശ്വാസിയിൽ ആത്മീയദാഹം ഉണ്ടാകുന്നതെങ്ങനെ?
7. എങ്ങനെയാണ് ജലം പരിശുദ്ധാത്മാവിനെ ചിത്രീകരിക്കുന്ന്?
8. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കുവാൻ നാം അനുസരിക്കേണ്ട നാല് കല്പനകൾ ഏവ?
9. നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവും പരിശുദ്ധാത്മാവിൽ നിറയുന്നതും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക?
10. ഒരു "ആത്മീയ" മനുഷ്യനെ എങ്ങനെ വിശദമാക്കാം? ഒരു വ്യക്തി എങ്ങനെയാണ് ആത്മീയനാകുന്നത്?
11. ആത്മീയത്വം എന്ന പദത്തോടുയോജിക്കുന്ന ബൈബിളിലെ അഞ്ച് പദങ്ങൾ പറയുക.
12. ഒരു സ്നേഹിതനോട് ആത്മീയത്വം എങ്ങനെ വിശദമാക്കും? (വചനത്തിന്റെ തെളിവ് ആവശ്യമാണ്).

**മനഃപാഠം.**

യെരമ്യാവ്. 17:5-10
യോഹന്നാൻ. 7:38

## പാഠം 3-4

1. സങ്കീർത്തനം 27-ൽ പറഞ്ഞിട്ടുള്ള വിശ്വാസത്തിന്റെ ഏഴ് മേഖലകൾ ഏവ?
2. ഓരോ വിശ്വാസിയുടെയും വ്യക്തിപരമായ ആത്മീയ വളർച്ചയ്ക്ക് പ്രാദേശിക സഭ എന്താണ് ചെയ്യേണ്ടത്?
3. എഫെസ്യർ 4:12 പറഞ്ഞിരിക്കുന്ന ''വിശ്വാസത്തിന്റെ ഐക്യത'' കൊണ്ട് എന്താണ് പൗലോസ് അർത്ഥമാക്കുന്നത്''
4. "ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനം" എന്നതിനാൽ എന്താണർത്ഥമാക്കുന്നത്?

5. “തികഞ്ഞ മനുഷ്യൻ” എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത?.
6. “ക്രിസ്തുവിന്റെ പൂർണ്ണത” എന്താണർത്ഥമാക്കുന്നത്?
7. ആത്മീയ ശിശുക്കളായി തുടരുവാനാഗ്രഹിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ എന്ത് പ്രത്യേകതകളാണ് ദർശിക്കുന്നത്?
8. ഓരോ വിശ്വാസിയെക്കുറിച്ചും ദൈവത്തിന്റെ ലക്ഷ്യം എന്താണ്?
9. 2പത്രോസ് 1 പ്രകാരം വളർച്ചയ്ക്ക് അത്യാവശ്യമായിരിക്കുന്ന ഘടകം എന്താണ്?
10. 2പത്രോസ് 1ൽ ആത്മീയ മുന്നേറ്റത്തിന് ആവശ്യമായ 7 പടികൾ ഏവ?
11. ആത്മീയ വളർച്ചയെക്കുറിച്ച് ഒരു സ്നേഹിതനോട് എങ്ങനെ വിശദീകരിക്കാം? വാദങ്ങൾ സമർത്ഥിക്കുവാനാവശ്യമായ വേദഭാഗങ്ങളും എഴുതുക.

**മനഃപാഠം**

സങ്കീർത്തനം 27:1;
എഫേസ്യർ. 4:11-13; 2
പത്രോസ്. 1:2-7

## പാഠം 3-5

1. ആത്മീയ പക്വതയിൽ എത്തിച്ചേരുന്നത് ഒരു സാധാരണ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭമാണെന്ന് ഏതർത്ഥത്തിലാണ് പറയുന്നത്?
2. ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന നമ്മുടെ ഏക വസ്തു എന്താണ്?
3. “ജീവനും വിശുദ്ധിയുമുള്ള യാഗമായി” സമർപ്പിക്കുക എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
4. ക്രിസ്ത്യാനികൾ എവിടെയാണ് ആരാധിക്കേണ്ടത്?
5. “അനുരൂപപ്പെടുക” “രൂപാന്തരപ്പെടുക” ഇവ തമ്മിലുള്ള വ്യത്യാസം എന്ത്?
6. നാം എങ്ങനെയാണ് രൂപാന്തരപ്പെടുന്നത്?
7. രൂപാന്തരഘട്ടത്തിന്റെ ഉദ്ദേശ്യം എന്ത്?
8. ക്രിസ്തുവിന്റെ മനസ്സും മനോഭാവവും എന്താണർത്ഥമാക്കുന്നത്?
9. ഫിലിപ്പിയർ. 2:1-11 വരെ അടിസ്ഥാനപ്പെടുത്തി ജനത്തോടുള്ള, തന്നോടുള്ള, ജീവിതദൗത്യത്തോടുള്ള യേശുവിന്റെ മനോഭാവം വിശദമാക്കുക.
10. ആത്മീയ വളർച്ചയുടെ അഞ്ച് പടികൾ വിശദീകരിക്കുക. ഓരോ പടികളെയും വിശ്വാസത്തെ സൂചിപ്പിക്കുന്ന 5 എബ്രായ പദങ്ങളുമായി ബന്ധപ്പെടുത്തുക.
11. ഒരു സ്നേഹിതനോട് ആത്മീയ പക്വതയെക്കുറിച്ച് എങ്ങനെ വിശദീകരിക്കും? തെളിവിനുള്ള വേദഭാഗങ്ങളും പരാമർശിക്കുക.

**മനഃപാഠം**

റോമർ. 12:1-2.

ഫിലിപ്പിയർ. 2:5-11.



# പാഠം 4–1:
# വീക്ഷണം – *കൃപ*

റോമർ 5:1–2
ലൂക്കോസ് 18:9–14
1 കൊരിന്ത്യർ 15:10

നമ്മുടെ പ്രതിഛായയ്ക്ക് മാറ്റം വരുത്തുന്ന ഒന്നാണ് ആത്മീയ വളർച്ച. പൗലോസിന്റെ ജീവിതത്തിലും അതാണ് സംഭവിച്ചത്. AD. 59-ൽ കൊരിന്ത്യർക്ക് എഴുതുമ്പോൾ, "അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനെ"ന്നാണ് തന്നെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (1കൊരി. 15:9). നാല് വർഷങ്ങൾക്കുശേഷം "വിശുദ്ധന്മാരിൽ ഏറ്റവും ചെറിയവൻ" (എഫെ. 3:8) എന്ന് പറയത്തക്ക നിലവാരത്തിൽ താൻ വളർന്നു. ചില വർഷങ്ങൾക്കുശേഷം പല ഉപദ്രവങ്ങളും സഹിച്ച യുവാവായ തിമോഥെയോസ് എന്ന ഇടയനോട് പൗലോസ് പ്രസ്താവിക്കുന്നത് "ലോകത്തിലെ സകലപാപികളിലും ഒന്നാമൻ" എന്നാണ് (1തിമൊ. 1:15).

പക്വത പ്രാപിച്ച് യേശുക്രിസ്തുമായുള്ള കൂട്ടായ്മയുടെ ആഴം വർദ്ധിച്ചപ്പോൾ തന്നെയും ദൈവത്തെയും കുറിച്ച് കൂടുതൽ വ്യക്തമായി മനസ്സിലാക്കി. തന്നെക്കുറിച്ച് കൂടുതൽ നന്നായി സംസാരിക്കുന്നതിനുപകരം തന്റെ പാപസ്വഭാവം ഊഹിച്ചതിലും ദോഷകരമാണെന്ന് മനസ്സിലാകത്തക്കനിലയിൽ ആണ് വളർച്ചയുണ്ടായത്. അത്യന്തം വഷളായിത്തീർന്നു പാപസ്വഭാവം. ദൈവത്തിൽ നിന്നുള്ള കൃപ തന്റെ അനുദിന ജീവിതത്തിൽ വളരെ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടു. അതായിരുന്നു തന്റെ ഔന്നത്യത്തിന്റെ രഹസ്യം.

> *അതുകൊണ്ട് വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. നാം നില്ക്കുന്ന ഈ കൃപയിലേയ്ക്ക് നമുക്ക് അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു. (റോമ. 5:1–2)*

നാം കൃപയിൽ നില്ക്കുന്നു. അല്ലെങ്കിൽ നില്ക്കയില്ലതാനും. യേശുക്രിസ്തു നിവർത്തിച്ച പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ദൈവം മനുഷ്യവർഗ്ഗത്തിന് സൗജന്യമായി നല്കുന്ന വസ്തുതകളാണ് കൃപ. ഇത് ഒരിക്കലം നേടിയെടുക്കുവാനോ അവകാശപ്പെടുവാനോ കഴിയുന്ന വിഭവങ്ങളല്ല. സൗജന്യമായി ലഭിക്കുന്നു. വിശ്വാസത്തിലൂടെ ലഭ്യമായിരിക്കുന്ന രക്ഷയും സൗജന്യമാണ്, വിശ്വാസത്തിലധിഷ്ഠിതമായ കൃപയാലാണ് നാം ആത്മീയ ജീവിതത്തിൽ വളർച്ച നേടുന്നത്.

കൃപ ആരംഭിക്കുന്നതും നിലനില്ക്കുന്നതും ദൈവത്താൽ മാത്രം ആയതുകൊണ്ട് എന്തെങ്കിലും സ്വയമായി ചെയ്യുവാൻ ശ്രമിക്കുന്നത് ഫലശൂന്യമാണ്. നാം എന്തെങ്കിലും സ്വന്തമായി ചെയ്യുവാൻ ശ്രമിക്കുമ്പോൾ നാം കൃപയുടെ മേഖലയിൽ നിന്ന് പുറത്തുപോകുകയും "പ്രവൃത്തി" "പ്രമാണം" എന്ന മേഖലയിലെത്തുകയും ചെയ്യുന്നു. ഇതാണ് പൗലോസ് തന്റെ വാക്കുകളിലൂടെ റോമിലുള്ളവരെ ഓർപ്പിക്കുന്നത്. "കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല. അല്ലെങ്കിൽ കൃപ കൃപയല്ല" (റോമ. 11:6).

ഒരു വ്യക്തിക്കും സ്വന്തപ്രയത്നത്താൽ ദൈവത്തിലേക്കുള്ളവഴി നേരെയാക്കുവാനോ, ദൈവത്തിന്റെ അംഗീകാരം നേടുവാനോ കഴികയില്ല. നാളിതുവരെ രൂപപ്പെടുത്തിയിട്ടുള്ള നീതിയുടെ കർശനനിലവാരത്തിലും മുമ്പ് പരീശനായിരുന്ന പൗലോസ് കുറവില്ലാത്തവനായി കാണപ്പെട്ടു (ഫിലി. 3:4-7). അവൻ ദൈവത്തിങ്കലേക്കുള്ള വഴി ക്രമീകരിക്കുവാൻ അറിഞ്ഞിരുന്നു. നിയമവിധേയമായ മനസ്സ് എപ്പോഴും കൃപയ്ക്ക് എതിരാണെന്നും മനുഷ്യനിൽ യാതൊരു നന്മയും വസിക്കുന്നില്ല (റോമ. 7:8). എന്നുള്ള വസ്തുത അംഗീകരിക്കുവാൻ തയാറാകുന്നില്ല എന്നും പൗലോസ് മനസ്സിലാക്കി. പാപം എന്നത് ദൈവനീതിയുടെ ലംഘനമാണെന്നും ആയതിനാൽ അത് ക്രൂശിൽ വിധിക്കപ്പെടേണ്ടതാണെന്നും അനേകരും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ സ്വയമായി ഒരു മനുഷ്യൻ ചെയ്യുന്ന സൽപ്രവൃത്തികൾ വെറുപ്പുള്ളവാക്കുന്നവയും ദൈവമുമ്പാകെ ഒരിക്കലും അംഗീകാരമില്ലാത്തവയാണെന്നും അനേകർക്കും ബോദ്ധ്യപ്പെട്ടിട്ടില്ല.

യെശയ്യാവ്. 64:6ൽ മനുഷ്യൻ പുറപ്പെടുവിക്കുന്ന സൽപ്രവൃത്തിയുടെ ശരിയായ ചിത്രീകരണം എബ്രായഭാഷയിൽ വിശദീകരിക്കുന്നു. നമ്മുടെ എല്ലാ "നീതി പ്രവൃത്തികളും" ഋതുമതിയായ ഒരു സ്ത്രീയുടെ വസ്ത്രഖണ്ഡങ്ങൾ പോലെയെന്ന് പറയുന്നു." "നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ," എന്തുകൊണ്ടാണ് പരിശുദ്ധാത്മാവ് ഇങ്ങനെയൊരു സാദൃശ്യം ഉപയോഗിക്കുവാൻ യെശയ്യാവിനെ പ്രേരിപ്പിച്ചത്? ആർത്തവകാലത്ത് ഉണ്ടാകുന്ന രക്തസ്രവം ആ സ്ത്രീയിൽ ഗർഭധാരണം നടന്നിട്ടില്ലയെന്നതിന് തെളിവാണ്. അതുകൊണ്ട് ഒരു ജനനം നടക്കുകയില്ല. ഒരു പുതിയ ജീവനും അവിടെയില്ല. മനുഷ്യന്റെ എല്ലാ നന്മ പ്രവൃത്തികളും ദൈവമുമ്പാകെ ജീവനില്ലാത്തതാണ്.

അതുകൊണ്ടാണ് എബ്രായർ 6:1-2 വാക്യങ്ങളിൽ 'നന്മപ്രവൃത്തികൾ' എല്ലാം "നിർജ്ജീവ പ്രവൃത്തികൾ" ആണെന്ന് പരാമർശിച്ചിരിക്കുന്നത്. എഴുത്തുകാരൻ പാപത്തെക്കുറിച്ചല്ല സംസാരിക്കുന്നത്. പാപത്തെ ഒരിക്കലും 'നിർജ്ജീവ പ്രവൃത്തികൾ' എന്ന് ബൈബിളിൽ പറഞ്ഞിട്ടില്ല. ദൈവത്തിലേക്കുള്ള വഴി കണ്ടെത്തുവാൻ, ദൈവിക അംഗീകാരം നേടുവാൻ നടത്തുന്ന മാനുഷിക പ്രയത്നങ്ങളെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. എന്നാൽ അത് നേടുവാൻ അവന് സാധിക്കുന്നില്ല. നമ്മുടെ എല്ലാ നല്ല പ്രവൃത്തികളും ആപേക്ഷികമായി നല്ലതാണ്. നമ്മുടെ നീതിയും ആപേക്ഷികമായി നീതിയാണ്. മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ നാം നല്ലവരായി, നീതിയുള്ളവനായി കാണപ്പെടാം. എന്നാൽ ദൈവിക നന്മയും നീതിയുമായി താരതമ്യം ചെയ്യുമ്പോൾ നാം ഒന്നുമല്ല എന്ന് മനസ്സിലാക്കാം.

ഏത് നിമിഷത്തിലും നമുക്ക് രണ്ട് തിരഞ്ഞെടുപ്പ് ഉണ്ട്. നമ്മിൽ തന്നെ ആശ്രയിക്കുവാൻ കഴിയും നമ്മുടെ ബുദ്ധിയിലും ശക്തിയിലും സൽപ്രവൃത്തിയിലും - അല്ലെങ്കിൽ നമ്മിലേയ്ക്ക് തന്നെ ശരിയായ ഒരു നോട്ടം നടത്തി, നമ്മുടെ ഏക പ്രതീക്ഷ ദൈവത്തിൽ ആശ്രയിക്കുകയും അവന്റെ കൃപാധനത്തിൽ ശരണപ്പെടുകയും ആണെന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്. ലൂക്കോസ് 18 ൽ രണ്ട് വ്യക്തികളെക്കുറിച്ചും അവരുടെ ആശ്രയം ആരിലാണെന്നും കർത്താവ് പറയുന്നു.

> *"തങ്ങൾ നീതിമാന്മാർ എന്ന് ഉറെച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് അവൻ ഒരു ഉപമ പറഞ്ഞതെന്തന്നാൽ (ലൂക്കോ. 18:9)*

മനുഷ്യന്റെ ഒരു സ്വാഭാവിക പ്രകൃതി എന്നത് തങ്ങളെ ഒരു നിലവാരത്തിൽ അളക്കുകയും മറ്റുള്ളവരെ വേറൊരുനിലവാരത്തിൽ വിധിക്കുകയും ചെയ്യുക എന്നുള്ളതാണ്. യേശു ഈ ഉപമയിൽ ചൂണ്ടിക്കാണിക്കുന്ന വ്യക്തികൾ അവർക്ക് ലഭിച്ചിരിക്കുന്ന നന്മയുടെ അടിസ്ഥാനത്തിൽ തങ്ങളിലേയ്ക്ക് തന്നെ നോക്കുന്നു. അവർ ചെയ്യുന്ന എല്ലാവലിയ കാര്യങ്ങളും അംഗീകരിക്കുന്നു. അവർ മറ്റുള്ളവരിലേയ്ക്ക് നോക്കുമ്പോൾ അവിടെ കാണുന്ന പ്രയോജനകരമായ വസ്തുതകളെയെല്ലാം നിസ്സാരമായി കാണുന്നു. മറ്റുള്ളവരുടെ ബലഹീനവശങ്ങളെ അവരുടെ കഴിവുകളുമായിട്ട് താരതമ്യം ചെയ്യുന്നു. തീർച്ചയായും ഈ താരതമ്യത്തിൽക്കൂടെ അവർ മറ്റുള്ളവരെക്കാൾ ഉയിർത്തപ്പെടുന്നു. അതുകൊണ്ട് അവർ മറ്റുള്ളവരെ അവജ്ഞയോടെ നോക്കുന്നു.

Exoutheneo എന്നാൽ യാതൊരു അംഗീകാരവുമില്ലാത്ത, നിശിതമായി വിമർശിക്കുക എന്നൊക്കെയർത്ഥം. ഈ അവജ്ഞ മാനസിക മനോഭാവത്തിലെ പാപം ആണ്. 'വിദ്വേഷം, വൈരം, ശത്രുത' എന്നിവയ്ക്ക് കാരണമാകുന്നു. 'മറ്റുള്ളവർ' എന്ന വാക്ക് toipos എന്ന വാക്കിൽനിന്നും തർജ്ജമ ചെയ്തിരിക്കുന്നു. 'ശേഷിക്കുന്നവർ' എന്നർത്ഥം. ഈ വ്യക്തികളെ സംബന്ധിച്ച് അവരുടെ ചെറിയ വിഭാഗത്തിന് പുറത്തുള്ളവരാരും ജീവിച്ചിരിക്കുവാൻ പോലും അർഹതയുള്ളവരല്ല.

> *"രണ്ടു മനുഷ്യൻ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ". (ലൂക്കോ. 18:10).*

പരീശന്മാർ സമൂഹത്തിന്റെ നെടുംതൂണാണ്. അവർ അംഗീകരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തിരിക്കുന്നു. 'പരീശൻ' എന്ന പേരിന്റെ അർത്ഥം "വേർതിരിക്കപ്പെട്ടവർ" എന്നാണ്. അവർ ഒന്നാമതായി വേർതിരിവ് ഉള്ളവരായിരുന്നു. അവർ ഒറ്റയ്ക്ക് മാറി നിന്നിരുന്നു. അവർ ആരാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ പ്രത്യേകം വസ്ത്രം ധരിച്ചിരുന്നു. അവർ സ്വയംപ്രശംസക്കാരായിരുന്നു. മോശയുടെ പ്രമാണം അംഗീകരിക്ക മാത്രമല്ല തുടർന്ന് അതിനോട് കൂട്ടിച്ചേർത്ത നിരവധി കല്പനകളും ആചരിച്ചിരുന്നു. അവർ ദശാംശവും വിശുദ്ധിയുടെ അനുഷ്ടാനങ്ങളും തങ്ങൾക്ക് ബാധകമാകുന്നതിൽ താല്പര്യമുള്ളവരായിരുന്നു. പുറമെയുള്ള നിയമങ്ങൾ അനുസരിക്കുന്നതിലൂടെ ദൈവത്തിന്റെ നിലവാരത്തിലെത്താമെന്ന് പരീശന്മാർ വിചാരിച്ചു. സ്വയപ്രശംസക്കാരെപ്പോലെ അവർ തങ്ങളിൽ തന്നെയും തങ്ങളുടെ ബന്ധങ്ങളിലും നീതിയിലും പ്രശംസിക്കുന്നവരായിരുന്നു.

എന്നാൽ ചുങ്കക്കാരൻ ഒന്നും പ്രതീക്ഷിച്ചില്ല. മറ്റുള്ളവരാൽ വെറുക്കപ്പെട്ടവനും ആയിരുന്നു. റോമൻ ഭരണാധികാരികൾക്കുവേണ്ടി, പ്രവർത്തിക്കുന്നവരായിരുന്നു. റോമക്കാർ ചുങ്കം പിരിക്കുന്നവർക്ക് കൂലികൊടുത്തിരുന്നില്ല. മറ്റുള്ളവരിൽ നിന്ന് ചുങ്കം പിരിക്കുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം മാത്രം നല്കിയിരുന്നു. റോമൻ ഭരണാധികാരികൾക്ക് അവകാശപ്പെട്ടതിൽ കൂടുതലായി പിരിച്ചെടുക്കുന്നത് അവർക്കുള്ളതായിരുന്നു. ജനങ്ങളുടെ പണം പിരിച്ചെടുക്കുന്നതിൽ അവർ വൈദഗ്ധ്യം പ്രാപിച്ചവരായിരുന്നു. ഇത് ഒരു ലാഭകരമായ പരിപാടിയായിരുന്നു. അവരെ ചതിയന്മാരെന്നു കണക്കാക്കുകയും അവജ്ഞയോടെ എല്ലാവരും കാണുകയും ചെയ്തിരുന്നു. പരീശന്മാർ പ്രത്യേകിച്ച് അവരെ "പാപികളാ"യി കാണുകയും വ്യഭിചാരികളുടെയും ജാതികളുടെയും കൂട്ടത്തിൽ എണ്ണുകയും ചെയ്തിരുന്നു.

> *"പരീശൻ നിന്നുകൊണ്ട് തന്നോടുതന്നെ: ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു. നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു എന്നിങ്ങനെ പ്രാർത്ഥിച്ചു." (ലൂക്കോ. 18:11-12)*

പരീശൻ തന്നോടുതന്നെ പ്രാർത്ഥിക്കുന്നു എന്ന് യേശു പറയുന്നത് ശ്രദ്ധിക്കുക. അവന്റെ മനസ്സിൽ അവൻ യഥാർത്ഥമായും ദൈവമാണ് എന്ന് പറയുന്നതിൽ അത്ഭുതപ്പെടേണ്ട. അവന്റെ സാദൃശ്യത്തിൽ ദൈവം സൃഷ്ടിക്കപ്പെട്ടു, ദൈവം അവന്റെ നിലവാരത്തിൽ ആയിരിക്കുന്നു എന്ന് അവന് ബോദ്ധ്യപ്പെട്ടു. 'നിന്നെ വാഴ്ത്തുന്നു' എന്ന് പരീശൻ പറയുന്നു എങ്കിലും അവിടെ നന്ദി അർപ്പിക്കുന്നതായി കാണുന്നില്ല. അവൻ മറ്റുള്ളവരെപ്പോലെ അല്ലായ്കയാൽ വാഴ്ത്തുന്നു എന്ന് പറയുന്നതുതന്നെ വലിയൊരു അസത്യം തന്നെയാണ്. അവൻ തീർത്തും മറ്റുള്ളവരെപ്പോലെതന്നെയാണ്.

അവൻ ദൈവത്തോടുയാതൊരു അപേക്ഷയും നടത്തുന്നില്ല. തന്റെ ആവശ്യത്തെക്കുറിച്ച് ബോധമില്ലാതിരിക്കുമ്പോൾ ദൈവത്തോട് എന്തിനാണ് എന്തെങ്കിലും ചോദിക്കുന്നത്. അവന് എന്തെങ്കിലും ആവശ്യമുണ്ടെന്ന് അനുഭവപ്പെടുന്നില്ല. അവൻ തന്നിൽതന്നെ സംതൃപ്തനാണ്.

അവൻ ദൈവത്തെ സ്തുതിക്കുവാൻ തുനിയുന്നില്ല. സ്തുതിക്കുപകരം തന്നെത്താൻ ഉയർത്തുകയാണ്. ഒന്നാമതായി താൻ ചില കാര്യങ്ങൾ ചെയ്യാതിരിക്കുന്നതുകൊണ്ട് തന്നെ അഭിനന്ദിക്കുന്നു. ആ നിലയിലുള്ള ഒരു നല്ല വ്യക്തിയായി തന്നെ കാണുന്നു. അവൻ പ്രാർത്ഥിക്കുമ്പോൾ താൻ എത്ര ശ്രേഷ്ഠനാണെന്ന് തനിക്കുതന്നെ ബോധ്യപ്പെടുവാനായി ചുറ്റുമുള്ള ആളുകളെ ശ്രദ്ധിക്കുന്നു. അവന്റെ ശ്രദ്ധ ചുങ്കക്കാരനിൽ പതിഞ്ഞപ്പോൾ അവൻ മറ്റുള്ള എല്ലാവരിലും നല്ലവനാണെന്ന് അവനെതന്നെ ഓർപ്പിക്കുന്നു. തീർച്ചയായും

അവനെയും മറ്റുള്ളവരെയും മാനുഷികനിലവാരത്തിലെ നീതിയാൽ അവൻ അളന്നു. അവൻ മറ്റുള്ളവരെ ഇടിച്ചുതാഴ്ത്തിക്കൊണ്ട് തന്നെ ഉയർത്തുന്നു. മറ്റുള്ളവരുടെ പരാജയത്തിൽ അവരെ നിസ്സാരരാക്കിക്കൊണ്ട് അവനെ നല്ലവനായി കാണുന്നു. പക്ഷെ ദൈവത്തിന് ഇത് അംഗീകാരമല്ല. താരതമ്യം ചെയ്യുന്ന നീതി ദൈവമുമ്പാകെ നിന്ദ്യമാണ്.

അവസാനമായി അവന്റെ നല്ല പ്രവൃത്തികളെ എണ്ണുവാൻ ആരംഭിക്കുന്നു. പുറമെയുള്ളതും ന്യായപ്രമാണസംബന്ധമായതും മാത്രമാണ് അവന് പറയുവാനുള്ളത്. പരീശന്റെ പ്രാർത്ഥനയുടെ വിശദീകരണം അവിടെ അവസാനിപ്പിക്കുന്നു. എന്നാൽ അവന്റെ പ്രാർത്ഥന വളരെ മുമ്പോട്ട് നീണ്ടുപോയി എന്നും അവൻ ചെയ്ത എല്ലാകാര്യങ്ങളും വിശദീകരിച്ച് താൻ എത്ര ശ്രേഷ്ഠനാണെന്ന് വെളിപ്പെടുത്തുകയും ചെയ്തതായി നമുക്ക് ഉറപ്പിക്കാം.

ഈ മനുഷ്യന് രണ്ട് കാര്യത്തിൽ അധിഷ്ഠിതമായ ഒരു സംവിധാനമായിരുന്നു ഉണ്ടായിരുന്നത്. അവൻ എന്ത് ചെയ്തു എന്നതും എന്ത് ചെയ്തില്ല എന്നതും അവൻ എന്താണ് എന്നുള്ള അടിസ്ഥാനപരമായ വസ്തുതയ്ക്ക് ഇവിടെ പ്രാധാന്യം നല്കുന്നില്ല. പുറമെയുള്ള കാര്യങ്ങളെ സംബന്ധിച്ചുമാത്രമെ ബോധവാനായിരുന്നുള്ളു. അകമെയുള്ള യാതൊന്നിലും ബോധവാനായിരുന്നില്ല. ദൈവവുമായി ഒരു ബന്ധവും കൂട്ടായ്മയും വിശ്വാസവും ഇല്ലായിരുന്നു.

> *"ചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ട് സ്വർഗ്ഗത്തേക്കുനോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു. ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ എന്നു പറഞ്ഞു" (ലൂക്കോ. 18:13).*

ചുങ്കക്കാരൻ - വെറുക്കപ്പെട്ടവൻ, തള്ളപ്പെട്ടവൻ, സ്വന്തനാട്ടിൽപോലും പുറജാതിക്കാരൻ. ദൈവാലയത്തിൽ നിന്നുകൊണ്ട് അഞ്ചുവാക്കുകൾ മാത്രം ഉച്ചരിച്ചു. അവൻ ദൈവത്തിൽനിന്നും അതുപോലെ പരീശനിൽ നിന്നും വളരെ ദൂരെ നില്ക്കണമെന്ന ചിന്ത, താൻ ഒരു പുറജാതിക്കാരനാണെന്ന തന്റെ അറിവിനെ സൂചിപ്പിക്കുന്നു. താൻ ദൈവസന്നിധിയിൽ അത്ര നല്ലവനാണെന്നുള്ള യാതൊരു ചീർപ്പിക്കുന്ന അറിവും അവനിലില്ലായിരുന്നു.

ദൈവവും താനും ഇഷ്ടതോഴന്മാരാണെന്നുള്ള നിലയിലാണ് പരീശൻ ഏർപ്പെട്ടത്. എന്നാൽ ചുങ്കക്കാരന് ദൈവത്തെ ആദരവും ഭയവും ഉണ്ടായിരുന്നതുകൊണ്ട് ദൂരത്ത് നില്ക്കയും സ്വർഗ്ഗത്തേക്ക് നോക്കുവാൻ തുനിയാതിരിക്കയും ചെയ്തു.

അവൻ മാറത്തടിച്ചുകൊണ്ട് കരുണയ്ക്കായി നിലവിളിച്ചു. ഈ മനുഷ്യനെക്കുറിച്ച് പരാജയപ്പെട്ടവനും ലജ്ജിതനും ദുഃഖിതനും എന്ന് മാത്രമാണ് പറയുവാനുള്ളത്. തന്റെ ആവശ്യം എത്രവലുതാണെന്ന് കാണുവാനും ദൈവത്തിന്റെ കരുണയല്ലാതെ മറ്റൊന്നിനും തന്നെ നിലനിർത്തുവാൻ കഴികയില്ലെന്നും മനസ്സിലാക്കുവാനും കഴിഞ്ഞു.

പരീശൻ തന്റെ നല്ല കാര്യങ്ങൾ മാത്രം എടുത്തു കാണിക്കുവാൻ ശ്രമിച്ചപ്പോൾ ഈ മനുഷ്യൻ തന്റെ വീഴ്ചകൾ മാത്രം കാണുന്നു. മറ്റുള്ള എല്ലാവരെക്കാളും താൻ നല്ലവനാണെന്ന് പരീശൻ കാണുന്നു. ചുങ്കക്കാരനോ, താൻ മറ്റുള്ള എല്ലാവരേക്കാളും മോശമാണെന്ന് കാണുന്നു. പരീശന്റെ വീഴ്ചയെക്കുറിച്ച് ചിന്തിക്കുവാൻ പോലും അവന് സമയം ലഭിച്ചില്ല. തന്റെ പാപാവസ്ഥയെക്കുറിച്ച് താൻ അത്രമാത്രം ബോധവാനായിരുന്നു. താൻ പാപികളിൽ വലിയ പാപിയാണെന്ന് കരുതി തനിക്ക് ദൈവത്തോട് ചോദിക്കുവാനുള്ളത് കരുണ മാത്രവുമായിരുന്നു.

നാം അർഹിക്കുന്നത് തടഞ്ഞുനിർത്തുന്നതാണ് ദൈവത്തിന്റെ കരുണ. നമ്മുടെ പാപങ്ങൾക്കുവേണ്ടി യേശുക്രിസ്തുവിനെ ദൈവം ക്രൂശിൽ ന്യായം വിധിച്ചതുകൊണ്ട് നമുക്ക് കരുണ ലഭിക്കുവാൻ ഇടയായിത്തീർന്നു. ദൈവത്തിന്റെ കൃപ നമുക്ക് അർഹതയില്ലാത്തത് നല്കുന്നു - യേശുക്രിസ്തുവിന്റെ നീതി, അവന്റെ മഹത്വത്തിന്റെ ധനം, അവകാശം, ശക്തി അങ്ങനെ അനവധി. കരുണയുടെ ആവശ്യം മനസ്സിലാകുന്നവർക്കു മാത്രമാണ് കൃപ ലഭിക്കുവാനിടയാകുന്നത്.

## കൃപയുടെ പ്രത്യേകത

ഈ രണ്ട് വ്യക്തികളെക്കുറിച്ചും അവരുടെ പ്രാർത്ഥനയെക്കുറിച്ചും യേശുവിന്റെ വിലയിരുത്തൽ എന്താണ്?

എങ്ങനെയാണ് തന്നെ ആരാധിക്കേണ്ടത് എന്നതിന് പ്രത്യേകമായ നിയന്ത്രണങ്ങൾ മനുഷ്യചരിത്രത്തിന്റെ ആരംഭത്തിൽ തന്നെ ദൈവം നല്കുകയുണ്ടായി. (പുറ. 20:24-25). മണ്ണുകൊണ്ടോ, ചെത്താത്ത കല്ലുകൊണ്ടോ മാത്രം യാഗപീഠങ്ങൾ ഉണ്ടാക്കണമായിരുന്നു. ഒരിക്കലും ഇതിന് യാതൊരു മാറ്റവും പാടില്ലായിരുന്നു. യാഗപീഠത്തിലേക്ക് പടികൾ പാടില്ലായിരുന്നു. മനുഷ്യൻ ചെയ്യുന്നതോ ഉണ്ടാക്കുന്നതോ ആയ യാതൊന്നും അവന് പ്രസാദകരമല്ല എന്ന് തന്നെ സമീപിക്കുന്ന ഏവരോടും വ്യക്തമാക്കുവാൻ കർത്താവ് ആഗ്രഹിച്ചിരുന്നു. പൂർണ്ണമല്ലാത്ത വഴിയിൽ കർത്താവിനെ കണ്ടുമുട്ടുവാൻ കഴികയില്ല. മനുഷ്യന്റെ യാഗപീഠങ്ങൾ എപ്പോഴും മനോഹരങ്ങളാണ്. എന്നാൽ ദൈവം മാനുഷിക സൗന്ദര്യം ആഗ്രഹിക്കുന്നില്ല. എളിമത്വവും വിനയവുമാണ് ആഗ്രഹിക്കുന്നത്.

മനുഷ്യസമൂഹത്തോട് ഏർപ്പെടുവാനുള്ള ദൈവത്തിന്റെ പ്രമാണമാണ് കൃപ. കൃപയിൽ ദൈവം എല്ലാ പ്രവൃത്തികളും ചെയ്യുന്നു. മാനുഷിക പ്രവൃത്തികൾക്ക് യാതൊരു സ്ഥാനവും ഇല്ല.

1. കൃപയും പ്രവൃത്തികളും അന്യോന്യം വേർപെട്ട് നില്ക്കുന്ന ഇരുട്ടും പ്രകാശവും പോലെ.
2. കൃപയും പ്രവൃത്തിയും ചേർന്നാൽ അത് കൃപയല്ല.
3. പ്രവൃത്തിയിൽ പല കാര്യങ്ങൾ ചേർന്നുവരുന്നു. പ്രചോദനം, ഉദ്ദേശ്യം, ലക്ഷ്യം എന്നിത്യാദി.
4. പ്രവൃത്തിയുടെ പിന്നിൽ എപ്പോഴും നിഗളം ഉണ്ട്.
5. കൃപയെ അംഗീകരിക്കുന്ന മനോഭാവം എളിമത്വം ആണ്.
6. കൃപയും എളിമത്വവും ചേർന്നാൽ ശക്തിയാകും.

> *"അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും: തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും എന്ന് ഞാൻ നിങ്ങളോട് പറയുന്നു". (ലൂക്കോ. 18:14).*

'നീതീകരിക്കപ്പെട്ടവൻ' എന്ന വാക്കിന് (dikaioo) നീതിമാനായി പ്രഖ്യാപിക്കുക എന്നർത്ഥം. പരീശൻ എന്ന നിഗളത്തോടെയോ നീതിമാൻ എന്ന ചിന്തയോടെയോ ദേവാലയത്തിൽനിന്ന് പുറത്തുപോയി എന്നുവന്നാലും ദൈവമുമ്പാകെ അവൻ നീതീകരിക്കപ്പെട്ടില്ല. ദാവീദ് സങ്കീ. 51:17 ൽ പറയുന്നത്. ദൈവത്തിന്റെ ഹനനയാഗങ്ങൾ, തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല," ദേവാലയത്തിൽ നിന്നു പോകുമ്പോൾ ചുങ്കക്കാരന്റെ അനുഭവം എന്തായിരുന്നുവെന്ന് പറയുന്നില്ല. ദൈവം അവനെ ഏതു നിലയിൽ കണ്ടു എന്ന് നമുക്കറിയാം. ദൈവം നമ്മെ കാണുന്നതുപോലെ നമുക്കും നമ്മെ കാണുവാൻ നമ്മുടെ പക്വതയുടെ ഒരുവശം സഹായിക്കുന്നു. നാം പൂർണ്ണമായി കൂട്ടായ്മ നഷ്ടപ്പെടുത്തുന്നതും, അവന് ഹിതകരമല്ലാത്തതും മനസിലാക്കുന്നു. നാം എപ്പോഴാണ് സജീവമായി കൃപയിൽ നില്ക്കുന്നതും അവന് സന്തോഷമുളവാക്കുന്നതെന്നും അറിയുവാൻ കഴിയുന്നതുപോലെ.

> *"എങ്കിലും ഞാൻ ആകുന്നതു കൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രേ". (1കൊരി. 15:10).*

നാം തിരഞ്ഞെടുക്കുന്ന വിഭവമാണ് കൃപ. ഉപയോഗിച്ചാലും ഇല്ലെങ്കിലും, ഓരോ വിശ്വാസിയും കൃപയുടെ മേഖലയിലാണ് നില്ക്കുന്നത്. ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ലഭ്യമാകത്തക്കനിലയിൽ വലയം ചെയ്യപ്പെട്ട

ചുറ്റുപാടിലാണ് ഓരോ വിശ്വാസിയും. പൗലോസിന് ലഭ്യമായിരുന്ന അതേ ശക്തിയും പരിജ്ഞാനവും ചരിത്രപരമായ സ്വാധീനതയും നമുക്കും ലഭ്യമാണ്.

എന്തുകൊണ്ടാണ് ചിലവിശ്വാസികൾ അനുഗ്രഹിക്കപ്പെടുകയും വളർച്ച പ്രാപിക്കുകയും ചെയ്യുമ്പോൾ മറ്റുചിലർ അങ്ങനെയല്ലാതിരിക്കുന്നത്? ചിലർ വളരെ കഷ്ടപ്പെട്ട് പ്രവർത്തിക്കുന്നതുകൊണ്ടാകാം. ദൈവകൃപയുടെ എല്ലാ വിഭവങ്ങളും ഏറ്റെടുത്തുകൊണ്ട് പൗലോസ്, അദ്ധ്വാനിക്കയും ഉറക്കിളക്കുകയും യാതൊരു സുരക്ഷിതത്വവും ഇല്ലാതെ യാത്ര ചെയ്യുകയും തന്റെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി നിർവ്വഹിക്കുവാനും ഇടയായി. ശാരീരികമായും മാനസികമായും തളർന്ന നിലയിലും താൻ അദ്ധ്വാനിച്ചു. കാരണം അങ്ങനെയുള്ള സന്ദർഭങ്ങളിലാണ് ദൈവിക ശക്തിമനസ്സിലാക്കുവാൻ കഴിയുന്നത്. ദൈവം അതിനെ മാനിച്ചു. ഇതെല്ലാം ദൈവകൃപയായിരുന്നു. പൗലോസിന്റെ ഭാഗത്ത് ഇതെല്ലാം വിശ്വാസത്താലായിരുന്നു.

ഒരു ജർമ്മൻ പഴഞ്ചൊല്ല് ഇങ്ങനെ പറയുന്നു. "ദൈവം നമുക്ക് കായ്കൾ തന്നു. എന്നാൽ അവൻ അത് പൊട്ടിച്ചില്ല." O.A.ബാപ്റ്റിസ്റ്റ് പറഞ്ഞു, ദൈവം നമുക്ക് ധാന്യം തന്നു. എന്നാൽ നാം അത് പാകം ചെയ്യണം. ദൈവം നമുക്ക് പഞ്ഞി തന്നു. നാം അതുകൊണ്ട് വസ്ത്രം ഉണ്ടാക്കണം. ദൈവം നമുക്ക് വൃക്ഷങ്ങൾ തന്നു. നാം നമ്മുടെ വീടുകൾ നിർമ്മിക്കണം. അവൻ നമുക്ക് അസംസ്കൃത വസ്തുക്കൾ ഒരുക്കിത്തരുന്നു. നാം ഉല്പന്നങ്ങൾ ഉണ്ടാക്കണം. ഇതാണ് പ്രവർത്തനോന്മുഖമായ കൃപയുടെ തത്വം.

## രാജകീയ നിയമാവലി

ദൈവത്തിന്റെ രാജകീയ കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ നാം രാജകീയ നിയമാവലി - രാജകീയ നിലവാരമുള്ള നിയമം - അനുസരിച്ച് ജീവിക്കുവാനായി വിളിക്കപ്പെട്ടവരാണ്. നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും കൃപ പ്രവർത്തിക്കുവാൻ അനുവദിക്കുന്നില്ലെങ്കിൽ ആ നിലവാരത്തിൽ എത്തിച്ചേരുവാൻ കഴികയില്ല.

**1. ജീവിത പ്രമാണം.**

> *"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു" (റോമ. 8:1-2).*

വിശ്വാസികൾ എന്ന നിലയിൽ നാം മരണത്തിൽനിന്നും പാപത്തിൽനിന്നും സാത്താനിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു. നാം മരണത്തിൽനിന്നും ജീവങ്കലേക്ക് കടന്നിരിക്കുന്നു. (യോഹ. 5:24). ക്രിസ്തു നമ്മെ അളവില്ലാതെ ധനികരാക്കിയിരിക്കുന്നു. സമൃദ്ധിയായ ജീവൻ നയിക്കുന്നതിനാവശ്യ മായതെല്ലാം നമ്മിൽ നിറച്ചിരിക്കുന്നു (യോഹ. 10:10; എഫെ.1) ആത്മാവിനെ അനുസരിച്ച് നടക്കുവാൻ പഠിക്കുകയും ദൈവത്തിന് ജീവിക്കുവാൻ നമ്മെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്യുമ്പോൾ നാം സമൃദ്ധി അനുഭവമാക്കുവാൻ ആരംഭിക്കുന്നു. (റോമ. 6:11-13; 8:1-4).

**2. സ്വാതന്ത്ര്യത്തിന്റെ നിയമം**

> *"സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറെച്ചുനില്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്". (ഗലാ. 5:1)*

തന്റെ മരണത്തിൽ കൂടെ ഒരുക്കിയ സ്വാതന്ത്ര്യം നാം അനുഭവിക്കുവാൻ യേശുക്രിസ്തു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം എങ്ങനെ നയിക്കണമെന്ന് തീരുമാനിക്കുവാനുള്ള അവകാശവും ഉത്തരവാദിത്വവും അവൻ നമുക്ക് തന്നിരിക്കയാണ്. നാം തീരുമാനം എടുക്കുവാനും അന്യോന്യം വ്യത്യസ്തരായിരിക്കുവാനും അവൻ ആഗ്രഹിക്കുന്നു.

ബൈബിളിൽ നിഷേധിക്കപ്പെടാത്ത വസ്തുതകൾ ആത്മീയമായി നിഷ്പക്ഷമാകയാൽ അത് ചെയ്യേണമോ വേണ്ടയോ എന്ന് വ്യക്തിപരമായി തീരുമാനിക്കേണ്ടതാണ്. ക്രിസ്തീയ ജീവിതത്തിൽ വ്യക്തതയില്ലാത്ത അനേക കാര്യങ്ങൾ ഉണ്ട്. അവിടെ നാം എടുക്കുന്ന ഓരോ തീരുമാനത്തിലും വിവേകം ആവശ്യമാണ്. നാം ഓരോരുത്തരും സ്വതന്ത്രരായിരിക്കുവാനും, നാം സ്വാതന്ത്ര്യം എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളതിന്റെ കണക്ക് ദൈവത്തോട് നേരിട്ട് പറയേണ്ടവരാണെന്നും ഓർത്തിരിക്കണം. മറ്റൊരു വിശ്വാസിയെ നാം താല്പര്യപ്പെടുന്ന നിലയിലുള്ള തീരുമാനം എടുക്കുവാൻ പ്രേരിപ്പിക്കുകയോ, തീരുമാനത്തെ വിധിക്കയോ അപമാനിക്കയോ ചെയ്യുന്നത് ഒരിക്കലും അംഗീകാരയോഗ്യമല്ല. വിധിക്കുന്ന വിശ്വാസി എപ്പോഴും ഒരു ബലഹീന വിശ്വാസിയായിരിക്കും. ക്രിസ്തുവിലുള്ള നമ്മുടെ സ്വാതന്ത്ര്യം ഒരിക്കലും നമ്മിൽനിന്ന് എടുത്തുകളയാവുന്നതല്ല, എന്നാൽ ഇത് നഷ്ടപ്പെടുത്തുവാൻ കഴിയും.

**3. സ്നേഹത്തിന്റെ നിയമം**

> *"എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം". (റോമ. 15:1)*

സ്വാതന്ത്ര്യത്തിന്റെ നിയമത്തേക്കാൾ പ്രാധാന്യമുള്ളതാണ് സ്നേഹത്തിന്റെ നിയമം. സ്വാതന്ത്ര്യം നിയമവിധേയമാക്കി പറയുന്നു. "വചനത്തിൽ നിഷേധിച്ചിട്ടില്ലാത്ത ഏതു കാര്യവും ചെയ്യുവാനുള്ള അവകാശം എനിക്കുണ്ട്." എന്നാൽ സ്നേഹം പറയുന്നു. "എനിക്ക് എന്തും ചെയ്യാമെങ്കിലും അത് മറ്റുള്ളവർ തെറ്റിപോകുവാൻ കാരണമാകുമെങ്കിൽ അങ്ങനെ അനുവദിക്കപ്പെട്ട കാര്യങ്ങൾ ഞാൻ ചെയ്യുകയില്ല." നമുക്ക് സ്വാതന്ത്ര്യം ഉണ്ടെങ്കിലും മറ്റുള്ളവരുടെ ബലഹീനതയിൽ അത് പ്രയോഗിക്കുവാൻ നിയന്ത്രണമുണ്ടെന്ന് സ്നേഹത്തിന്റെ നിയമം തിരിച്ചറിയുന്നു. നാം സഹോദരന്റെ സംരക്ഷകരാണെല്ലോ. (1കൊരി. 8). അതുകൊണ്ട് ബലഹീനസഹോദരന്മാർക്ക് നാം ഇടർച്ചക്കല്ല് ആകാതിരിക്കുവാൻ തക്കവണ്ണം അതിൽതന്നെ നല്ലതും ശരിയായതുമായ കാര്യങ്ങൾക്കും നാം ചില നിയന്ത്രണങ്ങൾ വെയ്ക്കുന്നു. ദൈവമുമ്പാകെ നമ്മുടെ വ്യക്തിപരമായ സ്വാതന്ത്ര്യം എത്രയോ വിലയേറിയതാണെന്നും ഓർത്തിരിക്കേണ്ടതാണ്. സ്നേഹത്തിന്റെ നിയമത്തിൽ ജീവിക്കുവാൻ അവൻ നമ്മെ നിർബന്ധിക്കുന്നില്ല. മറ്റാരെയെങ്കിലും ഈ നിയമത്തിൽ ജീവിക്കുവാൻ നിർബന്ധിക്കുന്നതും അവൻ സന്തോഷകരമായി വീക്ഷിക്കുന്നില്ല.

**4. സ്വയത്യാഗത്തിന്റെ നിയമം**

> *"സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട്; എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട്. എങ്കിലും സകലവും ആത്മീകവർദ്ധന വരുത്തുന്നില്ല. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ". "ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ട് എല്ലാവരേയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ". (1കൊരി. 10:23-24, 33)*

സ്വയത്യാഗത്തിന്റെ നിയമത്തിൻ കീഴിൽ അവിശ്വാസികൾക്കുവേണ്ടി നാം നമ്മെത്തന്നെ നിയന്ത്രിക്കുന്നു. നാം ഓരോരുത്തരും ക്രിസ്തുവിന്റെ സ്ഥാനപതികളാകയാൽ നാം എങ്ങനെ ജീവിക്കുന്നു എന്നുള്ളത് നാം എന്ത് പറയുന്നുഎന്നതിനേക്കാൾ (സുവിശേഷത്തിന്റെ) ശക്തമായ പ്രസ്താവനയാണെന്ന് (2കൊരി. 3:2-3) നാം ഓർത്തിരിക്കേണം. ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥാനത്ത് നാം ഫലകരമായ സാക്ഷിയാകേണ്ടതിന് നാം നമ്മെത്തന്നെ ത്യജിക്കുവാൻ തയാറുള്ളവരായിരിക്കണം. ഓരോ വിശ്വാസിയുടെയും സ്വാധീനമേഖല വ്യത്യസ്തമായതിനാൽ ഓരോ വിശ്വാസിയും സ്വയമായി ചുമത്തുന്ന പരിധിയും വ്യത്യസ്തമായിരിക്കും. നമ്മുടെ ജീവിതത്തിൽ എവിടെയാണ് വര വരക്കേണ്ടതെന്ന് നമ്മൾ എല്ലാവരും തീരുമാനിക്കണം. ലോകത്തിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതിന് നാം എന്തു ചെയ്യും. എന്ത് ചെയ്കയില്ല.

**5. ഉത്കൃഷ്ടത്യാഗത്തിന്റെ നിയമം**

> *"നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്തിൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ". (2കൊരി. 8:9)*

ശ്രേഷ്ഠന്മാരായവർ മാത്രം ജീവിച്ച ഒരു നിയമമാണിത്. യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ വികാരം ഇവിടെ വ്യക്തമായി വിശദമാക്കുന്നു. പ്രപഞ്ചത്തിന്റെ കേന്ദ്രമായിരിക്കുന്നവൻ മറ്റുള്ളവരെ തന്നെക്കാൾ പ്രാധാന്യമുള്ളവരായി കാണുകയും നമുക്ക് ജീവനുണ്ടാകുവാൻ ക്രൂശിലെ മരണത്തോളം തന്നെത്താൻ താഴ്ത്തുകയും ചെയ്തു. (ഫിലി. 2:3-8) സ്വയം ത്യാഗമായതിന്റെയും സ്വയം ത്യജിച്ചതിന്റെയും ദൃഷ്ടാന്തമാണ് ക്രിസ്തു. സ്വാർത്ഥതവെടിഞ്ഞ് നാം പ്രപഞ്ചത്തിന്റെ കേന്ദ്രമല്ല എന്ന് സമ്മതിച്ചുകൊണ്ട് ദൈവിക പദ്ധതി നമ്മളേക്കാൾ പ്രാധാന്യമുള്ളതാണെന്ന് പരിഗണിച്ചുകൊണ്ട് ബലഹീന വിശ്വാസികളും അവിശ്വാസികളും നമ്മേക്കാൾ ശ്രേഷ്ഠരാണെന്ന് കരുതി ജീവിക്കുവാൻ നാം തയാറാകുന്നതാണ്, ഈ നിയമത്തിന്റെ കീഴിൽ ജീവിക്കുക എന്നതിന്റെ അർത്ഥം. ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് പ്രവേശിക്കുവാൻ സകലവും ഉപേക്ഷിക്കുന്ന വ്യക്തിക്ക് അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയിലുള്ള സന്തോഷം താൻ ത്യജിച്ചതിനേക്കാൾ എത്രയോ മടങ്ങ് വലുതാണെന്ന് കണ്ടെത്തുവാൻ കഴിയും.



# പാഠം. 4 – 2:

# പരിജ്ഞാനം – *വിവേചനം*

റോമർ. 12:21
എബ്രായർ. 5:13–14
ഫിലിപ്പിയർ. 1:9–11

നമ്മുടെ ജീവിതത്തിലെ വേദനകൾ പലതും നാം തന്നെ ഉളവാക്കുന്നവയാണ്. നമ്മുടെ സന്തോഷത്തിനും നന്മയ്ക്കുമായി ദൈവം നമുക്ക് നല്കുവാനാഗ്രഹിക്കുന്ന അത്ഭുതകരമായ കാര്യങ്ങൾ പലതും നാം നഷ്ടപ്പെടുത്തുന്നു. നമ്മുടെ ദുഃഖത്തിനും നാശത്തിനും വേണ്ടി സാത്താൻ നമുക്ക് നല്കുവാനാഗ്രഹിക്കുന്ന ഭയാനകമായ കാര്യങ്ങൾ നാം ഏറ്റെടുക്കുന്നു. ദൈവം വാഗ്ദാനം ചെയ്യുന്നവയെ നാം തള്ളിക്കളകയും സാത്താൻ വാഗ്ദാനം ചെയ്യുന്നത് സ്വീകരിക്കുകയും ചെയ്യുന്ന ഭോഷത്വപരമായ തീരുമാനങ്ങൾ എടുക്കുവാൻ പ്രധാനകാരണം നാം വിവേകഹീനരായിത്തീരുന്നതുകൊണ്ടാണ്.

ശത്രു എപ്പോഴും വെളിപ്പാടിന്റെ യജമാനനാണ്. ദുഷ്ടകാര്യങ്ങൾ എങ്ങനെ മനോഹരമാക്കി തീർക്കാമെന്ന് സാത്താനറിയാം. നാം അവന്റെ തന്ത്രത്തിൽ വീണുപോകുവാൻ കാരണം ശരിയും തെറ്റും തമ്മിൽ തിരിച്ചറിയുവാനുള്ള കഴിവ് നാം രൂപപ്പെടുത്തിയെടുത്തിട്ടില്ല എന്നതുകൊണ്ടാണ്. വിവേകം കൂടാതെ - ബുദ്ധിപൂർവ്വമായ തിരിച്ചറിവും തീരുമാനങ്ങളും കൂടാതെ - ആത്മീയ പരാജയം ഒഴിച്ചുകൂടാത്തതാണ്.

*തിന്മയോടു തോല്ക്കരുത് (റോമ. 12:21)*

'തോല്ക്കരുത്' എന്ന വാക്ക് വർത്തമാനകാല കർമ്മണിപ്രയോഗത്തിലുള്ള ഒരു പ്രസ്താവനയാണ്. nikao എന്ന ക്രിയാപദത്തോടു ചേർന്ന് നിഷേധരൂപത്തിൽ 'എന്നെ' എന്ന് ഇംഗ്ലീഷിൽ ചേർത്തിരിക്കുന്നു. ഗ്രീക്കിൽ ഒരു നിഷേധരൂപം വർത്തമാനകാല പ്രസ്താവനയായി ഉപയോഗിക്കുമ്പോൾ ഇതുവരെ ചെയ്തുവന്നിരുന്ന ചിലകാര്യങ്ങൾ അവസാനിപ്പിക്കുവാനുള്ള കല്പനയായി അത് കാണുന്നു. റോമിലുള്ള വിശ്വാസികൾ തിന്മയോടു തോറ്റുകൊണ്ടിരിക്കയായിരുന്നു.

ഇംഗ്ലീഷിൽ പറയുമ്പോൾ by എന്ന വാക്ക് ഉപയോഗിക്കുന്നു. അർത്ഥാൽ 'നിയന്ത്രണത്തിൻ കീഴിൽ'. 'തിന്മ' എന്ന വാക്കിന് പല പദങ്ങൾ ഉപയോഗിക്കാം ഇവിടെ ഉപയോഗിക്കുന്നപദം (kakos) ചീഞ്ഞത്. അപകടകരം, ഹാനികരം എന്നാണെങ്കിലും അത് പുറമെ വളരെ നല്ലതായി കാണപ്പെടുന്നു എന്ന അർത്ഥമാണുള്ളത്. റോമിലുള്ളവർ പുറമെയുള്ള കാഴ്ചയിൽ വഞ്ചിക്കപ്പെട്ടു. ചില തിന്മകളെ നന്മകളായി

## തിന്മ

1. വിശ്വാസികൾ തിന്മ എന്താണെന്ന് തിരിച്ചറിയുകയും അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിഞ്ഞിരിക്കേണ്ടവരും ആണ്. (റോമ. 12:21; എഫെ. 6:10-18; 1തെസ്സ. 5:15).
2. തിന്മ സാത്താന്റെ നയമാണ്. അവനിൽ നിന്നാണ് ഇത് ആരംഭിച്ചത്. (യെശ. 14:12-15; യെഹ. 28:11-16) പാപം എല്ലായ്പ്പോഴും മനുഷ്യന്റെ പാപസ്വഭാവത്തിൽ നിന്നും പുറപ്പെടുമ്പോൾ (യാക്കോ. 1:14-15)
   തിന്മ എപ്പോഴും സാത്താനിൽ നിന്ന് പുറപ്പെടുന്നു. (യോഹ. 8:44; 1യോഹ. 3:12)
3. ഈ ലോകത്തിന്റെ ദൈവമായി, മനുഷ്യാത്മാക്കളെ പിടിച്ച്, ബന്ധിച്ച് അടിമത്വത്തിലാകുവാനുള്ള സാത്താന്റെ നയമാണിത്. (2കൊരി. 4:4; 1തിമൊ. 3:7; 2തിമൊ. 2:26)
4. സാത്താന്റെ പ്രാഥമിക ലക്ഷ്യം ചതിക്കുക എന്നുള്ളതാണ്. വെളിച്ചദൂതനെന്ന് അഭിനയിക്കുവാൻ കഴിയുന്ന ഒരു കള്ളനാണ്. (2കൊരി. 11:14). അവൻ സത്യത്തെ വളച്ചൊടിക്കുകയും നല്ലകാര്യങ്ങൾ തിന്മയിൽനിന്നും ഉത്ഭവിക്കാമെന്ന് ആശയം വെളിപ്പെടുത്തുകയും ചെയ്യുന്നു. (റോമ. 3:8:6:1,15;13:1-4).
   ദൈവം നിഷേധിച്ച കാര്യങ്ങൾ ചെയ്താൽ ജീവിതം കുറെക്കൂടെ മെച്ചതാക്കാമെന്ന് പ്രലോഭിപ്പിച്ച് ഹവ്വായെ ഏദനിൽവെച്ച് ചതിക്കയാണ് ചെയ്തത്. ഫലം കാഴ്ചക്ക് നല്ലതായി തോന്നി. തിന്നത് മുഖാന്തിരം വാഗ്ദത്തം ചെയ്യപ്പെട്ട അനുഭവം നല്ലതാണെന്ന് തോന്നി. സാത്താൻ ഇന്നും തിന്മയെ മനോഹരമായതും ഉയർന്ന മൂല്യമുള്ളതുമായി കാണിക്കുന്നു.
5. മാനുഷമതങ്ങളെ തിന്മയുടെ പുറംചട്ടകളായി സാത്താൻ ഉപയോഗിക്കുന്നു. അവന്റേതായ സഭകളുണ്ട്. അപ്പം മുറിക്കുവാനുള്ള മേശ സ്വന്തമായുണ്ട്. സ്വന്തം ഇടയന്മാരുണ്ട്. (1തിമൊ. 4:1; 1കൊരി. 10:14-21) അതെല്ലാം മനോഹരങ്ങളായി കാണപ്പെടുന്നു. എന്നാൽ അതെല്ലാം തിന്മയാണ്. കാരണം സത്യത്തെ വളച്ചൊടിക്കുകയും ദൈവനീതിയുടെ സ്ഥാനത്ത് മാനുഷീക നീതി പുനഃസ്ഥാപിക്കുകയും ചെയ്തു. (യെശ. 64:6; 2കൊരി. 11:4,13-15; ഗലാ. 3:17; കൊലോ. 2:21-23).
6. ദൈവവചനം കൂടാതെ നല്ലതിനെ തിന്മയിൽ നിന്നും വിവേചിച്ചറിയുവാൻ സാധ്യമല്ല. (റോമ. 16:19; എബ്രാ. 5:14).
7. പാപത്തെ ക്രൂശിൽ ന്യായം വിധിച്ചു. (2കൊരി. 5:14-21: എബ്രാ. 10:10,12,14,17) തിന്മയെ ഇനിയും ന്യായം വിധിക്കേണ്ടതുണ്ട്. വിശ്വാസിയുടെ എല്ലാ സൽപ്രവൃത്തികളും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വിധിക്കപ്പെടേണ്ടതുണ്ട്. (1കൊരി. 3:11-15; 2കൊരി. 5:9-11) അവിശ്വാസികളുടെയും സാത്താന്റെയും അവന്റെ ദൂതന്മാരുടെയും ന്യായവിധി ക്രിസ്തുവിന്റെ രണ്ടാം വരവിനുശേഷം നടപ്പിലാക്കും. (യൂദാ. 14-15; 1തെസ്സ. 5:2-3; 2തെസ്സ. 1:6-10; വെളി. 14:17-20; 19:11-21; 20:11-15).

വിചാരിച്ചിരുന്നു. എന്നാൽ ഈ നിലയിലുള്ള ഹാനികരമായ കാര്യങ്ങൾക്ക് കീഴടങ്ങുന്നത് അവസാനിപ്പിക്കുവാൻ കർത്താവായ യേശുക്രിസ്തുവിന്റെ അധികാരത്താൽ പൗലോസ് കല്പിക്കുകയാണ്.

യെശയ്യാ പ്രവാചകൻ വളരെ ശക്തമായ മുന്നറിയിപ്പ് അന്നത്തെ ജനങ്ങൾക്ക് കൊടുത്തു. “തിന്മയ്ക്ക് നന്മ എന്നും നന്മയ്ക്ക് തിന്മ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈയ്പ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം. തങ്ങൾക്കുതന്നെ ജ്ഞാനികളായും തങ്ങൾക്കുതന്നെ വിവേകികളായും തോന്നുന്നവർക്ക് അയ്യോ കഷ്ടം” (യെശ. 5:20,21).

വിശ്വാസികളെന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ പരിശോധന തീർച്ചയായും തിന്മയുടെ പരിശോധനയാണെങ്കിലും അനേകവിശ്വാസികൾക്കും തിന്മ എന്താണെന്ന് അറിയില്ല. തിന്മയെന്നത് സാത്താന്റെ

നയമാണ്. ദൈവത്തിന്റെ സൃഷ്ടിപരമായ ഉദ്ദേശ്യത്തെ എതിർക്കുന്നതെന്തും ആണ്. തിന്മയുടെ സത്ത എന്നത് ദൈവത്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ്. മനുഷ്യൻ സ്വയമായി ചെയ്യുന്നതൊക്കെയും തിന്മയാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിൽ നിന്നും വിട്ട് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ മനുഷ്യനെക്കുറിച്ച് ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല.

ക്രിസ്തീയത്വം ഇന്ന് വളരെയധികം ബലഹീനമായിരിക്കുന്നതിന്റെ കാരണം തിന്മയെന്നത് വെറും പാപമാണെന്ന് കൂടുതൽ ക്രിസ്ത്യാനികളും ചിന്തിക്കുന്നു. മുമ്പ് പോരാടി ജയിച്ച ഒരു യുദ്ധമാണ് അവർ ചെയ്യുന്നതെന്ന് ചിന്തിക്കുകയും ഇപ്പോൾ മുന്നേറുന്ന യുദ്ധത്തെ അവർ അവഗണിക്കുകയും ചെയ്യുന്നു. തിന്മയുടെ ഒരു അവതരണം മാത്രമാണ് പാപം. പാപത്തിന്നെതിരായ യുദ്ധം ക്രൂശിൽ വിജയിക്കുകയും അതുവരെയുണ്ടായിരുന്നതും പിന്നീടുണ്ടാകുവാൻ പോകുന്നതുമായ പാപങ്ങളുടെ ന്യായവിധി യേശുക്രിസ്തുവിന്റെമേൽ ഒഴിക്കയും ചെയ്തു. പാപത്തിനുവേണ്ടി ഇനി ആരും ന്യായം വിധിക്കപ്പെടേണ്ടതില്ല.

എന്നാൽ തിന്മയ്ക്ക് മറ്റു പല അവതാരങ്ങളുമുണ്ട്. അതിൽ ഏറ്റവും അധികം നിസ്സാരമാക്കപ്പെടുന്നത് മാനുഷികനന്മകളാണ്. വിശ്വാസികൾ പുറപ്പെടുവിക്കുന്ന നന്മകളെല്ലാം ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പിൽ വെന്തുപോകുന്ന മരം, പുല്ല്, വൈക്കോൽ എന്നിവയാണ്. (1കൊരി. 3:11-15; 2 കൊരി. 5:10) അവിശ്വാസികൾ പുറപ്പെടുവിക്കുന്ന നന്മകളെല്ലാം വെള്ളസിംഹാസനത്തിന് മുമ്പിൽ വിധിക്കപ്പെടുന്നവയാണ്. ക്രിസ്തുവിലുള്ള വിശ്വാസംകൂടാതെ ദൈവനീതിയുടെ മുമ്പിൽ ആരും അംഗീകരിക്കപ്പെടുന്നില്ല. അവരുടെ പ്രവൃത്തികൾ അവരെ വിധിക്കും. (യൂദ. 14-15; വെളി. 20;11-15).

*എന്നാൽ നന്മയാൽ തിന്മയെ ജയിക്കുക. (റോമ. 12:21)*

പരാജയപ്പെട്ട വിശ്വാസികളുടെ ജീവിതത്തിൽ തിന്മക്കുള്ള പരിഹാരം പൗലോസ് ചൂണ്ടിക്കാണിക്കുന്നു. പരാജയപ്പെടുന്നതിനുപകരം "ജയിക്കുവാൻ" പൗലോസ് പറയുന്നു. "കീഴ്പ്പെടുന്നതിന് വിരുദ്ധമായി നിലനില്ക്കുവാനും തിന്മയെ എല്ലായ്പ്പോഴും കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുവാനും" പറയുന്നു. എങ്ങനെയാണ് അത് ചെയ്യുവാൻ പോകുന്നത്. തിന്മയെ പരാജയപ്പെടുത്തുവാൻ ഒരു മാർഗ്ഗം മാത്രമെ ഉള്ളു. നന്മമാത്രം. "നന്മയാൽ" എന്ന പദത്തിന് 'നന്മയിൽ' എന്നും നന്മയുടെ മേഖലയിൽ എന്നും അർത്ഥമാക്കാം. നല്ലത് എന്ന് അർത്ഥം വരുന്ന ഗ്രീക്ക് വാക്കിന് (Agathosis) പൂർണ്ണമായ നന്മ, നൈസർഗ്ഗികമായ നന്മ എന്നർത്ഥം. പൗലോസ് ഓർപ്പിക്കുന്നത് ദൈവികമായ നന്മയെ കുറിച്ചാണ്. അത് ദൈവത്തിൽ നിന്ന് മാത്രം പുറപ്പെടുന്നതാണ്.

ദൈവാത്മാവ് ദൈവവചനവുമായി ചേർന്ന് വിശ്വാസിയിൽകൂടെ പ്രവർത്തിക്കുമ്പോഴാണ് ദൈവിക നന്മ രൂപപ്പെടുന്നത്. അവൻ നമ്മിൽ പൂർണ്ണനിയന്ത്രണം നടത്തുമ്പോഴാണ് പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നത്. നമ്മിൽ ഏറ്റുപറയാത്ത പാപങ്ങളില്ലാതെ പരിശുദ്ധാത്മാവ് നമ്മിൽ നിറയുമ്പോഴാണ് പ്രവർത്തനം നടക്കുന്നത്. നമ്മുടെ ആത്മാവിൽ സത്യം ഇല്ലാതെ വരുമ്പോൾ പരിശുദ്ധാത്മാവിനെ ആയുധമില്ലാത്ത ഒരു പ്രവർത്തകനാക്കിമാറ്റുകയാണ് ചെയ്യുന്നത്. നമ്മിലും നമ്മിൽകൂടെയും ചെയ്യുവാനാഗ്രഹിക്കുന്ന പ്രവൃത്തികൾ വചനത്തിൽകൂടെയാണ് നിർവ്വഹിക്കുന്നത്. അതുകൊണ്ടാണ് നാം എല്ലാദിവസവും വചനത്താൽ പോഷിപ്പിക്കപ്പെടേണ്ടത്. നമ്മുടെ ആത്മാവിൽ കൂടുതലായി വചനം ശേഖരിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽകൂടുതലായി പ്രവർത്തിക്കുകയും നമ്മുടെ ജീവിതത്തിൽകൂടെ കൂടുതൽ ഉദ്ദേശ്യങ്ങൾ നിറവേറ്റുകയും ചെയ്യും.

ശരിയായ വിവേചനം എന്നുപറയുന്നത് നമ്മുടെ ആത്മാവിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെയും നാം സ്വീകരിക്കുന്ന വചനത്തിന്റെയും സമന്വയിച്ചുള്ള ഒരുഫലമാണ്. ജ്ഞാനം - വചനത്തിൽകൂടെ മാത്രം വരുന്നത് - എന്നത് വസ്തുതകളുടെ നിജസ്ഥിതിയിലേക്കും, എന്ത് നടപടി എടുക്കണമെന്ന് അറിയുവാനുള്ള കഴിവിനെപ്പറ്റിയുമുള്ള ഒരു ആന്തരിക കാഴ്ചപ്പാടാണ്. എന്ത് ചെയ്യണമെന്നുള്ള അറിവ് ഒരിക്കലും മതിയായതല്ല - നമുക്ക് ധൈര്യം ആവശ്യമാണ്. ആ നിലയിലുള്ള ധൈര്യം പരിശുദ്ധാത്മാവിൽ നിന്നാണ് വരുന്നത.

**ഉത്തേജനം നല്കുന്നവൻ**

*പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിയുവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു. (എബ്രാ. 5:13-14)*

ഇവിടെ കുടിക്കുന്നവൻ/ പങ്കെടുക്കുന്നവൻ (ഇംഗ്ലീഷിൽ) എന്നത് വർത്തമാനകാലത്തിൽ കർത്തരിപ്രയോഗവിശേഷമാണ് (metecho) സ്ഥിരമായി പാൽമാത്രം, (ഉപദേശ വിഷയങ്ങൾ) കുടിക്കുന്നവൻ എന്നാണിതിന് അർത്ഥം. അങ്ങനെയുള്ളവരെ എഴുത്തുകാരൻ വിളിക്കുന്നത് "അപ്രാപ്തൻ" എന്നാണ്. Apeiros എന്ന ഗ്രീക്ക് വാക്ക് വൈദഗ്ദ്യം ഇല്ലാത്ത ജോലിക്കാരൻ എന്നാണർത്ഥമാക്കുന്നത്. പരിചയമില്ലാത്ത, പ്രായോഗികമായി ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത, ആലോചനകൾ പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത എന്ന് അർത്ഥമാക്കാം.

പാൽമാത്രം ഭക്ഷിക്കുന്ന ആൾ വൈദഗ്ദ്യം ഇല്ലാത്തയാളാണ് - അനുഭവം ഇല്ലാത്തവൻ - നീതിയുടെ വചനം പരിചയമില്ലാത്തവനാണ്. 2തിമൊ. 2:15ൽ പൗലോസ് പറയുന്നത്. നാം ദൈവത്തിന് കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്കണം എന്നാണ്. അതിനുള്ള ഏകമാർഗ്ഗം വചനത്തിന്റെ പഠനത്തിലും പ്രായോഗികമാക്കുന്നതിൽകൂടെയും മാത്രമാണ്. അതിൽ നാം പിമ്പോട്ടാകുമ്പോൾ, വൈദഗ്ദ്യം ഇല്ലാതാകുമ്പോൾ, വചനം പ്രായോഗികമാക്കുവാൻ കഴിയാതെ വരുമ്പോൾ നമ്മെ 'ശിശുക്കൾ' എന്നാണ് എഴുത്തുകാരൻ വിളിക്കുന്നത്.

Nepios എന്നത് ശാരീരിക വളർച്ച പ്രാപിക്കാത്തവരെയല്ല. ഹോമർ എന്ന എഴുത്തുകാരൻ സൂചിപ്പിക്കുന്നത്. ശിശുസഹജമായ നിലയിൽ പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന വളർച്ചപ്രാപിച്ചവരെക്കുറിച്ചാണ് - വിജയികളായി യുദ്ധമുഖത്തുനിന്ന് വന്നവരും, ജീവിതം കൈകാര്യം ചെയ്യുവാൻ കഴിയാത്തവരും. ഹോമറിന്റെ എഴുത്തിൽ യുദ്ധമുഖത്ത് പ്രോത്സാഹജനകമായ ധൈര്യം കാണിക്കുകയും സാധാരണ ജീവിതത്തിൽ അനുദിന കാര്യങ്ങളിൽ മാനസികധൈര്യം ഇല്ലാത്തവരുമായ സൈന്യാധിപന്മാരെ പരാമർശിച്ചുകൊണ്ടാണ്. ആത്മീയ പക്വതയിലേക്ക് വളരുവാൻ സന്ദർഭം ലഭിച്ച വിശ്വാസികൾ ഇപ്പോഴും ആത്മീയമായി പാലാണ് കുടിക്കുന്നത്. അവർ ശൈശവത്തിൽ തുടരുന്നവരും ശിശുസഹജമായ രീതികൾ അവലംബിക്കുന്നവരും സാന്മാർഗ്ഗിക ധൈര്യത്തിന്റെ അടിസ്ഥാനമായ സഹനശക്തി കുറഞ്ഞവരുമാണ്.

## ജ്ഞാനത്തിന്റെ മൂല്യം

"ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും, വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ. അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്. അത് മുത്തുകളിലും വിലയേറിയത്. നിന്റെ മനോഹരവസ്തുക്കൾ ഒന്നും അതിന് തുല്യമാകയില്ല. അതിന്റെ വലങ്കയ്യിൽ ദീർഘായുസ്സും ഇടങ്കയ്യിൽ ധനവും മാനവും ഇരിക്കുന്നു. അതിന്റെ വഴികൾ ഇമ്പമുള്ള വഴികളും അതിന്റെ പാതകളെല്ലാം സമാധാനവും ആകുന്നു. അതിനെ പിടിച്ചുകൊള്ളുന്നവർക്ക് അതു ജീവവൃക്ഷം; അതിനെ കരസ്ഥമാക്കുന്നവർ ഭാഗ്യവാന്മാർ". (സദൃശ്യ. 3:13-18)

"ജ്ഞാനം നാം സമ്പാദിക്ക; വിവേകം നേടുക; മറക്കരുത്: എന്റെ വചനങ്ങളെ വിട്ടുമാറുകയുമരുത്. അതിനെ ഉപേക്ഷിക്കരുത്; അതു നിന്നെ കാക്കും; അതിൽ പ്രിയം വെക്കുക: അതുനിന്നെ സൂക്ഷിക്കും; ജ്ഞാനം തന്നെ പ്രധാനം. ജ്ഞാനം സമ്പാദിക്ക; നിന്റെ സകല സമ്പാദ്യത്താലും വിവേകം നേടുക". (സദൃശ്യ: 4:5-7)

"ജ്ഞാനം മുത്തുകളെക്കാൾ നല്ലതാകുന്നു; മനോഹരമായതൊന്നും അതിന് തുല്യമാകയില്ല". (സദൃശ്യ. 8:11)

"തങ്കത്തെക്കാൾ ജ്ഞാനത്തെസമ്പാദിക്കുന്നതു എത്ര നല്ലതു! വെള്ളിയെക്കാൾ വിവേകം സമ്പാദിക്കുന്നത് എത്രഉത്തമം"! (സദൃശ്യ. 16:16)

"യുദ്ധായുധങ്ങളെക്കാളും ജ്ഞാനം നല്ലതു; എന്നാൽ ഒരൊറ്റ പാപി വളരെ നന്മ നശിപ്പിച്ചുകളയുന്നു". (സഭാ. 9:18)

"ഇരുമ്പായുധം മൂർച്ചയില്ലാഞ്ഞിട്ടു അതിന്റെ വായ്ത്തല തേക്കാതിരുന്നാൽ അവൻ അധികം ശക്തി പ്രയോഗിക്കേണ്ടിവരും. ജ്ഞാനമോ, കാര്യ സിദ്ധിക്ക് ഉപയോഗമുള്ളതാകുന്നു". (സഭാ. 10:10).

"യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അവയെ ആചരിക്കുന്ന എല്ലാവർക്കും നല്ല ബുദ്ധി ഉണ്ട്. അവന്റെ സ്തുതി എന്നേക്കും നിലനില്ക്കുന്നു". (സങ്കീ. 111:10).

Nepios എന്ന വാക്കിന് എതിരായി telios ഉപയോഗിക്കുന്നു. ലക്ഷ്യത്തിൽ, ഉദ്ദേശ്യത്തിൽ എത്തിയവർ. ഇവിടെ ആത്മീയ പക്വതപ്രാപിച്ചവർ. വചനത്തിലെ കട്ടിയായ ആഹാരം, ഉപദേശപരമായി മുന്നേറുന്ന സ്ഥിതി പക്വതക്ക് അനിവാര്യമാണ്. ഇങ്ങനെയുള്ളവർക്ക് വിവേചിച്ചറിയുവാൻ കഴിയും. അത് യാദൃശ്ചികമല്ല. ആത്മാവിന്റെ അഭ്യാസമേഖലയിൽ വിയർപ്പൊഴുക്കുന്നവരാണ്.

'അഭ്യാസം' (hexis) എന്നതിന് 'തുടർച്ചയായി ഇടവിടാതെയുള്ള ശിക്ഷണത്തിലൂടെ ലഭിക്കുന്ന ശീലം' എന്നർത്ഥം. ശിക്ഷണമാണ് ശീലമുണ്ടാക്കുന്നത്. തെറ്റായ ശീലം നിലനിർത്തുന്നതുപോലെ തന്നെ നല്ലശീലവും നിലനിർത്തുവാൻ കഴിയും. രണ്ടും ഒരേ രീതിയിലാണ് ലഭിക്കുന്നത്. തീരുമാനങ്ങളുടെ തുടർച്ചയായി അത് രൂപപ്പെടുന്നു. തെറ്റായ തീരുമാനങ്ങൾ തുടർച്ചയായി ചെയ്യുമ്പോൾ തെറ്റായ അഭ്യാസത്തിലേയ്ക്ക് നയിക്കപ്പെടുന്നു. മോശമായ അഭ്യാസം മോശമായ ശീലത്തിലേക്ക് നയിക്കുന്നു. മോശമായ ശീലം മോശമായ സ്വഭാവത്തിലേക്ക് നയിക്കുന്നു.

## ദൈവിക ജ്ഞാനം

1. ദൈവികജ്ഞാനം എന്നേക്കും നിലനില്ക്കുന്നു. (1പത്രൊ. 1:25). ഭൗമിക ജ്ഞാനം നശിച്ചു പോകുന്നതാണ്. (1കൊരി. 2:6)
2. ജ്ഞാനത്തിന്റെ വെളിപ്പാടായിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെ തള്ളിക്കളയുന്നതിലൂടെ ദൈവികജ്ഞാനവും ലോകം തള്ളിക്കളയുന്നു. യോഹ. 1:14, 17; 1കൊരി. 2:8; കൊലൊ. 2:3)
3. ദൈവികജ്ഞാനം മനുഷ്യന് സ്വയമായി കണ്ടെത്തുവാൻ കഴികയില്ല. ഇത് ആത്മാവിനാൽ വെളിപ്പെടുത്തേണ്ടതാണ്. (1കൊരി. 2:7 10-11; 2പത്രൊ. 1:19-21).
4. ദൈവിക ജ്ഞാനം മാനുഷ്യ ഇന്ദ്രിയങ്ങൾ കൊണ്ട് വിവേചിക്കുവാൻ കഴികയില്ല. (1കൊരി. 2:9). ദൈവികവെളിപ്പാടും ആത്മീയ വിവേചനവും കൊണ്ട് മാത്രമെ വിവേചിക്കുവാൻ കഴിയൂ. (എഫെ. 3:18-19; 2തിമൊ. 3:16).
5. ദൈവിക പരിജ്ഞാനം ദൈവത്തിൽ നിന്നുള്ള ദാനമായതുകൊണ്ട് (യാക്കോ. 1:5;3:17-18) ഇതുവിശ്വാസത്താൽ മാത്രമെ ലഭിക്കൂ. (1കൊരി. 2:12: റോമ. 10:17).
6. ദൈവിക ജ്ഞാനത്തിന്റെ ഔചിത്യപൂർവ്വമായ വിശ്വാസം ഉപദേശങ്ങളിൽ കൂടെ മാത്രമാണ് ലഭിക്കുന്നത്. (റോമ. 10:14-17 1കൊരി. 2:13; എഫെ. 4:11-16)
7. ആത്മീയ നിലവാരത്തിലായിത്തീരുമ്പോൾ ആത്മീയ സത്യങ്ങളോടും ബൈബിൾ പഠനത്തോടും വിമുഖത കാണിക്കുവാൻ കഴിയുന്നതല്ല.
8. ആത്മീയ പക്വതയുടെ പ്രത്യേകതയാണ് ദൈവിക ജ്ഞാനം (1കൊരി. 2:1; എബ്രാ. 5:11-6:2)

പക്വതയുള്ളയാൾ നല്ല തീരുമാനങ്ങളെടുക്കുവാൻ അഭ്യസിക്കുന്നു. വ്യക്തിപരമായി സ്വയശിക്ഷണ രീതികൾ അവലംബിക്കുന്നു. അവർക്ക് അവരുടേതായ ഇന്ദ്രിയങ്ങൾ - വിവേചനസംവിധാനം - പരിശീലിപ്പിക്കപ്പെടുന്നു. ഇതിൽനിന്നാണ് ജിംനേഷ്യം (ഗ്രീക്കിൽ gumnazo) എന്ന വാക്കുണ്ടായത്. ജീവിതത്തെ ഇങ്ങനെയുള്ള കളരിയിൽ അഭ്യസിപ്പിക്കുന്നതുകൊണ്ടാണ് പക്വതയുള്ള ക്രിസ്ത്യാനികൾക്ക് നല്ല ശീലങ്ങളുള്ളത്. ഓരോ ദിവസവും ദൈവവചനത്തിനനുസരിച്ച് പ്രവർത്തിക്കുന്നു. ഓരോ ദിവസവും ആത്മശക്തിയാൽ നിയന്ത്രിക്കപ്പെടുന്നു. ഓരോ ദിവസവും ആത്മീയ മേഖലയിൽ പുതിയ നേട്ടങ്ങൾക്കുവേണ്ടി പോരാടുന്നു. ഓരോ ദിവസവും ദൈവവചനത്തിൽകൂടി അദ്ധ്വാനിക്കുന്നതുകൊണ്ട് ഓരോ ദിവസവും അവരുടെ ഇന്ദ്രിയങ്ങൾ പരിശീലിപ്പിക്കപ്പെടുന്നു. വിവേചിക്കുവാൻ പഠിക്കുന്നു. വിവേചനം (diakrino) രണ്ടു കാര്യങ്ങളുടെ മദ്ധ്യേ വിധിക്കുക എന്നർത്ഥം. ശരിയും ദുഷ്ടതയും തമ്മിൽ വിവേചിക്കുവാനുള്ള കഴിവ്.

*"നിങ്ങളുടെ സ്നേഹം മേല്ക്കുമേൽ പരിജ്ഞാനത്തിലും സകലവിവേകത്തിലും വർദ്ധിച്ചുവന്നിട്ട്... (ഫിലി. 1:9)*

ഫിലിപ്പിയയിലുള്ള വിശ്വാസികൾക്കുവേണ്ടി പൗലോസ് പ്രാർത്ഥിക്കുമ്പോൾ ഒരു ഉദ്ദേശ്യം വെളിപ്പെടുത്തിക്കൊണ്ടാണ് പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനക്ക് ഒരു ഉദ്ദേശ്യമുണ്ട്. "നിങ്ങളുടെ സ്നേഹം മേല്ക്കുമേൽ വർദ്ധിച്ചുവന്നിട്ട്". ഇവിടെ സ്നേഹം എന്നതിന് (agape) നിബന്ധനയില്ലാത്ത സ്നേഹം എന്നാണ് ഉപയോഗിക്കുന്നത്. ദൈവത്തിനല്ലാതെ മറ്റാർക്കും വെളിപ്പെടുത്തുവാൻ കഴികയില്ല. വചനത്തിൽ ഈ പരമാർശമുള്ള എല്ലാ ഭാഗവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ ശക്തിയും ഊർജ്ജസ്വലതയും കാണിക്കുന്നു.

"അഗപ്പെ" എന്നത് മാനുഷിക സ്നേഹമല്ല. പരിശുദ്ധാത്മാവായ ദൈവത്തിന്റെ സ്നേഹവും മാനുഷിക സ്നേഹവും തമ്മിൽ താരതമ്യം ചെയ്യുവാനേ കഴികയില്ല. (റോമ. 5:5; 1കൊരി. 13, ഗലാ. 5:22) 'അഗപ്പെ' എന്നത് വാസ്തവികമായതിലേക്കുള്ള ക്രിസ്തീയ നവീകരണത്തിന്റെ അടിസ്ഥാനമാണ്. ദൈവം ഈ ഭൂമിയിൽ കാണുന്ന കാര്യങ്ങളിലേക്കുള്ള നവീകരണപാത സ്നേഹത്തിലാണ് ആരംഭിക്കുന്നത്. ജീവിതത്തിൽ രണ്ട് പാത തിരഞ്ഞെടുക്കുവാൻ സാധിക്കും. സ്നേഹത്തിന്റെ, വെളിച്ചത്തിന്റെ സത്യത്തിന്റെ പാത അല്ലെങ്കിൽ വിദ്വേഷത്തിന്റെ, ഇരുട്ടിന്റെ, ഭോഷ്കിന്റെ പാത.

ദൈവവചനത്തിൽ 'അഗപ്പെ' എന്നതിന് മനുഷ്യനെ സംബന്ധിച്ച് രണ്ടു വശങ്ങളുണ്ട്. മത്താ. 22:37–39 വരെ. രണ്ട് ആജ്ഞകൾ നല്കിയിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുക. നമ്മെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കുക. ദൈവത്തോടുള്ള നമ്മുടെ സ്നേഹം വ്യക്തിപരമാണ്. ഒരു വ്യക്തി സ്നേഹിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സ്നേഹം. ദൈവം നമ്മുടെ സ്നേഹത്തിന് അർഹനാണ്. മറ്റുള്ളവരോടുള്ള സ്നേഹം വ്യക്തിപരമല്ല. അത് സ്നേഹിക്കുന്നവന്റെ വിശിഷ്ടതയുടെ അടിസ്ഥാനത്തിലുള്ളതാണ്. നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന ദൈവസ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ പ്രകടനം സ്നേഹിക്കുവാൻ അർഹതയില്ലാത്തവനെ സ്നേഹിക്കുന്നതാണ്. നമ്മോടുള്ള ദൈവ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നമ്മെ അംഗീകരിക്കുവാനും സ്നേഹിക്കുവാൻ പഠിക്കുവാനും ദൈവത്തെ സ്നേഹിക്കുവാനും കഴിയുന്നില്ലെങ്കിൽ മറ്റുള്ളവരെ സ്നേഹിക്കുവാനും കഴികയില്ല.

പൗലോസ് ഓർപ്പിക്കുന്നത് ഈ സ്നേഹം മേല്ക്കുമേൽ വർദ്ധിച്ചുവരണം എന്നാണ്. 'പരിജ്ഞാനം' എന്നത് അനുഭവത്തിൽകൂടെയുള്ള അറിവ് എന്നാണ് (epignosis). വിവേകം എന്നത് (aisthesis) ഉൾക്കാഴ്ച, അനുഭവജ്ഞാനം, വിദഗ്ധമായി പ്രയോഗിക്കുക എന്നാണ് അർത്ഥം. ശരിയായ നിലയിൽ സാമാന്യ ബുദ്ധി, തിരിച്ചറിയുവാനുള്ള കഴിവ് എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അവരുടെ സ്നേഹം രണ്ട് നിലയിൽ വർദ്ധിച്ചുവരുവാനാണ് പൗലോസ് പ്രാർത്ഥിക്കുന്നത്. ജീവിതത്തിൽ വചനത്തിന്റെ പ്രായോഗികത, ജീവിതത്തിൽ സാമാന്യബുദ്ധിയിൽ തിരിച്ചറിയുവാനുള്ള കഴിവ് ഇതാണ് വിവേചനത്തിന്റെ ആരംഭം.

*"നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ട് യേശുക്രിസ്തുവിന്റെ നീതിഫലം നിറഞ്ഞവരുമായിതീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു". (ഫിലി. 1:10–11)*

സാമാന്യബുദ്ധിയിൽ ഭേദാഭേദങ്ങളെ കാണുവാനുള്ള കഴിവ്, സാമാന്യബുദ്ധിയിൽ തീരുമാനങ്ങളെടുക്കുന്നതിലേക്ക് നയിക്കുന്നു. വിവേചിക്കുക (dokimazo) എന്നതിൽ പരീക്ഷയിൽകൂടെ തെളിയിക്കുക എന്നാണ്. അല്ലെങ്കിൽ പരിശോധന നടത്തി നല്ലത് അംഗീകരിക്കുക. പരിശോധിച്ച് അറിയുവാനുള്ള കഴിവ് അനുഭവജ്ഞാനത്തിലും വിവേചനത്തിലും കൂടെ വളർത്തിയെടുക്കേണ്ടതാവശ്യമാണ്.

'ഏറ്റവും ഉത്തമമായത്' എന്നതിന് മൂല്യമുള്ളത്, ഉപയോഗ്യമായത് എന്നിങ്ങനെ പരാമർശിക്കുന്നു. (പ്രയോജനമില്ലാത്ത ഉപയോഗ്യമല്ലാത്ത വസ്തുക്കൾക്ക് എതിരായുള്ളത്) നാം വസ്തുതകളെ പരിശോധിച്ച് "നിർമ്മന്മാരും ഇടർച്ചയില്ലാത്തവരു"മായിരിക്കേണ്ടതിന് നല്ലതിനെ തിരിച്ചറിയുന്നു. 'നിർമ്മന്മാർ' (Eilikrines) എന്നതിന് സൂര്യനാൽ പരിശോധിക്കപ്പെട്ടത്. പ്രകാശത്തിൽ തുറക്കപ്പെട്ടത്, ഇരുട്ടുമായി ഇടകലരാത്തത്" എന്നാണർത്ഥം. 'ഇടർച്ചയില്ലാത്തവർ' (Aproskopos) എന്നതിന് "കുറ്റമില്ലാത്തവൻ, ഇടറി വീഴാതിരിക്കുക" എന്നാണർത്ഥം. അനുയോജ്യമായ മൂല്യമുള്ള, ദൈവിക പദ്ധതിക്ക് യോജിക്കുന്ന കാര്യങ്ങളെ നാം

അംഗീകരിക്കുമ്പോൾ നമുക്ക് വെളിച്ചത്തിൽ നില്ക്കുവാൻ കഴിയും. എന്തുകൊണ്ടെന്നാൽ ഒന്നും മറച്ചുവെയ്ക്കുവാൻ ഇല്ലാത്തതിനാൽ ഇടറാതെ വെളിച്ചത്തിൽ നടക്കുവാൻ കഴിയും. "ക്രിസ്തുവിന്റെ നാളോളം" (സഭയുടെ ഉത്പ്രാപണം വരെ) ഈ വിശ്വാസികൾ വെളിച്ചത്തിലുള്ളവരായി ഇടറാതെ നടക്കുവാൻ പൗലോസ് ആഗ്രഹിക്കുന്നു.

'നീതിഫലം' എന്ന പദം ദൈവസ്നേഹവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു. ''നിറയപ്പെട്ടിട്ട്'' (നിറഞ്ഞവരായിത്തീരുക) എന്നതിന് pleroo എന്ന ഗ്രീക്ക് ക്രിയാപദമാണ് ഉപയോഗിക്കുന്നത്. ഇതിന് നാല്നിലയിലുള്ള അർത്ഥമാണ്. ഇത് പോരായ്മ പരിഹരിക്കുക, നിലവാരമുള്ളത് നിറയ്ക്കുക, പൂർണ്ണമായി സ്വാധീനിക്കുക. പൂർണ്ണമായി സ്വന്തമാക്കുക എന്നാണ്.

നമ്മുടെയെല്ലാം ജീവിതത്തിൽ പോരായ്മകളുള്ളവരാണ്. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സ്നേഹം ആചരിക്കുന്നതിൽ, പ്രായോഗികതയും അനുഭവങ്ങളും പങ്കിടുന്നതിൽ, ദൈവവചനത്തിന്റെ സ്വാധീനത ഉണ്ടാകുമ്പോൾ ജീവിതം പൂർണ്ണതയുള്ളതായിത്തീരും. അപ്പോൾ മാത്രമാണ് നമ്മുടെ വികാരങ്ങൾക്ക് പകരമായി ദൈവീക യാഥാർത്ഥ്യത്തിൽ വസ്തുതകളെ ക്രമീകരിക്കുവാൻ സാധിക്കുന്നത്. നാം ദൈവവുമായി ഏത് സ്ഥാനത്ത് നില്ക്കുന്നു എന്നും വിലയേറിയവരായി എന്നേക്കും അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കുവാൻ തുടങ്ങുന്നു.

ഈ യാഥാർത്ഥ്യം നാം മനസ്സിലാക്കുമ്പോൾ മറ്റുള്ളവരുടെ തിരസ്ക്കരണം ഉൾക്കൊള്ളുവാൻ ദൈവാത്മാവിനെ കൂടാതെ ആർക്കും ചെയ്യുവാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്നു. വ്യക്തിബന്ധങ്ങൾക്ക് അതീതമായി പരിധികൂടാതെ സ്നേഹിക്കുക, മറ്റുള്ളവരിലെ പ്രത്യേകതകൂടാതെ അവരെ സ്നേഹിക്കുക. ദൈവം നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹം നമ്മിൽകൂടെ അവരിലേക്ക് വ്യാപരിക്കുന്നു. ഉപാധികൂടാതെയുള്ള സ്നേഹം നമുക്ക് നല്കുവാൻ കഴിയുന്നത്, ഒരു അത്ഭുതകരമായ കാര്യമാണ്. നമുക്ക് ഉപാധികൂടാതെ സ്നേഹിക്കുവാൻ ഇടയാകുമ്പോൾ നമ്മിൽ നീതിഫലം നിറഞ്ഞവരായിത്തീരുന്നു.

ആ സ്നേഹം, നമുക്ക് വിവേചിക്കുവാനും നല്ല തീരുമാനങ്ങളെടുക്കുവാനും ഉള്ള കഴിവ് നല്കുന്നു. ജീവിതത്തിൽ എന്തെല്ലാം സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും അതിനോട് പൊരുത്തപ്പെടുവാൻ കഴിയും. യേശുക്രിസ്തുവിലൂടെയുള്ള നീതിഫലം നിറഞ്ഞവരായിത്തീരുന്നതിനാൽ ദൈവത്തിന് മഹത്വവും പുകഴ്ചയും ലഭിക്കുന്നു.



# പാഠം 4–3:
# പരീക്ഷ – *പരിശോധന*

1 കൊരിന്ത്യർ. 10:13
യാക്കോബ്. 1:2–4;
1 പത്രോസ്. 1:6–7

പരീക്ഷ വസ്തുതാപരവും വളരെ അപകടകരവുമായ ഒന്നാണെന്ന് കർത്താവ് തന്റെ ശിഷ്യന്മാരെ ആവർത്തിച്ച് ഓർപ്പിച്ചിരുന്നു. പരീക്ഷയെ ചെറിയൊരു തടസ്സമായിട്ട് അവൻ കണ്ടിരുന്നില്ല – നാം കാണുന്നതുപോലെ – സന്തോഷകരമായിരുന്നില്ല. ആത്മീയ പോഷണത്തിന് ഒരു വെല്ലുവിളിയായി അവൻ കണ്ടു. പരീക്ഷയുടെ ഫലമായ ഒരു വലിയ അപകടത്തെക്കുറിച്ച് ലൂക്കോ. 8:13ൽ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. അവർ പരീക്ഷിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് എപ്പോഴും ജാഗരൂകരായിക്കണമെന്ന് ശിഷ്യന്മാരെ ഓർപ്പിക്കുകയും ചെയ്തു.

വലിയ അപകടകാരിയായതുകൊണ്ട് പരീക്ഷയെ ചിട്ടയായ പ്രാർത്ഥനക്കുള്ള ഒരു കാരണമായി യേശു ഓർപ്പിച്ചു. പരീക്ഷയെ അഭിമുഖീകരിക്കുവാനും വിജയിക്കുവാനുമുള്ള ആദ്യപടി നിരന്തരമായ പ്രാർത്ഥനയിലൂടെ പരീക്ഷയെ മുൻകൂട്ടി കാണുക എന്നതായിരുന്നു യേശുവിന്റെ അനുഭവം. പരീക്ഷയിൽ നിന്നുള്ള വിടുതലിനായി പ്രാർത്ഥിക്കുന്നതിലൂടെ നമ്മുടെ ജഡത്തിൽ എതിർക്കുവാൻ നാം ശക്തിഹീനരാണെന്നും എന്നാൽ ദൈവം കഴിവുള്ളവനാണെന്നും മനസ്സുള്ളവനാണെന്നും നാം അംഗീകരിക്കുന്നു. (മത്താ. 6:13; 26:41; 2 പത്രോ. 2:9).

> *മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും. (1കൊരി. 10:13)*

ഗ്രീക്കിൽ ആക്ഷരികമായി, പരിക്ഷകൾ “മാനുഷിക നിലവാരത്തിലുള്ള”താണെന്ന് ഓർപ്പിക്കുന്നു. മാനുഷിക നിലവാരത്തിനപ്പുറമുള്ള പരീക്ഷകളും ഉണ്ട് എന്നാൽ അത് നാം അഭിമുഖീകരിക്കേണ്ടിവരുന്നില്ല. കർത്താവായ യേശുക്രിസ്തു മാനുഷികനിലവാരത്തിലുള്ള പരീക്ഷ മാത്രമല്ല, അമാനുഷിക നിലയിലുള്ള പരീക്ഷയും അഭിമുഖീകരിച്ചു. (എബ്രാ. 4:15; മത്താ. 4:1–11)

നമ്മുടെ ജീവിതത്തിലെ ഓരോ പരീക്ഷയും വളരെ കഠിനമാണെന്ന് തോന്നാം. മറ്റുള്ളവരുടേതിലും അത് ഒരിക്കലും കഠിനമല്ല. നാം പരീക്ഷിക്കപ്പെട്ടതുപോലെ മറ്റാരും പരീക്ഷിക്കപ്പെട്ടിട്ടില്ലെന്നും നാം പാപം ചെയ്തതുപോലെ കഠിനമായിമറ്റാരും പാപം ചെയ്തിട്ടില്ലെന്നും ചിന്തിക്കുവാനുള്ള ഒരു പ്രേരണ നമുക്കുണ്ടാകാം. അത് ഒരിക്കലും ശരിയല്ല. നമ്മുടെ എല്ലാ പരീക്ഷകളും മാതൃകാപരമായ മാനുഷിക പരീക്ഷകളാണ്.

ഏതെങ്കിലും കാരണവശാൽ നമ്മുടെ പരീക്ഷ എത്ര കഠിനമായിരുന്നാലും സാരമില്ല, ദൈവം വിശ്വസ്തനാണ്. പൂർണ്ണനായ, വിശ്വസ്തനായ ദൈവം പൂർണ്ണതയുള്ള പദ്ധതി അപൂർണ്ണമായ മനുഷ്യർക്കുവേണ്ടി ഒരുക്കി. ഭൂതകാല നിത്യതയിൽതന്നെ, എല്ലാ പ്രശ്നങ്ങളും മുന്നിൽ കണ്ട്, പ്രതിസന്ധികൾക്കുമുമ്പു തന്നെ പരിഹാരങ്ങളും ഒരുക്കി. നാം അഭിമുഖീകരിക്കേണ്ട ഓരോ പരീക്ഷകൾക്കും പരിധി നിർണ്ണയിച്ചു.

ഈ സന്ദർഭത്തിൽ ദൈവത്തിന്റെ പരമാധികാരം ഒരു സമവാക്യത്തിൽ വ്യക്തമാക്കാം. നാം ഈ ഭൂമിയിലായിരിക്കുമ്പോൾ പല ദിശകളിൽ നിന്നും നാം പരീക്ഷിക്കപ്പെടുന്നു - ലോകം ജഡം, പിശാച്, പരമാധികാരിയായ ദൈവം എല്ലായ്പ്പോഴും മനുഷ്യ ചരിത്രത്തെ നിയന്ത്രിക്കുന്നു. ഭൂതകാല നിത്യതയിൽ അവൻ നിർണ്ണയിച്ച പരിധിക്കുള്ളിൽ പരീക്ഷകൾ നിയന്ത്രിക്കുവാൻ അവൻ ശക്തനാണ്. ആ പരിധിയാണ് ഇവിടെ വ്യക്തമാക്കുന്നത്. നമുക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ അവൻ ഒരിക്കലും സമ്മതിക്കയില്ല.

നമുക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളിൽ ഒതുങ്ങിനില്ക്കുന്നതാണ് നമ്മുടെ പരീക്ഷകൾ. നാം വളരുകയും ശക്തി സംഭരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പരീക്ഷകൾ ശക്തവും കഠിനവും ആകുന്നു. എന്നാൽ നമ്മുടെ വളർച്ചയ്ക്കും വിവേചിക്കുവാനുള്ള കഴിവിനും അപ്പുറത്തേക്ക് പോകയില്ല.

'കഴിയുന്നതിന്' (dunamai) അന്തർലീനമായ ശക്തി എന്നാണ് ഗ്രീക്കിൽ. ഓരോ വിശ്വാസിക്കും അവൻ അഭിമുഖീകരിക്കുന്ന പരീക്ഷയെ അതിജീവിക്കുവാൻ ആവശ്യമായ അന്തർലീന ശക്തി ഉണ്ട് "പരീക്ഷ" (peirasmos) എന്നതിന് തെറ്റിലേക്കുള്ള പ്രേരണ എന്ന് സൂചിപ്പിക്കുന്നു. (ദൈവത്തിൽ നിന്ന് ഒരിക്കലും വരുവാൻ കഴിയാത്തത്). ദൈവം വിശ്വാസത്തെ പരിശോധിക്കും എന്നാൽ ഒരിക്കലും തെറ്റിലേക്ക് പ്രേരിപ്പിക്കയില്ല.

നമ്മുടെ പരീക്ഷയിൽ വളരെ ദൂരത്തുനിന്നല്ല, പ്രശ്നത്തിൽകൂടെതന്നെ വിടുതലും അവൻ ഒരുക്കും. നമുക്ക് സഹിക്കുവാൻ (hupophero - ക്ഷമയോടെ സഹിക്കുക) കഴിയത്തക്കനിലയിൽ വിടുതലിനുള്ള മാർഗ്ഗം ഒരുക്കുന്നു. പരീക്ഷയിലും പരിശോധനയിലും സഹിഷ്ണുതയാണ് (സ്ഥിരത) താക്കോൽ.

> *"എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നുഎന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ". (യാക്കോ. 1:2-4)*

## പരീക്ഷയുടെ 3 ഉറവിടം

**ഉറവിടം:** ലോകം

**തന്ത്രജ്ഞത:** ഇതിനോട് അനുരൂപരാകരുത്. (റോമ. 12:2) ഇതിന്റെ ചിന്തയെ കീഴടക്കുക. (റോമ. 12:21; 1യോഹ. 3:4)

**ഉറവിടം:** ജഡം

**തന്ത്രജ്ഞത:** അതിനോട് മരിച്ചവരെന്ന് എണ്ണുക. (റോമ. 6:11 കൊലൊ. 3:5) ഇതിന്റെ വശീകരണത്തിൽ നിന്ന് ഓടുക (യാക്കോ. 1:14-15)

**ഉറവിടം:** പിശാച്

**തന്ത്രജ്ഞത:** പ്രവർത്തിക്കുവാൻ അവന് അവസരം കൊടുക്കരുത് എഫെ. 4:27.

അവനോട് എതിർത്ത് നില്ക്കുക (യാക്കോ. 4:7; 1പത്രൊ. 5:6-9)

എന്തുകൊണ്ടാണ് ദൈവം നമുക്ക് പരീക്ഷകൾ അനുവദിക്കുന്നത്? യാക്കോബ് ഉത്തരം പറയുന്നു, ഈ മൂന്ന് വാകൃങ്ങളെ അധികരിക്കുന്ന വാക്കാണ് 'എണ്ണുക' എന്നത്. ഗ്രീക്കിൽ (hegiomai) പല അർത്ഥങ്ങളുള്ള വാക്കാണിത്. "പരിഗണിക്കുക, വഴിയിൽ നയിക്കുക, മുമ്പിൽ പോകുക" എന്നിത്യാദി. മൗലികമായി ഇത് ഗണിതവുമായി ബന്ധപ്പെട്ട വാക്കാണ്. അർത്ഥാൽ വസ്തുതകൾ ശേഖരിച്ചുവെയ്ക്കുക. തൂക്കിനോക്കി ലഭിച്ച വസ്തുതകളെ താരതമ്യം ചെയ്യുക. പരീക്ഷിക്കപ്പെടുന്ന സാഹചര്യത്തിൽ നമ്മെ തന്നെ കാണുന്ന സാഹചര്യത്തിൽ പരിശോധനയെ സംബന്ധിച്ച എല്ലാ വസ്തുതകളും പരിഗണിച്ച് സന്തോഷത്തിന്റെ പാതയിൽ നയിക്കപ്പെടുവാൻ പരീക്ഷയിൽകൂടെ സാധിക്കണം. നാം പരിശോധിക്കേണ്ട വസ്തുതകൾ എന്താണ് - നമ്മുടെ ആത്മീയവും ശാരീരകവുമായ കഴിവുകളുടെ പരിധിയിൽ മാത്രം പരീക്ഷിക്കുവാൻ തക്കവണ്ണം ദൈവം വിശ്വസ്തനാണ്. എല്ലാ കാര്യങ്ങളും നന്മയല്ലാതിരിക്കുമ്പോൾ തന്നെ ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു. പരീക്ഷ എന്നത് പ്രതിഫലം ലഭിക്കുന്ന നിലവാരത്തിലുള്ള വിശ്വാസത്തിന്റെ പരിശോധനയാണ്. പ്രതികൂലങ്ങളുടെയും എതിർപ്പിന്റെയും മദ്ധ്യത്തിൽ വിശ്വാസത്തിൽ വളരെപെട്ടെന്ന് മുന്നേറുവാൻ ഉള്ള അവസരങ്ങളാണ് നമുക്ക് ലഭിക്കുന്നത്. പരീക്ഷിക്കപ്പെടുമ്പോൾ നാം നിന്നുകൊണ്ട് ദൈവം ആരാണെന്നും എന്തുകൊണ്ട് ഇത് നമുക്ക് സംഭവിക്കുന്നു എന്നു ചിന്തിക്കുമ്പോൾ സന്തോഷത്തിന്റെ വഴിയിൽ മുന്നേറുവാൻ കഴിയും.

ക്രൂശിനെ സഹിച്ചപ്പോൾ യേശു ആ വസ്തുതകൾ കൂടുതലായി മനസ്സിലാക്കി. ക്രൂശിന്റെ ഉദ്ദേശ്യം എന്താണെന്നും ക്രൂശിക്കപ്പെടുമ്പോൾ അതിന്റെ പരിണിതഫലം എന്താണെന്നും ഓർത്തപ്പോൾ കഷ്ടതകളും വേദനകളും മാത്രമല്ല പിതാവിന്റെ ന്യായവിധിയും അനുഭവിക്കയും അവന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം വ്യക്തമായി കാണുകയും ചെയ്തു.

പലവിധത്തിലുള്ള പരീക്ഷകളിൽ അതിന്റെ ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുവാനുള്ള അവസരങ്ങൾ നമുക്ക് ലഭിക്കുന്നു. "വിവിധമായ" (poikilos) എന്ന ഗ്രീക്ക് പദത്തിന് വിവിധ വർണങ്ങളിലുള്ള എന്ന അർത്ഥമുണ്ട്. നമുക്ക് ഇഷ്ടമാകുന്ന നിറങ്ങളിൽ സാത്താൻ നമ്മെ പരീക്ഷിക്കും. അവൻ നമ്മെ പഠിക്കുകയും വിശകലനം ചെയ്യുകയും നമ്മുടെ പാപസ്വഭാവത്തിന്റെ ബലഹീന മേഖലയിലെ മനോഹരവസ്തുവിനെ നമ്മുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുന്നു.

വിവിധ പരീക്ഷകൾ മനോഹര രൂപത്തിൽ നാം അഭിമുഖീകരിക്കുമ്പോൾ ഇതിനെല്ലാം ഒരു ഉദ്ദേശ്യമുണ്ടെന്ന് നാം മനസ്സിൽ കരുതണം. ദൈവം പരീക്ഷയെ പരിമിതപ്പെടുത്തുന്നു. ഇതിന് ദൈവിക ഉദ്ദേശ്യവുമുണ്ട്.

## വിശ്വാസം-സ്വസ്ഥത പ്രവൃത്തിരീതി

*"അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കുവാനുള്ള വാഗ്ദത്തം ശേഷിയിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അത് ലഭിക്കാതെ പോയി എന്നുവരാതിരിപ്പാൻ നാം ഭയപ്പെടുക. അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു. എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കകൊണ്ട് കേട്ടവചനം അവർക്ക് ഉപകാരമായി വന്നില്ല. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു". (എബ്രാ. 4:1-3).*

മിസ്രയീമിൽ നിന്ന് പുറപ്പെട്ട യിസ്രയേൽ ജനത്തിന് അവരുടെ അവിശ്വാസം നിമിത്തം വാഗ്ദത്ത ദേശത്ത് പ്രവേശിക്കുവാൻ സാധിച്ചില്ല. (എബ്രാ. 3:19) കനാൻ നാട് പാലും തേനും ഒഴുകുന്ന ദേശമായിരുന്നുവെങ്കിലും യിസ്രായേൽ ജനത്തിന് അവിടെ അനേക ശത്രുക്കളെ അഭിമുഖീകരിക്കയും കീഴടക്കയും ചെയ്യേണ്ടിയിരുന്നു. പെസഹയിലും മിസ്രയിമിൽ നിന്നുള്ള പുറപ്പാടിലും ദൈവം തന്നെ ജനത്തിന് വെളിപ്പെടുത്തുകയും ചെയ്തു. അവർ ഉറച്ചുനിന്ന് അവന്റെ രക്ഷ കാണുകയല്ലാതെ ഒന്നും ചെയ്യേണ്ടതില്ല എന്ന് ഓർപ്പിച്ചു.

ഈ പാഠങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് അവന്റെ ശക്തിയിൽ ആശ്രയിച്ച് കനാൻ കീഴടക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ യോശുവയും കാലേബും ഒഴികെ - അവന്റെ വാക്കുകളിൽ അവർ വിശ്വസിക്കായ്കകൊണ്ട് അവരെല്ലാം പരാജയപ്പെട്ടു. അവർ വിശ്വാസത്താൽ വാഗ്ദത്തത്തിൽ ആശ്രയിച്ചില്ല. അവർക്ക് വിശ്വാസത്തിലുള്ള സ്വസ്ഥത ഉണ്ടായിരുന്നില്ല.

ഇങ്ങനെയുള്ള സന്ദർഭത്തിൽ സന്തോഷത്തിൽ നയിക്കപ്പെടുവാൻ ഇടയാകുന്നതിന്റെ രഹസ്യം, എന്താണ് സംഭവിക്കുന്നതെന്ന് നാം അറിയുന്നതുകൊണ്ടാണ്. അറിയുക (oida) എന്നതിന് ഗ്രീക്കിൽ ഏതിന്മേൽ പ്രവൃത്തിക്കണമെന്ന് പൂർണമായ അറിവ് ലഭിക്കുന്നു എന്നാണ്. പക്വതയുള്ള പൂർണ്ണമായ ജ്ഞാനം എന്ന് അർത്ഥമുണ്ട്. വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് നാം അറിയുന്നു.

ഉളവാക്കുക (katergazomai) എന്നതിന് "നിലവാരത്തിനും മാതൃകയ്ക്കും അനുസരിച്ച് പ്രവർത്തിക്കുക" എന്നർത്ഥം. വിശ്വാസത്തിന്റെ പരിശോധന നിലവാരത്തിനും മാതൃകയ്ക്കും അനുസരിച്ച് സ്ഥിരത ഉളവാക്കുവാൻ കാരണമാകുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'സ്ഥിരത' 1കൊരി. 10:14ൽ പറയുന്ന സഹിക്കുക എന്ന വാക്കിൽ നിന്ന് വ്യത്യസ്തമാണ് (രണ്ടും ഇംഗ്ലീഷിൽ endurance) അവിടെ herpophero എന്നതിന് ക്ഷമയോടെ സഹിക്കുക എന്നാണർത്ഥം. ഇവിടെ hupomeno എന്നതിന് അവസാനംവരെ ഉറപ്പ്, സഹിക്കുവാനുള്ള കഴിവ് എന്നിങ്ങനെയാണ്. ഇവിടെ നമ്മിൽ രൂപപ്പെടുന്ന ഏകകാര്യം വിശ്വാസത്തിന്റെ പരിശോധനയാണ്.

ആദ്യഭാഗത്ത് യാക്കോബ് "നാനാപരീക്ഷകളെ"ക്കുറിച്ച് പറയുമ്പോൾ പരീക്ഷകൾ എന്ന വാക്കിന് 1കൊരിന്ത്യർ 10:13ൽ പറയുന്ന അതേ പദമാണ് ഉപയോഗിക്കുന്നത് (peirasmos) പരിശോധന എന്നതിന് റീസശാമീ അർത്ഥാൽ അംഗീകാര ലക്ഷ്യത്തോടെ പരീക്ഷിക്കുക. രണ്ടു വാക്കുകളും ഒരേ പരിസ്ഥിതിയെ പരാമർശിക്കുന്നു നാം പരീക്ഷിക്കപ്പെടുന്ന വേളയിൽ ഈ പരീക്ഷ സാത്താന്റെ സ്വാധീനതയിലുള്ള പഴയ പാപസ്വഭാവത്തിൽ നിന്നാണ് പുറപ്പെടുന്നത്. എന്നാൽ പരീക്ഷ ദൈവത്തിൽ നിന്നാണ് വരുന്നത്. പരീക്ഷ പാപം ചെയ്യുവാനാണ്. പരിശോധന വിശ്വാസത്തിന്റെ പ്രായോഗിക വശമാണ്.

വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നതിനാൽ ദൈവം നമ്മെ പരീക്ഷിക്കുവാൻ അനുവദിക്കുന്നു. സ്ഥിരതയുടെ സമ്പൂർണ്ണമായ ഫലം ഉണ്ടാക്കുവാൻ നാം അനുവദിക്കണം. "സമ്പൂർണ്ണമായ" ഫലം (teleios) എന്നതിന് അന്ത്യത്തിലേക്ക് എത്തിക്കുക, അവസാനിപ്പിക്കുക, പൂർണ്ണവളർച്ച, പ്രായപൂർത്തിയായത് എന്നിങ്ങനെ അർത്ഥം. യാക്കോബ് പാപരഹിതമായ ഒരു പൂർണ്ണതയെക്കുറിച്ചല്ല സംസാരിക്കുന്നത്. പിന്നെയോ ആത്മീയ പക്വതയെക്കുറിച്ചാണ്.

അതെങ്ങനെയാണ് പ്രായോഗികമാകുന്നത്? വിശ്വാസികളായ നാം വിശ്വാസമേഖലയിൽ നിലനിന്നുകൊണ്ട് ക്രിസ്തീയ നിലവാരത്തിൽ ജീവിതം മുമ്പോട്ട് നയിക്കുന്നവനാണ്. വിശ്വാസം നമ്മെ പരിശോധനയിലേക്ക് നയിക്കും. ഒരു പരീശോധനയിൽ നാം ജയിക്കുമ്പോൾ ശക്തമായ വിശ്വാസനിലവാരത്തിലേക്ക് പ്രവേശിക്കും.

ജീവിതത്തിലെ സ്വസ്ഥത ഇന്നും ലഭ്യമാണെന്ന് എബ്രാ. 4:3-8 വരെ ഓർപ്പിക്കുന്നു. വചനത്തിലെ വാഗ്ദത്തനാട് സ്വർഗ്ഗത്തിന്റെ ഒരു ചിത്രമല്ല, പിന്നെയോ ആത്മീയ പക്വതയുടെ ചിത്രമാണ്. തന്റെ ജനം പ്രവേശിക്കുവാൻ ദൈവം ആഗ്രഹിക്കുന്ന സ്വസ്ഥത ധാരാളം നന്മയുടെയും അനുഗ്രഹത്തിന്റെയും സ്വസ്ഥതയാണ്. ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിക്കുവാൻ പഠിക്കുന്നതുവരെ ഈ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ നമുക്ക് സാധിക്കയില്ല. വിശ്വാസം എന്നത് മനസ്സിലാക്കേണ്ട ഒരു പ്രതികരണമായതുകൊണ്ട് അത് പഠിക്കുവാൻ പ്രത്യേക സംവിധാനം ആവശ്യമാണ്. ഓരോ ദിവസം തുടർമാനമായി നാം അത് ചെയ്യുമ്പോൾ ആത്മീയശക്തി നമ്മിലേക്ക് പ്രവേശിക്കയും നാം വിശ്വാസത്തിൽ ശക്തന്മാരായിത്തീരുകയും ചെയ്യുന്നു.

ഉദാഹരണമായി, നാളെ രാവിലെ മുതൽ നാം ഇങ്ങനെ പറഞ്ഞുകൊണ്ട് ഓരോ ദിവസവും ആരംഭിക്കണം. "ദൈവം എന്റെ ബുദ്ധിമുട്ടൊക്കെയും തീർത്തു തരുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു (ഫിലി., 4:19) അവൻ അങ്ങനെ ചെയ്യുവാൻ ശക്തനാണെന്ന് ഞാൻ അറിയുന്നു. (2കൊരി. 9:8) തന്റെ പുത്രനെ എനിക്കുവേണ്ടി തന്നതുകൊണ്ട് അവൻ ഒന്നും തടഞ്ഞുവെക്കുകയില്ല. (റോമ. 8:32). ഞാൻ ഒന്നിനെക്കുറിച്ചും വിചാരപ്പെടേണ്ടതില്ല. എന്നാൽ അവന്റെ സമാധാനം എന്റെ ചിന്തകളെ കാക്കുവാൻ ഞാൻ അനുവദിക്കുന്നു. (ഫിലി. 4:6-7) ചിന്താകുലങ്ങൾ അവന്റെ മേൽ ഇടുക (1പത്രൊ. 5:7) കർത്താവിനെ കാത്തിരിക്കുക (യെശ. 40:31) അവൻ വിശ്വസ്തനാണ് (1കൊരി. 1:9). മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ മറ്റുള്ളതെല്ലാം അവൻ നൽകും (മത്താ. 6:33).

ആ ശക്തമായ വിശ്വാസംകൂടുതൽ പ്രതികൂലമായ പരിശോധനയെ അഭിമുഖീകരിക്കണം. അടുത്ത പരീക്ഷ വിജയിക്കുമ്പോൾ കൂടുതൽ ശക്തമായ വിശ്വാസത്തിൽ എത്തുന്നു. അത് വീണ്ടും ശക്തിയേറിയ പരിശോധനയെ അഭിമുഖീകരിക്കുവാൻ സന്ദർഭമാകുന്നു. അതാണ് ക്രിസ്തീയ വിശ്വാസ ജീവിതത്തിലെ സ്വസ്ഥത. എങ്ങനെയാണ് വിശ്വാസത്തെ പരിശോധിക്കുന്നത്? ദൈവ വചനത്തിലെ ഉപദേശ വിഷയങ്ങളിൽ നമുക്കുള്ള ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നാം പേപ്പറിൽ എന്ത് എഴുതി എന്നതിന്റെയോ, നാം എത്രമാത്രം ബുദ്ധിശാലിയാണെന്നതിന്റെയോ അടിസ്ഥാനത്തിലല്ല എന്നാണ് പരിശോധന തെളിയിക്കുന്നത്. നാം എന്തറിയുന്നു. എന്തു മനസ്സിലാക്കുന്നു. ദൈവവചനത്തിൽ എന്ത് വിശ്വസിക്കുന്നു എന്നാണ് തെളിയിക്കുന്നത്.

ദൈവം ഒരു നല്ല ഗുരുവാണ്. നമുക്ക് ആവശ്യമുള്ള വിവരങ്ങൾ നല്കുകയും പഠിച്ച വിവരങ്ങളോട് നാം ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു എന്ന് ഓർപ്പിക്കുകയും ചെയ്യുന്നു. ആവിവരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മെ പരിശോധിക്കുകയും ചെയ്യുന്നു. ആ വിവരങ്ങൾ വചനത്തിലൂടെ നമുക്ക് ലഭിക്കുന്നതുകൊണ്ട് വചനപഠനം വളരെ അത്യാവശ്യമാണ്. നാം ഒഴിവാക്കുന്ന ചില ബൈബിൾ പഠനക്ലാസ്സുകളിലായിരിക്കും നമുക്ക് പരിശോധനയെ നേരിടുവാനാവശ്യമായ വിവരങ്ങൾ നല്കുന്നത്.

നാം ഒഴിവാക്കിയ ക്ലാസ്സുകളിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മെ പരിശോധിക്കുന്നത് ദൈവത്തെ സംബന്ധിച്ച് നീതികേടല്ല. നാം അവിടെ പോകുന്നില്ലയെങ്കിൽ വിവരങ്ങൾ ലഭിക്കുന്നില്ല എന്നത് ദൈവത്തിന്റെ കുഴപ്പമല്ല. ഇത് സ്കൂളിലെ ചില ക്ലാസ്സ് ഒഴിവാക്കുന്നതിന് തുല്യമാണ്. ഒരു പരീക്ഷയിൽ തോല്ക്കുന്നതിന് അദ്ധ്യാപകരെ കുറ്റപ്പെടുത്തുവാൻ കഴികയില്ല. അദ്ധ്യാപകന് ഇങ്ങനെ ആത്മാർത്ഥതയോടെ പറയുവാൻ കഴിയും. “ഞാൻ എല്ലാവിവരങ്ങളും നല്കിയിരുന്നു. നീ അവിടെ ഉണ്ടായിരുന്നില്ല അല്ലെങ്കിൽ അശ്രദ്ധയോടെയിരുന്നു.” ദൈവത്തിന് അതേ കാര്യം തന്നെ പറയുവാൻ സാധിക്കും. ദൈവം നമ്മെ പഠിപ്പിക്കുന്നു. നമ്മെ പരിശോധിക്കുന്നു. അതിൽ വിജയിക്കയോ തോല്ക്കയോ ചെയ്യുന്നത് ലഭിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണ്.

> *“അതിൽ നിങ്ങൾ ഇപ്പോൾ അല്പനേരത്തേക്ക് നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷത്തിൽ പുകഴ്ചയ്ക്കും തേജസിനും മാനത്തിനുമായി കാണ്മാൻ ഇടവരും”. (1 പത്രൊ. 1:6-7).*

---

**കൂട്ടായ്മക്കും ആത്മീയതയ്ക്കുമുള്ള വാഗ്ദത്തങ്ങൾ:** യോഹ. 15:7-8; എഫെ. 2:10; ഫിലി. 1:6; കൊലോ. 2:10; 2തിമൊ. 2:15; 2:21-22: 3:16; എബ്രാ. 10:23-25.

**പരീക്ഷയിലുള്ള വാഗ്ദത്തങ്ങൾ:** പുറ. 14:13-14; 1ശമു. 17:47; സങ്കീ. 4:8, 56:3; യെശ. 41:10; റോമ. 8:28, 31: 1കൊരി. 10:13; യാക്കോ. 1:2-3, 12. 1പത്രൊ. 1:7;5:7.

**ആവശ്യങ്ങളിലുള്ള വാഗ്ദത്തങ്ങൾ:** മത്താ. 6:33; റോമ. 8:32; 1കൊരി. 1:9; 2കൊരി. 9:8. ഫിലി. 4:6-7, 19; 1തിമൊ. 6:6-8.

**അധൈര്യപ്പെടുമ്പോൾ:** യെശ. 40:13, ഫിലി. 1:6, 3:13-14, 4:6-7, 13; 2തിമൊ. 1:7 എബ്രാ. 4:15-16; 13:5

**പ്രാർത്ഥനയ്ക്കുള്ള വാഗ്ദത്തങ്ങൾ:** മത്താ. 21:22; യോഹ. 15:7: 1തെസ്സ. 5:18; യാക്കോ. 1:5-6; 1 യോഹ. 3:22; 5:14-15.

**അവിശ്വാസികൾക്കായുള്ള വാഗ്ദത്തങ്ങൾ:** റോമ. 1:16-17 1തിമൊ. 2:3-4; 1പത്രൊ. 3:1-2; 2 പത്രൊ. 3:9; 1യോഹ. 2:2.

**ഭാവിയിലേക്കുള്ള വാഗ്ദത്തങ്ങൾ**: യോഹ. 10:28-29, 14:1-3; എഫെ. 3:20-21; ഫിലി. 3:20-21 1 തെസ്സ. 5:9-10; 1പത്രൊ. 1:3-5; 1 യോഹ. 3:1-2; വെളി. 20:6; 21:3-4.

യാക്കോബിനെപ്പോലെ പത്രോസും വിവിധനിലയിലുള്ള പരീക്ഷകളും പരിശോധനകളും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുമെന്ന് ഓർപ്പിക്കുന്നു. പരിശോധനയുടെ ഉദ്ദേശ്യം യാക്കോബ് 1-ാം അദ്ധ്യായത്തിൽ പറഞ്ഞതുപോലെ വിശ്വാസത്തെ തെളിയിക്കുവാനാണ്. നമ്മുടെ വിശ്വാസം എത്ര ശക്തമാണെന്ന് നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ട് ദൈവം നമ്മെ പരീക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. പരിശോധനയുടെ പരിധി എന്നത് നാം എത്രമാത്രം പ്രതികരിക്കും എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

പുരാതകാലങ്ങളിൽ തട്ടാൻ സ്വർണ്ണം തന്റെ മൂശയിൽ വെയ്ക്കും. അതിന്റെ അടിയിലുള്ള ചൂട് ഏല്ക്കുമ്പോൾ സ്വർണ്ണം ഉരുകുന്നു. ചൂട് കൂടുതലാകുമ്പോൾ അതിലെ കീടങ്ങൾ മുകളിലേക്ക് വരുന്നു. തട്ടാൻ അത് നീക്കിയെടുത്ത് പുറത്തേക്ക് കളയുന്നു. മാലിന്യമില്ലാത്ത ശുദ്ധമായ സ്വർണ്ണം ലഭിക്കുന്നു. തുടർന്ന് തീയ് അണയ്ക്കുകയും ചെയ്യുന്നു.

നാം ക്രിസ്തീയ ജീവിതം ആരംഭിക്കുമ്പോൾ നമുക്ക് ചെറിയ ചൂട് നല്കുന്നു. മാലിന്യങ്ങൾ മുകളിലേക്ക് വരുന്നു. അതെടുത്തു മാറ്റികളയുന്നു നാം മുമ്പോട്ട് പോകുമ്പോൾ വിശ്വാസം വർദ്ധിക്കുന്നു. ചൂടും വർദ്ധിക്കുന്നു. ചൂട് കൂടുന്തോറും കൂടുതൽ മാലിന്യങ്ങൾ പുറത്തേക്ക് വരുന്നു.

എന്താണ് ഈ പ്രക്രിയയിൽ നടക്കുന്നത്? ''കഴിയുന്നിടത്തോളം നാം നല്ലവരാണെ''ന്നുള്ള ചിന്ത ഇല്ലാതാകുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ വളരെ ചൂടുള്ള അനുഭവങ്ങൾ ഒരുക്കുന്നതിന്റെ കാരണം അതില്ലയെങ്കിൽ നമ്മുടെ ജീവിതത്തിലെ മാലിന്യങ്ങളും വീഴ്ചകളും നീക്കിക്കളയത്തക്കവണ്ണം അത് പുറത്തേക്ക് വരികയില്ല. നാ പൂർണ്ണതയുള്ള വിശ്വാസികളാണെന്ന് ചിലപ്പോൾ ചിന്തിച്ചേക്കാം. തങ്ങൾ പൂർണ്ണതയുള്ള വിശ്വാസികളാണെന്ന് ചിന്തിക്കുവാൻ ദൈവം ആരെക്കുറിച്ചും ആഗ്രഹിക്കുന്നില്ല. ഫിലിപ്പിയർ 3:12-14 വരെ പൗലോസ് അത് വ്യക്തമാക്കുന്നു.

നമ്മുടെ ജീവിതത്തിലെ ചൂടുവർദ്ധിക്കുമ്പോൾ നാം ഉടയുകയും തെറ്റായ കാര്യങ്ങൾ പുറത്തേക്കു വരികയും ചെയ്യുമ്പോൾ നാം കൂടുതൽ ശക്തിപ്പെടേണ്ടതാണ്. അതാണ് യഥാർത്ഥത്തിൽ സംഭവിക്കേണ്ടത്. എല്ലാ സമ്മർദ്ദങ്ങളുടെയും ഉദ്ദേശ്യം നമ്മുടെ ജീവിതത്തിലെ കുറവുകളെ ചൂണ്ടിക്കാണിക്കുകയാണ്.

ഒരു തട്ടാൻ ഉരുകിയ സ്വർണ്ണത്തിലേക്ക് തുടർന്ന് നോക്കുമ്പോൾ തന്റെ മുഖം അതിൽ പ്രതിബിംബിക്കുന്നു. താൻ ഉദ്ദേശിച്ചതുപോലെ ശുദ്ധമായ സ്വർണ്ണം രൂപപ്പെട്ടു എന്ന് അപ്പോൾ മനസ്സിലാക്കുന്നു. നാം ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരാകണമെന്നതാണ് ദൈവിക പദ്ധതിയുടെ ഉദ്ദേശ്യം. നമ്മുടെ ജീവിതത്തിൽ അത് സംഭവിക്കുവാൻ എന്താണാവശ്യം? ചൂട്, വളരെയധികം തീ. നാം വളരെ പരിശോധനയിൽ കൂടെ കടന്നുപോകുകയും കുറവുകളും അശുദ്ധിയും നീക്കികളയുകയും വേണം. അതെല്ലാം അതിന്റെ മുകളിലേക്ക് വരണം. ദൈവത്തിന്റെ ഇഷ്ടം - പരിശോധനയുടെ ഉദ്ദേശ്യം - നമ്മുടെ ജീവിതത്തിലേക്ക് നോക്കുകയും തന്റെ മുഖം നമ്മിൽ പ്രതിബിംബിക്കയും വേണം എന്നുള്ളതാണ്. നാം വിജയിക്കുന്ന ഓരോ പരിശോധനയിലും അവന്റെ പ്രതിബിംബം കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു.

## ദൈനംദിന ശിക്ഷണം

1. **പരിശുദ്ധാത്മനിറവിൽ ഓരോ ദിവസവും ആരംഭിക്കുക** (എഫേ. 5:18; കല്പന; 1 യോഹ. 1:9. രീതി. 1കൊരി. 11:28-31. വാഗ്ദത്തം) പാപങ്ങളെ അപ്പോഴപ്പോൾ ഏറ്റുപറയുക - മനസ്സിൽ, വാക്കുകളിൽ, പ്രവൃത്തികളിൽ വരുന്ന പാപം.
2. **വചനപഠനത്തോടും പ്രാർത്ഥനയോടും കൂടെ ഒരു ദിവസത്തെ അഭിമുഖീകരിക്കുക** (2തിമോ. 2:15, 3:16-17; 2പത്രൊ. 3:18. പഠിക്കുവാനുള്ള കല്പന; സദൃ. 8:33-35 വാഗ്ദത്തം ; 1തെസ്സ. 5:17; ഫിലി. 4:6, പ്രാർത്ഥിക്കുവാനുള്ള കല്പന; യാക്കോ. 5:16, 1യോഹ. 5:14-15 വാഗ്ദത്തം)
3. **എല്ലാദിവസവും വിശ്വാസത്തിൽ സ്വസ്ഥത പ്രയോഗിക്കുവാൻ ജാഗരൂകരായിരിക്കുക** (സദൃ. 3:5-6, കല്പന; സങ്കീ. 37:4.7, വാഗ്ദത്തം)
4. **ശുശ്രൂഷയുടെ വാതിൽ തുറക്കുവാൻ ജാഗരൂകരാകുക** (1പത്രൊ. 3:15; കൊലൊ. 4:17)
5. **ഉപദേശവിഷയങ്ങൾ പ്രാവർത്തികമാക്കുവാൻ കുടുംബം അടിസ്ഥാനഘടകമാക്കുക** (കൊലൊ. 3:17-21)



# പാഠം. 4 – 4:
# സാക്ഷ്യമുള്ള വിശ്വാസം - *സ്വസ്ഥത*

എബ്രായർ. 4:1–3
ഫിലിപ്പിയർ. 4:6–7
ദാനിയേൽ 6:16–23

അമിതാവേശത്തിലൂടെ നിരാശയും കലാപവും ഭയവും ജനിപ്പിച്ച് നമ്മുടെ ആന്തരികസമാധാനം ചോർത്തിക്കളയുവാൻ തക്കവണ്ണം രൂപപ്പെടുത്തിയ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമുക്ക് കൃത്യമായി ആവശ്യമുള്ളത് നമുക്ക് നല്കുവാൻ ദൈവം ആഗ്രഹിക്കുന്നു. പോരാട്ടത്തിൽ വിജയികളായിത്തീരുവാൻ നമ്മെ സഹായിക്കുന്ന ആന്തരികസമാധാനവും മനഃശാന്തിയും ലഭിക്കുവാൻ തക്കവണ്ണം ശരിയായ സ്വസ്ഥത കണ്ടെത്തുവാനുള്ള സാധ്യതകൾ ഒരുക്കിയിരിക്കയാണ്.

അവന്റെ വാഗ്ദാനത്തിൽ ഉള്ള ഏക 'കുഴപ്പം' വിശ്വാസത്താൽ മാത്രമെ അത് നമുക്ക് നേടുവാൻ കഴികയുള്ളു എന്നതാണ്. അവന്റെ സ്വസ്ഥത സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുക എന്നത് ഓരോരുത്തരും തെരഞ്ഞെടുക്കുവാനുള്ളതാണ്. നാം സ്വീകരിച്ചാൽ ആത്മീയ ഔന്നത്യത്തിലേക്ക് നീങ്ങുവാൻ തക്കവണ്ണം നാം സജ്ജമാകും. നാം അത് നിരാകരിച്ചാൽ നമ്മുടെ ജീവിതത്തെ മരുഭൂമിയിൽ നിരാശയുടെ അനുഭവത്തിൽ നഷ്ടപ്പെടുത്തുകയും ചെയ്യും.

> *"അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അത് ലഭിക്കാതെ പോയി എന്നുവരാതിരിപ്പാൻ നാം ഭയപ്പെടുക"(എബ്രാ. 4:1).*

ദൈവത്തിന്റെ ന്യായവിധി രാഷ്ട്രത്തിന്മേൽ വരുവാൻ പോകുന്നു എന്ന് യരുശലേമിലുള്ള യഹൂദവിശ്വാസികൾക്ക് മുന്നറിയിപ്പ് നല്കുവാനാണ് ലേഖനകാരൻ ഇത് എഴുതുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയുടെ അനുഭവത്തിൽനിന്ന് ജീവനില്ലാത്ത ആചാരാനുഷ്ഠാനങ്ങളിലേക്ക് വീണ്ടും തിരിച്ചുപോകുന്ന ഇത്തരക്കാർക്ക് ആരോഗ്യകരമായ ഭയം ജനിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അതായത് വിശ്വാസത്തിൽ ചേർന്നു നില്ക്കുന്ന സ്വസ്ഥത നഷ്ടപ്പെടും എന്നുള്ള വിപൽപ്രബോധനം നല്കുകയാണ്. ഈ പാഠം പഠിപ്പിക്കുന്നതിലേക്ക് 3-ാം അദ്ധ്യായത്തിൽ മോശയെയും പുറപ്പാടിന്റെ കാലഘട്ടത്തെയും ചൂണ്ടിക്കാണിക്കുന്നു.

മിസ്രയീമിൽ നിന്ന് അവൻ പുറപ്പെട്ട് ഒരു വർഷം കഴിഞ്ഞപ്പോൾ വാഗ്ദത്തനാടായ കാനാന്റെ അതിരിനടുത്ത് കാദേശ്ബർന്നയിൽ എത്തി. ആ നാട്ടിൽ അവർക്ക് വിശ്രമം നല്കുമെന്ന് ദൈവം അരുളപ്പാടുകൊടുത്തു. ദേശം ഒറ്റുനോക്കുവാൻ വേണ്ടി 12 പുരുഷന്മാരെ അയയ്ക്കുവാനായി മോശയോടു കല്പിച്ചു (സംഖ്യ. 13) 12 പേർ മടങ്ങിവന്നപ്പോൾ ദേശത്തെക്കുറിച്ച് നല്ല അഭിപ്രായമാണ് പറഞ്ഞത്, പാലും തേനും ഒഴുകുന്ന ദേശം എങ്കിലും കോട്ടകളുള്ളതും ശക്തന്മാർ വസിക്കുന്നതുമായ ദേശം. അവരിൽ രണ്ടു പേർ - യോശുവയും കാലേബും - പോയി ദേശം കൈവശമാക്കണമെന്ന് പറഞ്ഞു. ദൈവം വാഗ്ദത്തം ചെയ്ത ദേശമായതുകൊണ്ട് അവർക്ക് കീഴടക്കുവാൻ കഴിയുമെന്ന് അവർ മനസ്സിലാക്കി. എന്നാൽ മറ്റുള്ള പുരുഷന്മാർ, ശത്രുക്കൾ വളരെ ശക്തന്മാരാണെന്നും അവരെ ജയിക്കുവാൻ കഴിയുകയില്ലെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. യോശുവക്കും കാലേബിനും ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. എന്നാൽ മറ്റുള്ളവർക്ക് ആ വിശ്വാസം ഇല്ലായിരുന്നു.

അതുകൊണ്ട് ദൈവം ഈ തലമുറയെ 39 വർഷം മരുഭൂമിയിൽ ചുറ്റിക്കറങ്ങുവാൻ അനുവദിച്ചു. അവരുടെ വഴിയിൽ കടന്നുവന്ന പരീക്ഷകൾ വിശ്വാസത്തിൽ നിലനില്ക്കുവാനുള്ള പരീക്ഷകളായിരുന്നു. ആ കാലഘട്ടത്തിൽ സംഭവിച്ചതെന്താണെന്ന് പൗലോസ് 1കൊരി. 10ൽ വിശദീകരിക്കുന്നു. ദൈവം അവരെ പരീക്ഷിച്ച ഓരോ സന്ദർഭത്തിലും അവർ പരാജയപ്പെട്ടു. ഓരോ വൈഷമ്യങ്ങളിൽ നിന്നും ദൈവം അവരെ അത്ഭുതകരമായി വിടുവിച്ചു. വിശ്വാസത്തിന്റെ സ്ഫുരണം ഉണ്ടോ എന്നറിയുവാൻ വീണ്ടും വീണ്ടും പരീക്ഷിച്ചു. അവരിൽ ഒന്നും കണ്ടെത്തിയില്ല. അതുകൊണ്ട് യോശുവയും കാലേബും ഒഴികെ ഇരുപത് വയസ്സിൽ മുകളിലോട്ടുള്ള എല്ലാ പുരുഷന്മാരും മരുഭൂമിയിൽ മരിച്ചുപോയി.

കനാൻ നാട് സ്വർഗ്ഗത്തിന്റെ ഒരു ചിത്രമല്ല. ഇത് വിശ്വാസ ജീവിതത്തിന്റെ ഒരു ചിത്രമാണ്. വാഗ്ദത്ത ദേശത്ത് മല്ലന്മാരുണ്ടായിരുന്നു. യുദ്ധം ചെയ്യുവാൻ ശക്തരായ ശത്രുക്കളുണ്ടായിരുന്നു. എന്നാൽ യിസ്രയേൽ മക്കൾ തനിയെ പോകുവാൻ ആവശ്യമില്ലായിരുന്നു. അവരെ രക്ഷിക്കുവാൻ ശക്തനാണെന്ന് തെളിയിച്ച ദൈവം അവരോടു കൂടെ ഉണ്ടായിരുന്നു. എന്നാൽ ഇളയ തലമുറ അവിടെ പ്രവേശിക്കുകയും അവരുടെ പിതാക്കന്മാർക്ക് ചെയ്യുവാൻ കഴിയുമായിരുന്നത് അവർ ചെയ്യുകയും ചെയ്തു. വിശ്വാസത്താൽ അവർ ദേശം അവകാശമാക്കി. വിശ്വാസത്തിലധിഷ്ഠിതമായ സ്വസ്ഥത അവർക്ക് ലഭിക്കുകയും ചെയ്തു.

എബ്രായ ലേഖനക്കാരൻ "നാം ഭയപ്പെടുക" എന്ന് പറയുമ്പോൾ പുറപ്പാടു കാലഘട്ടത്തെക്കുറിച്ചുള്ള പാഠം മനസ്സിലാക്കുവാൻ ജനത്തെ ഉപദേശിക്കുകയാണ്. "അവർ പരാജയപ്പെട്ടു. നിങ്ങളും പരാജയപ്പെടാം. അവരുടെ സന്തതികൾ വിജയിച്ചു നിങ്ങൾക്കും വിജയിക്കാം ഇവിടെയാണ് നിങ്ങൾ ഭാവിയെക്കുറിച്ചു ഭയപ്പെടേണ്ട ഏക സ്ഥാനം."

ഈ ലോകത്തിൽ ദൈവം നമുക്കോരോരുത്തർക്കും ഏത്രകാലയളവ് അനുവദിച്ചിട്ടുണ്ടെന്ന് നമുക്കാർക്കും അറിഞ്ഞുകൂടാ. നമുക്ക് വ്യക്തിപരമായി അനുവദിച്ചിട്ടുള്ളത് ദൈവം നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള ലക്ഷ്യത്തിലെത്താൻ തക്കവണ്ണം മതിയായതാണ്. വിശ്വാസികൾ എന്ന നിലയിൽ നാം മരുഭൂമിയിൽകൂടെയുള്ള അനുഭവത്തിൽ ജീവിക്കുമ്പോൾ - പരീക്ഷയിൽ പരാജയപ്പെടുമ്പോൾ - ഭയത്തോടെ ജീവിക്കേണ്ടതാവശ്യമാണ്. നാം മരണത്തെ ഭയപ്പെടരുത്. ശത്രുക്കളെ ഭയപ്പെടരുത്, പാപത്തെയും ഭയപ്പെടരുത്. നാം ദൈവത്തെ വചനത്തിൽകൂടെ അനുസരിക്കുന്നതിൽ പരാജയപ്പെടുമ്പോൾ, വാഗ്ദത്ത ദേശത്ത് പ്രവേശിക്കുന്നതിൽ പരാജയപ്പെടുമ്പോൾ നാം ഭയപ്പെടേണം.

ദൈവത്തിന്റെ, അതേ നിലയിലുള്ള അനുഭവങ്ങളാണ് നമുക്കുവേണ്ടിയും കാത്തിരിക്കുന്നത്. പുറപ്പാടുകാലഘട്ടത്തിലെ ജനത്തിനുണ്ടായ അതേ അനുഗ്രഹത്തിന്റെയും വിജയത്തിന്റെയും സന്തോഷത്തിന്റെയും വാഗ്ദത്തങ്ങൾ. ഈ ജനത്തിന് ഇതിൽ "കുറവുണ്ടാകരുതു" എന്ന് എഴുത്തുകാരൻ ആഗ്രഹിക്കുന്നു (hustereo എന്ന വാക്കാണ് ഉപയോഗിക്കുന്നത്. "ഓട്ടക്കളത്തിൽ ഇടറിവീണ് ഓട്ടം പൂർത്തിയാക്കുന്നതിൽ പരാജയപ്പെടുക")

എല്ലാ വിശ്വാസികളും രക്ഷയിൽ നിന്ന് പുരോഗമനം പ്രാപിക്കണമെന്ന് ദൈവം പദ്ധതിയിട്ടു. പെസഹായിലും പുറപ്പാടിലും അത് ചിത്രീകരിച്ചു. മരുഭൂമിയിലെ യാത്ര, പരീക്ഷയും ആത്മീയ വളർച്ചയും ജീവിത ഘടകങ്ങളാണെന്ന് ചിത്രീകരിച്ചു. കനാനിലെ ജീവിതഅനുഭവം പക്വതയുടെ നിലവാരത്തെ ചൂണ്ടിക്കാണിച്ചു. ആത്മീയ പക്വതയുടെ ദേശത്ത് എന്താണ് കാത്തിരിക്കുന്നത്? വലിയ അനുഗ്രഹങ്ങളും മല്ലന്മാരും.

## അസാധാരണ പരിശോധന

ചിലപ്പോൾ ദൈവത്തിന്റെ കല്പനകൾക്ക് പ്രത്യക്ഷമായ അർത്ഥം കണ്ടില്ല എന്ന് വരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ദൈവം പ്രത്യേകമായ ആശയം തരുവാൻ ആഗ്രഹിക്കുന്നില്ല. ഒരു ഉദ്ദേശ്യവും കൂടാതെ ദൈവം ഒരു കാര്യവും ചെയ്യുന്നില്ല. എല്ലാം നന്മയ്ക്കായി രൂപപ്പെടുത്തുന്നവനാണെന്ന് പൂർണ്ണമായി ആശ്രയിക്കാം. നാം അത് മനസ്സിലാക്കണമെന്നു കാണിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ട് പല അസാധാരണ പരിശോധനകളും നമുക്ക് തന്നു എന്നുവരാം.

> *"വിശ്വാസം കൂടാതെ അവനെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" എബ്രാ. 11:6.*

1. പുത്രനിൽകൂടെ തന്നെ വലിയൊരുജാതിയാക്കാമെന്ന് വാഗ്ദത്തം ചെയ്ത ദൈവം തന്റെ "ഏകജാതനായ പുത്രനെ" യാഗം അർപ്പിക്കുവാൻ കല്പനകൊടുത്ത് അബ്രഹാമിനെ പരീക്ഷിച്ചു. (ഉല്പ. 22:1–2)
2. കലത്തിലെ ഒരു പിടിമാവും തുരുത്തിയിലെ അല്പം എണ്ണയും ഉപയോഗിച്ച് അവസാനമായി ഒരു അടയുണ്ടാക്കി കഴിച്ചിട്ട് മകനോടുകൂടെ മരിക്കുവാനാഗ്രഹിച്ച സരെഫാത്തിലെ വിധവയോടു കല്പിക്കുന്നു. 'പ്രവാചകനുവേണ്ടി ആദ്യം ഒരു ചെറിയ അട ഉണ്ടാക്കുക' (1രാജ. 17:3)
3. തന്റെ മക്കളെ അടിമയാക്കുവാൻ കടക്കാർ വന്നപ്പോൾ വിധവയോടുകല്പിക്കുന്നത്. അയൽവാസികളോട് പാത്രങ്ങൾ കടംവാങ്ങുക എന്നായിരുന്നു (2രാജ. 4:3)
4. കുഷ്ഠരോഗിയായ നയമാനോടുള്ള കല്പന, യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങുവാനായിരുന്നു. (2 രാജ. 5:10)
5. യേശുവിന് സ്പർശനത്താൽ തന്നെ സൗഖ്യമാക്കുവാൻ കഴിയുമെന്ന് ഒട്ടും സംശയമില്ലാതിരുന്ന കുരുടനോട് പോയി ശിലോഹാം കുളത്തിൽ കഴുകുവാനാണ് പറഞ്ഞത്. (യോഹ. 9:7, 11)
6. അവന്റെ ഗുരു പള്ളിയിൽ കരം കൊടുക്കുന്നവോ എന്ന് പത്രോസിനോട് ചോദിച്ചപ്പോൾ മീൻ പിടിക്കുവാൻ പോക എന്നായിരുന്നു കല്പന. (മത്താ. 17:27)

ഈ കല്പനകളോട് അനുസരണക്കേട് കാണിച്ചിരുന്നുഎങ്കിൽ എന്ത് സംഭവിക്കുമായിരുന്നു. ഒന്നും സംഭവിക്കയില്ലായിരുന്നു. അനുസരിക്കുന്നില്ല എങ്കിൽ ഒരു അത്ഭുതവും നടക്കയില്ല. ദൈവത്തിന്റെ വചനം യഥാർത്ഥമായി വിശ്വസിക്കുമെങ്കിൽ അതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് കഴിയും. കല്പനകളെ സംബന്ധിച്ച് അത് ബുദ്ധിപൂർവ്വമല്ല എന്ന് തോന്നിയാലും വിശ്വാസത്തോടുകൂടി അനുസരിക്കേണ്ടതാണ്.

മിസ്രയീമിൽ നിന്ന് പുറപ്പെട്ട ജനം മരുഭൂമിയിൽ എന്താണോ അഭിമുഖീകരിച്ചത് അത് വാഗ്ദത്തദേശത്ത് കണ്ടതുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ നിസ്സാരമാണ്. അവരുടെ ഭയം അവരെ അതിരിങ്കൽ തടഞ്ഞുനിർത്തി. എന്നാൽ അവരുടെ സന്തതികൾ അങ്ങനെയല്ലായിരുന്നു. അവർ പറഞ്ഞു. "നമുക്ക് അത് കീഴടക്കുവാൻ കഴിയും". അതുകൊണ്ട് യെരിഹോവിൽ ആദ്യത്തെ പരീക്ഷ അഭിമുഖീകരിച്ചു. അവർ എങ്ങനെ തന്റെ ആജ്ഞ അനുസരിക്കും എന്ന് കാണുവാൻ ദൈവം ആഗ്രഹിച്ചു. അവർ ഒരു കാര്യവും ചെയ്യുവാൻ അവൻ പറഞ്ഞില്ല. പട്ടണത്തെ ആദ്യത്തെ ആറുദിവസം ഒരു പ്രാവശ്യം ചുറ്റിനടക്കണം. ഏഴാമത്തെ ദിവസം ഏഴുപ്രാവശ്യം, ഇത് മാത്രം. ഈ നിർദ്ദേശങ്ങൾ അസാധാരണമായി തോന്നുന്നില്ലേ?

നാം സ്വസ്ഥതയിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ നിർദ്ദേശങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ചിലപ്പോൾ അസാധാരണകല്പനകൾ ലഭിച്ചു എന്നുവരും. നമ്മുടെ ആത്മീയ വളർച്ചയിൽ

പക്വതയുടെ അതിർവരമ്പ് കടന്ന് വാഗ്ദത്തദേശത്ത് പ്രവേശിക്കേണ്ടിവരുമ്പോൾ കോട്ടയുള്ള പട്ടണത്തെ അഭിമുഖീകരിക്കേണ്ടിവരും. അത് നമ്മുടെ ഉള്ളിൽനിന്നുതന്നെ ആയിരിക്കും. നമ്മുടെ യുക്തിക്ക് യോജിക്കാത്ത നിർദ്ദേശങ്ങൾ ദൈവം തരുവാൻ സാധ്യതയുണ്ട്. അത് അവന്റെ ചോദ്യരീതിയാണ്. ''നീ എന്നെ വിശ്വസിക്കുന്നുവോ? ഒന്നും ചെയ്യാതെ എങ്ങനെ ശരിയാകും? എങ്ങനെ സ്വസ്ഥത പ്രാപിക്കുവാൻ കഴിയും?" സ്വസ്ഥതയുള്ള യഹൂദന്മാരുടെ കഴിവിനെ പരിശോധിക്കുന്ന ഒന്നായിരുന്നു യെരിഹോ. നമ്മുടെ ജീവിതത്തിൽ നമ്മൾ ഓരോരുത്തരും എവിടെയെങ്കിലും 'യരിഹോ' അഭിമുഖീകരിക്കും.

> *"അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു. എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കകൊണ്ട് കേട്ടവചനം അവർക്ക് ഉപകാരമായി വന്നില്ല. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു". (എബ്രാ. 4:2-3).*

മിസ്രയീമിൽ നിന്ന് പുറപ്പെട്ട ജനം ദൈവിക കരുതലിൽ വിശ്വസിക്കാഞ്ഞതുകൊണ്ട് അവർ പരാജയപ്പെട്ടു. ചരിത്രത്തിലെ ഏറ്റവും വലിയ വേദാദ്ധ്യാപകൻ അവർക്കൊപ്പം ഉണ്ടായിരുന്നുഎങ്കിലും അവർക്ക് വിമർശിക്കുവാനേ കഴിഞ്ഞുള്ളു. മോശയുടെ കുറവുകൾ അവർക്കറിയാമായിരുന്നു. മോശ ചെയ്യുവാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്തതും ചെയ്യേണ്ടവ ചെയ്യാതിരുന്നതുമായ കാര്യങ്ങൾ അവർക്ക് കണ്ടുപിടിക്കുവാൻ കഴിഞ്ഞു. ആശയവിനിമയം നടത്തുവാൻ കഴിഞ്ഞില്ല എന്നതല്ലായിരുന്നു അവരുടെ കുഴപ്പം. സന്ദേശത്തെ വിശ്വാസത്തോടു ചേർത്തു കാണുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ദൈവത്തിലും അവന്റെ വാഗ്ദത്തത്തിലും വിശ്വസിക്കുവാൻ മോശ അവരെ നിരന്തരമായി വെല്ലുവിളിച്ചുകൊണ്ടിരുന്നു. എന്നാൽ അവർ അതു ചെയ്തില്ല.

ഒന്നാം നൂറ്റാണ്ടിലെ എബ്രായ ലേഖനകാരൻ പറയുന്നു. "നമ്മോടും അതേ സന്ദേശം പ്രസംഗിച്ചിട്ടുണ്ട്. അത് നാം വിശ്വസിക്കുവാനോ സംശയിക്കുവാനോ പോകുന്നു. അത് വിശ്വസിച്ചാൽ നാം വാഗ്ദത്ത ദേശത്ത് പ്രവേശിക്കും. നാം പരാജയപ്പെട്ടാൽ മരുഭൂമിയിൽതന്നെ വസിക്കും."

നമ്മുടെ വിശ്വാസത്തിൽ ഒന്നും ചെയ്യാതിരിക്കുവാൻ പഠിക്കുന്നതുവരെ, നിർഭയമായിനിന്ന് യുദ്ധം യഹോവയ്ക്കുള്ളതാണെന്ന് വിശ്വസിക്കുന്നതുവരെ, നമുക്ക് വിജയം കാണുവാൻ കഴികയില്ല. നമ്മുടെ ശക്തിയിലോ, അധികാരത്തിലോ, വേഗതയിലോ ദൈവം വിടുവിക്കുന്നില്ല. തന്റെ ആത്മാവിനാൽ ദൈവം വിടുവിക്കുന്നു.

മല്ലന്മാരെ നാം ഭയപ്പെടില്ല എന്ന് ഇതിന് അർത്ഥമില്ല. തീർച്ചയായും നമ്മുടെ ഭയമാണ് നിരന്തരമായ കൂട്ടായ്മയിലേക്കും യേശുക്രിസ്തു എന്ന വ്യക്തിത്വത്തോടു ചേർന്നു വസിക്കുവാനും ഇടയായിത്തീരുന്നത്. നാം വിശ്വസിച്ചുകൊണ്ടിരിക്കുമ്പോൾ നാം ജീവിതത്തിന്റെ പുതിയ വ്യാപ്തിയിലേക്കും വിശ്വാസത്തിന്റെ പുതിയ വ്യാപ്തിയിലേക്കും പ്രവേശിക്കുകയാണ്. കൂട്ടായ്മയിൽ ലഭിക്കുന്ന പരീക്ഷയിലെ വിജയം നമ്മെ സ്വസ്ഥതയിലേക്ക് നയിക്കുന്നു.

ഈ സ്വസ്ഥതയുടെ സ്ഥാനം ഈ ലോകത്തിലല്ല. ഇത് നമുക്ക് പുറത്തുമല്ല. ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന സംരക്ഷണം - ജീവിത പോരാട്ടത്തിന് ഊർജ്ജസ്വലതയും ശക്തിയും ലഭിക്കുന്ന സ്ഥാനം - നമ്മുടെ ആത്മാവിലാണ്. ഇതിലേക്കുള്ള വാതിൽ തുറക്കപ്പെടുന്നത് വിശ്വാസത്താലാണ്.

> *"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും". (ഫിലി. 4:6-7)*

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്" എന്നതിലെ ക്രിയാപദം merimnao വർത്തമാനകാല കർത്തരി പ്രയോഗത്തിൽ നിഷേധ രൂപത്തിലുള്ള പ്രസ്താവനയാണ് (വിചാരപ്പെടരുത്) merimnao എന്നതിന് "വിചാരപ്പെടുക, ബുദ്ധിമുട്ടുക, ക്ഷീണിക്കുക, നിരാശപ്പെടുക" എന്നിങ്ങനെ അർത്ഥമുണ്ട്. ഈ പ്രയോഗത്തിന്റെ ആക്ഷരികമായ അർത്ഥം. "വിചാരപ്പെടുന്നത് അവസാനിപ്പിക്കുക" എന്നാണ്. ഈ പ്രത്യേക പ്രയോഗത്തിലൂടെ, ഫിലിപ്പിയർ സ്വാഭാവികമായി ചെയ്യുന്ന ചില കാര്യങ്ങൾ ചെയ്യാതിരിക്കണം എന്ന് പൗലോസ് അവരെ ഓർപ്പിക്കുകയാണ്. "വിചാരപ്പെടുന്നത് അവസാനിപ്പിക്കുക."

"എല്ലാറ്റിലും" എന്നത് "ഒന്നിലും" എന്നതിന്റെ വാസ്തവികമായ പ്രയോഗമാണ്. "ഒന്നിനെക്കുറിച്ചും

“വിചാരപ്പെടരുത്.” എന്നാൽ “എല്ലാറ്റിലും” “സ്തോത്രം അർപ്പിക്കുക” ഇത് ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്.

വിചാരപ്പെടുന്നതിന് പരിഹാരമായ വിശദീകരണം നല്കുവാൻ പ്രാർത്ഥനയ്ക്ക് നാലുനിലയിലുള്ള പദപ്രയോഗമാണ് പൗലോസ് നല്കുന്നത്. പ്രാർത്ഥന - prosenchomai എന്നതിന് മുഖാമുഖമായി സമീപിക്കുക എന്നർത്ഥം. ഇത് ദൈവത്തോടുള്ള പ്രാർത്ഥനയ്ക്കുമാത്രം ഉപയോഗിക്കുന്ന വാക്കാണ്. നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുതരുവാൻ അവൻ മതിയായവനാണെന്ന് നാം പ്രാർത്ഥനയിൽകൂടെ അംഗീകരിക്കുന്നു.

അപേക്ഷ - deesis “ചിലത് ചോദിക്കുക, നിവേദനം നടത്തുക” എന്നർത്ഥം. പ്രാധാന്യമുള്ള വ്യക്തിപരമായ ആവശ്യം ബോധ്യപ്പെടുത്തുന്നതിനുള്ള വാക്കാണ് Deesis. വാഗ്ദത്തദേശത്തുള്ള മല്ലന്മാർ നമ്മെ ഒരു കാര്യം ഓർപ്പിക്കുന്നു. “നമുക്ക് തനിയെ യാതൊന്നും പ്രവർത്തിക്കുവാൻ കഴികയില്ല.” നമുക്ക് ദൈവം വേണം. സ്തോത്രം - eucharistia - രണ്ട് വാക്കുകൾ ചേർന്നതാണ്. Charis (കൃപ). aiteo (അപേക്ഷ) നാം സ്തോത്രം ചെയ്യുമ്പോൾ എല്ലാം ദൈവകൃപയാലാണ് ലഭിച്ചതെന്ന് നാം അംഗീകരിക്കുന്നു. അപേക്ഷകനെക്കാൾ ഉന്നതനായ ഒരു വ്യക്തിയോടാണല്ലൊ അപേക്ഷിക്കുന്നത്.

നാം തന്നെത്താൻ വിചാരപ്പെടുവാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ, ദൈവത്തിന് അഭിമുഖമായി ചെന്ന് നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും അറിയിക്കുകയും പ്രത്യേകമായ സാഹചര്യത്തിനും അവനൊരുക്കിയ പരിഹാരത്തിനും സ്തോത്രം അർപ്പിക്കുമ്പോൾ നമുക്ക് സമാധാനം ലഭിക്കും.

ഇത് ഏതെങ്കിലും സമാധാനമല്ല. പിന്നെയോ ദൈവിക സമാധാനം. പ്രത്യേകമായ ദൈവത്തിന്റെ സമാധാനം. എല്ലായ്പ്പോഴും ലഭിക്കുന്ന സമാധാനം. ദൈവം ഒരിക്കലും വിചാരപ്പെടുകയോ, അക്ഷമനാകയോ ചെയ്യുന്നില്ല. പൂർണ്ണതയുള്ള ദൈവിക സമാധാനം എല്ലാ സാഹചര്യങ്ങളുടെ മേലും ഉള്ള ദൈവത്തിന്റെ നിയന്ത്രണത്തെ വെളിപ്പെടുത്തുന്നു. ഈ സമാധാനം എല്ലാ ധാരണകൾക്കും നിഗമനങ്ങൾക്കും മേലായിരിക്കുന്നു. മാനുഷിക ചിന്താഗതികൾക്കും മനുഷ്യന് മനസ്സിലാക്കുവാൻ കഴിയുന്നതിനും മുകളിലാണ്.

ഇത് മനുഷ്യന് രൂപപ്പെടുത്താവുന്ന സമാധാനമല്ല. ദൈവത്തിനുമാത്രം. എന്നാൽ നമുക്ക് ഈ സമാധാനം പങ്കുവെയ്ക്കുവാൻ സാധിക്കും. Eirene – നീതീകരണത്തിൽ കൂടെ ലഭിക്കുന്ന സമാധാനത്തെ സൂചിപ്പിക്കുന്നു. (റോമ. 5:1) ഓരോ വിശ്വാസിയുടെയും ജന്മാവകാശമാണിത്. നിങ്ങൾക്ക് ലോകത്തിൽ കഷ്ടം ഉണ്ട് എന്ന് യേശു സൂചന നല്കി. (യോഹ. 16:33). ഈ സൂചനയോടു ചേർന്ന് അവന്റെ സമാധാനം സംബന്ധിച്ച വാഗ്ദത്തവും നല്കി - ഈ കഷ്ടതയിലും നമ്മെ കാണുവാൻ കഴിയുന്ന ഏക ശക്തി (യോഹ. 14:27; 16:33).

യേശുക്രിസ്തു തരുന്ന സമാധാനം, നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയം കാക്കും. “കാക്കുക - phoureo എന്നത് സംരക്ഷണത്തിനായി നിയോഗിച്ചിട്ടുള്ള പടയാളികൾക്കുള്ള കോട്ടയെ സൂചിപ്പിക്കുന്നു. കാവൽക്കാർ കയറിക്കഴിഞ്ഞാൽ പട്ടണം സുരക്ഷിതമാണ്. ദൈവത്തിന്റെ സമാധാനം നമ്മുടെ ആത്മാവിന്റെ കോട്ടയാകുമ്പോൾ നമുക്ക് സ്വസ്ഥതക്കുള്ള പൂർണ്ണമായ സുരക്ഷിതസ്ഥാനം ലഭിക്കുന്നു. പോരാട്ടത്തിന്റെ സന്ദർഭങ്ങളിലും നമുക്ക് ചൈതന്യം കണ്ടെത്തുവാൻ കഴിയും.

> *‘‘അങ്ങനെ രാജാവിന്റെ കല്പനയാൽ അവർ ദാനിയേലിനെ കൊണ്ടുവന്നു സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു. രാജാവ് ദാനിയേലിനോടു സംസാരിച്ചു. “നീ ഇടവിടാതെ സേവിച്ചു വരുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും” എന്ന് കല്പിച്ചു. അവർ ഒരു കല്ല് കൊണ്ടുവന്ന് ഗുഹയുടെ വാതില്ക്കൽ വെച്ചു. ദാനിയേലിനെ കുറിച്ചുള്ള നിർണ്ണയത്തിനു മാറ്റംവരാതെയിരിക്കേണ്ടതിന്നു രാജാവ് തന്റെ മോതിരം കൊണ്ടും മഹത്തുക്കളുടെ മോതിരംകൊണ്ടും അതിന് മുദ്രയിട്ടു. പിന്നെ രാജാവ് രാജധാനിയിൽ ചെന്ന് ഉപവസിച്ച് രാത്രി കഴിച്ചു. അവന്റെ സന്നിധിയിൽ വെപ്പാട്ടികളെ കൊണ്ടുവന്നില്ല. ഉറക്കം അവനെ വിട്ടുപോയി. രാജാവ് അതികാലത്ത് എഴുന്നേറ്റു ബദ്ധപ്പെട്ടു സിംഹഗുഹയുടെ അരികെ ചെന്നു. ഗുഹയുടെ അരികെ എത്തിയപ്പോൾ അവൻ ദുഃഖശബ്ദത്തോടെ ദാനിയേലിനെ വിളിച്ചു. രാജാവു ദാനിയേലിനോടു സംസാരിച്ചു. “ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനിയേലേ, നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ” എന്നു ചോദിച്ചു. ദാനിയേൽ രാജാവിനോട്, “രാജാവ് ദീർഘായുസ്സായിരിക്കട്ടെ. സിംഹങ്ങൾ*

## വിശ്വാസം - സ്വസ്ഥത

1. ആത്മാവിനും മനസിനും ശരിയായ സ്വസ്ഥത കണ്ടെത്തുന്നത് ദൈവിക സാന്നിദ്ധ്യത്തിൽ മാത്രം (പുറ. 33:14; സങ്കീ. 116:7)
2. നമ്മുടെ പ്രതിസന്ധികളിൽ നിന്ന് രക്ഷപ്പെടുന്നതിൽ സ്വസ്ഥത കണ്ടെത്തുവാൻ കഴികയില്ല. ദാവീദ് പോലും അതിന് ആഗ്രഹിച്ചിരുന്നു. (സങ്കീ. 55:6) എന്നാൽ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയും നാം തന്നെ നില്ക്കുവാൻ ഇടയാകുന്ന സന്ദർഭം വരികയും ചെയ്യുമ്പോൾ ദൈവം ഒഴികെ മറ്റാരിലും നമുക്ക് ചാരുവാൻ സാദ്ധ്യമല്ല.
3. വിശ്വാസത്തിന് പുറത്തുള്ളതെല്ലാം കുഴപ്പങ്ങൾ മാത്രമായിരിക്കും. വിശ്വസിക്കുവാൻ കഴിയാത്തവന് ആത്മീയസ്വസ്ഥതയും അപ്രാപ്യമായിരിക്കും. (യെശ. 28:12, 30:15, 57:20-21; മത്താ. 11:28-29)
4. നാം എപ്പോഴെങ്കിലും അഭിമുഖീകരിക്കേണ്ടിവരുന്ന ഓരോ പ്രശ്നത്തിനും ദൈവം തന്റെ വചനത്തിൽകൂടെ പരിഹാരവും ഒരുക്കിയിട്ടുണ്ട്. അവന്റെ വചനം വിശ്വസിക്കുമ്പോൾ നാം സ്വസ്ഥതയിൽ പ്രവേശിക്കുന്നു. (എബ്രാ. 4:1,3)
5. തന്നിൽ വിശ്രമം - രക്ഷയുടെ വിശ്രമം - കണ്ടെത്തുവാൻ യേശു ലോകത്തെ ക്ഷണിക്കുന്നു (മത്താ. 11;28). ആത്മീയവളർച്ചയുടെ സ്വസ്ഥതയും. (മത്താ. 11:29)
6. ദൈവം തരുന്ന സ്വസ്ഥത നിത്യമായതാണ് (വെളി. 14:12-13)
7. യേശുക്രിസ്തുവിനെ തള്ളിക്കളയുന്നവർക്ക് നിത്യമായ സ്വസ്ഥത ലഭിക്കും. (വെളി. 4:11)

*എനിക്കു കേടുവരുത്താതെയിരിക്കേണ്ടതിന് എന്റെ ദൈവം തന്റെ ദൂതനെ അയച്ചു അവയുടെ വായടച്ചുകളഞ്ഞു. അവന്റെ സന്നിധിയിൽ ഞാൻ കുറ്റമില്ലാത്തവൻ, രാജാവേ തിരുമുമ്പിലും ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല" എന്നു ഉണർത്തിച്ചു. അപ്പോൾ രാജാവ് അത്യന്തം സന്തോഷിച്ചു. ദാനിയേലിനെ ഗുഹയിൽനിന്നു കയറ്റുവാൻ കല്പിച്ചു. അവർ ദാനിയേലിനെ ഗുഹയിൽനിന്നു കയറ്റി. അവൻ തന്റെ ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് അവന്നു യാതൊരു കേടും പറ്റിയതായി കണ്ടില്ല". (ദാനി. 6:16-23)*

വിശ്വാസവും സ്വസ്ഥതയും പ്രായോഗികമാക്കപ്പെടുന്ന ഈ വിശദീകരണത്തിൽ ഒരു രാജാവ് രാജധാനിയിൽ വസിക്കുകയും ദാനിയേൽ ഒരു കുഴിയിൽ വിശ്രമിക്കുകയും ചെയ്യുന്നു. ദാര്യാവേശ് രാജാവിനെ തന്ത്രത്തിൽ കൂടെ ഒരു വിരോധ നടപടിയിൽ ഒപ്പിടിക്കുകയും വിശ്വസ്തനായ കാര്യ വിചാരകനെ മരണത്തിന് വിധിക്കകയും ദാനിയേലിനെ സിംഹങ്ങൾക്ക് ആഹാരമായി കൊടുക്കുകയും ചെയ്തത് രാജാവിനെ വളരെയധികം ദുഃഖിതനാക്കി. അവിടെ രാജാവിന് മറ്റൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല - ദാനിയേലിനെ ദൈവത്തിന്റെ കയ്യിൽ ഏല്പിച്ചുകൊടുക്കുന്നതൊഴികെ.

എല്ലാ സുഖസൗകര്യങ്ങളും സർവ്വസമ്പത്തും ഉള്ള രാജാവിന് ആ രാത്രി വളരെ ക്ലേശകരവും ഉറക്കിമില്ലാത്തതും ആയിരുന്നു. എങ്ങനെ സ്വസ്ഥമായിരിക്കണം എന്നറിയായ്കയാൽ അതിരാവിലെ തന്നെ രാജാവ്, താൻ ഭയപ്പെട്ടത് സംഭവിച്ചുകാണുമോ എന്ന് ഓർത്ത് സിംഹഗുഹയുടെ സമീപത്ത് എത്തി. ദൈവത്തെ കാത്തിരിക്കുന്ന ഒരു വിശ്വാസിക്ക് തിരക്കുപിടിക്കേണ്ട യാതൊരാവശ്യവുമില്ല. ദൈവത്തിനും അവനിൽ സ്വസ്ഥത കണ്ടെത്തിയവരും ഒരിക്കലും തിരക്കുപിടിക്കുന്നില്ല.

ദൈവം തന്നെ വിടുവിച്ചു എന്നുള്ള ദാനിയേലിന്റെ ശബ്ദം കേട്ടപ്പോൾ രാജാവ് വളരെയധികം സന്തോഷിച്ചു മരുഭൂമിയിൽ (ഏകാന്തതയിൽ) വസിക്കുന്നവരുടെ ജീവിതം - ഉയർച്ചയും താഴ്ചയും - അവരുടെ വികാരങ്ങൾ എപ്പോഴും മുമ്പോട്ടും പുറകോട്ടും ചാഞ്ചാടുന്നു. അവർ വളരെ സന്തോഷമുള്ളവരാണ്. എന്നാൽ പെട്ടെന്ന് അവർ ഭാരപ്പെടുന്നു. വീണ്ടും പെട്ടെന്ന് സന്തോഷിക്കുന്നു.

എന്നാൽ ദൈവത്തിൽ എങ്ങനെ ആശ്രയിക്കണമെന്ന് ദാനിയേലിന് അറിയാമായിരുന്നു. എന്തെങ്കിലും മാറ്റം വരുത്തേണ്ടആവശ്യം ഇല്ലായിരുന്നു. അവൻ സ്വന്തമായ സാഹചര്യത്തിനനുസരിച്ചല്ല ജീവിച്ചത്. സിംഹങ്ങൾ എത്രമാത്രം വിശപ്പുള്ളവയാണെന്ന് ചിന്തിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. ദാനിയേലിന് അവിടെയും ആശ്വസിക്കുവാൻ കഴിഞ്ഞു. വിശ്വാസിയുടെ വിശ്വാസം - സ്വസ്ഥത അനുഭവം പോലെ ശത്രുവിനെ ലജ്ജിപ്പിക്കുന്ന മറ്റൊന്നുമില്ല.

## എട്ട് ശബ്ബത്തുകൾ

ശബ്ബത്ത് എന്ന വാക്ക് എബ്രായ വാക്കിൽ നിന്നാണ് രൂപപ്പെട്ടത്. വിശ്രമിക്കുക, അദ്ധ്വാനത്തിൽനിന്ന് മാറിനില്ക്കുക, എന്നിങ്ങനെ അർത്ഥമാക്കുന്നു. ബൈബിളിൽ എട്ടുതരത്തിലുള്ള ശബ്ബത്തിനെക്കുറിച്ച് വിവരിക്കുന്നു. എല്ലാംതന്നെ മനുഷ്യൻ തന്റെ അദ്ധ്വാനത്തിൽ നിന്ന് മാറി. ദൈവത്തിന്റെ സമൃദ്ധമായ കരുതലിനെ ആഘോഷിക്കുവാൻ വേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതാണ്.

1. **ദൈവത്തിന്റെ ശബ്ബത്ത്.** (ഉല്പ. 2:1-3; എബ്രാ. 4:4)

ദൈവത്തിന്റെ ശബ്ബത്ത് മറ്റുള്ള എല്ലാ ശബ്ബത്തുകൾക്കും സാദൃശ്യമാണ്. ദൈവം സർവ്വശക്തനാണ്. അവൻ ഒരിക്കലും ക്ഷീണിച്ചുപോകുന്നില്ല. എങ്കിലും ഏഴാംദിവസം അവൻ വിശ്രമിച്ചു. ദൈവത്തിന് വിശ്രമം ആവശ്യമില്ല. തന്റെ പ്രവൃത്തി എല്ലാം പൂർത്തീകരിച്ചു എന്ന് പ്രഖ്യാപിക്കുകയായിരുന്നു. തന്റെ ജനത്തിന് ആവശ്യമുള്ളതെല്ലാം ഒരുക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് അവരറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

2. **ആഴ്ചതോറുമുള്ള ശബ്ബത്ത്** (പുറ. 20:7-11; ആവ. 5:12-15)

തങ്ങൾക്കുള്ളതെല്ലാം ദൈവത്തിന്റെ കൃപയാലാണ് ലഭിച്ചതെന്ന് യഹൂദന്മാർക്കുള്ള ഒരു അറിയിപ്പായിരുന്നു. ഓരോ ശനിയാഴ്ചയും അവർക്ക് അദ്ധ്വാനിക്കുവാൻ കഴികയില്ലെന്നും, ദൈവത്തിന്റെ കൃപ ആവശ്യമാണെന്നും ഇപ്പോൾ അവർക്കുള്ളതും ഇനിയും ആവശ്യമുള്ളതും കൃപയാലാണ് ലഭിക്കുന്നതെന്നും ഓർക്കുമായിരുന്നു.

3. **ശബ്ബത്ത് വർഷം** (പുറ. 23:10-11; ലേവ്യ. 25:3-4; 33:37)

വിശ്വാസത്തിലുള്ള സ്വസ്ഥത യഹൂദന്മാരെ പഠിപ്പിക്കുവാനുള്ള പരീക്ഷയായിരുന്നു, ആഴ്ചതോറുമുള്ള ശബ്ബത്ത്. ശബ്ബത്ത് വർഷം എന്നത് ദൈവിക കൂട്ടായ്മയും സ്വസ്ഥതയും അവന്റെ പൂർണ്ണതയുള്ള കരുതലും അനുഭവിച്ചറിയുവാനുള്ള ഒരു വലിയപരീക്ഷയായിരുന്നു. ആത്മീയ പക്വതയിലെത്തിയ വിശ്വാസികൾക്ക് ഇത് വളരെ പ്രാധാന്യമുള്ള വർഷമായിരുന്നു. എന്തെന്നാൽ അവരുടെ ആവശ്യങ്ങളെല്ലാം നിർവ്വഹിച്ചുകൊടുക്കയും സന്തോഷിക്കുവാനുള്ള ദൈർഘ്യമുള്ള ഒരു കാലഘട്ടവുമായിരുന്നു. എന്നാൽ അനേകർക്കും ഇത് ദാരിദ്ര്യത്തിന്റെ അനുഭവമായിരുന്നു. അവർ കഷ്ടപ്പെടുകയും വേദനിക്കുകയും ചെയ്തിരുന്നു. എന്തുകൊണ്ട്? അവർ അവരുടെ വിശ്വാസത്തിൽ വളർന്നില്ല. ഏഴാമത്തെ വർഷം ദൈവിക കരുതലിനായി ദൈവത്തിൽ ആശ്രയിക്കുവാൻ പഠിക്കത്തക്കവണ്ണം ആഴ്ചതോറുമുള്ള ശബ്ബത്ത് അതിന് മുമ്പുള്ള ആറുവർഷവും ദൈവം അവർക്ക് കൊടുത്തു. കൃപയുടെ പ്രാധാന്യതയും ആഴ്ചതോറുമുള്ള സ്വസ്ഥതയും പഠിക്കാത്തവർക്ക് ഏഴാമത്തെ വർഷം വളരെ കഠിനമായിരുന്നു.

4. **കനാനിലെ വിശ്രമം.** (എബ്രാ. 3:7-19)

കനാനിലെ വിശ്രമം എന്നത് വാഗ്ദത്ത ദേശത്തെ ജീവിതമായിരുന്നു. കനാൻ നാട് പ്രതിസന്ധികളില്ലാത്ത ദേശമായിരുന്നില്ല. തോല്പിക്കപ്പെടേണ്ട മല്ലന്മാർ അവിടെയുണ്ടായിരുന്നു. യുദ്ധം ചെയ്യേണ്ടിയിരുന്നു. ഓരോ പരീക്ഷയും ഒരേ നിലയിൽ വിജയിക്കേണ്ടിയിരുന്നു. വിശ്വാസവും സ്വസ്ഥതയും ഉള്ള ജീവിതത്തിൽകൂടെ വാഗ്ദത്തദേശം എന്നത് ആത്മീയ പക്വതയുടെ ഒരു ചിത്രമാണ്. ദൈവിക അനുഗ്രഹത്തിന്റെ വലിയ സന്തോഷത്തിലേക്കുള്ള പ്രവേശനവും. (യാക്കോ. 4:6) ദൈവിക പദ്ധതിയിലുള്ള

സന്തോഷത്തിന്റെ ജീവിതമാണ്. പോരാട്ടത്തെ ഇഷ്ടപ്പെടുവാൻ പഠിക്കുന്ന സ്ഥാനം. കനാനിലേക്ക് പോയവർക്ക് യുദ്ധം ചെയ്യേണ്ടിയിരുന്നു. അവർ അത് ഇഷ്ടപ്പെട്ടു. വാഗ്ദത്തദേശത്തുപോലും സ്വന്തശക്തിയിൽ ആശ്രയിച്ച് യുദ്ധം ചെയ്തപ്പോൾ അവർ ഹായിയിൽ ചെയ്തതുപോലെ, പരാജയപ്പെട്ട് പിൻവാങ്ങി. (യോശു. 7)

**5. യോവേൽ വർഷം** (ലേവ്യ. 25, 27)

ദൈവം ഈ ജനത്തിന്റെ മേൽ ഒന്നിനു പുറകെ മറ്റൊരു ശബ്ബത്ത് വെച്ചുകൊണ്ടിരുന്നു. യോവേൽ വർഷം എന്നത് എല്ലാകടവും ക്ഷമിച്ചുകിട്ടുന്ന, എല്ലാ അടിമകളെയും സ്വതന്ത്രരാക്കുന്ന, കടബാധ്യതയാൽ അന്യാധീനപ്പെട്ടുപോയ വസ്തുവകകൾ എല്ലാം ഉടമസ്ഥന് തിരികെ കിട്ടുന്ന വർഷമായിരുന്നു. നഷ്ടപ്പെട്ടതെല്ലാം മടക്കികിട്ടുന്ന സമയമായിരുന്നു. അൻപതാമത്തെ വർഷമാണ് യോവേൽ വർഷം. സംഘർഷഭരിത ജീവിതം നയിക്കുന്നവർക്ക് യോവേൽ വർഷം ആസ്വദിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ മാനസിക വിശ്രമം കണ്ടെത്തുകയും തങ്ങളിൽ തന്നെയും ദൈവത്തിലും ചുറ്റുപാടുകളിലും സമാധാനം ഉള്ളവരായിരിക്കയും വേണം.

**6. നിമിഷം തോറുമുള്ള ശബ്ബത്ത്** (എബ്രാ. 4:1-9)

ഇത് വിശ്വാസത്തിന്റെ സ്വസ്ഥത അനുഭവിക്കുന്ന ജീവിതം, നമ്മുടെ ജീവിതത്തിൽ ഓരോ നിമിഷവും സന്തോഷിക്കുവാൻ ഇടയായിത്തീരുന്ന ദൈവിക സ്വസ്ഥത ആണ്. കാര്യങ്ങൾ മോശമായി നീങ്ങുമ്പോഴുള്ള സ്വസ്ഥത കാര്യങ്ങൾ ശരിയായ പോകുമ്പോഴുള്ള സ്വസ്ഥത, നാം സമ്മർദ്ദത്തിലായിരിക്കുമ്പോഴുള്ള സ്വസ്ഥത, കാര്യങ്ങൾ സമാധാനപരമായിരിക്കുമ്പോഴുള്ള സ്വസ്ഥത, കർത്താവായ യേശു ക്രൂശിൽ കിടന്നപ്പോൾ പറഞ്ഞത് - “സകലവും തികഞ്ഞിരിക്കുന്നു” വിശ്വസിച്ചുകൊണ്ടുള്ള സ്വസ്ഥത (യോഹ. 19:30). ക്രിസ്തു യേശുവിൽ മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം നമ്മടെ ബുദ്ധിമുട്ടുകൾ തീർത്തുതരാമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. (ഫിലി. 4:19) ആ സമാധാനത്തിൽ ഓരോ നിമിഷവും ജീവിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. അത് സകലബുദ്ധിയേയും കവിയുന്ന സമാധാനമാണ് (ഫിലി. 4:7) എന്നാൽ വിശ്വാസത്താൽ മാത്രമെ അവിടെ പ്രവേശിക്കുവാൻ കഴിയൂ.

**7. ആയിരം ആണ്ട് വാഴ്ച** (വെളി. 19-20)

ക്രിസ്തുവിന്റെ ഈ ഭൂമിയിലെ ആയിരമാണ്ട് വാഴ്ച മനുഷ്യത്വത്തിന്റെ ഏറ്റവും വലിയ പരീക്ഷയായിരിക്കും. ആയിരമാണ്ട് വാഴ്ചയിൽ. 1000 വർഷത്തെ ശബ്ബത്താണ്. സാഹചര്യമാണ് പ്രശ്നം എന്നുള്ള മാനുഷികവാദം എന്നേക്കുമായി അവസാനിക്കും. ആയിരം വർഷം പൂർണ്ണതയുള്ള പരിതഃസ്ഥിതിയും ഉത്തമമായഭരണവും പരിപൂർണ്ണതയുടെ നീതിയും അന്നുണ്ടായിരിക്കും. അന്ന് ആക്രമണങ്ങളും യുദ്ധ ഭീതിയും ഉണ്ടാകയില്ല. എല്ലാവർക്കും സമൃദ്ധിയുണ്ടാകും. ദൈവിക കരുതലുകൊണ്ട് ഭൂമിനിറയും. ഈ സമയത്ത് പിശാചിനെ ബന്ധിച്ചിരിക്കും. ആയിരം വർഷത്തിനുശേഷം ദൈവം പിശാചിനെ അഴിച്ചുവിടും. അപ്പോൾ പിശാച് ദൈവത്തെ എതിർക്കുവാൻ ലോകത്തിലെ അനേക ജാതികളെ കൂട്ടിവരുത്തും. യേശുക്രിസ്തു ഭരിക്കുമ്പോൾ തന്നെ മനുഷ്യരെല്ലാം സന്തുഷ്ടരായിരിക്കില്ല. പരാതിപ്പെടുന്നവരും പിറുപിറുക്കുന്നവരും അവന്റെ ഭരണം അവന്റെ അധികാരം, അവന്റെ കരുതൽ എന്നിവയോടു മറുതലിക്കുന്നവരും അന്നുണ്ടാകും. ആയിരമാണ്ടുവാഴ്ചയും ചിലർക്ക് അസന്തുഷ്ടിയുടെ സമയമായിരിക്കും.

**8. നിത്യത.** (വെളി. 14:13)

അവസാനത്തെയും എന്നേക്കും നിലനില്ക്കുന്നതുമായ ശബ്ബത്താണ് നിത്യത. “ക്രിസ്തുവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ... അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തികൾ അവരെ പിൻചെല്ലും.”



# പാഠം 4 – 5:
# ശക്തീകരണം – *ആത്മാവ്*

സെഖര്യാവ് 4:6ന
2 കൊരിന്ത്യർ 12:7–10
2 കൊരിന്ത്യർ 4:7–10

ബാബിലോണിലെ 70 വർഷത്തെ പ്രവാസത്തിനു ശേഷം ആ.ഇ. 538 ൽ യിസ്രയേൽ വാഗ്ദത്ത നാട്ടിലേക്ക് മടങ്ങിവരുവാൻ തുടങ്ങി. ദൈവാലയം പണിത്, യരുശലേമിൽ ആരാധന പുനഃസ്ഥാപിക്കുവാനുള്ള ശ്രമം ആരംഭിച്ചു. അങ്ങനെ രാഷ്ട്രത്തിന്റെ മേലുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കുവാൻ തുടങ്ങി. ആ സമയത്ത് അവരുടെ നേതാവായിരുന്ന സെരുബാബേലിനോട് ആത്മീയ ജീവിതത്തിന്റെ ശക്തിക്ക് ഒരു മാർഗ്ഗം മാത്രമെയുള്ളുവെന്ന് ഓർപ്പിക്കയുണ്ടായി.

> *"സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു". (സെഖ. 4:6).*

ആ ശക്തി നേടിയെടുക്കുവാനുള്ള നമ്മുടെ കഴിവിന്റെ വളർച്ച നേടുവാൻ നമ്മുടെ കഴിവില്ലായ്മയുടെ ആഴത്തിലുള്ള ബോദ്ധ്യമാണ് ആവശ്യം. നാം നമ്മിൽ തന്നെ എത്ര ബലഹീനരാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുകയെന്നത് ദൈവിക പദ്ധതിയുടെ ഒരു ഭാഗമാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ ബലഹീനത ബോദ്ധ്യപ്പെടുന്നതുവരെ നാം കൃപയിൽ ശരണപ്പെടുകയില്ല. ഓരോ നിശ്വാസത്തിലും നാം കൃപയിൽ ശരണപ്പെടുവാൻ പഠിക്കുമ്പോൾ നാം ശത്രുവിന്റെ പേടിസ്വപ്നമായി മാറും.

> *"വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചുപോകാതിരിപ്പാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചുപോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെതന്നേ. അതു എന്നെ വിട്ടുനീങ്ങേണ്ടതിന് ഞാൻ മൂന്നുവട്ടം കർത്താവിനോടു അപേക്ഷിച്ചു. അവൻ എന്നോടു: "എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു" (2കൊരി. 12:7–10).*

കൊരിന്ത്യർ 2-ാം ലേഖനം മുഴുവനും ശുശ്രൂഷയുടെ പ്രതിരോധമാണ് പ്രതിപാദ്യവിഷയം. തന്നെ മാത്രമല്ല, ദൈവത്തിന്റെ വചനം പഠിപ്പിക്കുന്ന ഓരോ ശുശ്രൂഷകന്മാർ - ഉപദേഷ്ടാക്കന്മാരേയും പ്രതിരോധിക്കുവാൻ വേണ്ടിയാണ് പൗലോസ് ഇത് എഴുതുന്നത്. ജാതികളായ, കുറ്റംപറയുന്ന, ന്യായവാദം പറയുന്ന ക്രിസ്ത്യാനികളുടെ ശക്തിയേറിയ ആക്രമണത്തിൻകീഴിലായിരുന്നു പൗലോസ്. അവർക്ക് ആകർഷണമല്ലാത്ത കാര്യങ്ങളെ ഉപദേശിക്കുന്ന അപ്പൊസ്തലന്മാരുടെ സന്ദേശങ്ങളെ ഉപേക്ഷിക്കുകയും ചെയ്തു. ഈ പുസ്തകത്തിൽ ഉടനീളം കാണുവാൻ കഴിയുന്ന പ്രതിപാദ്യവിഷയം ഈ സന്ദേശമായിരുന്നു - സന്ദേശം പ്രസംഗിക്കുന്ന വ്യക്തികളായിരുന്നില്ല - അതായിരുന്നു വിഷയം. പൂർണ്ണരല്ലാത്ത മനുഷ്യരെ പൂർണ്ണതയുള്ള സന്ദേശം വഹിക്കുവാൻ ദൈവം ഒരു വഴി ക്രമീകരിച്ചു.

ഈ പ്രയോഗം പൗലോസ് രണ്ടുപ്രാവശ്യം ഏഴാം വാക്യത്തിൽ ഉപയോഗിക്കുന്നു. "നിഗളിച്ചു പോകാതിരിപ്പാൻ", ദൈവം തന്റെ വചനത്തിന്റെ ശക്തി പൗലോസിൽകൂടി ചൊരിയുമ്പോൾ തന്റെ പ്രാധാന്യം വലുതാക്കി കാണിക്കുവാൻ പൗലോസ് പരീക്ഷിക്കപ്പെടുമെന്ന് ദൈവത്തിനറിയാമായിരുന്നു. മുമ്പുതന്നെ അവിശ്വാസിയായ പരീശൻ എന്ന നിലയിൽ അവൻ സ്വയനീതീകരണത്തിലേക്ക് തിരിയുന്ന സ്വഭാവക്കാരനായിരുന്നു. അവനിൽ ശാരീരിക വേദനയും നാശനഷ്ടങ്ങളും ഉളവാക്കുവാൻ തക്കവണ്ണം ദൈവം സാത്താന്റെ ദൂതനെ നിയോഗിച്ചു. അവൻ ഇതിനെ "ജഡത്തിലെ ശൂലം" എന്ന് വിളിച്ചു. എന്നാൽ അതിനെ മനസ്സിലാക്കുന്നത് - aggelos സാത്താന്റെ "ദൂതൻ" എന്നാണ്. ഗ്രീക്ക് വാക്ക് buffel എന്നതിന് 'അടിച്ച് അവശരാക്കുക' എന്നാണർത്ഥം.

അതിശക്തമായ സമ്മർദ്ദത്തിൽ ഇത് നീക്കിത്തരുവാൻ പൗലൂസ് മൂന്ന് പ്രാവശ്യം കർത്താവിനോട് ചോദിച്ചു. എന്നാൽ അവസാനമായി, എന്തുകൊണ്ട് നീക്കുന്നില്ല എന്ന് കർത്താവ് വിശദീകരിച്ചു. "എന്റെ കൃപ നിനക്കു മതി, അത് ബലഹീനതയിൽ തികഞ്ഞു വരുന്ന ശക്തിയാണ്." കൃപ മതി. കൃപ - മാനുഷിക കഴിവല്ല. മാനുഷിക വരങ്ങളല്ല, മാനുഷികബുദ്ധിയുമല്ല. ദൈവത്തിന്റെ കൃപയും നമ്മുടെ ബലഹീനതയും ചേരുമ്പോഴാണ് ശുശ്രൂഷക്കുള്ള ശക്തിയായിത്തീരുന്നത്.

ഈ സന്ദേശത്തോടുള്ള പൗലോസിന്റെ പ്രതികരണമായി സന്തോഷിക്കുവാൻ ആരംഭിക്കുകയായിരുന്നു. ബലഹീനതയിൽ കൂടെയാണ് കൃപ പ്രവർത്തിക്കുന്നതെന്ന വസ്തുത അവൻ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. എല്ലായ്പ്പോഴും സന്തോഷിക്കുവാനുള്ള വക ഉണ്ടെന്ന് അവൻ മനസ്സിലാക്കി. അവൻ പൂർണ്ണതയുള്ളവനല്ല എന്ന കൊരിന്ത്യരുടെ നിഗമനത്തെ താൻ അംഗീകരിക്കുന്നു എന്നുള്ള വസ്തുത അവർ അറിയണമെന്ന് ആഗ്രഹിച്ചു. അതാണ് തന്നെ കൃപക്ക് അവകാശിയാക്കിയതും ദൈവിക സന്ദേശത്തിന്റെ വാഹകനാക്കിയതും.

നമ്മുടെ ബലഹീനതയിൽ പ്രശംസിക്കുവാൻ കഴിയുന്നതാണ് സംതൃപ്തമായ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. ഫിലിപ്പിയർ 4ൽ താൻ സംതൃപ്തനായിരിക്കുന്നതിന്റെ രഹസ്യം മനസ്സിലാക്കിയതായി പൗലോസ് ഓർപ്പിക്കുന്നു. നമുക്ക് അത് എങ്ങനെ ചെയ്യുവാൻ കഴിയും? നാം ആരാണെന്ന് നമ്മെത്തന്നെ അംഗീകരിക്കുവാൻ തയാറാകണം. നാം ബലഹീനർ, തകർന്നവർ, വീഴ്ചയുള്ളവർ - നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവം നമ്മെ സ്വീകരിക്കുന്നു. നമ്മുടെ ബലഹീനതനിമിത്തം, പ്രതികൂലങ്ങൾ നിമിത്തം, നിയന്ത്രിക്കുവാൻ കഴിയാത്ത നിലയിൽ ശക്തന്മാരല്ലാതിരിക്കുന്നതു നിമിത്തം നാം സ്തോത്രം ചെയ്യുവാൻ പഠിക്കുമ്പോൾ നാം ഒരിക്കലും ലജ്ജിതരായിത്തീരാതെ കൃപയിൽ പ്രശംസിക്കുന്നു.

തന്നിൽ വസിക്കുന്ന ക്രിസ്തുവിന്റെ ശക്തിയെ സംബന്ധിച്ച് പറയുമ്പോൾ പൗലോസ് "കൂടാരത്തെ"ക്കുറിച്ചു പരാമർശിക്കുന്നു. യിസ്രയേൽ മക്കൾ മരുഭൂമിയിൽ ചുമന്നുകൊണ്ട് നടക്കുകയും ദൈവത്തിന്റെ ശെക്കീന (മഹത്വം) വസിച്ചിരുന്നതുമായ പരുക്കൻ കൂടാരത്തിന്റെ പ്രതിബിംബമാണ് ഇതിലൂടെ മനസ്സിൽ കടന്നുവരുന്നത്. ഈ കൂടാരത്തിൽ ശെക്കീന മഹത്വം ഇറങ്ങിവസിച്ചതുപോലെ - നാം നിസാരമായ പരുപരുത്ത കൂടാരങ്ങൾ - ഇന്ന് നമ്മിൽ ദൈവത്തിന്റെ മഹത്വം വസിക്കുന്നു.

> *"എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല. ദൈവത്തിന്റെ ദാനമത്രേ എന്ന് വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺകൂടാരങ്ങളിൽ ആകുന്നുള്ളതു" (2കൊരി. 4:7).*

ഇവിടെ പൗലോസ് ഓർപ്പിക്കുന്ന നിക്ഷേപം എന്നത് "ദൈവ പ്രതിമയായ ക്രിസ്തുവിന്റെ തേജസുള്ള

സുവിശേഷത്തിന്റെ പ്രകാശനം” ആണ്. (2കൊരി. 4:4) ദൈവതേജസിന്റെ പ്രകാശനം ആണ് യേശുക്രിസ്തു. അവൻ മാത്രമാണ് ത്രിത്വത്തിലെ പ്രത്യക്ഷമായി വെളിപ്പെടുത്തിയ അംഗം. അവനായിരുന്നു കൂടാരത്തെ പ്രകാശിപ്പിച്ച ശെക്കീന മഹത്വം. യിസ്രയേൽ രാഷ്ട്രത്തിന്റെ മദ്ധ്യത്തിൽ ഉണ്ടായിരുന്ന ദൈവിക സാന്നിദ്ധ്യത്തിന്റെ മഹത്വം അവനായിരുന്നു.

ഉടഞ്ഞുപോകാവുന്ന മൺപാത്രങ്ങളാകുന്ന ഭൗതികശരീരത്തിൽ ആണ് ഈ പ്രകാശത്തെ വഹിക്കുന്നതെന്ന് പൗലോസ് പറയുന്നു. എന്തുകൊണ്ടാണ് ദൈവത്തിന്റെ തേജസ് നമ്മിൽ വസിക്കുന്നത്? നമ്മുടെ ജീവിതത്തിലെ ശക്തിയുടെ ഉറവിടം ലോകത്തിന് വ്യക്തമാകുന്നു.

ഇവിടെ എന്താണ് പൗലോസിന്റെ മനസ്സിലെ ചിത്രം എന്ന് വ്യക്തമാകുന്നു. ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഗിദയോന്റെ ചിത്രം ആണ് ഓർപ്പിക്കുന്നത്. ബലഹീനതയിൽ കൃപയുടെ പൂർണ്ണത ചൂണ്ടിക്കാണിക്കുന്ന സംഭവമാണ് ഗിദയോന്റെ ജീവിതം. യുദ്ധ സമയത്ത് ഭയപ്പെട്ടുകഴിയുന്ന വ്യക്തിയായിരുന്നു ഗിദയോൻ. എന്നാൽ വിജയിയായി മാറ്റുവാൻ ഒരു വ്യക്തിയെ ദൈവത്തിന് ആവശ്യമായിരുന്നു. അതിനായി ദൈവം ഒരുക്കിയ മനുഷ്യനാണ് ഗിദയോൻ.

ന്യായാധിപന്മാർ 6-ാം അദ്ധ്യായത്തിലാണ് ഗിദയോന്റെ ചരിത്രം ആരംഭിക്കുന്നത്. മിദ്യാന്യരുടെ ആക്രമണങ്ങളുടെ പിന്നിൽ ‘‘യിസ്രായേൽ എത്രമാത്രം നിസ്സാരന്മാരായിത്തീർന്നു’’ എന്നുള്ള വിശദീകരണത്തോടെ അത് ആരംഭിക്കുന്നു. മിദ്യാന്യർ പുറപ്പെട്ടുവെട്ടുക്കിളിയെപ്പോലെ കൂട്ടമായിവന്ന് യിസ്രയേലിന്റെ വിളനശിപ്പിക്കുകയും മൃഗസമ്പത്തിനെ ശേഷിപ്പിക്കാതിരിക്കയും ചെയ്തിരുന്നു.

ന്യായാധിപന്മാർ 6:11ൽ യുവാവായ ഗിദയോൻ ഗോതമ്പ് മിദ്യാന്യരുടെ കയ്യിൽ പെടാതെയിരിക്കേണ്ടതിന് മുന്തിരിച്ചക്കിന്നരികെവെച്ച് മെതിക്കയായിരുന്നു. ഭയപ്പെട്ട് ജീവിച്ചിരുന്ന സമയമായിരുന്നു. അവൻ തല ഉയർത്തി നോക്കിയപ്പോൾ മനുഷ്യവതാരത്തിന് മുമ്പുള്ള യേശുക്രിസ്തുവിനെ കാണുന്നു. നമ്മോട് ഏർപ്പെടുന്നതുപോലെ

---

## അഞ്ച് സാങ്കേതിക പദ്ധതികൾ

ദൈവം അർഹതയില്ലാത്തവർക്ക് കൃപ നല്കുന്നതുപോലെ, ബലഹീനർക്കുമാത്രമാണ് അവൻ ശക്തി നല്കുന്നത്. നമ്മുടെ ബലഹീനത മനസ്സിലാക്കുന്നതുവരെ. പരിശുദ്ധാത്മാവിന്റെ അധിവാസത്താൽ നമ്മിൽ വസിക്കുന്ന ദൈവശക്തിയെ വേണ്ടനിലയിൽ ഉപയോഗിക്കുവാൻ നമുക്ക് സാധിക്കയില്ല. നമ്മുടെ ജീവിതകാലം മുഴുവനും പ്രയോജനപ്പെടുത്തേണ്ടകാര്യപരിപാടിയാണിത്. ഇത് വെറുതെ സംഭവിക്കയില്ല. ഇത് സംഭവിക്കുവാൻ നാം ഒരു വഴി ഒരുക്കണം. അതിന് സാങ്കേതിക പദ്ധതി ആവശ്യമാണ്. ഇതിലേക്ക് തുടർമാനമായി പിൻതുടരേണ്ട അഞ്ച് പദ്ധതികൾ ക്രമമായി നാം മനസ്സിലാക്കിയിരിക്കണം.

**1. ഏറ്റുപറച്ചിൽ.** നാം പാപം ചെയ്യുമ്പോൾ പാപങ്ങൾക്ക് പൂർണ്ണമായ പരിഹാരം കാൽവറിക്രൂശിൽ ഒരുക്കി എന്നുള്ള ഉറപ്പോടുകൂടി നാം കൃപാസനത്തിങ്കലേക്ക് അടുത്തുവരുവാൻ ദൈവം ആഗ്രഹിക്കുന്നു. (എബ്രാ. 4:14-16) ദൈവം വാഗ്ദത്തം ചെയ്ത കാര്യങ്ങൾക്കുവേണ്ടി ഇഴഞ്ഞും കെഞ്ചിയും അവന്റെ സാന്നിദ്ധ്യത്തിലേക്ക് വരുമ്പോൾ അവൻ മഹത്വപ്പെടുന്നില്ല. ഏറ്റുപറയുമ്പോൾ തന്നെ നാം ശുദ്ധീകരിക്കപ്പെടുകയും ധൈര്യത്തോടെ നമുക്ക് നടക്കുവാൻ കഴികയും ചെയ്യുന്നു. കൂട്ടായ്മയിലേക്ക് പുനഃപ്രവേശിക്കയും പരിശുദ്ധാത്മാവിനാൽ നിറയുകയും അവന്റെ പ്രവർത്തികൾക്കായി ശക്തീകരിക്കപ്പെടുകയും ചെയ്യുന്നു. (സങ്കീ. 32, 38, 51; 1കൊരി. 11:28-31; 1യോഹ. 1:7-10)

ക്രിസ്തീയ ജീവിതത്തിൽ ആദ്യമായി പരിചയമാക്കേണ്ട ഒന്നാണ് ഏറ്റുപറച്ചിൽ. അതുകൂടാതെ പരിശുദ്ധാത്മനിറവ് പ്രാപിക്കുവാൻ കഴികയില്ല. പരിശുദ്ധാത്മ നിറവില്ലാതെ ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള ശക്തിയും ലഭിക്കയില്ല.

കർത്താവ് ഗിദയോനോടും ഏർപ്പെട്ടു. അവൻ ആരാണെന്നുള്ള നിലയിലല്ല. അവനെ എന്താക്കുവാൻ പോകുന്നു എന്ന നിലയിൽ അവൻ നോക്കുന്നു. അവന്റെ പദ്ധതി പ്രകാരം നാം എന്താകും എന്ന നിലയിൽ യേശുക്രിസ്തു നമ്മെ കാണുന്നു.

കർത്താവ് ഗിദയോനെ നോക്കിക്കൊണ്ട് പറയുന്നു. ''അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെയുണ്ട്.'' ഈ സന്ദർഭത്തിൽ ഗിദയോൻ തീർച്ചയായും അത്ഭുതപ്പെട്ടുകൊണ്ട്. "അവൻ ആരോടാണ് സംസാരിക്കുന്നത്, എന്നോടായിരിക്കില്ല, ഞാൻ മരണത്തിന് ഒരുക്കപ്പെട്ടവനാണ്" എന്ന് ചിന്തിച്ചുകാണും. എന്നാൽ ഗിദയോൻ തിരഞ്ഞെടുക്കപ്പെട്ടവൻ ആണ്.

ന്യായാ. 7:2ൽ 1,35,000 പേരുള്ള മിദ്യാന്യസൈന്യത്തിനെതിരെ പോരാടുവാൻ 32000 പേരുള്ള സൈന്യത്തെ ഗിദയോൻ ഒരുക്കി. ദൈവം അതിശയിപ്പിക്കുന്ന ഒരു കാര്യം പറയുന്നു. ''നിന്നോടുകൂടെയുള്ള ജനം അധികമാകുന്നു. എന്റെ കൈ എന്നെ രക്ഷിച്ചു എന്ന് യിസ്രായേൽ എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിന്നു ഞാൻ മിദ്യാന്യരെ അവരുടെ കയ്യിൽ ഏല്പിക്കയില്ല." ദൈവം പറയുന്നു. "ഗിദയോനെ നീ ശക്തനാകുന്നു. എന്റെ ശക്തി മാത്രമെ ബലഹീനതയിൽ പ്രവർത്തിക്കുകയുള്ളു."

ഭയവും ഭീതിയുമുള്ളവരെ ഭവനത്തിലേക്ക് മടക്കി അയയ്ക്കുവാൻ ഗിദയോനോട് ആവശ്യപ്പെടുന്നു. ഉടൻ തന്നെ ജനത്തിൽ 22,000 പേർ മടങ്ങിപ്പോയി. ഗിദയോനും അവരെപ്പോലെ ഭയമുള്ളവനായിരുന്നു. ഗിദയോന്റെയും അവരുടെയും ഭയത്തിന് ഉണ്ടായിരുന്ന ഏകവ്യത്യാസം, അവരുടെ ഭയം അവർ മടങ്ങി പോകുവാനിടയായി. അവന്റെ ഭയം അതിനനുവദിച്ചില്ല. ഇതാണ് വിജയികളും ഭീരുക്കളും തമ്മിലുള്ള വ്യത്യാസം. എല്ലാവരും ഭീരുക്കളാണ്. എന്നാൽ വിജയികൾ ഒരിക്കലും ഉപേക്ഷിച്ച് പുറത്തു പോകുന്നില്ല.

എന്നാൽ യഹോവയായ ദൈവം അരുളിചെയ്യുന്നത് ''ജനം ഇനിയും അധികമാണ്''. അതുകൊണ്ട്

**2. ആത്മീയ വർദ്ധനവ്**. ഏറ്റുപറച്ചിലിന്റെയും പരിശുദ്ധാത്മനിറവിന്റെയും (എഫെ. 5:18) സാങ്കേതികത പൂർണ്ണമായി മനസ്സിലാക്കിയശേഷം പരിശുദ്ധാത്മനിറവിൽ വസിക്കുകയും ആത്മാവിനാൽ നിറയുകയും ചെയ്യുന്ന അനുഭവത്തെ (ഗലാ. 5:16) നാം മനസ്സിലാക്കണം. അതിന്റെ കാര്യപരിപാടി എഫെ. 1:23, 3:16-20; 4:1-16 ഭാഗങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അടിസ്ഥാനപരമായി രണ്ട് കല്പനകൾ നാം അനുസരിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതായി പാപം ചെയ്യുന്നതിലൂടെ നാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് (എഫെ. 4:30) രണ്ടാമത്, പരിശുദ്ധാത്മാവിനെ കെടുത്തരുത്. (1തെസ്സ. 5:19). വചനത്തെ നിരാകരിക്കുന്നതിലൂടെയാണ് ആത്മാവിനെ കെടുത്തുന്നത്. പരിശുദ്ധാത്മ നിറവിൽ ആശ്രയിക്കുന്നതിലൂടെ ക്രമമായ വചനപഠനം. പ്രാർത്ഥന, പ്രായോഗികത എന്നിവ ജീവിതത്തിൽ കടന്നുവരുന്നു.

**3. വിശ്വാസം – സ്വസ്ഥത**. ഒരിക്കൽ നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് പരിശുദ്ധാത്മനിറവിന്റെ പാതയിലേക്ക് കടന്നുവരുമ്പോൾ ദൈവവചനത്തിന്റെ സ്വാധീനതയിലേക്ക് നടത്തപ്പെടുന്നു. വചനത്തിലെ ഉപദേശങ്ങൾ, തത്വങ്ങൾ, വാഗ്ദത്തങ്ങൾ എന്നിവയിൽ ശരണപ്പെടുവാൻ പഠിക്കുന്നു. ഈ ആശ്രയമനോഭാവം നമുക്ക് ആന്തരിക സ്വസ്ഥത, സമാധാനം, ആശ്വാസം എന്നിവ പുറപ്പെടുവിക്കുന്നു. കൃപ (പരിശുദ്ധാത്മാവിൽ നിന്ന് ലഭിക്കുന്നു) കൂടാതെ സത്യവും (വചനത്തിൽ നിന്ന് വരുന്നു) കൂടിചേർന്ന് ആത്മാവിനെ സ്വാധീനിക്കാതെ ജീവിതത്തിൽ ശക്തി ലഭിക്കില്ല. ഓരോ ദിവസവും ദൈവവചനം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുമ്പോൾ, സിംഹത്തിന്റെ ഗുഹയിൽ ദാനിയേലിന് അനുഭവപ്പെട്ട ശക്തി നമ്മുടെ ജീവിതത്തിലും അനുഭവമാക്കാൻ കഴിയും. പുറമെയുള്ള കുഴപ്പങ്ങളിൽ ആന്തരിക സമാധാനം ലഭ്യമാക്കുന്ന ശക്തി. (ഫിലി. 4:6-7: എബ്രാ. 4)

**4. ദൈവവചനത്തിൽ ജീവിക്കുക.** മറ്റെല്ലാ കാര്യങ്ങളിലും ഉപരിയായി ദൈവവചനത്തിന്റെ സ്വാധീനതയിൽ ജീവിക്കുക (മത്താ. 4:4) എന്നാണിതിനർത്ഥം. പണം കൂടാതെയോ, സ്നേഹിതരെ കൂടാതെയോ, ആരോഗ്യം ഇല്ലാതെയോ, നമുക്ക് ജീവിക്കാൻ കഴിയും. എന്നാൽ

ജാഗ്രതയുള്ളവരെ തെരഞ്ഞെടുക്കുവാൻ ഒരു പരിശോധന നടത്തുവാൻ ഗിദയോനോട് ആവശ്യപ്പെട്ടു. അങ്ങനെ 300 പേരൊഴികെ ബാക്കിയുള്ളവരെയെല്ലാം ഒഴിവാക്കി. ഇപ്പോൾ ഒന്നിച്ചുചേർന്ന് പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു കൂട്ടത്തെ ലഭിച്ചു.

ഗിദയോന്റെ യുദ്ധരീതി ഇവർ കേട്ടപ്പോൾ, മറ്റുള്ളവർ മടങ്ങിപ്പോയതുപോലെ തങ്ങളും പോകേണ്ടതായിരുന്നു എന്ന് അത്ഭുതപ്പെട്ടുകാണും. കാരണം മിദ്യാന്യരും അമാലേക്യരും ''പാളയത്തിൽ എണ്ണമില്ലാത്ത വെട്ടുക്കിളിയെപ്പോല കിടക്കുന്നു. അവരുടെ ഒട്ടകങ്ങൾ കടൽ തീരത്തെ മണൽപോലെ. എണ്ണമറ്റതും.'' ഗിദയോൻ പുരുഷന്മാരെ മൂന്ന് കൂട്ടമായി തിരിച്ചു ഓരോരുത്തരുടെയും കയ്യിൽ ഓരോ കാഹളവും വെറും കുടവും കുടത്തിനകത്ത് ഓരോ പണവും കൊടുത്തു. 300 പേർ 135000 പേർക്കെതിരെ പ്രയോഗിക്കുന്ന ആയുധം ഇത് മാത്രമായിരുന്നു.

ന്യായാ. 7:21-22ൽ ഇരുട്ടുള്ള സമയത്ത് ശത്രുപാളയത്തിന്റെ സമീപത്ത് എത്തിയ മൂന്ന് കൂട്ടം എന്തുചെയ്തു എന്ന് പ്രസ്താവിക്കുന്നു. ഗിദയോന്റെ വാക്ക് അംഗീകരിച്ച് അവർ തങ്ങളുടെ കാഹളം ഊതി കയ്യിലിരുന്ന കുടം ഉടച്ചു. തുടർന്ന് സംഭവിച്ചത് അവർ പാളയത്തിന്റെ ചുറ്റും ഓരോരുത്തൻ താന്താന്റെ നിലയിൽ തന്നേ നിന്നു; പാളയമെല്ലാം പാച്ചിൽ തുടങ്ങി. അവർ നിലവിളിച്ചുകൊണ്ട് ഓടിപ്പോയി. ആ മുന്നൂറു പേരും കാഹളം ഊതിയപ്പോൾ യഹോവ പാളയത്തിലൊക്കെയും ഓരോരുത്തന്റെ വാൾ താന്താന്റെ കൂട്ടുകാരന്റെ നേരെ തിരിപ്പിച്ചു, സൈന്യമെല്ലാം ഓടിപ്പോയി.''

മൺപാത്രങ്ങളിലെ നിക്ഷേപത്തെക്കുറിച്ച് പൗലോസ് സംസാരിക്കുമ്പോൾ കുടത്തെക്കുറിച്ചും പന്തത്തെക്കുറിച്ചും സംസാരിക്കുന്നു. നാം വെറും മൺപാത്രങ്ങളാണ്. സാധാരണ പാത്രങ്ങൾ. പന്തം യേശുക്രിസ്തുവിന്റെ തേജസ്സാണ്. അത് ഈ ലോകത്തിന്റെ വെളിച്ചമാണ്. ഈ പ്രകാശം മൺപാത്രങ്ങൾക്കുള്ളിലാണ്. പിന്നീട് സുവിശേഷസന്ദേശമാകുന്ന കാഹളം ഊതി, എന്ത് സംഭവിക്കുന്നു?

വചനം കൂടാതെ നമുക്ക് ജീവിക്കാൻ കഴികയില്ല എന്ന് നാം മനസ്സിലാക്കുന്നു. അതുകൊണ്ടാണ് വചനത്തിന് കൂടിയ പ്രാധാന്യം നല്കുന്നത് (സങ്കീ. 119:103, 105; 138:2) നമ്മുടെ ആത്മാവിനെ വചനത്താൽ നിറക്കുവാൻ തീരുമാനമെടുക്കുക. പള്ളിയിൽ എന്തെങ്കിലും ശുശ്രൂഷ നിർവ്വഹിക്കുന്നതിനു പരിയായ സ്ഥാനം വ്യക്തിപരമായ പഠനത്തിന് കൊടുക്കുക. പഠനവും അതിന്റെ പ്രായോഗികതയും ആത്മീയവളർച്ചയിലേക്ക് നമ്മെ നയിക്കുന്നു (2തിമൊ. 2:15; 3:16-17; 2പത്രൊ. 3:18) ആത്മീയ വളർച്ച നമ്മെ ക്രിസ്തുവിനോട് അനുരൂപരാക്കുന്നു (റോമ. 12:2; 1കൊരി. 2:16). ജീവനുള്ള വചനത്തോട് അനുരൂപമാക്കുന്നതിനുള്ള ഏകമാർഗ്ഗം എഴുതപ്പെട്ട വചനം ഭക്ഷിക്കുക എന്നത് മാത്രമാണ്.

**5. ക്രിസ്തുവുമായി ബന്ധം.** യേശുക്രിസ്തുവിൽ വസിക്കുന്ന അനുഭവത്തിൽ എത്തിച്ചേരുമ്പോൾ, ''നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുകൂടെ സ്നേഹിക്കണം'' എന്ന കല്പന പൂർത്തീകരിക്കുകയാണ് ചെയ്യുന്നത് (മർക്കൊ. 12:30) നാം മറ്റുള്ള കാര്യങ്ങളിൽ മനുഷ്യരിൽ, അല്ലെങ്കിൽ നമ്മിൽതന്നെ വ്യാപൃതനാകുമ്പോൾ ഈ സാങ്കേതിക പദ്ധതി നാം മനസ്സിലാക്കിയിട്ടില്ലെന്ന് ബോധ്യപ്പെടും. എബ്രാ. 3:1ൽ. ''നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചുനോക്കുവാൻ'' ആവശ്യപ്പെടുന്നു. 'ശ്രദ്ധിച്ചുനോക്കുക' (katanoeo) എന്നതിന് മനസ്സിൽ മുറുകെ പിടിക്കുക. കേന്ദ്രീകരിക്കുക എന്നാണർത്ഥം. എബ്രാ. 12:1-3 വരെ ഭാഗങ്ങളിൽ. യേശുവിനെ ശ്രദ്ധിച്ചു നോക്കുവാൻ പറയുന്നു. അവന്റെ ജീവിതത്തെ പഠിക്കുകയും അനുകരിക്കയും ചെയ്യുവാൻ കല്പിക്കുന്നു (1കൊരി. 11:1; 1പത്രോ. 2:21) നമ്മുടെ വളർച്ച മടുപ്പിക്കാതെയും ഹൃദയം നിരാശപ്പെടുകയും ചെയ്യാതിരിക്കുവാനുള്ള ഏകമാർഗ്ഗം, മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം പൂർത്തിയാക്കുവാനുള്ള ഏകമാർഗ്ഗം യേശുക്രിസ്തു എന്ന വ്യക്തിയെക്കുറിച്ചുള്ള ഏറ്റവും അടുത്ത വ്യക്തിപരമായ പരിജ്ഞാനത്തിലേക്ക് വരിക എന്നുള്ളതു മാത്രമാണ്. (ഫിലി. 3:10).

പാത്രങ്ങൾ ഉടയുന്നതോടുകൂടി വിളക്ക് ശോഭിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ ദൈവം ചെയ്യുവാൻ ശ്രമിക്കുന്നതും അതാണ്. പാത്രങ്ങൾ ഉടയ്ക്കുക, വിളക്കുകൾ ശോഭിക്കും.

> *"ഞങ്ങൾ സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണു കിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല; യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്നു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു". (2കൊരി. 4:8-10)*

എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ കഷ്ടം സഹിക്കേണ്ടിവരുന്നത്? ദൈവത്തിന്റെ മഹത്വം നമ്മിൽകൂടെ കാണപ്പെടുവാനുള്ള ഏകമാർഗ്ഗം അതാണ്. നാം കാഹളം ഊതുവാൻ തുടങ്ങുമ്പോൾ ദൈവം പാത്രങ്ങൾ ഉടക്കുവാൻ ആരംഭിക്കും. നാം തകർക്കപ്പെടുവാൻ തയാറാകുന്നില്ലെങ്കിൽ നാം കാഹളങ്ങൾ താഴെവെച്ച് മടങ്ങിപ്പോകുന്നതാണ് നല്ലത്. എന്തുകൊണ്ടെന്നാൽ നാം യുദ്ധം ചെയ്യുവാൻ തയ്യാറല്ല.

നാം അഭിമുഖീകരിക്കുന്ന പോരാട്ടത്തിൽ നമ്മുടെ കഴിവും ശക്തിയും കൊണ്ട് വിജയിക്കുവാൻ സാദ്ധ്യമല്ല. ഇത് ബലഹീനതയിൽകൂടെ പോരാടേണ്ടതാണ്. അങ്ങനെയാണ് ദൈവം തന്റെ ശക്തി വെളിപ്പെടുത്തുന്നത്. സുവിശേഷപ്രഘോഷകന്മാരുടെയും ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും ബലഹീനതയിൽ കൂടെ അവർ കാഹളം ഊതുന്ന കർത്തവ്യം നിർവ്വഹിക്കുന്നു. ഓരോ സമയവും കാഹളം ഊതുമ്പോൾ മൺപാത്രങ്ങൾ ഉടക്കപ്പെടുന്നു. ദൈവം ശത്രുക്കളെ ഓടിക്കുന്നു.

## ചെറിയ കാര്യങ്ങൾ

ശങ്കറിന് ഒരു മുടികോൽ ഉണ്ടായിരുന്നു

ദാവീദിന് ഒരു കവിണ ഉണ്ടായിരുന്നു

പേടമാന് ഒരു സൂചിയുണ്ടായിരുന്നു

രാഹാബിന് ഒരു ചരടുണ്ടായിരുന്നു

മറിയക്ക് അല്പം സുഗന്ധവർഗ്ഗം ഉണ്ടായിരുന്നു

മോശയുടെ കയ്യിൽ ഒരു വടി ഉണ്ടായിരുന്നു

ദൈവത്തിനുവേണ്ടി സമർപ്പിക്കാൻ നിന്റെ കൈവശം എന്തുണ്ട്?

തന്റെ ഉദ്ദേശ്യം സാധിക്കാൻ ദൈവത്തിന് എന്താണ് ഉപയോഗിക്കാൻ കഴിയുന്നത്?

നാം അവന് കൊടുക്കുന്നത് എന്തും. വളരെ നിസ്സാരമായ വസ്തുക്കൾ ഉപയോഗിക്കുന്നതിൽ അവൻ സന്തോഷിക്കുന്നു.

ഇടയന്റെ വടി.......................................................... (പുറ. 4:2)
കഴുതയുടെ താടിയെല്ല്.................................................. (ന്യായ. 15:15)
മിനുസമുള്ള അഞ്ച് കല്ലുകൾ........................................... (1ശമു. 17:40)
ഒരു പിടിമാവ് ........................................................... (1രാജ. 17:12)
ഒരു ഭരണി എണ്ണ......................................................... (1രാജ. 4:2)
ഒരു ചെറിയ മേഘം...................................................... (1രാജ. 18:44)
ഒരു ചെറിയ മനുഷ്യൻ................................................... (സെഖ. 4:10)
ഒരു കടുകുമണി.......................................................... (മത്താ. 13:32)
അഞ്ച് അപ്പവും രണ്ട് മീനും............................................ (യോഹ. 6:9)

## വിശ്വാസം

1. വിശ്വാസം മനുഷ്യന്റെ ആലോചനയ്ക്കും യുക്തിക്കും എതിരാണ് (റോമ. 4:18; മത്താ. 11:25)
2. വിശ്വാസം കാഴ്ചയിൽ ആശ്രയിച്ചിരിക്കുന്നില്ല. (റോമ. 4:18; 2കൊരി. 4:18)
3. വിശ്വാസം എന്നത് ദൈവത്തിന്റെ വചനത്തിൽ ആശ്രയിക്കുന്നതാണ്. (റോമ. 4:18; ഗലാ. 3:16; റോമ. 10:17; എബ്രാ. 4:2)
4. വിശ്വാസത്തിന് മുമ്പിൽ അസാദ്ധ്യത കാണാം. (റോമ. 4:19; എബ്രാ. 11:11) തെളിവ് ആവശ്യമില്ല.
5. വിശ്വാസം സാദ്ധ്യമാകുന്നതിന് നാം മരിച്ചവരെന്ന് അംഗീകരിക്കണം. (റോമ. 4:19; 6:7-8,11)
6. വിശ്വാസം പതറുന്നില്ല. (റോമ. 4:20, യാക്കോ. 1:6-8)
7. വിശ്വാസം ഏറ്റുപറച്ചിലാണ്, പ്രഖ്യാപനമല്ല. (റോമ. 4:21; 1കൊരി. 4:19-20)

# ഭാഗം 4 പുനഃപരിശോധന

## പാഠം 4–1

1. പൗലോസിന്റെ ആത്മീയ പക്വതയിൽ തനിക്ക് ഉണ്ടായ മാറ്റങ്ങൾ വാക്യങ്ങൾ സഹിതം വിശദീകരിക്കുക.
2. മനുഷ്യന് രൂപപ്പെടുത്താവുന്ന നന്മകളെക്കുറിച്ച് ദൈവത്തിന്റെ വിലയിരുത്തൽ എന്ത്?
3. പാപവും നിർജ്ജീവവൃത്തികളും തമ്മിലുള്ള വ്യത്യാസം എന്ത്?
4. ലൂക്കോസ് 18ൽ പറഞ്ഞിരിക്കുന്ന പരീശന്റെയും ചുങ്കക്കാരന്റെയും കഥ യേശു ആരെ ഉദ്ദേശിച്ചാണ് പറഞ്ഞത്?
5. യേശുവിന്റെ കാലത്തെ പരീശന്മാരെക്കുറിച്ച് വിശദീകരിക്കുക.
6. യേശുവിന്റെ കാലത്തെ ചുങ്കക്കാരനെക്കുറിച്ച് വിശദീകരിക്കുക.
7. യേശുവിന്റെ കഥയിലെ പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനകൾ വിശദീകരിക്കുക.
8. ദൈവത്തിന്റെ മുമ്പാകെ നീതികരിക്കപ്പെട്ടതാർ? എന്തുകൊണ്ട്?
9. എല്ലാവർക്കും ദൈവം തുല്യകൃപയാണ് കൊടുക്കുന്നതെങ്കിൽ ചില വിശ്വാസികൾ മറ്റുള്ളവരെക്കാൾ കൂടുതൽ അനുഗ്രഹിക്കപ്പെടുന്നതെന്തുകൊണ്ട്?
10. പെരുമാറ്റത്തിനുള്ള രാജകീയ നിയമാവലി എന്താണ്? അതിന്റെ 5 നിയമങ്ങൾ വിശദീകരിക്കുക.
11. കൃപ എന്നാലെന്ത്?
12. ഒരു സ്നേഹിതനോട് 'കൃപ' എങ്ങനെ വിശദമാക്കാം? അടിസ്ഥാനപരമായ വചനപരാമർശങ്ങൾ ഏവ?

**മനഃപാഠവാക്യങ്ങൾ**

റോമർ 5:1–2

1 കൊരിന്ത്യർ 15:10

## പാഠം 4–2

1. എന്താണ് ദുഷ്ടത?
2. പാപം എവിടെയാണ് വിധിക്കപ്പെടുന്നത്?
3. എവിടെയാണ് ദുഷ്ടത വിധിക്കപ്പെടുന്നത്?
4. എന്തിനാലാണ് നാം ദുഷ്ടതയെ കീഴ്പ്പെടുത്തുന്നത്?
5. എന്താണ് ദൈവിക നന്മ?
6. എന്താണ് ജ്ഞാനം?
7. എന്താണ് വിവേകം?
8. എങ്ങനെയാണ് വിവേകം നേടുന്നത്?
9. എന്താണ് സ്നേഹവും വിവേകവും തമ്മിലുള്ള ബന്ധം?

10. ദുഷ്ടതയെക്കുറിച്ചും ദുഷ്ടതയെ വിവേചിക്കുവാൻ ഉള്ള കഴിവിനെക്കുറിച്ചും ഒരു സ്നേഹിതനോട് എങ്ങനെ വിശദമാക്കും? സഹായകരമായ വാക്യങ്ങൾ ഏവ?

**മനപാഠവാക്യങ്ങൾ**

റോമർ. 12:21

എബ്രായർ. 5:13-14

ഫിലിപ്പിയർ. 1:9-11

## പാഠം: 4-3

1. പരീക്ഷയെക്കുറിച്ച് കർത്താവിന്റെ വാക്കുകൾ എന്താണ്?
2. പരീക്ഷ വിജയിക്കുവാനുള്ള ഒന്നാമത്തെപടി എന്താണ്?
3. ചിലരുടെ പരീക്ഷ മറ്റുള്ളവരുടെ പരീക്ഷയേക്കാൾ പ്രയാസമുള്ളതാണോ?
4. നമ്മുടെ പരീക്ഷയിൽ ദൈവം ഏത് പരിധിയാണ് വെച്ചിട്ടുള്ളത്?
5. പരീക്ഷക്കുള്ള മൂന്ന് മുഖാന്തിരങ്ങൾ ഏവ? അതിൽ ഓരോന്നിനോടും നാം എങ്ങനെ ഏർപ്പെടും?
6. നാം പരീക്ഷിക്കപ്പെടുമ്പോൾ എങ്ങനെ പരിഗണിക്കണമെന്നാണ് യാക്കോബ് പറയുന്നത്?
7. 'നാനാപരീക്ഷകൾ' എന്നതുകൊണ്ട് യാക്കോബ് എന്താണ് അർത്ഥമാക്കുന്നത്?
8. നമ്മെ പരീക്ഷിക്കുന്നതിനുള്ള ദൈവോദ്ദേശ്യം എന്ത്?
9. പരീക്ഷയും പരിശോധനയും തമ്മിലുള്ള വ്യത്യാസം എന്ത്?
10. ഒരു തട്ടാന്റെ വിശദീകരണത്തിലൂടെ പരിശോധനയുടെ ഉദ്ദേശ്യവും ക്രമങ്ങളും വിവരിക്കുക.
11. പരിശോധനയും പരീക്ഷയും അഭിമുഖീകരിക്കുവാനുള്ള അനുദിന ജീവിതത്തിലെ അഞ്ച് ശിക്ഷണനിയമങ്ങൾ ഏവ?
12. വിശ്വാസത്തിന്റെ സ്വസ്ഥത എന്നപദത്തിന്റെ അർത്ഥം എങ്ങനെ വിശദമാക്കാം?
13. വിശ്വാസസ്വസ്ഥതയുടെ തത്വം എന്ത്? നിങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നവും അത് അഭിമുഖീകരിക്കുവാൻ അവകാശപ്പെടുന്ന വാഗ്ദത്തവും ഉദാഹരണസഹിതം വിശദമാക്കുക.
14. ഒരു സ്നേഹിതനോട് പരീക്ഷയും പരിശോധനയും എങ്ങനെ വിശദീകരിക്കും? (യോജിച്ച വാക്യങ്ങളും)

**മനഃപാഠവാക്യം**

1കൊരിന്ത്യർ. 10:13

യാക്കോബ് 1:2-4

1പത്രോസ്. 1:6-7.

## പാഠം. 4-4

1. എന്തുകൊണ്ടാണ് പുറപ്പാടിലെ തലമുറ 40 വർഷം മരുഭൂമിയിൽ അലയുവാൻ ഇടയായത്?
2. വാഗ്ദത്ത ദേശത്തിന്റെ ചിത്രം എന്താണ്?
3. ഓരോ ക്രിസ്ത്യാനിയും ഭയപ്പെടേണ്ട ഒരു വസ്തുത എന്താണ്?

4. യെരിഹോ പിടിക്കുവാനായി യിസ്രയേൽ ജനം എന്താണ് ചെയ്യേണ്ടിയിരുന്നത്?
5. വിചാരപ്പെടുന്നതിനുള്ള പ്രതിവിധിയായി പൗലോസ്, ഫിലിപ്പിയർ 4:6-7 വാക്യങ്ങളിൽ എന്താണ് പറഞ്ഞിരിക്കുന്നത്.
6. വിശ്വാസത്തിന്റെ സ്വസ്ഥത ദാനിയേൽ വിശദീകരിക്കുന്നതെങ്ങനെ?
7. എന്തുകൊണ്ടാണ് ദൈവം ചിലപ്പോൾ അസാധാരണ പരിശോധന നല്കുന്നത്? ബൈബിളിലെ അസാധാരണ പരിശോധനകളിൽ നാല് എണ്ണം പറയുക.
8. എന്താണ് ശബ്ബത്ത്? ബൈബിളിൽ പറഞ്ഞിരിക്കുന്ന എട്ട് ശബ്ബത്ത് ഏവ?
9. വിശ്വാസത്തിന്റെ സ്വസ്ഥത വിശദീകരിക്കുക.

**മനഃപാഠവാക്യം**

എബ്രായർ 4:1-3

ഫിലിപ്പിയർ. 4:6-7

**പാഠം. 4-5**

1. പൗലോസിന് അനർത്ഥം വരുത്തുവാൻ ദൈവം എന്തുകൊണ്ട് സാത്താന്റെ ദൂതനെ അനുവദിച്ചു?
2. പൗലോസിന്റെ ജഡത്തിലെ ശൂലം നീക്കുവാനുള്ള പൗലോസിന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നല്കാഞ്ഞതെന്ത്?
3. ദൈവത്തിന്റെ മറുപടിയോടുള്ള പൗലോസിന്റെ പ്രതികരണം എന്ത്?
4. പൗലോസിന്റെ സംതൃപ്തിയുടെ രഹസ്യം എന്ത്?
5. "ഞങ്ങൾക്ക് ഈ നിക്ഷേപം മൺപാത്രങ്ങളിലാണുള്ളത്" എന്ന് പൗലോസ്. 2 കൊരിന്ത്യർ 4:7ൽ പറയുന്നതിന്റെ അർത്ഥം എന്ത്? എന്താണ് പാത്രം? എന്താണ് നിക്ഷേപം?
6. ഈ വാക്യം എഴുതുമ്പോൾ പൗലോസിന്റെ മനസ്സിൽ ഏത് പഴയനിയമകഥയാണ് കടന്നുവരാൻ സാദ്ധ്യതയുള്ളത്?
7. ക്രിസ്ത്യാനികളുടെ ജീവിതത്തിൽ ദൈവം എന്തുകൊണ്ട് പരീക്ഷകൾ അനുവദിക്കുന്നു?
8. ക്രിസ്തീയ ജീവിതത്തിന്റെ അഞ്ച് സാങ്കേതിക നിലവാരങ്ങൾ ഏവ?
9. ദൈവം വലിയ ഉദ്ദേശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ള ബൈബിളിലെ 5 ചെറിയ കാര്യങ്ങൾ എഴുതുക.
10. വിശ്വാസം നിർവ്വചിക്കുക. സ്വാഭാവികതകൾ ഏവ?
11. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തി എങ്ങനെ പ്രവൃത്തിക്കുന്നു എന്ന് വാക്യങ്ങൾ സഹിതം ഒരു സ്നേഹിതനോട് എങ്ങനെ വിശദീകരിക്കാം?

**മനഃപാഠവാക്യം**

സെഖര്യാവ്. 4:6

2കൊരിന്ത്യർ. 12:9 -10

2കൊരിന്ത്യർ 4:7-10



# പാഠം 5 – 1:

# ശത്രു – *സാത്താൻ*

യശയ്യാവ് 14:12–15
1 യോഹന്നാൻ 5:4–5

നമ്മുടെ ശത്രുവിനെ പല പേരിലും അറിയപ്പെടുന്നു. ദുഷ്ടൻ (മത്താ 6:13, 1 യോഹ, 2:13) കുലപാതകൻ ........ കള്ളൻ ............. ഭോഷ്കു പറയുന്നവന്റെ അപ്പൻ ......... പിശാച് (യോഹ. 8:44). ഈ ലോകത്തിന്റെ പ്രഭു (യോഹ. 12:31) “ ഈ ലോകത്തിന്റെ ദൈവം” (2 കൊരി 4:4). ആകാശത്തിലെ അധികാരത്തിൻ അധിപതി (എഫെ 2:2 മഹാ സർപ്പം ................. പഴയ പാമ്പ് .............. പിശാചും സാത്താനും.......... ഭൂതലത്തെ മുളുവൻ തെറ്റിച്ച് കളയുന്നവൻ (വെളി 12:9).

നാം വസിക്കുന്ന ഈ പ്രപഞ്ചം സാത്താന് അവകാശപ്പെട്ടതാണ്. യേശുക്രിസ്തുവിൽ വിശ്യസിക്കുന്ന നാം ശത്രുവിന്റെ രാജ്യത്തിൽ അവനെ എതിർക്കുവാനായി ആക്കിവെച്ചിരിക്കുന്ന സർവ്വശക്തിയുള്ള ദൈവത്തിന്റെ ധീരയോദ്ധാക്കളാണ്.

നമ്മുടെ ശത്രു ഇതുവരെ ജീവിച്ചിട്ടുള്ള ഏതൊരു വ്യക്തിയെക്കാളും വലിയവനും, വേഗതയുള്ളവനും ചുറുചുറുക്കുള്ളവനും സൂത്രശാലിയും ആണ്. തന്റെ കൗശലവും തന്ത്രവും അനേകായിരം വർഷങ്ങളായി ദോഷകരമായി പ്രയോഗിച്ച് നൈപുണ്യം നേടിയവനാണ്. അലറുന്ന സിംഹം എന്നപോലെ ആരെവിഴുങ്ങേണ്ടു എന്ന് തിരിഞ്ഞ് പിശാച് ഓടിനടക്കുന്നവനാണ് (1 പത്രോസ് 5:8) ഒരു പേപ്പർ കഷ്ണം നാം ചുരുട്ടി എറിയുന്നതു പോലെ. ഒരു പുരുഷനെയോ സ്ത്രീയേയോ ശാരീരികമായോ മാനസികമായോ വികാരപരമായോ നിഷ്പ്രയാസം നശിപ്പക്കുവാൻ കഴിവുള്ളവനാണ് പിശാച്. എന്നാൽ ഒരു നിലയിലും ദൈവവുമായി താരതമ്യമുള്ളവനല്ല. ഒരു വിശ്വാസി ദൈവശക്തിയിൽ എങ്ങനെ നില്ക്കണമെന്ന് അറിയാവുന്നവനാണ്. നമ്മുടെ ശത്രുവിന്റെ സ്വഭാവവും ഉദ്ദേശ്യങ്ങളും നാം അറിയാതിരിക്കുന്നതാണ് സാത്താന്റെ ഏറ്റവും വലിയ ആയുധം. സംഭവിക്കുന്നതെന്താണെന്നും ആരോടാണ് യുദ്ധം ചെയ്യുന്നതെന്നും നാം മനസ്സിലാക്കിയിരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. സാത്താനെയും അവന്റെ സൈന്യത്തെയും  കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതെല്ലാം അവൻ വചനത്തിൽ  വെളിപ്പെടുത്തിയിരിക്കുന്നു.

മനുഷ്യനെ സൃഷ്ടിക്കുന്നതിന് വളരെ മുൻപ് മനുഷ്യനെക്കാൾ ശക്തിയും ബുദ്ധിയുമുള്ള ആത്മീയജീവിയായിരിക്കുന്ന ദൂതന്മാരെ ദൈവം സൃഷ്ടിച്ചു (എബ്രാ. 1:14:, 2:7: 2 പത്രോ. 2:11). ബൈബിളിൽ 200 ൽ അധികം പരാമർശം ദൂതന്മാരെകുറിച്ച് കാണുന്നു. ദൈവം അവരെ പല പദവിയിൽ ക്രമമായി നിർത്തിയിരിക്കുന്നു എന്ന

സത്യം ബൈബിളിൽ പരാമർശിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ കൂടുതൽ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന വാക്ക് " അഗലോസ്" അണ്. അർത്ഥം സന്ദേശവാഹകൻ എന്നാണ് അത് തൻജ്ജമ ചെയ്തിർക്കുന്നത് ദൂതൻ എന്നാണ്. ത്രോണോസ് - സിംഹാസനം, കുര്യോട്ട്സ് - ശക്തി, അർചോൺ - ഭരണാധികാരി, എക്സോസിയ - അധികാരി, ഡ്യുനാമിസ് - ശക്തി എന്നിങ്ങനെ പരാമർശിച്ചിട്ടുണ്ട്.

ബൈബിളിൽ മൂന്നു ദൂതന്മാരെയാണ് പേര് പറഞ്ഞ് പരാമർശിച്ചിട്ടുള്ളത്. പ്രധാന ദൂതനായ മിഖയേൽ യിസ്രായോലിന്റെ പ്രതിരോധ മേഖലയിലാണ് (ദാനി 10:13; 21:12:1:, യൂദാ 9; വെളി 12:7). ഗബ്രിയേൽ ദൈവദാസന്മർക്ക് വേണ്ടിയുള്ള പ്രത്യേക സന്ദേശവാഹകനാണ് (ദാനി 8:16; 9:21 ലൂക്കോ 1:19; 26 –33).കൂടാതെ ലൂസിഫർ - നാം അറിയുന്ന സാത്താൻ യെശ 14:12 യെശ.14:12, KJV - യിൽ ലൂസിഫർ എന്നും NASV - യിൽ ഉദയ നക്ഷത്രം എന്നും തർജ്ജമ ചെയ്തിരിക്കുന്ന എബ്രായ പദം ഹെലെൽ (ശോഭിക്കുന്നത്) ആണ്. ലൂസിഫർ എന്ന പദം, ലാറ്റിനിലെ " ലൂസെറെ"(ശോഭിക്കുക), ലക്സ് (പ്രകാശം) എന്നി പദങ്ങൾ തർജ്ജമ ചെയ്തതാണ്.

ദൈവം സൃഷ്ടിച്ച് ദൂതന്മാരിൽ ലൂസിഫർ ശക്തിയിലും സൗന്ദര്യത്തിലും പദവിയിലും ഏറ്റവും ഉന്നതനായിരുന്നുവെന്ന് (യെഹ 28:11,15) ഓർമ്മിപ്പിക്കുന്നു. "അഭിഷേകം ചെയ്യപ്പെട്ട കൊമ്പ്" എന്ന് വിളിച്ചിരുന്നു. അവന്റെ ഉത്തരവാദിത്വങ്ങൾ, ദൈവത്തിന്റെ സിംഹാസനവുമായി നേരിട്ട് ബന്ധപ്പെട്ടതായിരുന്നു. ഗ്രീക്കുപദമായ ഡയാബോളോസ് (Diabolos) ൽ നിന്നും (Devil) ഉം എബ്രായപദമായ "സാത്താൻ" (Satan) ഉം അർത്ഥമാക്കുന്നത് 'എതിരാളി", "അപവാദി" കുറ്റം ചുമത്തുന്നവൻ" എന്നിങ്ങനെയാണ്. ഏറ്റവും സൗന്ദര്യമുള്ള ദൈവത്തിന്റെ സൃഷ്ടി എങ്ങനെ കുലപതകനും, ഭോഷ്കു പറയുന്നവനും ചതിയനും എല്ലാ തിന്മയുടെയും ഉറവിടമായി? രണ്ട് വാക്കുകളാണ് കാരണം "ഞാൻ ആകും"

> *അരുണോദയ പുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനെ നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കും മീതെ വെയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൻ മേൽ ഞാൻ ഇരുന്നുരുളും ഞാൻ മേഘോന്നതങ്ങൾക്കും മീതെ കയറും ഞാൻ അത്യൂന്നതനോടും സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത് എന്നാൽ നീ പാതാളത്തിലേക്ക് നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും (യെശ. 14:12 - 15)*

മറ്റു ദൂതന്മാരെപ്പോലെ സ്വയമായി ഇച്ഛാശക്തിയുണ്ടായിരുന്ന സാത്താൻ ദൈവത്തിനെതിരായി മത്സരിച്ചു. അവൻ തന്നിൽതന്നെ ഇഷ്ടനാകുകയും ഹൃദയത്തിൽ ഗർവ്വം നിറയ്ക്കുകയും ചെയ്തു. അവൻ സ്വതന്ത്രമാകുവാനും സൃഷ്ടാവിനോടും തുല്യനാകുവാനും തീരുമാനിച്ചു.

അവന്റെ സ്വധീനത്താൽ ദൂതസമൂഹത്തിൽ മൂന്നിൽ ഒന്നിനെ ദൈവത്തിനെതിരായി പ്രവർത്തിപ്പിച്ചു (വെളി 12:4) എന്നാൽ ദൈവം സാത്താനും വീണുപോയ ദൂതന്മാർക്കുമെതിരായി നിത്യാഗ്നി ഒരുക്കി (മത്തായി 25:41) വിധി കൽപ്പിച്ചു എങ്കിലും അത് ഇതുവരെയും പ്രാവർത്തികമായില്ല. സാത്താനെ അവന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ നിന്നും തള്ളിയിട്ടു.ഇപ്പോഴും പ്രപഞ്ചത്തിന്മേലുള്ള അവന്റെ നിയന്ത്രണം തുടരുന്നു.

ദൈവത്തിന്റെ നീതിയുള്ള വിധിക്കെതിരായി സാത്താൻ വാദിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ വിധികൾക്കെതിരായി കുറ്റാരോപണം നടത്തുന്നത് സാത്താന്റെ സ്വഭാവമാണ്. ദൈവം ഇത് അംഗീകരിക്കുന്നില്ല. ലൂസിഫറിന്റെ ആരോപണങ്ങളെ നിരാകരിക്കുവാനായി ദൈവം ഇത് ഒരു പദ്ധതി രൂപികരിച്ചു. ഇത് മനുഷ്യനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതിയാണ്.

മനുഷ്യചരിത്രത്തിൽ സംഭവിച്ച് കൊണ്ടിരിക്കുന്നത് ദ്വന്ദ്വയുദ്ധത്തിന് സമാനമാണ്. ദൈവത്തിന്റെ സ്വഭാവത്തെ വെല്ലുവിളിക്കുകയാണ്. ദൈവം മാത്രമാണ് നീതിയും സത്യമുള്ളവൻ. അവൻ മാത്രമാണ് നല്ലവൻ എന്ന് തന്റെ സൃഷ്ടികളെ കാണിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അങ്ങനെയല്ല എന്ന് തെളിയിക്കുവാൻദൈവം സാത്താനെയും അനുവദിച്ചിരിക്കുന്നു.

എന്നാൽ സർവശക്തനായ ദൈവവും സൃഷ്ടിക്കപ്പെട്ട ഒരു ദൂതനും തമ്മിൽ എങ്ങനെയാണ് ഒരു ന്യായമായ പോരാട്ടം നടക്കുന്നത്. മാനുഷിക യുക്തിയിൽ ശക്തനായ ഒരു മനുഷ്യനെ ബലഹീനനായ ഒരു മനുഷ്യൻ വെല്ലുവിളിച്ചാൽ അവൻ ഒരു കൈ പുറകിൽ കെട്ടിയിട്ടിട്ടുവേണം പോരാടേണ്ടത് .അതാണ് ദൈവം യഥാർത്ഥത്തിൽ ചെയ്യുന്നത്. തന്റെ സ്വന്തം കൈകൾ കെട്ടി, ശക്തി പരിമിതിപെടുത്തിക്കൊണ്ട് ദൂതനെക്കാൾ താണ ഒരു

ജീവിയുടെ സ്വന്തം കൈകൾ കെട്ടി ,ശക്തി പരിമിതിപ്പെടുത്തിക്കൊണ്ട് ദൂതനെക്കാൾ താണ ഒരു ജീവിയുടെ സ്വതന്ത്രതീരുമാനത്തനത്തിൽകൂടെ പ്രവർത്തിക്കുന്ന . സാത്താന്റെ പ്രതിസന്ധിയുടെ പരിഹാരാർത്ഥമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്(എബ്രാ.2.7,യെശ.43:7).

സാത്താന്റെ പ്രതിസന്ധിയുടെ പരിഹാരം വ്യക്തിയിലും കർത്താവായ യേശുക്രസ്തുവിന്റെ പ്രവൃത്തിയിലും കേന്ദ്രീകരിച്ചിരിക്കുന്നു. മനുഷ്യസൃഷ്ടിക്കു മുമ്പുതന്നെ അവൻ പരീക്ഷയിൽ അകപ്പെടുമെന്ന് ദൈവം അറിഞ്ഞിരുന്നതുകൊണ്ട് ദൈവം മനുഷ്യർക്കെല്ലാവർക്കും ഒരു രക്ഷാമാർഗ്ഗം ഒരുക്കി. ദൂതൻ മുഖാന്തിരം ഉണ്ടായ പ്രതിസന്ധി ലഘൂകരിച്ചുകൊണ്ട് മനുഷ്യന് ഏത് സാഹചര്യത്തിലും തീരുമാനമെടുക്കത്തക്ക നിലയിൽ രണ്ട് തിരഞ്ഞെടുപ്പുകൾ അവന്റെ മുമ്പാകെ വെച്ചു. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ കൃപയും സത്യവും സ്വാധീനിക്കപ്പെട്ടുകൊണ്ട് ദൈവത്തിന്റെ പദ്ധതി തിരഞ്ഞെടുക്കുക. അല്ലെങ്കിൽ ദൈവിക പദ്ധതിക്കെതിരായി തന്നിൽതന്നെ ശരണപ്പെട്ട് ദുഷ്ടതയും വഞ്ചനയും സ്വാധീനിക്കുക.

സാത്താന്യപ്രതിസന്ധി ഭൂമിയിലുള്ള എല്ലാ മനുഷ്യാത്മാവിലും സ്വാധീനിച്ചിരിക്കുന്നു. തന്റെ നീതിയും കൃപയും പൂർണ്ണതയുള്ളതെന്ന് തെളിയിക്കുവാൻ ദൈവം ഈ പ്രതിസന്ധി തുടരുവാൻ അനുവദിച്ചിരിക്കുന്നു. ഡൊനാർഡ് ബാൺഹൗസ് വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> *യുദ്ധം പ്രഖ്യാപിക്കപ്പെട്ടു ഉന്നതനായി നിയന്ത്രിക്കുന്ന കെരുബാണ് ശത്രു. നമ്മുടെ ദൈവം ഇതിൽ ആശ്ചര്യപ്പെടുകയോ അത്ഭുതപ്പെടുകയോ ചെയ്യുന്നില്ല. സംഭവിക്കുന്നതിന് മുമ്പെ ഇത് സംഭവിക്കും എന്ന് താൻ തീർച്ചയായും അറിഞ്ഞിരുന്നു. തനിക്ക് പ്രായോഗികമാക്കത്തക്ക പൂർണ്ണമായ പദ്ധതി തന്റെ പക്കലുണ്ട്. ഒരു ശ്വാസംകൊണ്ട് സാത്താനെ നശിപ്പിക്കുവാനുള്ള ശക്തി തനിക്കുണ്ടെങ്കിലും അവൻ അങ്ങനെ ചെയ്കില്ല. സ്വർഗ്ഗത്തിൽ ഒതു വിധി വന്നതു പോലെ തോന്നും. ഈ എതിരാളിക്ക് നല്ലൊരു വിസ്താരം നൽകണം. അവൻ മുഴുവൻ കാലവും പ്രവർത്തിക്കുവാനുള്ള അനുവാദം കൊടുക്കണം. ദൈവത്തിന്റെ ശ്രേഷ്ഠതയുള്ള സൃഷ്ടിയാണെങ്കിലും അവനെ കൂടാതെ പ്രവർത്തിക്കുവാൻ കഴിയും എന്ന് പ്രപഞ്ചമെല്ലാം കാണട്ടെ. ഈ പരീക്ഷണം നമുക്ക് കാണാം. പ്രപഞ്ചത്തിലെ സർവ്വസൃഷ്ടികളും ഇത് വീക്ഷിക്കട്ടെ. ഇത് ഭൂതകാല നിത്യതയ്ക്കും ഭാവികാലനിത്യതയും മദ്ധ്യേയയുള്ള ഇടവേളയാണ്. ഇതിൽ സ്വാതന്ത്ര്യത്തിന്റെ ആത്മാവ് പരമാവധി പ്രവർത്തിക്കുമാറാക്കട്ടെ. ഇതിലുണ്ടാക്കുന്ന നഷ്ടങ്ങളും കഷ്ടങ്ങളും പ്രപഞ്ചത്തിന് ഒരു കാര്യം എന്നന്നേക്കും വ്യക്തമാക്കും. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി ഏറ്റവും ഉന്നതനായി ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടാതെ ജീവനും സന്തോഷവും സമാധാനവും ലഭിക്കുവാൻ സാദ്ധ്യമല്ല.*

ദൈവം തന്റെ സ്വാധീനതയിൽ ആക്കിയിരുന്ന ആദിമമനുഷ്യൻ എന്ത് തിരഞ്ഞെടുപ്പ് നടത്തും എന്ന് അറിയാൻ സാത്താൻ വളരെ ആഗ്രഹിച്ചിരുന്നു. പ്രധാന കൗശലക്കാരൻ ആദാമിൽ നിന്ന് അകലയായിരുന്നെങ്കിലും, മാനുഷ്യകനിലാവാരത്തിൽ അവളുടെ ജീവിതംകൊണ്ട് ചിലത് ചെയ്യുവാനും, കഴിവുകൾ വികസിപ്പിച്ചെടുക്കുവാനും പ്രോൽസാഹിപ്പിച്ചു. അവന്റെ വായിൽ നിന്നുള്ള ആദ്യത്തെ വാക്കുതന്നെ ദൈവത്തിന്റെ വാക്കിലുള്ള അവളുടെ ആശ്രയം ഇല്ലാതാക്കുവാൻ തക്കവണ്ണം അവളുടെ വീക്ഷണം മാറ്റി. അവൾ വിലക്കപ്പെട്ട പഴം തിന്നു. സാത്താൻ വിശ്വസിച്ചിരുന്നതുപോലെ ആദാം സ്ത്രീയെ പിന്തുടർന്നു. അങ്ങനെ സാത്താൻ ദൈവത്തിന്റെ ഭരണാധികാരിയായി.

ഈ സന്ദർഭത്തിൽ താൻ പോരട്ടത്തിൽ ജയിച്ചു എന്ന് സാത്താൻ തീർച്ചയായും ഊഹിച്ചു. എന്നാൽ തന്റെ ആഹ്ളാദം അല്പസമയത്തേക്കുള്ളതായിരുന്നു. സാത്താന്റെ ഈ ഭൂമിയിലെ സ്വാധീനതയിലേക്ക് ദൈവം കടന്നുവന്നു. സ്ത്രീയുടെ സന്തതിയായി (ഉല്പ. 3:15) ഒരു രക്ഷകനെ ഭൂമിയിലേക്കേ് വാഗ്ദത്തം ചെയ്തുകൊണ്ടും അവളുടെ നഗ്നത മറക്കുവാനായി ഒരു യാഗമൃഗത്തെ നല്കിക്കൊണ്ടും തന്റെ പ്രായശ്ചിത്ത മരണത്തെ വെളിപ്പെടുത്തി. (ഉല്പ 3:21)

ദൈവം വാഗ്ദത്തം കൊടുത്ത നിമിഷം മുതൽ തന്നെ ക്രിസ്തുവിന്റെ ജനനം തടയുവാനും വാഗ്ദത്തങ്ങൾ ഇല്ലാതാക്കുവാനുമുള്ള എല്ലാ ശ്രമങ്ങളും നടത്തി. അങ്ങനെ ദൈവത്തിന് തന്റെ വാക്കുകൾ പാലിക്കുവാൻ കഴിയുകയില്ല എന്ന് തെളിയിക്കുവാനുള്ള ശ്രമം ആയിരുന്നു. രക്ഷകനിൽ വിശ്യസിക്കാതിരിക്കുവാനുള്ള ശ്രമം

## നമ്മിലുള്ള ശക്തി

ഓരോ വിശ്വാസിയേയും സാത്താന് ഭയമാണ്. അത്രമാത്രം ഭയമാണെന്ന് നാംപോലും ചിന്തിക്കാറില്ല. എന്നാൽ ദൈവത്തിന്റെ സർവ്വശക്തയുള്ള പരിശുദ്ധത്മാവായ ദൈവം നമ്മിൽ അധിവസിക്കുകയും നമ്മെ ശക്തരാക്കുകയും ചെയ്യുന്നു എന്ന് ചിന്തിക്കുമ്പോഴാണ് സാത്താൻ നമ്മെ എങ്ങനെ കാണുന്നു എന്ന് മനസിലാക്കുവാൻ കഴിയുന്നത്.

അപ്പൊസ്തലനായ യോഹന്നാൻ പറയുന്നത്. " നിങ്ങളിലുള്ളവർ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്" (1 യോഹന്ന. 4:4) നമ്മൾ നടക്കുന്ന അദ്ഭുതങ്ങളാണ്, നടക്കുന്ന ആയുധസംവിധാനങ്ങളാണ്. ശത്രു ഇത് മനസ്സിലാക്കുന്നു. രക്ഷിക്കപ്പെട്ട നിമിഷം മുതൽ നമ്മിൽ എല്ലാവരിലും ദൈവത്തിന്റെ ശക്തി ലഭ്യമാണ്. പരമാധികാരം, വിശുദ്ധി, നീതി, സ്നേഹം, നിത്യജീവൻ, സർവ്വവ്യാപിത്യം, സർവ്വ ശക്തി, സർവ്വജ്ഞാനം, സത്യസന്ധത, സ്ഥിരത ഇതെല്ലാം പരിശുദ്ധാത്മാവിലുണ്ട്.

എന്നാൽ ശത്രുവിന് മറ്റ് ചിലതും അറിയാം. ശിശുക്കളായിരുക്കുന്ന വിശ്വാസികളുടെ ആത്മാവിൻ ഇല്ലായെന്നും - ദൈവവചനം - അനറിയാം. നമ്മിലുള്ള സമ്പത്ത് മനസ്സിലാക്കുവാനും അതുപയോഗിക്കുവാനും വചനം കൂടാതെ സാധിക്കുകയില്ല. വചനമാകുന്ന വാളല്ലാതെ സാത്താനെതിരായി ഉപയോഗിക്കുവാൻ ആത്മാവിന് വേറൊരു ആയുധം ഇല്ല (എഫെ. 4:17; എബ്രാ. 4:12) നാം വളർച്ച പ്രാപിക്കുന്നില്ലെങ്കിൽ ആത്മാവിൽ നിലനിൽക്കാൻ കഴിയില്ല. ദൈവത്തിന്റെ ആത്മാവും ദൈവത്തിന്റെ വചനവും നമ്മിൽ ഒരുപോലെ വസിക്കുമ്പോൾ സാത്താനെ തോൽപ്പിക്കുവാനുള്ള ശക്തി സൃഷ്ടിക്കപ്പെടുന്നു.

യഥാർത്ഥത്തിൽ സാത്താനെ വിരട്ടിയോടിക്കുവാനുള്ള ഒരു മാർഗ്ഗം, നാം വളർച്ച പ്രാപിക്കുകഎന്നുള്ളതാണ്. നമ്മുടെ വളർച്ച തടയുവാൻ അവൻ എല്ലാ തന്ത്രവും ഉപയോഗിക്കുകയാണ്. എന്തുകൊണ്ടെന്നാൽ നാം വളർച്ച പ്രാപിക്കുമ്പോൾ, പൗലോസ് അപ്പോസ്തലനിൽ പ്രവർത്തിച്ച അതേ ശക്തി നമുക്കും ലഭ്യമാണെന്ന് മനസ്സിലാക്കുവാൻ തുടങ്ങും. നാം വളരുമ്പോൾ ദൈവത്തിന് നമ്മെക്കുറിച്ച് പ്രത്യേക പദ്ധതി ഉണ്ടെന്നും (പൗലോസിന് ലഭിച്ചതുപോലെ) വിശ്വാസത്തിൽ വിജയകളാകുമെന്നും അത് നമ്മെ ദൈവത്തിന്റെ സ്നേഹിതരാകുവാൻ അനുവദിക്കുമെന്നും നാം തിരിച്ചറിയുന്നു. ഇതെല്ലാം നാം ജീവിതത്തിൽ പ്രയോഗിക്കുന്നുണ്ടോ എന്നുള്ളത് നമ്മുടെ തീരുമാനത്തിനനുസരിച്ചിരിക്കുന്നു. നമ്മുടെ സ്വതന്ത്ര ഇച്ഛാശക്തിയാണ് ദൈവത്തിന്റെ ശക്തിയേയും നമ്മെയും തമ്മിൽ ബന്ധിപ്പിക്കുന്നത്.

ആയിരുന്നു. പാപസ്വഭാവത്തിൽ ജനിച്ച ആദ്യമനുഷ്യനായ ഹാബേലിനെ കൊല്ലിക്കുവാൻ കായിനിൽ കൂടെ ശ്രമം ആരംഭിച്ചു (ഉല്പ. 4). മനുഷ്യസമൂഹത്തെ മലിനമാക്കുവാൻ വീണുപോയ ദൂതന്മാരെ ഭൂമിയിലേക്കു അയച്ചു. (ഉല്പ.6) മനുഷ്യസമൂഹം മുഴുവനും പൂർണ്ണമായി മലിനപ്പെട്ടുകഴിഞ്ഞാൽ ക്രിസ്തുവിന് മനുഷ്യനായി വരുവാൻ കഴിയുകയില്ലല്ലോ. അബ്രഹാമിന്റെ വാഗ്ദത്ത സന്തതിയെ (ഗല. 3:16) തടയുവാൻ യിസ്രായേൽ രാഷ്ട്രത്തിന്മേൽ പല ആക്രമണങ്ങൾ നടത്തുകയുണ്ടായി. എന്നാൽ അവന് വിജയിക്കുവാൻ കഴിഞ്ഞില്ല. യേശു ജനിച്ചു. ദൈവം ജഡത്തിൽ വന്നു. ഹെരോദാവിന്റെ വിധിയിൽ കൂടെ ശിശുവായ യേശുവിനെ കൊന്നുകളയുവാനുള്ള സാത്താന്റെ ഉദ്യമവും ദാരുണമായി പരാജയപ്പെട്ടു (മത്താ. 2; വെളി 12: 1 –5).

കർത്താവായ യേശുക്രിസ്തു എന്ന ഏക വ്യക്തിയിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു സാത്താന്റെ ആക്രമണങ്ങൾ. തൊട്ടിൽ മുതൽ ക്രൂശുവരെയുള്ള എല്ലാ വഴികളിലും സാത്താൻ കർത്താവിനെ എതിർത്തുകൊണ്ടുള്ള പ്രവർത്തനമായിരുന്നു ഒരുക്കിയത്. നമ്മെപോലെ മനസ്സിലാക്കാൻ കഴിയാത്ത നിലയിൽ ദൈവത്തെ എതിരിടുകയും ചെയ്തു. എങ്കിലും യേശു തന്റെ ദൗത്യം പൂർത്തിയാക്കി. അവൻ തന്റെ മുഖം തീക്കല്ലുപോലെ ഉറപ്പിച്ചു നിർത്തുകയും നമുക്കു പകരമായി ക്രൂശിലേക്കു നീങ്ങുകയും ചെയ്തു.

യേശുവിന്റെ ക്രൂശീകരണം തന്റെ വിജയമാണെന്ന് സാത്താൻ വീണ്ടും വിചാരിച്ചു. എന്നാൽ മനുഷ്യ വർഗ്ഗ

ത്തിന്റെ രക്ഷകൻ മരിച്ചു. പുനരുദ്ധാനം ഉണ്ടായി. കർത്താവായ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കുകയും ചെയ്തപ്പോൾ താൻ തന്നെയാണ് ഈ പോരാട്ട ത്തിലെ വിജയി എന്ന് വ്യക്തമാക്കപ്പെട്ടു. സങ്കീ. 110:1-4 വരെയുള്ള പ്രവചനത്തിന്റെ പൂർത്തികരണമായിരുന്നു.

ഇവിടെ പിതാവായ ദൈവം പറഞ്ഞിരിക്കുന്നതും എബ്രായർ 1:13 - ൽ ആവർത്തിച്ചിരിക്കുന്നതുമായ പരിശു ദ്ധാത്മായ ദൈവത്തിന്റെ പ്രവർത്തിയെ സംബന്ധിച്ച് നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു നിർണ്ണായ വസ്തുത യാണ്. യേശുക്രിസ്തു ക്രൂശിൽ നിർവ്വഹിച്ച പ്രവൃത്തി പിതാവ് പൂർണ്ണമായി അംഗീകരിക്കുകയും, ശത്രുവിനെ തന്റെ പാദപീഠമാകുവോളം തന്റെ വലതുഭാഗത്ത് ഉരിക്കേണ്ടതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ക്രിസ്തു മഹിമയുടെ വലതുഭാഗത്ത് ഇരിക്കുവാൻ ഒരു പുതിയ കാലഘട്ടം - സഭായുംഗം-ആരംഭിക്കുകയായിരുന്നു. അത് അപ്പൊ. പ്രവൃ. 2 -ൽ പറഞ്ഞിരിക്കുന്നതുപോലെ പരിശുദ്ധാത്മാവിന്റെ ആഗമനത്തോടുകൂടി യാഥാർത്ഥ്യ മാകുകയും ചെയ്തു. സഭായുഗത്തിന്റെ ആരംഭത്തോടുകൂടി വളരെ അദ്ഭുതകരമായ ഒരു പദ്ധതി മറനീക്കി വന്നു. സാത്താന് ഒരിക്കലും മുൻകൂട്ടി ചിന്തിക്കുവാനോ തയ്യാറെടുക്കുവാനോ പരാജയപ്പെടുത്തുവാനോ കഴി യാത്ത ഒന്നായിരുന്നു അത്. ക്രൂശിന്റെ മുമ്പിൽ സാത്താൻ സർവ്വശക്തനായ- ദൈവം വസിക്കുന്ന, ഒരു വ്യക്തി ത്വത്തോട് -യേശുക്രിസ്തു - പരാജയപ്പെട്ടു. എന്നാൽ ഇപ്പോൾ തന്റെ വിശ്വാസം രക്ഷകനിൽ അർപ്പിക്കുന്ന ഓരോ വ്യക്തിയും തന്നിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ സർവ്വശക്തി വഹിക്കുന്നവനാണ്.

ഒരു വ്യക്തിയോട് മല്ലിടുനത്തിനുപകരം സാത്താന് പെട്ടെന്ന് 11 പേരോടും തുടർന്ന് 120 പേരോടും. അത് മനസ്സിലാക്കുന്നതിന് മുമ്പ് 3000 പേരോടും തുടർന്ന് ലക്ഷങ്ങളോടും താമസിയാതെ ജഡത്തിൽ ജീവിച്ച ദൈവ ത്തിന്റെ (യേശുക്രിസ്തു) ശക്തി ലഭിച്ച ലോകത്തെമ്പാടുമുള്ള ഓരോ വിശ്വാസിയോടും പോരാടേണ്ടി വരു ന്നു.

യേശുക്രിസ്തുവിന്റെ പുനരുദ്ധാനത്തിനുശേഷം 70 വർഷങ്ങൾക്കുള്ളിൽ ദൈവത്തിന്റെ വചനം പൂർണ്ണമാ ക്കപ്പെട്ടു. ദൈവവചനത്തിലെ സത്യങ്ങളും ദൈവാത്മാവിന്റെ കൃപയും ഭൂമിയിലെ ഓരോ വിശ്വാസിക്കും അള വില്ലാതെ ലഭിക്കുന്നു എന്ന് സാത്താന് ബോധ്യപ്പെടുമ്പോൾ അവന്റെ അവസ്ഥ എന്തായിരിക്കും ?

അതുകൊണ്ടാണ് കർത്താവ് മത്താ. 16 -ൽ പറഞ്ഞത് "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല." സഭ പ്രതീക്ഷയോടുകൂടെ വിശ്വസ്തരും ധൈര്യശാലികളു മായ ചില ആത്മാക്കളെ സാത്താന്റെ ആക്രമണങ്ങൾക്ക് എതിരായി നിർത്തണം എന്നല്ല ദൈവത്തിന്റെ പദ്ധതി. പിന്നെയോ സഭയെ ആക്രമണമേഖലയിൽ, പാതാളഗോപുരങ്ങളെ ഇടിച്ചുനിരത്തുന്ന നിലയാണ് കാണുന്നത്. പുരാതന കാലങ്ങളിൽ പട്ടണവാതിൽക്കൽവെച്ചാണ് പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുത്തിരിന്നത്. ശക്തിയു ടെയും അധികാരത്തിന്റെയപും സ്ഥാനമായിരുന്നു. സഭയുടെ സംരംഭങ്ങൾക്കെതിരായി പാതാളത്തിന്റെ ശക്തിയോ അധികാരങ്ങൾക്കോ നിലനിൽക്കുവാൻ കഴിയുകയില്ല എന്ന് യേശു പറയുന്നു. അതായിരുന്നു ദൈവത്തിന്റെ പദ്ധതി, അത് ഇന്നും തുടരുന്നു.

> *ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്ന് വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു. ലോകത്തെ ജയിക്കുന്നവൻ(1യോഹ.5:4-5)*

നമുക്ക് മാനുഷികനിലയിലുള്ള എല്ലാ പരിമിതകളുണ്ടെങ്കിലും, നമ്മെക്കാൾ ശക്തനും ബുദ്ധിമാനും ബലവാ നും, എണ്ണത്തിൽ കൂടുതലുള്ളവനുമായ ഒരു ശത്രുവിനെതിരെ അണിനിരത്തപ്പെട്ടിരിക്കുകയാണ്. യേശുക്രിസ്തു ക്രൂശിൽ സാത്താനെതിരായി വിജയം നേടിയിരിക്കുകയാണ്. അതായത് യുദ്ധത്തിന്റെ ഗതി മാറിയിരിക്കുന്നു. ദൈവം തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ചപ്പോൾ തന്നെ പാപത്തിന്റെ പിഴ കൊടുത്തുതീർത്തു. അവൻ പിശാചിന്റെ തല തകർത്തു. ഭൂമിയിലുള്ള അവന്റെ സുരക്ഷിത വാതിൽ പൊളിച്ചു തുറന്നു.

എന്നാൽ യുദ്ധം ഇതുവരെ അവസാനിച്ചിട്ടില്ല. ഇപ്പോഴും നാം യുദ്ധമേഖലയിലാണ്. കർത്താവായ യേശു ക്രിസ്തു സാത്താന്റെ മേൽ നേടിയ വിജയത്തിൽ ലഭിച്ച അനുഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിൽ അനുഭവമാക്കു കവാൻ സാധിക്കുന്നുണ്ടോ എന്നതിനെ ആശ്രയിച്ചാണ് വ്യക്തിപരമായി നമ്മുടെ വിജയം സ്ഥിതി ചെയ്യുന്നത്. ഓരോ ദിവസവും നാം വിജയിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവം നമ്മുക്ക് നൽകിയിട്ടുള്ള വിഭവങ്ങളെ ഉപയോഗപ്പെടുത്തുകയും വചനത്തിൽ നമുക്കായി വരുച്ചുകാണിച്ചിരിക്കുന്ന ആലോചനകൾ പിൻപറ്റുകയും വേണം. വചനത്തിന്റെ വ്യക്തവും ശരിയായതുമായ പരിജ്ഞാനം കൂടാതെ, സാത്താന്റെതന്ത്രങ്ങൾക്കെതിരായി

ഒരു വിശ്വാസിക്ക് നില്ക്കുവാൻ കഴിയുകയില്ല. അപ്പോസ്തലനായ യോഹന്നാൻ വിജയം നേടിയവരെക്കുറിച്ച് പറയുമ്പോൾ ഒരു സൈനികപദം ഉപയോഗിക്കുന്നു. " നിക്കാവോ" എന്ന പദം സൈനികവിജയത്തിൽകൂടി ലഭിച്ച സമാധാനത്തെ സൂചിപ്പിക്കുന്നു. " ലോകത്തെ ജയിക്കുക" എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ? വിജയത്തിൽകൂടെ സമാധാനം കൈവരിക്കുക. ആത്മീയവിജയത്തിലൂടെ ലഭിക്കുന്ന ആത്മീയ സമാധാനത്തെക്കുറിച്ചാണ് യോഹന്നാൻ ഓർപ്പിക്കുന്നത്.

4-ാം വാക്യത്തിൽ അപ്പോസ്തലൻ ഒരു വലിയ സത്യം പ്രസ്താവിക്കുകയാണ്. ഇവിടെ " ഒക്കെയും" എന്നത് നപുംസകലിംഗമാണ്. ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ആത്മീയചിന്ത ജഡത്തിന്റെ ചിന്തയെ കീഴടക്കുന്നു.

' ജയിക്കുന്നു' എന്നത് ' നിക്കാവോ' എന്ന വാക്കിന്റെ വർത്തമാന കർത്തരിപ്രയോഗമാണ്. തുടർന്നു കൊണ്ടിരിക്കുന്ന പോരാട്ടത്തിലെ തുടർച്ചയായ വിജയത്തെ ഇത് കാണിക്കുന്നു. വിജയത്തിന്റെ പ്രധാന ഘടകം " നമ്മുടെ വിശ്വാസം" ആണ്. യോഹന്നാൻ പറയുന്നത് ലോകത്തെ ജയിച്ചു എന്നാണ്. ഗ്രീക്കിൽ ഇത് ഒരു പ്രത്യേക സമയത്ത് നടക്കുന്ന കൃത്യമായിട്ടാണ് പരാമർശിക്കുന്നത്. പ്രധാനപ്രവർത്തിയോട് ചേർന്ന് സംഭവിക്കുന്ന ഒരു വസ്തുതയായി ചൂണ്ടിക്കാണിക്കുന്നു. രക്ഷക്കായി ക്രിസ്തുവിൽ വിശ്വസിക്കുന്നതിനാൽ ലഭിക്കുന്ന വിജയത്തെ ഇത് ഓർപ്പിക്കുന്നു. ഇത് വിശ്വാസജീവിതത്തിലെ തുടർമാനമായ വിജയത്തിന്റെ അടിസ്ഥാനഘടകമാണ്. രക്ഷ എന്നത് ഒരിക്കലായിട്ട് എന്നേക്കുമുള്ള വിജയമാണ്. ആത്മീയത എന്നത് തുടർമാനമായ വിജയമാണ്. ജയിക്കുക എന്ന് വെച്ചാൽ സമാധാനത്തിൽ ജീവിക്കുക എന്നതാണ്. പുറമേയുള്ള അവസ്ഥയല്ല. ആന്തരീക അനുഭവമാണ്. യോഹന്നാൻ ഓർപ്പിക്കുന്ന രണ്ട് തരത്തിലുള്ള അനുഭവങ്ങളും മത്തായി 11-ൽ ക്രിസ്തു ക്ഷണിക്കുന്നിന് തുല്യമാണ്.

മത്തായി 11:28 - 30 വരെ വാക്യങ്ങളിൽ കർത്താവ് തന്റെ ശിഷ്യന്മാർക്കും വിശ്വാസികളായ നമുക്കും സമാധാനം ജന്മാവകാശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. പുറമെ വെളിപ്പെടുത്തുന്ന അനുഭമല്ല, ദൈവത്തോടു സമാധാനവും ആത്മാവിന് വ്യക്തിപരമായി ആശ്വാസവും പ്രദാനം ചെയ്തിരിക്കുകയാണ്. ഈ ഭാഗത്ത് വ്യത്യസ്ത നിലയിലുള്ള രണ്ട് ആശ്വാസത്തെക്കുറിച്ച് പരാമർശിക്കുന്നു. ഒന്ന് യേശു നമുക്ക് നൽകുന്ന ആശ്വാസം. " എന്റെ അടുക്കൽ വരിക, ഞാൻ നിങ്ങൾക്ക് ആശ്വാസം നൽകും" മറ്റൊന്ന് നാം കണ്ടെത്തുന്ന ആശ്വാസം. " എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും"

അവന്റെ അടുക്കൽ വരുന്നവർക്ക് അവൻ കൊടുക്കുന്ന ആശ്വാസവും പഠിച്ച് കണ്ടെത്തുന്ന ആശ്വാസവും വ്യത്യസ്ത അനുഭവങ്ങളാണ്. ഒന്ന് സ്ഥാനീയമായ ആശ്വാസവും മറ്റേത് അനുഭവത്തിൽകൂടെ ലഭിക്കുന്ന ആശ്വാസവും. ഒന്ന് നിത്യമായ ആശ്വാസവും മറ്റേത് നിമിഷം തോറും ലഭിക്കുന്ന ആശ്വാസവും.

സാത്താൻ നമ്മെ ഇത്രമാത്രം വെറുക്കുവാൻ ഒരു കാരണം, ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനം നമ്മെ ദൂതന്മാരേക്കാൾ വലിയവരാക്കുന്നു എന്നുള്ളതാണ് (എഫെ. 1:3; കൊലൊ. 3:1) തന്റെ പോരാട്ടത്തിൽ കൂടെയും നേടിയെടുക്കുവാൻ ആഗ്രഹിച്ച കാര്യങ്ങളെല്ലം നാം ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ നമുക്ക് നൽകപ്പെട്ടു. നിത്യജീവൻ ലഭിക്കുന്നതിൽ നിന്ന് നമ്മെ തടയുവാൻ കഴിയുകയില്ലെങ്കിലും നാം ഭൂമിയിൽ ആയിരിക്കുമ്പോൾ ദൈവകൃപയുടെ സന്തോഷം അനുഭവിക്കുന്നതിൽ നിന്നെങ്കിലും നമ്മെ തടയുവാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കും.

എന്നാൽ നമുക്ക് സാത്താനെ ജയിക്കുവാൻ കഴിയും. അവന്റെ വിജയം നാം ഓർത്തുകൊണ്ട് ഓരോ ദിവസവും സാത്താന്റെ മേലുള്ള ക്രിസ്തുവിന്റെ വിജയം നമുക്ക് പങ്കിടുവാൻ കഴിയും. യോഹന്നാൻ വർത്തമാനകാലത്തിൽ കർത്തരിപ്രയോഗത്തിലും " ജയിക്കുന്നു" " വിശ്വസിക്കുന്നു" എന്നീ വാക്കുകൾ 1 യോഹ. 5:5 - ൽ പ്രയോഗിക്കുമ്പോൾ വിശ്വസിച്ചുകൊണ്ടേയിരിക്കുന്ന ഒരു വ്യക്തി ലോകത്തെ ജയിച്ചു കൊണ്ടേയിരിക്കുന്നു എന്ന് നമ്മെ ഓർപ്പിക്കുന്നു.

നിമിഷംതോറും വിശ്വാസം പ്രായോഗികമാകുമ്പോൾ ആത്മീയവിജയം അനുഭവപ്പെടുകയും ആത്മാവിന് സാമാധാനം ലഭിക്കുകയും ചെയ്യുന്നു. വിശ്വാസം എല്ലായ്പ്പോഴും ഒരു വ്യക്തിയിൽ ഉണ്ടായിരിക്കുകയും അത് ക്രിസ്തുവിന്റെ പ്രവൃത്തി ആയിരിക്കുകയും വേണം. യേശുക്രിസ്തുവിന്റെ ക്രൂശിലെ വിജയത്തിന്റെ കാഴ്ച നമുക്ക് മാതൃകയും ക്രൂശിന്റെ അർത്ഥം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാകുകയും ചെയ്യുന്നില്ലെങ്കിൽ നമുക്ക് ആന്തരീക സമാധാനം അനുഭവിക്കുവാൻ കഴികയില്ല എന്നു മാത്രമല്ല, ശത്രുവിന് നമ്മുടെമേൽ തന്ത്രപരമായ മറ്റൊരു വിജയവും കൂടെ ലഭക്കുവാൻ ഇടയാകും. എല്ലാ ജയവും യേശുക്രിസ്തുവിൽ കാണുവാൻ സാധിക്കും (യോഹ. 16.33; റോമ. 8:37; 2 കൊരി. 2:14; 1 കൊരി 15: 57 – 58).

# മതം: ശത്രുവിന്റെ തുറുപ്പ് ചീട്ട്

എല്ലാ മതങ്ങളുടെയും പിതാവ് സാത്താനാണ്. അവൻ മതത്തെയും മതഭക്തന്മാരേയും സ്നേഹിക്കുകയും മനുഷ്യരേയും രാഷ്ട്രത്തേയും ചതിക്കുവാനായി അവരെ കൂടുതലായി ഉപയോഗിക്കുകയും ചെയ്യുന്നു.

മതം എന്നതിന് ഗ്രീക്കിൽ “ തസ്കിയാ” എന്നാണ്. ഇത് പുതിയ നിയമത്തിൽ വളരെ കുറച്ചു മാത്രം ഉപയോഗിച്ചിരിക്കുന്നു. പുറമെയുള്ള കാര്യങ്ങളോടോ ആചാരങ്ങളോടോ ബന്ധപ്പെടുത്തിയാണ് ഉപയോഗിച്ചിട്ടുള്ളത്. പുറമെയുള്ള പ്രത്യേക മതപരമായ ശുശ്രൂഷ എന്നാണ് “ മതപരമായ” എന്ന വാക്കിന്റെ അർത്ഥം. എന്നാൽ പുറമെയുള്ള മതപരമായ ശുശ്രൂഷ ഒരു വ്യക്തിയെയും ദൈവമുമ്പിൽ അംഗീകാരയോഗ്യമാക്കിയിട്ടുള്ളതായി ബൈബിളിൽ കാണുന്നില്ല.

ക്രിസ്ത്യാനിത്വം എന്നത് ഒരു മതമല്ല. കർത്താവായ യേശുക്രിസ്തുവുമായുള്ള ഒരു ബന്ധമാണ്. ക്രിസ്തുവിന്റെ ക്രൂശിലെ പ്രവൃത്തി വിശ്വാസത്താൽ അംഗീകരിക്കുന്നതിലൂടെയാണ് ഒരു വ്യക്തി ക്രിസ്ത്യാനിയാകുന്നത്. ക്രിസ്ത്യാനിത്വം എന്നത് മുഴുവനായും കൃപയുടെ പ്രവർത്തനമാണ്. മനുഷ്യന് ദൈവത്തിൽ നിന്ന് യാതൊന്നും നേടുവാനോ അവകാശപ്പെടുവാനോ കഴികയില്ല. എന്നാൽ കൃപയിൽ ദൈവം പ്രവർത്തിക്കുന്നു. എല്ലാ മഹത്വവും ദൈവത്തിന് ലഭിക്കുന്നു. മനുഷ്യന് അനുഗ്രഹവും ലഭിക്കുന്നു. ഇത് മനുഷ്യന് രൂപപ്പെടുത്താവുന്ന ഒരു പദ്ധതിയല്ല.

ക്രിസ്ത്യാനിത്വം എന്നത് ആരുടെയും സ്വതസിദ്ധമായ ഇഷ്ടമല്ല. ഇവിടെ വാദഗതികൾക്ക് സ്ഥാനമില്ല. ജീവങ്കലേക്കുള്ള വഴി ഇടുക്കമുള്ളതാണെന്ന് പ്രഖ്യാപിക്കുന്നു. യേശു പറഞ്ഞു “ ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല” (യോഹ. 14:6). യേശുവിനോളം ഇടുങ്ങിയ മനസ്സുള്ള ആരും ഇല്ല തന്നെ.

എന്നാൽ സാത്താൻ വളരെ ഹൃദയവിശാലതയുള്ളവനാണ്. വിവിധ തരത്തിലുള്ള അനേക മതങ്ങളെ രൂപപ്പെടുത്തുകയാണ്. എന്നാൽ ഇതിനെല്ലാം പൊതുവായുള്ള ഒരു കാര്യം ഉണ്ട്. ഇതെല്ലാം മനുഷ്യനെ ആശ്രയിക്കുന്നു. ദൈവത്തെയല്ല. ക്രിസ്തീയ സഭകളിൽപ്പോലും വചനത്തിൽ നിന്നുള്ള അകൽച്ചയും ദൈവത്തിൽനിന്നുള്ള സ്വാതന്ത്ര്യവും വർദ്ധിപ്പിക്കുവാൻ സാത്താൻ ശ്രമിക്കുന്നു.

ശത്രുവിന് തന്റേതായ പ്രതിരോധ സംവിധാനങ്ങളുണ്ട്. അതിലൊന്നാണ് തെറ്റായ സുവിശേഷം (2 കൊരി. 4:3-4) ബൈബിളിലില്ലാത്ത യേശു, തെറ്റായ ഉപദേശങ്ങൾ (1 തിമൊ. 4:1), കർണ്ണരസമാകുമാറ് സംസാരിക്കുന്ന ശുശ്രൂഷകന്മാർ (2 കൊരി. 11:13 - 15). തെറ്റായ കർതൃമേശ (1കൊരി 10:19 - 21) തെറ്റായ ആത്മീയത്വം, കൃപയാലുള്ളതല്ല, പിന്നെയോ മാനുഷികപ്രമാണങ്ങൾക്കനുസരിച്ച് (ഗലാ. 3:2 - 3; കൊലൊ. 2:20 - 23) ശരിയെക്കുറിച്ചും തെറ്റിനെക്കുറിച്ചും തെറ്റായ നിർവ്വചനം, സാമൂഹിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കുക, ദൈവീക സ്ഥാപനങ്ങളെ നിരസിക്കുക (കൊലൊ. 2:8) പൈശാചിക ശക്തി (2 തെസ്സ. 2:8-10)

അവന്റെ നാശത്തിനുള്ള നാൾ അടുത്തുവരുന്നതുകൊണ്ട് അവൻ വഞ്ചനാപ്രവൃത്തികൾ മുഴുമിപ്പിക്കാൻ ശ്രമിക്കുകയാണ്. അന്ത്യനാളുകളിൽ അവൻ തൃജിക്കുന്ന ഒൻപത് കാര്യങ്ങളെങ്കിലും ഓർപ്പിക്കുന്നു.

1. ദൈവത്തെ നിഷേധിക്കുക (ലൂക്കൊ. 17:26; 2 തിമൊ. 3:4-5)
2. ക്രിസ്തുവനെ നിഷേധിക്കുക (1 യോഹ. 2:18-23; 4:3; 2 പത്രോ 2.1)
3. ക്രിസ്തുവിന്റെ മടങ്ങിവരവ് നിഷേധിക്കുക ( 2 പത്രോ. 3:1-4)
4. വിശ്വാസം നിഷേധിക്കും (1 തിമൊ. 4:1-2; യൂദാ.3)
5. സത്യഉപദേശത്തെ നിഷേധിക്കും (2 തിമൊ. 4:3-4)
6. വചനത്തിലെ വേർപാട് നിഷേധിക്കും (2 തിമൊ. 3:1-7)
7. ക്രിസ്തീയ സ്വാതന്ത്ര്യം നിഷേധിക്കും (1 തിമൊ. 4:1-4)
8. യഥാർത്ഥ ആത്മീയത്വം നിഷേധിക്കും (2 തിമൊ. 3:1-8; യൂദ. 18)
9. ആത്മീയ അധികാരത്തെ നിഷേധിക്കും (1 തിമൊ. 4:13;2 തിമൊ. 4:3)



# പാഠം 5 – 2:
# പ്രവർത്തനരംഗം – *മനുഷ്യാത്മാവ്*

ഇയ്യോബ് 1:1–3
ഇയ്യോബ് 1:6–12

നാം എല്ലാവരും യുദ്ധമുഖത്താണ്. പോരാട്ടം നടന്നുകൊണ്ടിരിക്കുന്ന രംഗം മനുഷ്യന്റെ ആത്മാവാണ്. നമ്മെ പീഡിപ്പിക്കുകയും യുദ്ധമുഖത്തുനിന്നു മാറ്റുവാനും ശത്രു ആഗ്രഹിക്കുന്നു. ഓരോ വിശ്വാസിയുടെയും ചുറ്റിലും അഗ്നിമതിലുകൾ തീർത്ത് ദൈവം നമ്മെ സംരക്ഷിക്കുന്നു. ദൈവിക അനുവാദം ഇല്ലാതെ ആ മതിൽ കടന്നു വരുവാൻ സാത്താന് കഴിയുകയില്ല. എപ്പോൾ ശത്രുവിനെ അനുവദിച്ചാലും നമുക്ക് ശത്രുവിനെ ജയിക്കുവാൻ കഴിയും എന്ന് ദൈവത്തിന്റെ വചനം നമ്മെ ഓർപ്പിക്കുന്നു. എന്നാൽ വിശ്വാസത്താൽ മാത്രമേ നമുക്ക് ജയിക്കുവാൻ കഴിയുകയുള്ളു.

റോമർ 8:28-ൽ പറഞ്ഞിരിക്കുന്ന സത്യത്തിന്റെ വ്യക്തമായ അനുഭവങ്ങളാണ് ഇയ്യോബിന്റെ പുസ്തകത്തിൽ പറയുന്നത്. എല്ലാ സാഹചര്യങ്ങളുടെയും പൂർണ്ണമായ നിയന്ത്രണം ദൈവത്തിലാണ്. ചരിത്രത്തെയും ദൈവം നിയന്ത്രിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവരുടെ ജീവിതത്തിൽ ദൈവം എല്ലാകാര്യങ്ങളും ആത്യന്തിക നന്മയ്ക്കായികൂടി വ്യാപരിപ്പിക്കുന്നു. ബൈബിളിലെ ഏറ്റവും പഴക്കമുള്ള പുസ്തകത്തിൽ അബ്രഹാമിന്റെ കാലത്ത് ജീവിച്ചിരുന്ന ഒരു അറേബ്യൻ പ്രഭുവിന്റെ ചരിത്രം വിവരിക്കുന്നു. അവൻ യഹൂദനല്ലായിരുന്നു എന്നാൽ ഒരു വിശ്വാസി ആയിരുന്നു. അതുകൊണ്ട് അവൻ സാത്താന്റെ ലക്ഷ്യവും സാത്താന്യ പോരാട്ടത്തിന്റെ കേന്ദ്രവും ആയിത്തീർന്നു.

> *ഊസ് ദേശത്ത് ഈയ്യോബ് എന്നു പേരുള്ളോരു പുരുഷൻ ഉണ്ടായിരുന്നു. അവൻ നിഷ്കളങ്കനും ദൈവഭക്തനും ദോഷം വിട്ടകലന്നവനും ആയിരുന്നു. അവനു ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. അവന്നു 7000 ആടും 3000 ഒട്ടകവും 500 ഏർകാളയും 500 പെൺകഴുതയുമായി മൃഗസമ്പത്തും ഏറ്റവും വളരെ ദാസ്യജനവും ഉണ്ടായിരുന്നു. അങ്ങനെ അവൻ സകല പൂർവ്വ ദിഗ്വാസികളിലും മഹാനായിരുന്നു (ഇയ്യോബ്1:13).*

നിഷ്കളങ്കൻ എന്ന വാക്ക് എബ്രായപദത്തിൽനിന്ന് ഉണ്ടായതാണ്. “ പക്വതയുള്ളവൻ” “ പൂർണ്ണതയുള്ളവൻ” എന്നാണ് അർത്ഥം. ഇയ്യോബ് തന്റെ ആത്മീയവളർച്ചയിൽ പൂർണ്ണതയുള്ളവനായിരുന്നു, പക്വതയുള്ള വിശ്വാസിയായിരുന്നു. “നേരുള്ളവൻ” എന്നതിന് “ യാഷാർ” എന്ന വാക്കാണ്. അർത്ഥം “ അനുഗ്രം, ആഗ്രഹിക്കപ്പെട്ടത്” എന്നാണ്. ഈ രണ്ട് വാക്കുകളിൽ ഒരു സത്യം അടങ്ങിയിരിക്കുന്നു. നേരായി നടക്കുന്നവൻ അനുഗ്ര

ഹിക്കപ്പെട്ടവനായിരിക്കും. ഈയ്യോബ് നേരായി നടക്കുന്നവനായിരുന്നു. അതുകൊണ്ട് അവൻ വളരെയധികം അനുഗ്രഹിക്കപ്പെട്ടു. അവന്റെ പക്വത അവന്റെ വ്യക്തിപരമായ ഉദ്ദേശശുദ്ധിയിലും സ്വഭാവത്തിലും വെളിപ്പെട്ടു. ഇയ്യോബിന്റെ ദൈവഭക്തി (യാരെ) ദൈവത്തോടുള്ള ബഹുമാനവും ആദരവും ആയിരുന്നു. ഇയ്യോബ് 'ദോഷം വിട്ടകന്നു' എന്നതിനാൽ തന്റെ ആത്മീയ ജീവിതത്തിൽ എല്ലായ്പ്പോഴും വിജയിച്ചിരുന്നു എന്ന് മനസ്സിലാക്കാം.

> *ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു. അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു യഹോവ സാത്താനോട് : നീ എവിടെ നിന്നു വരുന്നു എന്ന ചോദിച്ചതിന് സാത്താൻ യഹോവയോട് : ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചു വരുന്നു എന്നുത്തരം പറഞ്ഞു. യഹോവ സാത്താനോട് എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടി വെച്ചുവോ ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്ന് അരുളിച്ചെയ്തു (ഇയ്യോ.1:6-8).*

ദൈവപുത്രന്മാർ (ബെനെ ഹാ എലോഹിം) പഴയനിമത്തിൽ നാലു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഓരോ പ്രാവശ്യവും ഇത് ദൂതന്മാരെ പരാമർശിക്കുന്നു. (ഉല്പ 6; ഇയ്യോ. 1:6; 2:1; 38:7). വീണവനെങ്കിലും സാത്താന് ഇപ്പോഴും സ്വർഗ്ഗപ്രവേശനം ഉണ്ട്. വിശ്വാസികളെ കുറ്റപ്പെടുത്തിക്കൊണ്ട് സമയത്തിന്റെ നല്ലൊരു ഭാഗവും ദൈവത്തിന്റെ സിംഹാസനത്തിന് മുമ്പിൽ ചിലവഴിക്കുകയാണ്. ഈ പ്രവേശനം പീഡനകാലത്തിന്റെ മദ്ധ്യഭാഗം വരെ തുടരുന്നതുമായിരിക്കും.

സഹോദരവർഗ്ഗത്തെ കുറ്റപ്പെടുത്തുന്നവനും ചിലരെ വിഴുങ്ങേണ്ടതിന് ചുറ്റിത്തിരിയുന്നവനും ആകകൊണ്ട് (1പത്രൊ. 5:8) അവന് മറ്റുള്ളവരുടെ സ്ഥിതിവിവരങ്ങൾ ആവശ്യമാണ്. അത് ലോകത്തിലെ ഉന്നതമായ ബൗദ്ധികസംവിധാനത്തിലൂടെ അവന് ലഭ്യമാണ്.

ദൈവത്തിന് ഇങ്ങനെയൊരു സംവിധാനം ആവശ്യമില്ല. കാരണം ദൈവ സർവ്വജ്ഞാനിയാണ്. ആരംഭത്തിൽ തന്നെ അവസാനവും അറിയുന്നവനാണ്. ലോകത്തിന്റെ ഓരോ മണൽത്തരിയേയും ലക്ഷോപലക്ഷം വർഷങ്ങൾക്കു മുമ്പെ തന്നെ അവനറിയാം. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷത്തേയും ചിന്തകളെയും ദൈവം അറിയുന്നു.. ഒരു കാര്യവും ദൈവസൃഷ്ടിയിൽമറഞ്ഞിരിക്കുന്നില്ല. ദൈവത്തിന്റെ സർവ്വജ്ഞാനത്തിനു പുറത്തായി സാത്താൻ തന്റെ ജ്ഞാനമണ്ഡലത്തിലൂടെ എല്ലാ വിവരങ്ങളെയും ശേഖരിക്കുന്നു. ഇത് ഒരിക്കലും നമുക്കു വേണ്ടിയല്ല. പിന്നെയോ നാശത്തിനും ദോഷത്തിനും വേണ്ടിയാണ്.

സാത്താൻ സ്വർഗ്ഗത്തിലേക്ക് ചെല്ലുമ്പോൾ സകലത്തിന്റെയും നിജസ്ഥിതി അറിയുന്ന ദൈവം ചോദിക്കുകയാണ് " നീ എവിടെയായിരുന്നു" അതിന് സാത്താൻ ഞാൻ ഭൂമിയിൽ എല്ലാടവും ഊടാടി സഞ്ചരിച്ചു വരികയാണെന്ന് മറുപടി നൽകുന്നു. ചിലരെ ഒന്നുമില്ലാതാക്കുവാൻ, വിശ്വാസികൾക്ക് എതിരെ എല്ലാ പ്രതിസന്ധികളും സൃഷ്ടിക്കുവാൻ ശ്രമിക്കുകയാണ്.

സാത്താൻ ഏറ്റവും ശ്രേഷ്ഠന്മാരായ ചില വിശ്വാസികളെയാണ് ലക്ഷ്യം വയ്ക്കുന്നത്. അവൻ സർവ്വ വ്യാപിയല്ല. ഒരു സമയത്ത് ഒരു സ്ഥലത്ത് ആയിരിക്കുവാനേ കഴിയുകയുള്ളു. എന്തായിരുന്നാലും അവൻ തന്റെ സംഘടനയെ നേതൃസ്ഥാനത്തിരുന്നുകൊണ്ട് നിയന്ത്രിക്കുന്നു. സാത്താൻ മനുഷ്യരെ ഉപദ്രവിക്കുവാനായി മറ്റു പിശാചുകളെ അയയ്ക്കുന്നു. എല്ലാവരോടും വ്യക്തിപരമായി ഏർപ്പെടുവാൻ അവന് സമയമില്ല.

ദൈവം സാത്താനോട് ചോദിക്കയാണ് " നീ ഇയ്യോബിന്മേൽ ദൃഷ്ടി വെച്ചുവോ" ? അവൻ ദൃഷ്ടി വെച്ചുവെന്ന് ദൈവത്തിനറിയാം. സാത്താൻ തന്റെ വായിൽ ഒരു എല്ലുകഷണം കടിച്ചുപിടിച്ചിട്ടുണ്ട്. ആ എല്ലാണ് ഇയ്യോബ് അന്നു ജീവിച്ചിരുന്ന ഏറ്റവും ശ്രേഷ്ഠനായ വിശ്വാസിയാണെന്ന് മനസ്സിലാക്കാം. ഇയ്യോബ് തന്റെ പദ്ധതിയുമായി മുമ്പോട്ടുപോകുന്നതിൽ സാത്താന് വളരെ കോപം ഉണ്ട് എന്ന് ദൈവത്തിനറിയാം. എബ്രായഭാഷയിൽ ദൈവത്തിന്റെ ചോദ്യം ഇങ്ങനെയാണ്, " നിന്റെ ഹൃദയം എന്റെ ദാസനായ ഇയ്യോബിന്മേൽവെച്ചുവോ" ?

> *അതിനു സാത്താൻ യഹോവയോടു വെറുതെയോ ഇയ്യാബ് ദൈവഭക്തനായിരിക്കുന്നത് ? നീ അവന്നും അവന്റെ വീട്ടിനും അവനുള്ള സകലത്തിന ചുറ്റും വേലി കെട്ടീട്ടില്ലയോ ? നീ അവന്റഎ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കന്നു. അവന്റെ മൃഗസമ്പത്ത് ദേശത്ത് പെരുകിയിരിക്കുന്നു. തൃക്കൈ നീട്ടി അവനുള്ളതൊക്കെയും തൊടുക. അവൻ നിന്നെ മുഖത്തുനോക്കി ത്യജിച്ചു പറയും എന്നു ഉത്തരം പറഞ്ഞു (ഇയ്യോബ് 1:9-11).*

## ക്രിസ്തുവന്റെ ഇപ്പോഴത്തെ കാര്യപരിപാടി

ക്രിസ്ത്യാനി എന്നുള്ള നിലയിൽ നാം തനിയെ ശത്രുവിനെ എതിരിടേണ്ടതില്ല. " ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല" (എബ്രം. 13:5) എന്ന് വാഗ്ദത്തം ചെയ്ത വ്യക്തി എതിർക്കുവാനായി നമ്മോടുകൂടെയുണ്ട്. അവൻ ഉറങ്ങാതെ നമ്മെ പരിപാലിക്കുന്നു (സങ്കീ. 121). എല്ലാ നിമിഷവും അവൻ നമ്മെ സംരക്ഷിക്കുകയും പരിപാലിക്കുകയം ചെയ്യുന്നു.

1. യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് തുണ നിൽക്കുന്നു (1 യോഹന്നാ. 2:1; റോമ. 8:1, 32-34).
2. യേശുക്രിസ്തു മദ്ധ്യസ്ഥൻ എന്ന നിലയിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു (റോമ 8:34 യോഹ. 17; എഫെ 1:3,20)
3. യേശുക്രിസ്തു എന്ന വലിയ ഇടയൻ നമ്മെ പുലർത്തുന്നു (സങ്കീ 23.1; ഫിലി. 4:19; എബ്രാ. 13:20 - 21)
4. യേശുക്രിസ്തു നമുക്കുവേണ്ടി ദൈവസന്നിധിയിലേക്ക് പാത തുറക്കുന്നു (എബ്രം. 6.20; 10:20; റോമ. 5:2)
5. യേശുക്രിസ്തു നമ്മുടെ മഹാപുരോഹിതൻ എന്ന നിലയിൽ ദൈവത്തെ ശുശ്രൂഷിക്കുവാൻ നമ്മെ വേർതിരിച്ചിരിക്കുന്നു. (എബ്രം. 5:5 -10; 7:17 -27;10:5,18)

തന്റെ ദാസനെതിരെ ആരോപണം എടുത്തുപറഞ്ഞുകൊണ്ടാണ് സാത്താൻ ദൈവത്തോടു മറുപടി പറയുന്നത്. അവൻ ഇപ്പോഴും അത് ചെയ്യുന്നു. ദൈവത്തിൽ നിന്ന് ചിലത് ലഭിക്കുന്നതുകൊണ്ടാണ് വിശ്വാസികൾ ദൈവത്തിൽ വിശ്വസിക്കുന്നത് എന്ന് സാത്താൻ ആരോപിക്കുകയാണ്. " നിന്റെ ആളുകളുടെ വിശ്വാസം കരുണയിൽ അധിഷ്ഠിതമാണ് എന്ന് ദൈവത്തോട് പറയുവാൻ സാത്താൻ ആഗ്രഹിക്കുന്നു".കുട്ടികളെ മധുരം നൽകി സ്നേഹിക്കുന്ന പിതാവിനെപ്പോലയാണ് വിശ്വാസികൾ ദൈവത്തെ  കാണുന്നത്" എന്ന് സാത്താൻ ആരോപിക്കുന്നു.

ഈ കാര്യത്തിൽ ബൈബിളിലെ ദൈവശാസ്ത്രപരമായ ഒരു വലിയ രഹസ്യം സാത്താൻ തള്ളിക്കളഞ്ഞിരിക്കുകയാണ്. വിശ്വാസികളുടെ ദൈവസംരക്ഷണത്തിനു മുമ്പിൽ സാത്താൻ തന്നെത്താൻ ശക്തിയില്ലാത്തവനാണ്. അവന് ചുറ്റും വേലി കെട്ടീട്ടില്ലയോ എന്ന് ചോദിക്കുമ്പോൾ ദൈവത്തിന്റെ അനുവാദം കൂടാതെ ഇയ്യോബിനെ ഒന്നും തൊടുവാൻ പോലും സാത്താന് കഴികയില്ല എന്നുള്ളത് സ്പഷ്ടമാണ്. ഒന്നാമത് തന്റെ മക്കളുടെ ചുറ്റും, രണ്ടാമത് അവന്റെ കുടുംബത്തിന് ചുറ്റും, മൂന്നാമത് അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടിയിരിക്കുന്നു.

സാത്താൻ മറ്റു ചിലതുംകൂടെ ഇവിടെ വെളിപ്പെടുത്തുന്നു. ദൈവം അനീതിയുള്ളവനാണെന്ന് ആരോപിച്ച് ആരംഭിച്ച തന്റെ ദോഷപ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ തന്റെ വൃത്തികെട്ട പ്രവൃത്തി ചെയ്യുവാൻ വിശ്വാസികളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ദൈവഭവനത്തിലുള്ളവർ ഈ നിലയിൽ കുറ്റാരോപണം നടത്തുവാൻ അവൻ ആഗ്രഹിക്കുന്നു.

" അവൻ നിന്റെ മുഖത്തുനോക്കി ത്യജിച്ചു പറയും". എന്ത് സംഭവിക്കണമെന്നും എന്ത് കേൾക്കണമെന്നും സാത്താൻ ആഗ്രഹിക്കുന്നു എന്നത് വെളിപ്പെടുത്തുന്നു. അവൻ ഏറ്റവും അധികം ഇഷ്ടപ്പെടുന്നത്, " ദൈവം നീതിമാനല്ല" എന്ന് നാം പറയുന്നതാണ്. ഇത് എനിക്ക് സംഭവിക്കുവാൻ ദൈവം എന്തുകൊണ്ട് അനുവദിച്ചു." എന്നു നാം പറയുവനാണ് അവൻ ആഗ്രഹിക്കുന്നത്. ദൈവം നൽകുന്ന ദാനത്തെയാണ് ദൈവമക്കൾ സ്നേഹിക്കുന്നത്, അല്ലാതെ അത് നൽകുന്നവനെയല്ല എന്ന അവന്റെ ഉപദേശം ഉറപ്പിക്കുവാൻ സാത്താൻ ശ്രമിക്കുന്നു. നമ്മെക്കുറിച്ച് പരാതി പറയുവാനും ദൈവത്തിനെതിരായി ആരോപണങ്ങൾ പറയു വാനും സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന സാത്താനെത്ര വിരുതൻ!

തുടർന്ന് ദൈവം സാത്താനോട് " ഇതാ അവനുള്ളതൊക്കെയും നിന്റെ കൈയ്യിൽ ഇരിക്കുന്നു. അ വ ന്റെ മേൽ മാത്രം കയ്യേറ്റം ചെയ്യരുത്" എന്ന് കല്പിച്ചു. അങ്ങനെ സാത്താൻ യഹോവയുടെ സന്നിധി വിട്ടു പുറപ്പെട്ടുപോയി (ഇയ്യോ. 1:12).

ദൈവം ഇപ്പോഴും സാത്താന്റെ വെല്ലുവിളി ഏറ്റെടുക്കുന്നു. ഇയ്യോബിനെ പരീക്ഷിക്കുവാൻ ദൈവം അനുവാദം കൊടുക്കുന്നു. എന്നാൽ അതിന് പരിധി വെയ്ക്കുന്നു. അവൻ പിശാചിനോടു പറയുന്നു. ഇയ്യോബിന്റെ കുടുംബവും അവനുള്ളതൊക്കെയും നിന്റെ കൈയ്യിൽ ഇരിക്കുന്നു എന്നാൽ അവനെ മാത്രം തൊടരുത്." സഹിപ്പാൻ കഴിയുന്നതിന് മീതെ പരീക്ഷ അനുവദിക്കുന്നവനല്ല (1 കൊരി. 10:13). നാം അവന്റെ കരങ്ങളിൽ സുരക്ഷിതരാണ്. അതുകൊണ്ട് നാം ഈ ലോകത്തിൽ കർത്താവിനുവേണ്ടി ഫലകരമായിത്തീരുവാനാഗ്രഹിക്കുന്നു എങ്കിൽ നാം സാത്താന്റെ നോട്ടപുള്ളികളായിരിക്കും എന്ന അറിഞ്ഞിരിക്കേണം.

ജീവിതം കർത്താവിനു വേണ്ടി സമർപ്പിക്കുയും ദൈവവചന പഠനത്തിലും പ്രായോഗിക ജീവിതത്തിലും മുന്നേറുന്ന ഒരു വിശ്വാസിയെ എല്ലായ്പ്പോഴും ശത്രുവിന് ഭയമാണ്. സത്താന് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടും എന്നതുകൊണ്ടല്ല സാത്താൻ നമ്മെ ഭയപ്പെടുന്നത്. എന്നാൽ ലോകത്തിലെ ഏറ്റവും ശക്തിയുള്ളതിനെയാണ് ഭയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സ്വാധീനിക്കപ്പെട്ട ദൈവത്തിന്റെ വചനം.

## ദൈവം കഴിവുള്ളവൻ

*ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവ ആകുന്നു. എനിക്ക് കഴിയാത്ത വല്ല കാര്യ വുമുണ്ടോ ? (യിരെ. 32:27)*
*ദൈവത്താൽ എല്ലാ കാര്യവും സാധ്യം (മത്താ. 19:26)*

1. വിശ്വസിക്കുന്നവരെ രക്ഷിപ്പാൻ ദൈവം ശക്തൻ (എബ്ര 7.25)
2. ഓരോ ആവശ്യങ്ങളും നല്കുവാൻ കഴിവുള്ളവൻ (2 കൊരി. 9:8)
3. പരീക്ഷിക്കപ്പെടുന്നവരെ വിടുവിപ്പാൻ ശക്തൻ (എബ്രാ 2:18;2 പത്രൊ. 2:9)
4. ബലഹീനരെ താങ്ങുവാൻ കഴിയുന്നവൻ (സങ്കീ. 37:24; റോമ. 14:4)
5. വീഴാതവണ്ണം സൂക്ഷിപ്പാൻ ശക്തൻ (യൂദ. 24)
6. ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്യുവാൻ കഴിയുന്നവൻ (എഫെ. 3:20)
7. തന്റെ പുത്രനോട് അനുരൂപരായി ഉയിർപ്പിക്കുവാൻ കഴിയുന്നവൻ (എബ്രാ. 11:19; ഫിലി. 3:21)

## ദൈവം വിശ്വസ്തൻ

1. പാപങ്ങൾ ക്ഷമിക്കുവാൻ തക്കവണ്ണം വിശ്വസ്തൻ (1 യോഹ. 1:9)
2. രക്ഷയിൽ നിലനിർത്തുവാൻ വിശ്വസ്തൻ (2 തിമൊ. 2:13)
3. പരീക്ഷയിൽ നിന്ന് വിടുവിപ്പാൻ തക്കവണ്ണം വിശ്വസ്തൻ (1 കൊരി. 10:13)
4. വാഗ്ദത്തം നിവർത്തിപ്പാൻ തക്കവണ്ണം വിശ്വസ്തൻ (എബ്ര. 10:23; റോമ. 8:28)
5. കഷ്ടതയിൽ നമ്മോടു വിശ്വസ്തൻ (1 പത്രൊ. 4:19)
6. ദൈവിക പദ്ധതി നിർവ്വഹിക്കുവാൻ വിശ്വസ്തൻ (2 തെസ്സ. 3:3)
7. നമ്മെ ശക്തീകരിപ്പാൻ തക്കവണ്ണം വിശ്വസ്തൻ (2 തെസ്സ. 3.3)
8. ക്രിസ്തുവുമായുള്ള നമ്മുടെ കൂട്ടായ്മയിൽ ദൈവം വിശ്വസ്ത പങ്കാളി (1 കൊരി. 1:9)
9. ക്രിസ്തു കരുണയുള്ള വിശ്വസ്ത മഹാപുരോഹിതൻ (എബ്ര. 2:17)
10. യേശുക്രിസ്തു വിശ്വസ്തനെന്നും പേരുള്ളവൻ (വെളി. 19:11)



# പാഠം 5 – 3:
# ആക്രമണം – *സാത്താന്റെ തന്ത്രം*

ഇയ്യോബ് 1:13 – 22
ഇയ്യോബ് 2:1–10

സഭയുടെ മദ്ധ്യത്തിൽ ഉണ്ടായ ഒരു പ്രശ്നത്തിൽ സാത്താൻ മുതലെടുക്കുവാൻ സന്ദർഭം കൊടുക്കരുതെന്ന് പൌലോസ് കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ ഓർപ്പിക്കുന്നു. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ (2 കൊരി. 2:11). " തന്ത്രം" എന്ന വാക്ക് (നോമാ) പദ്ധതി, കൗശലം, മേഖല എന്നൊക്കെ വിവർത്തനം ചെയ്തിട്ടുണ്ട്.

എഫെ. 6:11 ൽ പിശാചിന്റെ "തന്ത്രങ്ങളോട്" എതിർത്തു നിൽക്കേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുവാൻ പൗലോസ് ഓർപ്പിക്കുന്നു. ഇവിടെ " മെതേഡിയ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. കൗശലം, സൂത്രം, ചതിക്കുന്ന, തന്ത്രം എന്നൊക്കെ അർത്ഥം. നമ്മുടെ ശത്രു ഒരു യുദ്ധതന്ത്ര വിദഗ്ധൻ മാത്രമല്ല, ചതിയനും ഭോഷ്കു പറയുന്നവനും ആണ്.

പൗലോസ് തുടർന്നു പറയുന്നു, നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ദുഷ്ടത്മസേനയോടും അത്രെ. പോരാട്ടം എന്ന വാക്ക് കയ്യോടു കയ്യുള്ള പോർ എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്.

സാത്താന് എല്ലാ വിശ്വാസികളോടും പോരാടുവാനുള്ള പദ്ധതി ഉണ്ട്. പ്രത്യേകിച്ച് വിശ്വാസ ജീവിതത്തിൽ മുന്നേറുന്നവരോടു അവന്റെ പദ്ധതി വ്യക്തിപരമാണ്. വീണുപോയ ദൂതന്മാരെ ഉപയോഗിച്ച്, അവരെ ഓരോരുത്തരാക്കി വേർതിരിച്ച് പോരാടുവാൻ ശ്രമിക്കുന്നു. അവൻ ഇയ്യോബിന്റെ മേൽ പ്രയോഗച്ച് അതേ തന്ത്രം നമ്മുടെ മേലും പ്രയോഗിക്കും. ഇയ്യോബ് 1:12 - ലെ തത്വം എല്ലായ്പ്പോഴും നാം മനസ്സിലക്കിയിരക്കണം എന്നുള്ളത് വളരെ പ്രധാനമാണ്. അതായത് ദൈവം അനുവദിക്കാതെ നമ്മെ തൊടുവാൻ ശത്രുവിന് കഴികയില്ല. ദൈവം അനുവദിക്കുകയാണെങ്കിൽ, അത് ദൈവം നമ്മെ അത്രമാത്രം സ്നേഹിക്കുന്നതുകൊണ്ടാണ്.

> *ഒരു ദിവസം ഇയ്യോബിന്റെ പുത്രന്മാരും പുത്രിമാരുംമൂത്ത ജോഷ്യാന്റെ വീട്ടിൽ തിന്നുകയും വീഞ്ഞു കുടിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ദൂതൻ അവന്റെ അടുക്കൽ വന്നു, കാളകളെ പൂട്ടുകയും പെൺകഴുതകൾ അരികെ മേഞ്ഞുകൊണ്ടിരിക്കുകയും ആയിരുന്നു. പെട്ടെന്നു ശെബായർ വന്നു അവയെ പിടിച്ചുകൊണ്ടുപോകയും വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊല്ലുകയും ചെയ്തു. വിവരം നിന്നെ*

*അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ, മറ്റൊരുത്തൻ വന്നു; ദൈവത്തിന്റെ തീ ആകാശത്തുനിന്നു വീണു കത്തി ; ആടുകളും വേലക്കാരും അതിനു ഇരയായിപ്പോയി; വിവരം നിന്നെ അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം വഴുതിപ്പോന്നു എന്ന് പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മറ്റൊരുത്തൻ വന്നു പെട്ടെന്ന് കൽദയർ മൂന്ന് കൂട്ടമായി വന്നു. ഒട്ടകങ്ങളെ പിടിച്ചുകൊണ്ടു പോവുകയും വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊല്ലുകയും ചെയ്യതു. വിവരം നിന്നെ അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരുത്തൻ വന്നു; നിന്റെ പുത്രൻമാരും പുത്രിമ്മാരും മൂത്ത ജേഷ്ഠന്റെ വീട്ടൽ തിന്നുകയും കുടിക്കയും ചെയ്തുകൊണ്ടിരുന്നു. പെട്ടെന്ന് മരുഭൂമിയിൽ നിന്നൊരു കൊടുങ്കാറ്റ് വന്ന് വീടിന്റെ നാല് മൂലയ്ക്കും അടിച്ചു. അത് യൗവനക്കാരുടെ മേൽ വീണു അവർ മരിച്ചു പോയി വിവരം നിന്നെ അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു (ഇയ്യോബ്1:13-19).*

നമ്മുടെ ശത്രുവിന്റെ സന്ദർഭത്തെക്കുറിച്ചുള്ള ബോധ്യം വളരെ പൂർണ്ണതയുള്ളതാണ്. എപ്പോഴാണ് സാത്താൻ ഇയ്യോബിനെ വീഴ്ത്താൻ തീരുമാനിച്ചത് ? തനിക്ക് ഏറ്റവും കൂടുതൽ മുറിവേൽക്കുന്ന സമയത്താണ് സാത്താൻ ഇയ്യോബിനെ നല്ലവണ്ണം മനസ്സിലാക്കി. അവന്റെ മേൽ ധാരാളം കുറ്റങ്ങൾ ആരോപിച്ചു. "ഏറ്റവും വലിയ ഭയം" എന്ന രേഖയിൽ അത് കണ്ടെത്തി.

തന്റെ മക്കൾ ദൈവത്തിന് വിരോധമായി സംസാരിക്കുമോ എന്ന് ഇയ്യോബ് ഭയപ്പെട്ടു. പ്രത്യേകിച്ച് അവരുടെ ജന്മദിവസങ്ങൾ ആഘോഷിക്കുവാൻ ഒന്നിച്ച്കൂടുന്ന സമയങ്ങളിൽ (ഇയ്യോബ് 1:4-5, 3:25) സന്തോഷാധിക്യ

## യുദ്ധ മേഖലയിൽ 10 പ്രമാണങ്ങൾ

**1. വസ്തുതാപരം** (ലൂക്കോ. 19:10; ഫിലി. 3:8-10) നാം എന്തുകൊണ്ട് പോരാട്ടം നടത്തുന്നു ? എന്ത് നേടുവാനാണ് ഉദ്ദേശിക്കുന്നത് ? കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ യേശു ക്രിസ്തു ഈ ഭൂമിയിൽ വന്നു എന്ന കാരണത്താൽ നാം യുദ്ധം ചെയ്യുന്നു; യേശുക്രിസ്തുവിനെയും അവന്റെ ശക്തിയെയും അറിയുകയും അവന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകുകയും ചെയ്യുമ്പോഴാണ് നമുക്ക് അത് സാധിക്കുന്നത്.

**2. ആക്രമണം** (ഫിലി. 3:13-14) വസ്തുതകൾ മനസ്സിലാക്കണമെങ്കിൽ നാം നിരന്തരം മുന്നേറണം. പൗലോസിനെപ്പോലെ ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിജയത്തിനായി" മുന്നോട്ട് ഓടണം" (ഫിലി. 3:14)

**3. ഏകാഗ്രത** (ഫിലി. 3:13) ഉചിതമായ തീരുമാനത്തിനുവേണ്ടി ശക്തിയുടെ ഏകീകരണം എന്ന് അർത്ഥമാക്കാം. നമ്മുടെ എല്ലാ ശക്തിയും ഏകാഗ്രതയും ചിന്തകളും യേശുക്രിസ്തുവിൽ കേന്ദ്രീകരിക്കേണം (എബ്രം. 3:1) പൗലോസ് പറയുന്നതുപോലെ ഒന്നു ഞാൻ ചെയ്യുന്നു, പിന്നിലുള്ളത് മറന്നു മുമ്പിലുള്ളതിനായിട്ട് ആഞ്ഞുംകൊണ്ട് ...(ഫിലി. 3:13) നാം നമ്മുടെ ജീവിതത്തെ ചെറുതാക്കി കാണണം.

**4. ശക്തിയുടെ വിനിയോഗം** (സെഖ. 4:6,10) ബുദ്ധിപരമായും ഫലകരമായും നമുക്കുള്ളതിനെ ഉപയോഗിക്കണം. ക്രിസ്ത്യാനികൾ എന്നുള്ള നിലയിൽ, ഒരു കാര്യത്തിലും വേണ്ടതിൽ കൂടുതൽ ശക്തിയോ, കഴിവോ ഉപയോഗിക്കാതിരിക്കാൻ നാം പഠിക്കണം. മൽപിടിത്തം ചെയ്യാതിരിക്കുവാൻ പഠിക്കണം. എപ്പോഴും വിശ്വാസത്തിൽ ഉറച്ച്, ചെറുതും നിസാരമായതുമായ കാര്യങ്ങളിൽകൂടെ ദൈവം വിജയം ലഭ്യമാക്കുന്നവനാണെന്ന് മനസ്സിലാക്കണം.

**5. ചലനക്ഷമത** (എഫെ: 4:5) വേഗത്തിൽ ചലിക്കുവാനും പ്രവർത്തിക്കുവാനും തക്കവണ്ണം വഴങ്ങുന്നവരായിരിക്കണം. ക്രിസ്തീയ ജീവിതം ജീവന്റെ പുതുക്കത്തിൽ നടക്കുന്നത് (റോമ.

ത്തിൽ അവൻ തങ്ങളെ തന്നെ മറന്നു പ്രവർത്തിക്കുമോ എന്ന് ഇയ്യോബ് ഭാരപ്പെട്ടു. അതുകൊണ്ട് എല്ലായ്പ്പോഴും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും യാഗം അർപ്പിക്കയും ചെയ്തു വന്നു.

തെറ്റായ സമയത്ത് ആയിരം പ്രാവശ്യം പ്രവർത്തിക്കുന്നതിലും ശരിയായ സമയത്ത് ഒരു പ്രവർത്തനം നടത്തുന്നതാണ് നല്ലതെന്ന് മനസ്സിലാക്കിക്കൊണ്ട്, ഇയ്യോബിന്റെ മൂത്ത പുത്രന്റെ ജന്മദിവസം വരെ കാത്തിരുന്നു " ആ ദിവസം" കൃത്യസമയത്ത് സാത്താൻ തന്റെ പോരാട്ടം ആരംഭിച്ചു.

ഇങ്ങനെയുള്ള പ്രകൃതിദുരന്തങ്ങൾ എല്ലാംകൂടി ഈ പ്രത്യേക ദിനത്തിൽ സംഭവിച്ചപ്പോൾ ഇയ്യോബ് ചിന്തിച്ചത് എന്തായിരിക്കും ? എന്റെ മക്കൾ ദൈവത്തെ കോപിപ്പിച്ചു. അതുകൊണ്ടാണ് അവൻ അവരുടെ ജീവിതം എടുത്തതും എനിക്ക് ഇങ്ങനെയുള്ള അനർത്ഥങ്ങൾ സംഭവിച്ചതും" എന്നായിരിക്കും. ഏറ്റവും ബുദ്ധിപരമായ നിഗമനം. അധികമായി പ്രാർത്ഥിക്കാതിരുന്നതിൽ തന്നെതന്നെ കുറ്റപ്പെടുത്തിക്കാണും. ഈ അർത്ഥങ്ങളിലെല്ലാം ഇയ്യോബിൽ ഭയവും കുറ്റബോധവും ഉളവാക്കുവാൻ സാത്താൻ ആഗ്രഹിച്ചു.

നമ്മുടെ ജീവിതത്തിൽ നാം താലോലിക്കുന്ന ഓരോ ഭയവും ശത്രുവിന് പ്രവർത്തിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാക്കുന്നതും. അതിൽകൂടി നമ്മെ ആക്രമിക്കുവാനുള്ള അടിസ്ഥാനം ഇടുകയും ചെയ്യുന്നു. എന്തിനെയാണ് ഭയപ്പെടുന്നതെന്ന് അവനറിയാം. ദൈവത്തിന്റെ നന്മയെയും കൃപയെയും ചോദ്യം ചെയ്യുവാനുള്ള സംഗതി എന്താണെന്ന് അറിയാം. നമ്മെ ആക്രമിക്കുവാൻ സാത്താൻ ഈ വക കാര്യങ്ങൾ ഉപയോഗിക്കുന്നു.

നമുക്കെതിരായി ശത്രു ഒരു ആക്രമണം ആരംഭിക്കുമ്പോൾ ഇത് എറ്റവും മോശമായ സമയത്തും സാഹചര്യത്തിലും ആണെന്ന് നമുക്ക് ഉറപ്പിക്കാം. നാം വളരെ ക്ഷീണിച്ചിരിക്കുമ്പോഴും, ഓടിത്തളർന്നിരിക്കുമ്പോഴും ബലഹീനസമയത്തും പരീക്ഷക്കപ്പെടുവാൻ അനുകൂലമായ സാഹചര്യത്തിലും ആയിരിക്കും. എന്തുകൊണ്ടെന്നാൽ അവർ എപ്പോഴും ഇതുപോലുള്ള സമയങ്ങളിൽ ആക്രമിക്കുന്നത് ? അവൻ തന്ത്രശാലിയാണ്. അവനോട് എതിർത്തുനിൽക്കണമെങ്കിൽ അവന്റെ തന്ത്രങ്ങളെ നാം അറിഞ്ഞിരിക്കണം.

6.14) വിശ്വാസത്താൽ് (2 കൊരി 5:7) ആത്മാവിനാൽ (ഗലാ. 5:16) സ്നേഹത്തിൽ നടക്കുന്നത് (എഫെ. 4:3, 13) വെളിച്ചത്തിൽ നടക്കുന്നത് (1 യോഹ. 1:7) ആയിരിക്കണം.

**6. സഹകരണം** (എഫെ 4:3,13) യുദ്ധസമയത്ത് സഹകരിക്കുവാൻ എതിർപ്പ് കാണിക്കുന്നത് വലിയ കുറ്റമാണ്. അത് രാജ്യദ്രോഹമാണ്. എല്ലാ വിശ്വാസികളും ക്രിസ്തുവിൽ ഒന്നാണ്. ആത്മാവിന്റെയും വിശ്വാസത്തിന്റെയും ഏകീകരണത്തിൽ നാം ഒരു സൈന്യമായി പ്രവർത്തിക്കുവാനും സഹകരിക്കുവാനും കടപ്പെട്ടവരാണ്.

**7. സുരക്ഷിതത്വം** (യൂദാ 21) എല്ലായിടത്തും ശത്രുവിന്റെ ഗ്രനേഡും പീരങ്കിയും വെടിയുണ്ടയും പ്രതീക്ഷിക്കാം. നമുക്ക് ഒരേ ഒരു സുരക്ഷിതസ്ഥാനം - ദൈവസ്നേഹം - മാത്രമെയുള്ളു.

**8. അത്ഭുതം** (ഇയ്യോ. 1:21) ഇയ്യോബ് വീണ് ദൈവത്തെ ആരാധിക്കുമ്പോൾ, ദാവീദ് കവിണയിലെ ഒരു കല്ല് എടുത്ത് ഗോല്യാത്തിന് നേരെ പ്രയോഗിക്കുമ്പോൾ, നാം വിശ്വാസത്തിൽ കഷ്ടവും വേദനയും നേരിടുമ്പോൾ ദൈവത്തിന്റെ അദ്ഭുതശക്തിയാൽ ശത്രു ബന്ധിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്യുന്നു.

**9. ആശയവിനിമയം** (1 തെസ്സ. 5:17: 2 തിമൊ. 2:15) കേന്ദ്രവുമായി തുടർമാനമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നില്ലെങ്കിൽ നാം എവിടെയായിരിക്കണം എന്നും എന്തു ചെയ്യണമെന്നും എങ്ങനെ മനസ്സിലാക്കുവാൻ കഴിയും ? നാം എല്ലാ ദിവസവും വചനം പഠിക്കുയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

**10. പ്രയത്നം** (1 കൊരി. 9:22-23) നാം ജയിക്കുവാനാഗ്രഹിക്കുന്നുവേങ്കിൽ ശത്രുവിനെ പൂർണ്ണമായി പരാജയപ്പെടുത്തുവാൻ പ്രയോഗികമായ പ്രയത്നം എല്ലായ്പ്പോഴും തുടരേണ്ടതാണ്. പൗലോസ് തന്റെ ശുശ്രൂഷയിൽ ശ്രേഷ്ഠമായി പ്രയത്നിക്കുകയും അനേകരെ ക്രിസ്തുവിങ്കലേക്ക് നേടുന്നത് കാണുവാനിടയാകുകയും ചെയ്തു.

## സമാധാനം

- സമാധാനന്തരീക്ഷം ഫിലി. 1:2
- സമാധാനത്തിന്റെ അനുഭവം ഫിലി 4:6-7, 11-13

**സമാധാനം ഉണ്ടാക്കുന്ന ഏഴ് വിഷയങ്ങൾ**

കാഴ്ചയാലല്ല വിശ്വാസത്താൽ നാം നടക്കുന്നു (2 കൊരി. 5:7)

1. ജീവിതത്തെ ദൈവത്തിന്റെ പൂർണ്ണതയുള്ള പദ്ധതിയായി ഉപാധികൂടാതെ വിശ്വാസത്താൽ അംഗീകരിക്കുക്കുവാൻ പഠിക്കുക; (റോമ. 8:28; 1 തെസ്സ. 3:3; 5:18)
2. വിശ്വാസത്താൽ ദൈവവുമായി സജീവകൂട്ടായ്മയിൽ ജീവിക്കുക (1 യോഹ. 1:7)
3. വിശ്വാസത്താൽ ദൈവവുമായി ജീവിതത്തെശോധന ചെയ്യുക (1 കൊരി. 11:23 - 31; 1 യോഹ. 1:9)
4. വിശ്വാസത്താൽ ദൈവവചനം പരിശോധിക്കുക (മത്താ. 4:4; 5:6; 2 പത്രോസ്. 3:18)
5. വിശ്വാസത്താൽ പ്രാർത്ഥനയുടെ ശക്തിയിൽ ആശ്രയിക്കുക (യാക്കോ. 5:16; 1 പത്രൊ. 5:7)
6. വിശ്വാസത്താൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിക്കുക (2 പത്രൊ. 1:4; എബ്രാ. 6:17-20)
7. വിശ്വാസത്താൽ ജീവിതപരിശോധനയിൽ നിത്യതയിലെ ഉദ്ദേശ്യം കണ്ടെത്തുക. (2 കൊരി. 4:16-18)

സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണസമാധനത്തിൽ കാക്കുന്നു. യെശ. (26.3)

നമ്മുടെ സമയത്തെക്കുറിച്ച് നല്ല ബോദ്ധ്യമുള്ളവനാണ് നമ്മുടെ ശത്രു. പ്രതിസന്ധികൾ സൃഷിടിക്കുവാനുള്ള കഴിവും ഉന്നതമാണ്. ഇയ്യോബ് സാധാരണ ചെയ്തുവന്നിരുന്നതുപോലെ സമാധാനപരമായ അന്തരീക്ഷത്തിൽ ആയിരിക്കവെ പെട്ടെന്ന് എല്ലാ കാര്യങ്ങൾക്കും മാറ്റമുണ്ടായി. ഒരു നിമിഷത്തിൽ തന്നെ എല്ലാ സമാധാനപരമായ സാഹചര്യങ്ങളും മാറിപ്പോയി.

സമാധാനവും ശാന്തതയുമുള്ള സ്ഥിതികളെ തകർക്കുവാൻ സാത്താൻ എപ്പോഴും അന്വേഷിക്കുന്നു. അവന്റെ എതിർപ്പ് പ്രകൃതിയിൽ കലാപങ്ങൾ സൃഷ്ടിക്കുന്നു. യേശു സമാധാനത്തിന്റെ പ്രഭുവായിരിക്കുമ്പോൾ തന്നെ സാത്താൻ സംശയങ്ങളുടെയും കലാപത്തിന്റെയും രാജാവാണ്. അവൻ നമ്മെ വിരോധിക്കുന്നു. നാം അനുഭവിക്കുന്ന ആന്തരിക സമാധാനം ദൈവികശക്തിയുടെ ഏറ്റവും വലിയ തെളിവാണ്. അതാണ് വിരോധത്തിന് കാരണം. പ്രതികൂല സാഹചര്യങ്ങളിൽ നമ്മുടെ ആത്മാവിൽ നാം അനുഭവിക്കുന്ന സമാധാനം സാത്താനെ പ്രകോപിതനാക്കുന്നു.

ചരിത്രപരമായ പ്രത്യാഘാതം ഉളവാക്കുവാനുള്ള ഏറ്റവും നല്ല വഴി സമൂഹത്തിൽ ദൈവത്തിനു വേണ്ടി കയ്യടി വാങ്ങുവാൻ ശ്രമിക്കാതിരിക്കുക എന്നതാണ്. അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് പതുക്കെ പിൻവാങ്ങുക പിശാചിന് മറ്റേതിനെക്കാളും ബുദ്ധിമുട്ടുകളവാക്കുന്ന കാര്യം കർത്താവിൽ ആശ്രയിക്കുക എന്നതാണ്. ആന്തിരക സമാധാനവും ശാന്തതയും നിലനിർത്തുവാൻ അറിയില്ലെങ്കിൽ നാം ചെയ്യുന്ന ഒരുപ്രവൃത്തിയും ഫലകരമാവില്ല.

ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്യുന്നകാര്യങ്ങൾ എല്ലാം ദൈവികാശ്രയത്തിൽ നിന്നാണ് ലഭിക്കുന്നത്. ഈ മേഖലയിലുള്ള സാത്താന്റെ പോരാട്ടം പ്രത്യക്ഷമാണ്. നമ്മുടെ ആത്മാവിലെ സമാധാനം നശിപ്പിക്കുവാൻ കാരണമാകുന്ന ചിലത് ജീവിതത്തിലേക്ക് എടുത്തിടാതെ സാത്താൻ ഒരിക്കലും നമ്മെ ആക്രമിക്കുകയില്ല. കുറ്റബോധമാണ് അവന് ഉപയോഗിക്കുവാൻ കഴിയുന്നതെങ്കിൽ കുറ്റബോധവും ഭയമാണെങ്കിൽ ഭയവും അവൻ പ്രയോജനപ്പെടുത്തും.

സമ്മർദ്ദത്തിന്റെയും പരിശോധനയുടെയും മദ്ധ്യത്തിൽ നിലനിൽക്കുവാൻ വളരെ ശക്തിയും ഉറപ്പും ആവശ്യമാണ്. മനുഷ്യനും സ്വഭാവികമല്ലാത്ത പ്രത്യകതകളുണ്ട്. സ്വയശിക്ഷണത്തിൽകൂടിയും കഠിനമായ പരിശീലനത്തിൽ കൂടെയുമാണ് അത് രൂപപ്പെടുത്തുന്നത്. ശത്രുവിന്റെ പ്രതികൂലങ്ങളെ ഓരോന്നായി അഭിമുഖീകരിക്കുമ്പോൾ സമാധാനപ്രഭുവിലുള്ള നമ്മുടെ ഏകാഗ്രത നഷ്ടപ്പെടാതിക്കുവാനുള്ള പ്രത്യേക .ഗുണവിശേഷങ്ങൾരൂപപ്പെടുത്തി എടുക്കേണ്ടതാണ്.

ആക്രമണങ്ങൾ ശത്രുവിന്റെ ഇഷ്ടപ്പെട്ട തന്ത്രമാണ്. കാരണം അതിൽകൂടെ മുതലെടുക്കുവാൻ അവസരങ്ങളും ലഭിക്കുന്നു. ആക്രമണസ്വഭാവമുള്ള ഭാഷാപ്രയോഗങ്ങൾ പോലും മനുഷ്യരിൽ ഉന്നതമായ പ്രതികരണങ്ങൾ രൂപപ്പെടുത്താറുണ്ട്.

ശെബായരുടെയും കൽദായരുടെയും ആക്രമണങ്ങളിൽ നിന്ന് ഒഴിഞ്ഞുപോന്നവർ ഇയ്യോബിനോട് " വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊന്നു" എന്ന വാക്ക് കഠിനമായ ആക്രമണത്തെ കാണിക്കുന്നു. " വാളിന്റെ വായ്ത്തല" എന്നത് ഭീതിപ്പെടുത്തുന്ന പ്രയോഗമാണ്. . പ്രത്യേകിച്ച് മനുഷ്യരിൽ വളരെ ഭീതി ജനിപ്പിക്കുന്ന രീതിയിലാണ് ആക്രമങ്ങൾ നടത്തുന്നത്. വാള്, വാളിന്റെ വായ്ത്തല, മനുഷ്യരെ വെട്ടിക്കൊല്ലുക (കഷണങ്ങളാക്കി) എന്നീകാര്യങ്ങൾ മനസ്സിൽ വളരെ സ്വാധീനിക്കുന്ന പ്രംയാഗങ്ങളാണ്. അതാണ് സാത്താൻ തീർച്ചയായും ആഗ്രഹിക്കുന്നത്. ഇയ്യോബ് 1:13 – നും 1:22 – നും ഇടയിൽ 3 പ്രാവശ്യം ആവർത്തിച്ചുവരുന്ന ഒരു പ്രായോഗം ശ്രദ്ധിക്കുക " അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ", സാത്താൻ അസാധാരണായി മാത്രമേ ഒരു കുഴപ്പം കൊണ്ട് തൃപ്തിപ്പെടാറുണ്ട്. ഒന്നിനുപുറകെ മറ്റൊന്ന് അയയ്ക്കുവാൻ അവൻ താല്പര്യപ്പെടുന്നു. എന്തുകൊണ്ട് ? പല പ്രതിസന്ധികളിൽകൂടി ബുദ്ധിമുട്ടിക്കുന്ന അനുഭവം കൂടുതലായി ക്ഷീണിപ്പിക്കുന്നു എന്ന് അവൻ മനസ്സിലാക്കുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിലേക്ക് ഒരു പ്രാവശ്യം മാത്രം വെടിവെയ്ക്കരുതെന്നതാണ് സ്വയപ്രതിരോധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനം തത്വം. പല പ്രാവശ്യം ആവർത്തിക്കുമ്പോൾ സമ്മർദ്ദത്തിന് തീവ്രത കൂടുന്നു.

അവസാനമായി ദുരന്തങ്ങൾ എല്ലാം ദൈവത്തിന്റെ പ്രവർത്തനമാണ് എന്ന് തോന്നിപ്പിക്കത്തക്കവിധം ദുരന്തം അയയ്ക്കുവാൻ സാത്താൻ ആഗ്രഹിക്കുന്നു. ഇയ്യോബിന്റെ ദാസന്മാർ ഇങ്ങനെ തോന്നത്തക്ക നിലയിലാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. " ദൈവത്തിന്റെ തീ ആകാശത്തുനിന്നു വീണു കത്തി ആടുകളും വേലക്കാരും അതിന്നു ഇരയായിപ്പോയി" ദൈവം തീ കത്തുവാൻ അനുവദിച്ചു എങ്കിലും ഇത് ദൈവത്തിന്റെ തീ അല്ല. എല്ലാ പ്രകൃതദുരിന്തങ്ങളും സൃഷ്ടാവുമായി സൃഷ്ടിക്കുന്നു സന്തുലനാവസ്ഥയുടെ ഫലമാണെന്ന്ഈ ഭാഗം ചൂണ്ടിക്കാണിക്കുന്നു.ഭാഗമാണ്.

> *അപ്പോൾ ഇയ്യോബ് എഴുന്നേറ്റ് വസ്ത്രം കീറി തല ചിരച്ചു സാഷ്ടാംഗം വീണു നമസ്കരിച്ചു; നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നു പുറപ്പെട്ടു വന്നു. നഗ്നനായിതന്നെ മടങ്ങിപ്പോകും. യഹോവ തന്നു യഹോവ എടുത്തു.യോഹവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. ഇതിലൊന്നിലും ഇയ്യോബ് പാപം ചെയ്കയോ ദൈവത്തിനു ഭോഷത്വം ആരോപിക്കയോ ചെയതില്ല. (ഇയ്യോബ് 1:20 – 22)*

ഇയ്യോബിന്റെ ദു:ഖവും സങ്കടവും വിശ്വാസത്താൽ ലഘൂകരിക്കുവാൻ കഴിഞ്ഞതുകൊണ്ട് സാത്താനാഗ്രഹിച്ച വിജയം ലഭിച്ചില്ല. സാത്താൻ എപ്പോഴും ദൈവത്തിന്റെ ഓരോ മക്കളും " എന്തുകൊണ്ട് എനിക്ക് ?" എന്തുകൊണ്ട് ദൈവം ഇത് എനിക്ക് സംഭവിപ്പാൻ അനുവദിച്ചു ? സ്നേഹവാനായ ദൈവം എന്തുകൊണ്ട് ഇത് അനുവദിച്ച്? എന്നിങ്ങനെ പറയണം എന്നാഗ്രഹിക്കുന്നു സാത്താൻ ഇന്നു നമ്മോട് വ്യത്യസ്തമായിട്ടല്ല. ദൈവത്തിന്റെ സ്വന്തം മക്കളുടെ വാക്കുകളിൽകൂടെ ദൈവത്തിന്റെ സ്വഭാവം മലിനമാണെന്ന് പറയുവാൻ സാത്താൻ ആഗ്രഹിക്കുന്നു.

> *പിന്നെയും ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽനില്പാൻ ചെന്നു.സാത്താനും അവരുടെ കൂട്ടത്തിൽ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു. യഹോവ സാത്താനോട് നീ എവിടെ നിന്നു വരുന്നു എന്ന് ചോദിച്ചതിന് സാത്താൻ യയഹോവയോടു :ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്ന് ഉത്തരം പറഞ്ഞു. യഹോവ സാത്താനോട് എന്റെ ദാസനായ ഇയ്യോബിന്റെ മേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം*

*വിട്ടകലുന്നവനും ഭൂമിയിൽ ആരുമില്ലല്ലോ. അവൻ ഭക്തി മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്നു. വെറുതെ അവനെ നശിപ്പിക്കേണ്ടതിനു നീ എന്നെ സമ്മതിപ്പിച്ചു എന്നു അരുളിച്ചെയ്തു.സാത്താൻ യഹോവയോടു, ത്വക്കിനു പകരം ത്വക്ക് മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവനു പകരം കൊടുത്തുകളയും. നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക: അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചു പറയും എന്നുത്തരം പറഞ്ഞു.യഹോവ സാത്താനോട്, ഇതാ അവൻ നിന്റെ കൈയ്യിൽ ഇരിക്കുന്നു അവന്റെ പ്രാണനെ മാത്രം തൊടരുത് എന്ന് കല്പിച്ചു (ഇയ്യോബ് 2:1-6)*

വീണ്ടും സ്വർഗ്ഗത്തിൽ ദൂതന്മാരുടെ ഇടപെടൽ ഉണ്ടായി. സാത്താന്റെ പോരാട്ടത്തോടുള്ള ബന്ധത്തിൽ ഇയ്യോബിന്റെ പ്രതികരണത്തിൽ തീർച്ചയായും മുഖത്ത് വിളർച്ചയുള്ളവനായ് സാത്താൻ വീണ്ടും യഹോവയുടെ സന്നിധിയിൽ ചെന്നു. വീണ്ടും ദൈവം ചോദിക്കുന്നു. നീ എവിടെയായിരുന്നു? സാത്താന്റെ മറുപടി “ ഊടാടി” സഞ്ചരിച്ചു ശത്രു ഒരിക്കലും കേൾക്കുവാൻ ആഗ്രഹിക്കാത്ത ചോദ്യം ദൈവം ചോദിക്കുന്നു. “എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടി വെച്ചുവോ ?”

ദൈവം പറയുന്നത് “ഇയ്യോബ് തന്റെ ഭക്തി മുറുകെ പിടിക്കുന്നു”. ഭക്തി എന്നത് എബ്രായ പദമാണ്. അർത്ഥം ലാളിത്വം, നിഷ്കളങ്കത്വം, ഏകഉദ്ദേശ്യം എന്നിങ്ങനെയാണ്. അവന് നേരിട്ട കാര്യങ്ങളിൽ ഒന്നിലും അവൻ ദൈവത്തെ കുറ്റപ്പെടുത്തുവാൻ വിസമ്മിതിച്ചു എന്നതാണ് അവന്റെ ഭക്തി. “വെറുതെ അവനെ നശിപ്പിക്കേണ്ടതിന് നീ എന്നെ സമ്മതിപ്പിച്ചു.” എന്ന് ദൈവം തന്നെ പറഞ്ഞു എങ്കിലും അവൻ അവന്റെ ഭക്തി മുറുകെ പിടിക്കുന്നു. “ വെറുതെ” എന്ന പദം “ കാരണം കൂടാതെ” എന്നർത്ഥം - ഇയ്യോബിന്റെ കഷ്ടതയിൽ യാതൊരു പാപവും കടന്നു വന്നില്ല. അവൻ കഷ്ടത അനുഭവിച്ചത് ശിക്ഷണം മൂലമായിരുന്നില്ല.

ദൈവത്തിന്റെ ചോദ്യത്തിനുള്ള സാത്താന്റെ മറുപടി ഒരു കുറ്റാരോപണം ആയിരുന്നു. ഇയ്യോബിന്റെ മേൽ സ്വാർത്ഥത ആരോപിച്ചു. ചരിത്രത്തിൽ ഏറ്റവുമധികം സഹതാപവും ഔദാര്യവും വിചാരവുമുള്ള മനുഷ്യന്റെ മേൽ സാത്താൻ സ്വാർത്ഥതയും സ്വയവും ആരോപിച്ചു.

തന്റെ പ്രതികരണത്തിൽ സാത്താൻ ദൈവത്തോട് പറയുന്നത് “ തീർച്ചയായും ഇയ്യോബ് നിന്നെ ഇതുവരെയും ശപിച്ചിട്ടില്ല. അവന്റെ ആട്ടിൻകൂട്ടത്തെ നിനക്ക് മോഷ്ടിക്കുവാൻ കഴിയും. അവന്റെ ശുശ്രൂഷകന്മാരെ

## താല്കാലിക യുദ്ധവിരാമം ഇല്ല

ആത്മീകയുദ്ധത്തിൽ ഒരു താല്കാലിക വിരാമം ഇല്ല. നാം കർത്താവായ യേശുവിൽ വിശ്വസിച്ച ആ നിമിഷം മുതൽ അവനോടുകൂടെ എത്തുന്നതുവരെ തുടരുന്ന പോരാട്ടമാണ് ശത്രുവിന്റേത്. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഈ പോരാട്ടത്തിൽ നാം നേരിട്ട് ബന്ധപ്പെടുന്നവരാണ്.

ഓരോ ദിവസവും ലക്ഷോപലക്ഷം പോരാട്ടങ്ങളാണ് നടക്കുന്നത്. സാത്താന്റെ ലോകമായ ഈ പ്രപഞ്ചത്തിൽ ഓരോ രാഷ്ട്രങ്ങളിലും ഉള്ള വിശ്വാസികൾ ഈ പോരാട്ടത്തിൽ പങ്കു ചേരുന്നു. ഓരോ ദിവസവും നാം ദൈവത്തെ മഹത്വപ്പെടുത്തുമോ, സ്വയത്തെ ഉയർത്തുമോ എന്ന പ്രശ്ന നാം അഭിമുഖീകരിക്കുന്നു. ഇതാണ് സാത്താന്യപോരാട്ടത്തിന്റെ കേന്ദ്രവിഷയം. കർത്താവിനു വേണ്ടി സ്വർഗ്ഗീയ മഹത്വം നേടുവാനോ, നമുക്ക് താല്കാലിക അംഗീകരം ലഭിക്കുവാനോ ഉള്ള സാദ്ധ്യത നാം ദിനംതോറും അഭിമുഖീകരിക്കുന്നു.

യേശു പറഞ്ഞു “ ഒരു മനുഷ്യൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ”. (മക്കോ. 8:34). ക്രൂശ് എടുക്കുക എന്ന് പറഞ്ഞാൽ നമ്മുടെ ജീവിത്തിൽ ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശ്യവും മനസ്സിലാക്കുക എന്നാണ്. നമ്മെത്തന്നെ സമർപ്പിക്കുക. ഒരിക്കലും ത്യജിക്കാതിരിക്കുക. ഇത് നമ്മുടെ ജീവിതത്തിൽ സ്വയത്യാഗത്തിന്റെ ഒരു വലിയ ഭാഗം ആവശ്യപ്പെടുന്നു.

ക്രൂശിൽനിന്നും കിരീടത്തിലേക്കുള്ള പാത ഉന്നതത്തിലേക്കുള്ളതാണെന്ന് നാം മനസ്സിൽ ഓർത്തിരിക്കേണം. അതുകൊണ്ടാണ് പൗലോസ് ഫിലി. 3:14 -ൽ “ മുന്നോട്ട് ആയുക” എന്ന് പറ

ഉപദ്രവിക്കുകയും കുടുംബത്തെ കൊല്ലുവാനും കഴിയും. അവൻ വളരെ സ്വാർത്ഥനാണ്. സ്വന്തം കാര്യത്തിൽ മാത്രം ശ്രദ്ധിക്കുന്നവനായതുകൊണ്ട് ഇതൊന്നും അവനെ സ്വാധീനിച്ചിട്ടില്ല. അവന്റെ കുടുംബത്തെപ്പറ്റി ആൽപം പോലും ദു:ഖം അനുഭവപ്പെട്ടിട്ടില്ല. അവൻ പെറുതെ ഇരുന്നുകൊണ്ട് പറയുകയാണ് 'എല്ലാം നന്നായിരിക്കുന്നു,' എന്നാൽ നീ അവന്റെ ശരീരത്തെ ഒന്നു തൊടുക, അത് അവനെ ദു:ഖിപ്പിക്കും. തീർച്ചയായും അവൻ നിന്നെ ത്യജിച്ചു പറയും.

ഇയ്യോബിനെ പരീക്ഷിക്കുന്നതിൽ സാത്താന്റെ ലക്ഷ്യം അഞ്ച് തവണയിൽ മൂന്നാമത്തേത് ഇവിടെ കാണുന്നു (ഇയ്യോബ്. 1:5,11; 2:3, 5,10) സാത്താൻ ദൈവത്തെ വളരെ പകയോടുകൂടെ നിന്ദിക്കുന്നതുകൊണ്ട്,. ഒരു വിശ്വാസി ദൈവത്തിന്റെ സ്വഭാവത്തെ നിന്ദിക്കുവാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ സാത്താൻ സ്വയമായി നീതികരിക്കുകയാണ് ചെയ്യുന്നത്.

നാം സാത്താന്യപോരാട്ടത്തിന്റെ നടുവിലാണ്. ദൈവം നമ്മുടെ ജീവിതത്തിൽ സമ്മർദ്ദങ്ങൾ പ്രതിസന്ധികൾ, പ്രതികൂലങ്ങൾ എന്നിവ അനുവദിക്കുകയും - വലുതും ചെറുതും - നാം പരാതി കൂടാതെ അംഗീകരിക്കുകയും ചെയ്യുമ്പോൾ അത് ദൈവത്തിന്റെ സമ്മതത്തോടുകൂടിയ പ്രവൃത്തികളാണെന്ന് നാം അംഗീകരിക്കുന്നു. അത് ദൈവത്തിന് മഹത്വവും ബഹുമാനവും ലഭിക്കുവാൻ കാരണമാകുന്നു.

നമ്മുടെ പരീക്ഷയിൽ ദൈവം അനീതിയുള്ളവനും മുഖപക്ഷമുള്ളവനും സ്നേഹമില്ലാത്തവനുമാണ് എന്ന് നാം കുറ്റപ്പെടുത്തുമ്പോൾ സാത്താൻ സ്വർഗ്ഗത്തിന്റെ വീഥിയിൽ ഉലാത്തുകയും അടക്കിപ്പിടിച്ച് ചിരിക്കുകയും ചെയ്യുന്നു. " എനിക്ക് സംഭവിക്കുന്നതൊന്നും നീതിയല്ല". എന്ന് നാം എപ്പോഴെങ്കിലും പറയുകയോ ചിന്തിക്കുകയോ ചെയ്യുമ്പോൾ നാം സാത്താന്റെ ഒരു സാക്ഷിയാകുകയാണ്. " സ്നേഹവാനായ ദൈവത്തിന് ഇത് എങ്ങനെ അനുവദിക്കുവാൻ കഴിയും" എന്ന് എപ്പോഴെങ്കിലും ചോദിക്കുമ്പോൾ ദൈവം സ്നേഹമല്ല എന്ന് നാം തീർച്ചയായും സമർത്ഥിക്കുന്നു. നാം പിശാചിന്റെ പാത പിന്തുടരുന്നു. സാത്താനാണ് ഈ പ്രസ്താവനയുടെ എഴുത്തുകാരൻ.

ദൈവം ഒരിക്കലും ദുഷ്ടതയുടെ ഉറവിടമല്ല. ഇയ്യോ. 2:6-ൽ ദൈവം സാത്താനോട് പറയുന്നത്. " അവൻ നിന്റെ അധികാരത്തിൽ ഇരിക്കുന്നു" പക്ഷെ അതല്ല സാത്താൻ ചോദിച്ചത്. ഇയ്യോബിന്റെ അസ്ഥിയും മാംസവും ഒന്നു തൊടുവാനാണ് സാത്താൻ ദൈവത്തോട് ആവശ്യപ്പെടുന്നത്. ഇയ്യോബിന്റെ ആരോഗ്യം ദൈവം വ്യക്തി

---

യുന്നത്. ഗ്രീക്കിൽ " നിർബന്ധിക്കുക, അന്വേഷിക്കുക, പ്രാധാന്യം നൽകുക". പ്രാധാന്യം നൽകി മുന്നേറുവാൻ ഇടയാകണം.ഇതാണ് ആത്മീയ പക്വതയിലേക്ക് നയിക്കുന്ന അമിതകൃപ. എപ്പോഴും ആയുകയും കൃപയിലും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളർന്നു വരികയും വേണം. അങ്ങനെ ചെയ്യുമ്പോൾ കൃപയുടെ ധനവും പ്രത്യേകതകളും നാം ഊഹിച്ചതിലും വളരെ വലുതാണെന്ന് മനസ്സിലാക്കുവാൻ ഇടയാകു. ഈ വസ്തുത കണ്ടെത്തുവാൻനാം പ്രേരിതരാകണം. അതാണ് വലിയ ആവശ്യം.

മാരത്തോൺ ഓട്ടം ഓടുന്നതുപോലെ നമ്മുടെ ജീവിതം നയിക്കണം. മുമ്പിലുള്ള ദൂരത്തെക്കുറിച്ചും അവസാനം വരെയുള്ള കഷ്ടപ്പാടിനെക്കുറിച്ചും ഓർത്താൽ ഓട്ടം നിർത്തിപ്പോകാൻ പ്രേരിതനാകും. ആരംഭത്തിൽ, മുമ്പിലുള്ള ഒരു മൈൽ ദൂരത്തെക്കുറിച്ച് ചിന്തിച്ചും, അൽപം കഴിയുമ്പോൾ അതിന്റെ പകുതി ഭാഗത്തെക്കുറിച്ചും പിന്നീട് കാൽഭാഗത്തെക്കുറിച്ചും പിന്നീട് ഒരു മീറ്ററിനെക്കുറിച്ചും പിന്നീട് ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ ഒരു പാദത്തിന് മുമ്പിൽ ഒരു പാദം വരുന്നത് മാത്രം ചിന്തിച്ചുകൊണ്ടും ഓടുന്നു.

ക്രിസ്തീയ ജീവിതത്തിലും വളരെ ശക്തിയോടുകൂടെ നാം യോഗ്യമായ നിലയിൽ ഓട്ടം ആരംഭിക്കുന്നു. പിന്നീട് ഇത് ഒരു മാരത്തോൺ ഓട്ടമാണെന്ന് മനസ്സിലാക്കുന്നു. അതുകൊണ്ട് നീണ്ട ഓട്ടത്തിന് അല്പം പതുക്കെ ഓടുന്നതാണ് നല്ലതെന്ന് ചിന്തിക്കും. യെശ. 40:31 – ൽ യഹോവയെ " കാത്തിരിക്കുന്ന." വരെക്കുറിച്ച് പറയുന്നു. ഇവിടെ വിശ്വാസത്തിന് ശക്തമായ എബ്രായപദം ' ക്വവഹ്' ഉപയോഗിക്കുന്നു. ഒന്നാമത് ചെയ്യുന്നത് കഴുകന്മാരെപ്പോലെ ചിറകടിച്ച് ഉയരും. പിന്നീട് അവർഓടുന്നു. തളർന്നു പോകുന്നില്ല. ക്ഷീണിച്ചുപൊകാതെ നടക്കുകയും ചെയ്യുന്നു.

പരമായി നശിപ്പിക്കുവാനാണ് സാത്താൻ ആഗ്രഹിച്ചത്. ദൈവം അത് ചെയ്കയില്ല. " അവൻ നിന്റെ കൈയ്യിൽ ഇരിക്കുന്നു" എന്നു പറഞ്ഞു " നീ അങ്ങനെ ആഗ്രഹിക്കുന്നുവോ. നീ തന്നെ അത് ചെയ്ക."

നമ്മുടെ സുരക്ഷതത്വത്തെ നശിപ്പിക്കുവാൻ സാത്താനെ അനുവദിച്ചു എന്ന് വരാം. എന്നാൽദൈവത്തിന്റെ പരിധിക്കപ്പുറത്ത് കടക്കാൻ സാധ്യമല്ല. ഇയ്യോബിന്റെ കാര്യത്തിൽ അവന്റെ ജീവനെ തൊടരുതെന്ന പരിധി സാത്താന് കൊടുത്തു. ദൈവത്തിന് ശത്രുവിനോട് " ഇതിനപ്പുറത്തേക്ക് പാടില്ല" എന്ന്പറയുവാൻ കഴിയും. നമ്മുടെ ജീവിതത്തിൽ നമുക്ക് നില്ക്കാൻ കഴിയും എന്ന് ചിന്തിക്കുന്നതിനപ്പുറത്തേക്ക് ബുദ്ധിമുട്ടുകളും പ്രതികൂലങ്ങളും കടന്നുവരുമ്പോൾ പരീക്ഷയുടെ ആഴത്തിന്റെ അളവ്. നമ്മുടെ കർത്താവിന് നിത്യമായ മഹത്വവും ബഹുമാനവും അർപ്പിക്കുന്നതിനുള്ള അളവുകോലാണെന്ന് നാം ഓർത്തിരിക്കേണം.

> *അങ്ങനെ സാത്താൻ യഹോവയുടെ സന്നിധിവിട്ട് പുറപ്പെട്ടു ഇയ്യോബിനെ ഉള്ളകാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു. അവൻ ഒരു ഓട്ടിൻ കഷണം എടുത്തു തന്നെത്താൻ ചുരണ്ടികൊണ്ട് ചാരത്തിൽ ഇരുന്നു.*
>
> *അവന്റെ ഭാര്യ അവനോട് നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞു.അവൻ അവളോടു, ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു. ഇതിൽ ഒന്നിലും ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല (ഇയ്യോ.2:7-10)*

ഈ സന്ദർഭങ്ങളിൽ ഇയ്യോബിന്റെ കഷ്ടതയും വേദനയും ഭയാനകമാണ്. അവന്റെ തല മുതൽ ഉള്ളങ്കാൽ വരെ പരുക്കളാൽ ബാധിച്ചു. അവൻ വളരെയധികം വേദന അനുഭവിക്കുന്നു. അതിൽനിന്ന് രക്ഷപെടുവാൻ യാതൊരു മാർഗ്ഗവുമില്ല. അവന്റെ വേദന അസഹനീയം. അതുകൊണ്ട് ഒരു ഓട്ടുകഷ്ണം എടുത്ത് ചാരത്തിൽ ഇരുന്ന് ചുരണ്ടുകയാണ്. ഈ പരുക്കൾ മുഖാന്തിരം അവന്റെ ശരീരത്തിൽ പുഴുക്കളും പൂൺവായിക്കളം രൂപപ്പെട്ടു (ഇയ്യോ. 7:5). തന്റെ അസ്ഥികളിൽ അസഹനീയമായ വേദനയും പനിയും അനുഭവപ്പെട്ടു (ഇയ്യോ. 30:17-30).

ഈ സന്ദർഭത്തിൽ ഇയ്യോബിന്റെ ഭാര്യയും ശത്രുവിനോട് ചേരുന്നു. ഈ സ്ത്രീയെ ജീവനോടെ ശേഷിപ്പിക്കുവാൻ സാത്താൻ ആഗ്രഹിച്ചു. കാരണം അവളെ സംബന്ധിച്ച് സാത്താന് പ്രത്യേകം പദ്ധതി ഉണ്ട്. അവൾ

---

നാം പക്വത പ്രാപിക്കുമ്പോൾ കാത്തിരിക്കുവാൻ പഠിക്കുന്നു. ഓരോ ദിവസവും വരുന്ന പ്രതികൂലങ്ങളെ കൈകാര്യം ചെയ്യുവാൻ പഠിക്കുന്നു. ഓരോ നിമിഷവും കൃപ മതിയായതായി കൂടെയുണ്ട്. അങ്ങനെയെങ്കിൽ പ്രതിസന്ധി, അപകടം, ബുദ്ധിമുട്ട് ഇവയിൽകൂടെ മുമ്പോട്ടുപോകുവാൻ, നമ്മുടെ ബലഹീനതകളെയും പരീക്ഷകളെയും ഓരോ ദിവസവും അഭിമുഖീകരിക്കുവാൻ പഠിക്കുന്നു. " എന്റെ ഭാവി ജീവിതം എങ്ങനെ കൈകാര്യം ചെയ്യും" എന്ന് നാം ചിന്തിക്കേണ്ടതില്ല.

രാത്രിയിൽ പിന്നിലുള്ള വിജയം കണ്ടുകൊണ്ട് കിടന്നുറങ്ങുകയും ഒരു ദിവസത്തെ ദൈവകരങ്ങളിൽ ഏൽപ്പിച്ച് വിശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെങ്കിൽ നം കർത്താവായ യേശുക്രിസ്തുവിന് മഹത്വം കരേറ്റുന്നവരാകും. അടുത്തദിവസം അത് വീണ്ടും ആരംഭിക്കുന്നു.ക്രിസ്തുവിന് മഹത്വം കരേറ്റുന്നതും അല്ലാത്തതുമായ ദിവസങ്ങൾ ഉണ്ടാകാം. എന്നാൽ ചിലപ്പോൾ അല്പസമയത്തേയ്ക്ക് നമ്മുടെ മഹത്വവും കഴിവുകളും നിലനിർത്തുവാനായി ബന്ധപ്പെടാറുണ്ട്. അതിന്റെ അവസാനം നാം തളർന്നുപോകും. യിരെമ്യാവ്, വിലാ. 3:22-23 - ൽ ഓർപ്പിക്കുന്നത്, ഓരോ ദിവസവും സൂര്യൻ ഉദിക്കുന്നതു കാണുമ്പോൾ യഹോവയുടെ ദയ പുതുക്കപ്പെട്ടതായി വീണ്ടും നമുക്ക് ആ ദിവസത്തേയ്ക്ക് നല്കിയിരിക്കുകയാണ്. ആ ദിവസം പരീക്ഷയും പരിശോധനയും ബുദ്ധിമുട്ടും ഉണ്ടെന്ന് നമുക്ക് അറിയാം. എന്നാൽ വലിയ സന്തോഷവും അനുഗ്രഹങ്ങളും ഉണ്ട്. നാം അതിൽ വിശ്വസിച്ചിരിക്കുന്നു എന്നും എന്തുകൊണ്ട് നാം പോരാടുന്നു എന്നും അറിയുന്നതുകൊണ്ട് ആ നിലയിൽ തുടരുവാൻ ഇടയാകുന്നു.

അവനോട് ചേർന്ന് നിന്നു. അവൾ ഈർഷ്യയും നീരസവും ഉള്ളവളായിത്തീരുകയും ദൈവത്തെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. മരിക്കുന്നതാണ് നല്ലതെന്ന് അവൾ ഭർത്താവിനോട് പറയുന്നു. അവൾ ഒന്നിലധികം പ്രാവശ്യം പറഞ്ഞു എന്ന് ഊഹിക്കാം. അവൾ ഇത് പറഞ്ഞുകൊണ്ടിരിന്നുകാണും. അല്ലെങ്കിൽ അത് മുഖത്ത് പ്രകടിപ്പിച്ചു കാണും. ഇയ്യോബ് നിശബ്ദമായി ഇരുന്ന ചാരകൂമ്പാരത്തിനടുത്തുകൂടി പോകുമ്പോഴൊക്കെയും ഇത് പ്രകടമാക്കിക്കാണും.

ഭാര്യയോടുള്ള ഇയ്യോബിന്റെ പ്രതികരണം കാണുമ്പോൾ തന്നെ താൻ ലാളിത്യമുള്ള മനുഷ്യനാണെന്ന് മനസ്സിലാക്കാം. ഈ വാക്യങ്ങളിൽ ഒരു പുരാതന കുടുംബകലഹത്തിന്റെ ചിത്രം കാണാം. ഇത് ഒരു അത്യാഹിതത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ഈ കുടുംബത്തിൽ മരണം, ബന്ധനം, പോരാട്ടം, പിടിച്ചുപറിക്കൽ, സാമ്പത്തികനഷ്ടം എന്നിവ ഉണ്ടായി. അവളുടെ ഭാഗത്ത് പ്രതീക്ഷകളും നഷ്ടപ്പെട്ടു. ഇയ്യോബ് അവളോട് സംസാരിക്കുമ്പോൾ അവൾ ഒരു " പൊട്ടിയെ" പ്പോലെ സംസാരിക്കുന്നു. എബ്രായപദം "നെബലാഹ" എന്നാണ്. മങ്ങിപ്പോകുക, പിച്ചാകുക എന്ന് അർത്ഥം. വീണു പോകുന്നതിന്, പഴയസ്ഥിതിയിലേക്ക് മടങ്ങിവരുന്നതിന് ഈ പദം ഉപയോഗിക്കുന്നു. അവൻ പറയുന്നു. " നീ ഒരു പിച്ചായിപ്പോയ സ്ത്രീയെപ്പോലെസംസാരിക്കുന്നു.".

പിന്നീട് അവൻ ചോദിക്കുന്നു " ദൈവത്തിൽനിന്ന് നന്മകൾ സ്വീകരിച്ചു തിന്മയും കൂടെ സ്വീകരിക്കരുതോ" ? അവൻ ഇത് ചോദിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട മൂന്നു ഉപദേശ സത്യങ്ങൾ വിശദീകരിക്കുന്നു.

1. അനുഗ്രഹങ്ങൾ മാത്രം ആഗ്രഹിക്കുന്ന വിശ്വാസി ബലഹീനനും പക്വതയില്ലാത്തവനുമാണ്.

2. പ്രതികൂലങ്ങളിൽ പിറുപിറുക്കുകയും പരാതി പറയുകയും ചെയ്യുന്ന വിശ്വാസി ദൈവത്തെയും ദൈവിക പദ്ധതിയെയും മനസ്സിലാക്കിയിട്ടില്ല.

3. സമ്മർദ്ദത്തിൽ ആയിത്തീരുന്ന വിശ്വാസി സാത്താന്യപോരാട്ടത്തെയും ദൈവികശക്തിയെയും ക്കുറിച്ച് മനസ്സിലാക്കിയിട്ടില്ല.

ഇയ്യോബ് ഉൾപ്പെട്ടിരിക്കുന്ന പോരാട്ടം ചാരത്തിൽ നിന്നും ദൈവികസിംഹാസനം വരെ നീളുന്നതാണ്. എന്നാൽ ആ യുദ്ധം ആത്മാവിൽ വിജയം കണ്ടെത്തി. എല്ലാ പ്രകൃതിക്ഷോഭത്തിന്റെയും വേദനയുടെയും ഇടയിലും " ഇയ്യോബ് അധാരങ്ങളാൽ പാപം ചെയ്തില്ല". അവന്റെ വായിൽനിന്ന് വന്നതും വരാത്തതും തന്റെ ഹൃദയത്തിൽ എന്താണ് സംഭവിച്ചതെന്ന് വെളിപ്പെടുത്തുകയായിരുന്നു. തന്റെ വിചാരങ്ങൾകൊണ്ട് യുദ്ധം വിജയിച്ചു. ദൈവത്തെ വിശ്വസിക്കുന്നത് തെരഞ്ഞെടുത്തു. വിശ്വാസമായിരുന്ന വിജയം.

എല്ലാ മാനുഷിക ചരിത്രവും വ്യക്തിയിലേക്കും വ്യക്തിതീരുമാനങ്ങളിലേക്കും ഇറങ്ങിചെല്ലുന്നു. സാത്താന്യപോരാട്ടം സ്വർഗ്ഗത്തിലോ, പ്രപഞ്ചത്തിലോ അല്ല പരിഹരിക്കപ്പെട്ടിരിക്കുന്നത്. പിന്നെയോ, ഓരോ പുരുഷന്റേയും സ്ത്രീയുടെയും ആത്മാവിലാണ്. ഓരോ ദിവസവും ലക്ഷോപലക്ഷം പോരാട്ടങ്ങൾ ദൈവിക പദ്ധതി പ്രകാരം മനുഷ്യമനസ്സുകളിൽ സംഭവിക്കുന്നു. ഓരോ സമയത്തും ക്രിസ്തുവിലെ അനസരണത്തിനായി ചിന്തകളെ പിടിച്ചടക്കുമ്പോൾ സാത്താൻ പോരാട്ടത്തിൽ പരാജയപ്പെടുന്നു.

## തീരുമാനങ്ങൾ

1. **യേശുക്രിസ്തു ചരിത്രത്തെ നിയന്ത്രിക്കുന്നു.**
   യേശുക്രിസ്തു ചരിത്രത്തെ നിയന്ത്രിക്കുന്നു എങ്കിൽ ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകും. എന്നാൽ ദുരന്തങ്ങളോ നിരപരാധി പീഡനമോ ഉണ്ടാകയില്ല (റോമ. 8:28; എഫെ. 1:11; കൊലൊ. 1:17; വെളി. 22:12 – 13).

2. **ഓരോ വ്യക്തിക്കും പ്രത്യേകമായ അവസരങ്ങളും പ്രതിസന്ധികളും ലഭ്യമാണ്.**
   ദൈവം നമുക്ക് ഓരോരുത്തർക്കും ചില അവസരങ്ങളും അതോടൊപ്പം കഷ്ടതയും പ്രതികൂലങ്ങളും പ്രതിസന്ധികളും അനുവദിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ ഓരോ പ്രശ്നങ്ങളിൽ നിന്ന് അവൻ വിടുതലും ഒരുക്കിയിട്ടുണ്ട് (പുറ. 4; ഇയ്യോ. 5:7; സങ്കീ. 34:19, 37)

3. **പ്രതിസന്ധികളിൽ നിയന്ത്രിത പരിശോധനകൾ ഉണ്ട്.**
   ദൈവം നമുക്ക് ചുറ്റും വെച്ചിരിക്കുന്ന വേലിക്കെട്ടുകൾ കടന്ന് സാത്താൻ വന്നേക്കാം. എന്നാൽ ദൈവിക പരിധികൾക്കും അപ്പുറത്ത് കടക്കുവാൻ കഴികയില്ല (ഉല്പ. 22:1-9; ഇയ്യോ. 1-2; 1 കൊരി. 10:13)

4. **ഓരോ പ്രതിസന്ധികളും തീരുമാനങ്ങളെടുക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.**
   ദൈവം നമ്മുടെ ജീവിതത്തിൽ സമ്മർദ്ദങ്ങളും പ്രതിസന്ധികളും അനുവദിക്കുന്നത് നാം ദൈവിക കരുതലിനുള്ളിലാണെന്ന് കാണിക്കുവാനാണ്. പ്രതിസന്ധികൾ നമ്മെ തീരുമാനത്തിലേക്ക് നയിക്കുന്നു. ഓരോ തീരുമാനത്തിലും നല്ലതും തീയതും തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്.

5. **ഓരോ ഭാവിതീരുമാനങ്ങളും പഴയതീരുമാനത്തിന്റെ ഭാഗങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു.**
   ദാവീദിന്റെ തീരുമാനങ്ങൾ (1 ശമു. 23, 2 ശമു. 2, 4, 11-18)പൗലോസ് (2 കൊരി. 1:1-12; 2 കൊരി. 4:8-15; 2 കൊരി. 6, 11) ഇവ ഇത് വിശദമാക്കുന്നു. ഓരോ നല്ല തിരഞ്ഞെടുപ്പും ഭാവിയിലെ വലിയ തീരഞ്ഞെടുപ്പിന് വഴി തുറക്കുന്നു. തെറ്റായ തിരഞ്ഞെടുപ്പ്, ഭാവിതീരുമാനങ്ങളെ തടസ്സപ്പെടുത്തുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഇന്ന് നാം തീരുമാനങ്ങളെടുക്കുന്നു, നാളെ നമ്മുടെ തീരുമാനങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു. നാം തുടർച്ചയായി തെറ്റായ തീരുമാനങ്ങൾ എടുക്കുമ്പോൾ ഹൃദയശുന്യതയിലേക്ക് നയിക്കപ്പെടുകയും ആത്മീയബോധത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

6. **ഓരോ പ്രതിസന്ധിയേയും സ്വാധീനിക്കുന്ന രണ്ട് ഇച്ഛാശക്തിയും ഉണ്ട്.**
   ദൈവത്തിന്റെ സർവ്വാധികാരവും മനുഷ്യന്റെ മാറ്റമുള്ള ഇച്ഛാശക്തിയും ഓരോ പ്രതിസന്ധിയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു (അവ 8:1 -20; 11:26-28; യിര. 18.5-12; യെഹ. 18:20 – 29). ചരിത്രം ആരംഭിക്കുന്നതിനുമുമ്പുതന്നെ ദൈവം നമ്മുടെ ആഗ്രഹങ്ങളും തീരുമാനങ്ങളും അറിഞ്ഞിരുന്നു. തന്റെ സർവ്വജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ അവൻ എല്ലാ കാര്യങ്ങളും തീരുമാനിച്ചു. അവന്റെ തീരുമാനങ്ങൾ ഒന്നും മാറ്റപ്പെടുവാൻ പോകുന്നില്ല. അവന്റെ തീരുമാനങ്ങളും ഹിതവും അവന്റെ വചനത്തിൽകൂടെ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യചരിത്രത്തിലുടനീളം മനുഷ്യൻ എടുത്തതും എടുക്കുന്നതുമായ തീരുമാനങ്ങൾ എല്ലാം ദൈവേഷ്ടത്തിനും ദൈവവചനത്തിനും എതിരായതുകൊണ്ട് അത് മനുഷ്യന് കഷ്ടതകൾ വരുത്തിവെയ്ക്കുന്നു.

**7. നാം നമ്മുടെ തീരുമാനങ്ങളുടെ ഫലങ്ങളാണ്.**

നാം നമ്മുടെ ചുറ്റുപാടുകളുടെയോ, മറ്റുള്ളവരുടെയോ അനന്തരഫലങ്ങളല്ല – നാം അങ്ങനെ തീരുമാനക്കുന്നില്ലെങ്കിൽ. തീരുമാനങ്ങളാണ് മനുഷ്യനെ രൂപപ്പെടുത്തുന്നത്. ഈ തീരുമാന ങ്ങൾ ഓരോ മാതൃകയാകുകയും, മാതൃക പ്രവണതയായി രൂപപ്പെടുകയും ചെയ്യുന്നു. പ്രവ ണതയിൽ സമ്പ്രദായത്തിലേക്കും സമ്പ്രദായങ്ങൾ സ്വഭാവങ്ങളിലേക്കും മാറ്റപ്പെടുന്നു. നമ്മുടെ ജീവിതത്തിലെ പ്രവണതയെക്കുറിച്ച് ദൈവം എപ്പോഴും വിചാരപ്പെടുന്നു.

ഉദാഹരണമായി, ദാവീദിന്റെ ജീവിതത്തിലെ വ്യക്തിപരമായ പ്രവർത്തനം പരിശോധിച്ചാൽ അവൻ ഒരു നികൃഷ്ടൻ, വഞ്ചകൻ, കള്ളൻ, വ്യഭിചാരി, കൊലപാതകൻ,, അവിശ്വസ്തൻ എന്നിങ്ങനെ പറയാം.അവൻ അങ്ങിനെയായിരുന്നു. ഇത് ദാവീദിന്റെ ജീവിതമാതൃകയായിരു ന്നില്ല.ദാവീദിന്റെ ജീവിതരേഖാചിത്രം പരിശോധിച്ചാൽ ഒരു വർഷത്തെ നല്ല ഓഹരി കമ്പോ ളത്തിന്റെ രേഖാചിത്രം പോലെയാണ്. വളരെ നേട്ടമുണ്ടാക്കുകയും വീഴുകയും വീണ്ടും നേട്ട മുണ്ടാക്കുകയും വീഴുകയും ചെയ്തിരുന്നു. എന്നാൽ എപ്പോഴും നേട്ടം കൂടുതലായിരുന്നു. വളർച്ചയിലേക്കുള്ള പ്രവണതതയായിരുന്നു. ആത്മീയ മേഖലയയിൽ ദാവീദ് ഉയരത്തിൽ നിന്ന് ഉയരത്തിലേക്ക് കയറുകയായിരുന്നു.



# പാഠം 5 – 4:
# വിജയം - *കൃപയും സത്യവും*

ഇയ്യോബ് 2:11–13

ഇയ്യോബ് 19: 25–26

ഇത്രയധികം പീഡിപ്പിച്ചിട്ടും ദൈവമായുള്ള കൂട്ടായ്മയിൽനിന്നും ഇയ്യോബിനെ പിന്മാറ്റുവാൻ സാത്താന് കഴിഞ്ഞില്ല. ഈ മനുഷ്യനെ തന്റെ ഹിതപ്രകാരം മാറ്റിയെടുക്കുവാൻ കഴിഞ്ഞില്ല. സാമ്പത്തിക നഷ്ടം, കുടുംബ നഷ്ടം, ആരോഗ്യനഷ്ടം ഇതിൽകൂടെയൊന്നും. എന്നാൽ സാത്താന്റെ കൈവശം ഒരു തുറുപ്പുചീട്ട് ഉണ്ട്. സാധാരണപോലെ അത് ഇവിടെയും വിശ്വാസികളായിരുന്നു.

ഇയ്യോബിനെ ആശ്വസിപ്പിക്കുവാൻ സാത്താൻ മൂന്നു വിശ്വാസികളെ അയച്ചു. അവർ സത്യത്തിന്റെ വക്താക്കളായിട്ടാണ് വന്നത്. അവരുടെ ഉപദേശങ്ങൾ അറിയുന്നവരാണ്. എന്നാൽ ഈ സമയം ഭോഷ്കിന്റെ അപ്പന് സത്യത്തെക്കുറിച്ച് ഭയപ്പെടേണ്ടതില്ല. എന്തെന്നാൽ ഈ മനുഷ്യൻ അത് കൃപയോടെ ചെയ്കയില്ലെന്ന് സാത്താനറിയാം.

സാത്താൻ കൃപയെ വിരോധിക്കുന്നു. അതിന് കാരണം ഉണ്ട്. ദൈവികനീതിയുടെ അടിസ്ഥാനനിലവാരമാണ് കൃപ. കൃപയാലല്ലാതെ ഒരു മനുഷ്യനും ആ നിലവാരത്തിൽ എത്തിച്ചേരുവാൻ കഴികയില്ല. യേശുക്രിസ്തുവിന്റെ ക്രൂശിലെ പ്രവൃത്തിയിലൂടെ ദൈവത്തിന് ചെയ്യുവാൻ കഴിയുന്ന ഒന്നാണ് കൃപ. കൃപയാൽ മാത്രമാണ് ദൈവവുമായി ഏതെങ്കിലും ബന്ധത്തിൽ ഒരു മനുഷ്യന് എത്തിച്ചേരുവാൻ കഴിയുന്നത്. കൃപ എല്ലാ മഹത്വവും ദൈവത്തിന് അർപ്പിക്കുന്നു. ഇത് ലഭിക്കുന്നതാണ്, നേടിയെടുക്കുവാനോ അവകാശപ്പെടുവാനോ കഴിയുന്നതല്ല. ഇതാണ് സാത്താന്റെ ദൃഷ്ടിയിൽ ഏറ്റവും മോശമായിട്ടുള്ളത്.

യേശുക്രിസ്തു ദൈവത്തിന്റെ മഹത്വം കൃപയുടെയും സത്യത്തിന്റെയും പൂർണ്ണതയിൽ തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തി (യോഹ.1:14). പരിശുദ്ധാത്മാവിന്റെ നിറവിൽ ലഭിക്കുന്ന കൃപയും ദൈവവചന പഠനത്തിലൂടെ ലഭിക്കുന്ന സത്യവും നമ്മുടെ ജീവിതത്തിൽ സന്തുലിതാവസ്ഥ ഉളവാക്കുന്നു. ശുശ്രൂഷകർക്ക് ശക്തി പകരുന്നു. ക്രിസ്തുവിന്റെ സ്ഥാനാപതികളായി പ്രയോജനപ്പെടുന്നു. അത് ജീവിതത്തിൽ അസന്തുലിതാവസ്ഥയിൽ ആകുമ്പോൾ നാം ക്രിസ്തുവിനെയല്ല, മറ്റാരെയെങ്കിലുമാണ് സേവിക്കുന്നത്.

*“അനന്തരം തേമാന്യനായ എലീഫസ്, ശൂഹ്യനായ ബിൽദാദ്, നയമാന്യനായ സോഫർ എന്നിങ്ങനെ ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ ഈ അനർത്ഥമൊക്കെയും അവനു ഭവിച്ചതു കേട്ടപ്പോൾ അവർ ഓരോരുത്തൻ താന്താന്റെ സ്ഥലത്തുനിന്നു പുറപ്പെട്ടു. അവനോടു സഹതപിപ്പാനും അവനെ ആശ്വസിപ്പാനും പോകേണമെന്നു തമ്മിൽ പറഞ്ഞൊത്തു. അവർ അകലെവെച്ചു നോക്കിയാറെ അവനെ തിരിച്ചറിഞ്ഞില്ല. അവർ ഉറക്കെ കരഞ്ഞു വസ്ത്രം കീറി, പൊടിവാരി മേലോട്ടു തലയിൽ വിതറി. അവന്റെ വ്യസനം അതികഠിനമാണെന്ന് കണ്ടിട്ടു അവർ ഒരു വാക്കും മിണ്ടാതെ ഏഴു രാപ്പകൽ അവനോടുകൂടെ നിലത്തിരുന്നു.” (ഇയ്യോബ് 2:11-13)*

ഈ മൂന്നു പുരുഷന്മാരും പ്രഭുക്കന്മാരുടെ പദവി ഉള്ളവരായിരുന്നു. വളരെ സ്വാധീനതയുള്ളവരും. അവർ വന്നപ്പോൾ ഇയ്യോബിനെക്കുറിച്ച് വളരെ സഹാനുഭൂതിയും മനസ്സലിവും ഉള്ളവരായിരുന്നു. അവർ ഒന്നിച്ച് വന്ന് ഇയ്യോബിനെ ആശ്വസിപ്പിക്കുവാൻ തീരുമാനിച്ചു. അവർക്ക് നല്ല ഉദ്ദേശ്യങ്ങളുണ്ടായിരുന്നു.

അവർ കടന്നു വന്നു. ആതിഥേയർ അവരോടു സംസാരിക്കുന്നതുവരെ നിശബ്ദരായിരിക്കുക എന്നത് ഒരു സമ്പ്രദായം ആയിരുന്നിരിക്കണം. ഇയ്യോബ് ഏഴു ദിവസത്തേക്ക് ഒരു അക്ഷരംപോലും മിണ്ടിയില്ല. അവന്റെ വേദനയും കഷ്ടതയും ഉത്കണ്ഠയും വളരെയായിരുന്നതുകൊണ്ട് അവൻ വായ് തുറക്കുവാൻപോലും ഭയപ്പെട്ടു.

നമ്മുടെ താടി അനക്കാതെ ചുണ്ടുകൾ അടച്ചുപിടിച്ചിരിക്കുവാൻ പഠിക്കുന്നത് നല്ല കാര്യമാണ്. ഒരിക്കൽ പറഞ്ഞുപോയ കാര്യങ്ങൾ തിരിച്ചെടുക്കുക അസാദ്ധ്യമാണ്. ഇയ്യോബിന് തന്റെ ആത്മാവിൽ അങ്ങനെ ഒരു പോരാട്ടം ഉണ്ടായിരുന്നു. അതുകൊണ്ട് വായ് അടച്ചു. അല്ലെങ്കിൽ വലിയ വെള്ളച്ചാട്ടം പോലെ വാക്കുകൾ പുറത്തുവരുമായിരുന്നു. വളരെയധികം കോപവും കയ്പും തന്റെ ഉള്ളിൽ തിളച്ചുകൊണ്ടിരിക്കുന്നത് തനിയെ പുറത്തുവരും. എന്നാൽ ഈ സമയത്ത് അവൻ നിശബ്ദനായിരുന്നു.

ഏഴാം ദിവസത്തിന്റെ അവസാനം ഇയ്യോബ് സംസാരിക്കുന്നു. തന്റെ സ്നേഹിതന്മാരും സംസാരിക്കുന്നു. ഇയ്യോബിനെ ആശ്വസിപ്പിക്കുവാൻ വന്ന സ്നേഹിതന്മാർക്ക് കൊടുക്കുവാൻ ആശ്വാസം ഇല്ലായിരുന്നു. അവൻ മനസ്സിലാക്കിയതിന്റെയും ഇത് എന്തുകൊണ്ട് സംഭവിച്ചു എന്ന് ചിന്തിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ ഈ

## കഷ്ടതകൾ

വേദനയില്ലാതെ കഷ്ടതയിൽകൂടെ കടന്നുപോകുവാൻ സാധ്യമല്ല. വിശ്വാസത്തിന്റെ സാദ്ധ്യത എന്നത് നമ്മുടെ വേദന മാറ്റുക എന്നതല്ല, അത് സഹിക്കുവാനുള്ള ശക്തി ലഭിക്കുക എന്നതാണ്. ബലഹീനതയിൽ മാത്രമാണ് ദൈവത്തിന്റെ തികവ് വെളിപ്പെടുന്നത്. (2കൊരി.2:16; 3:5; 12:9-10) തന്റെ മക്കൾക്കുവേണ്ടിയുള്ള ദൈവികപദ്ധതിയാണ് കഷ്ടത. തീയിൽ ശോധന കഴിച്ച വിശ്വാസം യേശുക്രിസ്തുവിനെ യാഥാർത്ഥ്യമാക്കിത്തീർക്കുന്നു. നമ്മുടെ ജീവിതത്തിൽ അവൻ യാഥാർത്ഥ്യമാകുന്നതുവരെ മറ്റുള്ളവർക്ക് യേശുവിനെ യാഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴികയില്ല. ആത്മീയ ജീവിതത്തിൽ വളരുന്നതിന് നാം കഷ്ടതകൾ സഹിക്കേണ്ടിവരും.

ആത്മീയവളർച്ചയുടെ അഞ്ച് നിലവാരങ്ങളും കഷ്ടതകളുടെ അഞ്ച് നിലവാരങ്ങളും തമ്മിലുള്ള സാമാന്തരികത 1പത്രോസിൽ കാണാം.

**1. പരീക്ഷയും പരിശോധനയും** (1പത്രോ.1:6-7). ശിശുവായിരിക്കുന്ന വിശ്വാസിയെ സംബന്ധിച്ച് ഓരോ ദിവസവുമുള്ള പരീക്ഷയും പരിശോധനയും എന്താണെന്നുള്ളത് ഉറപ്പുവരുത്തുകയാണ് ഒന്നാമത്തെ പടി. നാം ഈ ലോകത്തിൽ ജീവിക്കുകയും മനുഷ്യരോട് ഇടപെടുകയും ചെയ്യുമ്പോൾ സ്വാഭാവികമായി ഉണ്ടാക്കാവുന്ന ഭൗമിക പ്രകോപനം, തെറ്റിലേക്ക് നയിക്കപ്പെടുന്ന നിസാരകാര്യങ്ങൾ, ദിവസേനയുള്ള ശല്യപ്പെടുത്തൽ എന്നിവയെ നാം എങ്ങനെ നന്നായി അഭിമുഖീകരിക്കുന്നു എന്നുള്ളതാണ് പ്രധാന കാര്യം. ഏതൊരു പരീക്ഷയുടെകൂടെയും പരിശോധനയും ഉണ്ടാകും. നമ്മുടെ വികാരത്തിലും മാനുഷികയുക്തിയിലും മാനുഷിക സഹായത്തിലും ആശ്രയിക്കുക അല്ലെങ്കിൽ നമ്മുടെ മുമ്പിലുള്ള എല്ലാറ്റിനെയും വിശ്വാസത്താൽ മാത്രം നേരിടുക.

മൂന്ന് സ്നേഹിതന്മാർ ഇയ്യോബിനെ ശക്തമായി പ്രഹരിക്കുവാൻ ആരംഭിക്കുന്നു. ഒരു കാര്യത്തിൽ ഒഴികെ അവർക്കുതന്നെ അന്യോന്യം അംഗീകരിക്കുവാൻ കഴിഞ്ഞില്ല. അവർ നീതിമാന്മാരും ഇയ്യോബ് തെറ്റു ചെയ്തവനും. 3-ാം അദ്ധ്യായം മുതൽ 32-ാം അദ്ധ്യായം വരെ ഈ മനുഷ്യർ ഇയ്യോബിനെ വിധിക്കുകയും കുറ്റം ആരോപിക്കുകയും ഇയ്യോബുമായി വാദപ്രതിവാദം നടത്തുകയും ചെയ്യുന്നു. ഈ സമയങ്ങളിലെങ്ങും ആശ്വാസത്തിന്റെയോ, പിന്തുണയുടെയോ, പ്രോത്സാഹനത്തിന്റെയോ, സഹാനുഭൂതിയുടെയോ, അനുകമ്പയുടെയോ ഒരു വാക്കുപോലും ഉച്ചരിച്ചില്ല.

സാത്താൻ വഞ്ചനയിൽകൂടെ ചെയ്യുന്നതിനെക്കാൾ കൂടുതൽ ദോഷം ദർശനം നഷ്ടപ്പെട്ട വിശ്വാസികൾ തങ്ങളുടെ സത്യത്തിൽകൂടെ ചെയ്യുന്നു. ശരിയായ ഉദ്ദേശ്യങ്ങൾ തെറ്റായ പ്രവർത്തിയിലേക്ക് നയിക്കപ്പെടുവാൻ വളരെ എളുപ്പമാണ്. ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാരും വിശ്വാസികളാണ്. ഉപദേശവിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യമുള്ള ബുദ്ധിമാന്മാരായ ആളുകളായിരുന്നു. പക്ഷേ അവർ, സാത്താന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുകയായിരുന്നു. ഇയ്യോബ് കഷ്ടത അനുഭവിക്കുന്നുയെങ്കിൽ അവൻ പാപം ചെയ്തതിനാലാണെന്ന നിഗമനത്തിൽ ഇയ്യോബിനെ ആക്രമിക്കുകയാണ്. മറ്റു ദുരന്തങ്ങൾക്ക് സാധിച്ചെടുക്കാൻ കഴിയാത്തത് അവർ പൂർത്തീകരിക്കുകയാണ്. ഇയ്യോബിനെ ദൈവത്തിന്റെ പദ്ധതിയിൽനിന്നും കൂട്ടായ്മയിൽനിന്നും പുറത്താക്കുവാനുള്ള പദ്ധതികൾ ഒരുക്കുകയാണ്.

ഇവിടെ ഒരു തത്വം മനസ്സിലാക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു വ്യക്തി കഷ്ടത അനുഭവിക്കുന്നു എന്നതുകൊണ്ട് അവൻ തെറ്റു ചെയ്തിട്ടാണെന്ന നിഗമനം പാടില്ല. അത് ശിശുസഹജമായ ചിന്തയാണ്. പാപം ചെയ്തതിന്റെ പരിണിതഫലമാണ് കഷ്ടത എന്നതിനെക്കാൾ പാപവുമായി ബന്ധമില്ലാത്ത കഷ്ടതയാണ് ബൈബിളിൽ കൂടുതലായി പരാമർശിക്കപ്പെട്ടിരിക്കുന്നത്.

യോഹന്നാൻ 9-ൽ ശിഷ്യന്മാർ ഇത് കണ്ടെത്തിയിട്ടുണ്ട്. ഒരു ദിവസം അവർ കർത്താവിനോടുകൂടെ സഞ്ചരിക്കയിൽ ജന്മനാ കുരുടനായൊരു മനുഷ്യനെ കാണുവാനിടയായി. അപ്പോൾത്തന്നെ വേദശാസ്ത്രപരമായ ഒരു ചോദ്യം അവിടെ ഉത്ഭവിച്ചു. അവർ ചോദിച്ചു "ഈ മനുഷ്യൻ കുരുടനായിത്തീരുവാനുള്ള കാരണം ആരുടെ പാപമാണ്" - അവന്റെ പാപമോ, അവന്റെ അമ്മയപ്പന്മാരുടെയോ? മാതാപിതാക്കന്മാർ പാപം ചെയ്തതിനാൽ അവരുടെ കുട്ടി കുരുടനായി ജനിച്ചു. അല്ലെങ്കിൽ എന്നെങ്കിലും ഈ മനുഷ്യൻ ഏതോ കഠിന പാപം ചെയ്യാൻ സാദ്ധ്യതയുള്ളതിനാലാണോ? മുൻകൂട്ടിയുള്ള ന്യായവിധിയാണെന്ന് ദൈവത്തിന് അറിയാം.

---

**2. അർഹിക്കാത്ത കഷ്ടതകൾ** (1പത്രൊ.2:19). അടുത്ത പരിശോധന എന്നത് ഒരു യവന വിശ്വാസി അഭിമുഖീകരിക്കുന്ന അർഹിക്കാത്ത കഷ്ടതയോടുള്ള തന്റെ പ്രതികരണം ആണ്. നമ്മെ പരിഹസിക്കുമ്പോൾ, അനീതിയായി ഏർപ്പെടുമ്പോൾ, തെറ്റായി ഏർപ്പെടുമ്പോൾ നമുക്ക് സഹിക്കാൻ കഴിയുമോ-എതിർക്കാതെ നിശബ്ദമായി സഹിക്കുകയും മാനനസിക നിലവാരത്തിൽ പാപം ചെയ്യാതിരിക്കുവാനും കഴിയുമോ? വിവാഹം, സുഹൃദ്ബന്ധം, പ്രവർത്തനം എന്നീ മേഖലകളിൽ നിരന്തരമായി പരിശോധിക്കപ്പെട്ടുകൊണ്ടിരിക്കും. കുറഞ്ഞ യോഗ്യത ഉള്ളവർ നമുക്ക് ലഭിക്കേണ്ട സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയും നാം ചെയ്യാത്ത കാര്യത്തിൽ കുറ്റപ്പെടുത്തുകയും നമ്മുടെ അംഗീകാരം മറ്റുള്ളവർ കള്ളത്തരത്തിലൂടെ ഇല്ലാതാക്കുകയും ചെയ്യുമ്പോൾ അതിനെ എതിർക്കുമോ, അതോ എതിർക്കുവാൻ ദൈവത്തെ അനുവദിക്കുമോ?

**3. നീതിക്കുവേണ്ടിയുള്ള കഷ്ടത** (1പത്രോ.3:14-15). നാം ചെയ്യാത്ത കാര്യങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിക്കുന്നതും നാം ചെയ്ത നല്ല കാര്യങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിക്കുന്നതും വ്യത്യസ്തമാണ്. നീതിക്കുവേണ്ടിയുള്ള കഷ്ടതയിൽ നാം നമ്മുടെ ഹൃദയവും ആത്മാവും ആ ശുശ്രൂഷയിൽ ഒഴിക്കപ്പെടുകയും തെറ്റായ പ്രവണതയിൽ നമ്മെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. വളരെ വർഷങ്ങളായി സണ്ടേസ്കൂളിൽ ശുശ്രൂഷിച്ചിരുന്ന നമ്മെ അസൂയയിലും ചതിയിലും കൂടെ പുറത്താക്കി എന്നു വരാം. ഈ നിലയിലുള്ള കഷ്ടതകൾ നേരിടുന്ന പക്വതയെത്തിയ ഒരു വിശ്വാസിയുടെ ശുശ്രൂഷ ലോകത്തിന്റെ മുമ്പിൽ പ്രത്യാഘാതം ഉണ്ടാക്കുവാൻ ആരംഭിക്കും. ഇവിടെ നമുക്ക് യേശുക്രിസ്തുവിൽതന്നെ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുമോ അതോ നമ്മുടെ വേദന കൂടുതൽ കയ്പിന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കുമോ എന്നുള്ളതാണ് ചോദ്യം.

പല ആളുകളും ചോദ്യം ചോദിച്ച് ഞങ്ങളെത്തന്നെ വലിയവരാക്കി കാണിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ അവർക്ക് ജനത്തെക്കുറിച്ച് യാതൊരു വിചാരവുമില്ല. ഇയ്യോബിന്റെ സ്നേഹിതന്മാരും ദൈവശാസ്ത്രപരമായ വിഷയങ്ങളിൽ സ്വയം വ്യാപൃതരായി. എന്നാൽ ഇയ്യോബിനെക്കുറിച്ച് അവർക്ക് യാതൊരു പരിഗണനയുമില്ല. ശിഷ്യന്മാർ ഈ മനുഷ്യന്റെ സാഹചര്യത്തെക്കുറിച്ച് വളരെ ചിന്താകുല രാണ്. ഒരു വ്യക്തി എന്ന നിലയിൽ അവനെ പരിഗണിച്ചില്ല. അവർക്ക് ഈ മനുഷ്യൻ അപ്രധാനം ആണ്. എന്നാൽ വേദശാസ്ത്രപരമായ ചോദ്യവും ശരിയായ ഉപദേശവും മാത്രമായിരുന്നു പരാമർശിച്ചത്.

യേശുക്രിസ്തുവിന് ഈ മനുഷ്യൻ വളരെ പ്രാധാന്യമുള്ളവനാണ്. യേശു ഇവനും വേണ്ടിയാണ് ക്രൂശിൽ മരിക്കാൻ വന്നത്. ഈ ചോദ്യം കേട്ടപ്പോൾ യേശു ചുറ്റും തിരിഞ്ഞിട്ട് പറഞ്ഞത്, "ഈ മനുഷ്യനൊ അവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടില്ല ഇത് സംഭവിച്ചത്, ഈ കുരുടനായ മനുഷ്യന്റെ പാപമല്ല ഈ സ്ഥിതിക്കു കാരണം, ഈ മനുഷ്യനെ ദൈവം ഒരുക്കി, നിത്യതയിൽതന്നെ ദൈവം അവനെ ഒരുക്കി. നിത്യതയിൽ തന്നെ ദൈവം അവനെ തെരഞ്ഞെടുത്തു. ഈ അവസ്ഥയിൽ കൂടെ ഇന്ന് കർത്താവായ യേശുക്രിസ്തുവിന് മഹത്വം വളർത്തുവാൻ ഇടയാകുന്നു" എന്നാണ്. ഈ സ്ഥാനത്ത് കുരുടനായി ജീവിതകാലം മുഴുവനും തുടരുകയും, സൗഖ്യമാകുന്നതിനായി പ്രാർത്ഥിക്കുകയും ഇടയ്ക്ക് ഇത് എന്തുകൊണ്ട്? എന്ന് ചോദിക്കുകയും ചെയ്യുന്ന ആൾ നിങ്ങളാണെന്ന് ഊഹിക്കുക? ഒരു ദിവസം നിങ്ങളുടെ നേരെ വരുന്ന ഒരു വ്യക്തിയുടെ പാദത്തിന്റെ ശബ്ദം കേൾക്കുകയും ആരോ നിങ്ങളുടെ ചെവിയിൽ മന്ത്രിക്കുകയും ചെയ്യുന്നു, "ഇതാ ദാവീദ് പുത്രൻ വരുന്നു." ആദ്യമേ ശിഷ്യന്മാരുടെ ധിക്കാരപരമായ ചോദ്യം, എല്ലാവരും നിങ്ങളെത്തന്നെ നോക്കുന്നു എന്നറിയാം. ഇത്രമാത്രം കഷ്ടത അനുഭവിപ്പാൻ തക്കവണ്ണം ഭയാനകരമായ എന്ത് കാര്യമാണ് ചെയ്തതെന്ന് അത്ഭുതപ്പെടുന്ന ജനം, പിന്നീട് അവന്റെ ശബ്ദവും നിങ്ങൾ കേട്ടിട്ടുള്ളതിൽ വെച്ചേറ്റവും മഹത്വപൂർണമായ വാക്കുകളും കേൾക്കുന്നു. "എനിക്കു മഹത്വം കരേറ്റപ്പെടുവാൻ ഈ വ്യക്തി കുരുടനായി ജനിച്ചു. ഞാൻ മഹത്വപ്പെടേണ്ടതിന് അവൻ നാല്പത് വർഷം അന്ധത അനുഭവിച്ചു." ഈ വാക്കുകൾ കേൾക്കുമ്പോൾ ഇതുവരെയും അനുഭവിച്ച വേദനയും അപമാനവും ഒന്നുമില്ല എന്ന് തോന്നുന്നില്ലേ? അതായിരുന്നു ഇയ്യോബിനെ സംബന്ധിച്ചും.

> *"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും." (ഇയ്യോ. 19:25, 26)*

---

**4. ക്രിസ്തുവിന്റെ കഷ്ടത പങ്കുവെയ്ക്കുക** (1പത്രോ.4:12-13). എന്തുകൊണ്ട് ക്രിസ്തു കഷ്ടം അനുഭവിച്ചു? നമ്മെ ദൈവത്തിങ്കലേക്ക് കൊണ്ടുവരുവാൻ അവൻ കഷ്ടത അനുഭവിച്ചു. നാം ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകുമ്പോൾ നാം ഫലകരമായി ഒരു ശുശ്രൂഷയിലേക്ക് നീങ്ങുന്നു എന്നർത്ഥം. നമുക്ക് ജീവനുണ്ടാകേണ്ടതിന് ക്രിസ്തു യാഗമായിത്തീർന്നു. നാം നമ്മെത്തന്നെ യാഗമാക്കിത്തീർക്കുകയും ആക്രമണത്തെയും എതിർപ്പുകളെയും അഭിമുഖീകരിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ തുടർമാനമായ ലക്ഷ്യം നാം പൂർത്തീകരിക്കുകയാണ്. നഷ്ടപ്പെടുന്നവരെ സുവിശേഷീകരിക്കുകയും വിശ്വാസികളെ ബലപ്പെടുത്തുകയും ചെയ്യുന്നു. പ്രോത്സാഹനത്തിൽകൂടെയും ബൈബിൾ പഠിപ്പിക്കുന്നതിൽകൂടെയും അത് നിർവഹിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ നാം ഫലകരമായ ശുശ്രൂഷയിലേക്ക് നീങ്ങുകയും നാം ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ പങ്കാളികളാകുകയും ചെയ്യുന്നു. സാത്താൻ ഈ ലോകത്തിന്റെ ദൈവവും അന്ധകാരശക്തിയുടെ പ്രഭുവും ആകയാൽ തന്റെ അധീനതയിലുള്ള ഓരോ സൈന്യത്തെയും ഉപയോഗിച്ച് വിശ്വാസികൾ ക്രിസ്തുവിനെ പ്രസംഗിക്കുന്നത് തടയുവാൻ പോകുകയാണ്. നമ്മെത്തന്നെ പ്രസംഗിക്കുന്നതിൽ യാതൊരു തടസ്സവുമില്ല. എന്നാൽ ക്രിസ്തുവിനെ വിഷയമാക്കുന്നത് സാത്താൻ വിരോധിക്കുന്നു. മനുഷ്യർ നമ്മെ നോക്കുമ്പോൾ അവർ ക്രിസ്തുവിനെ കാണുകയും കർത്താവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്നു എന്നുള്ളതാണ് വിഷയം. ഇങ്ങനെ സംഭവിക്കുമ്പോൾ സാത്താന് ഭയം അനുഭവപ്പെടുന്നു. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ പങ്കുവെയ്ക്കുമ്പോൾ നാം വിശ്വാസത്തിന്റെ ജയാളികൾ ആകുന്നു.

3-ാം അദ്ധ്യായത്തിൽ ഇയ്യോബ് തന്റെ നിശബ്ദത അവസാനിപ്പിച്ച് തന്റെ ജന്മദിവസത്തെ ശപിക്കുന്നതിനും 38-ാം അദ്ധ്യായത്തിൽ കർത്താവ് ചുഴലിക്കാറ്റിൽ നിന്ന് മറുപടി പറയുന്നതിനും ഇടയിൽ ദൈവത്തിന്റെ ഈ മനുഷ്യന് അവന്റേതായ ഉയർച്ചയും താഴ്ചയും ഉണ്ട്. ഇയ്യോബിന്റെ സഹിഷ്ണത എന്ന സാദൃശ്യവാക്ക് പല പ്പോഴും അതിശയോക്തിപരമായി ഉപയോഗിച്ചിട്ടുണ്ട്. അവന്റെ കണ്ണ് കർത്താവിൽ നിന്ന് മാറ്റിയിട്ടുണ്ട്. അവന്റെ കാഴ്ചപ്പാടുകൾ മങ്ങിപ്പോയിട്ടുണ്ട്.

എന്നാൽ എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു എന്നുള്ള തന്റെ ഏറ്റുപറച്ചിൽ എല്ലാ കാര്യത്തിലും മുറുകെ പിടിക്കുന്നു. പരിശുദ്ധനായ ദൈവവും അശുദ്ധനായ മനുഷ്യനും മദ്ധ്യത്തിൽ ഒരു മദ്ധ്യസ്ഥൻ ആവശ്യമാണെന്നും അത് ആരായിരുന്നാലും അവൻ ദൈവത്തിനും മനുഷ്യനും തുല്യനായിരിക്കയും വേണം എന്നും അവന് അറിയാം (ഇയ്യോ.9:32-33). ദൈവം സംരക്ഷിക്കുമെന്ന് അവനറിയാം. അതിനിടയിൽ മറ്റെന്തു സംഭവിച്ചാലും ദൈവത്തെ സേവിക്കുവാനുള്ള അവന്റെ ആഗ്രഹം പ്രകടിപ്പിക്കുന്നു."നീ എന്നെ കൊന്നാലും ഞാൻ നിന്നെതന്നെ കാത്തി രിക്കും." (ഇയ്യോ.13:15)

അവസാനമായി ദൈവം തന്റെ നിശബ്ദത ഭജ്ജിക്കുമ്പോൾ (ഇയ്യോ.38:41)" ഇപ്പോൾ ഇയ്യോബേ ഇങ്ങനെ യൊക്കെ സംഭവിച്ചതെന്തുകൊണ്ട് എന്ന് ഞാൻ വിശദീകരിക്കാം" എന്ന് പറഞ്ഞില്ല. കർത്താവ് പറഞ്ഞത് മറ്റ് ചിലതാണ്. "ഇയ്യോബേ, എങ്ങനെയാണ് പ്രഭാതം വരുന്നത്? ഉഷസിനെ വിളിച്ചുവരുത്താമോ? ഇരുട്ടും പ്രകാ ശവും തമ്മിൽ നിനക്ക് വേർതിരിക്കാമോ? കഴുകൻ പറക്കുന്നതെങ്ങനെയെന്ന് അറിയാമോ? ഇതെല്ലാം നിനക്ക് അറിയാമെങ്കിൽ നിനക്ക് എന്റെ സ്ഥാനം എടുക്കാം. നിന്നെത്തന്നെ നീതീകരിച്ചുകൊണ്ട് നീ എന്നെ വെറുതെ ആക്രമിക്കുകയാണോ? ഞാൻ ചെയ്യുന്ന ഓരോ കാര്യത്തിനും ഓരോ കാരണമുണ്ട്. അത് എന്താണെന്ന് നിന്നോട് പറയേണ്ട ആവശ്യമില്ല. നീ പുരുഷനെപ്പോലെ അര മുറുക്കി എഴുന്നേറ്റു നില്ക്കുകയും ഞാൻ അനുവദിക്കു ന്നത് എന്തുകൊണ്ട് സ്വീകരിക്കുകയും ചെയ്തുകൂടാ."

ഇയ്യോബ് പൊടിയിൽനിന്ന് എഴുന്നേൽക്കുകയും എല്ലാ കാര്യങ്ങളും തനിക്ക് അറിയില്ല എന്ന് അംഗീകരിക്കു കയും ചെയ്യുന്നു. (ഇയ്യോ.42:1-6)ദൈവം ദൈവമായിരിക്കട്ടെ എന്ന് തീരുമാനിക്കുന്നു. ഇയ്യോബ് മരിച്ച് വളരെ കാലങ്ങൾക്കുശേഷവും തന്റെ ചരിത്രപരമായ സ്വാധീനത ഇന്നും ഭൂമിയിൽ കാണുവാൻ കഴിയും. ഇയ്യോബിന് കഷ്ടത അനുവദിച്ചതിൽ ദൈവത്തിന് അവന്റേതായ കാരണങ്ങളുണ്ട്.

**5. വ്യക്തിപരമായ സാത്താന്യ ആക്രമണം** (1പത്രൊ.5:8). നാം വളരെ മുന്നേറുമ്പോൾ - ചരിത്രത്തിൽ വളരെ ചുരുക്കം - നാം സാത്താന്റെ വ്യക്തിപരമായ ആക്രമണം അഭിമുഖീകരി ക്കേണ്ട സമയം കടന്നു വരും. സാത്താൻ എല്ലാ വിശ്വാസികളെയും ആക്രമിക്കുകയും അവരുടെ വളർച്ചയെയും അവരുടെ ജീവിതത്തിലെ ദൈവിക പദ്ധതിയേയും മുരടിപ്പിക്കുകയും ചെയ്യുവാൻ ശ്രമിക്കുമ്പോൾ നമുക്ക് ഒരു കാര്യം കൂടെ മനസ്സിലാക്കാം. സാത്താൻ സർവ്വവ്യാപിയല്ല. സാത്താന് ഒരു സമയത്ത് ഒരു സ്ഥലത്ത് മാത്രമെ ആയിരിക്കാൻ കഴിയുകയുള്ളു. അവന് വളരെ യധികം അനുയായികൾ ഉണ്ട്. സാധാരണ വിശ്വാസികളെ കൈകാര്യം ചെയ്യുവാൻ അവൻ തനിക്കും കുറച്ച് ജോലി മാറ്റി വയ്ക്കുന്നു. ചിലരെ വിഴുങ്ങേണ്ടതിന് അലറുന്ന സിംഹം എന്ന പോലെ നടക്കുമ്പോൾ അവൻ ഏതു തരത്തിലുള്ളവരെയാണ് അന്വേഷിക്കുന്നത്? ഇയ്യോബ്, പത്രോസ്, പൗലോസ് എന്നിവരെപ്പോലെ ചരിത്രത്തെ വ്യക്തിപരമായി സ്വാധീനിക്കുവാൻ തുട ങ്ങുന്നവർ സാത്താന്റെ ആക്രമണത്തിൻ കീഴിൽ വരുന്നു. അവർ അത് ചെയ്യുമ്പോൾ എന്ത് സംഭ വിക്കുന്നു? ഇത് സന്തോഷകരമായ കാഴ്ചയല്ല. ഇയ്യോബ് താൻതന്നെ സ്നേഹിതന്മാരുടെ ആക്രമണത്തിൽ ദുഃഖിതനായി. പത്രോസ് കർത്താവിനെ തള്ളിപ്പറയുന്നു. സാത്താൻ തന്നെ പരിശോധിക്കുന്നു എന്ന് മനസ്സിലാക്കുന്ന വിശ്വാസി ലോകത്തിലേക്ക് ശക്തമായി നോക്കുകയി ല്ല. ലോകം എന്ത് ചിന്തിക്കുമെന്നതും പ്രശ്നമല്ല, കാരണം ദൈവമാണ് അവന്റെ നായകൻ.

സർവ്വശക്തനായ ദൈവമായ കർത്താവ് മനുഷ്യസമൂഹത്തെ മുഴുവനായി നോക്കിക്കൊണ്ട് പറയുന്നു. നമുക്ക് കാണുവാൻ കഴിയാത്ത യുദ്ധത്തിൽ അടുത്ത യുദ്ധമേഖല ഇയ്യോബ് ആയിരിക്കും. ശത്രുവിന്റെ എല്ലാ ശക്തിയും അവനെ പരാജയപ്പെടുത്തുവാനായി ഉപയോഗിക്കും. ഞാൻ അവന് ശക്തി പകരും അവന്റെ ദുഃഖത്തിലും പ്രകൃതിക്ഷോഭത്തിലും അവനെ നിലനിർത്തും. സ്വർഗ്ഗീയ സിംഹാസനത്തിൽനിന്നുള്ള ആത്മീയജീവൻ ആത്മാക്കളെ ആകർഷിക്കുവാൻ മതിയായതാണെന്ന് മനുഷ്യരും ദൂതന്മാരും പിശാചുക്കളും കാണും. ഉയർച്ചയും ആഡംബരവും എല്ലാ പ്രയത്നത്തിന്റെയും ലക്ഷ്യമാണ്. എല്ലാ പ്രാർത്ഥനയുടെയും ലക്ഷ്യം വ്യക്തിപരമായ ആരോഗ്യവും സന്തോഷവും ആണ്. ഉന്നതമായ കൂട്ടായ്മ എന്നത് അന്യോന്യമുള്ള സ്നേഹവന്ധമാണ്. ആടുകളേയും ഇടയന്മാരെയും നശിപ്പിക്കുവാൻ ഞാൻ ശത്രുവിനെ അനുവദിക്കും. അവന്റെ മക്കൾ മരിക്കുവാൻ ഞാൻ അനുവദിക്കും.അവന്റെ ശരീരം പരുക്കുകളാൽ ബാധിക്കുവാനും വേദനപ്പെടുവാനും അനുവദിക്കും. അവന്റെ ഭാര്യ അവനെതിരായി ശത്രുവിനോട് ചേർന്ന് നിൽക്കുമാറാക്കും. നിരാശ ജനിപ്പിക്കുന്ന സ്നേഹിതന്മാരുടെ സാന്നിദ്ധ്യം നല്കും. മാനുഷിക ഏകാന്തത അവന് നൽകും. എങ്കിലും മനസ്സിൽ നിത്യതയേറിയുള്ള കാഴ്ചപ്പാടുള്ളവനായി സന്ധിയില്ലാതെ വിട്ടുവീഴ്ചയില്ലാതെ വിമുഖതയില്ലാതെ ഇരിക്കും. അവന്റെ മനസ്സ് മാനുഷിക കാഴ്ചപ്പാടിന്റെ പ്രതീക്ഷയ്ക്ക് അപ്പുറത്തുള്ള വസ്തുതകളെക്കുറിച്ച് ബോധവാനായിരിക്കും. ദൈവഹിതത്തിനെതിരായി നിൽക്കുവാൻ കഴിയുന്ന ഒരു ഹിതവും ഇല്ല എന്ന് അവൻ മനസ്സിലാക്കും. ഈ യുദ്ധം മുഖാന്തിരം അവന്റെ ഉറച്ച തീരുമാനം വെളിപ്പെടുക മാത്രമല്ല, ആയിരക്കണക്കിന് ആത്മാക്കൾക്ക്, വരുന്ന നൂറ്റാണ്ടുകളിൽ ആശ്വാസം ലഭിക്കുകയും സാത്താന് വായ് നിറയെ പൊടി നല്കുകയും ചെയ്യും.

## വിശ്വാസത്തിന്റെ നല്ല പോർ

നാം ഒരു ആത്മീയയുദ്ധമാണ് ചെയ്യുന്നത്. ഈ യുദ്ധത്തിന്റെ ആത്മീയ സ്വഭാവം അറിയുമ്പോൾ അത് ഏറ്റെടുക്കുവാൻ വളരെ എളുപ്പമായിരിക്കും. ആത്മീയപോരാട്ടം മറ്റേതൊരു പോരാട്ടത്തെക്കാളും ബുദ്ധിമുട്ടുള്ളതാണെന്ന്. നാം ചിന്തയുടെയും വികാരത്തിന്റെയും മേഖലയിൽ പോരാടണം. തെറ്റായ വിവരങ്ങൾ തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കും. ആത്മീയമേഖല പോലെ ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന മറ്റൊരു സ്ഥാനമില്ല. എങ്കിലും വെറുതെ നില്ക്കുക മാത്രമല്ല പ്രവർത്തിക്കുകയും വേണം. ഈ ആത്മീയയുദ്ധത്തിൽ നമുക്കുള്ളത് എന്താണ്?

- ആത്മീയശത്രുക്കൾ (എഫെ.6:12)
- ആത്മീയയുദ്ധം (2കൊരി.10:4; എഫെ.6:17b)
- ആത്മീയ കവചം (എഫെ.6:11-17a)
- ആത്മീയ വൈദഗ്ദ്ധ്യം (1ശമു. 17:47)
- ആത്മീയ വിജയം (2കൊരി.2:14)
- ആത്മീയ പ്രതിഫലം (2തിമൊ.4:8)

**എന്തുകൊണ്ട് ഇത് *നല്ല പോരാട്ടം ആകുന്നു?***

1. ഇതുവരെ ജീവിച്ചിട്ടുള്ളതിൽ ശ്രേഷ്ഠനും ആദരണീയനുമായ വ്യക്തി നയിക്കുന്ന പോരാട്ടമായതുകൊണ്ടും യേശുക്രിസ്തുവിന്റെ ആവശ്യമായതുകൊണ്ടും നല്ല പോരാട്ടമാണ്.
2. ഈ യുദ്ധത്തിലെ വിജയം ക്രൂശിന്റെ വിജയമാണ്. പൂർണ്ണനായവൻ അപൂർണ്ണനായവർക്കുവേണ്ടി തന്റെ ജീവനെ യാഗമാക്കിയതുകൊണ്ട്.
3. മനുഷ്യാത്മാക്കൾക്ക് വേണ്ടിയുള്ള യുദ്ധമായതുകൊണ്ട്.
4. ഇത് സാത്താനെതിരെയുള്ള യുദ്ധമായതുകൊണ്ട്
5. ദൈവസ്നേഹത്താൽ ചെയ്യപ്പെടുന്ന യുദ്ധം ആയതുകൊണ്ടും ഈ പ്രപഞ്ചത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഉദ്ദേശ്യം ഉള്ളതുകൊണ്ടും ഈ യുദ്ധം നല്ല യുദ്ധമാണ്.



# പാഠം 5 – 5:
# പ്രത്യാശ – *ഉദ്പ്രാപണം*

അപ്പൊ. 1:6–8
1 തെസ്സ. 5:1–11
എഫെസ്യർ 5:15–17

നമ്മുടെ ഇപ്പോഴത്തെ പോരാട്ടം എത്രയും വേഗം അവസാനിക്കുവാൻ പോകയാണ്. അത് മനസ്സിലാക്കേണ്ടത് വളരെ പ്രാധാന്യമുള്ള വിഷയമാണ്. പ്രവചനത്തെക്കുറിച്ചും ഭാവികാര്യങ്ങളെക്കുറിച്ചും പഠിക്കുന്നത് ഭാവിയെക്കുറിച്ചുള്ള പ്രത്യാശ ലഭിക്കുന്നതിനും വർത്തമാനകാലത്ത് പുതിയ വീക്ഷണം ഉണ്ടാകുന്നതിനും മതിയായതാണ്. ദൈവിക പദ്ധതിയെക്കുറിച്ചും അതിന്റെ നടത്തിപ്പിനെക്കുറിച്ചും മനുഷ്യചരിത്രത്തിന്റെ സമയക്രമീകരണത്തെക്കുറിച്ചും ചിന്താക്കുഴപ്പം ഉണ്ടായാൽ നമ്മുടെ ജീവിതക്രമീകരണത്തിലും താളം തെറ്റും. നാം എപ്പോഴും ഭാവി വർത്തമാനകാലതുല്യത നിലനിർത്തേണ്ടതാണ്. ഭാവിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് വർത്തമാനകാലത്തേക്കുറിച്ചുള്ള കാഴ്ചപ്പാട് ഇല്ലാതാക്കുവാനോ വ്യതിചലിക്കുവാനോ ഇടയാകരുത്. അങ്ങനെ ആയാൽ എന്തുകൊണ്ട് നാം ഇവിടെയായിരിക്കുന്നു, നാം എവിടേക്കു പോകുന്നു എന്നീ കാര്യങ്ങൾ മറന്നുപോകുവാനിടയാകും.

> *“ഒരുമിച്ചുകൂടിയിരുന്നപ്പോൾ അവർ അവനോട് കർത്താവേ, നീ യിസ്രയേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത് എന്ന് ചോദിച്ചു. അവൻ അവരോട്: പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു”. (അപ്പൊ. 1:6–8).*

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനും സ്വർഗ്ഗാരോഹണത്തിനും ഇടയ്ക്ക് കൈമാറിയ വാക്കുകളാണിത്. അവൻ അവനോട് ചോദിച്ചുകൊണ്ടിരുന്നു എന്നതിൽ ശിഷ്യന്മാർ ഇതേ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു എന്ന് മനസ്സിലാക്കാം.

ഈ കാലത്തിലോ എന്നത് ഭാഷാപരമായി “ഈ യുഗത്തിലോ” എന്ന് ചിന്തിക്കാവുന്നതാണ്. “ക്രോണോസ്” എന്ന വാക്കിൽ നിന്നാണ് ‘യുഗം’ എന്ന വാക്ക് വിവർത്തനം ചെയ്തിരിക്കുന്നത്. ഇതിൽനിന്നും സമയം എന്നതിന്

നാലു വാക്കുകൾ കാണാവുന്നതാണ്. ശിഷ്യന്മാർക്ക് യുഗങ്ങളെക്കുറിച്ച് ചില അറിവുകൾ ഉണ്ടായിരുന്നു. അവർ സംഭവങ്ങളുടെ കാലനിർണ്ണയത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. യേശുക്രിസ്തു ക്രൂശിൽ മരിക്കയും അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു. തുടർന്ന് ഏതാണ്ട് നാല്പതു ദിവസം തങ്ങളോടുകൂടെയുണ്ടായിരുന്നു. അതുകൊണ്ടു അവർ പറയുന്നത്. "അവൻ ക്രൂശിൽ മരിച്ച് പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കി, രക്ഷ ഒരുക്കി ഈ കാലനിർണ്ണയത്തിന്റെ വെളിച്ചത്തിൽ ഇപ്പോഴാണോ യിസ്രയേലിന് രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത്?" എന്നാണ്.

"യഥാസ്ഥാനത്താക്കുക" എന്ന് പറഞ്ഞാൽ പഴയ സ്ഥിതിയിലേക്ക് മടങ്ങിവരിക എന്നർത്ഥം. ഒരിക്കലും ഇളകിപ്പോകാത്ത ഒരു രാജ്യം സ്ഥാപിക്കും എന്ന് പഴയനിയമത്തിൽ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദത്തത്തെ കുറിച്ചാണ് ശിഷ്യന്മാർ പരാമർശിക്കുന്നത്. അവരുടെ മനസ്സിൽ 2 ശമു. 7:10-16 വരെയുള്ള ഭാഗത്ത് പറഞ്ഞിരിക്കുന്ന ദാവീദിന്റെ ഉടമ്പടിയാണ് കടന്നുവരുന്നത്. അവിടെ ഒരു നിത്യമായ രാജ്യത്തെക്കുറിച്ചും നിത്യമായ സിംഹാസനത്തെക്കുറിച്ചും നിത്യമായ തലമുറകളെക്കുറിച്ചും വാഗ്ദത്തം ചെയ്തിരിക്കുന്നു. യേശുവിനെ വാഗ്ദത്തമശിഹയായി മനസ്സിലാക്കുകയും റോമൻ സാമ്രാജ്യം നീക്കി. ഭൂമിയിൽ പുതിയൊരു രാജ്യം സ്ഥാപിക്കുന്ന വ്യക്തിയായി അംഗീകരിക്കുവാനും തയാറായി.

എന്നാൽ അവരുടെ ചിന്തയിൽ വലിയ അന്തരം ഉണ്ട്. കഴിഞ്ഞ നാലപ്തു ദിവസമായി യേശു "യിസ്രായേലിന്റെ രാഷ്ട്രത്തെ"ക്കുറിച്ചല്ല പിന്നെയോ "ദൈവരാജ്യത്തെ" കുറിച്ചാണ് (അപ്പൊ. 1:3) സംസാരിച്ചിരുന്നതെന്ന വസ്തുത അവർ ഉൾക്കൊണ്ടിരുന്നില്ല. ഇത് രണ്ടും ഒന്നല്ല.

ദാവീദു പുത്രൻ യഹൂദന്മാരുടെ മശിഹയായി ഈ ഭൂമിയിലേയ്ക്ക വരികയും തന്നെതന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. അവരുടെ രാജാവായി വന്നവനെ അവർ തള്ളിക്കളഞ്ഞു (മത്താ. 23:39). യിസ്രായേലിനു രാജ്യം സ്ഥാപിക്കുന്നത് മാറ്റിവെയ്ക്കുകയും പൂർണ്ണമായും അവിചാരിതമായ ചില കാര്യങ്ങൾ ദൈവം നിവർത്തിക്കുകയും ചെയ്തു. ദാനിയേൽ പ്രവചനം പഠിക്കുമ്പോൾ അവിടെ യിസ്രായേൽ ചരിത്രത്തിൽ കാലനിർണ്ണയത്തിനു തകർച്ച നേരിട്ടു. അത് കർത്താവിന്റെ ഒന്നും രണ്ടും വരവിന് ഇടയ്ക്കുള്ള സമയമാണ്. (ദാനി. 9:26). ആ കാലഘട്ടമാണ് സഭായുഗം. ഈ സമയത്ത് ദൈവരാജ്യം സൃഷ്ടിക്കപ്പെടുന്നു.

മാളികമുറിയിൽ വെച്ച് യേശു ആരംഭിച്ച ഈ രാജ്യത്തെക്കുറിച്ചാണ് തന്റെ ഉയിർത്തെഴുന്നേല്പു മുതൽ ശിഷ്യന്മാരോട് പറഞ്ഞുകൊണ്ടിരുന്നത്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുന്ന നിമിഷംമുതൽ ഈ ആത്മീയരാജ്യം രൂപപ്പെടുകയാണ്. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അധികാരം കൊടുത്തു. (യോഹ. 1:12) പൗലോസ് വീണ്ടും വിശദീകരിക്കുന്നു. "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാക്കുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ അത് പുതുതായിത്തീർന്നിരിക്കുന്നു (2കൊരി. 5:17).

യിസ്രായേൽ രാജ്യത്തിന്റെ യഥാസ്ഥാനത്തെക്കുറിച്ചുള്ള ശിഷ്യന്മാരുടെ ചോദ്യത്തിന് മറുപടിയായി കർത്താവ് അവരോട് ശക്തമായ നിലയിൽ പ്രതികരിക്കുന്നു. "പിതാവ് സ്വന്ത അധികാരത്തിൽ നിശ്ചയിച്ച കാലങ്ങളെയോ സമയങ്ങളെയോ കുറിച്ച് അറിയുന്നത് നിങ്ങൾക്കുള്ളതല്ല." നിശ്ചയിച്ച "എന്ന വാക്കിന് (റ്റിത്തെമി) വളരെ ഉറപ്പായിട്ട് തീരുമാനിക്കപ്പെട്ട കാര്യം എന്നാണർത്ഥം. മനുഷ്യചരിത്രത്തിന്റെ പദ്ധതി ദൈവം വളരെ വ്യക്തമായി തീരുമാനിക്കയും തന്റെ സ്വന്ത അധികാരത്തിൽതന്നെ ഉറപ്പിക്കുകയും ചെയ്തു.

ദൈവത്തിന് ചരിത്രത്തിൽ വ്യക്തമായ കാര്യപരിപാടി ഉണ്ട്. എന്നാൽ അതിനെക്കുറിച്ച് അവർ ഇപ്പോൾ വിചാരപ്പെടേണ്ട ആവശ്യമില്ല. അവർ വ്യക്തമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടവിഷയം അവർക്ക് പരിശുദ്ധാത്മാവിന്റെ ശക്തി ഉടനെ ലഭിക്കും എന്നുള്ളതാണ്. അപ്പൊ.2ൽ കർത്താവായ യേശുക്രിസ്തുവിലുള്ള ഓരോവിശ്വാസിയുടെ മേലും പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് അധിവസിച്ചു. ഒരു പുതിയ യുഗം ആരംഭിച്ചു.

> *"സഹോദരന്മാരേ, കാലങ്ങളെയും സമയങ്ങളെയും കുറിച്ച് നിങ്ങളെ എഴുതി അറിയിപ്പാൻ ആവശ്യമില്ല. കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവെല്ലോ. അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിയുടെ പ്രസവവേദന വരുമ്പോലെ അവർക്ക് പെട്ടെന്ന് നാശം വന്നുഭവിക്കും. അവർക്കു തെറ്റി ഒഴിയാവതുമല്ല. എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ*

*ഇരുട്ടിലുള്ളവരല്ല, നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു. നാം രാത്രിക്കും ഇരുളിനുമുള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമായിരിക്ക. ഉറങ്ങുന്നവർ രാത്രിയിൽ ഉറങ്ങുന്നു. മദ്യപിക്കുന്നവർ രാത്രിയിൽ മദ്യപിക്കുന്നു. നാമോ പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട് സുബോധമായിരിക്ക. ദൈവം നമ്മെ കോപത്തിന്നല്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു കൂടെ ജീവിക്കേണ്ടതിന്നു നമുക്കു വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നതു. ആകയാൽ നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മിക വർദ്ധന വരുത്തിയും പോരുവിൻ" (1തെസ്സ. 5:1-11).*

## കർത്താവിന്റെ നാൾ - ക്രിസ്തുവിന്റെ നാൾ

"കർത്താവിന്റെ നാൾ" എന്നത് ഒരു പഴയനിയമ പ്രയോഗമാണ്. ഇത് പ്രവചനത്തിന്റെ ഒരു വലിയ ഭാഗമാണ്. ഉദാഹരണമായി യെശ. 2:17; 13:6-9; യോവേൽ. 3:1-2, 14; സെഖ. 14:1-9; മലാഖി. 4;1-2.

1. കർത്താവിന്റെ നാൾ എപ്പോൾ സംഭവിക്കും എന്നുള്ള വിഷയം ഒരു രഹസ്യമാണ്. 1 പതൊ. 1;12ൽ നാം മനസിലാക്കുന്നതുപോലെ, പഴയനിയമ പ്രവാചകന്മാർ ഇത് എപ്പോൾ സംഭവിക്കും എന്നറിയുവാൻ വളരെയധികം അന്വേഷണങ്ങൾ നടത്തിയിരുന്നു.
2. കർത്താവിന്റെ നാൾ എന്നത് ഭാവിയിലെ ഒരു ദിവസമായി ഇന്നും നില്ക്കുന്നു.
3. കർത്താവിന്റെ നാൾ എന്നത് അടിസ്ഥാനപരമായി ന്യായവിധിയുടെ ദിവസമാണ്. ഓരോ വേദഭാഗങ്ങളും ഇത് ഭയാനകമായ ഒരു സമയമാണെന്ന് സൂചിപ്പിക്കുന്നു. കർത്താവിന്റെ നാൾ മനുഷ്യ ചരിത്രത്തിലെ ഏറ്റവും അന്ധകാരമുള്ള മണിക്കൂറായിരിക്കും.
4. കർത്താവിന്റെ നാളുമായി ബന്ധപ്പെട്ട സംഭവങ്ങൾ പഴയനിയമ പ്രവചനത്തിലും വെളിപ്പാടു പുസ്തകത്തിലും മഹോപദ്രവകാലഘട്ടമാണെന്ന് ചൂണ്ടികാണിക്കുന്നു. മഹോപദ്രവകാലഘട്ടം ഏഴുവർഷം നീണ്ടുനില്ക്കുമെന്നും ആ സമയത്തെ മുഴുവനായി കർത്താവിന്റെ നാൾ ആണെന്നും അനേക വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാം.
5. യേശുക്രിസ്തു പ്രതികാരം ചെയ്യുവാനായി വരുന്ന നാളാണ് കർത്താവിന്റെ നാൾ എന്ന് ചിത്രീകരിക്കുന്നു. ഒന്നാമതായി അവൻ ദൈവത്തിന്റെ കുഞ്ഞാടായി വന്നു. കർത്താവിന്റെ നാളിൽ യഹൂദാ ഗോത്രത്തിലെ സിംഹമായി അവൻ മടങ്ങിവരും. ന്യായവിധി നടത്തുവാനായി കയ്യിൽ വാളുമായി അവൻ വരും.

"ക്രിസ്തുവിന്റെ നാൾ" എന്നത് പ്രത്യേകമായി ഒരു പുതിയ നിയമ പ്രയോഗമായിട്ട് കാണുന്നു. (ഫിലി. 1:6; 1കൊരി. 1:8; 5:5; 2കൊരി. 1:14).

1. ക്രിസ്തുവിന്റെ നാൾ എന്നത് ക്രിസ്തുവിൽ വിശ്വസിക്കുന്ന ആളുകളുടെ പൂർത്തീകരണദിവസമാണ്. നമ്മുടെ ലക്ഷ്യം പ്രാപിക്കുന്ന ദിവസമാണ്.
2. ക്രിസ്തുവിന്റെ നാൾ ഉറപ്പിന്റെ ദിവസമാണ്. ഈ ദിവസം വരുമ്പോൾ നിത്യജീവന്റെ പൂർണ്ണത ഉണ്ടാകുമെന്ന് നമുക്ക് വ്യക്തമായും പൂർണ്ണമായും മനസ്സിലാക്കാം.
3. ക്രിസ്തുവിന്റെ നാളിൽ വിശ്വസികൾ എല്ലാവരും ക്രിസ്തുവിൽ കുറ്റമില്ലാത്തവരായിത്തീരും. നാം ഇപ്പോൾ കുറ്റമില്ലാത്തവരല്ലായിരിക്കാം. എന്നാൽ അവന്റെ സാന്നിധ്യത്തിൽ നാം എന്നും കുറ്റമില്ലാത്തവരായിരിക്കും.
4. ക്രിസ്തുവിന്റെ നാൾ രക്ഷയുടെയും സന്തോഷത്തിന്റെയും ദിവസമാണ്.
5. ക്രിസ്തുവിന്റെ നാളിൽ ഒരു ശിക്ഷാവിധിയും ഇല്ല.

അപ്പൊ.1:7ൽ യേശു ഊന്നൽ നല്കി പറഞ്ഞിരിക്കുന്ന, ദൈവത്തിന്റെ കാലങ്ങളും സമയങ്ങളും ശിഷ്യന്മാരോടുള്ള ബന്ധത്തിലല്ല. ഇരുപതുവർഷത്തിനുശേഷം പൗലോസ് അതേ സമയത്തെക്കുറിച്ചും കാലങ്ങളെക്കുറിച്ചും എഴുതുന്നു - ക്രോണോസ്, കെയ്റോസ് - കാലനിർണ്ണത്തെകുറിച്ചും വ്യക്തമായ കാലത്തെക്കുറിച്ചും. തെസ്സലോനിക്യ വിശ്വാസികൾ ഇത് വ്യക്തമായി മനസ്സിലാക്കിയിട്ടുള്ളവരാണ്. ഗ്രീക്ക് വാക്ക് - ഒയിഡാ - വ്യക്തതയും പൂർണ്ണതയും പക്വതയുമുള്ള അറിവ് എന്നാണ്. അക്രിബോസ് എന്നാൽ “കൃത്യതയും പൂർണ്ണതയും” ഉള്ളത് എന്നാണ്.

അപ്പൊ. 1-ാം അദ്ധ്യായത്തിൽ, ശിഷ്യന്മാർക്ക് ഇതേക്കുറിച്ച് അറിവില്ലാതിരിക്കുകയും തെസ്സലോനിക്യയിലെ വിശ്വാസികൾക്ക് ഈ വിഷയത്തെക്കുറിച്ച് നല്ല അറിവ് ഉണ്ടായിരിക്കുകയും ചെയ്തത് എന്തുകൊണ്ടാണ്? തുടർന്നുള്ള കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് ചരിത്രത്തിലെ ദൈവിക പദ്ധതി എന്താണെന്ന് അപ്പൊസ്തലനനായ പൗലോസിന് വെളിപ്പെടുത്തി. സഭാകാലയളവിന്റെ ‘‘മർമ്മം’’ പൂർണ്ണമായി വെളിപ്പെടുത്തിയത് പൗലോസിന് മാത്രമായിരുന്നു. ദൈവത്തിന്റെ യുഗപരമായ കാലയളവിൽ സഭയ്ക്കുള്ള പ്രത്യേക സ്ഥാനവും സഭായുഗത്തിലെ വിശ്വാസികൾക്ക് ലഭിക്കുന്ന അതിപ്രധാനമായ കരുതലുകളും.

ക്രിസ്തു എപ്പോഴാണ് മടങ്ങിവരുന്നതെന്ന് ഇവർക്ക് അറിയാമെന്നല്ല പൗലോസ് പറയുന്നത് - ഒരു വ്യക്തിപോലും കാലവും സമയവും അറിയുന്നില്ല. അറിയുവാൻ കഴിയുകയുമില്ല. എന്നാൽ കാര്യങ്ങളുടെ ക്രമം എന്താണെന്ന് അവർ അറിഞ്ഞിരിക്കണമെന്ന് അവരെ ഓർപ്പിക്കുന്നു.

‘അവരും’ ‘നാമും’ തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഈ ഭാഗത്ത് ഓർപ്പിക്കുന്നു. 1 തെസ്സലോനിക്യരിൽ പ്രധാനപ്പെട്ട രണ്ട് വ്യത്യാസങ്ങൾ എടുത്തു കാണിക്കുന്നു. വ്യത്യസ്ത രീതിയിലുള്ള രണ്ട് കൂട്ടം ആളുകൾ തമ്മിലുള്ള വ്യത്യാസമാണ്. ഒന്നാമത്തേത്, “അവരും”, “നാമും”. മറ്റൊന്ന് രണ്ട് വ്യത്യസ്തദിവസങ്ങൾ തമ്മിലുള്ള വ്യത്യാസവും “ക്രിസ്തുവിന്റെ നാളും” “കർത്താവിന്റെ നാളും”.

1തെസ്സ. 4:13-18 വരെയുള്ള ഭാഗങ്ങളിൽ പ്രതിപാദിക്കുന്ന ക്രിസ്തുവിന്റെ നാൾ സഭയുടെ ഉത്പ്രാപണനമാണ്. അത് ഒരു ഞൊടിയിടയിൽ കണ്ണിമയ്ക്കുന്നതിനിടയിൽ നടക്കും (1കൊരി. 15:51) അവനിൽ വിശ്വസിക്കുന്നവർക്ക് അനുഗ്രഹത്തിന്റെ ദിവസമായിരിക്കും. 1കൊരീ. 1:10ലും 5:1-11ലും പറഞ്ഞിരിക്കുന്ന കർത്താവിന്റെ നാൾ മഹോപദവകാലമാണ്. ഇത് ഏഴ് വർഷം നീണ്ടുനില്ക്കുകയും വിശ്വസിക്കാത്തവർക്ക് കോപത്തിന്റെയും ന്യായവിധിയുടെയും ഭയാനകമായ സമയവും ആയിരിക്കും.

പൗലോസ് കർത്താവിന്റെ നാളിനെ സംബന്ധിച്ചുള്ള ചർച്ചയിൽ ‘അവരും’ ‘നാമും’ തമ്മിലുള്ള വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ‘‘അവർ’’ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ അവർക്ക് പ്രസവവേദനവരുംപോലെ പെട്ടെന്ന് നാശം വന്നുഭവിക്കും.

യേശു ഈ പ്രസവവേദനയെക്കുറിച്ച് മത്തായി 24,25 അദ്ധ്യായങ്ങളിൽ വിശദമാക്കിയിരിക്കുന്നു. സംഭവിക്കാറായ കാര്യങ്ങളെ സംബന്ധിച്ച് നാളും നാഴികയും അവർക്കറിയില്ലെങ്കിലും കാലങ്ങളെ വിവേചിപ്പാനും അതിന്റെ ലക്ഷണങ്ങൾ തിരിച്ചറിവാനും ശിഷ്യന്മാർക്ക് കഴിവുള്ളവരാണെന്ന് യേശു പറയുന്നു. പ്രസവവേദനപോലെ അതിന്റെ കാഠിന്യം വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്നു. യുദ്ധം, യുദ്ധശ്രുതി, ക്ഷാമം, ഭൂകമ്പം അനേക സ്ഥലങ്ങളിൽ നടക്കുന്നു. ഈ കാര്യങ്ങളൊക്കെ ചെറുതായി ദൂരസ്ഥാനങ്ങളിൽ അരംഭിക്കുകയും കാഠിന്യം വർദ്ധിച്ചുവരികയും വളരെ അടുത്ത് സംഭവിക്കുകയും ചെയ്യും.

‘പ്രസവം’ എന്നത് ദൈവത്തിന്റെ മക്കൾക്കുള്ള വിടുതലാണ്. കർത്താവ് വരികയും തന്റെ മക്കളെ വിളിച്ച് ഈ ഭൂമിയിൽനിന്ന് ഉയിർത്തെഴുന്നേല്പിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ നാളിലെ ഈ സംഭവം കർത്താവിന്റെ നാളിന്റെ ആരംഭം കുറിക്കയും ചെയ്യും. അതുകൊണ്ടാണ് ‘അവർക്ക്’ സംഭവിക്കുന്നതൊന്നും ‘നമുക്ക്’ സംഭവിക്കയില്ലെന്ന് പറയുവാൻ പൗലോസിന് കഴിയുന്നത്. പെട്ടെന്നുള്ള നാശം ‘അവരുടെ’ മേൽവരും. അവർക്ക് തെറ്റിഒഴിയുവാൻ കഴികയില്ല. എന്നാൽ അത് നമ്മുടെ മേൽ വരികയില്ല. നാം അന്ധകാരത്തിന്നല്ല, വെളിച്ചത്തിന്നുള്ളവരാകയാൽ നാം ഇതിനെക്കുറിച്ച് വിചാരപ്പെടേണ്ട ആവശ്യം ഇല്ല.

സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളോടുള്ള ബന്ധത്തിൽ നാം ഉറങ്ങുവാനല്ല ഉണർന്ന് ജാഗ്രതയുള്ളവരായിരിക്കേണ്ടതിന് ഓർപ്പിക്കുന്നു. 1തെസ്സ. 4ൽ ഉറങ്ങുന്നവരെക്കുറിച്ച് പൗലോസ് പറയുമ്പോൾ “കൊയ്മാവോ” എന്ന വാക്ക് ഉപയോഗിക്കുന്നു. “ചാരിക്കിടക്കുക, വിശ്രമിക്കുക” എന്നർത്ഥം. വിശ്വാസികളുടെ മരണത്തെ പരാമർശിക്കുന്നു. ഇവിടെ “കത്യൂഡോ” എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അർത്ഥം


ഭൂതകാല നിത്യത
I
ജാതികളുടെ കാലം
ഉല്പ.1-11
ഏദൻതോട്ടം
വെള്ളപ്പൊക്കം
ബാബേൽ ഗോപുരം
II
യിസ്രായേലിന്റെ കാലം
ഉല്പ.12 – സുവിശേഷം
പഴയകാല പിതാക്കന്മാർ
ന്യായപ്രമാണം
III
സഭാകാലം
പെന്തക്കോസ്ത്
അപ്പോ.2 – വെളി.4
കാനോനികത്വ ത്തിന് മുമ്പ്
96 A D
കാനോനികത്വ ത്തിന് ശേഷം
യിസ്രായേൽ ചിതറിപ്പോയി
ഉദ്പ്രാപണം
മത്തായി 24, 25
വെളി. 6–19
മഹോപദ്രവകാലം
യിസ്രായേൽ കൂട്ടിച്ചേർക്കപ്പെടുന്നു
IV
ആയിരം ആണ്ട് വാഴ്ച
വെളി.20:1-6
യെശ.11, 12, 52, 60
ദൈവരാജ്യം
വെള്ള സിംഹാസന ന്യായ വിധി
എബ്രാ.9:27
വെളി.20:11-15
ഭാവികാല നിത്യത

| | I<br>ജാതികളുടെ കാലം | II<br>യഹൂദന്മാരുടെ കാലം | III<br>സഭാകാലം | IV<br>ആയിരമാണ്ട് വാഴ്ച |
|---|---|---|---|---|
| സമയം | ആദം - അബ്രഹാം | അബ്രഹാം - പെന്തക്കോസ്ത് ഉദ്പ്രാപണം - രണ്ടാം ആഗമനം | പെന്തക്കോസ്തു - ഉദ്പ്രാപണം | 1000 വർഷം.<br>രണ്ടാം വരവ് മുതൽ വെള്ള സിംഹാസന ന്യായവിധി വരെ |
| വേദഭാഗം | ഉല്പ. 1-11 | ഉല്പ.12 - സുവിശേഷം<br>മത്താ. 24-25, വെളി.6-19 | അപ്പൊ.2 - വെളി.4 | വെളി.20:1-6<br>യെശ.11, 12, 52, 60 |
| കാലഗതി | ഏദൻ തോട്ടം<br>വീഴ്ച-വെള്ളപ്പൊക്കം-ബാബേൽ | പിതാക്കന്മാർ. അബ്രഹാം - മോശ ന്യായപ്രമാണം. മോശ - ക്രിസ്തു പീഡനം - ഉദ്പ്രാപണം - ക്രിസ്തുവിന്റെ രണ്ടാം ആഗമനം | വചനം എഴുതപ്പെടുന്നതിന്മുമ്പ് പെന്തക്കോസ്ത് - വെളിപ്പാട്<br>വചനം എഴുതപ്പെട്ടശേഷം വെളിപ്പാട് - ഉദ്പ്രാപണം | ക്രിസ്തുവിന്റെ വരവും സാത്താന്റെ ബന്ധനവും ക്രിസ്തുവിന്റെ ഭരണം സാത്താനും അവിശ്വാസികൾക്കും അന്ത്യവിധി |
| ദൈവവചനം വ്യാപകമാക്കുവാനുള്ള ഉത്തരവാദിത്വം | എല്ലാ കുടുംബത്തിലും ഈ കാലത്ത് ഒരു ഗോത്രവും ഒരു ഭാഷയും മാത്രമാണുണ്ടായിരുന്നത്. ഓരോ കുടുംബത്തലവന്മാർക്കും സുവിശേഷീകരണ ഉത്തരവാദിത്വം നല്കിയിരുന്നു | ഒരു രാഷ്ട്രം മാത്രം - യിസ്രായേൽ ബാബേലിനുശേഷം പല ഗോത്രങ്ങൾ, പല ഭാഷകൾ ഉണ്ടായി. അബ്രഹാമിൽ കൂടെ ദൈവം യിസ്രായേലിനെ പുതിയ ഗോത്രമായി സൃഷ്ടിച്ചു. ഈ രാഷ്ട്രത്തെ സുവിശേഷീകരണം ചുമതലപ്പെടുത്തി | ഒരു ശരീരത്തിൽ - സഭ സഭാരൂപീകരണത്തോടെ ഒരു പുതിയ സമൂഹം രൂപപ്പെട്ടു. ഈ കാലഘട്ടത്തിൽ 2 തരം ആളുകൾ വിശ്വാസികളും അവിശ്വാസികളും. ഓരോ ക്രിസ്ത്യാനിയും സ്ഥാനാപതികൾ ആണ്. | ഒരു വ്യക്തിയിൽ.<br>ക്രിസ്തു എന്ന രാജാവ് ഓരോരുത്തരും അവനെ അറിയും. "ഞാൻ അവരോട് ഒരു നിയമം ചെയ്യുകയും അത് അവരുടെ ഹൃദയങ്ങളിൽ എഴുതുകയും ചെയ്യും. (യിര.31:33) |
| ദൈവത്തിന്റെ വാക്കുകൾ മനുഷ്യന് വെളിപ്പെടുത്തും | എഴുതപ്പെട്ട വചനം ഇല്ല.<br>ദൈവത്തിന്റെ വാക്കുകൾ കുടുംബപിതാക്കന്മാരിലൂടെ അറിയിച്ചു | വചനം വെളിപ്പെടുത്തപ്പെട്ടു.<br>മോശ മുതൽ മലാഖി വരെയുള്ള വ്യക്തികളാൽ എഴുതപ്പെട്ടു. സുവിശേഷങ്ങളുടെ എഴുത്തുകാരും ഉൾപ്പെടുന്നു. പഴയനിയമം ബി.സി.400ൽ പൂർത്തീകരിക്കപ്പെട്ടു. | അപ്പൊസ്തലന്മാരും പ്രവാചകന്മാരും മുഖാന്തിരം പുതിയ നിയമം വെളിപ്പെടുത്തുകയും എഴുതപ്പെടുകയും ചെയ്തു. എ.ഡി.96-ടുകൂടി പൂർത്തിയാക്കപ്പെട്ടു. എന്നേക്കും നിലനിൽക്കുന്നു. | ജീവനുള്ള വചനത്തിന്റെ (കർത്താവായ യേശുക്രിസ്തു) വ്യക്തി സാന്നിദ്ധ്യത്തിൽ പൂർണ്ണമായി വെളിപ്പെട്ടു. |
| രക്ഷാമാർഗ്ഗം | സ്ത്രീയുടെ സന്തതിയായി വാഗ്ദത്തം ചെയ്യപ്പെട്ട ക്രിസ്തുവിലുള്ള വിശ്വാസത്താൽ (ഉല്പ. 3:15; ഇയ്യോ.19:25-27) | വാഗ്ദത്തം ചെയ്യപ്പെട്ട മശിഹയായ ക്രിസ്തുവിലുള്ള വിശ്വാസത്താൽ<br>ഉല്പ.15:6; സങ്കീ.21:22; സദൃ.30:4; യെശ.53 | ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ<br>അപ്പോ. 16:31; എഫെ.2:8-9 | രാജാവായി ഭരിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസത്താൽ (എബ്രാ.8:8-13) |

# ഉദ്പ്രാപണം

Rapture എന്നു ഇംഗ്ലീഷ് വാക്ക് വളരെ കുറച്ചു പ്രാവശ്യം മാത്രം പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ള എന്ന ഗ്രീക്ക് വാക്കിന്റെ ലാറ്റിൻ തർജ്ജമയാണ്. “ഹർചാസോ”. ‘ബലമായിട്ട് എടുക്കുക’, വളരെ അപകടകരമായ സ്ഥാനത്തുനിന്ന് തട്ടിപറിച്ചെടുക്കുക. എന്നിങ്ങനെയാണ് അർത്ഥം. പഴയ ലാറ്റിൻ തർജ്ജമയിൽ “റാപറെ” എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. റാപ്ചർ (rapture) എന്ന വാക്കുപോലെ ഇംഗ്ലീഷിൽ പല വാക്കുകൾക്കും മൂലപദമാണിത്. “വികാരപരമായി എടുത്തുകൊണ്ടുപോകുക”, “ബലാൽക്കാരം ചെയ്യുക” എന്നും അർത്ഥമുണ്ട്. അതായത് ബലമായി പിടിച്ച് എടുത്തുകൊണ്ടുപോകുക.

അപ്പൊ. 8:39-ൽ സുവിശേഷകനായ ഫിലിപ്പോസിന് സംഭവിച്ചിതെന്താണന്ന് കാണിക്കുവാൻ ‘ഹർപാസോ’ എന്ന വാക്ക് ഉപയോഗിക്കുന്നു. അദ്ദേഹം എതോപ്യ ഷണ്ഡനെ സ്നാനപ്പെടുത്തുക മാത്രമെ ചെയ്തുള്ളു. അവർ വെള്ളത്തിൽ നിന്ന് കയറിവരുമ്പോൾ പരിശുദ്ധാത്മാവ് ഫിലിപ്പോസിനെ “എടുത്തുകൊണ്ടുപോയി.” ഫിലിപ്പോസ് ഉടൻ തന്നെ അവിടെനിന്ന് അപ്രത്യക്ഷമാകയും അസ്തോദിൽ കണ്ടെത്തുകയും ചെയ്തു. സഭയുടെ ഉത്പ്രാപണത്തിൻ വിശ്വാസികൾക്ക് സംഭവിക്കുന്നതും ഇതുപോലെയാണ്.

2കൊരി. 12;2ൽ തനിക്ക് പതിന്നാല് സംവത്സരംമുമ്പ് സംഭവിച്ച ഒരു കാര്യം മൂന്നാമതൊരാൾക്ക് സംഭവിച്ചപോലെ ഓർപ്പിക്കുന്നു. ലൂസ്ത്രയിൽ വെച്ച് താൻ കല്ലേറ് കൊള്ളുകയും തന്നെ വലിച്ചിഴച്ച് നഗരത്തിന് പുറത്ത് മരിച്ചവനെ പോലെ ഉപേക്ഷിക്കയും ചെയ്ത സമയത്തെ കുറിച്ചാകണം പരാമർശിക്കുന്നത് (അപ്പൊ. 14:19-20) പൗലോസ് പറയുന്നത്. ഈ മനുഷ്യൻ “മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു” മൂന്നാം സ്വർഗ്ഗം എന്നത് ദൈവത്തിന്റെ വാസസ്ഥലം. 4-ാം വാക്യത്തിൽ പൗലോസ് ഈ സ്ഥലത്തെ പറുദീസ എന്ന് പരാമർശിക്കുന്നു.

ഹർപാസോ എന്ന വാക്ക് വെളി. 12:5 ലും ഉപയോഗിക്കുന്നു. സൂര്യനെയും ചന്ദ്രനെയും ധരിച്ച ഒരു സ്ത്രീയെക്കുറിച്ചുള്ള വിശദീകരണം ഉല്പത്തി 37-ാം അദ്ധ്യായത്തിലേയ്ക്ക് നമ്മുടെ ചിന്തയെ കൊണ്ടുവരുന്നു. (യോസേഫിന്റെ സ്വപ്നം). ഇത് യിസ്രായേൽ രാഷ്ട്രത്തിന്റെ ഒരു വിശദീകരണം ആണ്. ഈ സ്ത്രീ ഒരു കുട്ടിയെ - യേശുക്രിസ്തു - പ്രസവിപ്പാറായ സമയം ആണ്. മഹാസർപ്പം - ശത്രു, സാത്താൻ - ശിശുവിനെ കൊല്ലുവാൻ കാത്തിരിക്കുന്നു. സ്ത്രീ പ്രസവിച്ച കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു. ഇതിനെ നമ്മൾ “ഉയിർത്തെഴുന്നേല്പ്” എന്ന് വിളിക്കുന്നു. യേശുക്രിസ്തു കല്ലറയിൽ നിന്ന് പുറത്തു വന്ന ഉടനെ തന്നെ അവൻ “എടുക്കപ്പെട്ടു”. (ഹർപാസോ)

സഭാകാലയളവിലെ വിശ്വാസികളുടെ ഉയിർത്തെഴുന്നേല്പിനെ കുറിച്ച പൗലോസ് 1തെസ്സ. 4;13-18 വരെയുള്ള ഭാഗത്ത് വിവരിക്കുന്നു. കർത്താവായ യേശുക്രിസ്തു ഒരു ഗംഭീരനാദത്തോടെ ഇറങ്ങിവരുമെന്ന് പറയുന്നു (മഹാശബ്ദത്തിന്റെ ഉള്ളടക്കം വെളി. 4:1-ൽ കാണാം. “ഇവിടെ കയറി വരിക.”)

ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കും. 2കൊരി. 5:8 ൽ നിന്നും, മരിച്ച വിശ്വാസികളുടെ ദേഹിയും ആത്മാവും, കർത്താവിനോടു കൂടെയാണെന്ന് മനസ്സിലാക്കാം. “ശരീരം വിട്ടാൽ കർത്താവിനോടുകൂടെ വസിക്കുന്നു”. ഒരു വിശ്വാസി മരിക്കുന്ന അതേ നിമിഷത്തിൽ അവന്റെ ദേഹിയും ആത്മാവും കർത്താവിന്റെ അടുക്കലേക്ക് പോകുകയും ഉയിർത്തെഴുന്നേല്പ് വരെ അവിടെ ആയിരിക്കുകയും ചെയ്യും.

പിന്നീട് ജീവനോടെ ശേഷിക്കുന്നവർ അവനോടുകൂടെ എടുക്കപ്പെടും (ഹർപാസോ) ആകാശത്തിൽ കർത്താവിനെ എതിരേല്ക്കുവാൻ നാം എടുക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും.

“ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ” എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട്, സഭയുടെ ഉദ്പ്രാപണത്തിന്റെ വിശദീകരണം അവസാനിപ്പിക്കുകയാണ്. ‘ഉദ്പ്രാപണം’ എന്ന ഉപദേശം നമ്മുടെ ജീവിതത്തിൽ ധൈര്യം പ്രദാനം ചെയ്യുവാൻ പര്യാപ്തമാണ്. വളരെ പ്രശോഭിതമായ ഒരു സമയം മനുഷ്യചരിത്രത്തിൽ വരുന്നതുകൊണ്ട് നമുക്ക് എല്ലാം സഹിക്കുവാൻ കഴിയും.

“അബോധാവസ്ഥ” അല്ലെങ്കിൽ “ഓർമ്മയില്ലാത്ത അവസ്ഥ”. ഉറക്കത്തിന്റെ അവസ്ഥയിൽ നമ്മുടെ ചുറ്റുപാടും സംഭവിക്കുന്നത് കാണുന്നില്ല അല്ലെങ്കിൽ കണ്ടാലും മനസ്സിലാകുന്നില്ല. കൂട്ടായ്മയില്ലാത്ത, ആത്മീയമായി അബോധാവസ്ഥയിലായിരിക്കുന്ന ചിത്രമാണിത്.

നാം അബോധാവസ്ഥയിലിരിക്കുവാൻ പാടില്ല. പകരമായി ജാഗ്രതയുള്ളവരും ഭയമില്ലാത്തവരും ആയിരിക്കുവാൻ പൗലോസ് ആഗ്രഹിക്കുന്നു. എന്താണ് സംഭവിക്കുന്നതെന്ന് വ്യക്തമായി അറിയുന്നതുകൊണ്ടും എന്നാൽ എപ്പോൾ കൃത്യമായി സംഭവിക്കും എന്ന് അറിയാത്തതുകൊണ്ടും നമ്മുടെ ജീവിതത്തിൽ ഒരു സമനില കൈവരിക്കേണ്ടതാണ്.

1തെസ്സ. 1:9ൽ പൗലോസ് ഈ സമനിലയെ സേവനവും കാത്തിരിപ്പും എന്ന നിലയിൽ വിശദീകരിക്കുന്നു. ഇന്നു മാത്രമേ അവസരം ലഭിക്കൂ എന്ന നിലയിൽ സേവിക്കുകയും ഇനിയും ഒരു ആയിരം വർഷം കൂടി ശേഷിച്ചിരിക്കുന്നു എന്ന നിലയിൽ കാത്തിരിക്കുകയും ചെയ്യുന്നു. ഒരു സമയത്ത് ഒരുദിവസം മാത്രം ജീവിക്കുവാനും നാം പ്രവർത്തിക്കുന്ന കാര്യത്തിൽ ഇത് നമ്മുടെ അവസാനത്തെ ദിവസമാണെന്ന ചിന്തയിൽ നമ്മെത്തന്ന പൂർണ്ണമായി സമർപ്പിക്കുവാനും നാം പഠിക്കേണ്ടതാണ്. എന്നാൽ ഉദ്പ്രാപണം ഇന്നോ അടുത്ത വർഷമോ ഒരു നൂറ് വർഷത്തിനുള്ളിലോ സംഭവിക്കാമെന്ന ചിന്തയിൽ നാം വളരെ ക്ഷമാശീലരും ആയിരിക്കണം.

നമ്മെ “വരുവാനുള്ള കോപത്തിൽ” നിന്ന് രക്ഷിക്കുവാൻ കഴിയുന്ന യേശുവിനുവേണ്ടി കാത്തിരിക്കയാണ്. ഇവിടെ ഉപയോഗിക്കുന്ന ഭാഷാ പ്രയോഗം കർത്താവിന്റെ നാൾ എന്ന് പഴയനിയമത്തിൽ വളരെയധികം പ്രാവശ്യം ഉപയോഗിച്ചിട്ടുള്ള പ്രത്യേക നിലയിലുള്ള കോപത്തെക്കുറിച്ചാണ് പൗലോസ് ഉദ്ദേശിക്കുന്നത്. ഇതാണ് വരാനിരിക്കുന്ന മഹോപദ്രവം. നാം കോപത്തിനല്ല രക്ഷയെ പ്രാപിപ്പാനത്രെ നിയമിക്കപ്പെട്ടിരിക്കയാൽ (1തെസ്സ. 5:9) നാം ഭയപ്പെടേണ്ട ആവശ്യമില്ല.

പൗലോസ് നമ്മുടെ ആത്യന്തിക രക്ഷയെക്കുറിച്ചാണ് പറയുന്നത്. രക്ഷയുടെ പൂർണ്ണത മൂന്നു നിലയിലാണ് സംഭവിക്കുന്നത്. ഒന്നാമത് സ്ഥാനീയരക്ഷ. അത് നാം വിശ്വസിക്കുമ്പോൾ സംഭവിക്കുന്നു. നാം പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കപ്പെടുകയും നമ്മെ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്യുന്നു. (നീതീകരണം) രണ്ടാമത് പ്രായോഗിക രക്ഷ. അതായത് ആത്മീയ വളർച്ച സംഭവിക്കുന്നു. (വിശുദ്ധീകരണം). നാം ഓരോ ദിവസവും പാപത്തിന്റെ ശക്തിയിൽ നിന്ന് വിടുവിക്കപ്പെടുന്നു. മൂന്നാമത് ആത്യന്തികരക്ഷ അല്ലെങ്കിൽ പൂർണ്ണത. ഇത് നമ്മുടെ മരണത്തോടുകൂടിയോ ഉദ്പ്രാപണത്തോടുകൂടെയോ സംഭവിക്കുന്നു. (തേജസ്കരണം) നാം പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്ന് എന്നേക്കുമായി വിടുവിക്കപ്പെടുന്നു.

“ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടക്കുവാൻ നോക്കുവിൻ ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊള്ളുവിൻ. ബുദ്ധീഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ” (എഫെ. 5:15-17).

ഈ പ്രബോധനം അവതരിപ്പിക്കുവാനായി പൗലോസ് ഒരു പഴയ ഉദ്ധരണി ഉപയോഗിക്കുന്നു. “ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്ക. എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും” (എഫേ. 5:14)

വർത്തമാനകാല പ്രസ്താവനയിൽ “ഉണർന്നെഴുന്നേല്ക്ക, ഉണർന്നിരിക്ക” എന്നാണർത്ഥം. ഉറങ്ങുന്നവൻ എന്ന വാക്ക് 1തെസ്സ. 5:6ൽ ഉപയോഗിച്ചിരിക്കുന്നു. (Katheudo) അബോധാവസ്ഥ, ഓർമ്മയില്ലാത്ത സ്ഥിതി. ഉണർന്നേഴുന്നേല്ക്ക എന്നത് എഴുന്നേറ്റുനില്ക്ക എന്നർത്ഥം (Anistemi) പൗലോസ് അവരെ ഉദ്ബോധിപ്പിക്കുന്നതു മരിച്ച അവസ്ഥയിൽ നിന്ന് എഴുന്നേല്ക്കുവാനും ഓരോ ക്രിസ്ത്യാനിയും ജീവിക്കുവാൻ യേശു ആഗ്രഹിക്കുന്ന സമൃദ്ധിയായ ജീവനിലേയ്ക്ക് പ്രവേശിക്കുവാനുമാണ്. (യോഹ. 10:10).

വിശ്വാസികൾ എന്ന നിലയിൽ, നഷ്ടപ്പെട്ടതും നശിക്കുന്നതുമായ ലോകത്തിന് ദൈവത്തിന്റെ കൃപയും സത്യവും വെളിപ്പെടുത്തേണ്ടതിന് ഈ ഭൂമിയിൽ ആക്കിവെയ്ക്കപ്പെട്ട വെളിച്ചവും ഉപ്പും ആണ് നാം ഓരോരുത്തരും. അതിനുള്ള സമയം മാത്രമാണ് നമുക്കുള്ളത്. നാം ഒരു നിമിഷം പോലും നഷ്ടപ്പെടുത്തുവാൻ പൗലോസ് ആഗ്രഹിക്കുന്നില്ല.

സമയം തക്കത്തിൽ ഉപയോഗിപ്പിൻ എന്ന പദം, ആക്ഷരികമായി “സമയം വീണ്ടെടുക്കുക” എന്നാണ്. (exagorazo) എക്സാഗൊറാസോ) ഉദ്ധാരണം, വാങ്ങൽ; മറ്റൊരാളുടെ അധികാരത്തിൽ നിന്ന് വിലകൊടുത്ത്

വീണ്ടെടുക്കുക. അഗോര എന്നത് പുരാതന ചന്തസ്ഥലമായിരുന്നു. പട്ടണത്തിലെ വാണിഭസ്ഥലം. ഏത് സാധനവും വാങ്ങുവാനും വില്ക്കുവാനും കഴിയുമായിരുന്നു. ഇത് ഇന്നത്തെ പ്രപഞ്ചത്തിന് (സാത്താന്റെ ലോകം) ഒരു വിശദീകരണമാണ്. യേശു നമ്മെ വീണ്ടെടുത്തതു പോലെ നാം ഇപ്പോൾ സമയം വീണ്ടെടുക്കണം (തക്കത്തിൽ ഉപയോഗിക്കണം). എന്തുകൊണ്ട്? രണ്ട് കാരണങ്ങൾ.

ഒന്നാമത് ഇത് ദുഷ്കാലമാണ് (എഫെ. 5:16) അന്ധകാരത്തിന്റെ പ്രഭുവാണ് ഇപ്പോൾ ഈ ലോകം നിയന്ത്രിക്കുന്നത്. നാം ഒരു ദിവസത്തിന്റെ ഒരു ഭാഗം വീണ്ടെടുക്കുവാൻ പരാജയപ്പെടുമ്പോൾ അവനെ വിജയിക്കുവാൻ നാം അനുവദിക്കുന്നു. എസ്മണ്ട് ബുക്കി ഇങ്ങനെയാണ് പറയുന്നത്. "ദുഷ്ടന് വിജയിക്കുവാൻ ആവശ്യമുള്ള ഏക കാര്യം "നല്ല ആളുകൾ ഒന്നും ചെയ്യാതിരിക്കുകയാണ്".

നീതിക്കും സത്യത്തിനും വേണ്ടി പോരാടുക എന്നത് നമ്മുടെ ഓരോരുത്തരുടെയും ഉത്തര വാദിത്വമാണ്. നാം സമയം തക്കത്തിലുപയോഗിക്കുമ്പോൾ ദുഷ്ടതയുടെ മുന്നേറ്റത്തെ തടയുകയാണ് ചെയ്യുന്നത്. സമയത്തെ നേടുവാൻ ഒരൊറ്റ മാർഗ്ഗമേയുള്ളു. അതാണ് ദൈവത്തിന്റെ വഴി. ഒരു വിശ്വാസി ആത്മാവ് നിറഞ്ഞവനായി ഒരു ദിവസം ചിലവഴിക്കുന്നതുപോലെ ലോകത്തിലെ സകല മാനുഷിക രാഷ്ട്രീയ പ്രവർത്തനത്തിനും ദുഷ്ടയെ ഇല്ലാതാക്കുവാൻ കഴികയില്ല. ഒരു ഏലിയാവ് തനിയെ പ്രാർത്ഥിക്കുന്നു, ഒരു ദാവീദ് ഗുഹയ്ക്കകത്ത് ഒളിച്ചിരുന്ന ദൈവത്തെ സ്തുതിക്കുന്നു. ഒരു പൗലോസ് ചങ്ങല ധരിച്ചുകൊണ്ട് പുതിയ സഭകൾക്ക് കത്തെഴുതുന്നു. ഇതെല്ലാം ചരിത്രത്തെ മാറ്റുവാൻ മുഖാന്തിരമായിത്തീർന്നു.

വീണ്ടെടുക്കേണ്ടതിന്റെ രണ്ടാമത്തെ കാരണം സമയം വളരെ ചുരുക്കമാണ്. അത് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. (1കൊരി. 7:29) നമുക്കോരോരുത്തർക്കും ജീവിക്കുവാൻ പരിമിതമായ ദിവസങ്ങളേ ഉള്ളു. അവന്റെ പദ്ധതി പൂർത്തീകരിക്കുവാനും ആത്മീയ വളർച്ച നേടിയെടുക്കുവാനും ആവശ്യമായ ദിവസങ്ങൾമാത്രമെ ദൈവം നമുക്ക് അനുവദിച്ചിട്ടുള്ളു. എത്രമാത്രം സമയം വീണ്ടെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു എന്നത് നമ്മുടെ ജീവിതത്തിലെ സമയവും നിത്യതയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ആ നിലയിലുള്ള നമ്മുടെ സമയത്തിന്റെ തീരുമാനമനുസരിച്ച് ദൈവം തന്റെ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നുമോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും" (മത്താ. 6:19-21).

നമുക്കുവേണ്ടി നിക്ഷേപം സ്വർഗ്ഗത്തിൽ ശേഖരിക്കുവാൻ നമ്മോടു കല്പിച്ചിരിക്കുന്നു. തന്റെ അവസാനത്തെ സന്ദേശത്തിൽ കർത്താവ് പ്രഖ്യാപിക്കുന്നത് അവൻ വേഗം വരുന്നു. ഓരോരുത്തന് ''അവന്റെ പ്രവൃത്തിക്കുതക്കവണ്ണം നല്കേണ്ടതിന്" പ്രതിഫലം അവന്റെ പക്കൽ ഉണ്ടെന്നാണ്. (വെളി. 22:12). നമുക്ക് പ്രതിഫലം ലഭിക്കേണ്ടതിന് നിക്ഷേപങ്ങൾ ശേഖരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നാം അത് എങ്ങനെയാണ് ചെയ്യുന്നത്? സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ട്.

പ്രതിഫലങ്ങൾ ലഭിക്കുന്നത് വിശ്വസ്തതയുടെ ഫലങ്ങൾക്കാണെന്ന് ദൈവവചനം പറയുന്നു. അതിന്റെ അനന്തരഫലമാണ് ആത്മീയ വളർച്ചയും പക്വതയും (1കൊരി. 3:12-15; 9:16-27; 2കൊരി. 5:9-11; വെളി. 3:11). പരിശുദ്ധാത്മാവ് നമ്മിൽക്കൂടെ പുറപ്പെടുവിക്കുന്ന ഫലങ്ങൾ മാത്രമാണ് ദൈവം അംഗീകരിക്കുന്നത് എന്ന് നമുക്കറിയാം. എല്ലാ ഫലങ്ങളും കൃപയാലാണ് പുറപ്പെടുന്നത്. വിശ്വാസത്താൽ മാത്രമാണ് കൃപ ലഭിക്കുന്നത്. അതുകൊണ്ട് സ്വർഗ്ഗത്തിലെ നമ്മുടെ പ്രതിഫലം ഭൂമിയിലെ നമ്മുടെ വിശ്വാസത്തിനനുസരിച്ചുള്ളതായിരിക്കും. വിശ്വാസം എന്നത് ദൈവം പറഞ്ഞിരിക്കുന്നതിൽ ആശ്രയിച്ച് അവന്റെ വചനത്തെ അംഗീകരിക്കുന്നതുമാണ്. ദൈവീക സത്യത്തോടുള്ള നമ്മുടെ ക്രമീകരണത്തെ ആശ്രയിച്ചാണ് പ്രതിഫലം ലഭിക്കുന്നത്. അത് സമയത്തിന്മേൽ നമുക്കുള്ള അനുഗ്രഹത്തെ അടിസ്ഥാനപ്പെടുത്തിയും.

ഉദ്പ്രാപണം കഴിഞ്ഞാലുടൻ തന്നെ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ (ബീമാ) വച്ചു തന്നെ നമുക്ക് പ്രതിഫലം ലഭിക്കും. (2കൊരി. 5:9-11) എല്ലാപാപവും ക്രൂശിൽ വിധിക്കപ്പെട്ടതുകൊണ്ട് ഒരു പാപവും ഇവിടെ വിഷയീഭവിക്കുന്നില്ല. ഇവിടെ മനുഷ്യന്റെ നന്മ പ്രവൃത്തികളാണ് വിധിക്കപ്പെടുന്നത്. നാം വിശ്വാസികളായിരിക്കുമ്പോൾ സ്വന്ത കഴിവുകളാൽ ചെയ്തതൊക്കെയും അഗ്നിയിൽ വെന്തുപോകും- പരിശുദ്ധാത്മനിറവിലല്ലാത്ത നമ്മുടെ ചിന്തകൾ, വാക്ക്, പ്രവൃത്തിയും. പരിശുദ്ധാത്മാവ് നമ്മിൽക്കൂടെ ചെയ്യുവാൻ

നാം അനുവദിച്ചതെല്ലാം തീയിൽ കൂടെ പുറത്തുവരും. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മ നിറവിലൂടെയുള്ള ഓരോ ചിന്തകളും വാക്കുകളും പ്രവൃത്തിയും യേശുക്രിസ്തു പ്രതിഫലം നല്കുവാൻ മതിയായതായിരിക്കും.

2പത്രോ. 1:10-11 വരെയുള്ള ഭാഗത്ത് യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലെ സമൃദ്ധിയായ അനുഗ്രഹങ്ങൾ നമ്മുടെ ഈ ലോകത്തിലെ ആത്മീയ വളർച്ചയെ പ്രതിഫലിപ്പിക്കുന്നു. ക്രിസ്തുവിന്റെ ന്യായസനത്തിനുമുമ്പിലുള്ള വിധി എന്നത്, നമ്മുടെ ഈ ഭൂമിയിലെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ നാം എത്രമാത്രം ദൈവത്തെ അനുവദിച്ചു എന്നതും ദൈവീക പദ്ധതി നടപ്പിലാക്കുവാൻ ദൈവകൃപയെ നാം എത്രമാത്രം സ്വീകരിച്ചു എന്നതിനെയും ആശ്രയിച്ചാണിരിക്കുന്നത്. ആത്മീയമായി വളരുവാൻ അവനുവേണ്ടി സമയം അനുവദിച്ചവർ അതിന്റെ മഹത്വകരമായ അടയാളം എന്നേക്കും വഹിക്കും. ദൈവകൃപയുടെ അളവറ്റ മഹത്വം പ്രതിബിംബിച്ചു കൊണ്ട് അവർ എന്നും പ്രകാശിക്കും.

നമ്മുടെ ജീവിതത്തിലെ വർഷങ്ങളും മാസങ്ങളും മണിക്കൂറുകളും മിനിറ്റുകളും തീയിൽകൂടെ ശോധന ചെയ്യപ്പെടുമ്പോൾ, ജീവിതത്തെ സ്വാധീനിക്കുന്ന മൂല്യമുള്ള വസ്തു കൃപയുടെ ഔന്നത്യമാണെന്നും, ഓടുവാൻ യോഗ്യമായത് വിശ്വാസത്തിന്റെ ഓട്ടമാണെന്നും പോരാടുവാൻ അനുയോജ്യമായത് ഈ നല്ല പോരാട്ടമാണെന്നും, എല്ലാം പൂർത്തീകരിച്ചു കഴിയുമ്പോൾ കേൾക്കുവാൻ യോഗ്യമായ വാക്ക് കർത്താവായ യേശുക്രിസ്തുവിന്റെ അംഗീകാരമായി "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ" (മത്താ. 25:23) എന്ന വാക്കാണെന്നും നാം മനസ്സിലാക്കും - ഇന്ന് വിശ്വാസത്താൽ വളരെ വ്യക്തതയോടുകൂടെ മനസ്സിലാക്കാം.

"ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ" (സങ്കീ. 90:12).

## സമയം എങ്ങനെ തക്കത്തിൽ ഉപയോഗിക്കാം/വീണ്ടെടുക്കാം

തക്കത്തിൽ ഉപയോഗിക്കുവാനുള്ള ഏക ദിവസം ഇന്നാണ് (യെശ. 49:8; മത്താ. 6:30-33; 2കൊരി. 6:2) ദൈവവചനത്തിലുടനീളം, ഇന്ന് ദൈവത്തെ ശ്രദ്ധിക്കുവാനായി പ്രബോധിപ്പിക്കുന്നു. (പുറ. 17; സങ്കീ. 90, 95, 106; 1കൊരി. 10:1-10; എബ്രാ. 3). ഓരോ ദിവസവും പ്രഭാതത്തിൽ ദൈവം നമ്മുടെ മുമ്പാകെ 24 മണിക്കൂർ (1440 മിനിട്ട്) വെയ്ക്കുന്നു. അതിൽ നിത്യതയ്ക്കുവേണ്ടി കഴിവുള്ളിടത്തോളം സമയം വാങ്ങുവാൻ ദൈവം അവസരം നല്കുന്നു. ആത്മാവിൽ നിറഞ്ഞ് ആത്മീയ കൂട്ടായ്മയിൽ ചിലവാക്കുന്ന ഓരോ മിനിറ്റും നമുക്ക് എന്നേക്കും അവകാശപ്പെട്ടതാണ്. കൂട്ടായ്മയില്ലാത്ത ഓരോ മിനിട്ടും എന്നേക്കും നഷ്ടപ്പെടുകയുമാണ്.

സമയം നേടുവാൻ നമുക്ക് മൂലധനം ആവശ്യമാണ്. നമുക്കുള്ള മൂലധനം ദൈവവചനമാണ്. വചനത്തിൽ നിന്നാണ് എല്ലാം നമുക്ക് ലഭിക്കുന്നത്. (മത്താ. 4:4; 2തിമൊ. 3:16). ഈ താല്ക്കാലിക ജീവിതത്തിൽ നിന്ന് നിത്യതയിലേക്ക് നമുക്ക് കൊണ്ടുപോകുവാൻ കഴിയുന്ന ഏക കാര്യം വചനം മാത്രമാണ്. (സങ്കീ. 90:12).

1. ആത്മാവിൽ നിറയുക. എഫെ. 5:18.
2. പഠിക്കുക (റോമ. 12:2: 2 പത്രോ. 3:18).
3. വചനം പ്രയോഗിക്കുക (കൊലോ. 4:5; 1പത്രോ. 2:15)
4. സഹിക്കുക/ കാത്തിരിക്കുക. (യെശ. 40:31; റോമ. 8:18 യാക്കോ. 1:2; 1 പത്രോ. 1:7; 2:19-21; 3;14-18; 4;1)
5. പ്രാർത്ഥിക്കുക (എഫെ. 6:18; എബ്രാ. 13:15; യാക്കോ. 5:13-18)
6. സമർപ്പിക്കുക (എഫെ. 5:21)
7. സേവിക്കുക (1തിമൊ. 4;14; 1കൊരി. 12:7; 11:1കൊ. 13)

## അനുഗ്രഹവും പ്രതിഫലവും

**അഞ്ചുവിഭാഗത്തിലുള്ള സമയത്തിന്റെ അനുഗ്രഹം**

1. ആത്മീയ അനുഗ്രഹം (എഫെ. 1:3, കൊലോ. 2;10)
2. ഉയർച്ച (1ശമു. 2:30)
3. ബന്ധപ്പെടുന്നതിലുള്ള അനുഗ്രഹം (സങ്കീ. 23:5)
4. ചരിത്രപരമായ സ്വാധീനം (യെശ. 53:12)
5. മരണത്തിലെ കൃപ (സങ്കീ. 116:15)

**നിത്യതയിൽ 4 വിധത്തിലുള്ള പ്രതിഫലം**

1. സ്തുതി (1കൊരി. 4:5)
2. കിരീടങ്ങൾ (1കൊരി. 9:24-27)
   A. നീതിയുടെ കിരീടം - ജീവിതത്തിൽ കർത്താവിനോടു വിശ്വസ്തത പുലർത്തിയതിന് (2തിമൊ. 4:7-8)
   B. പ്രശംസാകിരീടം - വിശ്വസ്തതയോടെ സാക്ഷ്യം നിലനിർത്തിയതിന് (ഫിലി. 4:1; 1തെസ്സ. 2:19)
   C. തേജസിന്റെ കിരീടം - ശുശ്രൂഷയിൽ വിശ്വസ്തത പുലർത്തിയതിന് (1പത്രോ. 5:4).
   D. ജീവകിരീടം - പരീക്ഷയിൽ വിശ്വസ്തത കാണിച്ചതിന് (യാക്കോ. 1:12; വെളി. 2:10)
   E. വാടാത്ത കിരീടം - ക്രിസ്തീയ ജീവിതത്തിൽ വർജ്ജനം ആചരിക്കുന്നതിന് (1കൊരി. 9:24)
3. പദവിയും അധികാരവും. (മത്താ. 25:14-23; 24:45-47; വെളി. 2:26)
4. മഹത്വം. (ദാനി. 12:3; റോമ. 8:17-18, വെളി. 2:28).

# യൂണിറ്റ് 5 പുനഃപരിശോധന

### പാഠം 5-1

1. പ്രത്യേകമായി വചനത്തിൽ പരാമർശിച്ചിട്ടുള്ള 3 ദൂതന്മാർ ആരെല്ലാം?
2. ദൂതന്മാരുടെ മണ്ഡലത്തിൽ പദവിയും അധികാരങ്ങളും ഉണ്ടെന്ന് വിശ്വസിക്കുവാൻ മതിയായ കാരണം എന്ത്?
3. സാത്താൻ ആരാണ്? അവൻ എവിടെനിന്നുവന്നു? ദൈവത്തിന്റെ ശത്രുവായതെങ്ങനെ?
4. ദൈവവചനത്തിൽ സാത്താന് പറയുന്ന 5 പേരെങ്കിലും പറയുക.
5. ദൂതന്മാരുടെ പോരാട്ടത്തിൽ മനുഷ്യന്റെ പങ്ക് വിശദീകരിക്കുക.
6. ഭൂമിയിൽ സാത്താന്റെ കാര്യപരിപാടികൾ അനുവദിച്ചതിൽ ദൈവത്തിന്റെ ഉദ്ദേശ്യം എന്ത്?
7. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിനും ഉയിർത്തെഴുന്നേല്പിനും ശേഷം ദൂതന്മാരുടെ പോരാട്ടത്തിന്റെ സ്വഭാവം മാറിയതെങ്ങനെ?
8. ദൂതന്മാരുടെ പോരാട്ടത്തിൽ തന്ത്രപരമായ വിജയവും സൈനിക വിജയവും തമ്മിലുള്ള വ്യത്യാസം എന്ത്?
9. ദിവസേനയുള്ള സൈനിക വിജയത്തിന്റെ ഉറവിടം എന്ത്?
10. ആരാണ് അതിജീവിക്കുന്നവർ?
11. മതത്തെ ഏതു തരത്തിലാണ് സാത്താൻ നേട്ടത്തിനുവേണ്ടി ആശ്രയിക്കുന്നത്? ക്രിസ്ത്യാനിത്വം മതമല്ലെങ്കിൽ അതെന്താണ്?
12. അന്ത്യകാലത്തെ ലക്ഷണമായി ബൈബിളിൽ പറഞ്ഞിരിക്കുന്ന ഒമ്പത് നിരസിക്കലുകൾ ഏവ?
13. സാത്താനെ കുറിച്ചും ദൂതന്മാരുടെ പോരാട്ടത്തെ കുറിച്ചും ഒരു സ്നേഹിതനോട് എങ്ങനെ വിശദീകരിക്കും? വാദഗതികൾക്ക് ഉപോത്ബലകമായ വേദഭാഗങ്ങൾ ഏവ?

**മനഃപാഠവാക്യങ്ങൾ**

1 യോഹ: 5:4-5

മത്താ. 11:28-30

### പാഠം 5-2

1. ദൂതന്മാരുടെ പോരാട്ടത്തിന്റെ രംഗം എന്താണ്?
2. പുതിയനിയമവാദത്തിന്റെ എത് നിലയിലുള്ള പ്രബന്ധമാണ് ഇയ്യോബിന്റെ പുസ്കം?
3. ആരായിരുന്നു ഇയ്യോബ്? എപ്പോഴാണ് അവൻ ജീവിച്ചിരുന്നത്? ഏത് തരത്തിലുള്ള മനുഷ്യനായിരുന്നു അദ്ദേഹം എന്ന് വിശദീകരിക്കുക.
4. ഇയ്യോബ് 1 : 6-8 വരെയുള്ള ഭാഗങ്ങളിൽ ദൈവവും സാത്താനും തമ്മിൽ നടന്ന സംവാദത്തെക്കുറിച്ച് വിശദീകരിക്കുക.
5. ഇയ്യോബിനെതിരായി സാത്താൻ കൊണ്ടുവന്ന ആരോപണങ്ങൾ എന്തായിരുന്നു?
6. ഇയ്യോബിനെതിരായി കുറ്റപ്പെടുത്തലിൽ ദൈവശാസ്ത്രപരമായി എന്ത് 'രഹസ്യം' ആണ് സാത്താൻ വെളിപ്പെടുത്തിയത്?
7. ഇയ്യോബ് എന്ത് ചെയ്യുവാനാണ് സാത്താൻ ആഗ്രഹിച്ചത്?

8. ഏത് പുതിയനിയമ വാഗ്ദത്തത്തിന്റെ വിശദീകരണമാണ് ഇയ്യോബ് 1;12ൽ പറയുന്നത്.
9. യേശുക്രിസ്തു ഇപ്പോൾ എവിടെയാണ്? വിശ്വാസിക്കുവേണ്ടി ഏർപ്പെട്ടുകൊണ്ടിരുന്ന അഞ്ച് പ്രവർത്തന മേഖലകൾ ഏവ?
10. ദൈവം ശക്തനാണ് എന്നും ദൈവം വിശ്വസ്തനാണ് എന്നും ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്ന അഞ്ച് വീതം കാര്യങ്ങൾ ഏവ?
11. സാത്താന്യ പോരാട്ടത്തിന്റെ മേഖലകൾ എങ്ങനെ വിശദീകരിക്കാം? ആശയങ്ങൾ സമർത്ഥിക്കുവാൻ ഏത് വേദഭാഗങ്ങളാണ് ഉപയോഗിക്കുക?

**മനഃപാഠവാക്യങ്ങൾ**

1 പത്രോസ്. 5:8.

**പാഠം. 5-3**

1. വളരെ ആലോചിച്ചെടുക്കുന്ന പദ്ധതിപ്രകാരമാണ് ശത്രു പ്രവർത്തിക്കുന്നതെന്ന് എങ്ങനെ നമുക്ക് മനസ്സിലാക്കാം.
2. ഇയ്യോബ് 1:13-19 വരെയുള്ള ഭാഗത്ത് ഇയ്യോബിനെതിരായി സാത്താൻ പ്രയോഗിക്കുന്ന അഞ്ച് തന്ത്രങ്ങൾ ഏവ?
3. എന്തുകൊണ്ടാണ് ഭയത്തെ മനസ്സിൽ കൊണ്ടുനടക്കുന്നത് അപകടകരമാകുന്നത്?
4. സാത്താന്റെ പ്രാരംഭ ആക്രമണശേഷം, തന്റെ ദുഃഖവും വേദനയും ഇയ്യോബ് കൈകാര്യം ചെയ്തതെങ്ങനെ?
5. ഇയ്യോബ് 2:1-6 വരെയുള്ള ഭാഗത്ത് ദൈവവും സാത്താനും തമ്മിലുള്ള സംവാദം വിദശീകരിക്കുക. എന്ത് പുതിയ കുറ്റമാണ് സാത്താൻ ഇയ്യോബിനെതിരായി കൊണ്ടുവന്നത്?
6. എന്ത് ആക്രമണമാണ് സാത്താൻ രണ്ടാമത് ഇയ്യോബിനെതിരായി നടത്തിയത്?
7. ഏത് മൂന്ന് തത്വങ്ങളാണ് തന്റെ ഭാര്യയോടുള്ള പ്രതികരണത്തിൽ ഇയ്യോബ് ദൈവശാസ്ത്രപരമായി വിശദീകരിക്കുന്നത്.
8. സമാധാനം ഉണ്ടാക്കുവാനുള്ള ഏഴ് പ്രമാണങ്ങൾ ഏവ?
9. എന്തുകൊണ്ടാണ് വളരെ ചെറിയ തീരുമാനങ്ങൾക്കും നാം വളരെ പ്രാധാന്യം കൊടുക്കുന്നത്?
10. ദൂതന്മാരുടെ പോരാട്ടത്തിൽ ക്രിസ്ത്യാനിക്ക് ഒരു ഇടവേള എടുക്കുവാൻ സാധിക്കുമോ? നമ്മുടെ ഓട്ടം അവസാനം വരെ ഓടുവാൻ എന്ത് തന്ത്രമാണ് നാം അവലംബിക്കേണ്ടത്?
11. ആത്മീയ യുദ്ധത്തിൽ പ്രയോഗിക്കാവുന്ന ജഡിക പോരാട്ടത്തിലെ പത്ത് തത്വങ്ങൾ ഏവ?
12. സാത്താന്റെ തന്ത്രങ്ങളെ ഒരു സ്നേഹിതനോട് എങ്ങനെ വിശദീകരിക്കാം? അതിന് സഹായകരമായ വേദഭാഗങ്ങൾ ഏവ?

**മനഃപാഠവാക്യം**

ഇയ്യോബ്. 1:20-22.

**പാഠം 5-4**

1. സാത്താൻ അവസാനമായി എന്തു തന്ത്രമാണ് ഇയ്യോബിന്റെ മേൽ പ്രയോഗിച്ചത്?
2. ഇയ്യോബിന്റെ മൂന്ന് സ്നേഹിതന്മാരും അവർ കൊടുത്ത "ആശ്വാസവും" വിശദീകരിക്കുക.
3. നമ്മുടെ ജീവിതത്തിന്റെ കഷ്ടതകൾക്കുള്ള കാരണം പാപം മാത്രമല്ല എന്നു വിശദമാക്കുന്ന ഒരു സംഭവം യേശുവിന്റെ ജീവിതത്തിൽ നിന്നും വിശദീകരിക്കുക.
4. ദൈവം സംസാരിക്കുവാൻ ആരംഭിച്ചപ്പോൾ ഇയ്യോബിന്റെ എത്ര ചോദ്യങ്ങൾക്ക് മറുപടി നല്കി? അടിസ്ഥാനപരമായി അവൻ ഇയ്യോബിനോട് എന്താണ് പറഞ്ഞത്?

5. ദൈവത്തിന്റെ വാക്കുകളോടുള്ള ഇയ്യോബിന്റെ പ്രതികരണം എന്താണ്?
6. ഇയ്യോബ് അനുഭവിച്ച കഷ്ടതകൾ മൂല്യമുള്ളതായിരുന്നു എന്ന് താൻ സമ്മതിക്കും എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഉത്തരത്തിനുള്ള കാരണം വിശദമാക്കുക.
7. 1പത്രോസിൽ വിശദീകരിച്ചിട്ടുള്ള കഷ്ടതയുടെ അഞ്ച് പടികൾ ഏവ? അത് വളർച്ചയുടെ അഞ്ച് അവസ്ഥകളുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
8. “വിശ്വാസത്തിന്റെ നല്ല പോർ” എന്നാലെന്താണ്? എന്തുകൊണ്ടാണ് ഇത് നല്ലതായിരിക്കുന്നത്.
9. മാനുഷിക കഷ്ടതയുടെ പിന്നിലുള്ള ഉദ്ദേശ്യം സ്നേഹിതനോട് എങ്ങനെ വ്യക്തമാക്കും? അതിന് സഹായകരമായ വേദഭാഗങ്ങൾ ഏവ?

**മനഃപാഠവാക്യം**

ഇയ്യോബ്. 19:25-26

ഇയ്യോബ്. 13:15

**പാഠം 5-5**

1. പ്രവചനത്തെ കുറിച്ചുള്ള പരിജ്ഞാനം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം എന്താണ്?
2. യിസ്രായേൽ രാഷ്ട്രവും ദൈവത്തിന്റെ രാജ്യവും തമ്മിലുള്ള വ്യത്യാസം എന്താണ്?
3. എന്തുകൊണ്ടാണ് യിസ്രയേൽ രാഷ്ടം സ്ഥാപിക്കുന്നത് നീട്ടിവെച്ചിരിക്കുന്നത്?
4. “മാർമ്മിക ഉപദേശ”വുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ത്? ആർക്കാണ് ഈ ഉപദേശങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത്?
5. ദൈവത്തിന്റെ നാളും ക്രിസ്തുവിന്റെ നാളും തമ്മിലുള്ള വ്യത്യാസം എന്താണ്?
6. ഉത്പ്രാപണത്തെ കുറിച്ചുള്ള പരിജ്ഞാനം ജീവിത സന്തുലനം നല്കുന്നതെങ്ങനെ?
7. സമയം തക്കത്തിലുപയോഗിക്കുക/ വീണ്ടെടുക്കുക എന്നതിന്റെ അർത്ഥം എന്ത്?
8. സമയം വീണ്ടെടുക്കണം എന്ന് പറയുവാനുള്ള രണ്ട് കാരണങ്ങൾ ഏവ?
9. സമയം വീണ്ടെടുക്കുവാൻ നാം ചെയ്യേണ്ട ഏഴ് കാര്യങ്ങൾ ഏവ?
10. മനുഷ്യ ചരിത്രത്തിലെ നാല് യുഗങ്ങളെ വിശദീകരിക്കുന്ന രേഖാചിത്രം വരയ്ക്കുക. യുഗങ്ങളുടെ പേരും അതിന്റെ വിശദീകരണത്തിനാവശ്യമായ വേദഭാഗങ്ങളും എഴുതുക.
11. എങ്ങനെയാണ് നിത്യമായ പ്രതിഫലം പ്രാപിക്കുന്നത്? സമയബന്ധിത അനുഗ്രഹങ്ങളും നിത്യതയിലെ പ്രതിഫലങ്ങളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
12. ബൈബിളിൽ പറഞ്ഞിരിക്കുന്ന നാലുതരത്തിലുള്ള പ്രതിഫലങ്ങൾ ഏവ? അഞ്ചു തരത്തിലുള്ള കിരീടങ്ങളും അവ ലഭിക്കുന്നതിനുള്ള നിബന്ധനകളും ഏവ?
13. മനുഷ്യചരിത്രത്തിന്റെ അന്ത്യകാലസംഭവങ്ങൾ എങ്ങനെ വിശദീകരിക്കാം. അതിനെ സാധൂകരിക്കുവാനുള്ള വേദഭാഗങ്ങൾ ഏവ?

**മനഃപാഠവാക്യങ്ങൾ**

എഫേസ്യർ: 5:15-17

സങ്കീർത്തനം. 90:12

മത്തായി. 6:19-21.